KO TAYAM PUBLIC LIBRARY

...l No 5.20.1 Acc. No. 79319

Author

Title

# ഗ്രാമീണ

## പുനരുദ്ധാരണം

79319

THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.

ഗ്രന്ഥകർത്താവ്,

ജി. ആർ. പിള്ള,

ബി. എ. ബി. എൽ., സി. എച്ച്. ഡി. (മാഞ്ചസ്റ്റർ)

Chitra Publishing House

TRIVANDRUM.

1111

[All Rights Reserved.] [വില രൂപാ 1]

M309.12091734
P111.G

ഒന്നാം പതിപ്പ് കാപ്പി 1000.

*Printed at the Anantha Rama Varma Press, Fort, Trivandrum.*

D.H.687

# പ്രസ്താവന.

---

ഗ്രാമീണപുനരുദ്ധാരണം ഇന്നു് ഇൻഡ്യയിലെ സജീവപ്രശ്നങ്ങളിലൊന്നാണു്. ഗവൺമെണ്ടും പൊതുജനങ്ങളും ഒരുപോലെ ഈ വിഷയത്തിൽ താല്പൎയ്യം പ്രദൎശിപ്പിക്കുന്നുണ്ടു്. ഇൻഡ്യൻ ജനതയുടെ സുഖവും ഇൻഡ്യാസാമ്രാജ്യത്തിൻെറ പുരോഗതിയും, അതിലെ ഏഴുലക്ഷത്തിൽപരം ഗ്രാമങ്ങളിൽ വസിക്കുന്ന കൃഷിക്കാരുടെ ഭൌതികൈശ്വൎയ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നുള്ള പരമാൎത്ഥം ഇപ്പോൾ സൎവസമ്മതമായിത്തീൎന്നിരിക്കുന്നു. പ്രാചീനഭാരതത്തിലെ ഗ്രാമവാസികൾ അന്യാദൃശമായ സുഖസൌഭാഗ്യങ്ങൾ അവരുടെ ഗ്രാമജീവിതത്തിൽനിന്നു് ആസ്വദിച്ചിരുന്നു. ഒന്നാം അദ്ധ്യായത്തിൽ വിവരിക്കുന്ന കാരണങ്ങളാൽ ആ സുഖസമൃദ്ധി അവരുടെ സന്താനങ്ങൾക്കു് നഷ്ടമായി: അവർ ഇപ്പോൾ ക്ലേശബഹുലമായ ജീവിതമാണു് നയിക്കുന്നതു്. ഇൻഡ്യൻ ഗ്രാമവാസികളുടെ ഇന്നത്തെ ജീവിതം ഇൻഡ്യായുടെ അങ്ങുമിങ്ങും കിടക്കുന്ന ചില ഗ്രാമങ്ങളിലെ സ്ഥിതികൾകൊണ്ടു് രണ്ടാംഅദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ആദൎശികമായിത്തീൎന്നിരിക്കുന്ന പ്രാചീനകാലത്തെ ഗ്രാമസൌഭാഗ്യത്തിലേക്കു് ഇനി തിരിച്ചുപോകുവാൻ സാധിക്കുകയില്ലായിരിക്കാം. എന്നാൽ ഗ്രാമജീവിതത്തിൻെറ കഷ്ടതകളെ നിവാരണം ചെയ്യുന്നതു് ഇനിയും സാധിക്കുന്ന കാൎയ്യമാണു്. ലോകത്തിൻെറ മററുഭാഗങ്ങളിൽ ജീവിക്കുന്ന സാധാരണ മനുഷ്യൻ അനുഭവിക്കുന്ന സുഖങ്ങൾ ഇൻഡ്യൻ ഗ്രാമീണനും കിട്ടുന്നതിനു് അവകാശമുണ്ടു്. പരിഷ്കൃതമായകൃഷി, സഹകരണംമൂലമുള്ള ഉല്പാദനം, ധനസഹായം, വിതരണം, വിക്രയം, ആദായംവൎദ്ധിപ്പി

കുന്നതിനായി കുടിൽവ്യവസായങ്ങൾ, ആരോഗ്യവാനായി വത്തിക്കുന്നതിന് വേണ്ട പ്രവത്തികൾ, ഗ്രാമജീവിതത്തിനുതകിയ വിദ്യാഭ്യാസം ഇവകളാൽ ഇൻഡ്യൻ ഗ്രാമങ്ങളിലെ ജനങ്ങൾക്കും സാധാരണ സുഖം സംസിദ്ധമാകുന്നതാണ്. ഈ വിഷയങ്ങൾ മൂന്നു മുതൽ ഒൻപതുവരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. ഗ്രാമീണപുനരുദ്ധാരണത്തെ ലക്ഷ്യമാക്കി ഇൻഡ്യായുടെ പല ഭാഗങ്ങളിലും പല സംരംഭങ്ങളും ഇപ്പോൾ നടക്കുന്നുണ്ട്. അവ സംക്ഷിപ്തമായി ഒൻപതാംഅദ്ധ്യായത്തിലും വിവരിച്ചിരിക്കുന്നു.

എന്റെ ഈ വിനീതമായ പ്രബന്ധം ഗ്രാമവാസികളെപ്പററി അനുകമ്പയും അവരുടെ ഉദ്ധാരണത്തിനു വേണ്ടി ലഘുവായിട്ടെങ്കിലുമുള്ള പരിശ്രമവും ബഹുജനങ്ങളിൽ ഉത്തേജിപ്പിക്കുമെങ്കിൽ ഞാൻ കൃതകൃത്യനാകും.

തിരുവനന്തപുരം.
തുലാം 1,
൧൧൧൧.

ജി. ആർ. പിള്ള.

# അവതാരിക

നമ്മുടെ സകല ഐശ്വര്യത്തിനും നിദാനമായിരിക്കുന്ന തൊഴിൽ കൃഷിയാണു്. അതിൽനിന്നുള്ള ആദായത്തിൽ പങ്കില്ലാത്തവരായി ആരും ഇല്ല. കർഷകന്മാരുടെ സങ്കേതങ്ങളാണു് ഗ്രാമങ്ങൾ. അവ സമുദായജീവിതത്തിന്റെ കേന്ദ്രങ്ങളാകുന്നു. അവയുടെ സുസ്ഥിതിയെ ആശ്രയിച്ചാണു് നമ്മുടെ അഭിവൃദ്ധി. ഈ തത്വം മനസ്സിലാക്കാത്തവരായി ആരും ഉണ്ടായിരിക്കുകയില്ല. അവയെ ഇപ്പോഴത്തെ സമുദായജീവിതത്തിനു് അനുരൂപമായി സംഘടിപ്പിക്കുന്നതിനും, സ്ഥിതിഗതികൾക്കു് ഒത്തവണ്ണം രൂപപ്പെടുത്തുന്നതിനു് ഒരുകാലത്തു് അവയ്ക്കുണ്ടായിരുന്ന സൗകര്യം വീണ്ടും ഉണ്ടാകുന്നതിനും, എന്തെല്ലാം ചെയ്യണമെന്നുള്ള അന്വേഷണവും കുറെക്കാലമായി നടന്നുവരുന്നുണ്ടു്. എന്നാൽ ഈ അന്വേഷണങ്ങളെക്കുറിച്ചു് വിശദമായ ഒരു വിവരണം മലയാളഭാഷയിൽ നമുക്കു് ആദ്യമായി സിദ്ധിക്കുന്നതു് ഇപ്പോഴാണു്.

ജീ. ആർ. പിള്ള അവർകളുടെ ഈ പുസ്തകം ഇതുപോലെയുള്ള വിഷയങ്ങളെക്കുറിച്ചു് അദ്ദേഹം സമ്പാദിച്ചിട്ടുള്ള അറിവിനെ ഫലപ്രദമാക്കുന്നതിനു വേണ്ടി പ്രസിദ്ധം ചെയ്തിട്ടുള്ളവയിൽ ഒരു ഉത്തമ ഗ്രന്ഥമാകുന്നു. പല രാജ്യങ്ങളിലും ഇക്കാര്യത്തിൽ ചെയ്തുപോരുന്ന പരിശ്രമവും ഇതിലേക്കുള്ള ഒരുമ്പാടും എത്രത്തോളം എത്തിയിട്ടുണ്ടെന്നു നമുക്കു താരതമ്യേന മനസ്സിലാക്കുന്നതിനും അവിടങ്ങളിൽ ഉണ്ടായിട്ടുള്ള ജയാപജയങ്ങളെക്കൊണ്ടു നമ്മുടെ യത്നങ്ങൾ വേണ്ട വഴിക്കു നയിക്കുന്നതിനും ഇതിൽനിന്നും സാധിക്കുന്നതാണു്.

ഗ്രാമജീവിതത്തിന്റെ പുനസ്സംഘടനം നഗരഭരണത്തിന്റെയോ രാഷ്ട്രഭരണത്തിന്റെയോ സംഘടനത്തെക്കാൾ എത്രയും പ്രാധാന്യമേറിയതും ശ്രമാവഹവും ആകുന്നു. വിവിധ സമുദായങ്ങളുടെ ജീവിതരീതി, ദായക്രമം, മുതലായി പരമ്പരാഗതമായ ആചാരങ്ങളെ മാത്രമല്ല, ഓരോരുത്തന്റേയും മനോഗതി, സമുദായവിചാരം, ദേഹശക്തി, ബുദ്ധിശക്തി മുതലായ വ്യക്തിഗുണങ്ങളെക്കൂടി സംസ്കരിക്കുന്നതുകൊണ്ടുമാത്രമേ ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കുവാൻ മാർഗ്ഗം കാണുന്നുള്ളു. "പരസ്പരം യോജിച്ചു പ്രവർത്തിക്കുകയും ഉപദേശങ്ങൾ സ്വീകരിക്കുകയും പൊതുക്കാര്യ പ്രസക്തി മുളയ്ക്കുകയും ചെയ്താൽ മാത്രമേ ഗ്രാമത്തിനാകപ്പാടെയുള്ള അവശതകൾ ഇല്ലാതാക്കുവാൻ സാധിക്കയുള്ളു." എന്നുള്ള പരമാർത്ഥം ഗ്രാമവാസികൾ മനസ്സിലാക്കണമെന്നും, "വിജയകരമായ ഗ്രാമീണപുനരുദ്ധാരണജോലിയുടെ ലക്ഷ്യം ഗ്രാമവാസികൾ എത്രമാത്രം സഹകരണമനോഭാവത്തെ അഭിവൃദ്ധിപ്പെടുത്തീട്ടുണ്ടെന്നുള്ളതിലും സാമുദായികമായി അവരുടെ ജീവിതത്തിന് എന്തുമാത്രം ഗുണം ഉണ്ടെന്നുള്ളതിലുമാണ് സ്ഥിതി ചെയ്യുന്നതു്." എന്നും, ഗ്രന്ഥകർത്താവു പ്രസ്താവിച്ചിട്ടുള്ളതു് ഈ സംരംഭത്തിന്റെ മൂലതത്വം വിശദമാക്കുന്നുണ്ട്.

വിദ്യാഭ്യാസം കൊണ്ടാണ് മനസ്സംസ്കരണവും സമുദായൈക്യബോധവും ഉണ്ടാകേണ്ടതു് എന്നുള്ള പരമാർത്ഥം ആരും വിസംവദിക്കയില്ല. "കമ്മ്യൂണിററി സ്കൂൾ" എന്നപേരിൽ നടപ്പിൽവന്നിട്ടുള്ള ഒരു രീതിയാണ് ഇതിലേക്കു പററിയതു് എന്നും പൊതുവെ മനസ്സിലായിട്ടുണ്ട്. ഈ വ്യവസ്ഥയിൽ പ്രവൃത്തികൊണ്ട്

അനുഭവപ്പെടുന്നതും പൊതുജീവിതത്തിന് ഉതകുന്നതു മായ ഒരു പദ്ധതിയാണു വിവക്ഷിച്ചിട്ടുള്ളതു്. അനുഭ വവും അഭ്യാസവുംകൊണ്ടുള്ള പഠിത്തം എല്ലായ്പ്പോഴും ആവശ്യമാണ്. അതിനു സമയക്ഌപ്തവും സ്കൂൾവ്യ വസ്ഥിതികളും സർട്ടിഫിക്കററുകളും എത്രകണ്ടു യോജി ക്കും എന്നുള്ളതിലേ അഭിപ്രായവ്യത്യാസത്തിന് അവ കാശമുള്ളൂ. ബാലന്മാൎക്കും ബാലികമാൎക്കും ഉള്ളതു പോലെ പ്രായംചെന്നവൎക്കും ജ്ഞാനസമ്പാദനത്തി നുള്ള സ്കൂളുകളും വായനശാലകളും പരിശീലനത്തിനും പരീക്ഷണത്തിനും വേണ്ട മാതൃകാത്തോട്ടങ്ങളും വ്യവ സായശാലകളും, പരസ്പരസഹായ സംഘങ്ങളും എല്ലാം ഉണ്ടായിക്കഴിഞ്ഞാലും, നല്ലനിലയിൽ എത്തുന്നതിനു ള്ള ഉത്സാഹശീലവും, അന്യരുടെ അഭ്യുദയവും തന്റേ തുപോലെതന്നെ ആഗ്രഹിക്കുന്നതിനുള്ള മനോഭാവവും സമ്പാദിക്കുന്നതിനുവേണ്ട ഒരുമ്പാടുകൊണ്ടുമാത്രമേ ഉദ്ദേ ശിക്കുന്നഫലം സിദ്ധിക്കയുള്ളൂ. "ഈ സ്കൂളുകളിൽ പഠി ച്ച വിദ്യാൎത്ഥികൾ പരിഷ്കരിച്ച രീതിയിൽ കൃഷിചെ യ്യുന്നുണ്ടോ എന്നും ഗ്രാമത്തെ ശുചിയായി സൂക്ഷിക്കുന്നു ണ്ടോ എന്നും ശുദ്ധജലം കുടിക്കുന്നതിനുവേണ്ടി പ്രയ ത്നിക്കുന്നുണ്ടോ എന്നും സഹകരണപദ്ധതികൾ സ്വീക രിച്ചിട്ടുണ്ടോ എന്നും ഉള്ളതാണ് വിദ്യാഭ്യാസത്തിന്റെ ജയാപജയങ്ങളെ തുലനംചെയ്യുന്ന അവസരത്തിൽ നോക്കാനുള്ളതു്" എന്നു ഗ്രന്ഥകൎത്താവു പറഞ്ഞിട്ടു ള്ളതു് എത്രയും വാസ്തവമാണ്. ഈ സംഗതികൾ ഗ്രാമ വാസികൾക്കെന്നപോലെ നഗരവാസികൾക്കും ശ്രേയ സ്കരമായ ഒരു ജീവിതപദ്ധതിക്കു മാൎഗ്ഗദൎശകവും എല്ലാ ത്തരം വിദ്യാഭ്യാസത്തിന്റെയും ആദൎശവും ആകുന്നു.

തൊഴിലിൽ ഉണ്ടാകുന്ന ആദായംകൊണ്ട് നിത്യവൃത്തി സുഖമായി കഴിക്കുമ്പോഴാണ് എല്ലാത്തരം പരിഷ്കാരങ്ങൾക്കും താനെ മനസ്സുവരുന്നത്. ആദായം വർദ്ധിപ്പിക്കത്തക്കവണ്ണം നിഷ്കൃഷ്ടമായി കൃഷിചെയ്യുന്നതിനും, സ്വസ്ഥമായിരിക്കുന്ന സമയങ്ങളിൽ ലാഭമോ പ്രയോജനമോ ഉണ്ടാകാവുന്ന മറ്റുജോലികൾ ചെയ്ത് തന്നതാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും, കിട്ടുന്ന ആദായംകൊണ്ട് സുഖമായും ആരോഗ്യകരമായും ഉള്ളരീതിയിൽ ഉപജീവിക്കുന്നതിനും, ഉപദേശിക്കയാണ് ഈ ഗ്രന്ഥത്തിന്റെ പ്രഥമോദ്ദേശം. അതിനുശേഷിയില്ലാത്തവരെ സഹായിക്കുന്നതിനാണ് പരസ്പരസഹായ സ്ഥാപനങ്ങൾ പ്രയോജനപ്പെടുന്നത്. പല കാരണങ്ങൾകൊണ്ടും സംഘടനാബലം ഇല്ലാഞ്ഞിട്ടും ആദായം മതിയാകാഞ്ഞിട്ടും ചിലവിന് ക്ളിപ്തിവയ്ക്കാഞ്ഞിട്ടും, ശേഷിയില്ലാതെ തെളിഞ്ഞിട്ടുള്ള ഇക്കാലത്ത് പരസ്പരസഹായം ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുമെന്നുള്ളതും ഈ ഗ്രന്ഥത്തിൽ വേണ്ടപോലെ വെളിപ്പെടുത്തിയിട്ടുണ്ട്.

കൃഷിവിളവുകൾക്കു വില കുറഞ്ഞുപോയതുകൊണ്ടാണ് ഇന്നത്തെ കർഷകന്മാർക്കു വളരെ അവശത സംഭവിച്ചിട്ടുള്ളതെന്ന് പൊതുവെ ഒരു ബോധമുണ്ട്. ആദായക്കുറവിന് അതു തക്കതായ സമാധാനവും ആണ്. എന്നാൽ ഇന്നത്തേതിലും വിലകുറഞ്ഞകാലം ഉണ്ടായിരുന്നു; അന്നത്തെപ്പോലെയെങ്കിലും സമാധാനപരമായ ഒരു ജീവിതം ഇന്നു സാധിക്കുന്നില്ലെന്നുള്ള സംഗതിക്കൂടി ഓർമ്മിക്കേണ്ടതാണ്. അന്നത്തെ സമുദായവ്യവസ്ഥിതി ഇന്നത്തെപ്പോലെ ശിഥിലമായിരുന്നില്ല. ജീവിതാദർശങ്ങളും ആവശ്യങ്ങളും ഇത്രത്തോളം അവ്യവസ്ഥയുള്ളവയും അല്ലായിരുന്നു. ഇപ്പോഴത്തെ ജീവിതരീതി ഭേദപ്പെടണമെ

ങ്കിൽ അന്നത്തെപ്പോലെ പൊതുക്കാൎയ്യങ്ങളിൽ മുന്നിട്ടുനിന്നു പ്രവൎത്തിക്കുന്നതിന്ന് സമ്പന്നന്മാരായ നേതാക്കന്മാർ ഉണ്ടാകാതെ നിവൃത്തിയില്ല. വേണ്ടകാൎയ്യങ്ങളെപ്പററി വായിക്കയും പഠിക്കയും ചെയ്താൽ പോരാ, അവയെ കണ്ടറിയുന്നതിനും നടപ്പിൽ വരുത്തുന്നതിനും മററുള്ളവൎക്കും അനുഭവപ്പെടുത്തി അവരെയും അനുകൂലിപ്പിക്കുന്നതിനും ഒരുമ്പാടുണ്ടാകണം. ഏതുപരിഷ്കാരവും നേതാക്കന്മാരില്ലാതെ സാധിക്കയില്ല. തന്നത്താൻ പരീക്ഷിച്ചറിഞ്ഞിട്ടുള്ള സംഗതികളെപ്പററിയാണ് അന്യന്മാൎക്കു തന്നിൽ വിശ്വാസമുണ്ടാകുവാൻ എളുപ്പം. ഇപ്പോൾ പ്രാധാന്യം ജാതിക്കോ കുലത്തിനോ കുടുംബത്തിനോ അല്ല, സന്മനസ്സിനും സദ്വൃത്തിക്കും സമ്പത്തിനുമാണ്. അതുകൊണ്ടു് അത്തരത്തിൽ അനുഗൃഹീതരായ ആളുകൾ ഗ്രാമോദ്ധാരണത്തിനു മുതിരേണ്ടതാണ്. അതിൽ കൂടുതലായ സമുദായസേവനവും മറെറാന്നില്ല. വിദ്യാസമ്പന്നന്മാരായ യുവാക്കന്മാർ താന്താങ്ങളുടെ ഗ്രാമത്തിൻെറ സുസ്ഥിതിയെ പോഷിപ്പിക്കുന്നതിനുള്ള ചുമതല മനസ്സിലാക്കി പ്രവൎത്തിക്കയാണെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസരീതിയെപ്പററി കേട്ടുവരുന്ന ആക്ഷേപങ്ങളും തീൎന്നുപോയേനെ.

കുടിയിടകളിൽ ഉണ്ടാകുന്ന കഷ്ടതകൾക്കും കലഹങ്ങൾക്കും ഉപശാന്തിക്കായി ന്യായസ്ഥന്മാരെന്നു ബോദ്ധ്യമുള്ള അയൽപക്കക്കാരെ ആശ്രയിക്കുന്നതു് ഇപ്പോഴും നടപ്പുള്ളപതിവാണ്. അങ്ങനെയുള്ള സഹായങ്ങൾ ചെയ്തു പലരേയും നല്ലവഴിക്കു തിരിക്കുന്നതിനു സജ്ജനങ്ങൾക്കു വിഷമമില്ല. ജാതിസ്പൎദ്ധകൊണ്ടുണ്ടാകുന്ന ശല്യങ്ങളെ പറഞ്ഞൊതുക്കുക, ദുർവ്യയംഉണ്ടാക്കുന്ന അടിയന്തിരങ്ങളെ നിയന്ത്രിക്കുവാൻ ശീലിപ്പിക്കുക, വേണ്ട

കാര്യങ്ങളിൽ എല്ലാവരെയും ഒന്നിച്ചുകൂടി ആലോചിക്കാനും സദുപദേശങ്ങൾ കൊണ്ടു ശരിയായ സമുദായബോധം ഉണ്ടാക്കാനും ശ്രമിക്കുക, മുതലായി ഓരോരുത്തനും അങ്ങുമിങ്ങുംചെയ്തുപോരുന്ന സമുദായസേവനം കുറെക്കൂടി വിപുലമാക്കുന്നതിനാണു് ഇപ്പോൾ ആവശ്യം നേരിട്ടിട്ടുള്ളതു്.

ഇതിലേക്കു് ഉത്തമമായ ഒരു പദ്ധതിയാണു് സഹകരണപ്രസ്ഥാനം. എന്നാൽ ഏതുസ്ഥാപനവും അതിനെനടത്തികൊണ്ടുപോകുന്നവരുടെ മനോഗതിയെ ആശ്രയിച്ചുള്ള ഫലമാണു പ്രദാനം ചെയ്യുന്നതു്. ആദായത്തിനുവേണ്ടിയോ ആജ്ഞാശക്തിസമ്പാദിക്കുന്നതിനോ തന്നതാവശ്യങ്ങൾ നിർവഹിക്കുന്നതിലേക്കോ ഉള്ള ഉപകരണമാക്കുന്നതിനാണു് സഹകരണസ്ഥാപനത്തിൻെറ ഉദ്ദേശമെന്നു് തെററിദ്ധരിച്ചിട്ടുള്ളവർ വളരെയുണ്ടു്. ഈ ധാരണ പരിഛേദം മാററിക്കളഞ്ഞു് പൊതുനന്മക്കായി അതിനെ പ്രയോഗിക്കേണ്ടിയിരിക്കുന്നു.

പരസ്പരസഹായം ജനപ്രഭുത്വഭരണത്തിൻെറ അസ്ഥിവാരമാണു്. അതിൽ വ്യക്തിപരമായ നേതൃത്വത്തിനല്ല ജനസാമാന്യത്തിൻെറ സ്വാശ്രയശക്തിക്കാണു് പ്രാധാന്യം. അതുകൊണ്ടു് ഓരോരുത്തനും മററുള്ളവരെ ശാസിക്കുന്നതിലും നിയന്ത്രിക്കുന്നതിലും ഉള്ള പ്രാമാണ്യത്തെ അനുസരിച്ചല്ല, എല്ലാവരും പൊതുനന്മക്കായി താന്താങ്ങളുടെ അഭ്യുദയകാംക്ഷയെ എത്രത്തോളം കീഴ്പ്പെടുത്തുന്നുണ്ടെന്നുള്ളതിനെ ആശ്രയിച്ചാണു് ആ പ്രസ്ഥാനത്തിൻെറ വിജയത്തെപ്പററി തീരുമാനിക്കേണ്ടതു്. കുടിയാനും ജന്മിയും, കർഷകനും കച്ചവടക്കാരനും, തൊഴിലാളിയും മേലാളും, അധമന്നും ഉത്തമന്നും, അവനവൻെറ നിലയനുസരിച്ചു്

ത്തോടിടപെടുന്നവരുടെ അഭ്യുദയത്തെ തൻെറ സഹകരണം കൊണ്ടു് പോഷിപ്പിക്കാവുന്നതു ചെയ്യേണ്ടതാണു്. ഇതുതന്നെയാണു് ശ്രേയസ്കരമായ സമുദായ വ്യവസ്ഥിതിയുടെ രഹസ്യം.

ഇങ്ങനെ സമുദായജീവിതത്തിൻെറ നാനാമുഖങ്ങളെ ആരാഞ്ഞു് വിലയേറിയ പല അറിവുകളും പരീക്ഷണഫലങ്ങളും പ്രായോഗിക വ്യവസ്ഥകളും സംഘടിപ്പിച്ചു് എഴുതിയിട്ടുള്ള ഈ ഗ്രന്ഥം സമുദായസ്നേഹികളുടെ ആദരം സവിശേഷം അർഹിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

Trivandrum,<br>
*23rd Feb 1936.*

A. GOPALA MENON.

# അദ്ധ്യായസംക്ഷേപം.


പ്രസ്താവന.

പുറം

I. പ്രാചീനഭാരതത്തിലെ ഗ്രാമസങ്കേതങ്ങൾ. 1

ഗ്രാമീണപുനരുദ്ധാരണത്തെപ്പററിയുള്ള നവ്യചിന്ത—പതിനെട്ടാംനൂററാണ്ടിൻെറ അന്ത്യഘട്ടംമുതൽ നഗരജീവിതത്തിനുള്ള മുൻഗണന—മഹായുദ്ധത്തിനുശേഷം കാൎഷികശ്രമങ്ങൾക്കുണ്ടായ പ്രാധാന്യം—അമ്മേരിക്കയിലെ ഗ്രാമജീവിതക്കമ്മീഷനും ബ്രിട്ടനിലെ കാൎഷികനിയമങ്ങളും—കഴ്സൺ പ്രഭുവും കാൎഷിക പൎയ്യവേക്ഷണവും—ഇൻഡ്യായിലെ 71 ശതമാനം ജനങ്ങളും കൃഷിക്കാരാണ്. ഗ്രാമജീവിതത്തിന് വലിയ വ്യത്യാസം വന്നിട്ടില്ല—സർ ചാറത്സ് മെററ് കാൽഫിൻെറമിനിട്ട്—ഗ്രാമസങ്കേതങ്ങളുടെ അധപതനം—അതിൻെറ കാരണങ്ങൾ—റയട്ടുവാറിയും സെമിന്താറിയും ഏൎപ്പാടുകൾ—ഇൻഡ്യൻ നികുതിയുടെ പകുതിയും ഇംഗ്ലണ്ടിലേക്ക് പോകുന്നു. ബ്രിട്ടീഷിൻഡ്യൻ വ്യവസായനയം ഗ്രാമവാസികളുടെ കഷ്ടതയും ദാരിദ്ര്യവും.

II. ആധുനിക ഗ്രാമങ്ങൾ ... ... 17

ഇൻഡ്യൻ ഗ്രാമങ്ങൾ പലതരത്തിൽ വ്യത്യാസമുള്ളവയാണ്—അതുകൊണ്ട് സാമാന്യവിവരണം സാദ്ധ്യമല്ല—ബംഗാൾ ഗ്രാമങ്ങളുടെ സാധാരണസ്ഥിതി—ഷെലീഡാഗ്രാമവും പ്രഫസ്സർ ലൊവസ് ഡിക്കിൻസനും—പിതഃകൽഘടഗ്രാമം—ബോംബയിലെ

പുറം

ജാത്തേഗാൺ ബെട്ടൂക്ക് ഗ്രാമം --മദ്രാസിലെ പാലാർ ഗ്രാമം—ആസ്സാമിലെ ബ്യൂൺനിഹൗത്ത് ഗ്രാമം—പഞ്ചാബിലെ ലൂതാക്രാമംഗാമം—ഗുജറാത്തിലെ ആട്ട്ഗാം ഗ്രാമം.

III. ഗ്രാമീണപുനരുദ്ധാരണം—അതിൻെറ മാർഗ്ഗങ്ങൾ ... ... 38

ഇൻഡ്യൻ ഗ്രാമങ്ങളിലെ കഷ്ടതകൾ—പരിഹാരമാർഗ്ഗങ്ങൾ ഉടനെ നിർദ്ദേശിക്കേണ്ടതത്യാവശ്യമാണ്—ഗ്രാമങ്ങളിലുള്ള നവചൈതന്യം—പുതിയ അന്വേഷണങ്ങളുടെ ആവശ്യമില്ല. പലവിധത്തിലുള്ള പ്രശ്നങ്ങൾ—ജനസംഖ്യയുടെ വദ്ധന—കൃഷിതന്നെ പ്രധാനതൊഴിൽ—ആദായംകുറഞ്ഞുവന്നകൃഷി—ദാരദ്ര്യവദ്ധന—ഇവിടേയും ഡിസ്റേലിയുടെ രണ്ടു രാഷ്ട്രങ്ങൾ—ഇടനിലക്കാരുടെ ലാഭംതട്ടി എടുക്കൽ—ആശങ്കാജനകമായആരോഗ്യം—വിദ്യാവിഹീനത—ഗ്രാമീണരുടെ ഇടയിൽ പ്രബുദ്ധത—ഗ്രാമീണ പുനരുദ്ധാരണപദ്ധതി എത്രയും അത്യാവശ്യം—സമുദായത്തിൻെറ സാർവ്വത്രികമായ അഭ്യുദയത്തിന വേണ്ടി ശ്രമിക്കണം—ഫലങ്ങൾക്കായി ക്ഷമയോടുകൂടി കാത്തിരിക്കണം എന്ന് ഡാക്ടർ ബട്ടർ ഫീൽഡ് പറയുന്നു—പരാജയത്താൽ ക്ഷീണിക്കപ്പെടാത്ത പ്രാസാദാത്മികത്വം വേണം—പ്രായോഗികമാക്കുന്നതിന് സുനിശ്ചിതമായ പദ്ധതി വേണം—ശാസ്ത്രീയമായ കൃഷി—ബാങ്കിംഗ്—പരസ്പരസഹായസംഘങ്ങൾ—കുടിൽവ്യവസായം — വിദ്യാഭ്യാസം — പൊതുജനാരോഗ്യം—ഗതാഗതസൌകര്യങ്ങൾ.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

പുറം

IV. കൃഷി ... ... 58

കൃഷി ഏററവും പ്രധാനപ്പെട്ട വ്യവസായമാണ് — യൂറോപ്പിലും ഇംഗ്ലണ്ടിലും കൃഷിക്ക് വലിയ പ്രാധാന്യം നൽകിത്തുടങ്ങിയിരിക്കുന്നു — ഇൻഡ്യായിൽ 72 ശതമാനം കൃഷിക്കാർ — ഇൻഡ്യാക്ക് യോജിച്ച വ്യവസായം കൃഷിയാണ് — ഇപ്പോൾ കൃഷിചെയ്യുന്നതിന്റെ ഇരട്ടിഭാഗം കൃഷിചെയ്യാം — ആക്ഷേപകരമായ വിളവ് — മണ്ണിൽ ഹ്യൂമസ്സും നൈട്രജനും കുറവാണ്. മണ്ണിന്റെ ഉല്പാദകശക്തി വദ്ധിപ്പിക്കണം — അംഗാരമ്ളവായു കൂടുതൽ പ്രവേശിക്കണം — കൂടുതൽ വളം ഉപയോഗിക്കണം — ചാണകം കത്തിച്ചുകളയരുത്. എണ്ണക്കുരുക്കളും അമ്മോണിയാ സൾഫേററും കയററുമതി ചെയ്യരുത് — ഗന്ധകവും ഉപയോഗിക്കണം — ചൈനയിലെപ്പോലെ കമ്പോസ്ററുവളം ഉണ്ടാക്കണം — വളം ഡിപ്പോകൾ സ്ഥാപിക്കണം — കൃഷിക്കാർക്ക് വളം കടമായി കൊടുക്കണം ... അഞ്ചുമുതൽ ഏഴുവരെ തവണ ഉഴവ് നടത്തണം: നല്ല വിത്തു പാകണം — കൃഷിഡിപ്പാർട്ടുമെൻറുകാർ പുതിയമാതിരി വിത്തുകൾ കണ്ടുപിടിക്കയും വിതപ്പിക്കയും വേണം — വിത്തുഡിപ്പോകൾ സ്ഥാപിക്കണം — പരീക്ഷണത്തിനും പ്രദശ്നത്തിനും ആയി വയലുകൾ സ്ഥാപിക്കണം — ഇതിന്നായി പരസ്പരസഹായ സംഘങ്ങൾ സ്ഥാപിക്കണം — ജലസേചനം — പരസ്പരസഹായ ജലസേചനസംഘങ്ങൾ — വസ്തുഖണ്ഡങ്ങളുടെ ഏകീകരണം — അതിന്നായുള്ള പരസ്പരസഹായ സംഘങ്ങൾ — കന്നുകാലികളുടെ വളർത്തൽ — സംരക്ഷണം — പരസ്പരസഹായ കാലിസംരക്ഷണ സംഘങ്ങൾ.

പുറം

V. പരസ്പരസഹായസംഘങ്ങൾ ... 97

ഋണബാദ്ധ്യതയുടെ കാരണങ്ങൾ—ഇൻഡ്യൻ കൃഷിക്കാരൻ മുൻപിനാലേ കടക്കാരനാണ്—സഹകരണം എന്നാൽ എന്ത്?—സഹകരണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം—പരസ്പരസഹായ തത്വത്തിൻെറ ആവിർഭാവവും അതിൻെറ പ്രചാരത്തിനുള്ള കാരണവും—സുഗമമായ വായ്പകിട്ടുന്നതിനു കൃഷിക്കാരനുള്ള ആവശ്യം—1904-ലെ പരസ്പരസഹായ നിയമം—റായിഫീസൻ മാതൃകയിലുള്ള വായ്പസംഘങ്ങൾ—വായ്പസംഘങ്ങളുടെ പ്രചാരം — സംഘവായ്പകളുടെ കാലാവധിയും ഉദ്ദേശ്യവും—സംഘത്തിൻെറ മൂലധനം—കരുതൽധനം—പ്രചരണവേലയുടെ അഭാവം—കുടശ്ശിഖ—ഹ്രസ്വകാലവായ്പയും ദീർഘകാലവായ്പയും—ഭൂസ്വത്തു ജാമ്യബാങ്കുകൾ — പ്രസ്ഥാനത്തിൻെറ അഭിവൃദ്ധി അതൃപ്തികരമായിരിക്കുന്നു—കാർഷിക സഹകരണം—വിതരണ സംഘങ്ങൾ—വില്പന സംഘങ്ങൾ — കുടിൽ വ്യവസായങ്ങളുടെ പോഷണത്തിനുള്ള സംഘങ്ങൾ—സ്ഥായിയായ കാർഷികാഭ്യുദയത്തിന് ഗവണ്മെണ്ടു സഹായം ആവശ്യമാണ്.

VI. കുടിൽ വ്യവസായം ... 131

കൃഷിയിൽ നിന്നുള്ള ആദായക്കുറവ്—കൃഷിക്കാരൻെറ അല്പസമയം വിനിയോഗിക്കേണ്ട ആവശ്യം—ഗ്രാമങ്ങളിലെ ജനസംഖ്യാവർദ്ധന—കുടിയേറിപ്പാർപ്പ്—അത് പ്രശ്നത്തിനു ശരിയായ നിവാരണമല്ല—വലിയ തോതിൽ നടത്തുന്ന വ്യവസായങ്ങൾ ഗ്രാമീണർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുത്തിട്ടില്ല—കുടിൽ വ്യവസായം—ഉപതൊഴിൽ—അവയുടെ പ്രത്യേകതകൾ (ഫ്ര)

പുറം

ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തെ സഹായിക്കുന്ന തൊഴിലുകൾ—പാൽ വ്യവസായം—കോഴിക്കൃഷി—'പഴം' വ്യവസായം—തേനീച്ച വളർത്തൽ—സസ്യവ്യവസായം (ഖ) വസ്ത്രസാധനങ്ങളുടെ ഉല്പാദനത്തെ സഹായിക്കുന്ന തൊഴിലുകൾ—നെയിത്തു വ്യവസായം—ചക്കാ—പട്ടുനൂൽവ്യവസായം—ആടുവളർത്തൽ (ഗ) മററു വ്യവസായങ്ങൾ—തോൽ ഊറയ്ക്കിടുക—എല്ലു പൊടിയ്ക്കുക—കയററു വ്യവസായം—എണ്ണ് ആട്ടുക—കരിമ്പു കൃഷി—ഉപ വ്യവസായങ്ങളെ പററി രാജകീയ കാർഷികക്കമ്മീഷൻെറ അഭിപ്രായങ്ങൾ. സഹകരണവില്പന — അഖിലഭാരതീയ ഗ്രാമവ്യവസായ സംഘം.

VII. പൊതുജനാരോഗ്യം. 181

ഇൻഡ്യൻ ജനതയുടെ പരിതാപകരമായ അനാരോഗ്യം—ഗ്രാമങ്ങളിലെ ശുചിത്വമില്ലായ്മ—അനാരോഗ്യപരമായ ശീലങ്ങൾ—വളക്കുഴി—വെളിച്ചവും കാററും കയറുന്ന വീടുകൾ—ഗ്രർഗാൺ പരീക്ഷണം—സാംക്രമികരോഗങ്ങളുടെ നിവാരണം—മലമ്പനി—കൊതുക് നിവാരണം—വീട്ടീച്ച—വലിയ രോഗവാഹി—നിരോധന മാർഗ്ഗങ്ങൾ—ബ്യൂബോണിക്ക് പ്ലേഗ്—എലിയെ നശിപ്പിക്കുന്നതിനുള്ള ഉപായങ്ങൾ—പൊതുജനാരോഗ്യം വർദ്ധിപ്പിക്കണം.

VIII. വിദ്യാഭ്യാസം 206

രാജ്യത്തിൻെറ ശ്രേയസ്സ് ശരിയായ വിദ്യാഭ്യാസത്തിൽ സ്ഥിതി ചെയ്യുന്നു—ഇപ്പോഴത്തെ വിദ്യാഭ്യാസ രീതിയുടെ പോരായ്മകൾ—തൊഴിൽ വിദ്യാഭ്യാസമാണ്

പുറം

ഗ്രാമങ്ങളിൽ ആവശ്യം—സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിൽ മാത്രമേ തൊഴിൽ വിദ്യാഭ്യാസം വിജയകരമാകയുള്ളൂ—വിദ്യാഭ്യാസപരിഷ്കരണത്തിനുള്ള ശ്രമങ്ങൾ—സെമിന്താറി സ്കൂളുകൾ—കിൻടർഗാട്ടൻ—മാനുവൽ ട്രെയിനിംഗ്—ഡ്രായിംഗ്—കൃഷി പാഠ്യവിഷയമാക്കി—ഗൂർഗാൺ എക്കണോമിക്ക് സ്കൂൾ—ഗാക്കാർ ട്രെയിനിംഗ് സ്കൂൾ—മോഗാ—റൂറൽ കമ്മ്യൂണിററിസ്കൂൾ—അതിൽ പഠിപ്പിക്കേണ്ട വിഷയങ്ങൾ മാതൃകാതോട്ടം—തൊഴിൽ ശാലാ—പരീക്ഷണത്തിനും പ്രദശനത്തിനുമുള്ള തോട്ടങ്ങൾ—പൎയ്യടന പ്രസംഗങ്ങൾ—മായാദീപ പ്രദശനങ്ങൾ—വായനശാലകളും ഗ്രന്ഥശാലകളും—നിശാപാഠശാലകൾ—പ്രായപൂൎത്തിവന്നവൎക്ക് നൽകേണ്ട വിദ്യാഭ്യാസം—സ്ത്രീകൾക്ക് നൽകേണ്ട വിദ്യാഭ്യാസം—കമ്മ്യൂണിററി സ്കൂളിന്റെ പാഠപദ്ധതി.

IX. ഇൻഡ്യയിലെ ഗ്രാമീണപുനരുദ്ധാരണ ശ്രമങ്ങൾ 235

ഗ്രാമീണ പുനരുദ്ധാരണത്തിൽ സാൎവ്വത്രികമായ താല്പൎയ്യം—ഇൻഡ്യാഗവണ്മെൻറ് ഗ്രാൻറ്—പ്രാദേശിക ഗവണ്മെൻറുകൾക്കുള്ള വിതരണം—സാമ്രാജ്യകാൎഷികപൎയ്യവേക്ഷണസമിതിയുടെ ശ്രമങ്ങൾ—പഞ്ചാബിലെ പുനരുദ്ധാരണ പരിശ്രമങ്ങൾ—ബംഗാൾ—ഗൊസാബാ—ശ്രീ നികേതനം—ബംഗാളിലെ ഇതര പരിശ്രമങ്ങൾ—ബാംബെയിലെ പുനരുദ്ധാരണപദ്ധതി—സൎവ്വൻറ്സ് ഓഫ് ഇൻഡ്യാസൊസൈററി—ചൌധാർ—മായന്നൂർ—ദംഭോറാ—കെട്ട് ശിവപ്പൂർ—ഡെക്കാൺ ആഗ്രിക്കൾചറൽ അസോസിയേ

പുറം

ഷൻ — ബീഹാർ ആൻഡ് ഒറീസ്സാ—സഹകരണപര മായ പുനരുദ്ധാരണം—സെൻട്രൽ പ്രാവിൻസസ്സ് ആൻഡ് ബീറാർ—വില്ലേജ്ജ് അപ്‌ലിഫ്ട്ട് ബോർഡ്കൾ—പിപ്ലേരിയാ—മദ്രാസ്—അലാമൂരു—ദേവധാർ മലബാർറീകൺസ്ട്രൿഷൻ ട്രസ്റ്റ്—വൈ. എം. സി. എയുടെ പുനരുദ്ധാരണപ്രവത്തനങ്ങൾ—മാത്താണ്ഡം—രാമനാഥപുരം, ആയ്യകോട്ട്—വാനിക്കി—ഇന്ദുകാർ പെത്ത്—ഉളന്തൂർ—ബറോഡ ഇൻഡ്യൻവില്ലേജ്ജ് വെൽഫയാർ അഃസാസിയേഷൻ (ഇംഗ്ലണ്ട്) പ്രക്ഷേപിണി മൂലമുള്ള പ്രചരണവേല.

X. ഉപസംഹാരം. 279

# ഗ്രാമീണപുനരുദ്ധാരണം.

## I

## പ്രാചീനഭാരതത്തിലെ ഗ്രാമ സങ്കേതങ്ങൾ.

---

വ്യവസായാഭിവൃദ്ധിയിൽ ഗണ്യമായ സ്ഥാനത്തെ പ്രാപിച്ചിരിക്കുന്ന രാജ്യങ്ങൾപോലും ഗ്രാമീണപുനരുദ്ധാരണത്തെപ്പററി ഗാഢമായി ആലോചിച്ചു തുടങ്ങിയിരിക്കുന്നു. നഗരജീവിതത്തിൻേറയും ഗ്രാമജീവിതത്തിൻേറയും സ്ഥിതിവ്യത്യാസങ്ങൾ രാഷ്ട്രങ്ങളുടെ പുരോഗതിയെക്കൂടി സാരമായി സ്പശിക്കുന്നുണ്ടു് എന്നുള്ളതിനെ ഇതു് വെളിവാക്കുന്നു.

പതിനെട്ടാംശതാബ്ദത്തിൻെറ അന്ത്യകാലം പലതരത്തിലുള്ള സാമ്പത്തികവും രാഷ്ട്രീയവും ആയ ശക്തികളുടെ സംഘട്ടനംകൊണ്ടു് അഭൂതപൂൎവ്വമായ ഒരു പരിഷ്കാരത്തെ സൃഷ്ടിക്കുന്നതിന്നു് പൎയ്യാപ്തമായി. നവംനവങ്ങളായ യന്ത്രസൃഷ്ടികൾ, ചരിത്രം അനന്തരകാലങ്ങളിൽ 'വ്യവസായ വിപ്ളവം' എന്നു് നാമകരണം ചെയ്ത സാമ്പത്തിക ഘട്ടത്തെ ആവിർഭവിപ്പിച്ചു. സവലോകവിപണികൾക്കു് പ്രചാരം വൎദ്ധിച്ചു; നഗരങ്ങൾ വളൎന്നു വന്നു; ഭരണനയങ്ങൾ പട്ടണങ്ങളുടെ താല്പൎയ്യങ്ങൾക്കനുസരിച്ചു് രൂപാന്തരപ്പെട്ടു. സാധുവായ കൃഷിക്കാര

നോ!— പരിഷ്കാരസൂൎയ്യന്റെ പ്രഭാപ്രസരത്തിൽ നിസ്തേജനായി, വിസ്മൃതി കോടിയിൽ ലയിച്ചു.

നഗരജീവിതത്തിന് നൾകിയ മുൻഗണന ഗ്രാമങ്ങളെ അനിവാൎയ്യമായ ഉപേക്ഷയിലേക്ക് തള്ളിവിട്ടു. സാമുദായികവും സാമ്പത്തികവും ആയ വിവിധപ്രശ്നങ്ങൾ ഉത്ഭവിപ്പിക്കുക എന്നുള്ളതായിരുന്നു അതിന്റെ ഫലം. അനുദിനം പ്രാധാന്യം വൎദ്ധിച്ചുവന്ന വൈഷമ്യങ്ങൾ തരണം ചെയ്യുകയല്ലാതെ ഗത്യന്തരമില്ലെന്നു വന്നുകൂടി. അതിന്റെ ഫലമായി ഇരുപതാം നൂററാണ്ടിന്റെ ആവിർഭാവത്തോടുകൂടി, പുരോഗതിക്ക് പ്രാഥമ്യം സിദ്ധിച്ചിട്ടുള്ള രാജ്യങ്ങൾ പോലും ഗ്രാമീണ പുനരുദ്ധാരണത്തെപ്പററി ഗൌരവമായി ആലോചിച്ചു തുടങ്ങി. ശാസ്ത്രീയമായ കൃഷിസൌകൎയ്യങ്ങൾ വിപുലമായി വൎദ്ധിച്ചിട്ടുള്ള അമ്മേരിക്കയിൽ പോലും പ്രസിഡൻറ് റൂസ്വെൾട്ട്, ഗ്രാമജീവിതത്തിന്റെ പ്രാധാന്യം മുന്നണിയിൽ കൊണ്ടു വരുന്നതിനായി, ഗ്രാമജീവിതക്കമ്മീഷൻ* നിയമിച്ചു. ഈ കമ്മീഷന്റെ പൎയ്യവേക്ഷണങ്ങൾ കാൎഷികലോകത്തെ സ്ഥായിയായി പരിരക്ഷിക്കുന്നതിന്റെ അത്യന്താപേക്ഷിതയെ രാഷ്ട്രീയ നേതാക്കന്മാരെ പൂൎണ്ണമായി മനസ്സിലാക്കി. ഗ്രാമജീവിതത്തെ സുഖകരമാക്കുന്നതിന് പൎയ്യാപ്തമായ പല നിർദ്ദേശങ്ങൾ അടങ്ങിയ നിയമനിൎമ്മാണങ്ങൾ അമ്മേരിക്കയിൽ ഉണ്ടായി.

ലോക മഹായുദ്ധത്തിന് ശേഷം ബ്രിട്ടീഷുഗവണ്മെണ്ടിന്റെയും ജനതയുടേയും ആകാംക്ഷാപൂൎണ്ണമായ ചിന്ത ഇംഗ്ലണ്ടിലെ കൃഷികാൎയ്യങ്ങളെ സാമ്പത്തികമായ അസ്ഥിവാരത്തിൽ സുസ്ഥിരപ്പെടുത്തുന്നതിൽ ഏൎപ്പെട്ടി

---

* The country life Commission.

രിക്കുന്നു എന്നുള്ളതു് ബ്രിട്ടീഷുപാർലമെണ്ടിൽ അടിക്കടികൊണ്ടുവരപ്പെടുന്ന നിയമങ്ങളുടെ തത്വങ്ങളിൽ നിന്നു പ്രത്യക്ഷപ്പെടുന്നതാണു്. മിക്കവൊറും ആണ്ടുതോറും തന്നെ കൃഷിയേയും കൃഷിക്കാരേയും സംബന്ധിക്കുന്ന പല നിയമങ്ങളും നയവിശേഷങ്ങളും പുതിയതായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിയമങ്ങൾ, † കാർഷിക പര്യവേക്ഷണത്തിനുള്ള സ്ഥാപനങ്ങൾ, പ്രദർശനങ്ങൾ, സാമ്രാജ്യവാണിജ്യം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ മുതലായവയുടെ പുറകിൽ കൃഷിക്കാരന്റെ താല്പര്യങ്ങളാണു് വാസ്ഥവത്തിൽ സ്ഥിതിചെയ്യുന്നതു്. കൃഷിക്കാർ പല സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതും അവരുടെ സ്ഥാപനങ്ങൾ കാർഷികസാമഗ്രികളുടെ ഉല്പാദനത്തിലും വിതരണത്തിലും വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നതും സാമ്രാജ്യനയത്തിൽ കാർഷിക താല്പര്യങ്ങൾക്കുള്ള ഗണ്യമായ സ്ഥാനത്തെ സൂചിപ്പിക്കുന്നു.

കൃഷിക്കു് ശാസ്ത്രീയവും സാമ്പത്തികവും ആയ രണ്ടു ഭാവങ്ങളുണ്ടു്. കാർഷികപര്യവേക്ഷണവും വിദ്യാഭ്യാസവും പത്തൊമ്പതാം ശതാബ്ദത്തിന്റെ മദ്ധ്യത്തിലാണു് അമേരിക്കയിലും യുറോപ്പിലും ആരംഭിച്ചതു്. അന്നുമുതൽ കൃഷിശാസ്ത്രം അനുദിനം വളൎന്നുവരുന്നു. എന്നാൽ പഠിച്ചതത്വങ്ങൾ പ്രവൃത്തിരൂപത്തിലാക്കാനുള്ള വൈഷമ്യങ്ങൾ ഒട്ടും കുറവല്ല. സുഗമവും ആദായകരവും ആയ ഗതാഗതസൌകര്യങ്ങളുടെ ആവിർഭാവം സർവലോകവിപണികളെ തുറന്നുകൊടുത്തതോടുകൂടി അവിചാരിതമായ വേഗത്തിൽ കൃഷി

† Agricultural Returns, Forestry, Importation of Pedigree Animals മുതലായ നിയമങ്ങൾ നോക്കുക.

വാണിജ്യപരമായ നിലയിലേക്ക് പരിവത്തനം ചെയ്തു-വ്യവസായപരമായ കൃഷിയുടെ സാമ്പത്തിക അസ്ഥിവാരങ്ങളുടെ ഒരു പുനർവിധാനമാണ് ഈ പരിതസ്ഥിതികഠം അത്യാവശ്യമാക്കിയത്. പരിഷ്കൃതലോകത്തിൻെറ സകലഭാഗങ്ങളിലും ഈ പുനർവിധാനത്തിനുള്ള പരിശ്രമലക്ഷ്യങ്ങഠം നാം ഇന്നു കാണുന്നുണ്ട്.

ലോകവ്യാപാരത്തിൻെറ സദാജാഗരൂകമായ പ്രവത്തനമദ്ധ്യത്തിലേക്ക് അവിചാരിതമായി പ്രവേശനം ലഭിച്ചപ്പോഴാണ് തൻെറ അസന്നദ്ധതയുടെ പാരമ്യം എത്രമാത്രമുണ്ടെന്ന് ഇൻഡ്യാ മനസ്സിലാക്കിയത്. ഏകദേശം മുപ്പതുകൊല്ലത്തിനു മുമ്പ് ബഹുമാനപ്പെട്ട കഴ്സൺ പ്രഭു സ്വതസ്സിദ്ധമായ ദീഘദൃഷ്ടിയോടുകൂടി ഇൻഡ്യയിൽ കാഷികപയ്യവേക്ഷണം ആരംഭിച്ചു. അങ്ങുമിങ്ങുമായി യാതൊരു യോജിപ്പുമില്ലാതെ ഉദ്യോഗസ്ഥന്മാർ ചെയ്തുവന്ന പയ്യവേക്ഷണ ജോലികഠം അങ്ങിനെ ശൃംഖലിതമാകുകയും ഇൻഡ്യയിലെ കൃഷിയുടെ ചരിത്രത്തിൽ പ്രധാനമായ ഒരു ഘട്ടത്തെ സൃഷ്ടിക്കുകയും ചെയ്തു. ഇൻഡ്യയിലെ കൃഷി സ്വസ്ഥിതിയിൽ നിന്ന് അഭിവൃദ്ധിപ്പെടുത്തുവാൻ അസാദ്ധ്യമാണെന്നുള്ള വിചാരം അടിസ്ഥാനമില്ലാത്തതാണെന്ന് ഈ പയ്യവേക്ഷണങ്ങഠം ആദ്യമായി സ്ഥാപിച്ചു.

ഗ്രാമജീവിതത്തിൻെറ പ്രത്യേകത കൃഷിയുടെ സ്ഥിതിയേയും വളച്ചയേയും ആശ്രയിച്ചിരിക്കുന്നതുകൊണ്ടാണ് കൃഷിയെപ്പററി ഇത്രയും ഇവിടെ പ്രതിപാദിക്കുവാൻ ഇടയായത്. സാമ്പത്തികദാർഢ്യതയുള്ള അസ്ഥിവാരത്തിൽ സംസ്ഥാപിതമാകാത്ത കൃഷിയോടുകൂടിയ യാതൊരു രാജ്യത്തിനും അതിൻെറ ഗ്രാമീണ ജീവിതത്തിൻെറ പുനഃസംഘടന സാദ്ധ്യമല്ല.

ഇൻഡ്യയിലെ ജനങ്ങളിൽ ഒട്ടുമിക്കവാറും ഗ്രാമങ്ങളിൽ ജീവിക്കുകയും കൃഷിയിൽ നിന്നു് നേരിട്ടോ, പരോക്ഷമായോ ഉപജീവനം കഴിക്കുകയും ചെയ്യുന്നവരാണു്. ഇനി വളരെ കാലത്തേക്കു് ഈ സ്ഥിതിക്കു് ഒരു വ്യത്യാസം വരുന്നതിനും ഇടയില്ല. ൧൯൩൧—ലെ കാനേഷുമാരിക്കണക്കുപ്രകാരം ഇൻഡ്യയിലെ ൭൧ ശതമാനം ജനങ്ങളും ഗ്രാമങ്ങളിൽ ജീവിക്കുന്നതായും കൃഷി തൊഴിലായി സ്വീകരിച്ചിരിക്കുന്നതായും കാണുന്നു. വളരെ പുരാതനകാലം മുതൽ തന്നെ, ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും ജനങ്ങൾ അവിടവിടെയായി ചിതറിക്കിടക്കുന്ന ഗ്രാമങ്ങളിൽ അടുപ്പിച്ചടുപ്പിച്ചു് കൂട്ടംകൂട്ടമായി കെട്ടിയുണ്ടാക്കിയിട്ടുള്ള മൺവീടുകളിൽ താമസിച്ചുവരുന്നു. അവർ കൃഷിചെയ്യുന്നതു് താമസസ്ഥലത്തിൽ നിന്നു് അകലെയായി കിടക്കുന്ന ചെറിയപാടങ്ങളിലാണു്. രാജകീയ കാർഷികക്കമ്മീഷന്റെ കണക്കുപ്രകാരം ഇൻഡ്യയിലെ ഗ്രാമങ്ങളുടെ സംഖ്യ ൫൦൦൦൦൦ * ആണു്. ഈ സംഖ്യയുടെ വലിപ്പംതന്നെ ഇൻഡ്യായുടെ ഭൌതികൈശ്വര്യങ്ങളിൽ കൃഷിക്കാരനുള്ള പ്രധാനപ്പെട്ട സ്ഥാനത്തെ തെളിയിക്കുമല്ലോ.

൧൮൫൮-ൽ ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുടെ കൈവശത്തിൽ നിന്നു് ഇൻഡ്യൻ ഭരണകൂടം ബഹുമാനപ്പെട്ട ചക്രവർത്തി തിരുമനസ്സിലേക്കു് പകർന്നതിന്റെ ശേഷം ഇൻഡ്യയിൽ പലവിധത്തിലുള്ള പരിഷ്കാരങ്ങളും വ്യത്യാസങ്ങളും വന്നിട്ടുണ്ടു്. എങ്കിലും ഗ്രാമജീവിതത്തിന്റെ പ്രധാനലക്ഷണങ്ങൾക്കു വലിയ മാററം വന്നി

* മററു ചില കണക്കുകൾ പ്രകാരം ഗ്രാമങ്ങളുടെ സംഖ്യ 700000 ആണു്.

ട്ടില്ല. ഓരോ ഗ്രാമത്തിലുള്ള ജനങ്ങൾക്കും സ്വന്തം ആവശ്യങ്ങൾ നിറവേറുന്നതിന് മറെറവിടേയും പോകേണ്ടതായിട്ടില്ല. എല്ലാ ഗ്രാമങ്ങളിലും വസ്തുക്കളിൽ ഉടമസ്ഥാവകാശമോ അല്ലെങ്കിൽ ശാശ്വതമായ അനുഭവാവകാശമോ ഉള്ള കുറെ ആളുകളുണ്ട്. അവർ ഒന്നുകിൽ മുഴുവൻ ഭൂമിയിലും തന്നത്താൻ കൃഷിചെയ്യുന്നു. അല്ലെങ്കിൽ, മററുവല്ലവരേ അവരുടെ ഭൂമി കൃഷിക്ക് ഏൾപ്പിക്കുന്നു. ഈ വസ്തുകൈവശക്കാരിൽ നിന്ന് താണ്, പാടങ്ങളിൽ ജോലിചെയ്യുന്ന ഒരുതരം വേലക്കാരാണ് അടുത്തപടിയിൽ ഉള്ളത്. ഇവരിൽ ചിലക്ക് ചെറിയ ഒരു വസ്തു സ്വന്തമായി കണ്ടേക്കാം. അല്ലെങ്കിൽ ഒന്നുരണ്ടു വയലുകൾ അവർ പാട്ടത്തിന് എടുത്തിട്ടുണ്ടെന്ന് വരാം. മററു ചിലർ വയലിൽ ജോലിക്കൂടുതലുള്ള കാലത്തിൽ മാത്രം കൃഷിജോലി ചെയ്യുകയും മററു സമയങ്ങളിൽ ചെറിയ കൈത്തൊഴിലുകൾ ചെയ്തു് ഉപജീവനം കഴിയ്ക്കുകയും ചെയ്യുന്നവരായിരിക്കും. ഏററവും ചെറിയ ഗ്രാമങ്ങളിലൊഴിച്ച് മറെറല്ലാഗ്രാമങ്ങളിലും ഒന്നോ ഒന്നിലധികമോ ആശാരിമാരും കൊല്ലന്മാരും കാണും. ഗ്രാമത്തിലെ കൃഷിക്കാരുടെ ഉപകരണങ്ങൾ ഉണ്ടാക്കുക നന്നാക്കുക, മുതലായവയാണ് അവരുടെ തൊഴിൽ. വീട്ടിൽ ആവശ്യമുള്ള സാധനങ്ങൾ വിൽക്കുന്നതിന് സാധാരണയായി ഒന്നോ രണ്ടോ മൂന്നോ, ചിലപ്പോൾ അതിലധികമോ പീടികകൾ കാണും. ഗ്രാമത്തിൽ ഉണ്ടാക്കുന്ന ചില്ലറ സാമാനങ്ങൾ ഈ കച്ചവടക്കാർ വിലയ്ക്ക് വാങ്ങിക്കൊള്ളുകയും ചെയ്യും. അത്യാവശ്യക്കാർക്ക് പണം കടം കൊടുക്കുന്നതും ഈ "കൊച്ചുമുതലാളി"തന്നെയാണ്. ഗ്രാമത്തിലുള്ള ഹിന്ദുക്കൾക്ക് കുളിച്ചുതൊഴുന്നതിന് അമ്പ

ലങ്ങളും ഇതരമതസ്ഥൎക്കുള്ള പള്ളികളും അവിടെതന്നെ ഉണ്ടായിരിക്കും. മുത്തഛൻ, അപ്പൂപ്പൻ, അഛൻ മുതലായ പൂൎവ്വികന്മാർ താമസിച്ചിരുന്ന വീടുകളിൽതന്നെ ആയിരിക്കും ഒട്ടധികം വീട്ടുകാരും താമസിക്കുന്നതു്. ഗ്രാമത്തിന്റെ പൂൎവ്വചരിത്രം മിക്കവാറും അവിടുത്തെ വീട്ടുകാരുടെ പൂൎവ്വികന്മാരുടെ ചരിത്രങ്ങൾതന്നെ ആയിരിക്കും. ഓരോ വീടുകളിലും രണ്ടും മൂന്നും കുളങ്ങളുള്ള ജലസമൃദ്ധിയോടുകൂടിയതു് മുതൽ ഒരു ഗ്രാമത്തിനു മുഴുവൻകൂടി ഒരു കിണർ മാത്രമുള്ള ജലദുൎഭിക്ഷത്തോടുകൂടിയതു് വരെയുള്ള ഗ്രാമങ്ങൾ ഇൻഡ്യായിൽ ഉണ്ടു്. കൃഷിക്കു് വേണ്ട വെള്ളം അതതുഗ്രാമങ്ങളുടെ അവസ്ഥപോലെ നദി, തോടു്, കിണർ, കുളം, എന്നിവകളിൽ നിന്നു് സിദ്ധിക്കുന്നു. ഗ്രാമങ്ങളുടെ ചുററുമോ ചില ഭാഗങ്ങളിലോ ഉള്ള കുററിക്കാടുകളിലെ ചുള്ളികളോ ഉണക്കച്ചാണകമോ ആണു് തീയുണ്ടാക്കുന്നതിനായി ഉപയോഗിക്കുന്നതു്. അടുത്ത കൃഷിക്കുള്ള വിത്തു് മിക്കവാറും കൃഷിക്കാർതന്നെ സൂക്ഷിച്ചുകൊള്ളും. അഥവാ ഇല്ലാതെവന്നാൽ കടംകൊടുക്കുന്നതിനു് വിത്തുണക്കിവച്ചിരിക്കുന്ന പൊലിക്കടക്കാർ അസാധാരണയല്ല. ഓരോവീട്ടിലും പശുക്കളോ എരുമകളോ കാണും. അവയ്ക്കു് തീററികൊടുക്കുന്നതിനു് പൊതുവായ മേച്ചിൽ സ്ഥലങ്ങളുണ്ടു്. ഓരോ സ്ഥലങ്ങളിലേക്കായി കന്നുകാലിക്കാർ ദിവസംതോറും അടിച്ചുകൊണ്ടുപോകുന്ന കാലിവൎഗ്ഗത്തേയും ചിലപ്പോൾ മിക്കഗ്രാമങ്ങളിലും കാണാം. വിത്തുകാളകൾ സൌജന്യമായും ചിലപ്പോൾ കൂലിക്കും കൊടുക്കുന്നതിനായി· ഒന്നിലധികം ആളുകൾ സൂക്ഷിക്കുന്നുണ്ടായിരിക്കും. തൊഴിൽ ജനനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ആശാരി, മുണ്ടലക്കുവാനോ ക്ഷവരക്കാരൻ കൊല്ലപ്പണിക്കാരയോ പോകുന്ന തൊഴിൽസ്വാതന്ത്ര്യത്തിന്റെ

ലക്ഷ്യം വളരെ ദുർല്ലഭമായിട്ടേ കാണുന്നുള്ളു. കല്ലിട്ട റോഡിൽനിന്നും പരിഷ്കാരമുള്ള പട്ടണങ്ങളിൽനിന്നും ഒരു ഗ്രാമം എത്ര അകലയാണോ അത്രയും ദൃഢതയുള്ള ഒരു ഗ്രാമജീവിതത്തെയാണ് നാം അവിടെ കാണുന്നത്. ഇങ്ങനെ സകലആവശ്യങ്ങളും നിറവേററത്തക്ക എല്ലാസൌകര്യങ്ങളോടും കൂടിയ ഗ്രാമങ്ങൾ ഇൻഡ്യയിലെ പലതരത്തിലുള്ള സംസ്കാരങ്ങളുടേയും വിളനിലമായി പ്രശോഭിച്ചിരുന്നു.* ജനങ്ങളുടെ ജീവിതത്തിന്റെ സംപൂർണ്ണത ഗ്രാമങ്ങളിൽമാത്രമേ ലഭിക്കുകയുള്ളു എന്നെല്ലാവരും വിശ്വസിക്കുകയും ഗ്രാമജീവിതത്തിന്റെ ശാന്തതക്കും സുഖസൌകര്യങ്ങൾക്കും യാതൊരുകേടും തട്ടാതിരിക്കുന്നതിനുവേണ്ടി പട്ടണങ്ങളിൽ താമസക്കാരായ ഭരണനേതാക്കന്മാർപോലും പ്രത്യേകം സൂക്ഷിക്കുകയും ചെയ്തുവന്നു.

പ്രാചീനഭാരതത്തിലെ ഗ്രാമസങ്കേതങ്ങളുടെ പ്രാധാന്യതയും, ഇൻഡ്യയിലെ സമാധാനവും ഐശ്വര്യകരവും ആയ ജീവിതത്തിന് എത്രമാത്രം കാരണമായിരുന്നു എന്നുള്ളത് പല ആംഗ്ലേയഭരണനേതാക്കന്മാരുടേയും, ചരിത്രകാരന്മാരുടേയും, ഗ്രന്ഥകാരന്മാരുടേയും ലേഖനങ്ങളിൽനിന്ന് നമുക്ക് കാണുവാൻ കഴിയും.

൧൮൩൦-നവംബർ ൭ാംനു-യിലെ സർചാറത്സു മെററ്കാൽഫിന്റെ (അന്ന് ഗവർണ്ണർ ജനറാലിന്റെ കൌൺസിലിലെ ഒരംഗവും, പിന്നീട്, ആക്ടിംഗ് ഗവർണർ ജനറാലും, വൈസ്രായിയും) ഒരു പ്രസിദ്ധപ്പെട്ട "മിന്നിട്ടിൽ" ഈ ഗ്രാമസങ്കേതങ്ങളെപ്പററി ഇങ്ങിനെ എഴുതിയിരിക്കുന്നു:—

* Rabindranath Tagore.

"ഈ ഗ്രാമസങ്കേതങ്ങൾ ചെറിയ പ്രജാധിപത്യസ്ഥാപനങ്ങളാണ്. അവൾക്കാവശ്യമുള്ള സകലതും അതിൽ തന്നെയുണ്ട്. അന്യരെ യാതൊന്നിനും ആശ്രയിക്കേണ്ട ആവശ്യമേ അവൾക്കില്ല. മറ്റെല്ലാസ്ഥാപനങ്ങളും നശിച്ചുപോകുന്നസ്ഥലത്തും അവയ്ക്കു് യാതൊരു വ്യത്യാസവും വരുന്നില്ല. പല രാജവംശങ്ങൾക്കും നാശം സംഭവിച്ചുകൊള്ളട്ടെ!. വീണ്ടും വീണ്ടും വിപ്ളവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കട്ടെ!. ഹിന്ദുക്കൾ, പട്ടാണികൾ, മുകിലന്മാർ, മഹാരാഷ്ട്രന്മാർ, സിക്കുകാർ, ഇംഗ്ലീഷുകാർ എന്നിങ്ങനെ മാറിമാറി ഭരണശക്തികൾ വന്നുകൊണ്ടിരിക്കട്ടെ!. എന്നാലും, ഗ്രാമസങ്കേതങ്ങൾക്ക് യാതൊരു വ്യത്യാസവും വരികയില്ല. വഴക്കുണ്ടാകുന്ന കാലത്തു് അവരുടെ ശക്തികൾ അവർ യോജിപ്പിച്ച് ആക്രമണത്തെ തടുക്കുവാൻ തയ്യാറാകുന്നു. എതൃശക്തികളുടെ സൈന്യനിര അവരെ കടന്നുപോകട്ടെ! അവരുടെ കന്നുകാലികളെ തട്ടുത്തുപിടിച്ച്, ഗ്രാമത്തിനകത്തു സൂക്ഷിച്ചുകൊണ്ട്, ശത്രുസൈന്യം നിർബ്ബാധം മുമ്പോട്ടു പോകുന്നതിന് അവർ അനുവദിക്കുന്നു. അവരെ തന്നെ ആക്രമിക്കുന്നതിനായും കൊള്ളയിടുന്നതിനായും ശത്രുക്കൾ ആത്തടുക്കുമ്പോൾ ആബാലവൃദ്ധം ജനങ്ങളും അവരുടെ കാലിവർഗത്തോടും മററു ജംഗമസ്വത്തുക്കളോടും കൂടി അടുത്തു് എവിടെയെങ്കിലുമുള്ള ബന്ധുഗ്രാമത്തിലേക്ക് പോകുകയും ശത്രുക്കൾ കളം ഒഴിയുമ്പോൾ തിരികെവന്നു് വീണ്ടും അവരുടെ സമാധാനപരമായ തൊഴിൽ തുടങ്ങുകയും ചെയ്യും. രാജ്യം വളരെക്കാലം തുടൎന്നുകൊണ്ടുപോകുന്ന വലിയകലഹങ്ങളിൽ പെട്ടുഴലുകയാണെങ്കിൽ ഗ്രാമക്കാർ കലഹങ്ങൾ ഒതുങ്ങി സമാധാനം ഉണ്ടാകുന്നതുവരെ പുറമേ എവിടെയെങ്കിലുമുള്ള ഗ്രാമ

ത്തിൽപോയിതാമസിക്കുകയും എല്ലാംശാന്തമാകുമ്പോൾ
തിരിച്ചുവരികയും ചെയ്യും. ഇങ്ങിനെ സ്വന്തം ഗ്രാമ
ത്തിൽ നിന്ന് അകന്നുതാമസിക്കേണ്ടകാലം അതിദീ
ഘ്രവും ചിലപ്പോൾ ഒരുതലമുറക്കാലം മുഴുവൻ നീണ്ടു
നിൽക്കുന്നതും ആയിരുന്നേക്കാം. അപ്പോൾ അടുത്ത
തലമുറക്കാർ മടങ്ങിവരുന്നു. മക്കൾ അച്ഛൻെറ സ്ഥാന
ങ്ങൾ സ്വീകരിക്കുന്നു; ഗ്രാമത്തിൻെറ സ്ഥലത്തിനും വി
സ്തീർണ്ണത്തിനും യാതൊരു വ്യത്യാസവും വരികയില്ല. വീടു
കൾ യഥാസ്ഥാനങ്ങളിൽ തന്നെ വീണ്ടും ഉണ്ടാകുന്നു.
ആക്രമണത്തെ ഭയന്നോടിപ്പോയപ്പോൾ വയലുകൾ ആ
രുടെ അധീനത്തിലിരുന്നോ അവർ തന്നെയോ അല്ലെ
ങ്കിൽ അവരുടെ സന്താനങ്ങളോ തിരികെ വരുന്നയവ
സരത്തിൽ ആ വയലുകൾ കൃഷിചെയ്തുതുടങ്ങുന്നു. ഏതെ
ങ്കിലും ചെറിയ ഒരു ആക്രമണം ഉണ്ടായാൽ ഉടൻ ഓ
ടിഒളിയ്ക്കുന്നതക്ക ഭീരുക്കളാണ് അവർ എന്ന് തെററിധരി
ക്കരുതു്. സാമാന്യം ശക്തിയോടുകൂടിയ ആക്രമണ
ങ്ങൾ പോലും തടുത്തുനിറുത്തത്തക്ക ശേഷിയും സന്നാ
ഹങ്ങളും അവക്കുണ്ടു്. ബലശൂന്യത പ്രത്യക്ഷമാകുകയും
മേലിൽ നാശം മാത്രമേ ഉണ്ടാകയുള്ളു എന്നുള്ളതു നിശ്ച
യമാകുകയും ചെയ്യുന്നതുവരെ അവർ ശത്രുക്കളെ പ്രതി
രോധിക്കതന്നെ ചെയ്യും.

ഓരോന്നും ചെറിയ ഓരോ രാജ്യങ്ങളായി വിചാ
രിയ്ക്കപ്പെടാവുന്ന ഈ ചെറിയ ഗ്രാമസങ്കേതങ്ങളുടെ
ഐക്യമാണ്, പലവിപ്ളവങ്ങളുടേയും വ്യത്യാസങ്ങ
ളുടേയും ആക്രമണങ്ങൾക്കിടയിലും ഇൻഡ്യൻജനതയെ
അവരുടെ സ്വതസ്സിദ്ധമായ ഗുണഗണങ്ങളോടുകൂടി ഭദ്ര
മായി സൂക്ഷിക്കുന്നതിന്ന് പ്രധാനപ്പെട്ട കാരണങ്ങളി

ലൊന്നെന്നുള്ളതിനു് സംശയമില്ല. അവരുടെ സുഖസ്വാതന്ത്ര്യങ്ങൾക്കു് നിദാനമായി നിന്നിട്ടുള്ളതും ഇതുതന്നെയാണു്."—

ഒരുകാലത്തു് ഇൻഡ്യാക്കാർക്കു് അസൂയാസ്പദമായ ഐശ്വര്യസമാധാനങ്ങൾ പ്രദാനംചെയ്തുവന്ന ഈ ഗ്രാമസങ്കേതങ്ങൾ കാലാന്തരത്തിൽ നാമാവശേഷമായിപ്പോകുകയാണു് ചെയ്തതു്. ഇതിനു കാരണങ്ങൾ പലതാണു്. എങ്കിലും പ്രധാനമായതു് ഇംഗ്ലീഷ്കാർ കരമീടാക്കലിനുവേണ്ടി സ്വീകരിച്ച നയമാണു്. ഗ്രാമങ്ങളിൽ നിന്നു കൂട്ടായി പിരിച്ചു് അധീശശക്തിക്കു് കൊടുക്കുന്ന നികുതിഏർപ്പാടു മാററി, നികുതി കൊടുക്കുന്നതിനു് ഓരോ ഭൂമിഉടമസ്ഥനേയും ഉത്തരവാദിയാക്കുന്ന സമ്പ്രദായം ബ്രിട്ടീഷ് ഗവണ്മെണ്ടു സ്വീകരിച്ചു. അപ്പോൾ പൌരസ്ത്യജീവിതത്തിൽ ഐശ്വര്യസമ്പത്തായിരുന്ന ഗ്രാമസങ്കേതങ്ങൾ നാമാവശേഷമായി. ഇംഗ്ലീഷുകാർ അവരുടെ ഭരണം സുസ്ഥിരമാക്കുന്നതിനായി ഇൻഡ്യായിൽ സ്വീകരിച്ച "റയട്ട്വാറി"† നയം ഇൻഡ്യൻ കൃഷിക്കാരൻെറ സാമൂഹ്യജീവിതം നഷ്ടപ്പെടുത്തുകയും വ്യക്തി എന്നുള്ള നിലയിൽ അവൻെറ ജീവിതത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്തു. കൃഷീവലൻെറ ഐശ്വര്യം അന്നുമുതൽ നാൾക്കുനാൾ കുറഞ്ഞുവന്നു. അവൻെറ വരവു കുറഞ്ഞു: ശക്തി ക്ഷയിച്ചു: സുഖം എന്നുള്ളതു് കണികാണുവാൻപോലും ഇല്ലാതെയായി. ഗ്രാമസങ്കേതങ്ങളുടെ തിരോധാനം മുതൽ ശാശ്വതമായ ദുഃഖത്തിലേക്കും-

† Ryotwary System.

കഷ്ടതയിലേക്കും ഉള്ള തുടർച്ചയായ ഒരുയാത്ര ആണ് കൃഷിക്കാരൻ തുടങ്ങിയതു്.

ഒരു രാജ്യം അന്യശക്തിയ്ക്കധീനമാകുന്ന അവസരത്തിൽ ആ രാജ്യത്തിൻെറ ഗുണപൌഷ്കല്യങ്ങളിൽ ഏറിയക്രമം ഭരണശക്തിയെ പോഷിപ്പിക്കുന്നതിനായി വിനിയോഗിച്ചുപോകുന്നതു് സാധാരണയാണ്. ഇൻഡ്യായും ഈ പരമാൎത്ഥത്തിന് ഒരു വ്യത്യസ്ഥമായിരുന്നില്ല. ഫവ്വഭവ്വ-ൽ ഇൻഡ്യാസാമ്രാജ്യത്തിൻെറ ഉത്തരവാദിത്വപൂൎണ്ണമായ ഭരണം ഈസ്റ്റിൻഡ്യാക്കമ്പനിക്കാരിൽനിന്നു് ഗുണവതിയായ വിക്ടോറിയാ മഹാരാജ്ഞി ഏറെറടുത്തപ്പോൾ മുതൽ ഇൻഡ്യായിലെ മുതലെടുപ്പിൽ ഒരു സിംഹഭാഗത്തിൻെറ ഇംഗ്ലണ്ടിലേക്കുള്ള നിൎഗ്ഗമനം അനിവാൎയ്യമായി തീൎന്നു. ഭരണകൂടത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാർ എല്ലാപേരുംതന്നെ വിദേശീയരായിരുന്നതിനാൽ അവൎക്കു് രാജ്യസേവക്കു് പ്രതിഫലമായിക്കൊടുത്തുവന്നിരുന്ന ശമ്പളത്തിൻെറ ഭൂരിഭാഗവും ഈ നാട്ടിൽ ചിലവാകാതെ പുറത്തുപോകേണ്ടതായി വന്നു. മുകിലന്മാർ, പട്ടാണികൾ, മഹാരാഷ്ട്രന്മാർ എന്നിവരുടെ കാലങ്ങളിൽ ഇങ്ങിനെയൊരു ബഹിൎഗ്ഗമനത്തിനു വഴിയുണ്ടായിരുന്നില്ല. വലിയകൊട്ടാരങ്ങൾ, രമ്യഹൎമ്മ്യങ്ങൾ, ദേവാലയങ്ങൾ, ശവകുടീരങ്ങൾ എന്നിങ്ങനെയുള്ളവയ്ക്കുവേണ്ടി ധാരാളം ധനം ചിലവാക്കിയിരുന്ന മദ്ധ്യകാലത്തിലെ വാഴ്ചക്കാർപോലും, അവർ ഈ രാജ്യത്തുനിന്നു് സമാൎജ്ജിച്ച പണം ഇവിടെതന്നെ ചിലവാക്കുകയാണ് ചെയ്തതു്.

ഇൻഡ്യൻ ജനതയുടെ ഇന്നത്തെ ദാരിദ്ര്യത്തിന് മറെറാരുകാരണം, ഈസ്റ്റിൻഡ്യാക്കമ്പെനിയും ബ്രിട്ടീഷു

സിംഹാസനവും തമ്മിലുള്ള കൈമാററക്കരാറിൻെറ പണം ഇൻഡ്യാ കൊടുക്കേണ്ടതായിവന്നു എന്നുള്ള താണ്. ൧൮൩൪-ൽ ഈസ്റ്റിൻഡ്യാക്കമ്പെനിക്കാരുടെ മൂലധനം പല ചെറിയകടങ്ങഠം വാങ്ങിയാണ് കൊടുത്തുതീർത്തതു്. അതു് ഒരു ഇൻഡ്യൻ പൊതുക്കടമായിതീൎന്നു. ൧൮൩൭-ൽ ൭൦,൦൦൦,൦൦൦ പവനായിരുന്ന കടം ൧൮൬൨-ൽ ൯൭,൦൦,൦൦൦ പവനായും ൧൯൦൧-ൽ ൨൦൦,൦൦൦,൦൦൦ പവനായും വൎദ്ധിച്ചു. ഈ സംഖ്യക്കു് കൊടുക്കേണ്ട ഭീമമായ പലിശയും സാധുവായ ഇൻഡ്യൻ കൃഷിക്കാരൻ വഹിക്കേണ്ടതായിവന്നു. യൂറോപ്യൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഇനത്തിലും "ഹോം ചാർജ്ജസ്" എന്ന ഇനത്തിലും മററുപല മൊത്തവും ചില്ലറയുമായ ഇനങ്ങളിലും ആയി ഇൻഡ്യൻ നികുതിയുടെപകുതി ഇംഗ്ലണ്ടിലേക്കു് പോകുന്നു* അങ്ങിനെ സുഖസുന്ദരമായ ഭാരതീയവാതം മററുരാജ്യങ്ങളെ അനുഗ്രഹിക്കയും പോഷിപ്പിക്കുകയും ചെയ്യുന്നു!

പതിനെട്ടാം ശതാബ്ദത്തിൽ ഇൻഡ്യൻ വ്യവസായങ്ങഠക്കു് ഗണ്യമായ പുഷ്ടിയുണ്ടായിരുന്നു. കൃഷി ഇൻഡ്യൻ ജനതക്കു് എത്രമാത്രം പ്രധാനമായിരുന്നോ അത്രയുംതന്നെ വ്യവസായവും ഇൻഡ്യാക്കാൎക്കു് പ്രാധാന്യമുള്ളതായിരുന്നു. ഇൻഡ്യൻ തറികളിൽ നെയ്തുണ്ടാക്കുന്ന മോഹനവസ്ത്രങ്ങഠം ഏഷ്യായിലും യൂറോപ്പിലും ഉള്ള വലിയ കമ്പോളങ്ങളിൽ ഏററവും മികച്ച ബഹുമാനത്തോടുകൂടി സ്വീകരിക്കപ്പെട്ടുവന്നു. പലതരത്തിലുള്ള വ്യവസായങ്ങഠം, അക്കാലത്തു ഭൂമിയില്ലാത്തവൎക്കു്

*Economic History of India by R. C. Dutt. Page xiii.

ഉപജീവനമാൎഗ്ഗം പ്രദാനംചെയ്തുവന്നു. കൂടാതെ, കൃഷി കൊണ്ടുമാത്രം ഉപജീവനം കഴിക്കുവാൻ സാധിക്കാത്ത പലൎക്കും ഈ കുടിൽ വ്യവസായങ്ങൾ അവരുടെ കൃഷിയി ല്ലാത്ത കാലങ്ങളിൽ തൊഴിലും ആദായവും നൾകിക്കൊ ണ്ടിരുന്നു. ഡാക്കാമസ്‌ലിൻ, ദെമ്രാ, പട്ടുതരങ്ങൾ, കസവുവേലകൾ, ദന്തപ്പണികൾ ഇവയെല്ലാം ഇൻഡ്യാ കേൾവിപ്പെട്ടിരുന്നതാണ്. മൂൎഷിദാബാദിലെ "ദുബ്‌രാ ജ്ജ് തന്തുബായൻ" അമ്പതുകൊല്ലത്തിനു മുമ്പു മാത്രമാണ് തൻെറ നെയ്ത്തുതറിയിൽനിന്ന് അതിവിശേഷങ്ങളായ വസ്ത്രങ്ങൾ ഉണ്ടാക്കി ലോകത്തെ വിഭ്രമിപ്പിച്ചതു്.* എ ന്നാൽ ഈ പ്രാമാണ്യമെല്ലാം ഇംഗ്ലണ്ടിലെ കൂലിക്കാരന് വേല നൾകുന്നതിനും അവിടുത്തെ ചരക്കുകൾക്ക് കമ്പോ ളംകണ്ടുപിടിക്കുന്നതിനും ഉള്ള ശ്രമങ്ങൾക്കിടയിൽ നഷ്ട മായി. ബ്രിട്ടനിലെ വ്യവസായങ്ങൾക്ക് കീഴ്പെട്ട് അവയുടെ ഉല്പാദനങ്ങൾക്ക് കമ്പോളം ഉണ്ടാക്കിക്കൊടു ക്കേണ്ട കൎത്തവ്യം ഇൻഡ്യായുടെ മേൽ നിലനിൎത്തുക എന്നുള്ളതായിരുന്നു ബ്രിട്ടീഷ്ഗവൺമെണ്ടിൻെറ പതി നെട്ടും പത്തൊമ്പതും ശതാബ്ദങ്ങളിലെ ഇൻഡ്യൻ വ്യവ സായ നയം. ബ്രിട്ടീഷ്‌വ്യവസായങ്ങൾക്കാവശ്യമുള്ള അ സംസ്കൃത സാധനങ്ങൾ ചമച്ചുകൊടുക്കുക എന്നുള്ളതായി ഇൻഡ്യായുടെ പ്രധാനപ്പെട്ട ജോലി. ഈ നയവിശേഷ ത്തിൻെറ അദ്വിതീയമായ വിജയത്തിന് വേണ്ടി ബ്രിട്ടീ ഷുഭരണനേതാക്കന്മാർ പലതും ചെയ്യേണ്ടതായിവന്നു. കമ്പനിവക യന്ത്രശാലകളിൽ, ഇൻഡ്യൻ കൈത്തൊഴി ലുകാർ നിൎബ്ബന്ധമായി ജോലിചെയ്യത്തക്ക വിധത്തിൽ അത്ര വളരെ വേല അവിടെ ഉണ്ടാക്കി. കച്ചവടത്തി

* Cottage Industries of Bengal by J. K. Mazumdar M. Sc.

നായി വന്നു താമസിക്കുന്നവക്ക് ഇൻഡ്യൻ ഗ്രാമങ്ങളിൽ താമസിക്കുന്നവരുടെ മേലും നെയ്ത്തുകാരുടെ മേലും വിപുലമായ അധികാരങ്ങൾ കൊടുത്ത് അവക്ക് സ്വാതന്ത്ര്യമായി ഇഷ്ടാനുസരണമുള്ള തൊഴിൽ ചെയ്യുവാൻ നിവൃത്തിയില്ലാതാക്കി. ഇൻഡ്യൻ തുണിത്തരങ്ങൾക്കും പട്ടുകൾക്കും അതികലശലായ ഏററുമതിത്തീരുവ വച്ച് ഇംഗ്ലണ്ടിലും ഇതരരാജ്യങ്ങളിലും അവയ്ക്കുണ്ടായിരുന്ന കച്ചവട സാദ്ധ്യത ഇല്ലാതാക്കി. അതേസമയത്തുതന്നെ ഇംഗ്ലീഷു സാമാനങ്ങൾ ഇറക്കുമതിതീരുവ ഇല്ലാതേയും, ഉണ്ടെങ്കിൽതന്നെ വളരെ ചെറിയ തോതു വച്ചും, ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുവാൻ അനുവദിക്കുകയും ഇൻഡ്യാക്കാരെക്കൊണ്ടുകൂടി അതു വാങ്ങിപ്പിക്കത്തക്കവണ്ണം അതു് അത്ര ലാഭത്തിൽ ഇൻഡ്യൻ കമ്പോളങ്ങളിൽ വിൽക്കുകയും ചെയ്തു. ഇങ്ങിനെ "സമതലത്തിൽ പോരാടുവാൻ അസാദ്ധ്യമായ എതൃശക്തിയെ രാഷ്ട്രീയമായ അനീതിയുടെ ദുഷ്ടകരങ്ങൾ ഉപയോഗിച്ച് ആദ്യം അമച്ചു വരുത്തുകയും പിന്നീടു് ഞെക്കിക്കൊല്ലുകയും ചെയ്തു" എന്നാണു് സുപ്രസിദ്ധ ചരിത്രകാരനായ മിസ്റ്റർ എച്ച്. എച്ച്. വിൽസൺ† ഒരിക്കൽ ഈ നയത്തെപ്പററി പറയുകയുണ്ടായതു്. പലലക്ഷം ഇൻഡ്യൻ കൈത്തൊഴിലുകാക്ക് അവരുടെ ആദായം നശിച്ചു; ഇൻഡ്യാക്കാക്ക് അവരുടെ പ്രധാന ധനാഗമമാർഗ്ഗങ്ങളിൽ ഒന്നു ശാശ്വതമായി നഷ്ടമാകുകയും ചെയ്തു. യൂറോപ്പിൽ ആവിശക്തി കൊണ്ടു് വേലചെയ്യുന്ന നെയ്ത്തുതറി കണ്ടുപിടിക്കപ്പെട്ടപ്പോൾ ഇൻഡ്യൻ വ്യവസായത്തിൻെറ അധഃപതനം നിശ്ചിതമായി. എന്നാൽ അതിവിടേയും തുടങ്ങി

† H. H. Wilson.

വ്യവസായം പുഷ്ടിപ്പെട്ടത്താമെന്നുദ്ദേശിച്ചപ്പോൾ പ ഞ്ഞിയുടെ വിഭവങ്ങൾക്ക് ഒരു എക്സൈസ് തീരുവ ചുമത്തി ഇംഗ്ലീഷുകാരുമായുള്ള മത്സരം ദുഷ്കരമാക്കി ത്തീൎത്തു.

ഇപ്രകാരം ഞെക്കി ഞെരുക്കി നശിപ്പിച്ച വ്യവ സായം, ദുൎഭരമായ നികുതിയോടുകൂടിയ കൃഷി, രാജ്യത്തി ലെ വരവിൽ പകുതിയിലധികം അന്യരാജ്യത്തേക്കയ ക്കേണ്ട ആവശ്യം, ഇവകൾ ഒന്നുചേൎന്നപ്പോൾ, ഇൻഡ്യാ യുടെ സാമ്പത്തികൈശ്വൎയ്യം നഷ്ടമാകയും ഇൻഡ്യൻ ജനത ബുദ്ധിമുട്ടിലും കഷ്ടപ്പാടിലും നിമഗ്നമാകുകയും ചെയ്തു. ഇതിൻെറ കൂടെ, ഒരു രാജ്യത്തിൻെറ സമ്പൽ ക്ഷയത്തിന് കാരണങ്ങളായി സാധാരണ പറയാറുള്ള ജനസംഖ്യാവൎദ്ധന, ക്ഷാമങ്ങളുടെ ആവൎത്തിച്ചാവൎത്തി ച്ചുള്ള ആഗമനം, കൃഷിക്കാരൻെറ സൂക്ഷ്മക്കുറവും മിത വ്യയശീലത്തിൻെറ അഭാവവും, അവൻെറ ഋണബാ ദ്ധ്യത, എന്നിവകൂടി ചേൎന്നു. അപ്പോൾ ഇൻഡ്യൻ കൃഷിക്കാരൻ ദാരിദ്ര്യത്തിലും ദുരിതത്തിലും ആണ്ടു.

ഏവമനേകപ്രകാരേണ, ഇൻഡ്യായിലെ ഗ്രാമവാസി ആശനശിച്ച ഒരു മനുഷ്യശരീരം മാത്രമായി പരി ണമിച്ചു.

# II

# ആധുനികഗ്രാമങ്ങൾ.

ഇന്നത്തെ ഗ്രാമങ്ങളുടെ സമ്പൽസ്ഥിതിയേയും അവകളിലെ നിവാസികളുടെ സാമ്പത്തികജീവിതത്തെയും വിവരിക്കുന്നതു് ശ്രമസാദ്ധ്യമായ ഒരു കാര്യമാണ്. അടുത്ത കുറെക്കാലങ്ങളായി മാത്രമെ ഇൻഡ്യൻ ധനശാസ്ത്രജ്ഞന്മാർ ഗ്രാമങ്ങളുടെ പരിശോധന പ്രത്യേക വിഷയമായി ഗണിച്ചുതുടങ്ങിയിട്ടുള്ളു. മേജർ ജാക്ക്, പന്നൻഡിക്കർ, കാൽവട്ട്, ഡാർലിംഗ്, ഡാക്റ്റൽ മാൻ, കേശവയ്യങ്കാർ, ജിൽബർട്ട് സ്ളേറ്റർ, മുകര്‍ജ്യാർ, കീററിംഗ് മുതലായവരുടെ നേതൃത്വത്തിൽ ഗ്രാമങ്ങളുടെ സാമ്പത്തികസർവ്വേകൾ നടത്തിത്തുടങ്ങിയതിൻെറ ശേഷം മാത്രമെ ഇന്നത്തെസ്ഥിതിയെപ്പററി വിശ്വാസയോഗ്യമായ ഏതെങ്കിലും രേഖ ഉണ്ടായിട്ടുള്ളു. ഇൻഡ്യയിലെ ൭൦൦,൦൦൦ ഗ്രാമങ്ങളുടേയും ഇന്നത്തെസ്ഥിതിയെ സംഗ്രഹിച്ചു് ഒരു സാമാന്യവിവരണം എഴുതുന്നതു് സാദ്ധ്യമല്ല. ഹിമവാൻ മുതൽ കന്യാകുമാരിവരെ വിശാലമായിക്കിടക്കുന്ന ഈ മഹാരാജ്യത്തിൻെറ ഒരററത്തെ ഗ്രാമം മറെറ അററത്തുള്ളതുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ, ഭാഷ, സംസ്കാരം, ശീതോഷ്ണസ്ഥിതി, ഭക്ഷണപദാത്ഥങ്ങൾ, വസ്ത്രധാരണക്രമം എന്നിവകളിൽ അവ തമ്മിൽ വലിയ അന്തരമുള്ളതായി കാണും. അതുകൊണ്ടു്, ഈ രാജ്യത്തിൽ അങ്ങുമിങ്ങും കിടക്കുന്ന ചില ഗ്രാമങ്ങളെ സംബന്ധിച്ച വിവരണങ്ങൾ ക്രോഡീകരിച്ചു് ഇവിടെ ഉദ്ധരിക്കുക മാത്രമെ സാദ്ധ്യമാകുകയുള്ളു.

## ബംഗാൾ*

ബംഗാൾ ഗ്രാമങ്ങളിലെ കാര്യങ്ങൾ പഞ്ചായത്തുകാരാൽ ഭരിക്കപ്പെട്ടുവന്നു. അവർ അഞ്ചുപേർ അടങ്ങിയ ഒരു ഭരണമണ്ഡലമാണ്. ഗ്രാമത്തിലെ പ്രായപൂർത്തി വന്ന ആളുകൾ ഇവരെ തിരഞ്ഞെടുക്കുകയാണ്. ഇവക്കുള്ള അധികാരം ഒരു രാജശക്തിയുടേയും ദാനമായിരുന്നില്ല. നാട്ടുനടപ്പായിരുന്നു മിക്കവാറും പ്രമാണം. സ്വയം ഭരണതത്വം ഈ ഗ്രാമങ്ങളിൽ സവിശേഷം അനുഷ്ഠിച്ചുവന്നു. ഗ്രാമത്തിന്റെ വകയായ ഭൂമി അവിടെ താമസിക്കുന്ന ആളുകളുടെ സ്വന്തവും പൊതുവേയും ഉള്ള താല്പര്യങ്ങൾക്ക് അനുയോജ്യമായവിധത്തിലാണ് കൈകാര്യം ചെയ്തുവന്നതു്. വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നു. ഗ്രാമത്തിലെ ഗുരുവരൻ (ഗുരുമഹാശയൻ) മററുള്ള പ്രമാണികളെപ്പോലെതന്നെ ബഹു മാന്യനും അധികാരമുള്ളവനും ആയിരുന്നു. ചുരുക്കത്തിൽ, ഗ്രാമത്തിലെ ഭരണമണ്ഡലം ഒരു ചെറിയ രാജ്യഭരണചക്രത്തെപ്പോലെതന്നെയായിരുന്നു.

കേന്ദ്രീകൃതമായ ഇന്നത്തെ ഭരണകൂടത്തിന്റെ ആവിർഭാവം മേൽവിവരിച്ച ഗ്രാമഭരണരീതിയെ പാടെ ധ്വംസനംചെയ്തു. കേവലം സ്വയംഭൂവായിരുന്ന അന്നത്തെ സാമ്പത്തികചക്രത്തെ അതു് ഇല്ലാതാക്കി. ചുമതല ഭാഗിച്ചു്, ദേശീയഭരണത്തെ ഇപ്പോൾ വിരൂപപ്പെടുത്തിയിരിക്കുന്നു. ഐക്യത്തിൽ പ്രവർത്തിക്കുന്ന നാലഞ്ചുപേക്കു് മാത്രം കൊടുത്തിരുന്ന അധികാരങ്ങൾ ഇപ്പോൾ

* Indian Peasant by N. Gangulee, 1935.

പങ്കിട്ടു ഓരോരുത്തൎക്കായി കൊടുത്തിരിക്കുന്നു. ഭൂസ്വത്തിന്റെ ഉടമസ്ഥതയെപ്പററിയും വിശേഷപ്പെട്ട നിയമങ്ങൾ ഉണ്ടാക്കീട്ടുണ്ട്. പണ്ടത്തെ സാമൂഹ്യപരമായ അടിസ്ഥാനം എടുത്തുകളഞ്ഞതു് നിമിത്തം കാൎഷികതാല്പൎയ്യങ്ങൾക്കു് സാരമായ ഹാനിസംഭവിച്ചിരിക്കുന്നു.

പ്രൊഫസർ ജി. ലോവെസ്സ് ഡിക്കിൻസൺ, ഷെലിഡാ എന്ന ഒരു ഗ്രാമം സന്ദൎശിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ ഡയറിയിൽ ആ ഗ്രാമത്തെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു. "മനോഹരമായ ശില്പവേലകളാൽ അലംകൃതങ്ങളായിരുന്ന ചുവന്ന ഇഷ്ടികകളുടെ പൊട്ടിപ്പൊടിഞ്ഞ അവശിഷ്ടങ്ങളിൽക്കൂടി ദിവ്യമായ അശ്വത്ഥവൃക്ഷത്തിന്റെ വേരുകൾക്കൂടിപ്പിണഞ്ഞു് ജടിലമായികിടന്നു. കുറെക്കൂടി പഴക്കംകുറഞ്ഞ ഒരു കെട്ടിടത്തിൽ കൃഷ്ണന്റേയും രാധയുടെയും പ്രതിമകളും നാം ധൃതഗതിയിൽ വിഗ്രഹങ്ങളെന്നു വിളിക്കുന്ന മററു ചില ചിഹ്നങ്ങളും ഇരുന്നിരുന്നു. ഈ പാവകളെയെല്ലാം ആണ്ടു തോറുമുള്ള മഹോത്സവങ്ങളിൽ പാലുകൊണ്ടു കുളിപ്പിക്കുന്നതിനായി വൃത്താകാരത്തിൽ ചുടുകട്ടകൊണ്ടു കെട്ടിപടുത്ത ഒരു മണ്ഡപം അതിനു പുറത്തുണ്ടായിരുന്നു.........................ഞങ്ങൾ മടങ്ങിവീട്ടിൽ എത്തിയപ്പോഴേക്കു് സന്ധ്യആയി. വീട്ടിന്റെ മുൻവശത്തേക്കു് ഒരു വിളക്കു് കൊണ്ടുവന്നു. പാട്ടുകാർ താഴെ തിണ്ണയിൽ ഇരുന്നു. അവരുടെ പുറകിലായി വെള്ളവസ്ത്രങ്ങൾ ധരിച്ച ഒരു കൂട്ടം ആളുകൾ സന്ധ്യയുടെ വിസ്തൃതിയിൽ ലയിച്ചു. കുറച്ചുകാലത്തിനുമുമ്പുമാത്രം സമാധിഅടഞ്ഞ ആഗ്രാമത്തിലെ ഒരു യോഗിവൎയ്യൻ രചിച്ച സങ്കീൎത്തനങ്ങൾ അവർ പാടുവാൻ തുടങ്ങിയതു് ഞങ്ങൾ കേട്ടുകൊണ്ടിരുന്നു."

"ആദ്യത്തെ പ്രാത്ഥന ഒരു ക്ഷമായാചനയായിരുന്നു: 'ദൈവമേ! ഞങ്ങളുടെ പാപങ്ങൾ അങ്ങുക്ഷമിക്കേണമേ! അങ്ങുക്ഷമിക്കണം. എന്തുകൊണ്ടെന്നാൽ അങ്ങു പരമകാരുണികനാണ്. അതുകൊണ്ടു ക്ഷമിക്കുക എന്നുള്ളതു് അങ്ങേയ്ക്കു് എത്രയോഎളുപ്പമുള്ളതാണ്. ഇല്ലെങ്കിൽ അങ്ങയുടെ കീത്തിപിന്നെ എവിടെയാണ്?'.

"അടുത്തതായി ഒരുതോണിയെ ആഹ്വാനം ചെയ്യുന്നകീത്തനമാണ് പാടിയതു്. 'വരിക എൻെറകൂടെ മറുകര കടക്കുന്നതിനായി വരിക. കൃഷ്ണനാണ് തോണി. രാധയാണ് പായ്. ഒരുകാററിനും നമ്മെമറിക്കുവാൻ സാധിക്കയില്ല. വരിക എൻെറകൂടെ മറുകരകടക്കുന്നതിനായി വരിക'.

"പഞ്ചേന്ദ്രിയങ്ങളായ ശത്രുക്കൾ തടവിൽ പാപ്പിച്ചിരിക്കുന്ന നമ്മെ ഈ ലോകമാകുന്ന കിണററിൽ നിന്ന് രക്ഷിക്കുന്നതിന് അപേക്ഷിക്കുന്ന മറെറാരുപ്രാത്ഥനയാണ് പിന്നെ നടന്നതു്. അദൃശ്യനും അനവധാരണീയനുംആയ ജഗദീശ്വരനെപ്പററിയുള്ള ഒരു സ്തോത്രം അതിനെ അനുഗമിച്ചു. "അദ്ദേഹം സംസാരിക്കുന്നു: എന്നാൽ അദ്ദേഹത്തെ കാണുവാൻ സാധിക്കുന്നില്ല. അദ്ദേഹം എൻെറകൂടെ ഈ മുറിയിൽ വസിക്കുന്നു: എന്നാൽ എനിക്കു അദ്ദേഹത്തെ കാണുവാൻ സാധിക്കുന്നില്ല. അദ്ദേഹത്തിൻെറ ഭാവങ്ങളെയെല്ലാം അദ്ദേഹം പ്രദശിപ്പിക്കുന്നു: എന്നാൽ ആ ഭാവങ്ങളുടെ ഉടമസ്ഥനെകാണുവാൻ സാധിക്കുന്നില്ല. ചിലർ അദ്ദേഹത്തെ അഗ്നി എന്നു് വിളിക്കുന്നു. മററുചിലർ വായുഎന്നു പറയുന്നു. എന്നാൽ ഞാൻ അദ്ദേഹത്തിൻെറ പേരുപറയുവാൻ വ്യത്ഥമായി ആവശ്യപ്പെടുന്നു. എന്നോടു അവർ

അതുപറയുകയില്ലായിരിക്കാം. ഞാൻ പക്ഷേ അത്രമൂഢനായിരിക്കാം!!"

"ഒടുവിൽ ഈശ്വരനെപ്പററി ഗൂഢാൎത്ഥത്തോടുകൂടിയ ഒരുഗാനം അവർപാടി. രാധയാകുന്ന സമുദ്രത്തിൽ കൃഷ്ണൻ ആമഗ്നനാകുന്നതാണ് അതിൻെറ വിഷയം. "അദ്ദേഹം അവിടെക്കിടന്നു നിസ്സഹായനായി ശൂന്യതയിലേക്ക് തുഴയുന്നു. നമുക്ക് അദ്ദേഹത്തെ രക്ഷിച്ചുകൂടെ? സാധിക്കുകയില്ല; എന്തെന്നാൽ അദ്ദേഹത്തിൻെറ പ്രേമം അത്രശുദ്ധവും ആദൎശീഭൂതവും അല്ല. അതുകൊണ്ടാണ് അദ്ദേഹത്തിന് വീണ്ടും വീണ്ടും അവതരിക്കുവാൻ സാധിക്കാത്തത്."

"ഈ ആളുകൾ—ഈ അന്തസ്സുള്ള പുരാണപുരുഷന്മാർ, ഈ അഭിമാനമുള്ള യുവാക്കൾ, ഈ സത്യസന്ധതയും ഗൌരവവും ഉള്ള ഗായകന്മാർ—ഇവരെയാണോ നാം വിഗ്രഹാരാധകർ എന്നു പറഞ്ഞു അപഹസിക്കുന്നത്? നിങ്ങൾ അവരുടെ അമ്പലങ്ങൾ നോക്കി അതേ എന്നു പക്ഷേ പറഞ്ഞേക്കാം. എന്നാൽ അവരുടെ സ്തോത്രങ്ങൾ കേട്ടാൽ നിശ്ചയമായും അല്ലാ എന്നു പറയും".

അടുത്ത ദിവസം കണ്ട ഒരു ഗ്രാമവിദ്യാലയത്തെപ്പററി അദ്ദേഹം ഇങ്ങനെ എഴുതുന്നു:--

"മണ്ണുകൊണ്ടുള്ള തിണ്ണ, മണ്ണുകൊണ്ടുള്ള നിര, എന്നാൽ എല്ലാം വളരെ സ്വച്ഛതയോടുകൂടി സൂക്ഷിച്ചിരിക്കുന്നു. നാലുഭാഗത്തും നിലത്തിരുന്ന് അസംഖ്യം കുട്ടികൾ ഒരുമിച്ച് ഓരോ പാഠങ്ങൾ ഉറക്കെ പഠിക്കുന്നു. അവർ ഓരോരുത്തനും പഠിക്കുന്നത് ഓരോ പ്ര

ത്യേക പാഠമാണ്. അവർ അവരുടെ മാതൃഭാഷ പഠിക്കുകയായിരുന്നു. അതിലെങ്കിലും ദോഷമൊന്നുമില്ലന്നാണ് തോന്നിയതു്. എന്നാൽ അവരുടെ മാതാപിതാക്കന്മാർ അങ്ങനെ വിചാരിക്കുന്നില്ല. ഈ പഠിത്തം അവരെ വയലിലെ ജോലിക്കു് അപ്രാപ്തന്മാരാക്കുമെന്നാണ് അവർ ഭയപ്പെടുന്നതു്. 'ഞങ്ങളുടെ പൂർവ്വികന്മാർ ഇതു ചെയ്തില്ല' എന്നാണ് അവരെ നന്നാക്കാൻ ചെല്ലുന്നവരോടു അവർ പറയുന്നതു്".

പ്രഫസ്സർ ഡിക്കിൻസനെ അടുത്തുള്ള റെയിൽവേ സ്റ്റേഷനിലേക്കു് കുറെ ചുമട്ടുകാർകൂടി പല്ലക്കിൽ എടുത്തുകൊണ്ടു പോയി. പച്ച, മഞ്ഞ, ചുമപ്പു് എന്നീ വർണ്ണങ്ങൾ ഇടതൂർന്ന പയറുവള്ളികളുടേയും കടുകുചെടിയുടെയും ഇടയിൽകൂടി മനോഹരമായ മൂളൽ പാട്ടോടുകൂടി പല്ലക്കുകാർ മുമ്പോട്ടു പോയപ്പോൾ പ്രഫസ്സർ മയങ്ങിത്തുടങ്ങി. ആ മയക്കത്തിനിടയിൽ അദ്ദേഹത്തിൻെറ മനോമുകുരത്തിൽ പാശ്ചാത്യപൌരസ്ത്യദേശങ്ങളെപ്പറ്റിയുള്ള ചിന്തകൾ ചില മോഹനലതകൾ രചിച്ചു.

ബംഗാളിലെ "പിതകേൽഘട" എന്ന ഗ്രാമം കൽകട്ടായിൽനിന്നു് ൨൫ മയിൽ അകലെയാണ്. ബംഗാൾ ഗ്രാമങ്ങൾക്കു് എന്താണ് ദോഷം എന്നു ചോദിച്ചാൽ "മലേറിയായും പട്ടിണിയും" എന്നുപറയുന്നതിൽ തെററില്ല. ഗ്രാമത്തിലെ മിക്കവാറും ആളുകൾ കടക്കാരാണ്. ഒരു കൃഷിക്കാരനു് ൨൦൦ രൂപാ കടമുണ്ടായിരുന്നു. രൂപായ്ക്കു ൪ അണ വീതം പലിശ അയാൾ കൊടുക്കണമായിരുന്നു. ഈ തോതിൽ ൨൦൦ രൂപാ കടത്തിനു് ആണ്ടിൽ

KOTTAYAM PUBLIC LIBRARY KOTTAYAM.

൫൦ രൂപാ അയാഠം പലിശയായിത്തന്നെ കൊടുത്തുവന്നു. അയാഠംക്കു് അഞ്ചു "ബിഗാ" നിലമുണ്ടായിരുന്നു. പ്രധാനപ്പെട്ടകൃഷി നെല്ലാണു്. ഒരാണ്ടിൽ ൨൦൦-൦ ൨൫൦-൦ രൂപായ്ക്കു് മദ്ധ്യേ വിലവരുന്ന നെല്ലു് അയാളുടെ നിലത്തിൽനിന്നു അയാഠംക്കു് കിട്ടും. ൭൦ രൂപാ നിലത്തിനു പാട്ടം കൊടുക്കണം. കൃഷിക്കു് വാസ്തവത്തിൽ ചിലവാകുന്നസംഖ്യ എന്താണെന്നോ കൃഷിക്കാരനു് ലാഭമായി കിട്ടുന്നതെന്താണെന്നോ ശരിയായി പറയുവാൻ സാദ്ധ്യമല്ല. ഈ അഞ്ചു ബിഗാനിലക്കാരനു് ഒൻപതു് അംഗങ്ങളുള്ള ഒരു കുടുംബം പോററുവാനുണ്ടു്. ഒരു ദിവസത്തെ ചിലവിനു് അഞ്ചു സേർ അരിയെങ്കിലും ആവശ്യമാണു്. ഓരോ കൃഷി കഴിഞ്ഞാലും നിലത്തിലുള്ള പാട്ടം വകയിലും പണം കടം വാങ്ങിയിട്ടുള്ളതിൻെറ പലിശ വകയിലും ഒരു ഗണ്യമായ സംഖ്യ കൊടുത്തുതിക്കേണ്ടതുകൊണ്ടു് വിളവു് കൃഷിക്കാരൻെറ അഞ്ചു മാസത്തെ ചിലവിനു് മാത്രമെ മതിയാകയുള്ളൂ. ശേഷം ഏഴുമാസവും ഭക്ഷണത്തിനുപോലും അരി വിലക്കു് വാങ്ങേണ്ടതായി ഇരിക്കുന്നു. ഗ്രാമത്തിൽതന്നെ ചെറിയ വ്യവസായങ്ങഠം ഒന്നും ഇല്ല. കുറെ അകലെയുള്ള പട്ടണത്തിൽപോയി ജോലി ചെയ്യുകയല്ലാതെ വേറെ പറയത്തക്ക ആദായമാൎഗ്ഗം ഒന്നും ആ ഗ്രാമത്തിൽ ഉണ്ടായിരുന്നില്ല. വീടുകളും ചുററുമുള്ള സ്ഥലങ്ങളും വൃത്തികേടാക്കുമെന്നുള്ള കുററം പറഞ്ഞു് കോഴിക്കൃഷി അവർ വെറുത്തു. അല്ലെങ്കിൽ പട്ടണത്തിൻെറ സാമീപ്യമുള്ളതുകൊണ്ടു് കോഴിക്കൃഷി ഒരു ആദായകരമായ തൊഴിലായിരുന്നേനേ! നെയ്ത്തും അവർ അലസതയാൽ ആരംഭിയ്ക്കാതെ ഇരിക്കുകയാണു് ചെയ്യുന്നതു്. ഗ്രാമക്കാരിൽ പ്രസ്താവ്യമായിക്കാണുന്ന ഒരു പ്രധാനദോഷം ആദായ

കരമല്ലാത്ത ചിലവുകൾക്കും സാധാരണച്ചിലവിനും ആയി കടംവാങ്ങുക എന്നുള്ളതാകുന്നു. ഇങ്ങനെ കടം വാങ്ങുന്നതുകൊണ്ട് ഗ്രാമക്കാരെല്ലാവരും തന്നെ "മഹാജനങ്ങളു"ടെ വലയിൽ അകപ്പെട്ടു കിടക്കുന്നു. എന്നു മാത്രമല്ല അവൎക്ക് അതിൽനിന്നു് രക്ഷപ്പെടുന്നതിനു് ഒരു നിവൃത്തിയുമില്ലാതാനും. നിലത്തിന് നൾകേണ്ട പാട്ടം വിളവെടുപ്പുകാലത്തിൽതന്നെ കൊടുക്കണമെന്നു് നിലമുടമസ്ഥന്മാർ നിർബന്ധിക്കുന്നതുകൊണ്ട് വിളവ് ശരിയായ വിലയ്ക്കു് വിൽക്കുവാൻ സാധിക്കാതെയാണു് വരുന്നതു്. അപ്പോൾ പണംകടംകൊടുക്കുവാനും വിളവുകൾ വിലക്കുവാങ്ങുവാനും തയ്യാറുള്ളവനായി ഗ്രാമത്തിലെ "മഹാജനം" മാത്രമെ ഉള്ളു! ഈ ഗ്രാമത്തിലെപോലെതന്നെ മററുള്ള ഗ്രാമങ്ങളിലേയും ഋണബാദ്ധ്യതയുടെ ഒരു പ്രധാനകാരണം കൃഷിക്കാരുടെ വിവേചനാശക്തിയുടേയും ദൂരദൃഷ്ടിയുടേയും അഭാവമാകുന്നു. മിതവ്യയം അയാൾ ശീലിച്ചിട്ടേ ഇല്ല. ഭാവിയെപ്പററിയുള്ള വിചാരവും മുൻകരുതലും അവൎക്കില്ല. അടുത്ത കൃഷിക്കുള്ള വിത്തും വളവും സൂക്ഷിക്കുവാൻ അവൎക്കു സാധിക്കും. എന്നാൽ ഏററവും ചെറിയ ഒരു സംഖ്യപോലും പണമായി സൂക്ഷിക്കുവാൻ അവൎക്ക് സാധിക്കുകയില്ല.

## ബൊംബെ.

"ജാത്തേഗാൺ ബദ്രുക്ക്" എന്നഗ്രാമം പൂനയിൽ നിന്നു് ഇരുപത്തിഅഞ്ചുമൈൽ അകലെയാണു്. റോഡു വിട്ടാൽ വളഞ്ഞുംപുളഞ്ഞുംപോകുന്ന ഗ്രാമവീഥികളിൽ

* Jathegon Badruk.

79319

കൂടി നടക്കുമ്പോൾ അടുത്തുള്ള വയലിലെ "റാബിജൌവ്വർ" കൃഷി കാണാം. വളച്ചതന്നെ വിത്തിൻെറഗുണം അനേകംഇരട്ടി നന്നാക്കുവാൻ സാധിക്കുമെന്നുവിളിച്ചു പറയിക്കുന്നകൃഷിയാണു് നാം അവിടെ കാണുന്നതു്. ജൌവ്വർ കൃഷിചെയ്യുന്ന വയലിൽക്കൂടി "സാഫ്ളോവാറം" കൃഷിചെയ്യുന്നതായികാണാം. സാധാരണ ഈ രണ്ടു സാധനങ്ങളും ഒരേവയലിൽത്തന്നെയാണു് കൃഷി ചെയ്യുക. ഈ ഇരട്ടകൃഷി ആ ഗ്രാമത്തിൽ ഏകദേശം നാനൂറു് ഏക്കർ സ്ഥലത്തുചെയ്യുന്നുണ്ടു്. ജൌവറിൻെറ വിളവെടുപ്പു് ഫെബ്രുവരിയിലും സാഫ്ളോവാറിൻെറതു മാർച്ചിലുംആണു്.

KOTTAYAM PUBLIC LIBRARY KOTTAYAM 79319

ഗ്രാമത്തിലുള്ള ആളുകൾക്കു് ഒരുമിച്ചുകൂടുന്നതിനും അവരുടെ പൊതുകാൎയ്യങ്ങളെപ്പററി ആലോചിക്കുന്നതിനുംആയി 'ചാവടി' എന്നുവിളിക്കുന്ന മണ്ണുകൊണ്ടുണ്ടാക്കിയ ഒരു സ്ഥലംഉണ്ടു്. ഗ്രാമത്തിലെ അധികാരി, പട്ടേൽ എന്നൊരുദ്യോഗസ്ഥനാണു്. ചീത്തഭൂമിക്കു ഏക്കറൊന്നിന്നു് ൫ ണയും നല്ലതിന്നു് രൂപ ൧-൧൪ അണയും വീതം കരമുണ്ടു്. സ്ഥലത്തിന്നു് ൪൦ രൂപാ മുതൽ ൬൦൦ രൂപാവരെ ഏക്കറിന്നു് വിലവരും. സ്ഥലത്തിൻെറ വില അതിൻെറ വിളവിനേയും ജലസേചനസൌകൎയ്യത്തേയും അടിസ്ഥാനപ്പെടുത്തിയാണു് നിൎണ്ണയിക്കുന്നതു്. ഭൂമിയുടെ ക്രയവിക്രയങ്ങൾ ദൈനംദിനം വൎദ്ധിച്ചുവരികയാണു് ചെയ്യുന്നതു്. ഈ ഗ്രാമം ബാംബെയുടെ അടുത്താകയാൽ കുറെ ആളുകൾ ഇവിടെനിന്നു് ബാംബെയ്ക്കു് തൊഴിലിനായിപോയി താമസിക്കാതിരിക്കുന്നില്ല. പട്ടണത്തിലെ താമസവും അവിടത്തെ ആദായവും ഗ്രാമത്തിൻെറ സമ്പൽസ്ഥിതിയേയും അല്പമെല്ലാം ബാധിക്കുന്നുണ്ടു്. ൧൮൫൧-ൽ ൨൩൭ മാത്രം ഉണ്ടാ

യിരുന്ന വസ്തുഖണ്ഡങ്ങൾ* ൧൪൨൩-ൽ ൧൪൭ ആയി വദ്ധിച്ചിരിക്കുന്നു. ഓരോന്നിനും ൧ മുതൽ ൫ വരെ ഏക്കർ വിസ്തീർണ്ണംവരും.

വളരെക്കാലമായി ഈ ഗ്രാമങ്ങളിൽ മഹാരാഷ്ട്രരാണ് താമസിക്കുന്നത്. മഹാരാഷ്ട്രരല്ലാത്ത കുറെ ആളുകൾ അവിടെ വാസമുണ്ടെങ്കിലും അവരും മഹാരാഷ്ട്രരുടെ സാമൂഹ്യജീവിതത്തിന് അനുസരിച്ച് കഴിയുന്നവരാണ്. ഗുരു, രക്ഷിജനം, ചെരുപ്പുകുത്തി, ക്ഷുരകൻ, കൊല്ലൻ എന്നിവൎക്കെല്ലാം ഗ്രാമജീവിതത്തിൽ പങ്കും സ്ഥാനവും ഉണ്ട്.

കുടിക്കുന്നതിനും കൃഷിചെയ്യുന്നതിനും വേണ്ടജലം കിട്ടണമെന്നാണ് അവരുടെ പ്രധാനപ്പെട്ട പ്രശ്നം. ആഗ്രാമത്തിൽ ആകെ ൩൭ കിണറുകളെ ഉള്ളു. ഇതിൽ നല്ലകിണർ ൧൭ മാത്രമാണ്. വേനൽകാലത്ത് ഒരു കുടംവെള്ളം ബുദ്ധിമുട്ടില്ലാതെ കോരി എടുക്കാൻ സാധിക്കുന്നകിണർ ഒന്നുമാത്രമെ ഉണ്ടായിരുന്നുള്ളു. ഏകദേശം ൫൦ ഏക്കർ സ്ഥലത്തെകൃഷി ഈ കിണറുകളിൽനിന്നു ലഭിക്കുന്നവെള്ളത്തെമാത്രം ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നത്.

“നള്ളാ” എന്നുപറയുന്ന ഒരുമാതിരി തോട് ഗ്രാമത്തിന്റെ മദ്ധ്യത്തിൽക്കൂടി ഒഴുകുന്നുണ്ട്. കൃഷിക്കുവേണ്ട വെള്ളം കൊണ്ടുപോകുന്നതിനും മററുമായി ഈ നള്ളായാണ് ഉപയോഗിച്ചുവരുന്നത്. അതിൽനിന്ന് ഓരോ വയലിലേക്കും വെള്ളം കൊണ്ടുപോകുന്നതിന് ഗ്രാമക്കാർ പാററ് എന്നു പറയുന്ന ചെറിയ തോട് ഉപയോ-

---

* Holdings എന്നുള്ളതിന് ഈ പ്രബന്ധത്തിൽ ‘ഖണ്ഡങ്ങൾ’ എന്നുള്ള തർജ്ജമയാണ് സ്വീകരിച്ചിരിക്കുന്നത്.

ഗിക്കുന്നു. അതു് മണൽവന്നടിഞ്ഞു് നികന്നുപോയിരിക്കുന്നു. ഈ പാററു് വീണ്ടും കഴിച്ചു് പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമത്തിൻെറ ഭാവി സ്ഥിതിചെയ്യുന്നുവെന്നാണു് ഗ്രാമീണരുടെ അഭിപ്രായം. നല്ലായിൽ താല്ക്കാലികമായ അണകെട്ടി സംഭരിക്കുന്ന വെള്ളം വയലുകളിലേക്കു് കൊണ്ടുപോകുന്നതിനു് ഉപകരിച്ചുവന്ന ഒരു ചെറിയതോടുമാത്രമാണു് പാററു് എന്നു പറഞ്ഞല്ലോ. ഈ ജലസേചനമാർഗ്ഗം ബ്രിട്ടീഷു് ആധിപത്യത്തിനു് വളരെ മുമ്പുതന്നെ ഉണ്ടായിരുന്നതും ഗ്രാമത്തിൻെറ പൊതുസ്വത്തായി കരുതിവന്നതും ആണു്. ഇപ്പോൾ അതു കാര്യമായികരുതുന്നതിനു് ആളുകൾ ഇല്ലാതായിത്തീൎന്നിരിക്കുന്നു. ഇത്തരം ജലസേചനമാർഗ്ഗങ്ങൾ പുഷ്ടിപ്പെടുത്തി പാലിക്കുന്നതിനു് ഇന്നു് ആൎക്കും ഉത്തരവാദിത്വവും ഇല്ല.

ഗ്രാമത്തിലെ ആളുകൾക്കു ആവശ്യമുള്ളപ്പോൾ പണം കടംകൊടുക്കുന്നതിനു് അവിടെ ഒരു മാർവാറി ഉണ്ടു്. ഗ്രാമത്തിൻെറ പ്രധാനപ്പെട്ട ഒരു ഭാഗത്തു് അയാൾ ഒരു സ്ഥലം കൈവശപ്പെടുത്തിയിരിക്കുന്നു. അയാൾക്കു് പണം പലിശക്കു് കൊടുക്കുക എന്നുള്ള തൊഴിൽ കൂടാതെ ഒരു ചെറിയകച്ചവടവുംഉണ്ടു്. അയാളുടെ അച്ഛൻ ൫൦൦ രൂപാമുതലും ഒരു ചെറിയ കച്ചവടവുംആയി ആ ഗ്രാമത്തിൽ ജീവിതം ആരംഭിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഈ മാർവാറിയുടെ സഹായമില്ലാതെ ആ ഗ്രാമത്തിലുള്ള ആൎക്കും ഒന്നും കഴിവില്ലാത്ത മട്ടായി. തൻെറ പുത്രനു് ഒരു ചെറിയ പൈതൃകസ്വത്തു് പ്രദാനം ചെയ്തിട്ടു് ആ ഭാഗ്യവാൻ ഇഹലോകവാസം വെടിഞ്ഞു. ഇപ്പോൾ അയാളുടെ മകനുമായി ഇടപാടില്ലാത്ത ഒരുത്തരും ആ ഗ്രാമത്തിലില്ല.

"താംബ്ഗഹാൻ" എന്നും "നാജർഗഹാൻ" എന്നും പേരു പറയുന്ന രണ്ടുതരം കടപ്പത്രങ്ങളിന്മേലാണു് പണം കടം കൊടുത്തുവന്നതു്. താബ്ഗഹാൻ ഏൎപ്പാടു പ്രകാരം പണയപ്പെടുത്തുന്ന വസ്തുവിൻെറ കൈവശാനു ഭവങ്ങൾ പണയക്കാരനു് കിട്ടുന്നു. വസ്തുവിൻെറ ആദായംകൊണ്ടു് പണയ യത്ഥത്തിൻെറ പലിശ വകവച്ചു കൊള്ളും. കടംവാങ്ങിയപണം മുഴുവൻ കൊടുത്തു് വസ്തു ഒഴിപ്പിച്ചു് എടുക്കുകയും ചെയ്യാം. ഒരു വസ്തുവിൻെറ കരത്തിൽ ൨൦൦ ഇരട്ടി സാധാരണ പണയമായി കിട്ടും. നാജർഗഹാൻ ഏൎപ്പാടു വെറും പണയം മാത്രമാണു്. ഇതിൻപ്രകാരം വസ്തു, ഉടമസ്ഥൻെറ കൈവശത്തിൽതന്നെ ഇരിക്കും. എന്നാൽ പണയ യത്ഥത്തിനു് വലിയ ഒരു നിരക്കു് പലിശകൊടുക്കേണ്ടതായി വരും. ൧൯൧൬-ലെ കണക്കുപ്രകാരം ഈ ഗ്രാമത്തിലെ ആകപ്പാടെ ഉള്ള കടം ൧൪൭ കുടുംബങ്ങൾക്കുകൂടി ൨൯൩൮൪ രൂപായാണെന്നു കണക്കാക്കി. ഈ കണക്കുപ്രകാരം ഒരു കുടുംബത്തിനു് ഏകദേശം ൨൦൦ രൂപാവരെ കടം വരുമായിരുന്നു. പലിശ ഇനത്തിൽ മാത്രം ൬൫൦൦ രൂപാ ആ ഗ്രാമക്കാർ കൊടുത്തുവന്നിരുന്നു. തങ്ങളുടെ ഋണബാദ്ധ്യത വദ്ധിച്ചുവരുകയാണോ അതോ കുറയുകയാണോ എന്നു് ആ ഗ്രാമക്കാൎക്കു് അറിയുവാൻ പാടില്ല. ൧൮൯൭-൯൮-ൽ ഗവണ്മെൻറിൽ നിന്നു് തക്കാവികടം എടുത്ത ൬൦൦൦ രൂപായും അവർ കണിശമായി തിരികെ കൊടുത്തു എന്നുള്ളതാണു് അവരുടെ അഭിമാനങ്ങളിൽ ഒന്നു്. മററു കടങ്ങളുടെ പലിശക്രമം ൧൨· ശതമാനം മുതൽ ൨൫ ശതമാനംവരെയാണു്. എന്നാൽ ൩൭ ശതമാനം ഒരു സാധാരണ പലിശക്രമമായി എല്ലാവരും സ്വീകരിച്ചുവന്നു. കടംവാങ്ങുന്ന അവസരത്തിൽ

വാങ്ങുന്ന സംഖ്യയുടെ ഇരട്ടിയ്ക്കു് പ്രമാണംകൊടുക്കു ന്നതു് അവിടെ നടപ്പുള്ള ഒരു രീതിമാത്രമാണു്. ഈ ഗ്രാമത്തിൽ പരസ്പരസഹായസംഘങ്ങൾ ഒന്നും ഇല്ല. മാർവാറിയെ എല്ലാ കുടുംബക്കാരും അവരുടെ അടുത്ത മിത്രമായിട്ടാണു് കരുതിവന്നതു്. പൊലിക്കടക്കാരനി ലുള്ള ആശ്രയം മിക്കവാറും എല്ലാ ഇൻഡ്യൻ ഗ്രാമവാ സികളുടേയും സാമ്പത്തികജീവിതത്തിൻെറ പ്രധാന പ്പെട്ട ഒരു ലക്ഷണമാകുന്നു.

പത്തുകൊല്ലത്തിന്നിടയിൽ രണ്ടോ മൂന്നോ തവണ മാത്രം ഉണ്ടാകുന്ന നല്ല വിളവുകാലംകൊണ്ടു് ആ ഗ്രാമ ത്തിലെ കൃഷിക്കു് പ്രസ്താവയോഗ്യമായ അഭിവൃദ്ധിയുണ്ടാ കാൻ ഇടയില്ല. അതുകൊണ്ടു് കൃഷിക്കാരനു് കൃഷി ഇല്ലാത്ത മാസങ്ങളിൽ എന്തെങ്കിലും ആദായകരമായ തൊഴിൽ ചെയ്യുന്നതിനു അവിടെയുള്ള സാദ്ധ്യതകളെ പ്പററി അന്വേഷിച്ചതിൽ അതിനു് വലിയ ആശാജന കമായ മറുപടി ഒന്നും കിട്ടിയില്ല. ആടുകളെ വളത്തു ന്നതു് ചിലർ ഒരു തൊഴിലായി സ്വീകരിച്ചിരുന്നു. കമ്പിളി ഉണ്ടാക്കൽ ഒരു പ്രത്യേക ജാതിത്തൊഴിലായി കരുതിപോന്നു. ഈ ഗ്രാമത്തിലുള്ള ആളുകൾക്കു് പുതിയപദ്ധതികൾ സ്വീകരിക്കുന്നതിനു വലിയ വൈമ നസ്യം ഉണ്ടായിരുന്നില്ല. അവർ അവരുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഇരുമ്പുകലപ്പകൾ ഉപയോ ഗിച്ചുതുടങ്ങിയിട്ടുണ്ടു്. ഇതുമാതിരി ഗ്രാമങ്ങളിൽ കേവ ലം കൃഷികൊണ്ടുമാത്രം അതിലുള്ള ജനങ്ങൾക്കെല്ലാ പേക്കും സുഖമായി കഴിഞ്ഞുകൂടുവാൻ ഇന്നത്തെ നില യ്ക്കു് സാധിയ്ക്കയില്ല. സഹകരണപരമായ പ്രവൃത്തിയും

വ്യവസായാസക്തിയും മാത്രമെ ഈ ഗ്രാമങ്ങളെ ഐശ്വര്യത്തിലേക്കു നയിക്കുകയുള്ളൂ.

## മദ്രാസ്.

മദ്രാസിലെ പാലാം എന്ന ഗ്രാമം ചിങ്കൽപേട്ട ഡിസ്റ്റ്രിക്ടിലാകുന്നു. അവിടുത്തെ ആളുകൾ മിക്കവാറും ഹിന്ദുക്കളാണ്. ഈ ഗ്രാമം കാണുന്ന ആളുകൾക്ക് ആദ്യമായി തോന്നുന്നതു് അവിടെങ്ങും കാണുന്ന അനാരോഗ്യപരമായ ന്യൂനതകളായിരിക്കും. അതുകൊണ്ടു് ഈ ഗ്രാമത്തെസംബന്ധിച്ചിടത്തോളം ആദ്യമായ അത്യാവശ്യം അതിൻെറ ചുററുപാടും വൃത്തിയാക്കുകയാകുന്നു.

ഈ ഗ്രാമത്തിലെ സാധാരണ കൃഷിസ്ഥലം ദിനം പ്രതി അതിൻെറ വിസ്തീർണ്ണത്തിൽ കുറഞ്ഞുവരുന്നു. ഓരോ കൃഷിക്കാരൻെറയും ഭൂമി പലക്കായി വീതിച്ചു കൊടുത്തതിൻെറ ഫലമായി ചില ഭാഗങ്ങളിൽ ആദായകരമായി കൃഷിചെയ്യുക എന്നുള്ളതു് അസാദ്ധ്യമായിതീൎന്നിരുന്നു. ഏകദേശം ൪000 ഏക്കർ സ്ഥലമുണ്ടായിരുന്ന ആ ഗ്രാമത്തിലെ ജനസംഖ്യ ഉദ്ദേശം ൩000 മാത്രമെ ആയിരുന്നുള്ളൂ. ഗ്രാമത്തിൽ നിന്നു കിട്ടുന്ന നികുതി ൩൫00 രൂപാ ആയിരുന്നു.

മദ്രാസുനഗരത്തിലെ മലത്തിൽ നിന്നു് ഉണ്ടാക്കിക്കൊണ്ടിരുന്ന പരിഷ്കൃത വ  ഉപയോഗിക്കുന്നതിൽ അവർ വൈമനസ്യം പ്രദൎശിപ്പിച്ചില്ല. പ്രധാനപ്പെട്ട വിളവു് നെല്ലാണ്. ചിങ്കൽപേട്ടയിലോ മദ്രാസിലോ ആണ് ഈ വിളവു് വിററുവന്നതു്. അവക്കു് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനു് ആഗ്രഹം ഉണ്ടായിരുന്നു;

എന്നാൽ കൃഷി ഡിപ്പാർട്ടമെൻറുകാരുമായി അവക്കു നേരിട്ടു പരിചയം സിദ്ധിച്ചിട്ടില്ല.

കന്നുകാലികൾക്കു് ഭക്ഷണത്തിന്ന വേണ്ടിടത്തോളം പുല്ല കിട്ടുന്നില്ലാ എന്നുള്ളതു് അവരുടെ ശാശ്വതമായ ഒരു പരാതിയാണു്. വയ്ക്കോലായിരുന്നു കന്നുകാലികളുടെ പ്രധാന ആഹാരം. കാളകളെ കെട്ടി വേല ചെയ്യിക്കുന്നതിനുള്ള ചെലവ് ദിവസംതോറും വദ്ധിച്ചു വന്നു. മുൻകാലത്തെ അപേക്ഷിച്ച് ഇപ്പോൾ ൫൦ ശതമാനം കാളച്ചെലവ് വദ്ധിച്ചിട്ടുണ്ടു്. ൨൦ ഏക്കർ സ്ഥലം കൃഷി ചെയ്യുന്നതിന് നാലു പൂട്ടുകാളകൾ ആവശ്യമുണ്ടു്. കൃഷി മിക്കവാറും കാളകളുടെ ശക്തിയെതന്നെ ആശ്രയിച്ചിരുന്നതിനാൽ അവർ പശുക്കളെക്കാൾ കൂടുതൽ പ്രാധാന്യം കാളകൾക്കു നൽകിവന്നു. ഗ്രാമക്കാരുടെ വകയായി മേച്ചിൽസ്ഥലങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല.

കൃഷിക്കു വേണ്ട ധനസഹായത്തിനായി ഗ്രാമക്കാരിൽ മിക്കവാറും ആളുകൾ "സൌക്കാറ"ന്മാരുടെ പക്കൽനിന്നും ൧൨ മുതൽ ൩൭ ശതമാനംവരെയുള്ള പലിശ നൽകി പണം കടം വാങ്ങാറുണ്ടു്. അവിടെ ൧൦ പേർ ചേൻ്ന് ഒരു പരസ്പരസഹായസംഘം ഉണ്ടാക്കീട്ടുണ്ടു്. മററുള്ളവർ അതിൽ ചേരണമെന്നാശിക്കുന്നു. എന്നാൽ പണത്തിന് എപ്പോഴും ബുദ്ധിമുട്ടിക്കാത്ത സൌക്കാറെയാണു് അവക്കു കൂടുതൽ ഇഷ്ടം. കടക്കാരായവരുടെ നെല്ലു് അവരുടെ കടം വീട്ടുന്നതിനായി ആണ്ടുതോറും കൊടുക്കയും ഭക്ഷണത്തിനായി നെല്ലു് കടയിൽ നിന്നു് വാങ്ങുകയും ആണു് അവിടെ സാധാരണ പതിവു്.

ആ ഗ്രാമക്കരുടെ ഗുണബാദ്ധ്യത എത്രമാത്രമുണ്ടെന്ന് അറിയുവാൻ സാദ്ധ്യമല്ല. അതു അത്ര കാര്യമായി അവർ വിചാരിച്ചിരുന്നുമില്ല. ഇടയ്ക്കിടയ്ക്ക് വരുന്ന നല്ല വിളവെടുപ്പുകളുടെ സഹായത്താൽ കുറെശ്ശെ കൊടുത്തു തീർക്കുവാൻ സാദ്ധ്യമായിക്കൊണ്ടിരുന്നാൽ എത്ര വലിയ കടവും അവർക്ക് സഹിക്കാമായിരുന്നു.

അടുത്തു കിടക്കുന്ന മദ്രാസ്സ് നഗരവുമായി ഈ ഗ്രാമത്തെ യോജിപ്പിച്ച ബസ്സ് ആ ഗ്രാമത്തിൻെറ സാമ്പത്തികജീവിതത്തിന് ഗണ്യമായ മാററം വരുത്തിയിട്ടുണ്ട്. ഗ്രാമത്തിൽ ജോലിഒന്നും ഇല്ലാതെ അലഞ്ഞു നടന്നിരുന്നവർ ബസ്സ് വഴി മദ്രാസിൽ പോയി എന്തെങ്കിലും ജോലി ചെയ്തു പണം ഉണ്ടാക്കി ഗ്രാമത്തിലേക്കു മടങ്ങി വരുന്നു.

എന്നാൽ ആ ഗ്രാമത്തിൽ ഒരു വിദ്യാലയം ഉണ്ടായിരുന്നില്ല! "ഞങ്ങളുടെ ആളുകൾ സാധുക്കളാണ് എന്നാൽ അവർ അക്ഷരാഭ്യാസമില്ലാത്തവരായിരിക്കരുതെന്നു ഞങ്ങൾക്കു നിർബന്ധമുണ്ട്." എന്ന് ഇംഗ്ലീഷുകാരോടുപറഞ്ഞ സ്വിസ്സ് കാരനെമാത്രം നാം ഓർത്തിരുന്നെങ്കിൽ!!

## ആസ്സാം

ആസ്സാമിലെ "ബ്യൂണ്ണിഹാത്തു്" എന്ന ഗ്രാമത്തിലെ കന്നുകാലികളാണ് നമ്മുടെ ശ്രദ്ധയെ ആദ്യമായി ആകർഷിക്കുന്നതു്. ആസ്സാമിലെ പശുക്കൾ വളരെ ചെറുതും അവയ്ക്കു കിട്ടുന്ന പാൽ വളരെ കുറവും ആണ്. എന്നാൽ അവിടത്തെ എരുമ നല്ല ശക്തിയും പാൽക്കൂടുതലും ഉള്ള മൃഗമാണ്. ഒരു എരുമയിൽ നിന്നു് ദിവസം

ഒന്നിന് മൂന്നു സേർ പാൽ കിട്ടും. എന്നാൽ ഈ നല്ല ജാതി എരുമ ബാൻജർ എന്നു പറയുന്ന മററൊരു താഴ്ന്ന ജാതി പോത്തുമായി ചേൻ്റ് ഇപ്പോൾ ഗുണം കുറഞ്ഞുപോകുന്നുണ്ട്. അല്പം വിദ്യാഭ്യാസം ഉള്ളവക്കു പോലും കന്നുകാലികളെ ശരിയായി സൂക്ഷിക്കണമെന്നുള്ള ആഗ്രഹം തീരെ ഇല്ലന്നാണ് തോന്നുന്നത്. ഈ ഗ്രാമത്തിൽ അനേകം മാർവാറി കച്ചവടക്കാർ ഉണ്ട്. അവർ അവിടെയുള്ള കൃഷിക്കാരുടെ പക്കൽ നിന്ന് നെല്ല്, കടുക്, ഉരുളൻകിഴങ്ങ് ഇവ വിലയ്ക്കു വാങ്ങുകയും പുറത്ത് പട്ടണങ്ങളിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്യുന്നു.

ചന്തസ്ഥലത്തു വില്പനയ്ക്കായി പലതും കൊണ്ടുവരുന്നുണ്ട്. നൂൽതറികൾ ധാരാളമായി വേല ചെയ്യുന്ന ഒരു സ്ഥലമാണ് ഇത്. ഖദർ നെയിത്ത് സാധാരണയാണ്. നെയിത്തിനെ സംബന്ധിച്ചിടത്തോളം യാതൊരു ജാതിവ്യത്യാസവും കാണുവാനില്ല. അരക്കു കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ അവിടത്തെ സ്ത്രീകൾ ഉപയോഗിക്കാറുണ്ട്. അരക്ക് ഉണ്ടാകുന്ന വൃക്ഷങ്ങൾ അവിടവിടെയായി വളത്തുന്നു. മലേറിയ, കാലാസാർ മുതലായ സാംക്രമികരോഗങ്ങൾ കൊണ്ട് ഈ സ്ഥലം നിബിഡമാണ്. മിക്കവാറും—എല്ലാപേരുംതന്നെ കറുപ്പു ഉപയോഗിക്കുന്ന ആളുകളും ആണ്. ദിവസംതോറും വദ്ധിക്കുന്ന കടം, ഏററവും ചെറിയ വസ്തുഖണ്ഡങ്ങൾ, ആദായകരമല്ലാത്ത കൃഷി, അശേഷം ശക്തിയില്ലാത്ത കാലിവൎഗ്ഗം, അനാരോഗ്യം ഇവകളാണ് ആസ്സാമിലെ ഗ്രാമങ്ങളിൽ നാം പതിവായി കാണുന്നത്.

## പഞ്ചാബ്.

പഞ്ചാബിലെ കൃഷിക്കാരൻ മററുള്ള സ്ഥലങ്ങളിലെ അവൻെറ സഹോദരനെ അപേക്ഷിച്ച് വളരെ ഭാഗ്യവാനും ആരോഗ്യവാനും ആണ്. ബ്രിട്ടീഷ് ഗവൺമെണ്ടിനാൽ ആരംഭിക്കപ്പെട്ട ജലസേചന പദ്ധതികൾ നിമിത്തം പഞ്ചാബിൻെറ മൂന്നിൽ ഒരു ഭാഗം, കൃഷിക്ക് വിധേയമായിട്ടുണ്ട്. പഞ്ചാബിലെ കൃഷീവലൻ ദൃഢഗാത്രനും അനാഡംബരനും ആണ്. തുടൎച്ചയായി മുഷിച്ചിൽ കൂടാതെ ജോലിചെയ്യുന്ന ഒരു പ്രത്യേക സ്വഭാവഗുണമാണ് അയാൾക്കുള്ളത്. മുസഫർ ഗഡിന് അടുത്തുള്ള ലൂതക്രാമം* എന്ന ഗ്രാമം പഞ്ചാബിലെ ഒരു മാതൃകാഗ്രാമമാണ്. അവിടെയുള്ള പ്രധാന വൎഗ്ഗങ്ങൾ പട്ടാണികളും കിരാര†ന്മാരും ആകുന്നു. അങ്ങുമിങ്ങുമായി ചില ജാട്ടുകളും ഇല്ലാതില്ല. ഇവരിൽ നല്ല കൃഷിക്കാർ ജാട്ടുകളാണ്. എന്നാൽ കിരാരന്മാർ കൂടുതൽ പരിഷ്കാരികളും പരിശ്രമശീലമുള്ളവരുമാകുന്നു. കൃഷിയാണ് ഉപജീവനത്തിനുള്ള ഏകമാൎഗ്ഗം. എന്നാൽ ൧൭൦൦ ഏക്കർ ഉള്ള ഈ ഗ്രാമത്തിൽ ൭൩൩ ഏക്കർ ഭൂമി മാത്രമെ കൃഷിചെയ്യുന്നുള്ളൂ.

ആ ഗ്രാമത്തിലെ പ്രധാനമായ ആവശ്യം വെള്ളമാണ്. കൃഷിചെയ്യുന്ന സ്ഥലത്തിനുള്ളിൽ ഏകദേശം അമ്പതു് കിണറുകളുണ്ട്. എന്നാൽ ജലനിര ക്രമേണ താഴോട്ടു പോകുന്നതായിട്ടാണ് കാണുന്നതു്. വെള്ളത്തിൽ ഓരും ചുണ്ണാമ്പിൻെറ ചുവയും കുറെശ്ശെ കണ്ടുതുടങ്ങിയി

---

* Lutakram.

† Kirars.

ിക്കുന്നതായും അവർ പറയുന്നു. ഈ വിഷമങ്ങൾ ഉണ്ടായിരുന്നിട്ടും അവർ നല്ല വിളവു കിട്ടുന്നതിനായി നല്ലതിൻവണ്ണം പരിശ്രമിച്ചു വരുന്നു. ആണ്ടുതോറും നാലഞ്ചുതവണ നിലങ്ങൾ ഉഴുന്ന പതിവു അവൎക്കുണ്ടു്. ശരിയായ കന്നുകാലികളെ കിട്ടുന്നില്ലന്നുള്ള പരാതിയാണു് അവിടെ അധികമുള്ളതു്. ഒരു കൃഷിക്കാരനു് ശരാശരി ൩ ഏക്കർ ഭൂമിയത്രെ ആ ഗ്രാമത്തിലുള്ളതു്. ഇതിൽ ൧൫ ഏക്കർ ഭൂമിയിൽ അയാൾ ഗോതമ്പു കൃഷി ചെയ്യുകയും ബാക്കി ൧൫ ഏക്കറിൽ കന്നുകാലിക്കു് ഭക്ഷണത്തിനു വേണ്ട പുല്ലു വളൎത്തുകയും ചെയ്യുന്നു. ഒരേക്കറിൽ അഞ്ചാറുമന്നു് ഗോതമ്പു വിളയും. അവിടെ ഏററവും വലിയ ജന്മിക്കു് ഏകദേശം ൬൦ ഏക്കർ ഭൂമിയുണ്ടാകും. അയാൾ അതു പല കുടിയാന്മാൎക്കായി പാട്ടത്തിനുകൊടുത്തു് കൃഷി നടത്തുന്നു. പാട്ടത്തിനു് ഭൂമി കൊടുത്തുകൊണ്ടിരുന്നതു് "ബട്ടായി" ഏൎപ്പാടുപ്രകാരമായിരുന്നു. ഈ ഏൎപ്പാടനുസരിച്ചു് വിളവിൽ മൂന്നിൽ ഒരു ഭാഗവും, ചിലവിനുവേണ്ടി ൧൫ മന്നും ജന്മിക്കു് കൊടുക്കണം. ആകപ്പാടെ വിളവിൽ നാലിൽ ഒരു ഭാഗം കൃഷിക്കാരനു് കിട്ടും. ശേഷമെല്ലാം പലപേരുകളിൽ പല ആളുകൾക്കു വീതിച്ചുകൊടുക്കേണ്ടതായി വരും. അധികം ആളുകളും പനവൃക്ഷത്തിൽ നിന്നുള്ള ആദായം കൊണ്ടാണു് ജീവിക്കുന്നതു്.

ആയിരത്തിൽ കൂടുതൽ ഇല്ലാത്ത ജനസംഖ്യയോടുകൂടിയ ഈ ഗ്രാമത്തിൽ പതിനഞ്ചു "സൌക്കാറന്മാർ" ഉണ്ടു്. ഇവർ ഇൻഡ്യയിലെ മറെറവിടേയും ഉള്ള "സൌക്കാ"ന്മാരെപ്പോലെതന്നെ കൃഷിക്കാരൻെറ സകല ആവശ്യങ്ങളും നിറവേററുന്ന കല്പതരുക്കളാണു്. അവനു്

പണം കടം കൊടുക്കുന്നവനും, അവൻെറ സാമാനങ്ങൾ വിലക്ക് വാങ്ങുന്നവനും, അവന് സാമാനങ്ങൾ വിലക്ക് കൊടുക്കുന്നവനും, കന്നുകാലികളെ കൊടുക്കുന്നവനും, എന്നുവേണ്ട, സകലതിലും അവനെ സഹായിക്കുന്നതിന്ന് തയാറുള്ളവനും "സൌക്കാർ" തന്നെയാണ്. ഈ "സൌക്കാറ"ന്മാർ രണ്ടു കണക്ക് സൂക്ഷിക്കുന്നവരാണ്. ഒന്നു പണം സംബന്ധമായതും മററതു് സാമാനങ്ങൾ കൊടുക്കൽ വാങ്ങൽ ചെയ്യുന്നതിനുള്ളതുമാണ്. കൃഷിക്കാരിൽ ആരുംതന്നെ പണം രൊക്കംകൊടുത്തു് ഏപ്പാടുകൾ നടത്തുന്നവരല്ല. പണയ ഏപ്പാടുകളും ഒററി ഏപ്പാടുകളും കൂടിവരികയാണ്. വീടുകൾക്ക് ശുചിത്വം സാമാന്യേന കുറവാകുന്നു. പട്ടാണികളുടെ വീടുകളെക്കാൾ ജാട്ടുകളുടേയും കിരാരികളുടേയും വീടുകൾ നല്ലതാണ്. ദുർല്ലഭം ചിലർ ആടുകളെ വളത്തുന്നുണ്ടു്. എന്നാൽ അതു് നല്ല ജാതി ആടല്ല. ഈ ഗ്രാമത്തിൽ ഒരു പരസ്പരസഹായ സംഘമോ, പള്ളിക്കൂടമോ, ആശുപത്രിയോ ഇല്ല.

## ഗുജറാത്ത്.

സൂറാട്ട് ഡിസ്റ്റിക്കിൽ ബുൾസാറിൽനിന്നു് ഒൻപതു മൈൽ അകലെയാണ് ആട്ട്ഗാം ഗ്രാമം. അതു് ഒരു കാളിപറാജ്ജ് ഗ്രാമമാണ്. എന്നുവച്ചാൽ, അവിടെയുള്ള ആളുകളിൽ അധികവും ധോഡിയാ, നായിക്ക, ദുബ്ബളാ, ദിൽ മുതലായ കറുത്തവർഗ്ഗക്കാരാണെന്നാണ് അത്ഥം. അവിടെയുള്ള ബാക്കി ആളുകൾ ഉയർന്നവർഗ്ഗം ഹിന്ദുക്കളാണ്. കോളികൾ, കാജ്പുട്ട്സ്, ബനിയാന്മാർ, ബ്രാഹ്മണർ തുടങ്ങിയ ഇവരെ ഉജാലിപറാജ്ജ് എന്നു് കൂട്ടമായി വിളിക്കുന്നു. ആട്ട്ഗാം ഗ്രാമത്തിൽ ൪൬൭ കുടുംബക്കാർ ഉള്ളതിൽ ൨൯൪ കാലിപറാജ്ജ് വഗ്ഗത്തിലും

൫ന്നു ഉജാലിപറാജ്ജവർഗ്ഗത്തിലും പെട്ടവരാണ്. ജീവിതക്രമം, സമുദായാചാരങ്ങൾ, മുതലായവയിൽ ഇവർ തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇങ്ങിനെയുള്ള പലതരം വർഗ്ഗങ്ങൾ ഒരുമിച്ചു താമസിക്കുക എന്നുള്ളതാണ് ഗുജറാത്തിലെ ഗ്രാമങ്ങളുടെ ഒരു പ്രധാനലക്ഷണം. കരിമ്പും നെല്ലുമാണ് ആ ഗ്രാമത്തിലെ കൃഷികൾ. ൩൦ ഇഞ്ചിൽ കൂടുതൽ മഴ അവിടെ സാധാരണ കിട്ടാറില്ലാ. അതുകൊണ്ടു കൃഷി മററുജലസേചന മാർഗ്ഗങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഭൂമി വളമുള്ളതല്ല. ഈ ൪൩൫ കുടുംബങ്ങളിൽ രണ്ടുശതമാനമൊഴിച്ച് ബാക്കിയുള്ളവരെല്ലാം ഉപജീവനമാർഗ്ഗമായി കരുതുന്നതു് കൃഷിയാണ്. ഓരോരുത്തനും ശരാശരി ൬·൩ ഏക്കർ ഭൂമിയുണ്ടു്. ഒരു മുപ്പതുകൊല്ലത്തിനുമുമ്പ് ൫൪ ഏക്കർ ഭൂമി ഓരോരുത്തനും ഉണ്ടായിരുന്നു. ഇപ്പോൾ അതു കുറഞ്ഞു കുറഞ്ഞു് ൫ ഏക്കറിൽ കുറവുള്ള ഭൂമി ഉടമസ്ഥന്മാർ ൫൬൦-ൽ കൂടുതലായി. ഈ ഗ്രാമത്തിലെ പൊതുക്കടം ഏകദേശം ൫ ലക്ഷം രൂപായാണ്. ഗ്രാമത്തിലെ കൃഷിക്കാർക്ക് വയലിൽ ചെയ്യേണ്ട വേല ഓരോ ഭൂമിയോടും ബന്ധിച്ചു കിടക്കുന്ന വേലക്കാരെക്കൊണ്ടാണ് നടത്തിക്കുന്നത്. "ഹാലി" എന്നു പറയുന്ന ഒരു മാതിരി വേലചെയ്യുന്ന രീതി അവിടെ പ്രചാരത്തിൽ ഇന്നും ഇരിക്കുന്നു. കാലിപരാജ്ജവർഗ്ഗത്തിൽ ഉള്ള ഒരാൾ, തന്റെ ആവശ്യങ്ങൾക്ക് വേണ്ടി പണം കടം കൊടുക്കുന്ന ഉയർന്നവർഗ്ഗക്കാരന് ആ കടം വീട്ടിത്തീരുന്നതുവരെ, വേലചെയ്തു കൊടുക്കുന്ന സമ്പ്രദായം ആണ് ഇതു്. ഇവരിൽ ൪·൭ ശതമാനം ആളുകൾക്കേ അക്ഷരാഭ്യാസം ഉള്ളൂ. സ്ത്രീകൾക്ക് വിദ്യാഭ്യാസമേ ഇല്ലാ. എന്നാൽ ഉജാലിപരാജ്ജ് വർഗ്ഗത്തിലെ മിക്കവരും വിദ്യാഭ്യാസമുള്ളവരാണ്.

# III

## ഗ്രാമീണപുനരുദ്ധാരണം—
## അതിൻെറ മാർഗ്ഗങ്ങൾ.

"ആ ചിത്രംനോക്കുക; പിന്നീട് ഇതും" എന്നാണ് ആദ്യ അദ്ധ്യായത്തിൽ വിവരിച്ച സുഖസമൃദ്ധിയും അടുത്ത അദ്ധ്യായത്തിലെ ദുഃഖഭ്രഷ്ടതയും തമ്മിലുള്ള താരതമ്യ വിവേചനം മനസ്സിൽ അങ്കുരിപ്പിക്കുന്ന പ്രഥമ ചിന്ത.

ഇൻഡ്യൻ ഗ്രാമജീവിതത്തിൻെറ ക്ലേശബാഹുല്യം ഇനി ഒരു കാലത്തേക്കു് അതിൻെറ നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തെ മാററി വയ്ക്കുവാൻ അനുവദിക്കുന്നില്ല. ഗ്രാമവാസികളുടെ അവകാശങ്ങളെ ഭ്രസ്വത്തുടമസ്ഥന്മാരുടേയും വിദ്യാസമ്പന്നന്മാരുടേയും താല്പര്യങ്ങൾക്കു് ഇനിയും കീഴ്പെടുത്തുന്നതും ന്യായമായിരിക്കയില്ല. എല്ലാ രാജ്യത്തും വലിയ ധനികന്മാരും കേവലം ദരിദ്രരും അല്ലാത്ത ഒരു കൂട്ടം ആളുകൾ ഉണ്ടു്. അവർ തങ്ങളുടെ ചുററുമുള്ള സംഗതികളെപ്പററി എല്ലായ്പോഴും അസംതൃപ്തരാണ്. മിക്കവാറും സകല പുതിയ പ്രസ്ഥാനങ്ങളുടേയും ജനയിതാക്കൾ ഇവരായിരിക്കും. ഇൻഡ്യയിലും ഇക്കൂട്ടർ ധാരാളമായി ഇല്ലാതില്ല. എന്നാൽ ഇൻഡ്യൻ രാഷ്ട്രമണ്ഡലത്തെ ആസകലം വിഭ്രമിപ്പിക്കത്തക്ക പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും ഉണ്ടാകുന്നതു് ഇവരിൽനിന്നുമായിരിക്കയില്ല. ഇപ്പോഴത്തെ ദാരിദ്ര്യത്തോടും കഷ്ടതയോടും താരതമ്യപ്പെടുത്തിനോക്കു

മ്പോൾ എത്രയോ പരമാനന്ദമാണെന്നു് തോന്നിക്കുന്ന മദ്ധ്യകാലങ്ങളിലെ സാമുദായികവും മതപരവും ആയ ജീവിതത്തിൻെറ പൂർവ്വചരിത്രങ്ങൾ ഇൻഡ്യയിലെ ഗ്രാമവാസികളെ പുളകിതരാക്കിത്തീക്കുന്നുണ്ടു്. സ്വാതന്ത്ര്യവും സുഖവും പതുക്കെപ്പതുക്കെ ഇല്ലാതാക്കിയ സംഭവങ്ങളുടെ തുടരെത്തുടരെയുള്ള ആവൎത്തനങ്ങളിൽ, വ്യക്തിത്വം നശിക്കുവാനും അലസതയിൽ ലയിക്കുവാനും സംഗതിയാക്കിയ ഇടക്കാലങ്ങളിലെ ബുദ്ധിശൂന്യതയെപ്പററി അവർ ഇപ്പോൾ പശ്ചാത്തപിച്ചു തുടങ്ങിയിട്ടുണ്ടു്. തങ്ങളുടെ അഭ്യുദയത്തെ സാരമായി സ്പൎശിക്കുന്ന പരിതസ്ഥിതികളെപ്പററി അവർ ഗൌരവമായി ആലോചിക്കുവാൻ ആരംഭിച്ചിരിക്കുന്നു. ഇതെല്ലാം ഭാവിശ്രേയസ്സിനെ സൂചിപ്പിക്കുന്ന ആശാജനകങ്ങളായ ശകുനങ്ങളാണു്. സങ്കരവൎഗ്ഗങ്ങളടങ്ങിയതും പരിഷ്കാരത്തിൽ പിന്നണിയിൽ നിൽക്കുന്നതും ആയ ഒരു സമുദായത്തിൻെറ പുരോഗതിയെ ഈ സംഗതികൾ ഗണ്യമായി സഹായിക്കുന്നതാണു്. ഇൻഡ്യൻജനതയുടെ ഭൂരിഭാഗവും അടങ്ങിയിരിക്കുന്ന ഗ്രാമങ്ങളുടെ സാമ്പത്തികജീവിതത്തിൻെറ പുനർവിധാനത്തിനു് ഇതുപോലെ യോജിച്ച മറെറാരവസരമില്ല.

ഇൻഡ്യൻ ഗ്രാമങ്ങളുടെ സാമ്പത്തികസ്ഥിതിയെപ്പററി അന്വേഷിക്കുന്നതിനു് ഈയ്യിടെ ഒന്നിലധികം കമ്മിററികൾ നിയമിക്കപ്പെട്ടിട്ടുണ്ടു്. ഗവൺമെണ്ടും അനുദ്യോഗസ്ഥസംഘങ്ങളും യോജിച്ചും വെവ്വേറെയായും ഈ അന്വേഷണങ്ങൾ നടത്തിയിരിക്കുന്നു. ദാരിദ്ര്യം, താണ ജീവിതരീതി, അനാരോഗ്യപരമായ പരിതസ്ഥിതികൾ, പോഷകാംശം ശരിയായിട്ടില്ലാത്ത ഭക്ഷണസാധനങ്ങൾ,

സുഖക്കേടുകൾ, ഗതാഗതസൗകൎയ്യങ്ങളുടെകുറവു്, പ്രാചീനമായ സാമുദായികജീവിതം, ഇവയെല്ലാമാണ് ഇൻഡ്യൻ ഗ്രാമങ്ങളിൽ അവരെല്ലാപേരും ഒരുപോലെ കണ്ടതു്. ഈസ്ഥിതികൾ മാറാതെ നമ്മുടെ ഗ്രാമങ്ങളെ—കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്നതു് അവിടെയുള്ള വിദ്യാഭ്യാസത്തിൻെറ കുറവും മററുസാമ്പത്തികശക്തികളുടെ പ്രത്യേകതയും കൊണ്ടാണു്.

ഒരു രാജ്യത്തിൻെറ ക്ഷേമവും പുരോഗതിയും രണ്ടു കാൎയ്യങ്ങളെയാണു് പ്രധാനമായി ആശ്രയിക്കുന്നതു്—ഒന്നാമതായി, പ്രകൃതിദത്തമായ ശക്തികൾ, രണ്ടാമതായി, അവയെ ശരിക്കു് ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യത. പ്രകൃതിവിഭവങ്ങൾ ഇൻഡ്യയ്ക്കു് ധാരാളമായി ഉണ്ടെന്നുള്ളതിനു തൎക്കമില്ല. ആകാശം മുട്ടുന്ന ഗിരിശൃംഗങ്ങൾ, മനോഹരങ്ങളായ താഴ്വരകൾ, അനന്തവാഹിനികളായ നദികൾ, ഗംഭീരങ്ങളായ വനങ്ങൾ, സമൃദ്ധങ്ങളായ സമതലങ്ങൾ, എന്നുവേണ്ട കണ്ണിനു കുളൎമ്മയും, മനസ്സിന് ആനന്ദവും, പഞ്ചഭൂതങ്ങൾക്കു് സുഖവുംവൎഷിക്കുന്ന പ്രകൃതിവിഭവങ്ങളോടുകൂടിയ രാജ്യം ഇൻഡ്യായെപ്പോലെ മറേറതെങ്കിലും ഉണ്ടോ? എന്നാൽ കഷ്ടം! ഇൻഡ്യയുടെ പ്രകൃതിവിഭവങ്ങളും അവയുടെ സാദ്ധ്യതകളും എത്രമാത്രം വിപുലമാണോ അത്രയും ക്രൂരമായ ദാരിദ്ര്യംഅനുഭവിക്കുന്നവരാണു് അതിലുള്ള ജനതയിൽ ഭൂരിഭാഗവും. ഈയ്യിടെയായി ഇൻഡ്യൻ ഗ്രാമങ്ങളുടേയും കൃഷകന്മാരുടെയും സ്ഥിതികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ചിലശ്രമങ്ങൾ ചെയ്തുവരുന്നുണ്ടെന്നുള്ളതു് ഇവിടെ മറക്കാവുന്നതല്ല. എന്നാൽ വലിയതോതിൽ ചെയ്യുന്ന പരിഷ്കാരശ്രമവും ചെറുതാ

യിതോന്നിക്കത്തക്കവിധത്തിൽ ഇൻഡ്യാക്കാരുടെ ജീവിതത്തിൽ വൈഷമ്യങ്ങൾ വർദ്ധിച്ചുവരികയാണ്. മറെറവിടേയും കാണുവാൻ സാധിക്കാത്ത ജനസംഖ്യയുടെ വർദ്ധനതന്നെ ഇതിന് പ്രധാനലക്ഷ്യമാണ്. കഴിഞ്ഞ കുറെക്കൊല്ലങ്ങളായുള്ള ജനസംഖ്യയുടെ വളൎച്ച നോക്കുക. ൧൮൯൧ മുതൽ ഉള്ള കാനേഷുമാരിക്കണക്കാണ് ചുവടെ ഉദ്ധരിക്കുന്നത്.

| | |
|---|---|
| ൧൮൯൧ | ൩൧ ശതമാനം |
| ൧൯൦൧ | ൩൩ ,, |
| ൧൯൧൧ | ൨ ,, |
| ൧൯൨൧ | ൪ ,, |
| ൧൯൩൧ | ൧ ,, |

ഇങ്ങിനെ വർദ്ധിക്കുന്ന ഒരു ജനസംഖ്യയുടെ അവസ്ഥയിൽ ജീവിതരീതിയുടെതോത് കുറഞ്ഞുപോകുന്നത് അതിശയമാണോ? ജനസംഖ്യയുടെ വർദ്ധനയും ഇവരിൽ മിക്കവാറും എല്ലാപേരുംതന്നെ ഉപജീവനത്തിനായി കൃഷിആലംബമായി കരുതിയിരിക്കുന്നതും സാമ്പത്തികസ്ഥിതിയിൽ അസമത്വങ്ങൾ ഉണ്ടാകുന്നതിന് മതിയായ കാരണങ്ങളാണ്. ജനസംഖ്യയുടെ അമിതമായ വർദ്ധനയോടുകൂടി കൃഷിക്കുപയുക്തമായ ഭൂമിയുടെ ഉടമസ്ഥത ഭാഗിക്കേണ്ടതായിവന്നു. ൧൦ ഏക്കർ സ്ഥലത്തിൻെറ ഉടമസ്ഥനായിരുന്ന പിതാവിൻെറ പത്തു സന്താനങ്ങൾ ആ ഭൂമിയിലെ ഒരേക്കർ വീതം അവകാശപ്പെട്ടുമെല്ലോ. അവരിൽ ഓരോരുത്തനും പത്തു സന്താനങ്ങൾ വീതം ഉണ്ടായി എന്നിരിക്കട്ടെ. ഓരോ ഏക്കർ സ്ഥലം വീണ്ടും പത്തായിഭാഗിക്കേണ്ടതായി വരും. ൧൦ ഏക്കർ ഒരുമിച്ച് കൃഷിചെയ്തുവന്ന പിതാമഹന് തൻെറ ഭൂമി കൃഷിക്കു ധാരാളം മതിയായും കൃഷി

ആദായകരമായും ഇരുന്നു. എന്നാൽ $\frac{1}{10}$ ഏക്കർമാത്രം കൃഷിചെയ്യുവാനുള്ള പൌരന്മാരോ! ഇത്രചെറിയ ഖണ്ഡത്തിൽ കൃഷിചെയ്യുന്നതുകൊണ്ട് കൃഷിത്തൊഴിലിൽനിന്ന് അയാൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ആദായംകൊണ്ടു ചിലവിനു മതിയാകയുമില്ല. കൂടാതെ ഇത്ര ചെറിയ ഖണ്ഡങ്ങളിലെകൃഷി ഒരിക്കലും ആദായകരമാകാത്തവിധത്തിൽ കൃഷിച്ചിലവ് അത്ര വർദ്ധിച്ചിട്ടുണ്ടുതാനും! ഇങ്ങിനെ ഭൂമി ചെറിയ ചെറിയ ഖണ്ഡങ്ങളായി ഭാഗിക്കപ്പെട്ട് അസാമ്പത്തികമായ ഖണ്ഡങ്ങളായി സ്ഥിതിചെയ്യുന്നതു നിമിത്തം ആദായകരമായ കൃഷി അസാദ്ധ്യമായി തീരുകയും ചെയ്യുന്നു. കൃഷിക്കാരന് വേണ്ടിടത്തോളം ജോലിയില്ലാതിരിക്കുക, തന്മൂലം കൃഷിക്കാരുടെ ഇടയിൽ അസംതൃപ്തിയും അസ്വാസ്ഥ്യതയും ഉണ്ടാവുക, ഭൂമിയുടെ ഉടമസ്ഥതയില്ലാത്തവരും കൃഷിജോലി പരിചയമുള്ളവരും ആയ ഒരുവർഗ്ഗം കൂലിവേലക്കാരുടെ ആവിർഭാവം, എന്നിവകളാണ് ഈ സ്ഥിതികളുടെ അനിവാര്യമായ ഫലങ്ങൾ.

ആവശ്യമുള്ളിടത്തോളം ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുവാൻ തക്ക ശക്തിയില്ലാത്ത ഒരു കൂട്ടം ആളുകളെ മുകളിൽപറഞ്ഞ പരിതസ്ഥിതികൾ സൃഷ്ടിച്ചപ്പോൾ ദാരിദ്ര്യത്തിൻെറ വർദ്ധന ഈ രാജ്യത്തുണ്ടാകാതെ നിവൃത്തിയില്ലെന്നുവന്നു. എന്നാൽ, കേവലം ഉല്പാദനശക്തിയുടെ അഭാവം മാത്രമല്ലാ ഇന്നത്തെ ദാരിദ്ര്യത്തിൻെറ കാരണം. വിതരണത്തിൻെറ അസമത്വവും അതിൻെറ പ്രധാന ഹേതുക്കളിൽ ഒന്നാണ്. വിക്ടോറിയാ മഹാരാജ്ഞിയുടെ സിംഹാസനാരോഹണകാലത്തു്, ഇംഗ്ലണ്ടിൽ സ്ഥിതി ചെയ്തിരുന്ന സാമുദായികാസ്സ

മതങ്ങളെ ഉദ്ദേശിച്ച്, ബെഞ്ജമിൻഡിസ്റേലി അന്ന് ഇംഗ്ലണ്ടിൽ "രണ്ടു രാഷ്ട്രങ്ങൾ" * ഉണ്ടെന്നു പറയുകയുണ്ടായി. ഏകദേശം ആ സ്ഥിതിയാണ് ഇന്ന് ഇൻഡ്യായിൽ നാം കാണുന്നത്. ബുദ്ധിമുട്ടി, സുഖത്തിൽ കഴിയുന്ന പട്ടണവാസി ഒന്ന്; നിത്യദുഃഖത്തിൽ ഉഴലുന്ന ഗ്രാമവാസിമറ്റൊന്ന്--ഇങ്ങനെ "രണ്ടു രാഷ്ട്രങ്ങളാ"ണ് അവ.

ഈ സാമ്പത്തികദുസ്ഥിതിക്ക് ഒരു പ്രധാനപ്പെട്ട കാരണം ആദ്യ അദ്ധ്യായത്തിൽ പറഞ്ഞതുപോലെ നികുതിപിരിവിനുവേണ്ടി സ്വീകരിച്ചിട്ടുള്ള ഭൂമിയുടെ വിഭജനരീതിയാണ്. ഭൂമി രണ്ടു പ്രധാനതരമായി തിരിച്ചിരിക്കുന്നു. "റയട്ടുവാറി" ഏർപ്പാടനുസരിച്ച് ഭൂനികുതിമുഴുവനും ഓരോ കൃഷിക്കാരനിൽനിന്നു നേരിട്ട് ഗവണ്മെണ്ട് പിരിച്ചെടുക്കുന്നു. ക്ലിപ്തകാലം കഴിയുമ്പോൾ, ഗവണ്മെണ്ടുതന്നെ ചില അന്വേഷണങ്ങൾ നടത്തി, നികുതി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നു. "സെമിന്താറി" † രീതിപ്രകാരം ഇടപ്രഭുക്കന്മാർക്ക് കൊടുക്കേണ്ടതും ഇടപ്രഭുക്കന്മാർ കൊടുക്കേണ്ടതുമായ നികുതി ശാശ്വതമായി തിട്ടപ്പെടുത്തിയിരിക്കുന്നു.

നികുതിപിരിക്കുവാനുള്ള അവകാശവും ചിലർക്ക് ശാശ്വതമായിവിട്ടുകൊടുത്തിരിക്കുന്നു. "സെമിന്താറി" ഏർപ്പാട് ഇംഗ്ലീഷു സ്ഥാപനങ്ങൾ ഇൻഡ്യയിൽ നടപ്പാക്കുന്നതിനുള്ള പല ശ്രമങ്ങളിലൊന്നായിട്ടാണ് ആദ്യ

---

* Poverty and the State by Gilbert Slater p. 2.

† Zemindari.

കാലത്തെ ബ്രിട്ടീഷുഭരണകത്താക്കാം വിചാരിച്ചിരുന്നതു്‡ ഇതു ബംഗാളിലും മദ്രാസിലും ആണു് അധികം പ്രചരിപ്പിച്ചതു്. ഇൻഡ്യയിലെ ഏകദേശം ൭൨ ശതമാനം ഭൂമി "റയട്ടു് വാറി" രീതിയ്ക്കധീനമാണു്. ബാക്കിയുള്ള ഭൂമി, ഗവണ്മെണ്ടിനും കൃഷിക്കാരനും മദ്ധ്യേ ഒരു ഇടനിലക്കാരായി വളൻ്വന്ന ചില ജന്മികളുടെ കൈവശത്തിലായിത്തീർന്നു. ഈ ഭൂവിഭജനഏർപ്പാടുകാം വലിയ കുഴപ്പങ്ങാം ഉണ്ടാക്കിയിട്ടുണ്ടു്. "റയട്ടു് വാറി" ഭൂമികാം അധികമുള്ള സ്ഥലങ്ങളിലെ പല ഭൂസ്വത്തുടമസ്ഥന്മാരും ആ നില നഷ്ടമായി വെറും കൃഷിക്കാരായിത്തീൎന്നിട്ടുണ്ടു്. പാട്ടം വാങ്ങുന്നവരുടെ സംഖ്യ തന്മൂലം വളരെ വദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ പത്തുകൊല്ലത്തിനിടയിൽ പഞ്ചാബിൽ മാത്രം ഇവരുടെ സംഖ്യ ൬൨൬,൦൦൦-ൽനിന്നു് ൧,൦൦൪,൦൦൦ ആയി വദ്ധിച്ചിട്ടുണ്ടു്. ഈമാതിരി വ്യത്യാസങ്ങാം "സമിന്താറി" ഭൂമികളിലും ഉണ്ടാകുന്നുണ്ടു്. ഭൂമിയിൽ കൃഷിചെയ്യുന്നവൻേറയും ഭൂമിയുടെ ഉടമസ്ഥനായി സ്വസ്ഥനായിരിക്കുന്നയാളുടേയും ഇടക്കു് ഒട്ടധികം പുതിയ വ്യക്തികാം അവിടേയും ആവിർഭവിച്ചിട്ടുണ്ടു്. ഇങ്ങിനെയുള്ള ഇടനിലക്കാരും ഭൂസ്വത്തുടമസ്ഥന്മാരുമാണു് വിളവിനുണ്ടാകുന്ന കൂടുതൽ വിലയുടേയും നിലത്തിൽ കൃഷിക്കാരൻചെയ്യു വേലയുടെ ഫലമായുണ്ടാകുന്ന കൂടുതൽ വിളവിൻേറയും ഗുണഫലങ്ങാം അനുഭവിക്കുന്നതു്. കൃഷിക്കാരൻെറ അസംതൃപ്തിയാണു് ഇതിൽനിന്നു് അനിവാൎയ്യമായുണ്ടാകുന്ന ഫലം. നിലത്തിൽവേലചെയ്യുന്നവൻേറയും ഭൂസ്വത്തുടമസ്ഥൻേറയും താല്പൎയ്യങ്ങാം ഒരു

---

‡ Men and Events of My Time in India by Sir Richard Temple.

പോലെയിരുന്നില്ലെങ്കിൽ-അവക്ക് ഇരുകൂട്ടക്കും നിലത്തിൻെറ അഭിവൃദ്ധിയിൽ ഒന്നുപോലെ താല്പയ്യമില്ലെങ്കിൽ—അവർ ഇരുകൂട്ടരും നിലത്തിൻെറ അഭിവൃദ്ധിയിൽ നിന്ന് ഒരുപോലെ ഗുണം അനുഭവിച്ചില്ലെങ്കിൽ—പിന്നെ, ആ ഭൂമികൊണ്ട് രാജ്യത്തിന് ഗുണമുണ്ടാകുവാൻ ഇടയില്ല. ഇപ്പോഠം ഇക്കായ്യങ്ങളൊന്നും സാധിക്കുന്നില്ല. ഇതു സാധിക്കത്തക്കവിധത്തിലുള്ള ഒരു പുനർ വിധാനത്തിൻെറ അത്യന്താപേക്ഷിതയെ ഇതു വെളിപ്പെടുത്തുമെല്ലോ.

അപരിഷ്കൃതമായ കൃഷിരീതിയും പുതിയമാതൃകകഠം അനുകരിക്കുന്നതിനുള്ള മനസ്സില്ലായ്മയും നിമിത്തം കൃഷിയിൽ നിന്നുള്ള ആദായം വർഷം തോറും കുറഞ്ഞുവരുന്നു. കൃഷിയിൽ നിന്നുള്ള ആദായം മാത്രം ഏകവരവായിരുന്ന കൃഷിക്കാരന് അതിൽനിന്നു കിട്ടുന്ന തുച്ഛമായ ആദായം ചിലവിന് മതിയാകാതെ വന്നു. അപ്പോഠം പണമോ മററു സാമഗ്രികളോ കടം വാങ്ങാതെ അയാഠംക്ക് നിവൃത്തിയില്ലാതായി. കൃഷിക്കാരൻ ഋണബദ്ധനുമായി. ഈ അവസ്ഥ ഒരു വ്യക്തിയെമാത്രം ബാധിക്കുന്നഒന്നായിരുന്നില്ല. കൃഷിയുടെ പരിമിതമായ ആദായവും മററാവശ്യങ്ങഠംക്ക് വേണ്ടി കടംവാങ്ങലും മിക്കവാറും എല്ലാപേക്കുംതന്നെ വേണ്ടിവന്നു. ഋണബാദ്ധ്യത, തന്മൂലം കൃഷിക്കാരൻെറ സാമ്പത്തികജീവിതത്തെ പൊതുവേ ബാധിക്കുന്ന ഒരു കായ്യമായിത്തീന്നു. ഈയ്യിടെ എടുത്തിട്ടുള്ള കണക്കുകളിൽ നിന്നുകാണുന്നത് ഋണവിമുക്തരായി തുലോം കുറഞ്ഞ ഒരു ശതമാനം ആളുകളേ ഓരോഗ്രാമങ്ങളിലും ഉള്ളൂ എന്നാണ്. ഋണബാദ്ധ്യത കൃഷിയുടെ ഗുണത്തേയും അഭിവൃദ്ധിയേയും സാരമായി തടസ്ഥപ്പെടുത്തുന്ന ഒന്നാണ്.

ആദായകരമല്ലാത്ത ചെറിയ ഖണ്ഡങ്ങളിലെ കൃഷി, ശാസ്ത്രീയമല്ലാത്ത പ്രയത്നം, ഇടനിലക്കാരുടെ ലാഭം തട്ടിഎടുക്കൽ, ഋണബാദ്ധ്യത ഇവകളോടുകൂടിച്ചേൎന്ന് ഇൻഡ്യൻ ഗ്രാമജീവിതത്തെ ദോഷപ്പെടുത്തുന്ന മററൊരുസംഗതിയുമുണ്ടു്. ൧൮-ാം ശതാബ്ദത്തോടുകൂടി പ്രാചീനഭാരതത്തിലെ ഗ്രാമസങ്കേതങ്ങൾ നാമാവശേഷങ്ങളായി. ഇംഗ്ലീഷുകാരുടെ രാജ്യഭരണത്തിൻെറ ആവിർഭാവത്തോടുകൂടി അവർ ഇൻഡ്യൻ ഗ്രാമങ്ങളിൽ ഇംഗ്ലീഷുഗ്രാമഭരണത്തിൻെറ ആദർശങ്ങൾ പകത്തുന്നതിനു യത്നിച്ചു. സ്വയംഭൂവായ് ചില ആചാരങ്ങൾക്കും ഭരണക്രമത്തിനും മാത്രം പരിചിതമായിരുന്ന ഇൻഡ്യൻഗ്രാമങ്ങളിലെ മണ്ണിൽ വിദേശസ്ഥാപനങ്ങൾക്ക് വളൎന്നുവരുവാൻ സാധിച്ചില്ല. എന്നുമാത്രമല്ല, ഈ പുതിയ സ്ഥാപനങ്ങളുടെ അവതരണം വലിയകുഴപ്പത്തേയും ഉണ്ടാക്കി. യാതൊന്നും ശരിയായിനടക്കാതെയായി. ഇൻഡ്യൻജനതയ്ക്കു് അപ്രമേയമായിത്തീൎന്ന ആദർശങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരുവാൻ സാധിച്ചില്ല. ഗ്രാമത്തിനാവശ്യമായ സംഗതികൾ നിൎവ്വഹിക്കുന്നതിനുള്ള സ്ഥാപനങ്ങൾക്ക് ശരിയായി അവയുടെ കൎത്തവ്യത്തെ അനുഷ്ഠിക്കുന്നതിന് സാധിച്ചില്ലങ്കിൽ അവിടെ സുഖം കുറയുന്നതു് അതിശയമല്ലല്ലോ.

ഈ ഗ്രാമങ്ങളിലെ പൊതുജനാരോഗ്യം ആശങ്കാജനകമാണ്. പലവിധത്തിലുള്ള സുഖക്കേടുകൾ ആയുസ്സിൻെറ ദൈർഘ്യത്തെ ഒന്നുപകുതിയാക്കി കുറച്ചിട്ടുണ്ടു്. അനാരോഗ്യം നിമിത്തമുണ്ടാകുന്ന സാമ്പത്തികനഷ്ടം ചില്ലറയല്ല. മലേറിയാ ആളുകളെ ആയിര

കണക്കിന് ആണ്ടുതോറും കൊല്ലുകയും ചാകാതെശേഷി ക്കുന്നവരുടെ ആരോഗ്യം പാടെ നശിപ്പിക്കയും അവ രുടെ ജോലിചെയ്യുന്നതിനുള്ള ശക്തികുറയ്ക്കുകയും ചെ യ്യുന്നു. വഷംതോറും ഒന്നുരണ്ടുതവണയെങ്കിലും പ്ലേഗും കാളറായും, മസൂരിയും ഗ്രാമങ്ങളെ സന്ദർശിച്ച് അവ യുടെ അവകാശമായി കുറെ ആത്മാക്കളെ കൊണ്ടുപോ കാതിരിക്കയില്ല. കൊക്കപ്പുഴ, കാലാസാർ, പട്ടിണിയും വൃത്തിയില്ലാത്ത ആഹാരവും നിമിത്തം ഉണ്ടാകുന്ന ജം രാമയങ്ങൾ, എന്നിവ വേലക്കാരൻെറ ദേഹശക്തി യെ ഒന്നിനൊന്നിനു കുറച്ചുകൊണ്ടിരിക്കുന്നു. ഇവയുടെ എല്ലാം പ്രതിഫലനം കൃഷിയിലും ഗ്രാമവാസിയുടെ ഉല്പാ ദനശക്തിയിലും ആണെന്നുള്ളതു് പ്രത്യേകം പറയേണ്ട തായിട്ടില്ലല്ലോ. ശുചിത്വം എന്നതു് കണികാണാൻ കിട്ടാത്ത അവൻെറവീടാണ് ഈ സുഖക്കേടുകൾ എല്ലാം വളത്തുന്നതു്. ഗ്രാമത്തിലെ കിണറുകളോ കുളങ്ങ ളോ ശ്രദ്ധയോടുകൂടി സംരക്ഷിക്കുന്നില്ല. തെരുവീഥി കൾ ചവറും അഴുക്കും മൂടിക്കിടക്കുകയാണ്. ഇരുളടഞ്ഞു കാററും വെളിച്ചവും കയറാത്ത വീടുകളാണ് എല്ലാം.

ഇൻഡ്യൻ ഗ്രാമങ്ങളിലെ സുഖക്കേടുകളിൽ പലതും വരാതെ സൂക്ഷിക്കാൻ സാധിക്കുന്നവയാണ്. എന്നാൽ അങ്ങിനെ സൂക്ഷിക്കാത്തതിനു പല കാരണങ്ങളുണ്ടു്. പ്ര ധാനമായതു് വിദ്യാവിഹീനതയാണ്. ൯൦ ശതമാനം ആളുകളും വിദ്യാഭ്യാസമില്ലാത്തവരായതുകൊണ്ടു് അവ രുടെ വീടുകൾ ശുചിയായി സൂക്ഷിക്കണമെന്നോ ശാസ്ത്രീ യമായരീതിയിൽ കൃഷിചെയ്തു് ആദായം വദ്ധിപ്പിക്കണ മെന്നോ അവർ വിചാരിക്കുന്നില്ല. ആരെങ്കിലും ഈ സംഗതികൾ പറഞ്ഞുകൊടുത്താൽതന്നെ അവയനു സരിച്ച് പ്രവത്തിക്കുന്നതിന് അവർ തയ്യാറാകുന്നില്ല.

ഇതു് നന്നാകണമെന്നുള്ള ആശയില്ലാഞ്ഞിട്ടാണോ എന്നതു് തന്നെ സംശയമാണു്. തങ്ങളുടെ പരിതസ്ഥിതികളെക്കാഠം മേന്മയോടു കൂടിയ സ്ഥിതിഗതികഠം ലോകത്തിൻെറ ഏതെങ്കിലും ഭാഗത്തുണ്ടോ എന്നുള്ള കാൎയ്യംതന്നെ 'അവക്കു് അറിവാൻ പാടില്ല. ദിവസങ്ങഠം എങ്ങിനെ എങ്കിലും തള്ളിനീക്കണമെന്നല്ലാതെ ഇന്നത്തേക്കാഠം സുഖമുള്ള ഒരു ഭാവി ഉണ്ടാകണമെന്ന മോഹമേ അവക്കില്ല.

ഒരു രാജ്യത്തിൻെറ ഐശ്വൎയ്യം അതിലെ നിവാസികളുടെ ക്ഷേമത്തെ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഇൻഡ്യാരാജ്യത്തിലെ നിവാസികഠം വാസ്തവത്തിൽ അതിലെ ൭൦൦൦൦൦† ഗ്രാമങ്ങളിൽ കുടികൊള്ളുന്നവരാണു്. അതുകൊണ്ടു് ഇൻഡ്യയുടെ ഐശ്വൎയ്യസിദ്ധിയും ഐശ്വൎയ്യവൎദ്ധനയും ഈ ഗ്രാമവാസികളുടെ ജീവിതസുഖത്തെ ആശ്രയിച്ചിരിക്കുന്നു എന്നു പറയുന്നതിൽ പക്ഷാന്തരമില്ല. എന്നാൽ ഇൻഡ്യൻ ഗ്രാമങ്ങളിലെ ജനത യാതൊരു വിധത്തിലുള്ള ഐശ്വൎയ്യവുമില്ലാത്തവരാണെന്നാണു് മുകളിൽ വിവരിച്ചിരിക്കുന്ന സംഗതികഠം തെളിയിക്കുന്നതു്. ഈ പരിതസ്ഥിതികളിൽ രാജ്യത്തെ സ്നേഹിക്കുന്ന എല്ലാപേരുടേയും കൎത്തവ്യം ഈ ഗ്രാമങ്ങളിൽ വസിക്കുന്ന സാധാരണക്കാരൻെറ ജീവിതം സുഖകരമാക്കുന്നതിനു് പ്രയത്നിക്കുകയാകുന്നു.

ഭാഗ്യവശാൽ ഈ ക്ലിഷ്ടമായ പ്രശ്നത്തെ പുതിയ ഒരു മനോഭാവത്തോടു കൂടിയാണു് ഇൻഡ്യയിലുള്ള

---

† N. Ganguleeയുടെ Problems of Rural Indiaയിൽ ഗ്രാമങ്ങളുടെ സംഖ്യ 700000 എന്നു കാണുന്നു.

സകലരും തന്നെ ഈയിടെയായി വീക്ഷിക്കുന്നതു്. ഇൻഡ്യാക്കാരന്റെ പരിതാപകരമായ സംതൃപ്തിക്ക് ഇപ്പോൾ ഒരു വലിയ ഇളക്കം തട്ടിയിട്ടുണ്ടു്. സകലതും വിധിക്കധീനമാണെന്നുള്ള അവന്റെ വിശ്വാസത്തെ ജീവിതത്തിന്റെ ചില വാസ്തവസംഭവങ്ങൾ ഒന്നിളക്കിയിരിക്കുന്നു. തൊഴിലില്ലായ്മ, സാമ്പത്തികമായ അസമത്വങ്ങളും അവശതകളും, സാമ്പത്തികാധപതനം, സാമഗ്രികളുടെ വിലക്കുറവ് എന്നിങ്ങനെയുള്ള പലകായ്യങ്ങൾ ഭൌതികമായ പല ശക്തികൾക്കും മനുഷ്യ ജീവിതത്തെ സാരമായിസ്പൃശിക്കുവാൻ സാധിക്കുമെന്നു് തെളിയിച്ചിരിക്കുന്നു. നിയമപ്രകാരം സംസ്ഥാപിതമായിരിക്കുന്ന അധികാര ശക്തികൾക്ക് മൂകമായി കീഴടങ്ങുന്നതിനു് പരിചയിച്ചു വന്ന അയാൾ നിയമങ്ങളുടെ മൂലതത്വങ്ങൾ അന്വേഷിച്ചു തുടങ്ങുകയും അധികാരത്തിന്റെ നാരായവേരു് ആരായുകയും ചെയ്യുന്നു. തന്റെ സ്വന്തം കായ്യങ്ങളെ സംബന്ധിച്ചു് ചിലതെല്ലാം അറിയുന്നതിനു് തനിക്ക് അവകാശമുണ്ടെന്നുള്ള അറിവ് അയാളിൽ ഇപ്പോൾ എല്ലാടത്തും സ്ഫുരിക്കുന്നു. ഈ വ്യത്യാസങ്ങൾ ഓരോസ്ഥലത്തു് ഓരോ കാരണങ്ങൾകൊണ്ടുണ്ടായതാണെങ്കിലും സാമാന്യേന സാവ്വത്രികമായിത്തീന്നിട്ടുണ്ടു്. ഒരു മഹാസമുദ്രത്തിൽ അങ്ങു മിങ്ങും അലിഞ്ഞൊട്ടുന്ന ഹിമപോതങ്ങൾ പോലെ, സംഘട്ടനാവസരത്തിൽ വൻപിച്ച ആപത്തു് സൂചിപ്പിച്ചുകൊണ്ടു്, ഇൻഡ്യൻ ഗ്രാമവാസികൾ പ്രബുദ്ധരായി തീന്നിരിക്കുന്നു. ഈ പ്രബുദ്ധതയെ ശരിയായ പന്ഥാവിൽ കൂടി നയിക്കുന്നതിനും അലസമായിരിക്കുന്ന സ്ഥലങ്ങളിൽ നവ ചൈതന്യം ഉത്ഭവിപ്പിക്കുന്നതിനും ആകപ്പാടെ പൊതുക്ഷേമ

ത്തെ വദ്ധിപ്പിക്കുന്നതിനും ആയി ആലോചിച്ചുറച്ച ഒരു പുനരുദ്ധാരണ പദ്ധതി എത്രയും അത്യാവശ്യമാകുന്നു.

ഗ്രാമീണപുനരുദ്ധാരണത്തിനുള്ള പദ്ധതി ചില യഥാൎത്ഥങ്ങളെ ആലംബമായി കരുതിക്കൊണ്ടാണ് മുന്നോട്ടുപോകുന്നതു്. "നവതത്വത്തിന് വേണ്ടിയുള്ള ഒരു നവതത്വത്തിന് വേണ്ടി" പുനരുദ്ധാരണപദ്ധതി സ്വീകരിക്കേണ്ട ആവശ്യമില്ല. വ്യക്തിപരമായും സാമൂഹ്യപരമായും ഉള്ള ശക്തികൾ യോജിപ്പിച്ച്, സമുദായത്തിന്റെ സാർവത്രികമായ അഭ്യുദയത്തിനായി പരിശ്രമിക്കുകയായിരിക്കണം ഈ പുതിയ പദ്ധതിയുടെ ലക്ഷ്യം. സ്വാതന്ത്ര്യമായ വ്യക്തിത്വത്തിന് അതിൽ യാതൊരു സ്ഥാനവുമില്ല. എന്തെന്നാൽ, ഗ്രാമീണപുനരുദ്ധാരണം സമുദായത്തിന്റേയും അതിലും ഉപരി വൎഗ്ഗത്തിന്റേയും ശ്രേയസ്സിനെയാണ് പരമമായി ഉദ്ദേശിക്കുന്നതു്. വ്യക്തിയുടെ ജീവിതം അയാൾക്ക് വേണ്ടിമാത്രം ഉപയോഗിക്കുവാൻ അയാൾക്കവകാശമില്ല. ഒരു പൌരന്റെ കൎത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ അയാൾ എല്ലായ്പോഴും കടപ്പെട്ടവനാണ്. സ്വാതന്ത്ര്യമായ വ്യക്തിത്വത്തിനോ വിവേചനമില്ലാത്ത ധൎമ്മത്തിനോ ആദൎശികമായ ഒരു രാഷ്ട്രത്തിൽ സ്ഥാനമില്ല.

സദുദ്ദേശത്തോടും ആലോചനയോടും കൂടി സമാരംഭിതമാകുന്ന നയങ്ങളുടെ വിജയകരമായ പൎയ്യവസാനത്തിൽ സ്ഥായിയായ വിശ്വാസമാണ് അടുത്തതായി ശരിയായ ഗ്രാമീണപുനരുദ്ധാരണ പദ്ധതിയ്ക്കു് അത്യാവശ്യമായിട്ടുള്ളതു്. ഒരു സമുദായത്തിന്റെ പുരോഗതി വ്യക്തികളുടേതുപോലെ അത്ര വേഗത്തിൽ നിൎണ്ണയം ചെയ്യാവുന്നതല്ല. സമുദായത്തിലെ പല ശക്തികളേയും പ്രാപിക്കുന്നതിന് അതിന് വളരേക്കാലം വേണ്ടി

വരും. ഫലം കണ്ടറിയുന്നതിന് ദീർഘകാലത്തെ ക്ഷമയും ആവശ്യമാണ്. ൧൯൨൦—൧൯൨൧-ഇടയ്ക്ക് ഇൻഡ്യൻ ഗ്രാമജീവിതം പഠിക്കുന്നതിനും ഗ്രാമങ്ങളിൽ ഇൻററർനാഷനൽ ക്രിസ്ത്യൻമിഷ്യന് ചെയ്യാവുന്ന ജോലികളുടെ സാദ്ധ്യതകളെപ്പററി അന്വേഷിക്കുന്നതിനും ആയി ഇൻഡ്യ ഒട്ടുക്ക് സഞ്ചരിച്ച ഡാക്ടർ കെന്യൺ എൽ. ബട്ടർഫീൽഡ് ഇതേ സംബന്ധിച്ച് പറഞ്ഞത് "* ഈ വിഷയത്തിലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ഒരു പത്തുവർഷത്തേയ്ക്കുണ്ടാകുന്ന മന്ദമായ പുരോഗതിയിൽ നാം സമാധാനപ്പെടേണ്ടതായിട്ടാണിരിക്കുന്നത്" എന്നാകുന്നു. ഏതതു വിഷയത്തിൽ മന്ദവും ദുഷ്കരവുമായുള്ള പുരോഗതിയുടെ തായ്‌വേരുകൾ ആറുമാസം കൂടുമ്പോഴോ വർഷംതോറുമോ പിഴതുപരിശോധിക്കുന്നത് ആപല്ക്കരമാണെന്നാന്ന് അദ്ദേഹത്തിന്റെ അഭിപ്രായം.

മൂന്നാമതായി വേണ്ടത് യാതൊരു പരാജയത്താലും ക്ഷീണിക്കപ്പെടാത്ത പ്രസാദാത്മികത്വമാണ്. ഏതെങ്കിലും തരത്തിൽ അഭ്യുദയത്തിന് സാദ്ധ്യതയില്ലാത്ത ഒരു ഗ്രാമവും ഇൻഡ്യയിൽ ഇല്ല. സമീകരണശക്തിയുള്ള വിപരീതങ്ങൾ പ്രകൃതിയിൽ സുലഭങ്ങളാണ്. സുഖക്കേടുകളും മരുന്നുകളും, വിഷവും അതു നീക്കാനുള്ള ഭേഷജങ്ങളും ഇതിനുദാഹരണങ്ങളാണ്. കാട്ടുതീ നശിപ്പിക്കുന്ന വൃക്ഷസമൂഹങ്ങളുടെ വീണ്ടുമുള്ള വളർച്ചയെ പോഷിപ്പിക്കുന്നതും ആ കാട്ടുതീ തന്നെയാണ്. അതുപോലെ ഒരു രാഷ്ട്രത്തിൽ നശീകരണത്തിനും പുനർജ്ജംഭണ

---

* Report and Recommendations By Dr. Kenyon L. Butterfield.

ത്തിനും പൎയ്യാപ്തമായ പല ശക്തികളും കുടികൊള്ളുന്നുണ്ടു്.

നാലാമതായി ചെയ്യാനുള്ളതു്, ഏതെല്ലാംരീതിയിലാണു് പുനരുദ്ധാരണപദ്ധതി പ്രയോഗത്തിൽ കൊണ്ടുവരേണ്ടതു് എന്നു നിശ്ചയിച്ചുറയ്ക്കുകയാകുന്നു. ഇതിലേക്കു് ഓരോഗ്രാമവും പ്രത്യേകംപ്രത്യേകം മണ്ഡലങ്ങളായി തിരിക്കേണ്ടതാണു്. അതാതിന്റെ പ്രത്യേകാവശ്യങ്ങൾക്കനുയോജ്യമായ പദ്ധതി സ്വീകരിക്കുകയാണു് ഏററവും നല്ലതായ മാർഗ്ഗം. ഓരോഗ്രാമത്തിനും അതിന്നു് പ്രത്യേകമായ ആവശ്യങ്ങൾ ഉണ്ടായിരിക്കുന്നതു് സാധാരണയാകകൊണ്ടാണു് ഈ മാർഗ്ഗം നിർദ്ദേശിക്കുവാൻ കാരണമായതു്. എന്നാൽ പ്രത്യേകാവശ്യങ്ങൾ എന്തുതന്നെയായാലും ഇൻഡ്യൻഗ്രാമങ്ങളിൽ പൊതുവായി പുനരുദ്ധാരണം ആവശ്യമായിട്ടുള്ള ചില സംഗതികൾ ഉണ്ടു്. അവയെ ഇവിടെ ചെറുതായി സൂചിപ്പിക്കുകയും അടുത്ത അദ്ധ്യായങ്ങളിൽ വിവരമായി പ്രതിപാദിക്കുകയും ചെയ്യാമെന്നാണുദ്ദേശിക്കുന്നതു്.

൧. ശാസ്ത്രീയമായകൃഷി:— മിക്കവാറും ജനങ്ങൾ കൃഷികൊണ്ടുപജീവനം കഴിക്കുന്ന രാജ്യമായതിനാൽ ഇൻഡ്യയിലുള്ള സകലരും ശാസ്ത്രീയമായവിധത്തിൽ കൃഷിചെയ്യുന്നതിന്നു് പഠിച്ചവരായിരിക്കേണ്ടതു് ആവശ്യമാണു്. എന്നാൽ, ഇപ്പോൾ ഈ രാജ്യത്തു് നൾകുന്ന വിദ്യാഭ്യാസത്തിൽ കൃഷിക്കു് യാതൊരുസ്ഥാനവുമില്ലെന്നുതന്നെ പറയാം. പ്രായോഗികമായ കൃഷിയിൽ വിദ്യാഭ്യാസമുണ്ടെന്നു് അഭിമാനിക്കുന്ന ഇൻഡ്യാക്കാരനുപോലും യാതൊന്നും അറിഞ്ഞുകൂട. എന്നിരിക്കേ

വിദ്യാഭ്യാസമില്ലാത്തവരുടെ കഥപറയാനുണ്ടോ? പുരാതനരീതിയിലുള്ള കലപ്പകളും പലവിധത്തിൽനഷ്ടമുണ്ടാക്കുന്ന ഉപകരണങ്ങളും തന്നെയാണ് സാധാരണ കൃഷിക്കാരൻ ഇപ്പോഴും ഉപയോഗിക്കുന്നതു്. സാധാരണവിദ്യാലയങ്ങളിൽ കൃഷിയുടെ ശാസ്ത്രീയവും പ്രായോഗികവുമായ വശങ്ങളെപ്പററി അഭ്യസനം നൾകുന്നതിന് കൃഷിഡിപ്പാർട്ടുമെൻറുകാരും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുകാരും ഒരുപോലെ നിഷ്കൃഷിക്കേണ്ടതാണ്. പുതിയമാതിരിയിലുള്ള ഉപകരണങ്ങളുടെ ഉപയോഗംകൊണ്ടു് പ്രസ്താവയോഗ്യമായ പ്രയോജനമുണ്ടാകുമെന്ന് ദൃഷ്ടാന്തപ്പെടുത്തി കൃഷിക്കാൎക്കു് കാണിച്ചുകൊടുക്കേണ്ടതും കൃഷിഡിപ്പാർട്ടുമെൻറുകാരുടെ ചുമതലയാകുന്നു. ഇങ്ങനെ നിർബ്ബന്ധമായി കൃഷിപരിഷ്കരിക്കുന്നതിനായി ശ്രമങ്ങൾ ചെയ്യുല്ലെങ്കിൽ, ശാസ്ത്രീയമായ കൃഷിക്കു് ഇൻഡ്യയിൽ അഭിവൃദ്ധിയുണ്ടാകുവാൻ സാരമായ പ്രതിബന്ധമുണ്ടായി എന്നുവരാം.

൫. ബാങ്കിംഗ്:—ഇൻഡ്യൻകൃഷിക്കാരൻെറ ഋണബാദ്ധ്യത പുരാണപ്രസിദ്ധമാണ്.* ഗ്രാമവാസിക്കു് പണം കടംകൊടുക്കുന്ന മുതലാളി തൻെറ ദീൎഘഹസ്തങ്ങൾക്കുള്ളിൽ ആ ഗ്രാമത്തിലുള്ള സകലകൃഷിക്കാരേയും പിടിച്ചമൎത്തുകയും കൃഷിക്കാരൻെറ ലാഭങ്ങളെ കണക്കുപറഞ്ഞു കവർച്ചചെയ്യുകയും ചെയ്യുന്നു. കൃഷിക്കാരൻെറ ഈ പരാധീനതയ്ക്കു് പലകാരണങ്ങളുണ്ടു്. പ്രധാനമായി കൃഷിചെയ്യുന്നതിനാവശ്യമുള്ള മുതൽമുടക്കത്തിനു് കൃഷി

---

* Report of the Indian Central Banking Enquiry Committee. Page 55.

ക്കാരൻെറ പക്കൽ ഒരിക്കലും പണം കാണുകയില്ലന്നുള്ളതാണ്. അനിശ്ചിതവും കൃശവും ആയ വിളവുകൾ അവൻെറ ആദായത്തെയോ ധനസ്ഥിതിയേയോ ഗണ്യമായി സഹായിക്കുന്നില്ലെന്നുള്ളതാകുന്നു രണ്ടാമത്തെകാരണം. കൃഷിക്കാരൻെറ സ്വതസ്സിദ്ധമായ ദാരിദ്ര്യവും, അമിതമായ ചിലവുകൾആവശ്യപ്പെടുന്ന സാമുദായികകത്തവ്യങ്ങളും ആണ് ഇതരകാരണങ്ങൾ. പൂവ്കടങ്ങൾ വീട്ടി കൃഷിക്കാരെ സഹായിക്കുന്നതിന് ഒരു നിവാരണമാർഗ്ഗമായി ഭൂസ്വത്തു ജാമ്യബാങ്കു ഏർപ്പാടു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഭൂസ്വത്തുജാമ്യബാങ്കുകൾ കൃഷിക്കാൎക്ക് കുറഞ്ഞപലിശക്കു ഭൂമിയുടെ ജാമ്യത്തിന്മേൽ പണംകടംകൊടുക്കുന്നു. എന്നാൽ ഈ ബാങ്കുകളുടെ സംഖ്യയിലുള്ളകുറവ് ഇതുകൊണ്ടുദ്ദേശിച്ചിരിക്കുന്ന പ്രയോജനത്തെ പാടെഇല്ലാതാക്കുന്നു. അടുത്തടുത്തു സ്ഥിതിചെയ്യുന്ന ഒന്നിലധികം ഗ്രാമങ്ങൾകൂടിച്ചേൎന്ന് ഗവമ്മെൻറു സഹായത്തോടുകൂടി ഇത്തരം ബാങ്കുകൾ ഏപ്പെടുത്തിയാൽ ഭൂമിയിൽ പണ്ടേതന്നെ സ്ഥാപിച്ചുകിടക്കുന്ന കടം വീട്ടുന്നതിന് വലിയ സൌകൎയ്യമായിരിക്കും.

൩. <u>പരസ്പരസഹായസംഘങ്ങൾ:—</u> ഭൂസ്വത്തുജാമ്യബാങ്കുകൾ കൂടുതൽ സംഖ്യയുള്ള മുൻകടങ്ങൾ വീട്ടുന്നതിനുമാത്രമെ ഉപകാരപ്രദമായിരിക്കയുള്ളു. എന്നാൽ ഒരു കൃഷിക്കാരൻെറ പ്രതിദിനാവശ്യങ്ങൾ നിറവേററുന്നതിനു ഗ്രാമംതോറും പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കേണ്ടതു് അത്യാവശ്യമാണ്. കൃഷിക്കുവേണ്ട വിത്തു വാങ്ങുന്നതിനോ കൃഷിച്ചിലവിനു തന്നയോ ചെറിയ സംഖ്യകൾ ആവശ്യമുണ്ടെങ്കിൽ വലിയ ഭൂമിജാമ്യം ഇല്ലാതെ പരസ്പരസഹായസംഘങ്ങൾ കടംകൊടുക്കുന്നു.

ഇതില്ലെങ്കിൽ ഗ്രാമത്തിലെ സൌക്കാർ ൩൬-ം, ൫൦-ം ശതമാനം പലിശ കൃഷിക്കാരിൽനിന്ന് ഈടാക്കും. അതു പോലെതന്നെ വിളവുകൾക്ക് നല്ല വില കിട്ടുന്നതിനും പരസ്പരസഹായസംഘങ്ങൾ സഹായിക്കുന്നു. വിളവെടുപ്പുകാലത്തു് വിളവുകൾ ശേഖരിക്കുന്നതിനും നല്ലവില ലഭ്യമാകുന്നതുവരെ കാത്തിരിക്കുന്നതിനും ഏററവും ആദായകരമായവിധത്തിൽ വിളവുകളെ വിൽക്കുന്നതിനും പരസ്പരസഹായസംഘങ്ങൾക്ക് സാധിക്കുന്നു. ഒരു വ്യക്തി തനിച്ചു് ചെയ്യുന്ന കച്ചവടങ്ങൾ നേരെമറിച്ചു അവനെ കൂടുതൽ കടക്കാരനാക്കുകയേ ഉള്ളു.

൪. കുടിൽ വ്യവസായം:—ഇൻഡ്യൻകൃഷി ഏറിയക്രൂറം മഴയെ ആശ്രയിച്ചിരിക്കുന്നു. കൃഷിതന്നെ ചില പ്രത്യേക സമയങ്ങളിൽ മാത്രമെ സാദ്ധ്യമാകുകയുമുള്ളു. കൃഷിയുടെ കാലം കഴിഞ്ഞാൽ കൃഷിക്കാരനു് മൌനം അനുഷ്ഠിക്കാനെ സാദ്ധ്യമാകു. ആറുമാസത്തെ കൃഷി കഴിഞ്ഞു വീട്ടിൽ പുതച്ചുമൂടി ഇരിക്കുന്ന കൃഷിക്കാരൻ ബാക്കി ആറുമാസവും "പട്ടിണിയും പരിവട്ടവും" ആയിട്ടാണു് കഴിയാറുള്ളതു്. ഈ കാലങ്ങളിൽ എന്തെങ്കിലും കുടിൽ വ്യവസായത്തിലേർപ്പെട്ടാൽ ആ കാലത്തു് അവനു് അതൊരു തൊഴിൽ ആയിത്തീരുകയും ആദായത്തിനു ഒരു വഴിയായിരിക്കുകയും ചെയ്യും. ഇതു് അവൻെറ ഋണബാദ്ധ്യത കുറയ്ക്കുന്നതിനു അവനെ സഹായിക്കും. ജീവിതം സുഖകരമാക്കുന്നതിനു് അവനു് ഇതിനാൽ സാദ്ധ്യമായും തീരും. ഈ ചെറുതരം കുടിൽവ്യവസായങ്ങൾക്കു ആവശ്യമായി വരുന്ന മൂലധനം ഗ്രാമത്തിലെ പരസ്പരസഹായസംഘത്തിൽനിന്നു കിട്ടുകയും ചെയ്യും.

൭. വിദ്യാഭ്യാസം:—ഇൻഡ്യയിലെ ഭൂരിഭാഗം ആളുകളും വിദ്യാഭ്യാസമില്ലാത്തവരാണെന്നു മുൻപു പറഞ്ഞു കഴിഞ്ഞല്ലോ. ഗ്രാമങ്ങളിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കേണ്ടതു് ഏതൊരു രാജ്യസ്നേഹിയുടേയും കടമയാണ്. ഗ്രാമദേശങ്ങളിൽ നല്കുന്ന വിദ്യാഭ്യാസം ഏതുരീതിയിലുള്ളതായിരുന്നാലും, വായിക്കുവാനും എഴുതുവാനും കണക്കുകൂട്ടുവാനും ഉള്ള പരിശീലനം അതിൽ നിർബ്ബന്ധിതമായിരിക്കണം. പട്ടണങ്ങളിലെ ധനികന്മാരുടെ കുട്ടികളെ പഠിപ്പിക്കുന്നതുപോലെ, ഗ്രാമത്തിലെ വിദ്യാഭ്യാസം, സാഹിത്യപരമോ ഉയർന്നതരം ബുദ്ധിശക്തിയെ ഉല്പാദിപ്പിക്കുന്നതോ, ആയിരിക്കണമെന്നില്ല. ഗ്രാമീണരുടെ വിദ്യാഭ്യാസം എല്ലായ്പോഴും പ്രായോഗികജീവിതത്തിൽ അവരെ സഹായിക്കുന്നതായിരിക്കണം. വിദ്യാഭ്യാസംതന്നെ അധികം ശാസ്ത്രീയമായ രീതിയെ അവലംബിക്കാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ജീവിതായോധനത്തിൽ അവരെ ഗണ്യമായി സഹായിക്കുന്ന ഒരുമാതിരി വിദ്യാഭ്യാസമാണ് ഗ്രാമീണൎക്ക് നല്കേണ്ടതു്.

൮. പൊതുജനാരോഗ്യം:—"ശരീരമാദ്യം ഖലുധൎമ്മസാധനം" എന്ന ആപ്തവാക്യം ഗ്രാമവാസികളെ ആദ്യമായി മനസ്സിലാക്കേണ്ടതാണ്. ആരോഗ്യം ആണ് ഏററവും വലിയ ധനമെന്നും സൂക്ഷ്മങ്ങളായ സകലഗുണങ്ങളുടേയും നല്ല വളൎച്ച പൂൎണ്ണമായ ആരോഗ്യമുള്ളവരിലെ ഉണ്ടാകയുള്ളൂ എന്നുള്ളതും ഗ്രാമീണരെ ശരിയായി മനസ്സിലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഒരു ഇൻഡ്യൻ ഗ്രാമം മഹാമാരികളെ ക്ഷണിച്ചുവരു

ണ്ണുന്നു. വീടുകളുണ്ടാക്കുന്നതിനുള്ള മാതൃകയും, അതി നകത്തെ താമസത്തിന്റെ രീതിയും, ഏററവും അനാരോഗ്യപരമായിട്ടുള്ളവയാണ്. വീടുകളിൽ വെളിച്ചമോ കാറേറാ പ്രവേശിക്കയില്ല. വീടുകൾ തമ്മിൽ വലിയ ദൂരവുമില്ല. ഇതിന്റെ ഫലമായിട്ടാണ് മലേറിയാ, കാലാസാർ, പ്ലേഗ്, കാളറാ, മസൂരി മുതലായ സാംക്രമികരോഗങ്ങൾ തുടർച്ചയായി ബാധിച്ച് ഒട്ടധികം മരണങ്ങൾ ആണ്ടുതോറും ഉണ്ടാകുന്നത്. പല ഗ്രാമങ്ങളിലും മലം ദൂരെ കളയുന്നതിനോ ചീത്തവെള്ളം നശിപ്പിക്കുന്നതിനോ കുടിക്കുന്നതിന് ശുദ്ധജലം സംഭരിക്കുന്നതിനോ യാതൊരു മാർഗ്ഗവുംഇല്ല. ഗ്രാമങ്ങളിൽ ആരോഗ്യപരമായ പരിഷ്കാരങ്ങൾ നടപ്പിൽവരുത്തേണ്ടതു് ഗ്രാമീണ പുനരുദ്ധാരകന്മാരുടെ പ്രഥമ കർത്തവ്യങ്ങളിൽ ഒന്നാകുന്നു.

൦. ഗതാഗതസൗകര്യങ്ങൾ:—അടുത്തുള്ള പട്ടണങ്ങളുമായി ഗ്രാമങ്ങളെ യോജിപ്പിക്കുന്നതിന് വേണ്ട ഗതാഗത സൗകര്യങ്ങളുണ്ടാക്കുകയെന്നതു് ഗ്രാമീണപുനരുദ്ധാരകന്റെമറെറാരു ചുമതലയാകുന്നു. പട്ടണങ്ങളിലെ പരിഷ്കൃത ജീവിതത്തിനോടുള്ള സാമീപ്യം ഗ്രാമജീവിതത്തെ ഉയർത്താതിരിക്കയില്ല. ഗതാഗതസൗകര്യങ്ങൾ വിപുലമാക്കിയാൽ ഗ്രാമത്തിലുണ്ടാകുന്ന വിളവുകൾക്ക് വില വർദ്ധിക്കുന്നതിനും അങ്ങിനെയുള്ള അവരുടെ സാമ്പത്തികജീവിതത്തിന് അഭിവൃദ്ധികരമായ മാററം വരുന്നതിനും ഇടയുണ്ട്.

ഈ മാർഗ്ഗങ്ങൾകൊണ്ട് പല കാരണങ്ങളാൽ ദയനീയമായ സ്ഥിതിയെ പ്രാപിച്ചിരിക്കുന്ന ഇൻഡ്യൻ ഗ്രാമങ്ങളെ ഉദ്ധരിക്കുവാൻ സാധിച്ചുഎന്നുവരാം.

# IV

# കൃഷി

ഇൻഡ്യൻ സാമ്പത്തികപദ്ധതിയിൽ കൃഷിയുടെ പ്രാധാന്യത്തെ പുരസ്കരിച്ച് ദീൎഘമായി ഉപന്യസിക്കേണ്ട ആവശ്യമില്ല. യൂറോപ്പിൽപോലും കൃഷിതന്നെയാണ് ഇപ്പോഴും ഏററവും പ്രധാനപ്പെട്ട വ്യവസായം. കൃഷിയിൽ ഏൎപ്പെട്ടിരിക്കുന്ന ജനങ്ങളുടെ സംഖ്യയും അതിൻെറ വിഭവങ്ങളുടെ വിലയും താരതമ്യപ്പെടുത്തിനോക്കിയാൽ ഇത്രയും ധനം ഉണ്ടാകുന്നതും ശക്തിപ്രയോഗിക്കപ്പെടുന്നതും ആയ മററു യാതൊരു വ്യവസായവുമില്ലെന്ന് തെളിയുന്നതാണ്. യൂറോപ്പിലെ വ്യവസായ വിപ്ളവത്തിനുശേഷം കൃഷി പിന്നണിയിലേക്ക് തള്ളപ്പെട്ടിരുന്നു. ജീവിതാവശ്യത്തിന് അതിനെ ആശ്രയിക്കാതെ നിവൃത്തിയില്ലാതിരുന്നു എങ്കിലും കൃഷി ഒരു അപരിഷ്കൃതമായ തൊഴിലാണെന്ന് ചിലർ വിചാരിച്ചുവന്നു. മഹായുദ്ധകാലത്താണ് കൃഷിക്ക് വീണ്ടും അതിൻെറ പ്രാധാന്യം സിദ്ധിച്ചത്. തൽഫലമായി ഇംഗ്ലണ്ടും മററെല്ലായൂറോപ്യൻ രാജ്യങ്ങളും കൃഷിയിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു തുടങ്ങുകയും കാൎഷികശക്തികളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉററു ശ്രമിക്കുകയും ചെയ്തുവരുന്നു.

ഇൻഡ്യയിൽ ൭൦ ശതമാനത്തിൽ കൂടുതൽ ആളുകൾ കൃഷികൊണ്ടുപജീവനം കഴിക്കുന്നു. കൂടാതെ മററുതരം വ്യവസായങ്ങളിലേൎപ്പെട്ടിരിക്കുന്നവർ തന്നെ

അവരുടെ വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃതസാധനങ്ങൾ ലഭിക്കുവാൻ കൃഷിക്ക് കടപ്പെട്ടിരിക്കുന്നവരാണ്. കഴിഞ്ഞ കാനേഷുമാരി കണക്കുപ്രകാരം കൃഷിതന്നെ തൊഴിലായി സ്വീകരിച്ചിരിക്കുന്നവരിൽ മൂന്നിരട്ടി ആളുകൾ അവരെ അവലംബിച്ചു ജീവിക്കുന്നുണ്ടെന്ന് കാണപ്പെട്ടിരിക്കുന്നു. അതായത് കൃഷികൊണ്ടുപജീവനം കഴിക്കുന്നവർ ശരാശരി ൭൦·൫ ശതമാനം ആണ്.

കൃഷിക്ക് ഇത്ര പ്രാധാന്യം ഇൻഡ്യയിൽ ഉണ്ടാകുവാൻ മറെറാരു കാരണംകൂടി ഉണ്ട്. ഇൻഡ്യയിലെ ശീതോഷ്ണാവസ്ഥകളും ഇൻഡ്യാക്കാരുടെ ദേഹസ്ഥിതിക്കും പററിയ വ്യവസായം കൃഷിമാത്രമാണ്. ജനങ്ങളുടെ ആരോഗ്യസ്ഥിതിക്കും കാർഷികാഭിവൃദ്ധിക്കും തമ്മിൽ ഗണ്യമായ ബന്ധമുണ്ടെന്നാണ് കാണുന്നതു്. എവിടെ എങ്കിലും കൃഷിപ്പിഴ സംഭവിച്ചാൽ അവിടെ അനാരോഗ്യവും സുഖക്കേടുകളും ഉണ്ടാകുന്നതു് ഇൻഡ്യയിൽ സാധാരണയാണ്. ഇതുതന്നെ കൃഷിക്ക് അതിയായ ബഹുമാനവും പ്രാധാന്യവും കൊടുക്കുന്നതിനു മതിയാകുന്നു. കൂടാതെ, പ്രയത്നംകൊണ്ട് അഭിവൃദ്ധി ഉടനെ പ്രത്യക്ഷപ്പെടുന്നതും ഫലം ധാരാളം ഉണ്ടാകുന്നതും ആയ തൊഴിൽ കൃഷിയെപ്പോലെ മറെറാന്നില്ല. നമ്മുടെ സർവ്വശക്തികളും ഉപയോഗിച്ചു കൃഷിയെ പുഷ്ടിപ്പെടുത്തേണ്ട കത്തവ്യം നമുക്കുണ്ടെന്നുള്ളതു് ഒരിക്കലും മറക്കാവുന്നതല്ല. നമ്മുടെ ഭൌതികമായ സകല ഐശ്വര്യങ്ങൾക്കും കൃഷിതന്നെയാണ് ആശ്രയം. അതിൽ നിന്നുമാത്രമേ ധനമുണ്ടാകയുള്ളൂ. ധനംകൊണ്ടല്ലാതെ നമുക്ക് നമ്മുടെ ഇതരവ്യവസായങ്ങൾ പോഷിപ്പിക്കുവാൻ സാധിക്കയില്ല. നമ്മുടെ സാമ്പത്തികാഭ്യുദയ

ത്തിൻെറ ആണിക്കോൽ കൃഷിയാണെന്നു് പറയുന്നതിൽ എന്താണു് ആക്ഷേപം.

ഇപ്പോഴുള്ളതും ബ്രിട്ടീഷാധിപത്യത്തിനു മുൻപേ ഉണ്ടായിരുന്നതും ആയ കൃഷിസൌകര്യങ്ങൾ തമ്മിലുള്ള വ്യത്യാസത്തെപ്പററിയോ നമ്മുടെ കൃഷിയും യൂറോപ്യൻ രാജ്യങ്ങളിലെ കൃഷിയും തമ്മിലുള്ള വ്യത്യാസത്തെപ്പററിയോ പ്രതിപാദിച്ചതുകൊണ്ടു് ഇവിടെ യാതൊരു പ്രയോജനവുമില്ല. ഇന്നത്തെ നമ്മുടെ കൃഷിസമ്പ്രദായത്തെ പരിഷ്കരിക്കാമെന്നും കാൎഷികഫലങ്ങളെ സാരമായി വൎദ്ധിപ്പിക്കാമെന്നും വിശ്വസിക്കാത്തവർ ആരെങ്കിലും കാണുമോ എന്നു് സംശയമാണു്.

ഇൻഡ്യയിൽ ഇപ്പോൾ ഉദ്ദേശം ൨൨൨,൫൨൭,൦൦൦ ഏക്കർസ്ഥലത്തു മാത്രമേ കൃഷിചെയ്യുന്നുള്ളു. ഇതു് ബ്രിട്ടീഷ് ഇൻഡ്യയിൽ ആകെയുള്ള സ്ഥലത്തിൻെറ ൩൬ ശതമാനം മാത്രമാണു്. വെറും തരിശുഭൂമി ഉൾപ്പെടുത്താതെ കൃഷിക്കു് യോഗ്യമായി ഇനിയും ൨൬ ശതമാനമുണ്ടു്. ആകെ കൃഷിചെയ്യാവുന്നതിൽ ഇപ്പോൾ ൫൬ ശതമാനം മാത്രമെ കൃഷിചെയ്യുന്നുള്ളു. ശരിയായിട്ടുള്ള മൂലധനവും വേലയും ചെലുത്താമെങ്കിൽ ഇപ്പോൾ കൃഷിചെയ്യുന്ന സ്ഥലത്തിൻെറ ഇരട്ടി ഭാഗം കൃഷിചെയ്യാൻ സാധിക്കും.

അതുപോലെതന്നെ നമ്മുടെ ഭൂമിയിലെ വിളവു് മറുരാജ്യങ്ങളിലെ വിളവുകളെ അപേക്ഷിച്ചു് നോക്കുമ്പോൾ തുലോം ആക്ഷേപകരമായിരിക്കും. നമ്മുടെ ഒന്നുരണ്ടു പ്രധാനപ്പെട്ട വിളവുകളെ ഉദാഹരണത്തിനുവേണ്ടി ചിന്തിച്ചുനോക്കാം. ജപ്പാനിൽ ഒരേക്കർ ഭൂമിയിൽ

വിളയുന്നനെല്ല് ൩൨൩൨ റാത്തൽ ആണ്; ഈജി പ്തിൽ ൨൬൧൯ റാത്തലാകുന്നു. എന്നാൽ ഇൻഡ്യയിലോ? ൧൩൩൬ റാത്തൽ അത്രേ. ഇതുപോലെ ഗോതമ്പി ന്റെ വിളവു് നോക്കാം. യുൺണൈറഡ്കിംഗ്ഡത്തിൽ ഒരേക്കർ ഭൂമിയിൽ ൧൯൭൬ റാത്തൽ ഗോതമ്പ് വിള യുന്നു. ജപ്പാനിൽ ഏക്കറൊന്നിന് ൧൩൧൭ റാത്തലും ഈജിപ്തിൽ ൧൪൭൩ം ഇൻഡ്യയിൽ ൬൧൨ റാത്തൽ മാത്രവുമാണ് വിളയുന്നതു്.

ഈ പരിതാപകരമായ വിളവു കുറവിനു നമ്മുടെ ഭൂമിയുടെ സ്വഭാവവും ഏറക്കുറെ കാരണമാണ്. ഇ പ്പോഴത്തെ കൃഷിയുടെ രീതി മണ്ണിന്റെ ഗുണത്തെ ഗണ്യ മായി ഇല്ലാതു ചെയ്യുന്നുണ്ടെന്നാണ് വിദഗ്ദ്ധന്മാരുടെ അ ഭിപ്രായം.* ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, വളം, ഇവ യുടെ ഏറ്റവുമതിയും ചാണകം ഉണക്കി തീകത്തിക്കുന്നതി നുപയോഗിക്കുന്ന സമ്പ്രദായവും കൂടി മണ്ണിന്റെ നന്മയെ സാരമായി കുറച്ചിട്ടുണ്ട്. വഷംതോറും വദ്ധിച്ചുവരേണ്ട വിളവിനു പകരം ഇൻഡ്യയിൽ നാം എന്നും കാണുന്ന വിളവിന്റെ കുറവ് അവശ്യം പരിഹരിക്കേണ്ടതാണെന്നു ള്ളതിനു സംശയമില്ല. ഇതു് മണ്ണിലുള്ള വളം വദ്ധി പ്പിക്കുന്നതുകൊണ്ടുമാത്രമേ സാധിക്കുകയുള്ളു. ഇൻഡ്യ യിലെ പല ഭാഗങ്ങളിലേയും മണ്ണ് ശാസ്ത്രജ്ഞന്മാരുടെ പരിശോധനയിൽ ചില ചെറിയ പരിഷ്കാരങ്ങൾ വരു ത്തിയാൽ കൂടുതൽ പ്രയോജനപ്പെടുത്താവുന്നതാണെന്നാ ണ് കണ്ടിരിക്കുന്നതു്. ഇൻഡ്യൻ മണ്ണുകളിൽ ഹ്യൂമസ്സ്

---

* Improvement of Indian Agriculture by Voelcker.

നൈട്രജനം പൊതുവേ കുറവാണെന്ന് മിസ്റ്റർ "വാൽക്കർ" അഭിപ്രായപ്പെട്ടന്നു. ഇതിനു വേണ്ടതരത്തിൽ രസതന്ത്രശാസ്ത്രജ്ഞന്മാർ പര്യവേക്ഷണം നടത്തണമെന്നും അവരുടെ പ്രയത്നഫലങ്ങൾ ഇൻഡ്യൻ കൃഷിക്കുപയോഗമാക്കിയാൽ മാത്രമെ കൃഷിക്ക് അഭിവൃദ്ധിയുണ്ടാകാൻ ഇടയുള്ളൂ എന്നും ആണ് അദ്ദേഹം ഗവൺമെൻറിലേപ്പോർട്ടു ചെയ്തതു്. ആ കാലം കഴിഞ്ഞിട്ടു് കൊല്ലങ്ങൾ വളരെ നീങ്ങിപ്പോയിട്ടുണ്ടെങ്കിലും പ്രസ്താവയോഗ്യമായ യാതൊരു വ്യത്യാസവും ഇൻഡ്യയിലെ കൃഷിസമ്പ്രദായങ്ങൾക്കുണ്ടാവുകയോ മണ്ണിനു് വ്യത്യാസംവരുത്തുകയോ ചെയ്തിട്ടില്ല. വെള്ളമില്ലാത്ത സ്ഥലങ്ങൾക്ക് ധാരാളം ജലസഹായം ചെയ്യണമെന്നും വളംതന്നെ കൃഷിക്കാർ കൂടുതൽ ഉപയോഗിക്കണമെന്നും, എവിടെയെല്ലാമാണ് ശാസ്ത്രീയ പര്യവേക്ഷണം ആവശ്യമുള്ളതെന്നും, സ്ഥായിയായി അഭിവൃദ്ധിപ്പെടുത്തേണ്ട സ്ഥലങ്ങൾ ഏതെല്ലാമെന്നും കാലേകൂട്ടി നിശ്ചയിച്ച് അതിനുവേണ്ട ശ്രമങ്ങൾ ചെയ്യണമെന്നും തുടർച്ചയായി ശാസ്ത്രീയ പര്യവേക്ഷണം നടത്തണമെന്നും ആണ് മിസ്റ്റർ വാൽക്കർ അന്നു അഭിപ്രായപ്പെട്ടതു്. ഈ കാര്യങ്ങളെല്ലാം ഇന്നും ചെയ്യേണ്ടതായും അത്യാവശ്യമായും തന്നെ ഇരിക്കുന്നു.

കൂടുതലായി വളം ഉപയോഗിക്കയും പരിഷ്കൃതരീതിയിൽ കൃഷിനടത്തുകയും ചെയ്യുകയാണെങ്കിൽ വിളവ് തീർച്ചയായും കൂടുതലായി കിട്ടുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇൻഡ്യയുടെ ചിലഭാഗങ്ങളിൽ ഇതിനേ സംബന്ധിച്ച് പരീക്ഷണങ്ങൾ നടത്താതെയും ഇരുന്നിട്ടില്ല. അതിൻെറ ഫലങ്ങൾ ഈ ആശക്ക്

മതിയായ കാരണത്തെ തരുന്നു. യുണൈറററഡ് പ്രാവിൻസസ്സിലെ കരിമ്പുകൃഷിയെപ്പററി ചില പരീക്ഷണങ്ങൾ നടത്തിയതിൽ പരിഷ്കരിച്ച രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുകയും ശാസ്ത്രീയമായ വളം ഉപയോഗിച്ച് കൃഷി പരിഷ്കരിക്കുകയും ചെയ്യുകയാണെങ്കിൽ ഇപ്പോൾ കിട്ടുന്നതിൻെറ മൂന്നിരട്ടിവിളവു കിട്ടുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ ഓരോ സ്ഥലത്തും ഓരോവിളവും ശാസ്ത്രീയമായ കൃഷിയിറക്കോടുക്രൂടി അഭിവൃദ്ധിപ്പെടുത്തുകയാണെങ്കിൽ നമ്മുടെ നാട്ടിൻെറ ഐശ്വയ്യം എത്ര മടങ്ങാണ് വദ്ധിക്കുന്നതു്!

കാഷികവിഭവങ്ങളുടെ ഉല്പാദനത്തിന്ന് ആവശ്യമായിട്ടുള്ള ശക്തികൾ ധനശാസ്ത്രം അനുസരിച്ച് ഭൂമി, വേല, മുതൽ, എന്നിവയാണല്ലോ. ഇവയെത്തന്നെ പ്രകൃതിശക്തികൾ എന്നും മനുഷ്യശക്തികൾ എന്നും രണ്ടായി തരം തിരിയ്ക്കാം. വിളവുണ്ടാക്കുന്നതിന്ന് ആവശ്യമുള്ള പ്രകൃതി ശക്തികളെപ്പററിയാണ് ഇപ്പോൾ പ്രതിപാദിക്കുന്നതു്. ഇവ മണ്ണും വിത്തും അനുയോജ്യമായ ചൂട്' വായു എന്നീപ്രകൃതിശക്തികൾ ഇവയും ആണ്. വളമുള്ളമണ്ണും നല്ല വിത്തും കൃഷിക്ക് ആവശ്യമുള്ള ശീതോഷ്ണാവസ്ഥയും ഉണ്ടെങ്കിൽ വിളവ് നന്നായിരിക്കുമെന്നുള്ളതിന്നു രണ്ടു പക്ഷമില്ല. മററുരാജ്യങ്ങളെ അപേക്ഷിച്ച് ഇൻഡ്യൻ മണ്ണ് യാതൊരു വിധത്തിലും പിന്നോക്കമായിട്ടുള്ളതല്ല. ധാരാളമായ സൂയ്യപ്രകാശവും മഴയും കൊണ്ടു് വഷം തോറും യാതൊരു കുറവും കൂടാതെ ഒന്നിലധികം പ്രാവശ്യം നല്ല വിളവുകൾ നൾകുന്നതിന്ന് ഇൻഡ്യൻ വയലുകൾക്ക് സാധിച്ചിട്ടുണ്ടു്.

അക്കാലങ്ങളിൽ മനുഷ്യനിൽ നിന്ന് പറയത്തക്കതായ യാതൊരു സഹായവും ഈ വയലുകൾക്ക് സിദ്ധിച്ചിട്ടും ഇല്ല. ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനയും സാഹായികമായി നിന്നിരുന്ന തൊഴിലുകളുടെ നാശവും നിമിത്തം ജനങ്ങൾ തങ്ങളുടെ ഉപജീവനത്തിനായി ഭൂമിയെ കൂടുതൽ കൂടുതൽ ആശ്രയിച്ചുതുടങ്ങി. കൃഷിക്കുപരികൃഷി എന്നനയം ആളുകൾ തുടങ്ങിയപ്പോൾ ഭൂമിയിൽ നിന്നുള്ള ആദായം കുറയുവാൻ തുടങ്ങി. ഭൂമിയുടെ ഗുണം വർദ്ധിക്കുവാൻ ഉപകരിക്കുന്ന യാതൊരു ശുശ്രൂഷയും ആളുകൾ ചെയ്തുമില്ല. വളംഇട്ടു ഭൂമിയെ പോഷിപ്പിച്ചില്ല. കൃത്രിമമായ വളം വാങ്ങി ഭൂമിയിൽ ഇടുന്നതിന് ജനങ്ങളുടെ ദാരിദ്ര്യംനിമിത്തം അവർക്ക് സാധിക്കാതെയുംതീർന്നു. ധാന്യം എടുത്തുകഴിഞ്ഞാൽ ശേഷിക്കുന്ന വയ്ക്കോലും പുല്ലും കാലിവർഗ്ഗത്തിന്റെ ആഹാരമായിത്തീരുന്നു. അവയിൽ നിന്നും കിട്ടുന്ന ചാണകം തീകത്തിക്കുന്നതിന് ഉണക്കി ഉപയോഗിക്കയും ചെയ്യുന്നു. ഇങ്ങനെ ഇങ്ങോട്ടുകിട്ടാവുന്നതിന്റെ പരമമായ ഭാഗം കൈയ്യിലാക്കിയും, അങ്ങോട്ടു ഒന്നും കൊടുക്കാതേയും കൃഷിക്കാരൻ ഭൂമിയോടു ഒരുമാതിരി ക്രൂരമായ നയം കാണിക്കുവാൻ തുടങ്ങിയതു് ഇൻഡ്യൻ വിളവുകൾ വർഷാവർഷം കുറയുന്നതിനുള്ള പ്രധാനപ്പെട്ട ഒരു കാരണമായിത്തീർന്നു.

ഇത്തരം ക്രൂരമായ അധഃപതനത്തിൽ നിന്ന് നമ്മുടെ വിളവുകളെ രക്ഷിക്കുന്നതിന് മണ്ണിന്റെ ഉല്പാദകശക്തിവർദ്ധിപ്പിക്കുകയാണ് ആദ്യത്തെ ആവശ്യം. ഉല്പാദകശക്തി വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന അംഗാരാമ്ലവായു കൂടുതൽ മണ്ണിൽ പ്രവേശിപ്പിക്കുക എന്നുള്ള തൊഴിലാൽ നല്ലതായ വളം മതിയായ വിധത്തിൽ

വാങ്ങിച്ചു കൃഷിക്കുപയോഗിക്കുക എന്നുള്ളതുമാത്രമെ ഇതിനു മാർഗ്ഗമായിട്ടുള്ളു. വളം വാങ്ങിച്ചു ഉപയോഗിക്കുന്നതിന് രണ്ടു സംഗതികൾ അതിപ്രധാനമായി മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഒന്നാമതു്, എന്തുമാതിരി വളമാണ് ഉപയോഗിക്കേണ്ടതു് എന്നാകുന്നു. പലതരം മണ്ണുണ്ടായിരിക്കുക സ്വാഭാവികമാണല്ലൊ. ഓരോ ജാതി മണ്ണിനും ഓരോ ഇനം വളമായിരിക്കും ഉപയോഗിക്കേണ്ടതു്. അതു് കണ്ടുപിടിക്കേണ്ടതു് അത്യാവശ്യമാണ്. കൃഷിക്കാർ അടുത്തു് എവിടെയെങ്കിലുമുള്ള കൃഷിവകുപ്പുദ്യോഗസ്ഥൻെറ സഹായത്തോടുകൂടി ഈ വിവരം ഗ്രഹിക്കണം. രണ്ടാമതു് എന്തുമാത്രം വളമാണ് ഉപയോഗിക്കേണ്ടതെന്നു് അറിയണം. ഇതും കൃഷിഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻെറ സഹായത്തോടുകൂടി മനസ്സിലാക്കണം. ഈ രണ്ടു സംഗതികളും ഗ്രഹിക്കുന്നതിനു്, പ്രത്യേക പരിധികൾ നിർണ്ണയിച്ചു്, അവിടെയുള്ള മണ്ണു് ഏതെല്ലാം തരത്തിലുള്ളതാണെന്നു് ശാസ്ത്രജ്ഞന്മാരെക്കൊണ്ടു് പരിശോധിപ്പിക്കുകയാണ് ആദ്യമായി ചെയ്യേണ്ടതു്. കൃഷിഡിപ്പാർട്ടുമെൻറുകാരോ, സർവ്വകലാശാലക്കാരൊ ഭൂഗർഭശാസ്ത്രജ്ഞന്മാരോ ഈ ജോലി ഏറെറടുക്കുകയോ ഇല്ലെങ്കിൽ ഗവൺമെൻറു ഇവരെ ഈ ജോലികൂടി ഏല്പിക്കുകയോ ചെയ്യേണ്ടതാണ്. ഗവൺമെണ്ടിനെ ഇതു് ഏൽപ്പിക്കാതെ പ്രത്യേകപ്രദേശങ്ങളിലുള്ളവർ തന്നെ ചെയ്യുന്നതിനു വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കുകയായിരിക്കും പ്രായോഗികവും സുഗമവും ആയിട്ടുള്ളതു്. ഏതായാലും ഇതൊരു ആദർശമാണ്. പെട്ടെന്നു് സാധിക്കുന്നതിനു പക്ഷെ പ്രയാസവുമുണ്ടെന്നു വന്നേക്കാം. മിക്കവാറും എല്ലാകൃഷിക്കാർക്കും അവരുടെ ഭൂമിയിൽ എന്തുമാതിരി വളമാണ് ആവശ്യമെന്നുള്ളതു്

അറിയാമായിരിക്കും. അവക്ക് ഇപ്പോഴുള്ള അറിവിനെ വദ്ധിപ്പിക്കുന്നതിനും അതിനെ പ്രായോഗികമായി പരിശീലിപ്പിക്കുന്നതിനും ആയിരിക്കണം ഇനിയുള്ള ശ്രമത്തിൻെറ മുഖ്യ ഉദ്ദേശ്യം. ഇതിനു പ്രചരണവേല അത്യാവശ്യമാണ്. കൃഷിക്കാരെ ഇതിൽ അഭ്യസിപ്പിക്കുകയാണ് വേണ്ടതു്.

ഫാസ്ഫറിക്ക് ആസിഡ്, പൊട്ടാഷ്, ലൈയിം എന്നിവ മണ്ണിൻെറ ധാതുരസായനഭാഗം നൽകുന്നു. കൃഷിക്ക് വളരെ ഉപകാരം ചെയ്യുന്നതും മണ്ണിൻെറ ഗുണം വദ്ധിപ്പിക്കുന്നതും ആയ നൈട്രജൻ മണ്ണിൻെറ ജീവരസായന ഭാഗത്തിൽ നിന്നുമാണു ലഭിക്കുന്നതു്. ചെടികൾ, വൃക്ഷങ്ങൾ മുതലായവ സമൃദ്ധിയായി ഉണ്ടാകുന്നതിന് മണ്ണിൽ ആവശ്യമുള്ള സുഷിരത്വം, വായുപ്രവേശനം, നീരൊഴുക്കം മുതലായവയെ വദ്ധിപ്പിക്കുന്നതു് ധാതുരസായന ഭാഗമാണ്. അതു് മണ്ണിൻെറ ഗുണം വദ്ധിപ്പിക്കുന്ന അണുക്കളെ വളത്തുന്നു. സാധാരണ കൃഷിക്കാർ മണ്ണിനു നൈട്രജൻ നൽകുന്നതു് കന്നുകാലികളുടെ ചാണകം വളമായി ഉപയോഗിച്ചാണ്. ചാരം പൊട്ടാഷ് വദ്ധിപ്പിക്കുന്നു. കൃഷിക്കാർ വയലിൽ ചെയ്യുന്ന വളം എത്രയോ തുച്ഛമാണ്. അതിനേക്കാൾ പരിതാപകരമായതു് കൃഷിക്ക് ഏററവും പോഷകമായിട്ടുള്ള നൈട്രജൻ അവർ നശിപ്പിച്ചു കളയുന്നതാണ്. ചാണകം ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും തന്നെ തീകത്തിക്കുന്നതിന് വിറകായി ഉപയോഗിച്ചു വരുന്നു. ഇങ്ങിനെ ഉപയോഗിക്കുന്ന ചാണകത്തിനു പകരം നൈട്രജൻ മണ്ണിന് പ്രദാനം ചെയ്യുന്ന മററു യാതൊരു വളവും മണ്ണിൽ ചെയ്യുന്നുമില്ല. അതുകൊണ്ടു് അറിയാതെ

നഷ്ടപ്പെടുത്തുന്ന ഈ നൈട്രജന്റെ പരിരക്ഷക്കായി കൃഷിക്കാരെ പഠിപ്പിക്കുക എന്നുള്ളതു് ഏറ്റവും അത്യാവശ്യമായ കാര്യമാണു്. വിറകു് വിലയ്ക്കു് വാങ്ങി ഭക്ഷണസാധനങ്ങൾ മുതലായവ പാകം ചെയ്യുന്നതിനു ഉപയോഗിക്കയും ചാണകം വളമായിനിലത്തിൽ ഇടുകയും ചെയ്യുന്നതായിരിക്കും മൊത്തത്തിൽ കൃഷിക്കാൎക്കു് ആദായകരമായിരിക്കുന്നതു്.

ഇതുകൂടാതെ കുറെക്കൂടി കഷ്ടതരമായ വേറൊരു സംഭവം ഇൻഡ്യയിൽ ഇന്നു നടക്കുന്നുണ്ടു്. നൈട്രജൻ ധാരാളമായി മണ്ണിനു കൊടുക്കുന്ന മറെറാരു സാധനം എണ്ണക്കുരുക്കളാണു്. ഇതേഗുണം തന്നെയുള്ള മൃഗവിഭവങ്ങൾ* അസ്ഥികൾ എന്നിവയും എണ്ണക്കുരുക്കളും ധാരാളമായി ഇൻഡ്യയിൽ നിന്നു് വൎഷംതോറും കയററുമതി ചെയ്യുന്നു. ഇങ്ങനെ ഇൻഡ്യക്കു വെളിയിലേക്കു ഈ നൈട്രജോല്പാദക വിഭവങ്ങൾ ധാരാളമായി അയക്കുന്നതു് നമ്മുടെ വയലുകൾ എല്ലാം നൈട്രജനില്ലാതെ പട്ടിണി കിടന്നു വരളുമ്പോളാണു്. ഇതു് ഓൎക്കുവാൻ കൂടിവയ്യ. ഇതിനു പകരമായി ഇറക്കുമതി ചെയ്യുന്ന നൈട്രജൻധാരാളമുള്ള വളങ്ങൾ ഏററുമതിയുടെ നഷ്ടത്തെ ഇല്ലാതാക്കു ചെയ്യുന്നുമില്ല. കൽക്കരിഖനികളിൽനിന്നു് കിട്ടുന്ന അമ്മോണിയാ സൾഫേററു് ഇൻഡ്യായിൽ ഉപയോഗിക്കാതെ ജാവായിലേക്കും സുമാട്രായിലേക്കും കയററുമതി ചെയ്യുകയാണു്. ഇൻഡ്യായിൽ ഉണ്ടാകുന്ന ഗന്ധകം നമ്മുടെ കൃഷിക്കാരിൽ ഒരുവനും ഉപയോഗിക്കാനും തയ്യാറില്ല! ഈ ദുസ്ഥിതികൾക്കു് പരിഹാരമായി പറയുന്നതു് നൈട്രജൻ ഉള്ള വിഭവങ്ങളുടെ

---

* Animal Products

കയററുമതി നിശ്ശേഷം നിർത്തിക്കളയണമെന്നാണ്. ഇത് അശേഷം പ്രായോഗികമല്ലാത്ത ഒരു ആലോചനയാണ്; എന്നുമാത്രമല്ല ഈ ഒരൊററ പദ്ധതി കൊണ്ടു കൃഷിക്കാരൻെറ അഭ്യുദയം തീർച്ചപ്പെട്ടു പോകയുമില്ല. കൃഷിക്കാരുടെ വകയായ സംഘങ്ങളിൽ നിന്നും, ഭൂസ്വത്തുടമസ്ഥന്മാരിൽനിന്നും വേണ്ട സഹായം സ്വീകരിച്ചുകൊണ്ടു ഗവണ്മെണ്ടു തന്നെ നൈട്രജൻ സംഭരിക്കുന്നതിനും കൂടുതൽ നിർമ്മിക്കുന്നതിനും തക്കതായ എന്തെങ്കിലും പദ്ധതി രൂപീകരിക്കുകയും അതിൽനിന്നുണ്ടാകുന്ന ഫലം കൃഷിക്കാർക്കു ധാരാളമായി കിട്ടുന്നതിന് ഏർപ്പാടു ചെയ്യുകയും വേണം.

ഇതിലേക്കു ഏററവും സുഗമമായ വഴി കൃഷിക്കാരെ, പരിതസ്ഥിതികളുടെ അവസ്ഥയനുസരിച്ചുള്ള വളക്കുഴികളിൽ, ചാണകം കൂട്ടി ശേഖരിക്കുന്നതിനു പഠിപ്പിക്കുകയാണ്. ഏകദേശം ൪൦ കൊല്ലത്തിനു മുമ്പു ചൈനയിലെ കൃഷീവലന്മാർ ചാരം, ഇല, വിളവിൻെറ ഉപയോഗശൂന്യമായ ബാക്കികൾ മുതലായവ സംഭരിച്ചു ചാണകത്തോടും, മണ്ണിനോടും ചേർത്തു ഒരുമാതിരിവളം ഉണ്ടാക്കിവന്നു. ഇൻഡ്യയിലെ കൃഷിക്കാരും ഇതുപോലെ പ്രവർത്തിക്കുന്നതിന് അവരെ പരിചയിപ്പിക്കണം. ഇതിനും പ്രചരണവേലയുടെ ആവശ്യം ഉണ്ടു. കന്നുകാലികളുടെ സ്ഥിതിയേയും ഉപയോഗത്തേയും പററി ഇനി ഒരു സ്ഥലത്തു പ്രതിപാദിക്കുന്നതുകൊണ്ടു ഇവിടെ ഒരു ചെറിയ സംഗതിമാത്രം പറയുന്നതേ ഉള്ളു. കന്നുകാലികൾക്കു ധാരാളം ആഹാരം കൊടുക്കുകയും അവയെശരിയായി സംരക്ഷിക്കുകയും ചെയ്യുന്നതായാൽ കൂടുതൽ വളമുള്ളതായ ചാണകം കൃഷിക്കാരന് യഥേഷ്ടം ലഭിക്കുവാനിടയുണ്ടു. ഈ പറഞ്ഞമാർഗ്ഗങ്ങൾ-

പ്രായോഗികമാക്കിത്തീക്കുന്നതിന്ന് വലിയ വൈഷമ്യങ്ങാം ഉള്ളവയല്ല. ഇതിന്ന് കൂടിയ ചിലവുമില്ല. ഇതുകൊണ്ട് ഇൻഡ്യൻ കൃഷിക്കാരന്റെ പെട്ടെന്നുള്ള ആവശ്യം നിറവേറുകയും ചെയ്യും.

ഇൻഡ്യക്ക് പൊതുവേയുള്ള പ്രകൃതിവിഭവങ്ങാം വളരെ നല്ലവയാണെന്നും നാം അതിനെ ശരിയായി വിനിയോഗിക്കാതെ ഇരിക്കുന്നത് നമ്മുടെ പേരിലുള്ള വലിയ തെറ്റുകളിൽ ഒന്നാണെന്നും മിസ്റ്റർ ലപ്ടൺ അദ്ദേഹത്തിന്റെ പുസ്തകത്തിൽ* പറയുന്നു. ഗവൺമെണ്ട് കൃഷിഡിപ്പാർട്ട്മെണ്ടുകാം മൂലം കൃഷിക്കാക്ക് വളം ഉണ്ടാക്കിയോ വരുത്തിയോ കടമായി കൊടുത്ത് കൃഷിചെയ്യിക്കേണ്ടതാണ്. വിളവെടുപ്പുകാലത്ത് വളത്തിന്റെ വില അവരിൽ നിന്നും വസൂലാക്കാം. ഇങ്ങിനെ വളം കൊടുക്കുന്നതിനും കൃഷിക്കാരെ നല്ലവളം ഉപയോഗിച്ച കൃഷി ചെയ്യിപ്പിക്കുന്നതിനും പ്രേരിപ്പിക്കുന്നതിനായി നാട്ടിന്റെ നാനാഭാഗങ്ങളിലും വളം ഡിപ്പോകാം സ്ഥാപിക്കയും അതിൽ നിന്ന് കൃഷിക്കാക്ക് വളം വിതരണം ചെയ്യുന്നതിന്ന് വേണ്ടഏപ്പാടുകാം ചെയ്യുകയുംവേണം. വളം ശേഖരിച്ചിടുന്നതിന്ന് ഒരുത്തമകേന്ദ്രം ആവശ്യമാണ്. കൃഷിവകുപ്പുകാരും പരസ്പരസഹായവകുപ്പുകാരുമാണ് ഇതിൽ സജീവമായി പ്രവത്തിക്കേണ്ടത്. വളം എല്ലാപേരും ധാരാളം ഉപയോഗിച്ചുതുടങ്ങുന്നതുവരെ പ്രചരണത്തിനും ആളുകളെ പഠിപ്പിക്കുന്നതിനും ആയി അതു വെറുതെ കൊടുത്താലും തരക്കേടില്ല. കാലക്രമത്തിൽ അത് ഒരു വ്യവസായവുമാക്കാം.

---

* Happy India by Lupton.

ഇനി ശ്രേദ്ധിക്കേണ്ടത് നിലം തയ്യാറാക്കുന്നതിനെപ്പററിയാകുന്നു. ശരിയായിട്ടുള്ള വളം കൃഷിക്ക് എത്രമാത്രം പ്രാധാന്യമുള്ളതാണോ അത്രയുംതന്നെ പ്രധാനമാണ് ഉഴവ്. ഉഴവിൻെറ ഉദ്ദേശ്യംതന്നെ മേൽപരപ്പിന് താഴെകിടക്കുന്ന മണ്ണിന് കൂടുതൽ കാററും വെളിച്ചവും നൾകുന്നതിനാണ്. ശരിയായിട്ടുള്ള ഉഴവുകൊണ്ട് മണ്ണിന് വായുമണ്ഡലത്തിൽനിന്നും കൂടുതൽ ആക്സിജനും നൈട്രജനും കിട്ടുന്നതിനും മണ്ണിൽഉള്ള നൈട്രജൻ കഴിയുന്നത്ര പ്രയോജനപ്പെടുത്തുന്നതിനും സാധിക്കും. ഭൂമിയിൽനിന്നു ഏററവും കൂടുതൽ വിളവുകിട്ടുന്നതിന് ശരിയായ ഉഴവിനെപ്പോലെ മറെറാന്നും പ്രയോജനപ്പെടുകയില്ലന്നാണ് സർ ഗംഗാറാമിൻെറ* അഭിപ്രായം. അഞ്ചുമുതൽ ഏഴുവരെ തവണകൾ ഒരോ വയലും ഉഴന്നത് നന്നായിരിക്കും. പലതവണ ഉഴന്നതുകൊണ്ട് മണ്ണിനെ കൂടുതൽ വിളവു നൾകുന്നതിന സഹായിക്കുന്ന അനവധി ധാതുപരിണാമങ്ങൾ സാദ്ധ്യമാകുന്നു.† ആവശ്യത്തിലധികം വെള്ളംകെട്ടി നിൽക്കുന്നതിനും അനുവദിക്കുവാൻ പാടില്ല. ഉഴവ് ശരിയായി നടത്തുന്നതിനും കന്നുകാലികളുടെ സഹായം അത്യാവശ്യമാണ്. ഉഴവിൻെറ ഗുണം കന്നുകാലികളുടെ ശക്തിയെ അനുസരിച്ചിരിക്കുന്നു. ഇതും ഇൻഡ്യൻ കൃഷിയിൽ കന്നുകാലികൾക്കുള്ള പ്രാധാന്യത്തെ തെളിയിക്കുകയാണ് ചെയ്യുന്നത്.

ഇനിയും നല്ലവിത്ത് പാകുന്നതിൽ ശ്രദ്ധപതിക്കേണ്ട ആവശ്യത്തെപ്പററിയാണ് പറയുവാനുള്ളത്. കൃഷി

---

* സർ ലീലാ ഗംഗാറാം ഇൻഡ്യയിലെ ഏററവും വലിയ കൃഷിക്കാരനായിരുന്നു. അദ്ദേഹം Royal Commission on Agriculture ലെ ഒരംഗവുമായിരുന്നു.

† Howard.

യുടെ അടിസ്ഥാനംതന്നെ നല്ല വിത്തിലാണ് സ്ഥിതി ചെയ്യുന്നതു്. കാൎഷിക പരിശ്രമങ്ങളുടെ മുഖ്യലക്ഷ്യം ചെടിയുടെ വളൎച്ചയും പുഷ്ടിയുമാണല്ലോ. മണ്ണിന്റെ ഗുണം കൂട്ടുന്നതും മററും ചെടിയുടെ ബലത്തേയും ഫലപ്രദായകത്വത്തേയും വൎദ്ധിപ്പിക്കുന്നതിനാണ്. "വിത്തുഗുണം-പത്തുഗുണം" എന്നാണല്ലോ പഴമൊഴി. നല്ലതരത്തിലുള്ള വിളവുകൾ ഉണ്ടാക്കുന്നതിന് പുതിയ രീതിയിൽ കൃഷി ചെയ്യിക്കുകയും ആയതിന് ഏററവും യോജിച്ചതും ഉത്തമവും ആയ വിത്തുകൾ ഉപയോഗിപ്പിക്കുകയും ആണ് ഗ്രാമീണപുനരുദ്ധാരകൻ ചെയ്യേണ്ടതു്. നല്ല വിത്തുകൾ ഉപയോഗിക്കുന്നതുകൊണ്ടു് കൃഷിക്കാരന് അശേഷം ചെലവു വൎദ്ധിക്കുന്നതല്ല. പക്ഷെ ഇതിന് ഒരു വലിയ പ്രതിബന്ധം ഇൻഡ്യയിൽ കാണുന്നു. യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലും ഉത്തമമായ വിത്തുകൾ വിൽക്കുന്ന കച്ചവടക്കാർ ഉണ്ടു്. ഇൻഡ്യയിലാകട്ടെ അങ്ങനെ ഒരു കച്ചവടക്കാരനെ കണികാണുവാൻപോലും ഇല്ല. വേറെ ഒരു വിഷമം ഉള്ളതു് നമ്മുടെ കൃഷിക്കാരിൽ അധികംപേൎക്കും നല്ലവിത്തു് തിരഞ്ഞെടുക്കുന്നതിനുള്ള അറിവു് ഇല്ലെന്നുള്ളതാണ്. അതുകൊണ്ടു് ഇവിടേയും ഗവൎമ്മെണ്ടിന്റെ സാങ്കേതികോപദേശത്തെ കൃഷിക്കാരൻ ആശ്രയിക്കേണ്ടതാണ്. കൃഷിക്കാരേക്കൊണ്ടു നല്ലവിത്തു വിതപ്പിക്കുന്നതിനു കൃഷിഡിപ്പാട്ടുമെൻറുകാർ ബദ്ധശ്രദ്ധരായിരിക്കണം. സൎക്കാരുദ്യോഗസ്ഥനും കൃഷിക്കാരനുമായുള്ള അകൽച്ച ഇതിന് ബാധകമായിതീരുന്നു എന്നു വന്നേക്കാം. എന്നാൽ യഥാൎത്ഥരാജ്യഭക്തനായ സൎക്കാരുദ്യോഗസ്ഥന്റെ ചുമതല രാജ്യത്തിലെ ഓരോ വ്യക്തിയുടേയും ഭൌതികമായ ഐശ്വൎയ്യം സംപൂൎണ്ണമാകുന്നതുവരെ നില്ക്കുന്നില്ല. ഓരോ

കൃഷിക്കാരന്റെ അടുക്കലും ഒന്നോ പത്തോ പതിനായിരമോ തവണ വീതം അയാൾ പോകേണ്ടതായി വന്നാലും പരിഷ്കൃതമായ കൃഷിസമ്പ്രദായം കൃഷിക്കാരൻ സ്വീകരിക്കുന്നതുവരെ അയാൾക്കു മുഷിവുണ്ടാകരുതു്.

പുതിയമാതിരി വിത്തുകൾ കണ്ടുപിടിക്കുന്നതിൽ കൃഷി ഡിപ്പാർട്ടുമെൻറുകാർ ഇപ്പോൾ യത്നിക്കുകയാകുന്നു. സങ്കരജാതികളായ വിത്തുകളിൽനിന്നു് പുതിയമാതിരി വിത്തുകൾ ഉണ്ടാക്കി കൃഷിചെയ്യുന്നതിന്റെ ഫലം ഗുണകരമായികണ്ടിട്ടുണ്ടു്. കൃഷിക്കാരനെ ഇത്തരം പുതിയ വിത്തുകൾ ഉപയോഗിക്കാൻ ശീലിപ്പിക്കണം. ഇൻഡ്യയുടെ പലഭാഗങ്ങളിലായി കൃഷിഡിപ്പാർട്ടുമെൻറുകാരുടെ നിയന്ത്രണത്തിൽ പല പരീക്ഷണത്തോട്ടങ്ങളും ഉണ്ടാക്കിയിരിക്കുന്നു. അവിടെയെല്ലാം കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പുതിയ കാര്യങ്ങൾ കണ്ടുപിടിക്കുന്നു. എന്നാൽ കൃഷിഡിപ്പാർട്ടുമെൻറുകാരുടെ ഏതൽ കാര്യാത്ഥമുള്ള പരിശ്രമങ്ങൾ ജനസാമാന്യത്തിനു് ഉപകാരപ്രദമായിത്തീരുന്നില്ലായെന്നു് പൊതുവേ ഒരു പരാതിയുണ്ടു്. ഈ ആവലാതിക്കു് പലേ കാരണങ്ങളും കണ്ടേക്കാം. പരീക്ഷണങ്ങൾക്കു് ജനസാമാന്യത്തെ ആകർഷിക്കുന്നതിനുള്ള അസാദ്ധ്യത പക്ഷേ അവയിൽ ഒന്നായിതീരാം. എന്നാൽ കൃഷിക്കാരന്റെ അലംഭാവവും നവീനപദ്ധതികളെ സ്വീകരിക്കുന്നതിനുള്ള അസന്നദ്ധതയും അവയിൽ മുഖ്യമായവയാണെന്നതിനു സംശയമില്ല. അഭിവൃദ്ധിയോടുള്ള വൈമുഖ്യത്തെയാണു് ഇതു് സൂചിപ്പിക്കുന്നതു് എന്നു് ഒരു ഉപരിപ്ലവവീക്ഷകനു് തോന്നിയേക്കാം. ഈ മനോഭാവത്തെ വിശകലനം ചെയ്തു നോക്കിയാൽ വാസ്തവത്തിലുള്ള കാരണം വേറെയാണെന്നു് മനസ്സിലാകും. നിശ്ചിതമായ പരിണാമം

സുസ്ഥാപിതമാകാത്തതും സാഹസികവുമായ പരിശ്രമങ്ങളിൽ പ്രവേശിക്കുന്നതിന്ന് ഇൻഡ്യൻ കൃഷിക്കാരന്നെ അവന്റെ പരിതസ്ഥിതികൾ അനുവദിക്കുന്നില്ല. മിക്കവാറും പട്ടിണിആയിക്കഴിയുന്ന അയാൾക്ക് ഏതെങ്കിലും പുതിയരീതി സ്വീകരിക്കുന്നതുനിമിത്തം "ഉള്ളതുംകൂടി ഇല്ലാതെയാകുമോ?" എന്ന ഭയമാണ് ഇമ്മാതിരി കാര്യങ്ങളെ സംബന്ധിച്ച് എല്ലായ്പോഴും ഉള്ളത്. ഈ അധൈര്യം മാററത്തക്കവിധത്തിൽ പ്രചരണവേല ചെയ്യുകയും ഫലം കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതും കൃഷിവകുപ്പിൽ പര്യവേക്ഷണം നടത്തിക്കുന്നവരുടെ ചുമതലകളിൽ ഒന്നാകുന്നു.

നല്ലമാതിരി വിത്തുകളുടെ ഉപയോഗംകൊണ്ട് വളരെ മെച്ചമായ ഫലമുണ്ടായിട്ടുണ്ടെന്നുള്ളത് ചില പ്രത്യേക സ്ഥലങ്ങളിൽ നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെ ഫലംകൊണ്ട് തെളിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഇരുപതുകൊല്ലങ്ങളിലെ പരിശ്രമഫലമായി ഇൻഡ്യയിൽ ആകെ അമ്പതുലക്ഷം ഏക്കർ ഭൂമി കൂടുതൽ കൃഷിക്കധീനമാക്കിക്കഴിഞ്ഞു. ഈ സ്ഥലം മുൻപു കൃഷിചെയ്യാതെ പ്രത്യേകമായി തിരിഞ്ഞുകിടന്നതോ അല്ലെങ്കിൽ കൃഷിഡിപ്പാർട്ടുമെൻറുകാരുടെ പരിശ്രമഫലമായി പുത്തനായി കൃഷിചെയ്‌വാൻ തുടങ്ങിയതോ ആണ്. ഇതുനിമിത്തം രാജ്യത്തിന്ന് പൊതുവേ അഞ്ചുകോടി രൂപാ കൂടുതൽ ആദായം ഉണ്ടായിട്ടുണ്ട്. ബംഗാളിൽ ജൂട്ട് കൃഷിചെയ്യുന്ന സ്ഥലത്തുമാത്രം പുതിയ മാതിരി വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്യുകയാണെങ്കിൽ ഒരു കൊല്ലത്തിൽ നാലരക്കോടിരൂപ കൂടുതൽ ആദായം ഉണ്ടാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. കൂടുതൽ ഫലപ്രദമായ ഈമാതിരി കൃഷികൊണ്ടുണ്ടാകുന്ന കൂടു

തൽ വിളവ് ആവശ്യത്തിലധികമാണെങ്കിൽ ആവശ്യമുള്ളിടത്തോളം വിളവുമാത്രം ഉണ്ടാകേണ്ടസ്ഥലം കൃഷി ചെയ്താൽ മതിയാകും. അങ്ങിനെയാണെങ്കിൽ കൂടുതൽ വരുന്നസ്ഥലം മററുവിളവുകൾ കൃഷിചെയ്വാൻ ഉപയോഗിക്കാമെല്ലോ. ഇതുപോലെതന്നെ, നല്ലവിത്തുകളുടെ ഉപയോഗം നിമിത്തം ഏക്കറൊന്നിനു ൩ മന്ന് കൂടുതൽ നെല്ല് വിളയിക്കുവാൻ സാധിക്കുമെന്നും ആ കണക്കനുസരിച്ച് നെല്ലുകൃഷിയിൽനിന്നുള്ള ആദായം ആകപ്പാടെ ഒൻപതു് കോടിരൂപായായി വദ്ധിക്കുമെന്നും ആളൊന്നിനു് രണ്ടുരൂപാ വീതം ആദായം കൂടുന്നതാണെന്നും കണ്ടിരിക്കുന്നു. ഈ കണക്കുകൾ ചില പ്രത്യേകപരീക്ഷണസ്ഥലങ്ങളിൽ നല്ലവിത്തും കൂടുതൽ ശാസ്ത്രീയമായ വളങ്ങളും ഉപയോഗിച്ച് കൃഷിചെയ്തതിൽനിന്നു് ലഭിച്ചിട്ടുള്ളതാണെന്നു് എടുത്തു പറയേണ്ടതില്ലല്ലോ. ഓരോ വയലിൽനിന്നും കൂടുതൽവിളവ് കിട്ടുന്നതിനുള്ള പരിശ്രമം ആ വയലിൻെറ മണ്ണിൽ ഉള്ളശക്തി കുറയ്ക്കുകയാണു്. അതുകൊണ്ടു് കൂടുതൽ വളം മുതലായവ വയലിൽ ഇട്ടുകൊടുക്കേണ്ടതു് ആവശ്യമാണു്. എന്നാൽ ഒരു പുനരുദ്ധാരണപദ്ധതിയിൽ നല്ലവിത്തു് ഉപയോഗിക്കേണ്ടതും അത്രതന്നെപ്രാധാന്യമുള്ളതാണു്. നല്ലവിത്തു് ഉപയോഗിക്കുന്നതിൽനിന്നു് കൂടുതൽവിളവ് മാത്രമല്ല കൂടുതൽ ഗുണമുള്ള വിളവും കിട്ടുന്നു. തന്മൂലം ആദായം വദ്ധിക്കുകയും ഭൂമിയെ പോഷിപ്പിക്കുന്നതിനു വേണ്ടശ്രമങ്ങൾ ചെയ്യുന്നതിനു് കൃഷിക്കാരൻ ശക്തനായിതീരുകയും ചെയ്യുന്നു. നമ്മുടെ കൃഷിക്കാർ നല്ലവിത്തുകൾ ഉപയോഗിക്കുന്നതിനു് താല്പര്യമില്ലാത്തവരല്ല. പട്ടണങ്ങളോടും പരീക്ഷണ ശാലകളോടും അടുത്തു് ജീവിക്കുന്ന കൃഷിക്കാരിൽ പലരും നല്ലവിത്തുകൾ ഉപ-

യോഗിച്ച് കൃഷിചെയ്യുന്നതിൽ ഒട്ടും വിമുഖരല്ല. അതു കൊണ്ട് നല്ലവിത്തുകൾ ഉപയോഗിക്കുന്നതു് സാർവ്വത്രികമാക്കുന്നതിനാണു് ഇനി പരിശ്രമിക്കാനുള്ളതു്. എവിടേയും എന്തുതരം കൃഷിയായാലും ഏററവും നല്ല വിത്തുമാത്രമേ അതിന്ന് ഉപയോഗിക്കാൻപാടുള്ളു എന്ന നിർബ്ബന്ധം കൃഷിക്കാരിലും അവരിൽ സ്വാധീനശക്തിയുള്ളവരിലും ഉണ്ടാകണം. വിത്തുണ്ടാകുന്ന സ്ഥലങ്ങളും വിത്തുശേഖരിക്കുന്ന സ്ഥലങ്ങളും മിക്കവാറും എല്ലാഗ്രാമങ്ങളിലും ഉണ്ടാകയും വേണം. മേൽ പ്രസ്താവിച്ച വളം ഡിപ്പോകൾ പോലെ വിത്തുഡിപ്പോകൾ കൃഷിവകുപ്പുകാരുടേയോ പരസ്പര സഹായവകുപ്പുകാരുടേയോ നിയന്ത്രണത്തിൽ സ്ഥാപിക്കേണ്ടതാണു്. കൃഷിചെയ്യേണ്ടതായ സ്ഥലത്തിന്ന് ഏററവും അടുത്ത ദിക്കിൽ വിത്ത് ഉണ്ടായിരിക്കേണ്ടതാണു്. എന്നാൽമാത്രമെ വിത്ത് ആവശ്യപ്പെട്ടമ്പോൾ കിട്ടുവാനിടയുള്ളു. ദൂരദിക്കിൽനിന്ന് വിത്തുകൊണ്ടുവരേണ്ടതായിട്ടാണിരിക്കുന്നതെങ്കിൽ ശരിയായ സമയത്തിന് വിത്തുകിട്ടാതേവരാൻ ഇടയുണ്ട്. വിതയ്ക്കേണ്ട സമയത്തു വിത്തുകിട്ടുന്നില്ലെങ്കിൽ കൃഷി താമസിച്ചു പോകാനും തന്നിമിത്തം കൃഷി ശരിയാകാതെ വന്നേക്കാനും മതി. കൂടാതെ നെല്ലുമുതലായ ധാന്യങ്ങളുടെ വിത്തുകൾക്കു് ശേഖരണസ്ഥലത്തുനിന്ന് കൃഷിചെയ്യേണ്ട സ്ഥലത്തേക്കു് കൊണ്ടുവരുന്നതിനുള്ള ചെലവ് തന്നെ വളരെ കൂടുതലായി എന്നു വന്നേക്കാം. ഈ ചെലവ് ഒഴിച്ചുകൂടാൻ പാടില്ലാത്തതല്ലല്ലോ. കൃഷിസ്ഥലത്തുതന്നെ വിത്തുകൾ ശേഖരിക്കുന്നതുകൊണ്ടു് മറെറാരുഗുണംകൂടിയുണ്ട്. നെല്ലു മുതലായ ധാന്യങ്ങൾ ഇരുപതിരട്ടി വദ്ധിക്കുന്നതു് അസാധാരണയല്ല. വദ്ധി-

നയുടെ അനുപാതമനുസരിച്ച് വിത്തും കൂട്ടതലുണ്ടാക്കുന്നതിനു സാധിക്കുന്നു. ശരിയായ വിത്തുകൾ കണ്ടുപിടിക്കുന്നതിനും ശേഖരിക്കുന്നതിനും ചെറിയ സാങ്കേതിക പരിജ്ഞാനം ആവശ്യമാണ്. ശരിയായ വിത്തിൻെറ ഗുണങ്ങൾ അറിഞ്ഞിരുന്നാൽ മാത്രമെ അതു് തിരഞ്ഞെടുത്തു ശേഖരിക്കുന്നതിന് സാധിക്കുകയുള്ളു. എന്നാൽ ഈ പരിജ്ഞാനം സമ്പാദിക്കുന്നതിന് വലിയ പ്രയാസമുള്ളതല്ല. കൃഷിയുമായി കുറച്ചുനാളത്തെ അടുത്തു പരിചയംകൊണ്ടു് ഇതു സമ്പാദിക്കുവാൻ സാധിക്കും. ഏതുകൊണ്ടും വിത്തുഡിപ്പോ കൃഷിസ്ഥലത്തിന് ഏററവും അടുത്തസ്ഥലത്തുണ്ടായിരിക്കുന്നതുതന്നെയാണ് നല്ലതു്.

വിത്തുഡിപ്പോകളും വിത്തുണ്ടാക്കുന്ന വയലുകളും ഓരോ ഡിസ്ത്രിക്ടിലും ഉണ്ടായിരിക്കത്തക്കവിധം കൃഷിഡിപ്പാർട്ടുമെൻറുകാർ ഒരു പരിപാടി തയ്യാറാക്കേണ്ടതാണ്. ഈ ഡിപ്പോകളും വയലുകളും വളവും പോഷകസാധനങ്ങളും വിതരണം ചെയ്യുന്നതിനുകൂടി ഉപയോഗിക്കപ്പെടണം. ഗ്രാമങ്ങളിൽ ഉള്ള പഞ്ചായത്തുകളും പരസ്പരസഹായസംഘങ്ങളും ഇമ്മാതിരി ഡിപ്പോകളും സ്ഥലങ്ങളും സ്ഥാപിക്കുന്നതിൽ ജാഗ്രതയുള്ളവരായിരിക്കണം. വിത്തുശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രത്യേകം പരസ്പരസഹായസംഘങ്ങൾ തന്നെ ഉണ്ടാക്കണം. ഈ സംഘങ്ങളുടെ വകയായി ഡിപ്പോകളും വയലുകളും പ്രത്യേകം ഉണ്ടായിരിക്കുന്നതുനന്നായിരിക്കും. ഇതു പക്ഷേ പ്രായോഗികമല്ലെങ്കിൽ പൊതുവായി ഉണ്ടാക്കുന്ന ഡിപ്പോകളിൽ പരസ്പരസഹായസംഘങ്ങളുടെ വിത്തുകൾ ശേഖരിക്കുന്നതിനു വേണ്ട ഏപ്പാടു് ചെയ്താലും മതിയാകും. ഗ്രാമത്തിനു സമീപമുള്ള

ധനികന്മാരായ ജമിന്ദാരന്മാരേയും ഈ സംഘങ്ങളിൽ ചേരുന്നതിനു പ്രേരിപ്പിക്കണം. അവർ കൂടി ഈ സ്ഥാപനത്തിൽ ഭാഗഭാക്കുകളായെങ്കിൽ മാത്രമെ അവരുടെകുടിയാന്മാരുടെ കൃഷി നന്നാകയുള്ളൂ. മൊത്തത്തിലുള്ള കാർഷികാഭിവൃദ്ധിയിൽ ജമിന്ദാരന്മാരുടേയും അവരുടെ കുടിയാന്മാരുടേയും കൃഷിയുടെ ഫലങ്ങളും ഉൾപ്പെട്ടു മല്ലൊ. ഈ കാര്യങ്ങൾക്കെല്ലാം കുറെ പണം ആവശ്യമായിരിക്കും. ആദ്യമെ കുറെക്കാലത്തേക്കു ധനസഹായം ഗവൺമെണ്ടിൽ നിന്നുതന്നെ ഉണ്ടാകാതെ തരമില്ല. ഗ്രാമപ്പഞ്ചായത്തുകളൊ ഗ്രാമത്തിലെ ഇതരജനകീയ സ്ഥാപനങ്ങളൊ മുഖാന്തിരം വേണം ഗവൺമെണ്ടിൽ നിന്നു ഈ ഇനത്തിലേയ്ക്കുള്ള ഗ്രാൻറ് വിതരണം ചെയ്യേണ്ടതു്. ഗ്രാമത്തിലെ സ്ഥാപനങ്ങളും അവരുടെ ശക്തിക്കൊത്തവണ്ണം ഈ ചെലവു് സഹിക്കേണ്ടതാണു്.

ഈ ഡിപ്പോകളും വയലുകളും ഭരിക്കുന്നതിനായി കുറെ പ്രകടനോദ്യോഗസ്ഥന്മാർ വേണ്ടിവരും. ഈ പ്രത്യേകജോലി ചെയ്യുന്നതിന് അഭിരുചിയുള്ളവരേയും പരിശീലനം സിദ്ധിച്ചിട്ടുള്ളവരേയും മാത്രമെ ഇതിനായി നിയമിക്കാൻ പാടുള്ളു. ആരംഭത്തിൽ കുറെ കാലത്തേക്കു മാത്രമെ പുറത്തുനിന്നു ആളുകളെ ഇതിന്നു വരുത്തേണ്ടതായി വരികയുള്ളൂ. പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരേയും യൂണിയൻ ബോർഡ് സിക്രട്ടറിമാരേയും ഗ്രാമത്തിലുള്ള മററുദ്യോഗസ്ഥന്മാരേയും കാലക്രമം കൊണ്ടു് ഈ ജോലി പരിചയിപ്പിക്കാവുന്നതാണു്.

നല്ലവിത്തുകൾ ഉപയോഗിപ്പിക്കുന്നതിനുള്ള ശ്രമത്തോടുകൂടി പലതരത്തിലുള്ള വിളവുകളും ഒന്നിലധികം വിളവുകളും ഒരേ വയലിൽ നിന്നുതന്നെ ഉണ്ടാ

ക്കുന്നതിനുള്ള സാദ്ധ്യതയും കൃഷിക്കാരെ മനസ്സിലാക്കണം. ഭൂമിക്ക് വേണ്ടിടത്തോളം പോഷകങ്ങൾ പ്രദാനം ചെയ്തിട്ട്, അതിൽ നിന്നും കിട്ടാവുന്നിടത്തോളം ഫലം വാങ്ങുക എന്നുള്ളതായിരിക്കണം എല്ലാകൃഷിക്കാരുടെയും ഉദ്ദേശ്യം. ഇപ്പോൾ കൃഷിചെയ്യാതെ തരിശായി കിടക്കുന്ന സ്ഥലങ്ങളെല്ലാം കൃഷിചെയ്യുകയും ഇപ്പോൾ ഒരു വിളവ് മാത്രം എടുക്കുന്ന സ്ഥലങ്ങളിൽ രണ്ടോ അതിലധികമൊ വിളവുകൾ എടുക്കുകയും ചെയ്ത് നമ്മുടെ ഉല്പാദകശക്തി വർദ്ധിപ്പിക്കേണ്ടതു് എത്രയും അത്യാവശ്യമാകുന്നു. കന്നുകാലികൾക്ക് ആഹാരത്തിനായിപ്രത്യേകതരം പുല്ലുകൾ, വയലുകളിൽ ധാന്യങ്ങൾ കൃഷിചെയ്ത് കഴിഞ്ഞതിന്റെ ശേഷം, കൃഷി ചെയ്തു വളർത്തണം. ഓരോ കൃഷിക്കാരനും തന്റെ കൃഷിയിൽ സ്ഥായിയായ താല്പര്യം ഉണ്ടാകുകയും കൃഷിയിൽനിന്നു കിട്ടാവുന്നിടത്തോളം വിളവെടുക്കുകയും ചെയ്യുന്നതാണു് രാജ്യത്തിന്റെ യഥാർത്ഥാഭിവൃദ്ധിക്ക് പ്രധാന കാരണമായിത്തീരുന്നതു്.

<u>ജലസേചനം:</u>—വളത്തിന്റേയും വിത്തിന്റേയും പ്രാധാന്യം നാം കണ്ടുകഴിഞ്ഞു. വിതച്ചുകഴിഞ്ഞതിന്റെ ശേഷം വിത്തിനു ലഭിക്കേണ്ടതായ നനവിനും അതു കിളുത്തുകഴിഞ്ഞാൽ വിളവെടുക്കുന്നതിനുള്ള സമയമാകുന്നതുവരെ ചെടിയേയും വിളവിനേയും പോഷിപ്പിക്കുന്നതിന് ആവശ്യമുള്ള വെള്ളത്തേയും പററി നമുക്ക് ഇനി പര്യാലോചിക്കാം. വിളവിന്റെ ശക്തി വർദ്ധനക്ക് ചെടിയുടെ വേരിനാണു ബലം കിട്ടേണ്ടതു്. ഇതിനു കീഴ്മണ്ണിന് ധാരാളം കുളിർമ്മയെ കൊടുക്കുകയാണു് ഉപരി

മണ്ണിനെ നനക്കുന്നതിനേക്കാം കൂടുതൽ ആവശ്യം. എന്നാൽ കീഴ്മണ്ണിൻെറ നനവും കുളിർമ്മയും ഉപരി മണ്ണിനെ നനക്കുന്നവെള്ളത്തിൻെറ കൂടുതൽ കുറവ് അനു സരിച്ചിരിക്കും. വെള്ളത്തിൻെറ ക്രമീകരണം കൃഷിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. "ഒരു രാജ്യത്തിൻെറ ക്ഷേമം അതിലെ വെള്ളത്തിൻെറ ക്രമീകരണത്തെ അനുസരിച്ചിരിക്കും. പ്രത്യേകിച്ചും ഉഷ്ണ മേഖലയിലുള്ളതും ധാരാളം മഴപെയ്യുന്നതും ആയ സ്ഥലങ്ങളിലെ വെള്ളത്തിൻെറ ക്രമീകരണത്തിന് അനുപമമായ പ്രാധാന്യമുണ്ടെ"ന്നാണ് സർ ആർതർകാട്ടൺ അഭിപ്രായപ്പെടുന്നത്. ശാസ്ത്രീയമായ ഒരു ജലസേചന പദ്ധതിയുടെ സ്വീകരണം കൊണ്ട് വെള്ളത്തിൽ കലങ്ങിവരുന്ന വളം അതാതു സ്ഥലങ്ങളിൽ തങ്ങികിടക്കുവാനും മലിനങ്ങളായ വസ്തുക്കളെ ദൂരെ ഒഴുക്കി കളവാനും ഉപയോഗപ്പെടുന്നു എന്നുള്ളത് കൂടാതെ ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തെ ധാരാളമായി വദ്ധിപ്പിക്കുകയും രാജ്യത്തിൻെറ സമ്പത്തിനെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യാനും ഉതകുന്നു. ധാരാളം മഴയുള്ള സ്ഥലങ്ങളിൽ വെള്ളത്തിൻെറ പാച്ചിലിനെയോ ഉപയോഗത്തേയോ ക്രമീകരിക്കേണ്ട ആവശ്യമില്ലന്ന് ചിലക്കഭിപ്രായമുണ്ട്. എന്നാൽ ഇതു് അത്രത്തോളം ശരിയല്ലന്ന് ബംഗാളിലെ കൃഷി ഡയറക്ടരായിരുന്ന ഡാക്ടർ ഫിൻലോ ശക്തിയുക്തം സ്ഥാപിച്ചിട്ടുണ്ട്. മഴയെ മാത്രം ആശ്രയിച്ചിരിക്കുന്നതു് വളരെ വലിയ ആപത്തിനു കാരണമാണ്. ശരിയായിട്ടുള്ള സമയത്തും, ആവശ്യമുള്ളിടത്തോളവും മഴ പെയ്യുക എന്നതു തന്നെ നിശ്ചയിക്കുവാൻ പാടില്ലാതെയാണിരിക്കുന്നതു്. പ്രത്യേകിച്ചും ഈയ്യിടെയായി ഇൻഡ്യയിൽ മഴ അകാലത്തിൽ തന്നെ

യാണ് പെയ്യുന്നത്. ഇൻഡ്യയുടെ പലഭാഗത്തും കൃഷിക്ക് വെള്ളത്തിൻെറ ക്രമീകരണം അത്യാവശ്യമാണ്. കൂടാതെ മണലിനടിയിലുള്ള ജലനിര—ആണ്ടുതോറും എന്നു തന്നെ പറയാം—താഴ്ന്നു പോകയാണ്. കാലത്തിൻെറ വ്യത്യാസംകൊണ്ട് നദികളും തോടുകളും ഉണങ്ങി വരണ്ടുപോയിട്ടുമുണ്ട്. ഇവകളെല്ലാം പുനർജ്ജീവിപ്പിക്കുകയും പുതിയ വഴികൾ കണ്ടുപിടിക്കയും ചെയ്യേണ്ടതു് എത്രയും അത്യാവശ്യമാണ്.

ഓരോ പ്രവിശ്യകളിലും ഗ്രാമങ്ങളിലും ജലസേചനത്തിനുള്ള പ്രാധാന്യത്തിന് വ്യത്യാസമുണ്ട്. ഇതിനു കാരണം മഴ ധാരാളമായി പെയ്യുന്ന ചീറാപ്പുഞ്ചി മുതൽ ആണ്ടിൽ ഒന്നോ രണ്ടോ മഴ പെയ്യുന്ന രാജപുട്ടാണായിലെ മണലാരണ്യം വരെയുള്ള സ്ഥലങ്ങളിൽ ഇൻഡ്യൻ ഗ്രാമങ്ങളുള്ളതാണ്. ഇൻഡ്യയിൽ കൃഷിക്കുപയോഗിക്കുന്ന വെള്ളം കിട്ടുന്നതു് നദി, തോട്, കിണർ, കുളം എന്നിവകളിൽ നിന്നാണ്. ഇതുകളൊന്നുമില്ലാത്തസ്ഥലങ്ങളിൽ കൃത്രിമമായ വരമ്പുകളുടെ സഹായം കൊണ്ട് ജലസംഭരണവും ജലസേചനവും സാധിക്കുന്നു. ഇൻഡ്യയുടെ പലഭാഗത്തും ആവശ്യമുള്ള ജലസേചനത്തിന് കൂടുതൽ കുറവുണ്ടെങ്കിലും ഒരിടത്തും അതു് തീരെ ആവശ്യമില്ലാത്തതായി ഉപേക്ഷിക്കുവാൻ നിവൃത്തിയില്ല. പ്രത്യേകിച്ചും അതിൻെറ ആവശ്യം സിൻഡ്, പഞ്ചാബ്, വടക്കുപടിഞ്ഞാറൻ അതിർത്തിദേശങ്ങൾ, മദ്രാസ്, യുണൈറഡ് പ്രാവിൻസസ്സ്, ബീഹാർ ഒറിസ്സാ എന്നീ പ്രവിശ്യകളിൽ ആണ്. ഈ സ്ഥലങ്ങളിലുള്ള ജലസേചനം അധികവും തോടുകളെ ആശ്രയിച്ചാണിരിക്കുന്നതു്. തോടുകൾ കഴിഞ്ഞാൽ പിന്നെ

കൂടുതൽ പ്രാധാന്യത്തെ അർഹിക്കുന്നതു് കിണർമൂലമുള്ള ജലസേചനമാണു്. കിണറുകൾ പലമാതിരിയുണ്ടു്. തറയിലുള്ള ചെറിയ കുഴികൾ മുതൽ വളരെ വിസ്താരവും ആഴവും ഉള്ള കരിങ്കല്ലും കാൺക്രീററും ഇട്ടു ബലമായിപണിത വലിയ കിണറുകൾവരെ ജലസേചനത്തിനായി ഉപയോഗിക്കപ്പെടുന്നു. കുഴലുകൾ ഇറക്കി യന്ത്രശക്തികൊണ്ടു് ഭൂമിയിൽ നിന്നു് അതുവഴി വെള്ളം എടുക്കാറുമുണ്ടു്. കിണറുകൾമൂലമുള്ള ജലസേചനം അധികം യൂണൈറഡു് പ്രാവിൻസസ്സിലാണു് കാണുന്നതു്. കുളങ്ങളാണു് മൂന്നാമത്തൊരുതരം ജലസംഭരണമാർഗം. വളരെ ആയിരം ഏക്കർകൾക്കുപയോഗിക്കാവുന്ന വലിയ കുളങ്ങളും ഒന്നു രണ്ടേക്കററിൻെറ ആവശ്യത്തിനുമാത്രം മതിയാകുന്ന ചെറിയ കുളങ്ങളും ഉണ്ടു്.

ഇങ്ങിനെ പല മാർഗ്ഗങ്ങളുമുണ്ടെങ്കിലും സാധുവായ കൃഷിക്കാരനു് കൃഷിക്കാവശ്യമുള്ള വെള്ളം കിട്ടുന്നതിനു് വലിയ പ്രയാസം അനുഭവിക്കേണ്ടതായാണു് ഇപ്പോഴും ഇൻഡ്യയിൽ പലസ്ഥലങ്ങളിലെയും സ്ഥിതി. ഗവൺമെൻറിൻെറ നിയന്ത്രണത്തിനധീനമായ പലസ്ഥലങ്ങളിലേയും ജലസേചനമാർഗ്ഗങ്ങളിൽ നിന്നു് കൃഷിക്കാരനെ അകററി നിറുത്തുന്നതിനു പര്യാപ്തമായ പല വൈഷമ്യങ്ങളും ഉണ്ടായിട്ടുണ്ടു്. ഒന്നാമതായി താഴ്ന്നതരം ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ അനാവശ്യമായ ഉപദ്രവം അസഹനീയമാണു്. രാജകീയ കാർഷിക കമ്മീഷൻപോലും ഇതില്ലാതെയാക്കുന്നതിനു് പലവഴികളും ആലോചിക്കേണ്ടതായിവന്നു എന്നു പറയുമ്പോൾ ഇവരുടെ ഉപദ്രവം എത്രമാത്രം വലുതാണ

ന്നുള്ളതു് മനസ്സിലാക്കുവാൻ കഴിയുമല്ലോ. രണ്ടാമതായി വെള്ളത്തിനു കൊടുക്കേണ്ട വില സാധാരണകൃഷിക്കാരന് ബുദ്ധിമുട്ടാതെ കൊടുക്കുവാൻ നിവൃത്തിയില്ലാത്തതാണ്. കൃഷിക്കാർതന്നെ ആവശ്യത്തിൽ കൂടുതൽ വെള്ളം ഉപയോഗിക്കുകയും തന്മൂലം വെള്ളത്തിൻെറ വിനിയമത്തിൽ അസമത്വങ്ങളുണ്ടാക്കി വൈഷമ്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിന് അവക്കു കൂടുതൽ വിദ്യാഭ്യാസം നൽകി ഉത്തരവാദിത്വം അവരെ ശരിയായി മനസ്സിലാക്കിക്കുകയല്ലാതെ മററു യാതൊരു വഴിയുമില്ല.

ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം ജലസേചനം നിവൃത്തിയുള്ളിടത്തോളം അതാതു ഗ്രാമക്കാർതന്നെ ഏറെറടുത്തുനടത്തുകയായിരിക്കും തൃപ്തികരമായ ഫലം കിട്ടുന്നതിന് എളുപ്പമായിട്ടുള്ളതു്. ബാംബെയിൽ ഫൻവരെ ൽ ചെറുതരം ജലസേചനമാർഗങ്ങളെപ്പററി അന്വേഷിക്കുന്നതിനും മററുമായി ഒരു സൂപ്പറിംൻറൻറിംഗ്ഗ് ഇഞ്ചിനീയറെ നിയമിക്കുകയുണ്ടായി. അംദ്ദേഹത്തിൻെറ പയ്യ്വേക്ഷണത്തിന് ഗണ്യമായ ഫലങ്ങൾ ഉണ്ടാകുകയും ചെയ്തു. ഇങ്ങനെ എല്ലാ പ്രാവിൻസുകളിലും ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ച് ഓരോ ഗ്രാമത്തിലേയും ജലസേചന സാദ്ധ്യതകളെപ്പററി അന്വേഷിക്കുകയും ഗ്രാമവാസികളെ ഉപദേശിച്ച് സഹകരണപദ്ധതികൾ മൂലം അവിടെയുള്ള വയലുകൾക്ക് ആവശ്യമുള്ള വെള്ളം കിട്ടുന്നതിന് വേണ്ട ഏപ്പാടുകളുണ്ടാക്കുകയുമാണ് ഗ്രാമീണജലസേചനം ശരിയായി സാധിക്കുവാനുള്ള ഉത്തമമാർഗം. പരസ്പരസഹായജലസേചനസംഘങ്ങൾ

ബംഗാളിൽ വളരെ വിജയകരമായി പ്രവൎത്തിച്ചുവരുന്നതു് ഇമ്മാതിരി സംഗതികളിൽ സഹകരണപ്രവൎത്തനം എത്രമാത്രം പ്രയോജനകരമാണെന്നുള്ളതു് തെളിയിക്കുന്നു. ഒരു ഗ്രാമത്തിൽ അധിവസിക്കുന്ന ആളുകൾ തമ്മിൽ ഐക്യത്തോടുപ്രവൎത്തിക്കുവാൻ സന്നദ്ധരാണെങ്കിൽ പരസ്പരസഹായസംഘങ്ങളെപ്പോലെ ഇത്തരം കാൎയ്യങ്ങൾ വിജയകരമായി സാധിക്കുവാൻ മററു യാതൊന്നുമില്ല. കുളങ്ങൾ പുത്തനായി കുഴിക്കുക, മണൽ വന്നുമൂടിപ്പോയ കുളങ്ങൾ വീണ്ടും കുഴിക്കുക, ഉയൎന്ന സ്ഥലങ്ങളിൽ താഴോട്ടുവന്നു വീഴുന്ന വെള്ളത്തെ തിട്ടുകൾ കെട്ടിശേഖരിച്ചു് നിൎത്തുക, എല്ലായ്പോഴും ചെറുതായി ഒലിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തെ ശേഖരിക്കുന്നതിന്നു് അണ കെട്ടുക എന്നിങ്ങനെ ചെറിയ തോതിലുള്ള ജലശേഖരവും ജലക്രമീകരണവും ബംഗാളിൽ പരസ്പരസഹായസംഘങ്ങൾ ഏറെറടുത്തിട്ടുണ്ടു്. ഈ സംഘങ്ങൾ വിജയകരമായി പ്രവൎത്തിക്കുകയും ചെയ്യുന്നു. ഈ ജോലികളെല്ലാം കുറെ ആളുകൾ ചേൎന്നു് ചെയ്യാവുന്നതാണു്. ജലസേചന ജോലികളിൽ താല്പൎയ്യമുള്ള ആളുകളെ പരസ്പരസഹായ സംഘമായി കൂട്ടിച്ചേൎത്തു് പ്രവൎത്തിപ്പിക്കണം. പ്രാദേശികമായി ഇത്തരം ആവശ്യങ്ങൾ നിറവേററുന്നതിന്നു് നിയമസാധുത്വമുള്ള പരസ്പരസഹായസംഘത്തിന്നാണു് വെറും ഒരുകൂട്ടം ആളുകളെക്കാൾ കൂടുതൽ സൌകൎയ്യമുള്ളതു്. അഭിപ്രായവ്യത്യാസത്തിനും തന്മൂലം വിയോജിപ്പിനും ഉള്ള സാദ്ധ്യത പരസ്പരസഹായസംഘങ്ങളിൽ വളരെ കുറവാണു്.

സമനിലത്തിൽനിന്നും പൊങ്ങിയതും പൊക്കവും താഴ്ചയും കൊണ്ടു സമനിരപ്പില്ലാത്തതും വെള്ളംവീണാലുടൻ ഒലിച്ചുപോകുന്നതും വെള്ളം കെട്ടിനിൽ

ക്കാൻ മാർഗ്ഗമില്ലാത്തതും ആയ സ്ഥലങ്ങളിൽ കൃഷി ചെയ്യണമെങ്കിൽ നിശ്ചിതമായ ജലസേചന പദ്ധതി അവിടത്തെ കൃഷിക്കാർ സ്വീകരിക്കേണ്ടതു് അത്യാവശ്യമാണു്. ഇതിന് ഏററവും എളുപ്പമായതു് മുകളിൽ പ്രസ്താവിച്ചതുപോലെ പരസ്പരസഹായ ജലസേചനസംഘങ്ങൾ സ്ഥാപിക്കുകയാണു്. കൃഷിക്കു് വേണ്ട വെള്ളം ഉണ്ടാക്കികൊടുക്കുക, ജലസംഭരണസ്ഥലങ്ങൾ, തോടുകൾ, വെള്ളച്ചാലുകൾ, വരമ്പുകൾ ഇവ നിർമ്മിച്ചു് ജലസേചനം എളുപ്പമാക്കുക, ജലസേചനത്തിനുവേണ്ടി യന്ത്രങ്ങളോ മററുപകരണങ്ങളോ വിലയ്ക്കോ കൂലിയ്ക്കോ വാങ്ങുക, മേല്പറഞ്ഞ ആവശ്യങ്ങൾ നിറവേററുന്നതിനായി മററുവേണ്ട ഏപ്പ്ാടുകൾ ചെയ്യുക—എന്നിവകളാണു് ഇത്തരം സംഘങ്ങളുടെ ഉദ്ദേശ്യങ്ങൾ. ഈ മാതിരി സംഘങ്ങൾ ക്ലിപ്തസഹിതസംഘങ്ങളായി മാത്രമേ രജിസ്റ്റർ ചെയ്യാറുള്ളൂ. എന്നാൽ കടം വായ്പക്കും ധനശേഖരത്തിനും വേണ്ട ഉറപ്പുണ്ടാകുന്നതിനായി ഒരു ഓഹരിയുടെ ഒരു ക്ലിപ്തപ്പെട്ട ഇരട്ടി അതിൻെറ ബാദ്ധ്യതയായി നിശ്ചയിക്കാറുണ്ടു്. ഓരോ അംഗവും എടുക്കാവുന്ന കൂടുതൽ ഓഹരികളുടെ എണ്ണവും തീച്ച്യാക്കിയിരിക്കും. ഓരോ അംഗവും വാങ്ങുന്ന ഓഹരികളുടെ സംഖ്യ സംഘം കൊണ്ടു് അയാൾക്കു് കിട്ടാവുന്ന ഗുണത്തിൻെറ അനുപാതം അനുസരിച്ചിരിക്കും. എല്ലാപേരും ഓഹരിയുടെ വില, ചേരുന്ന അവസരത്തിൽത്തന്നെ മുഴവൻ കൊടുക്കണമെന്നാണു് നിയമം. എന്നാൽ അങ്ങിനെ കൊടുക്കുവാൻ സാധിക്കാത്തവക്കു് വായ്പയായും നിക്ഷേപമായും ഓഹരിക്കുള്ള വില കൊടുക്കുന്നതിന് വ്യവസ്ഥയുണ്ടു്. ഓഹരിയുടെ വില കാലക്രമംകൊണ്ടു കൊടുത്തു

ത്തീക്കുന്നതിനും സൌകര്യമുണ്ടായിരിക്കും. എല്ലായ്പോഴും സംഘത്തിൻെറ വായ്പകൾ കൊടുത്തുതീക്കത്തക്ക വിധത്തിലുള്ള മുതൽ സംഘത്തിനുണ്ടായിരിക്കത്തക്ക നിബന്ധനകളുമുണ്ടു. ചെയ്തുതീത്ത ജോലികൾതന്നെ വീണ്ടും ഉപകാരമില്ലാതെയായിപ്പോകാത്തവിധം സൂക്ഷിക്കുന്നതിനും വേണ്ട ഏപ്പാടുകൾ സംഘംതന്നെ ചെയ്യുന്നു.*

ഇൻഡ്യൻഗ്രാമങ്ങളിലെ ജലസേചനാവശ്യങ്ങൾ മിക്കവാറും ഇത്തരം പരസ്പരസഹായസംഘങ്ങൾകൊണ്ടുനിർവ്വഹിക്കാവുന്നതാണ്. ഈ സംഘങ്ങളുടെ സാദ്ധ്യതകൾക്കതീതമായുള്ള വലിയ ആവശ്യങ്ങൾ ഗവണ്മെണ്ടിൻെറ സഹായംകൊണ്ടുമാത്രമെ സാധിക്കുകയുള്ളു.

ഈ വിഷയത്തിൽനിന്നും ഇൻഡ്യൻ കൃഷിയെ സാരമായി ബാധിക്കുന്ന മറെറാരു സംഗതി ഇനി പരിശോധിയ്ക്കാം. കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയ്ക്കുള്ള കുറവിനെപ്പററിയാണ് ഇവിടെ പ്രസ്താവിക്കുന്നത്. ഇതിനും കാഷികാഭിവൃദ്ധിയ്ക്കും തമ്മിൽ പ്രസ്താവയോഗ്യമായ ബന്ധമുണ്ട്. ഭൂമിയുടെ വിസ്തൃതി എല്ലായ്പോഴും പരിമിതമാണല്ലോ. ജനസംഖ്യയുടെ ക്രമാതീതമായ വദ്ധന ക്ലിപ്തവിസ്തൃതിയോടുകൂടിയ ഭൂമിയേയും അതിൽ ചെയ്യുന്ന കൃഷിയേയും കിട്ടുന്ന വിളവിനേയും സാരമായി ബാധിക്കുന്നു. ഇൻഡ്യയിലെ ജനങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളും മഹമ്മദീയരുമാണ്. അവരുടെ ദായക്രമം അനുസരിച്ചു തലമുറകൾതോറും കുടുംബവസ്തുക്കൾ സന്താനങ്ങളുടെ സംഖ്യ

---

* Cooperative Irrigation Societies- By Santal.

അനുസരിച്ച് ഭാഗിക്കപ്പെടുന്നു. ഹിന്ദുക്കളുടെ കൂട്ടു കുടുംബ ഏർപ്പാടു ദുർല്ലഭം ചില സ്ഥലങ്ങളിൽ മാത്രമെ ഇന്നും നടപ്പിലിരിക്കുന്നുള്ളു. അതുപോലെ തന്നെ ജ്യേഷ്ഠപുത്രനുമാത്രം കുടുംബസ്വത്തിനവകാശമുള്ള യൂറോപ്യൻ അവകാശക്രമവും ഇൻഡ്യയിൽ സാധാരണ നടപ്പില്ല. യൂറോപ്പിലെ കൃഷിസ്ഥലങ്ങൾ വിഭജിക്കപ്പെടാതെ ഇന്നും നിലനിന്നുപോരുന്നതിൻെറ പ്രധാന കാരണങ്ങളിൽ ഒന്ന് അവിടത്തെ ദായക്രമമാണ്. അതിൻെറ അഭാവത്താൽ തന്നെയാണ് ഇൻഡ്യൻ കൃഷിസ്ഥലങ്ങളെ വീണ്ടും വീണ്ടും ഖണ്ഡിക്കേണ്ടതായി വരുന്നത്. ഈ വിഭാഗത്തിൻെറ രീതിയ്ക്കും പ്രത്യേകതയുണ്ട്. ഒരാൾക്ക് പത്തേക്കർ സ്ഥലവും പത്തു സന്താനങ്ങളും ഉണ്ടെന്നു വിചാരിക്കുക. അയാളുടെ വസ്തു നാം ആശിക്കുന്നപോലെ പത്തായിട്ടല്ല ഭാഗിക്കപ്പെടുന്നത്. ഓരോ ഏക്കറും പത്തായി ഭാഗിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ പത്തേക്കറും സമമായി ഫലസമൃദ്ധിയുള്ളതല്ലാത്തതുകൊണ്ടും, ഭാഗത്തിൽ ആൎക്കും നഷ്ടം വരുവാൻ പാടില്ലാത്തതുകൊണ്ടുംആണ്. ഇതുപോലെതന്നെ വസ്തുക്കൾ അങ്ങുമിങ്ങുമായി ആളുകൾ വിലക്ക് വാങ്ങുന്നതും, കൃഷിചെയ്യാതെ കിടന്ന സ്ഥലങ്ങൾ അങ്ങിങ്ങായി കൃഷിക്കധീനമാക്കുന്നതും വസ്തു വിഭജനത്തിന് മററു വിധത്തിലും കാരണമായിതീരുന്നു. ഈമാതിരി വിഭജനംനിമിത്തം ഭൂമിക്കുണ്ടാകുന്ന ദോഷങ്ങൾ അനവധിയാണ്. കൃഷിചെയ്യുവാൻ പാടില്ലാതെ ഭൂമിയുടെ കുറെഭാഗം നഷ്ടമാകുന്നു. അതിരുകൾ നിൎണ്ണയം ചെയ്യുന്നതിനായി വേറെ കുറെ ഭാഗം കൃഷിചെയ്യാതെ പോകുന്നു. പണം, സമയം, വേല ഇതുകൾക്കെല്ലാം ഈ ഖണ്ഡനംകൊണ്ടു് നഷ്ടം ഉണ്ടാകുന്നു. ഭൂമി

യിൽ ദേഹണ്ഡം ചെയ്യുന്നതിന് കൃഷിക്കാരന് സൗകൎയ്യ മില്ലാതാകുന്നു. ശാസ്ത്രീയമായ കൃഷി ചെയ്യുന്നതിനും അ യാൾക്ക് സാധിക്കുകയില്ല. കൃഷിചെയ്യുന്നതിൽ പരി ഷ്കാരങ്ങൾ വരുത്തുന്നതിനും കഴിയുന്നില്ല. വിളവു കൾ എടുക്കാറായാലും ഇല്ലെങ്കിലും അടുത്ത അയൽക്കാ രൻെറ വിളവിനോടൊപ്പം വിളവെടുക്കുന്നതിന് കൃഷി ക്കാരൻ നിർബ്ബന്ധിതനാകുന്നു. സൎവ്വോപരി, കന്നുകാലി കൾക്കുവേണ്ടി വയലിൽ പുല്ലു കൃഷിചെയ്യുന്നതിന് ഒരി ക്കലും സാധിക്കാതെവരുന്നു. ഈ സമ്പ്രദായത്തിൽനി ന്നുമുണ്ടാകുന്ന സാമ്പത്തികനഷ്ടം എത്രഭീമമാണെന്നുള്ളതു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഒരു ഗ്രാമത്തിൻെറ പലഭാഗങ്ങളിലുമായി തൻെറ കൃഷിസ്ഥലങ്ങൾ ചിതറി കിടക്കുന്ന കൃഷിക്കാരനാണ് ഏററവും വലിയ നിർഭാഗ്യ വാൻ. ഒന്നിൽനിന്നു മറെറാന്നിലേക്കും അതിൽനിന്നു വേറൊന്നിലേയ്ക്കും പാഞ്ഞുപാഞ്ഞു അയാളുടെ സമയ വും കന്നുകാലികളുടെ ശക്തിയും അയാൾ നഷ്ടമാക്കുന്നു. അയാളുടെ വിളവുകൾ മോഷണത്തിൽനിന്നും രക്ഷി ക്കുവാൻ സാധിക്കുകയില്ല. കന്നുകാലികൾകേറി വിള വുതിന്നുന്നതിൽനിന്നും വയലിനെ രക്ഷിക്കുവാൻ അ യാൾക്ക് വേണ്ടിടത്തോളം വേലികെട്ടുവാൻ കഴിയു ന്നില്ല. അയൽക്കാരുമായുള്ള അതിൎത്തിതൎക്കവും തൽ ഫലമായുണ്ടാകുന്ന വ്യവഹാരവും അയാളെ സംബന്ധി ച്ചിടത്തോളം കുറവായും ഇരിക്കയില്ല.

ഇതിൽനിന്നുണ്ടാകുന്ന വൈഷമ്യങ്ങളെ തരണം ചെയ്യുന്നതിനായി പല പരിശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ള വസ്തുഖണ്ഡങ്ങളുടെ ഏകീകരണശ്രമ ത്തിൽ ചിലദിക്കിൽ നിയമനിൎമ്മാണംതന്നെ ഉണ്ടായി രിക്കുന്നു. സമ്മതമില്ലാത്ത ഒരു ന്യൂനപക്ഷത്തെ നിർബ്ബ

ന്ധിച്ച് ഏകീകരണത്തിലുൾപ്പെടുത്തുന്നതിന് അതിൽ വ്യവസ്ഥയുമുണ്ട്. ൧൯൧൩-ൽ ഇതുപോലെ ഒരു പദ്ധതി പ്രഫസർ സ്റ്റാൻലിജവൺസ് ആലോചിച്ചു. പത്തുപന്ത്രണ്ടു കൊല്ലത്തിനുശേഷം യൂണൈററഡ് പ്രാവിൻസസ്സിലെ ഈ പ്രശ്നത്തിന് പരിഹാരമാൎഗ്ഗം നിർദ്ദേശിക്കുവാൻ നിയോഗിക്കപ്പെട്ട ബഹുമാനപ്പെട്ട പണ്ഡിററ് ശ്യാമവിഹാരമിശ്രൻ, പ്രഫസർ ജവൺസിൻെറ പദ്ധതിയെ വിപുലവും കൂടുതൽ പ്രായോഗികവുമാക്കി. ബലത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ പദ്ധതിയുടെ വിജയം ഇപ്പോഴും സംശയാധീനമായിത്തന്നെ ഇരിക്കുന്നു. ഈയ്യിടെ ഇതുസംബന്ധിച്ചുള്ള നിയമനിൎമ്മാണങ്ങൾ ദുല്ലഭമല്ല.

ഒരു പരസ്പരസഹായപദ്ധതിമൂലം ഏകീകരണം സാധിക്കുവാനുള്ള ശ്രമം പഞ്ചാബിൽ അവിചാരിതമായ വിജയത്തിൽ അവസാനിച്ചിട്ടുണ്ട്. കാഷികഭൂഖണ്ഡങ്ങളുടെ ഏകീകരണ പരസ്പരസഹായസംഘം ൧൯൨൦ൽ ആദ്യമായി സ്ഥാപിക്കപ്പെട്ടതു് പഞ്ചാബിലാണ്. ഏതെങ്കിലും ഒരു പ്രത്യേകഗ്രാമത്തിലെ വയലുകളുടെ ഉടമസ്ഥരെല്ലാവരും കൂടി യോജിച്ച് ഈ സംഘത്തിൽ അംഗങ്ങളായി ചേരണം. സംഘനിബന്ധന അനുസരിച്ച് വയലുകളെ ഒരു പുനർവിഭജനം നടത്തുകയാണ് പിന്നെ വേണ്ടതു്. ഓരോരുത്തനും ഉണ്ടായിരുന്ന ഓഹരി അനുസരിച്ച് വീണ്ടും ഈ വയലുകൾ ഭാഗിക്കപ്പെടുമ്പോൾ ആക്കും ഒരു പരാതിക്കും കാരണം കാണുകയില്ല. ഈ സംഘങ്ങളുടെ ആരംഭകാലത്തു് പഴയ സ്വന്തംവയലുകൾക്ക് പകരം എടുത്തപുതിയവലുകൾ ഓരോരുത്തനും നാലുകൊല്ലത്തേക്ക് കൃഷിചെയ്യണമെന്നേ നിബന്ധന ഉണ്ടായിരുന്നൊള്ളൂ. ആക്കെങ്കി

ല്യം ആ കാലത്തിനുശേഷം ഈ ഏൎപ്പാടിൽ അസംതൃപ്തി ഉണ്ടായി എങ്കിൽ പുതിയ വയലുകൾ തിരിച്ചുകൊടുക്കുന്നതിന്ന് വിഷമമില്ലായിരുന്നു. എന്നാൽ പഴയകാലങ്ങളിലെ ഏൎപ്പാടുകളെതന്നെ വീണ്ടും കയ്ക്കൊള്ളണമെന്ന് ആ പരീക്ഷണകാലം കഴിഞ്ഞപ്പോൾ ആൎക്കും തോന്നിയില്ല. ഇപ്പോഴത്തെ സംഘങ്ങളിൽ ഇങ്ങനെ ഒരേൎപ്പാടില്ല. ഭാഗിച്ചുകൊടുക്കുന്ന വയലുകളുടെ ഉടമസ്ഥത ശാശ്വതമായി പുതിയ ആളിന്റെ കൈയ്യിലേക്കു് പകൎന്നുപോകുന്നു. ഗവൎമ്മെണ്ടിന്റെ മനഃപൂൎവ്വമായ സഹകരണമില്ലാതെ ഈമാതിരിസംഘങ്ങൾക്കു് വിജയകരമായി പ്രവൎത്തിക്കുവാൻ സാധിക്കുകയില്ല. ഗവൎമ്മെണ്ടിന്ന് സാധാരണ സംഘങ്ങളുടെ നിയമാനുസാരമായുള്ള പ്രവൎത്തനത്തെ പരിശോധിക്കുന്നതിന്നു വേണ്ടതിനേക്കാൾ കൂടുതൽ ചിലവു് ഈമാതിരി സംഘങ്ങളെ സംബന്ധിച്ചുണ്ടു്. എന്നാൽ കൃഷിക്കാൎക്കു് ഇതിൽനിന്നു കിട്ടുന്ന ഗുണത്തിന്റെ കൂടുതൽ എത്ര വലിയ ചെലവിനേയും സാധൂകരിക്കുന്നതാണു്. പഞ്ചാബിൽ ഏകീകരണത്തിന്നു വേണ്ടി ചിലവാകുന്ന തുക മററുരാജ്യങ്ങളെ അപേക്ഷിച്ചു നോക്കിയാൽ എത്രയോ തുച്ഛമാണു്. ഏക്കറൊന്നിന്നു് ജപ്പാനിൽ ൰൬൭-ം, സ്വീഡനിൽ ൫-ം, നാൎവേയിൽ ൩രൂ. ൰൨ണയും ഏകീകരണച്ചിലവു് വരുമ്പോൾ പഞ്ചാബിൽ ൨രൂപാ ൫ണ മാത്രമാണു് ഒരേക്കറിന്മേൽ ഇതുസംബന്ധിച്ചുള്ള ചെലവു്.* പ്രയോഗശൂന്യമായി കിടക്കുന്ന വയലുകളെ കൃഷിക്കധീനമാക്കുകയും ജലസേചനത്തിന്നുവേണ്ടി ധാരാളം ജലാശയങ്ങൾ കുഴിക്കുകയും ചെയ്തതാണു് ഇതിൽനിന്നു പ്രധാ

---

* Article on Consolidation of Holdings By C. F. Strickland. Agrl. Journal of India. March 1927.

നമായുണ്ടായ രണ്ടുഫലങ്ങൾ. ഇപ്രകാരമുള്ള ഭൂഖണ്ഡങ്ങൾക്ക് ഏകീകരണമുണ്ടാക്കിയിട്ടുള്ള സ്ഥലങ്ങളിലെല്ലാം കൃഷിക്ക് സാരമായ അഭിവൃദ്ധിയുമുണ്ടായിട്ടുണ്ട്. അവിടെയെല്ലാം നല്ലമാതിരി വിത്തുകൾ, ശാസ്ത്രീയമായ കലപ്പകൾ, വളം മുതലായവ ഉപയോഗിക്കുകയും വിളവുകൾ പഴയകാലത്തെ അപേക്ഷിച്ച് സമൃദ്ധിയായി വളരുകയും ചെയ്യുന്നു. നവീന മാതൃകയിൽ അന്യരുടെ വയലുകൾക്ക് വേണ്ടി സ്വന്തം വയലുകൾവച്ചു മാറുന്നതിനുതക്ക വികാസബുദ്ധിയുള്ള കൃഷിക്കാരുടെ വയലുകളിലാണ് ശാസ്ത്രീയമായ കൃഷി ആരംഭിക്കുന്നതിന് കൂടുതൽ സൌകര്യം. ഏററവും വലിയ സ്വത്തായി പരിഗണിക്കുന്ന വയൽപോലും വച്ചു മാറുന്നതിന് സമ്മതമുള്ളവനുണ്ടോ മാമൂൽഭേദിച്ച് നല്ല വിളവ് ആശിക്കാതിരിക്കുന്നു! ആകപ്പാടെ ഈ പുതിയ പദ്ധതി സ്വീകരിച്ചിട്ടുള്ളവരുടെ ഇടയിൽ കൂടുതൽ സംതൃപ്തിയും അവരുടെ ആദായത്തിനു ഗണ്യമായ വൎദ്ധനയും ഉണ്ടായിട്ടുണ്ട്. ഇത്തരം ഏകീകരണപദ്ധതിമൂലം വ്യവഹാരങ്ങളും കലഹങ്ങളും കുറഞ്ഞിട്ടുള്ളതാണ് മറെറാരു പ്രധാനപ്പെട്ട ഫലം. ഭാഗത്തിനുള്ള വ്യവഹാരം, അതിൎത്തിതൎക്കം, അസൂയകൊണ്ടുള്ള വഴക്ക്, ഇവ ഈ പദ്ധതി സ്വീകരിച്ചിട്ടുള്ളവരുടെ ഇടയിൽ മിക്കവാറും ഇല്ലാതായിട്ടുണ്ട്. ഓരോ വയലിൻേറയും അതൃത്തി അടപ്പിച്ചടപ്പിച്ച് തിരിച്ചുവയ്ക്കേണ്ട ആവശ്യമില്ലാത്തതുനിമിത്തം വയലുകളുടെ വിസ്തൃതി വൎദ്ധിക്കുകയും തന്മൂലം വിളവിനധീനമാകുന്ന സ്ഥലത്തിൻെറ വികാസം കൂടുതൽ വിളവ് ഉണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു. ജപ്പാനിലെപ്പോലെ ഓരോ വയലിലേക്കും പോകുന്നതിന് പ്രത്യേകവഴി സംഘക്കാർതന്നെ ഉണ്ടാക്കികൊടുക്കു

ന്നതുകൊണ്ട് അതിനെ സംബന്ധിച്ചും അഭിപ്രായവ്യത്യാസത്തിന് വഴിയില്ല. എന്നാൽ ഇതിനെല്ലാം അടിസ്ഥാനമായി യഥാൎത്ഥമായ സഹകരണ മനോഭാവം ആണ് ആത്യാവശ്യമായിരിക്കുന്നതെന്നു ഒരിക്കലും മറക്കത്തക്കതല്ല. ഒരുസ്ഥലത്തെ ഭൂരിപക്ഷം ആളുകളും ഏകീകരണസമ്പ്രദായത്തിന് വിധേയരായിരിക്കുകയാണെങ്കിൽ നിയമംമൂലം അവരുടെ ഏകോപിച്ചുള്ള പരിശ്രമത്തിന് സാധുത്വം കൊടുക്കുന്നതു നന്നായിരിക്കും. എന്നാൽ ഇമ്മാതിരി കാൎയ്യങ്ങളിൽ നിർബ്ബന്ധം കഴിയുന്നത്ര ഒഴിച്ചു നിൎത്തേണ്ടതാണെന്നുള്ള തത്വം എത്രതന്നെ ബലപ്പെടുത്തി പറഞ്ഞാലും മതിയാകുന്നതല്ല.

കൃഷിയുടെ സമ്പൂൎണ്ണവിജയത്തിൽ വ്യക്തിക്കുള്ള സ്ഥാനം എത്രയോ പ്രധാനമാണ്. വയലിൽ ഇറക്കുന്ന കൃഷിയുടെതരം അതിനുപയോഗിക്കുന്ന വേല അനുസരിച്ചും ആ വേലയുടെ ഗുണം അതുചെയ്യുന്ന വേലക്കാരനെ ആസ്പദമാക്കിയും ഇരിക്കുന്നതാണ്. വേലചെയ്യുന്നവൻ പുതിയആശയങ്ങൾക്ക് കീഴ്പെടത്തക്കവണ്ണം അവൻെറ വിദ്യാഭ്യാസത്തെ രൂപീകരിക്കുകയാണ് അതിന് ആവശ്യമായിട്ടുള്ളത്. അവൻെറ ജീവിതരീതി ഉയൎത്തുകയും നല്ലതിൻവണ്ണം ജീവിക്കണമെന്നുള്ള ഒരാശ അവനിൽ ഉജ്ജീവിപ്പിക്കുകയും ചെയ്യുകയാണ് ഇതിന് വേണ്ടതു്. ഈ കാൎയ്യം സാധിക്കുന്നതിനു രണ്ടുസംഗതികളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്—ഒന്നാമതായി, കൃഷിക്കാരുടെ ഇടയിൽ ഇപ്പോൾ സാമാന്യമായി കാണുന്ന വിദ്യാഭ്യാസത്തിൻെറ നിലയും അതിനെ പരിഷ്കരിക്കേണ്ട ആവശ്യവും; രണ്ടാമതായി നാം അവരുടെ ഇടയിൽ പ്രചരിപ്പിക്കണമെ

നുദ്ദേശിക്കുന്ന വിദ്യാഭ്യാസത്തെ കാർഷികാഭ്യുദയത്തിന്ന് വഴികാണിക്കത്തക്കവിധത്തിൽ രൂപീകരിക്കേണ്ട ആവശ്യവും; ഈ വിഷയത്തെ അധികരിച്ച് പൂർണ്ണമായി ഇനി ഒരു സ്ഥലത്തു പ്രതിപാദിക്കുന്നതിനുദ്ദേശിക്കുന്നതിനാൽ ഇവിടെ കൃഷിക്കാരന്ന്, അഭ്യസ്തവിദ്യ നൽകുന്നതിനുള്ള പരിശ്രമത്തിൽ കാർഷികാഭ്യസനത്തിന്റെ പ്രാധാന്യം വിസ്മരിക്കാതിരിക്കണമെന്നു മാത്രമെ പ്രസ്താവിക്കുന്നുള്ളു.

വയലിൽ ചെയ്യേണ്ടതായ വേലയെപ്പററി പറയുമ്പോൾ, കേവലം മനുഷ്യശക്തിയെക്കുറിച്ചു മാത്രമല്ലാ നിർദ്ദേശിക്കുന്നതു്. മനുഷ്യശക്തിയ്ക്കു പകരം ഉപയോഗിച്ചു തുടങ്ങിയിരിക്കുന്ന ഉപകരണങ്ങളെ സ്പർശിച്ച് അവശ്യം രണ്ടുവാക്ക് പറയേണ്ടിയിരിക്കുന്നു. ഇൻഡ്യയിൽ കൃഷിക്കാരന്റെ നിർദ്ധനത്വം നിമിത്തം വിലകുറഞ്ഞ ഉപകരണങ്ങളെപ്പററി മാത്രം നമുക്കിവിടെ ആലോചിച്ചാൽമതിയാകും. വളരെ വിലകൂടിയ യന്ത്രങ്ങൾ വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും ഉള്ള ധനസ്ഥിതി നമ്മുടെ കൃഷിക്കാർക്കില്ല. കൃഷിയുടെ ഏതെങ്കിലും ഒരു ഘട്ടത്തിൽ മാത്രം ആവശ്യം വരുന്ന യന്ത്രങ്ങൾ കൂട്ടായിവാങ്ങുകയും വാടക ഏർപ്പാടിൽ എല്ലാപേക്കും വാങ്ങിഉപയോഗിക്കുകയും ചെയ്യാം. ചിലപ്രത്യേകസ്ഥലങ്ങളിൽ മാത്രം ആവശ്യം വരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനു മുമ്പ് അതു് ചീത്തയായാൽ നന്നാക്കുന്നതിനുള്ള സാദ്ധ്യതയേയും അതു് ഉപയോഗിക്കുന്നതിനുള്ള സൌകര്യത്തേയും പററി ആലോചിക്കേണ്ട അത്യാവശ്യമുണ്ടു്. ഏതായാലും നല്ലയന്ത്രങ്ങളും മററുപകരണങ്ങളും കൂട്ടായിവാങ്ങുന്നതിനും ഉപയോഗിക്കു

ന്നതിനും സാദ്ധ്യമാകുന്ന ഒരു സംഘടന ഏതു് ഗ്രാമത്തിനും നന്നായിരിക്കും.

ഇൻഡ്യായിലെ കൃഷിസമ്പ്രദായങ്ങളെപ്പററി വിവരിക്കുന്ന അവസരത്തിൽ കൃഷീവലന്റെ കൂടപ്പിറപ്പും ഏകധനവും സർവ്വസ്വവുമായ കന്നുകാലിയെ വിസ്മരിക്കുവാൻ നിവൃത്തിയില്ല. മനുഷ്യശക്തി കഴിഞ്ഞാൽ പിന്നെ കലപ്പ ഉപയോഗിക്കുന്നതിനും വിളവുകൾ കൃഷിസ്ഥലങ്ങളിൽ നിന്നു വില്പനക്കായികൊണ്ടുപോകുന്നതിനും കന്നുകാലിയുടെ ശക്തിയല്ലാതെ മറെറാരുഗതിയും സാധുവായ ഇൻഡ്യൻ കൃഷിക്കാരനു് സ്വാധീനമല്ല. യന്ത്രങ്ങളും ഇതര ശക്തികൾകൊണ്ടു് പ്രവർത്തിക്കുന്ന ഉപകരണങ്ങളും ഇൻഡ്യയിൽ വളരെ ദുർല്ലഭമായിട്ടേ ഉപയോഗിക്കാറുള്ളു. അതുകൊണ്ടു് നല്ലതും ധാരാളവും ആയ വിളവുകൾ ആവശ്യമുണ്ടെങ്കിൽ കന്നുകാലികളെ പുഷ്ടിപ്പെടുത്തേണ്ടതു് അത്യാവശ്യമാണു്. കൃഷിയുടെ ഐശ്വര്യത്തിനും കൃഷിക്കാരന്റെ ആരോഗ്യത്തിനും കന്നുകാലിയെ രക്ഷിക്കേണ്ടതു് ഏററവും അത്യന്താപേക്ഷിതമാണു്. ഇതു് മിക്കവൊറും, എല്ലാപേക്കും തന്നെ അറിയാമെങ്കിലും അവയുടെ പോഷണത്തിനും രക്ഷണത്തിനും വേണ്ടി യാതൊന്നുംതന്നെ കൃഷിക്കാർ ചെയ്യുന്നില്ലെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അടിക്കടി ബാധിക്കുന്ന ക്ഷാമം നിമിത്തമുള്ള മരണം, ആണ്ടിലൊരിക്കലെങ്കിലും തീർച്ചയായും വന്നുചേരുന്ന സാംക്രമികരോഗങ്ങൾ, നല്ലജാതി പശുക്കളുടേയും കാളകളുടേയും കയററുമതി, തടിച്ചുകൊഴുത്ത പശുക്കളുടേയും കന്നുകാലികുട്ടികളുടേയും വധം എന്നീ കാരണങ്ങളാണു് കന്നുകാലികളുടെ ശേഷിക്കുറവിനും ആരോഗ്യമില്ലായ്മക്കും നാശത്തിനും കാരണം.

കൃഷിക്കായുപയോഗിക്കുന്ന കാലിവൎഗ്ഗം ഇൻഡ്യയിലെ ആവശ്യത്തിന് തീരെ മതിയാകാതെയിരിക്കുന്നു എന്നാണ് കണക്കുകൊണ്ടു് കാണുന്നതു്. നൂറുഏക്കർ സ്ഥലം കൃഷിചെയ്യുന്നതിനു അറുപത്തി ആറും, നൂറു് കൃഷിക്കാൎക്ക് അറുപത്തിഒന്നും കന്നുകാലികൾ മാത്രമെ ഇൻഡ്യയിൽ ഉള്ളൂ. ഇതിൽതന്നെ ഒന്നിനും കൊള്ളാത്ത മൃഗങ്ങൾ അനവധി കാണും. ഇതിനാൽ ശരിയായി ജോലിചെയ്യുന്നതും ജോലിചെയ്യുവാൻ കൊള്ളാവുന്നതും ആയ കന്നുകാലികൾ നൂറിന് അൻപതു് മാത്രമെ ഇൻഡ്യയിൽ ഉള്ളു എന്നുകാണാം. ഈ ദയനീയമായ സ്ഥിതിക്കു് അടിസ്ഥാനമായിട്ടുള്ളതു് കന്നുകാലികളുടെ ആഹാരസാധനത്തേയും രക്ഷയേയും സംബന്ധിച്ചുള്ള കുററകരമായ അനാസ്ഥയാണ്. ദിവസംതോറും വിസ്താരം കുറഞ്ഞുവരുന്ന മേയൽസ്ഥലങ്ങളിലും വിളവെടുപ്പും വയ്ക്കോൽവെട്ടും കഴിഞ്ഞ പാടങ്ങളിലും അങ്ങിങ്ങായി ശേഷിച്ചുനിൽക്കുന്ന കുററിപ്പുല്ലുകൾ തിന്നു സംതൃപ്തി നേടിക്കൊള്ളുകയാണ് അവയുടെ കൎത്തവ്യമെന്നുള്ള രീതിയിൽ ഭൂരിഭാഗം കാലികളേയും സാധാരണ അഴിച്ചുവിടുകയാണ് പതിവു്. തൊഴുത്തിൽകെട്ടി തീററികൊടുക്കുകയെന്നുള്ളതു് ചുരുക്കം ചില ധനികരായ കൃഷിക്കാരുടെ കന്നുകാലികളെ സംബന്ധിച്ചിടത്തോളം മാത്രമെ പതിവുള്ളൂ. പാടങ്ങളിൽ മററു ഗതിയില്ലാതെ നിന്നുപോകുന്ന വയ്ക്കോൽകുററികളിൽ കന്നുകാലികളെ പോഷിപ്പിക്കത്തക്ക യാതൊരു ശക്തിയുമില്ലെന്നു തന്നെ പറയാം. കന്നുകാലികളുടെ ആഹാരസാധനത്തിലും അവയുടെ രക്ഷണത്തിലും കൂടുതൽ ശ്രദ്ധപതിക്കേണ്ടതു് നമ്മുടെകൃഷിയുടെ അഭിവൃദ്ധിക്കു് ഏററവും അത്യാവശ്യമായിട്ടുള്ളതാണു. ഉള്ള വയലുകൾ ശരിയായി കൃഷി

ചെയ്യുന്നതിനും പുതിയ വയലുകളിൽ കൃഷി തുടങ്ങുന്നതിനും ഇൻഡ്യയുടെ ഇന്നത്തെ നിലയ്ക്കു് ശക്തിയുള്ള കന്നുകാലികളില്ലാതെ സാദ്ധ്യമല്ല. കന്നുകാലികളുടെ ഗുണം വൎദ്ധിപ്പിക്കുന്നതിലേക്കു് വേണ്ട പരിശ്രമം ഉടനെ എല്ലാ കൃഷിക്കാരും ചെയ്യേണ്ടതാണു്.

ശരിയായിട്ടുള്ള ഉല്പാദന നിയന്ത്രണംകൊണ്ടും ഭക്ഷണംകൊണ്ടും കന്നുകാലികളുടെ ഗുണം വൎദ്ധിപ്പിക്കുവാൻ സാധിക്കും. നല്ല പശുക്കളെ നല്ലതരം കാളകളെകൊണ്ടു ചേൎപ്പിച്ചു് നല്ല സന്താനങ്ങളെ ഉണ്ടാക്കുന്നതിൽ ഏതൊരു കന്നുകാലി ഉടമസ്ഥനും നിഷ്കൎഷയുള്ളവനായിരിക്കണം. ഇതിന്നായിഓരോ ഗ്രാമത്തിലും ഒരു നല്ല കാളയും ഒരു നല്ല പോത്തും ഉണ്ടായിരിക്കുന്നതു നന്നാണു്. കൃഷിഡിപ്പാൎട്ടുമെൻറിൻെറ നേതൃത്വത്തിൽ നല്ലതരം കന്നുകാലികളെ പോററിവളൎത്തുന്നതിനുള്ള സ്ഥലം ഓരോഗ്രാമത്തിലും വേണ്ടതാണു്. ഇതു രണ്ടും സാദ്ധ്യമല്ലെങ്കിൽ പശുക്കളുടേയും എരുമകളുടേയുംഉടമസ്ഥന്മാർ ഒരുമിച്ചു ചേൎന്നു് കാളകളേയും പോത്തുകളേയും സൂക്ഷിക്കുന്നതിനും നല്ലതരം മാടുകളെ ഉല്പാദിപ്പിക്കുന്നതിനും ആയി ഒരു സഹകരണസംഘം സ്ഥാപിക്കുന്നതും നന്നായിരിക്കും.†

കന്നുകാലികളുടെ ഭക്ഷണം നന്നാക്കുന്നതിനുള്ള പ്രധാനമാൎഗ്ഗം പുല്ലു കൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി കൂട്ടുകയും അവിടെ കൂടുതലായി പുൽ കൃഷിനടത്തി നല്ല പുല്ലു് കന്നുകാലികൾക്കു് കൊടുക്കുകയും ആണു്. എന്നാൽ രണ്ടു കാൎയ്യങ്ങൾ ഇതിനു പ്രതിബന്ധമായി നില്ക്കുന്നുണ്ടു്. ഒന്നാമതായി കൂടുതൽ പുൽകൃ

---

† Cooperative cattle breeding societies.

ഷി ചെയ്യുന്നതിനുള്ള സ്ഥലകുറവ്. രണ്ടാമത്തു് കൃഷിക്കാരനു് അതിനുള്ള ചെലവു വഹിക്കുന്നതിനു പ്രാപ്തിക്കുറവു. ഇതിനേക്കാരം പ്രായോഗികവും എളുപ്പവും ആയതു് തൊഴുത്തിൽ തന്നെ ധാരാളം പോഷകാംശമുള്ള ഭക്ഷണസാധനങ്ങരം കൊടുക്കുക എന്നുള്ളതാണു്. ഇതിനും കൃഷിക്കാരനു് പണം ആവശ്യമാണു്. പശുവിൽ നിന്നു് കിട്ടുന്ന പാൽ അവൻെറ ആദായ മാൎഗ്ഗത്തിലൊന്നാക്കിയാൽ ഈ വിഷമം പക്ഷേ തീൎന്നു എന്നു വന്നേക്കാം. അതിനായി ഗ്രാമത്തിലെ ആളുകരം ധാരാളമായി പാൽ വില്പനക്കാരാകണം. ഓരോ ഗ്രാമത്തിനും അടുത്തുള്ള പട്ടണത്തിലേക്കു് ആവശ്യമുള്ള പാൽ ശേഖരിച്ചു കൊണ്ടുപോയി വിൽക്കുന്നതിനു് ഒരു സഹകരണ സംഘം സ്ഥാപിക്കുന്നതും നന്നായിരിക്കും.

നല്ലതരം കന്നുകാലികളെ ക്രയവിക്രയം ചെയ്യുന്നതു് ഒരു വ്യവസായമായിത്തന്നെ സ്വീകരിക്കാം. കന്നുകാലികളുടെ വളൎച്ചക്കും സംരക്ഷണത്തിനും അത്യാവശ്യമായിട്ടുള്ളതു് ശാസ്ത്രീയമായ വൈദ്യസഹായം സുലഭമായിരിയ്ക്കുയെന്നുള്ളതാണു്. ഗവൺമെണ്ടിൻെറ മൃഗവൈദ്യന്മാർ മിക്കവാറും എല്ലാഗ്രാമങ്ങളിലുംതന്നെ ഉണ്ടായിരിക്കേണ്ടതാകുന്നു. കൃഷിക്കാരൻ സ്വന്തം ആരോഗ്യത്തിൻെറ കാൎയ്യം കഴിഞ്ഞാൽ പിന്നെ പ്രധാനമായി കരുതേണ്ടതു് അവൻെറ കന്നുകാലികളുടെ ആരോഗ്യത്തേയാണു്.

# V

## പരസ്പരസഹായസംഘങ്ങൾ.

അതിപരിമിതമായ ധനാഗമമാർഗ്ഗങ്ങൾ, അനുകൂലമായ വർഷപാതത്തിലുള്ള പരിപൂർണ്ണാശ്രയം, സുഗമമായി വായ്പകിട്ടുന്നതിനുള്ള അസാദ്ധ്യത, ഐശ്വര്യപരമായ ഭാവിയെപ്പററി പ്രതീക്ഷപോലുമില്ലാത്ത മനോഭാവം, വിദ്യാവിഹീനത—ഇവയാണ് ഇൻഡ്യൻ കർഷകൻെറ നിത്യദാരിദ്ര്യത്തിന് പ്രധാനകാരണങ്ങൾ. ദാരിദ്ര്യം അവൻെറ ഋണബാദ്ധ്യതയുടെ പര്യായശബ്ദം മാത്രമാണ്.

അയാളുടെ ഋണഭാരത്തിൻെറ പ്രധാനകാരണം അയാളുടെ അനാവശ്യവും ആദായവർദ്ധകമല്ലാത്തതും ആയ ചെലവുകളാണ്. ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനയും, അതിനോട്ട് അനുപാതികമായി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ വർദ്ധിക്കാതിരിക്കുന്നതും, തന്മൂലം വിളവുകൾ ജനസാമാന്യത്തിനു ആവശ്യമുള്ളിടത്തോളം ഭൂമിയിൽനിന്നു കിട്ടാത്തതും ഇതിൻെറ മററു കാരണങ്ങളിൽ ചിലവയാണ്. വയലുകൾ ദായക്രമമനുസരിച്ച വിഭജനത്തിൽ അസാമ്പത്തിക ഖണ്ഡങ്ങളായി പരിണമിക്കുന്നതും അവയിൽ ആദായകരമായ കൃഷി ചെയ്യുന്നതിൻെറ അസാദ്ധ്യതയും പിന്നൊരു കാരണമാണ്. തുടർച്ചയായുള്ള കൃഷിനഷ്ടം, മിതവ്യയശീലമില്ലായ്മ, ഉത്തമർണ്ണന്മാരുടെ നിഷ്കരുണമായ വലിയ പലിശ നിരക്ക്, മഹാമാരികൾ കന്നുകാലി നഷ്ടം ഉല്പ

ന്നങ്ങളുടെ നിരന്തരമായ വിലക്കുറവ്, എന്നിവകളും ഇൻഡ്യൻ കൃഷിക്കാരൻെറ ഋണഭാരത്തെ വൎദ്ധിപ്പിക്കുന്നതിന് വേണ്ടത്ര സഹായിച്ചിട്ടുണ്ട്. ഈ കാരണങ്ങളാൽ ഇൻഡ്യൻ കൃഷിക്കാരൻ "കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടം സ്വത്തായി അനന്തരാവകാശികൾക്ക് ദത്തം ചെയ്തിട്ട്"* മരിക്കുന്നു എന്നുള്ളത് പരമാൎത്ഥമായിത്തീൎന്നിരിക്കുന്നു.

ഇൻഡ്യയുടെ കാൎഷിക ഋണബാദ്ധ്യത എത്രയാണെന്ന് വിവരിക്കേണ്ട ആവശ്യമില്ല. പല കമ്മിററിക്കാരും അത് ഒരു ഭീമമായ സംഖ്യയാണെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ബ്രിട്ടീഷ് ഇൻഡ്യയിൽ തന്നെ ൧൨൦൦ കോടി രൂപായാണെന്നാണ് ഡാക്ടർ തോമസ്സ്† പറയുന്നത്.

കൃഷിക്കാൎക്ക് ദുൎഭരമായ ഋണഭാരം ഉണ്ടെന്നുള്ളത് ഇതിൽ നിന്ന് തെളിഞ്ഞിട്ടുണ്ടല്ലോ. അവരെ കടത്തിൽ നിന്ന് വിമോചിപ്പിക്കുന്നതിനു വേണ്ട മാൎഗ്ഗങ്ങളെപ്പററിയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതിനു ഉദ്ദേശിക്കുന്നത്. ലോകത്തിൻെറ മിക്കവാറും എല്ലാഭാഗങ്ങളിലേയും കൃഷിക്കാർ ഋണബാധിതരാണ്. യൂറോപ്പിലെ കൃഷിക്കാരും കടക്കാരാണ്. എന്നാൽ അവിടങ്ങളിലെ കൃഷിക്കാർ അവരുടെ വസ്തുക്കൾക്ക് വിസ്തീൎണ്ണം കൂട്ടുന്നതിനോ, കൂടുതൽ ആദായം കിട്ടുന്നതിനുപകരിക്കുന്ന യന്ത്രങ്ങളോ ഉപകരണങ്ങളോ വാങ്ങുന്നതിനോ, മററു ആദായകരവും പ്രയോജനകരവും ആയ എന്തി

* "The Indian peasant is born in debt, lives in debt and bequeathes debt."—Royal Commission on Agriculture.

† Rural indebtedness by Dr. P. J. Thomas.

ന്നെങ്കിലുമോ ആയിരിക്കും പണം കടം വാങ്ങുന്നത്. ഇൻഡ്യൻ കൃഷിക്കാരനാകട്ടെ, പട്ടിണിയിൽ നിന്നും രക്ഷ നേടുന്നതിനോ അല്ലെങ്കിൽ ഗാർഹികമോ സാമുദായികമോ ആയ ഏതെങ്കിലും അടിയന്തിരത്തിനു ചിലവാക്കുന്നതിനോ ആണു് കടംക്കാരനാകുന്നതു്. ഇൻഡ്യൻ കൃഷിക്കാരൻേറയും ഇതര രാജ്യങ്ങളിലെ സാധുക്കളായ കൃഷിക്കാരുടേയും ദാരിദ്ര്യത്തിനുള്ള വർദ്ധനയ്ക്കും തൽക്കാരണങ്ങൾക്കും തമ്മിൽ ഇപ്രകാരം സാരമായ വ്യത്യാസം ഉണ്ടെങ്കിലും, ആ രാജ്യങ്ങളിൽ—അതായതു് ജർമ്മനി, ഐർലണ്ടു്, ഹാളണ്ടു്, ഇററലി മുതലായവയിൽ—കൃഷിക്കാരൻെറ ഋണ ബാദ്ധ്യത തീർക്കുന്നതിനു് പര്യാപ്തമായി കണ്ട മാർഗ്ഗങ്ങൾ ഇൻഡ്യക്കു് യോജിച്ചതായിരിക്കയില്ലെന്നു വിചാരിക്കുവാൻ ന്യായമൊന്നും കാണുന്നില്ല. ഈ ആശയോടു കൂടിയാണു് ഏകദേശം ൪൦ കൊല്ലത്തിനു മുമ്പിൽ പരസ്പരസഹായപ്രസ്ഥാനം ഇൻഡ്യയിൽ അവതരിപ്പിച്ചതു്. കഴിഞ്ഞ നാലുദശാബ്ദത്തിനിടയിൽ ഈ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള വിജയങ്ങൾ അന്നത്തെ ആശയെ ന്യായീകരിച്ചിട്ടുമുണ്ടു്. പരസ്പരസഹായപ്രസ്ഥാനത്തിൻെറ ആവിർഭാവം ഇൻഡ്യൻ കൃഷിക്കാരനിൽ അനേക തലമുറകളായി കുടികൊള്ളുന്ന അലംഭാവത്തെ നശിപ്പിക്കുകയും അവനിൽ സ്വപ്രയത്നത്തിൻെറ വിജയത്തിലുളവാകുന്ന ആത്മവിശ്വാസത്തെ അങ്കുരിപ്പിക്കുകയും ചെയ്യാതിരുന്നിട്ടില്ല. പരാശ്രയമില്ലാതെ സ്വന്തം മുതൽ കൊണ്ടു് തൻെറ വയലുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനോ കടംവീട്ടുന്നതിനോ തക്ക മൂലധനമുണ്ടാക്കുന്നതിനു സാധാരണകൃഷിക്കാരനു് സാധിക്കാത്തതുകൊണ്ടു് മററു

ള്ളവരുമായി യോജിച്ച് അതിൽ നിന്നും ഒരു ബലം സമ്പാദിക്കാമെന്നു് അയാളെ പഠിപ്പിക്കുകയാണു് നല്ലതു്. ഈ ഐക്യത്തിൽനിന്നുണ്ടാകുന്ന ശക്തിയുടെ സഹായംകൊണ്ടു് ഋണഭാരംതീക്കുന്നതിനും കൃഷിയുടെ ഗുണം വദ്ധിപ്പിക്കുന്നതിനും ക്ഷീണകാലത്തേയ്ക്കു് കരുതലായി കുറെ പണം സൂക്ഷിക്കുന്നതിനും അയാളെ പഠിപ്പിക്കണം. കൃഷിക്കാർ പരസ്പരം യോജിച്ച് ഒരു പരസ്പരസഹായസംഘമായി സംഘടിക്കുകയാണെങ്കിൽ അവരുടെ പൊതുവായ ഉത്തരവാദിത്വത്തിന്മേൽ കടം കിട്ടുകയും തന്മൂലം സംഘജീവിതം പഠിക്കുകയും അവരുടെ ജീവിതരീതിതന്നെ ഉയരുന്നതിന് പര്യാപ്തമാകുകയും ചെയ്യും. ഇതാണു് പരസ്പരസഹായപ്രസ്ഥാനത്തിൻെറ മൂലതത്വം.

പൊതുവായ ഉദ്ദേശ്യത്തെ ലാക്കാക്കി ഒത്തൊരുമിച്ച് പ്രവത്തിക്കുക എന്നുള്ളതുമാത്രമെ സാമാന്യമായി സഹകരണം എന്ന വാക്കു് വിവക്ഷിക്കുന്നുള്ളു. ഈ അത്ഥത്തിൽ മനുഷ്യൻെറ പുരോഗതിക്കു് ലോകത്തിൽ ആദ്യകാലം മുതൽതന്നെ സഹകരണം അത്യന്താപേക്ഷിതമായിരുന്നു. ആക്കാലം മുതൽക്കെ ഐകമത്യത്തിലാണു് മഹാബലമെന്നും സഹകരണത്തിലാണു് വിജയമെന്നും ലോകം ധരിച്ചിട്ടുമുണ്ടു്.

വ്യക്തിമാഹാത്മ്യത്തിൻെറ മുമ്പോട്ടുള്ള പോക്കിൽ അതു് ദുർബലനെ ചവിട്ടിതാഴ്ത്തുകയും മാത്സര്യത്തേയും ക്രൌര്യത്തേയും സമുദായത്തിൽ പരത്തുകയും ചെയ്തു. എന്നാൽ ഏവംവിധമായ അധമ്മാചരണത്താൽ മാനവസമുദായം പുറകോട്ടു പോകയാണു് ചെയ്തിട്ടുള്ളതു്.

കാലാകാലങ്ങളിൽ സ്ഥിതിസമത്വം പരിരക്ഷിച്ചുവരുന്ന ലോകരഹസ്യം വിപ്ളവങ്ങളെ ഉണ്ടാക്കി; സമുദായാന്തരീക്ഷം കലുഷമാക്കി. വലിയ ഇളക്കങ്ങൾ കൂടാതെ കഴിക്കണമെങ്കിൽ സധുക്കളുടെ സംരക്ഷണാർത്ഥം സ്ഥായിയായ പരിശ്രമങ്ങൾ ചെയ്യേണ്ടതാണെന്നുള്ള പരമാർത്ഥം അതു വെളിപ്പെടുത്തി. സഹകരണപ്രസ്ഥാനത്തിൻെറ ലക്ഷ്യം അതാണ്—സാധുസംരക്ഷണം. അവർക്ക് വേണ്ടത്രശക്തിയുണ്ടാക്കിക്കൊടുത്ത് അവരെ രക്ഷിക്കുകയെന്നുള്ളതാണ് അതിൻെറ ഉദ്ദേശ്യം. ബലവാന്മാരുടെ മുമ്പോട്ടുള്ള യാത്രയെ അത് പ്രതിരോധിക്കുന്നില്ല; അത് ദുർബ്ബലന്മാരുടെ പ്രസ്ഥാനമാണ്. പരസ്പരസഹായമാണ് അതിൻെറ ആണിക്കല്ല്. പരോപകാരമാകുന്നു അതിൻെറ ഉത്തേജകശക്തി.

പ്രവർത്തകന്മാർക്കെല്ലാം ഒരേതരത്തിൽ പ്രതിഫലം കിട്ടണമെന്നാണ് സഹകരണപ്രസ്ഥാനം ഉൽബോധിപ്പിക്കുന്നത്. നീതിവിതരണമാകുന്നു അതിൻെറ ആദർശം. ചെയ്യുന്നജോലിയുടെ തോതനുസരിച്ചുള്ള പ്രതിഫലത്തിന് എല്ലാപേർക്കും അവകാശമുണ്ടെന്നാണ് സഹകരണ പ്രസ്ഥാനത്തിൻെറ നിബന്ധന.

സഹകരണപ്രസ്ഥാനം ഒരു സാമ്പത്തിക പ്രസ്ഥാനമാണ്. സാധാരണയായി മുതലും വേലയും തമ്മിലുള്ള സംയോജനത്തിൽ നിന്നാണ് സാമ്പത്തികഫലങ്ങൾ ഉണ്ടാകുന്നത്. എന്നാൽ മുതലാളിയുടേയും തൊഴിലാളിയുടേയും താല്പര്യങ്ങൾ എത്രയോ അകന്നതാകുന്നു. അവ പരസ്പരം മത്സരിക്കുകയും ഒന്നിനെ മറെറാന്ന് കടന്നുപോവാൻ ശ്രമിക്കുകയും ചെയ്യുന്നു. സഹകരണപ്രസ്ഥാനത്തിലാകട്ടെ ഈ മത്സരം ഇല്ല. ധന

സംബന്ധമായ അവശതകളനുഭവിക്കുന്ന ഒരു കൂട്ടം ആളുകൾ അവരുടെ സാമ്പത്തിക ശക്തി വർദ്ധിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഒരുമിച്ചുചേരുകയും ആ സംകല്പസാദ്ധ്യത്തിനായി ധനാഗമമാർഗ്ഗങ്ങളിലെല്ലാം ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും അതിൽനിന്നുണ്ടാകുന്ന ലാഭത്തെ ന്യായമായരീതിയിൽ ഭാഗിച്ചെടുക്കുകയും ചെയ്യുകഎന്നുള്ളതാണ് സഹകരണത്തിൻെറ മൂലതത്വം. സഹകരണപ്രസ്ഥാനത്തിൻെറ പിമ്പിൽ കിടക്കുന്ന മനോഭാവം ശാന്തവും പ്രവൃത്തിപരവും ആകുന്നു.

ഒരു സാമ്പത്തിക പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന സകലരുടേയും ക്ഷേമത്തേയും അഭ്യുദയത്തേയും മുൻനിർത്തിയാണ് പരസ്പരസഹായതത്വം രൂപീകരിച്ചിരിക്കുന്നത്. സാധനങ്ങൾ ഉണ്ടാക്കുന്ന ഉല്പാദകനു മാത്രമെ അതിൽകിട്ടുന്ന ലാഭത്തിന് അവകാശമുള്ളു എന്നുള്ളതാണ് സാധാരണ കച്ചവടനിയമം. എന്നാൽ ഇതിൽനിന്ന് വ്യത്യസ്ഥമായി ലാഭത്തിൻെറ മൂലസ്ഥാനം സാധനങ്ങൾ ഉപയോഗിക്കുന്നവനാണെന്നും അതുകൊണ്ടു് അവനു് കഴിയുന്നത്ര ലാഭത്തിൽ നല്ലസാധനങ്ങൾ കൊടുക്കുന്നതിന് വേണ്ട പരിശ്രമം ചെയ്യേണ്ടതാണെന്നും ഉള്ളതാണ് സഹകരണതത്വദീക്ഷ. സഹകരണപ്രസ്ഥാനത്തിൽ ഉല്പാദകൻേറയും ഉപഭോക്താവിൻേറയും താല്പര്യങ്ങൾ യോജിപ്പിക്കപ്പെടുന്നു. ഉണ്ടാക്കുന്ന സാധനത്തിന് ശരിയായ വില ഉല്പാദകനു് കിട്ടുന്ന അവസരത്തിൽതന്നെ വാങ്ങുന്ന സാധനത്തിന് ശരിയായ വിലമാത്രം കൊടുക്കേണ്ടആവശ്യമെ ഉപഭോക്താവിന് ഉണ്ടാകുന്നുള്ളു. സാധാരണ കച്ചവടങ്ങളിൽ സാമാനങ്ങൾ ഉണ്ടാക്കുന്നവൻേറയും വാങ്ങുന്ന

വൻേറയും ഇടയ്ക്കായി ഒരു ഇടനിലക്കാരനുണ്ടാവും. ലാഭത്തിൻെറ സിംഹഭാഗം ഈ ഇടനിലക്കാരൻ തട്ടി എടുക്കുന്നു. ഈ ഇടനിലക്കാരനെ ഇല്ലാതാക്കുന്നതിനും അവനുണ്ടാക്കുന്ന ലാഭം സാധനങ്ങൾ ഉണ്ടാക്കുന്നവനും വാങ്ങുന്നവനും തമ്മിൽ വീതിച്ചെടുക്കുന്നതിനും സഹകരണപ്രസ്ഥാനം സാദ്ധ്യമാക്കുന്നു.

ഇതിൽ നിന്ന് സഹകരണപ്രസ്ഥാനത്തിൽ സാമ്പത്തികവശത്തിനുള്ള പ്രാധാന്യം എത്രമാത്രമുണ്ടെന്ന് മനസ്സിലാകുന്നു. എന്നാൽ ഈ പ്രസ്ഥാനം കേവലം സാമ്പത്തികം മാത്രമല്ല: അതിന് ഒരു ആത്മീയമായ വശംകൂടിയുണ്ട്. അതു് സാമൂഹ്യചിന്തയേയും സാമൂഹ്യപ്രവത്തനത്തേയും സ്വാശ്രയശക്തിയേയും ഐക്യത്തേയും കുറിയ്ക്കുന്നു. ഉന്നതിക്കായുള്ള പരിശ്രമത്തേയും അഭ്യുദയത്തോടുകൂടിയ ജീവിതത്തേയും അതു് ലക്ഷ്യമാക്കി സ്വീകരിക്കുന്നു. അതിൽനിന്നും ഉത്തമന്മാരായ പൌരന്മാരും ഉത്തമമായ സമുദായവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

വ്യക്തിത്വത്തിൻേറയും മാത്സര്യത്തിൻേറയും പാരമ്യം ആയിരുന്നു പത്തൊമ്പതാം നൂററാണ്ടിൻെറ അവസാനഘട്ടത്തിലെ പ്രധാനലക്ഷ്യം. ധനികന്മാരുടേയും മുതലാളിമാരുടേയും ശക്തിയിലാണ് രാജ്യങ്ങളും രാജ്യഭരണങ്ങളും സ്ഥാപിക്കപ്പെട്ടിരുന്നതു്. പ്രാതിനിദ്ധ്യസ്ഥാപനങ്ങൾക്ക് വളരെ സങ്കുചിതമായ പ്രവത്തനം മാത്രമെ അക്കാലത്തുണ്ടായിരുന്നുള്ളു. ശക്തന്മാരുടെ ആജ്ഞക്ക് തല കുനിക്കുക എന്നുള്ളതുമാത്രമായിരുന്നു അവരുടെ ചുമതല എന്നാണ് പ്രതിനിധി സംഘങ്ങളും ജനസാമാന്യവും വിചാരിച്ചിരുന്നതു്. ആ വിധേയത്വത്തിൽ

നിന്ന് ശരിയായ ജനകീയ പ്രസ്ഥാനത്തിലേക്കുള്ള വളർച്ചയാണ് ഇരുപതാം നൂററാണ്ടിൻെറ ആരംഭകാലത്ത് പ്രത്യക്ഷപ്പെട്ടത്. അക്രമത്തിൻെറയും സൈനികശക്തിയുടെയും ബലമത്രെ പത്തൊമ്പതാം നൂററാണ്ടിലുണ്ടായിരുന്നത്. എന്നാൽ അടുത്ത ശതാബ്ദത്തിൻെറ ആവിർഭാവത്തോടുകൂടി നിരായുധീകരണവും സന്ധിയാലോചനകളും തുടങ്ങി. യുദ്ധം മദ്ധ്യസ്ഥാനത്തിന് വിധേയമായി. ആക്രമിച്ചു മുന്നോട്ടുകയറിയ രാജ്യശക്തികൾ സഹകരിക്കുന്ന മററുശക്തികളിൽ ലയിച്ചു. സർവ്വരാജ്യസഖ്യസഭയുടെ സ്ഥാപനം ധർമ്മത്തിൻേറയും ജനശക്തിയുടേയും ശാന്തതയുടേയും സന്ദേശങ്ങൾ ലോകമെങ്ങും പരത്തി. സകലശക്തികളുടേയും സഹകരണത്തിലുണ്ടാകുന്ന സമാധാനത്തിൻെറ വില ലോകം മനസ്സിലാക്കി. ഇങ്ങിനെ സഹകരണപ്രസ്ഥാനത്തിന് ശക്തി വർദ്ധിച്ചു.

പരസ്പരസഹായ തത്വത്തിൻെറ ആവിർഭാവത്തേയും അതിന് പ്രചാരമുണ്ടാകാനുള്ള കാരണങ്ങളേയും പററിയാണ് ഇതിനുമുമ്പിൽ വിവരിച്ചത്. ഇൻഡ്യൻ ഗ്രാമങ്ങളിലെ പരിതസ്ഥിതികൾക്ക് അനുയോജ്യമായ ഏററവും നല്ല ഉദ്ധാരണമാർഗ്ഗം പരസ്പരസഹായസംഘങ്ങൾ മൂലമാണ് സിദ്ധമാകേണ്ടതെന്നുള്ളതിന് യാതൊരു സംശയവുമില്ല.

നമ്മുടെ ഗ്രാമവാസികളുടെ ഉപജീവനമാർഗ്ഗവും തൊഴിലും ആയിരിക്കുന്നകൃഷിയിലും മത്സരം ധാരാളം ഉണ്ട്. കച്ചവടത്തിലെന്നപോലെ കൃഷിയിലും അന്യോന്യമത്സരവും തൻമൂലം വിലയ്ക്ക് ഏററക്കുറച്ചിലും സംഭവിക്കുന്നുണ്ട്. വേഗത്തിലും ആദായകരമായും സുരക്ഷിതമായും ഉള്ള ഗതാഗതസൌകര്യങ്ങൾ ഉണ്ടാകുന്നതു

വരെ കൃഷി കേവലം പ്രാദേശികമായിത്തന്നെ ഇരിക്കുകയും കൃഷിച്ചെലവുകൾ അതു കൂടുതലായാലും കുറവായാലും, ഉല്പാദകനും ഉപഭോക്താവും തമ്മിൽ വീതിച്ച് എടുക്കുകയും ചെയ്തുവന്നു. അങ്ങോട്ടു മിങ്ങോട്ടുമുള്ള കണക്കു പറകലും വകവയ്ക്കലിലുമായി വിളവിന്റെ വിലയും വേലയുടെ കൂലിയും തട്ടിക്കഴിച്ചുതീർത്തു കൊള്ളുകയും ചെയ്യുമായിരുന്നു. എന്നാൽ കാലക്രമംകൊണ്ട് രാജ്യത്തിന്റെ ഏററവും അപരിഷ്കൃതമായ മൂലയിലുണ്ടാകുന്ന വിളവും ലോകവിപണികളിലുള്ള കച്ചവടത്തിന്റെ ഏററക്കുറച്ചിലിനെ ബാധിക്കുന്നതായി തീൎന്നിരിക്കുന്നു. രാജ്യത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തെ കൃഷിക്കാരൻ മുമ്പ് കൃഷിചെയ്തിരുന്ന സ്ഥലത്തുനിന്നു തന്നെ മുമ്പുണ്ടാക്കിക്കൊണ്ടിരുന്നതിൽ ഇരട്ടി വിളവുണ്ടാക്കുകയോ അയാൾ വാങ്ങിയിട്ടുള്ള കടത്തിന് മൎയ്യാദ പലിശ മാത്രം കൊടുക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ രാജ്യത്തിന്റെ മറെറാരു ഭാഗത്തു വസിക്കുന്ന കൃഷിക്കാരന് അങ്ങിനെയല്ലാതെ കുറഞ്ഞ വിളവുകൾ മാത്രം കിട്ടുന്നതിനോ സാധാരണയിൽ കവിഞ്ഞ പലിശ കൊടുക്കുന്നതിനോ യാതൊരു ന്യായവുമില്ല. ജീവിതമത്സരത്തിൽ സഹപ്രവൎത്തകന്മാരൊരുമിച്ച് പ്രവൎത്തിക്കുന്നതിന് സാധാരണ കൃഷിക്കാരന് അവന്റെ കഴുത്തിൽ ഏററവും വലിയ ഋണഭാരം കെട്ടിത്തൂക്കികൊണ്ടു സാധിക്കുകയുമില്ല. അതുകൊണ്ട് കൃഷിക്കാരന്റെ സാമ്പത്തികസ്ഥിതി നന്നാക്കുന്നതിന് മാത്രമല്ല അവന്റെ ജീവസന്ധാരണത്തിന് തന്നെ ചെറിയ പലിശയ്ക്കും കൃഷിക്കാരന്റെ പരിതസ്ഥിതികൾക്കു തകുന്ന കാലാവധിയ്ക്കും കടം കിട്ടത്തക്കവിധത്തിൽ ധാരാളം പണം അത്യാവശ്യമായിത്തീൎന്നിരിക്കുന്നു.

കൃഷിയുടെ സാമ്പത്തികവശം, അതഹിക്കുന്ന പ്രാധാന്യതയോടുകൂടി ഇനിയും ലോകം വീക്ഷിച്ചുതുടങ്ങിയിട്ടില്ല. ആ പ്രശ്നം വളരെ വിപുലമായതുകൊണ്ടായിരിക്കാം അതിനെ പിന്നണിയിൽ നിറുത്തിയിരുന്നതു്. എന്നാൽ കഴിഞ്ഞകുറെകൊല്ലങ്ങളായി കൃഷിക്കാരന്റെ ഋണഭാരത്തെയും അയാൾക്കു് കൃഷിചെയ്യുന്നതിന്നു് ആവശ്യമുള്ള പണം ഉണ്ടാക്കുവാനുള്ള സാദ്ധ്യതയേയുംപററി വളരെ ആളുകൾ ആലോചിച്ചു തുടങ്ങിയിട്ടുണ്ടു്. ൧൯൦൪-ൽ പരസ്പരസഹായനിയമം പാസ്സാക്കുന്നതുവരെ ഈ ഉദ്ദേശ്യത്തെ ലാക്കാക്കി പല പ്രത്യേക നിയമനിർമ്മാണങ്ങളും പരിശ്രമങ്ങളും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഒന്നുംതന്നെ ൧൯൦൪ലെ നിയമത്തേപ്പോലെ ഉദ്ദേശ്യത്തെ സാധിക്കുന്നതിന്നു് പര്യാപ്തമായിരുന്നില്ല.

ജമ്മൻ റായിഫീസൻ സംഘങ്ങളുടെ മാതൃകയിലാണു് ഇൻഡ്യയിലെ പരസ്പരസഹായസംഘങ്ങൾ ആദ്യകാലത്തു് രൂപീകരിച്ചതു്. പരിമിതമായ പ്രവൃത്തിമണ്ഡലത്താൽ പരസ്പരമുള്ള പരിചയത്തെ ദൃഢമാക്കപ്പെടുകയെന്നുള്ളതു് നിർബ്ബന്ധിതമായി. കൂട്ടായും വെവ്വേറെയായുമുള്ള ബാദ്ധ്യത നിർദ്ദേശിച്ചതു് നിമിത്തം ഓരോരുത്തന്റെയും വ്യയശീലത്തെ മറെറയാളുടെ പരിശോധനക്കു് കീഴ്പെടുത്തുകയും കടം വാങ്ങിയ ഉദ്ദേശ്യത്തിന്റെ നിർവ്വഹണത്തിന്നു തന്നെ വായ്പസംഖ്യ ഉപയോഗിക്കുന്നതിന്നു വഴി ഉണ്ടാക്കുകയും ചെയ്തു. പ്രതിഫലം കൂടാതെ ഭരണസമിതിയിലുള്ള സേവനം, ഓഹരിയില്ലായ്മ, അററലാഭം കരുതൽ ധനത്തിൽ ചേക്കുക, അംഗങ്ങൾക്കു് മാത്രം വായ്പകൊടുക്കുക, വസ്തുജാമ്യത്തിന്മേലല്ലാതെ ആൾ ജാമ്യത്തിൽ വായ്പ കൊടുക്കുക മുതലായവയായിരുന്നു അക്കാലങ്ങളിലെ പരസ്പരസഹായസംഘങ്ങളുടെ

പ്രത്യേകലക്ഷണങ്ങൾ. ഇൻഡ്യൻ ഗ്രാമസങ്കേതങ്ങളിലെ കൂട്ടജീവിതത്തിൻെറ പാരമ്പര്യം പരസ്പരസഹായത്തിൻെറ വളർച്ചക്കനുകൂലമായ പരിതസ്ഥിതികളെ ഉണ്ടാക്കിയിരുന്നു. ദാരിദ്ര്യവും ഉല്പാദനത്തിനുള്ള സാദ്ധ്യതകളും ആണ് സഹകരണത്തിൻെറ അഭിവൃദ്ധിക്കു നിദാനങ്ങളായി മററു രാജ്യങ്ങളിൽ കണ്ടിരുന്നതു്. അവ രണ്ടും ഇൻഡ്യയിലും ധാരാളമുണ്ടായിരുന്നതുകൊണ്ടു് ആശിച്ചിരുന്നതിനേക്കാൾ വേഗത്തിൽ സഹകരണപ്രസ്ഥാനം ഇൻഡ്യയിൽ പ്രചരിച്ചു.

പരസ്പര സഹായ സംഘങ്ങളുടെ ചില പ്രധാന വിശിഷ്ടതകളെപ്പററി താഴെ പ്രതിപാദിയ്ക്കുന്നു.

<u>വായ്പകളുടെ കാലാവധിയും ഉദ്ദേശ്യവും:</u>— കൃഷിക്കാരൻെറ പഴയകടങ്ങൾ വീട്ടുന്നതിനാണ് പരസ്പര സഹായ സംഘത്തിൽ നിന്നും വായ്പകൊടുക്കുന്നതെന്ന് സാധാരണയായി ഒരു വിചാരം പ്രചാരത്തിലുണ്ടു്. എന്നാൽ ഇതു് തീരെ വാസ്തവമല്ല. ഇതിനെ സംബന്ധിച്ചുള്ള നിയമനിർമ്മാണം തന്നെ "കാർഷികവായ്പയെ സഹായിക്കുന്നതിനാണ്" ഉണ്ടാക്കപ്പെട്ടതു്. പരസ്പരസഹായ സംഘങ്ങൾ ഉണ്ടാക്കിയതു് "ചുരുങ്ങിയ ആവശ്യങ്ങളുള്ള സാധുക്കളായ സാധാരക്കാക്കു് ചെറിയ കടങ്ങൾ കൊടുക്കുന്നതിനു വേണ്ടി" യാണ്. അവയുടെ വ്യാപാരത്തിലും ഏററവും പ്രയോജനപ്പെട്ടിരുന്നതു് ചെറിയ കാലാവധിവച്ചുകൊടുത്തുവന്ന ചെറിയവായ്പകളാണ്. അങ്ങിനെയുള്ള വായ്പകൾ വേഗം ഈടാക്കുകയും ചെയ്തുവന്നു. ഭൂസ്വത്തു് ജാമ്യമായി സ്വീകരിച്ചുകൊണ്ടു് അപൂർവ്വം ചിലപ്പോൾ പണയക്കടങ്ങൾ കൊടുത്തുവന്നു. എന്നാൽ അങ്ങി

നെയുള്ള വാസ്സുകളുടെ വിമോചനത്തിൽ അധികൃത ന്മാക്ക് അത്രമേൽ വിശ്വാസമുണ്ടായിരുന്നില്ല.

ഒരു കൃഷിക്കാരന് സാധാരണവായ്പക്കുള്ള ആവശ്യം താഴെപ്പറയുന്നതിൽ ഏതിനെങ്കിലും ആയിരിക്കും.

(൧) തല്ക്കാലത്തെകൃഷി
(൨) ഗാർഹികാവശ്യങ്ങൾ
(൩) ഭൂമിനന്നാക്കുന്നതിന്
(൪) പഴയകടം വീട്ടുന്നതിന്.

ആദായകരങ്ങളായ ആവശ്യങ്ങളുടെ പൂരണത്തിനും ചെറിയകാലാവധിയ്ക്കും വായ്പകൾ നല്കുകയെന്നുള്ളതായിരുന്നു ഈ വായ്പസംഘങ്ങളുടെ പ്രധാന ഉദ്ദേശ്യമെങ്കിലും മൂലധനവും ഇതരസംഗതികളും അനുവദിക്കുന്ന അവസരങ്ങളിലെല്ലാം മററാവശ്യങ്ങൾക്കും അടിയന്തിരാദികൾക്കും ദീർഘകാലത്തേക്കും വായ്പസംഘങ്ങൾ പണം കടംകൊടുക്കാറുണ്ട്.

പരസ്പരസഹായഡിപ്പാർട്ട്മെൻറുകാരാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന മാതൃകാനിബന്ധനകൾ ദീർഘകാലവായ്പയേയും ഹ്രസ്വകാലവായ്പയേയും പ്രത്യേകം പ്രത്യേകമായി വിവക്ഷിക്കുന്നില്ല. എന്നുമാത്രമല്ല ആ നിബന്ധനകൾ പെട്ടെന്നുള്ള കാർഷികാവശ്യങ്ങൾക്കും അടിയന്തരാദികൾക്കും ഭൂമിയിൽ ചെറിയദേഹണ്ഡങ്ങൾ ചെയ്യുന്നതിനും വായ്പ കൊടുക്കുന്നതിനും അനുവദിക്കുകയും ചെയ്യുന്നു. ഒരംഗത്തിനുകൊടുക്കാവുന്ന വായ്പയുടെ പരമാവധി നിബന്ധനയിൽ കണക്കപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്ത്രാരുടെ പ്രത്യേകാനുമതിയോടുകൂടി ആ പരമാവധിയും അതിലംഘിക്കുന്നതിന് വ്യവസ്ഥയുണ്ട്. വായ്പകൾ ആൾ ജാമ്യത്തിലോ

വസ്തു ജാമ്യത്തിലോ കൊടുക്കാവുന്നതാണ്. വായ്പ യുടെ ആവശ്യമനുസരിച്ച് കാലാവധിയുടെ ദൈർഘ്യം ക്രമീകരിക്കപ്പെട്ടുമെങ്കിലും അഞ്ചുകൊല്ലം പരമാവധിയായി നിബന്ധനയിൽ നിശ്ചയിച്ചിട്ടുണ്ട്. പഴയ കടം വീട്ടുന്നതിനൊ, ഭൂമിയിൽ ദേഹണ്ഡങ്ങൾ ചെയ്യുന്നതിനൊ, പ്രത്യേക കാർഷികാവശ്യങ്ങൾക്കോ ആയുള്ള വായ്പകൾ മററൊരു നിബന്ധനപ്രകാരം പത്തുകൊല്ലത്തേക്കു് കൊടുക്കാം. ഒരംഗത്തിന്നു് കൊടുക്കാവുന്ന ഏററവും വലിയ വായ്പയുടെ സംഖ്യയും അതിനുവേണ്ട ജാമ്യവും നിബന്ധനയിൽ നിശ്ചയിച്ചിരിക്കും. ഈ വായ്പ സംഘങ്ങൾ ഹ്രസ്വകാലവായ്പകളും ദീർഘകാലവായ്പകളും കൊടുക്കാറുണ്ട്.

<u>സംഘത്തിൻെറ മൂലധനം</u>:— നിക്ഷേപത്തിൽ നിന്നും മററു സഹകരണ സംഘങ്ങളിൽ നിന്നും കേന്ദ്ര സ്ഥാപനങ്ങളിൽ നിന്നും വായ്പവാങ്ങുന്നതിൽ നിന്നാണു് സംഘങ്ങളുടെ മൂലധനം ഉണ്ടാകുന്നതു്. അംഗങ്ങളല്ലാത്തവരുടെ നിക്ഷേപങ്ങൾക്കും അവരിൽ നിന്നു വാങ്ങാവുന്ന വായ്പകൾക്കും സംഘനിബന്ധനകൾ ചില പരമാവധികൾ വച്ചിട്ടുണ്ട്. അംഗങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾക്കും കരുതൽ ധനത്തിനും ഇങ്ങിനെ ക്ലിപ്തങ്ങളൊന്നുമില്ല. രണ്ടുമാസത്തിൽ കുറഞ്ഞ നിക്ഷേപങ്ങൾ സാധാരണ സ്വീകരിക്കാറില്ല. എന്നാൽ അംഗങ്ങളിൽ മിതവ്യയം ശീലിക്കുന്നതിനുള്ള ഭണ്ഡാര നിക്ഷേപങ്ങൾ രണ്ടുമാസത്തിൽ കുറഞ്ഞകാലത്തേക്കും സ്വീകരിക്കാറുണ്ട്. നിക്ഷേപങ്ങൾക്കു് കൊടുക്കുന്ന പലിശ നിക്ഷേപത്തിൻെറ കാലത്തേയും സ്ഥലത്തേയും അനുസരിച്ച് വ്യത്യസ്തപ്പെട്ടിരിക്കും. ഒരു കൊല്ലത്തേക്കുള്ള

നിക്ഷേപങ്ങൾക്ക് ൩ ശതമാനത്തിൽ (ചിലപ്പോൾ ൩൴ ശതമാനം) കൂടുതൽ പലിശ കൊടുക്കാറില്ല. എല്ലാ സ്ഥലത്തേയും കേന്ദ്രസ്ഥാപനത്തിന് ധാരാളം പണമുള്ളതുകൊണ്ട് മററു സംഘങ്ങളിൽ നിന്നു നിക്ഷേപമായോ വായ്പയായോ പണം വാങ്ങേണ്ട ആവശ്യം വളരെ ദുർല്ലഭമായേ വരാറുള്ളു. കേന്ദ്ര സ്ഥാപനത്തിൽ നിന്നു കൊടുക്കുന്ന വായ്പകൾക്ക് ൭ മുതൽ ൮ വരെ ശതമാനം പലിശ കൊടുക്കേണ്ടതായി വരും. സംഘങ്ങൾ അംഗങ്ങൾക്ക് കടം കൊടുക്കുന്ന പണത്തിന് ൯൴ മുതൽ ൧൨ൽവരെ ശതമാനം പലിശ ഈടാക്കാറുണ്ടു്. പലിശയും മുതലും തിരിച്ചടക്കേണ്ട ഗഡുക്കളിൽ അടയ്ക്കാതെ തവണകൾ മുടക്കിയാൽ പിഴ കൊടുക്കേണ്ടതാണ്. പലിശയും പിഴയും കൂടി കണക്കാക്കിയാൽ ൧൫൴ ശതമാനം ചില സ്ഥലങ്ങളിൽ കൊടുക്കേണ്ടതായിവരുന്നുണ്ടു്. പിഴ ഈടാക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ ഒരു കൂട്ടം സഹകാരികൾ പ്രതിഷേധിക്കുന്നു. ഒരാൾക്ക് ഒരു സംഘത്തിൽനിന്ന് എടുക്കാവുന്ന ഓഹരിയും ക്ലിപ്തപ്പെടുത്തിയിട്ടുണ്ടു്.

മൊത്തത്തിൽ കൃഷിയുമായി പറയത്തക്ക യാതൊരു ബന്ധവുമില്ലാത്തവരുടെ പണംകൊണ്ടാണ് ഇപ്പോൾ കൃഷിതന്നെ നടന്നുവരുന്നതു്. ഇതു് അശേഷം ആശാസ്യമായിട്ടുള്ള ഒരു സ്ഥിതിയല്ല. നിവൃത്തിയുള്ളിടത്തോളം കൃഷിക്കാർ അവരവരുടെ മൂലധനംകൊണ്ടു തന്നെ കൃഷി നടത്തേണ്ടതാണ്. വലിയ തോതിലുള്ള ദേഹണ്ഡങ്ങളോ വിലക്കൂടുതലുള്ള യന്ത്രങ്ങളോ ആവശ്യപ്പെടുമ്പോൾ പരാശ്രയംകൂടാതെ മൂലധനമുണ്ടാക്കുന്നതിന് കൃഷിക്കാർക്ക് സാധിച്ചില്ലെന്നുവരാം. അതിൽ ആക്ഷേപാർഹമായി ഒന്നുമില്ലതാനും. എന്നാൽ ചെറിയ

ആവശ്യങ്ങൾക്ക് വേണ്ട പണം കൃഷിക്കാർതന്നെ അവരുടെ പരസ്പരസഹായസംഘങ്ങൾ മുഖേന ഉണ്ടാക്കേണ്ടതാണ്.

ഇൻഡ്യയിൽ പരസ്പരസഹായ സംഘങ്ങൾ ഉണ്ടായതിൻെറ ശേഷം ഇൻഡ്യൻ കൃഷിക്കാർ ഈ അത്യാവശ്യം നല്ലതിൻവണ്ണം മനസ്സിലാക്കി എന്നുള്ളതു് ഗ്രാമീണ സംഘങ്ങളിലെ പ്രവൎത്തനമൂലധനംകൊണ്ടു മനസ്സിലാക്കാം. കാർഷികസംഘങ്ങളിലെ അംഗങ്ങളുടെ സമ്പാദ്യം മുഴവൻതന്നെ ഒരു മാതിരി നിർബന്ധിതമായി സ്വരൂപിക്കപ്പെട്ടുന്നതാണെന്നു പറയാം. എന്നുവച്ചാൽ, അവരുടെ ഹിതത്തിന്നു വിപരീതമായി തട്ടിയെടുക്കുന്നു എന്നല്ല അതിൻെറ അൎത്ഥം. അവരുടെ വായ്പകളിൽ നിന്നു പിടിച്ചെടുത്തും പൊതുയോഗ നിശ്ചയങ്ങൾപ്രകാരം പിരിച്ചെടുത്തും ഓരോ അംഗത്തിന്നും സ്വന്തമായി ഓരോ സംഖ്യ സംഘത്തിൽ ഉണ്ടാക്കുന്നു എന്നാണ് മേൽപറഞ്ഞ 'നിർബ്ബന്ധം' എന്ന പദപ്രയോഗത്തിൽ ഉദ്ദേശിച്ചതു്. ഈ തരത്തിൽ ശേഖരിച്ചില്ലായിരുന്നുഎങ്കിൽ മിക്കവാറും ഇവക്ക് സമ്പാദ്യം ഒരിക്കലും ഉണ്ടാകയില്ലായിരുന്നു. നിക്ഷേപങ്ങൾ അഞ്ചോ പത്തോ കൊല്ലങ്ങളിലേക്ക് സ്ഥിരമായിരിക്കും. ഓഹരികളും പത്തു*കൊല്ലത്തിനിപ്പുറം കൈമാററം ചെയ്യാവുന്നതോ തിരിച്ചുകൊട്ടുക്കാവുന്നതോ അല്ല. അംഗം അല്ലാതെ ആയാൽ മാത്രമെ ഓഹരി മടക്കി കിട്ടുകയുള്ളു. ലാഭവീതം തന്നെ ചില സംഘങ്ങളിൽ കുറെ വൎഷങ്ങൾ കഴിഞ്ഞേ അനുവദനീയമായിരിക്കയുള്ളു. അതുവരെ ഓഹ

---

* ഓരോ സംഘത്തിലേയും നിബന്ധനയ്ക്കു് വ്യത്യാസമുണ്ടു്.

രിയിന്മേൽ കിട്ടുന്ന പലിശയും ഓഹരിക്കാരൻെറ സമ്പാദ്യത്തിൽ ചേരുന്നു.

ഈ വായ്പ സംഘങ്ങൾ വാസ്തവത്തിൽ ഗ്രാമബാംകുകളായി തീരണമെങ്കിൽ നാണയത്തിൻെറ കൈമാററം കഴിയുന്നത്ര കുറയ്ക്കേണ്ടതാണ്. ഒരു രൂപാതന്നെ പല രൂപാകളുടെ ആവശ്യത്തെ നിറവേററാറാകണം. നാണയങ്ങളുടെ ശേഖരിപ്പു നിൽക്കുകയും വേണം. ക്ലിപ്തകാലങ്ങൾക്കിടയിൽ ഉണ്ടാകുന്ന സമ്പാദ്യങ്ങൾ അടുത്തുള്ള സംഘത്തിൽ നിക്ഷേപിക്കുന്നതിനുള്ള മനസ്സ് കൃഷിക്കാക്ക് ഉണ്ടാകണം. പണം ഉണ്ടാകുന്നതോടുകൂടി പിന്നേയും പിന്നേയും വസ്തു സമ്പാദിക്കുന്നതിനുള്ള ഭ്രമം കൃഷിക്കാരിൽ ഇല്ലാതെയാക്കുന്നതിനാണ് പരസ്പരസഹായസംഘങ്ങൾ വീണ്ടും ശ്രമിക്കേണ്ടതു്. എല്ലാ കൃഷിക്കാരനും രൊക്കമായി കുറെ പണം കൈയ്യിൽ ഉണ്ടാകുന്നതിൻെറ ഗുണം മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണ്.

കരുതൽ ധനം. ഇൻഡ്യ ഒട്ടുക്കുള്ള ഗ്രാമസംഘങ്ങളുടെ കരുതൽ ധനം അവയുടെ പ്രവൎത്തകമൂലധനത്തിൻെറ ൧൧ ശതമാനമാണ്. ഓഹരിമൂലധനമില്ലാത്ത സംഘങ്ങളിലെ കരുതൽ ധനം അവിഭാജ്യമാണ്. എന്നാൽ ആണ്ടുതോറും വളൎന്നു വരുന്ന പ്രവൎത്തനമൂലധനമാണ് ഇതിൻെറ അനുപാതം ഇത്ര താഴ്ന്നതാകുന്നതിനുള്ള കാരണം. എങ്കിലും ഈ തരത്തിലുള്ള വളൎച്ചപ്രകാരം തന്നെ, അടുത്ത അമ്പതു കൊല്ലത്തിനിടയിൽ, സംഘങ്ങൾക്കാവശ്യമുള്ള പണം മുഴുവനുണ്ടാക്കുന്നതിനും നമ്മുടെ ഗ്രാമങ്ങൾക്കു് തന്നെ ശാശ്വത

ക്ഷേമം വരുത്തുന്നതിനുവേണ്ട ചിലവു വഹിക്കുന്നതിനും തക്കതായ കരുതൽ ധനത്തെ ഉണ്ടാക്കുവാൻ നമ്മുടെ ഇപ്പോഴത്തെ സംഘങ്ങൾക്കു സാധിയ്ക്കും.

അംഗങ്ങളല്ലാത്തവരിൽനിന്നുള്ള നിക്ഷേപവും ഏകദേശം ഛ ശതമാനംവരും. ഗവൺമെണ്ടിൽനിന്നു ആദ്യകാലത്തു് നിക്ഷേപങ്ങൾ സംഘങ്ങൾക്കു കൊടുത്തുവന്നു. അതു കുറേ കഴിഞ്ഞപ്പോൾ നിറുത്തി. അതിൻെറശേഷം അംഗങ്ങളല്ലാത്ത ഇതരന്മാരുടെ നിക്ഷേപംകിട്ടിത്തുടങ്ങി. ഇമ്മാതിരി നിക്ഷേപങ്ങൾ പൊതുജനങ്ങൾക്കു സംഘങ്ങളിലുള്ള വിശ്വാസത്തെ കാണിക്കുന്നു. എന്നാൽ അംഗങ്ങളല്ലാത്തവരിൽനിന്നു് നിക്ഷേപം വാങ്ങുന്നതിൽ ഒരു വലിയ അബദ്ധമുണ്ടു്. ഏതെങ്കിലും കാരണവശാൽ സംഘത്തിൽ കുടിശ്ശിഖ വൎദ്ധിക്കുകയോ, സ്വല്പകാലത്തേക്കു് എന്തെങ്കിലും കുഴപ്പം വരികയോ ചെയ്താൽ ഇവർ കലശൽക്കൂട്ടുകയും സംഘോദ്ധാരണം അസാദ്ധ്യമാക്കിത്തീൎക്കുകയും ചെയ്യും. അതുകൊണ്ടു ഗ്രാമസംഘങ്ങൾ കഴിയുന്നത്ര അന്യരുടെ നിക്ഷേപങ്ങളെ ആശ്രയിക്കാതെ കഴിക്കയാണു് ഉത്തമമായിട്ടുള്ളതു്.

കൃഷിക്കു് വേണ്ട സഹായ ധനം നൾകുക എന്നുള്ളതാണു് ഗ്രാമസംഘങ്ങളുടെ പ്രധാനപ്രവൃത്തി. കൃഷി ചെയ്യുന്നതിനു് ഓരോരുത്തനും ആവശ്യമുള്ളതുക വൎഷംതോറും കൂടിക്കൂടിയാണു് വരുന്നതു്. ഓരോകൃഷിക്കാരനും ആവശ്യമുള്ള തുകമാത്രം കൊടുക്കുകയും അതു് അയാൾ ദുരുപയോഗപ്പെടുത്താതെ ശ്രദ്ധിക്കുകയുംചെയ്താൽ മാത്രമേ വൎഷംതോറുമുള്ള ഈ സഹായം പ്രയോജനപ്പെടുകയുള്ളൂ. കൃഷിചെയ്യുന്നതിനാവശ്യമുള്ള പണത്തിനായി ഒരു പണവ്യാപാരിയേയോ മററാരെയെങ്കിലുമോ

ഒരു കൃഷിക്കാരൻ ആശ്രയിക്കേണ്ടതായി ഗ്രാമസംഘത്തിൻെറ പരിധിയിൽ ഉണ്ടായിരിക്കരുതു്. ഇപ്പോൾ ഈ സംഘങ്ങൾ പ്രദാനംചെയ്യുന്ന സഹായം കൊണ്ടു് മിക്കവാറും ഈ കാര്യം ചില സ്ഥലങ്ങളിലെല്ലാം സാധിക്കുന്നുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളിലെല്ലാം ഈ വായ്പകൾ കൃഷിയുടെ പോഷണത്തോടുകൂടി മുൻകടം വീട്ടുകയും ചെയ്യുന്നു. എന്നാൽ ഈ സ്ഥിതി നിർഭാഗ്യവശാൽ സാർവ്വത്രികമല്ല. പരസ്പര സഹായ പ്രസ്ഥാനത്തിൻെറ കേന്ദ്രസ്ഥാപനങ്ങളിൽ ധാരാളം പണം അലസമായികിടപ്പുണ്ടു്. നാട്ടിൻെറ നാനാഭാഗങ്ങളിലുമായി ചിതറിക്കിടക്കുന്ന സംഘങ്ങളിലെ അംഗങ്ങൾക്കു് പണത്തിനു് ആവശ്യവുമുണ്ടു്. എന്നിട്ടും വെറുതെകിടക്കുന്നപണം ഉപയോഗിക്കപ്പെടുകയോ സാധാരണക്കാരൻെറ ആവശ്യം നിറവേറുകയോ ചെയ്യുന്നില്ല. ഇതിൻെറകാരണം ഈ വ്യക്തിയേയും കേന്ദ്രസ്ഥാപനത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ശൃംഖലയുടെ ദൌർബല്യമാണു്. ഇവയുടെ ഇടയ്ക്കുള്ള പ്രാഥമിക സംഘം എത്രയോ ശക്തിഹീനമാണു്. അംഗങ്ങളുടെ വിശ്വാസത്തെ ആർജ്ജിക്കുന്നതിനുള്ള ശക്തി സംഘത്തിനുണ്ടാകുകയും സംഘത്തിൻെറ പരിശോധനയ്ക്കും മേൽനോട്ടത്തിനും വിധേയമാകത്തക്ക മനോഭാവം സംഘാംഗത്തിനും സർവ്വോപരി അംഗസംഘങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ശക്തി കേന്ദ്രസ്ഥാപനത്തിനും ഉണ്ടാകുകയും ചെയ്യുന്നെങ്കിൽ ഈ സ്ഥിതി പരിഹരിക്കപ്പെടും. ഇന്നത്തെ ഗ്രാമസംഘങ്ങളുടേയും അതിലെ അംഗങ്ങളുടേയും പ്രവത്തനത്തെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ആവശ്യമായിട്ടുള്ളതു് പരിശോധന, മേൽനോട്ടം, പ്രചരണവേല, എന്നിവകളാണു്.

കാഷിക പരസ്പരസഹായസംഘങ്ങളെ ഗവണ്മെൻറുതന്നെ അംഗീകരിച്ചിരിക്കുന്നു. ഗ്രാമീണപുനരുദ്ധാരണത്തിൽ അതിന് സ്ഥായിയായ ഒരു സ്ഥാനവുമുണ്ട്. പ്രത്യേകസംഭവങ്ങളാൽ പ്രത്യേക വായ്പകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ പരസ്പരസഹായസംഘങ്ങൾ ഉണ്ടെങ്കിൽ അതുവഴിമാത്രമേ ഗവണ്മെണ്ടിൽനിന്ന് ധനസഹായം ചെയ്യുന്നുള്ളൂ. എങ്കിലും ഈ പ്രസ്ഥാനം ആശാസ്യമായ ഒരു നിലയിലെത്തിയിട്ടില്ല. കൃഷികൊണ്ടുപജീവിക്കുന്നവരിൽ എട്ടോ പത്തോ ശതമാനം ആളുകൾ മാത്രമെ കാഷികപരസ്പര സഹായ സംഘങ്ങളിലെ അംഗങ്ങളായിട്ടുള്ളൂ. മൂലധനം വർദ്ധിച്ചും പ്രവത്തനംവിപുലമായും വരുന്ന ഈ പ്രസ്ഥാനം ആശാജനകമായിത്തന്നെ ഇരിക്കുന്നു. എങ്കിലും പ്രചരണവേലയുടെ അഭാവം ഇതിൽ പ്രബലമായി കാൺവാനുണ്ട്.

സഹകരണ പ്രസ്ഥാനമോ പരസ്പരസഹായപദ്ധതിപ്രകാരമുള്ള ധനസഹായമോ രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും ഒരുപോലെ പ്രചാരത്തിലായിട്ടുണ്ടെന്ന് പറയുവാൻ നിവൃത്തിയില്ല. എല്ലാഭാഗത്തും വളരെ പ്രചാരത്തിൽ വരേണ്ടതായ സ്ഥാപനമാണ് പരസ്പരസഹായസംഘമെന്നുള്ളതിന്നു രണ്ടു പക്ഷമില്ല. ഗ്രാമീണപുനരുദ്ധാരണത്തിന് ഏററവും അത്യാവശ്യമായിട്ടുള്ളത് സഹകരണ സംഘങ്ങളുടെ സ്ഥാപനയാണെന്ന് സവ്വവിദിതമാകുന്നു. മുകളിൽ പറഞ്ഞതുപോലെ പ്രചരണവേലയുടെ അത്യാവശ്യകതയാണ് എല്ലാസ്ഥലത്തും സഹകരണസ്ഥാപനങ്ങൾ കാണാതെയിരിക്കുന്ന അവസ്ഥ സൂചിപ്പിക്കുന്നത്. ചിലടത്തുമാത്രം

ഉള്ള ഈ സഹകരണസ്ഥാപനങ്ങളുടെ പ്രവത്തനവും ആദശപരമായിട്ടുള്ളതല്ല.

രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി പ്രവത്തിക്കുന്ന ഈ പരസ്പര സഹായ സംഘങ്ങളുടെ പ്രവത്തനം തൃപ്തികരമാണെന്നുപറയുവാൻ നിവൃത്തിയില്ലാത്തവിധം അവകളിൽ ധാരാളം കുടിശ്ശിഖ കാണുന്നുണ്ട്. ശരിയായരീതിയിൽ മാത്രം വായ്പകൊടുക്കുകയും, വായ്പവാങ്ങുന്നവർ ആദായകരമായ ഉദ്ദേശ്യങ്ങൾക്ക് മാത്രം അവയെ വിനിയോഗിക്കുകയും, പ്രകൃതിശക്തികളും അവയെ അവലംബിച്ചുനിൽക്കുന്ന ഉല്പന്നങ്ങളുടെ വിലയും വലിയവ്യത്യാസംകൂടാതെ തുടരുകയും, വായ്പക്കാർ തന്നെ കണിശത്തോടുകൂടി പെരുമാറുകയുംചെയ്താൽ, പരസ്പര സഹായസംഘങ്ങളിൽ ഇന്നുകാണുന്ന ഭീമമായ കുടിശ്ശിഖ കാണുന്നതല്ല. അവിചാരിതമായ കാലവ്യത്യാസംകൊണ്ടും മററു അപ്രതീക്ഷിതസംഭവംകൊണ്ടും ഉദ്ദേശിച്ചിരുന്നതുപോലെ വായ്പക്കാരന് പണം സംഘത്തിൽ തിരിച്ചടയ്ക്കുവാൻ സാധിക്കാതെവരികയാണെങ്കിൽ, ശരിയായ നിയന്ത്രണത്തിനും ഉപദേശത്തിനും വിധേയമായ ഒരു പരസ്പരസഹായസംഘം അയാളിൽനിന്നു ആ അവസരത്തിൽ കിട്ടാവുന്നിടത്തോളം വാങ്ങിക്കുകയും, വായ്പയുടെ കാലാവധി നീട്ടിക്കൊടുക്കുകയും, ആവശ്യമെങ്കിൽ ബുദ്ധിപൂർവ്വമായി അയാൾക്ക് വീണ്ടും ധനസഹായം ചെയ്യുകയുമാണ് വേണ്ടതു്. ഇതുകൊണ്ട് മറെറാരു മുതലാളിയെ തേടിപ്പോകേണ്ട ആവശ്യത്തിൽ നിന്ന് വായ്പക്കാരനെ രക്ഷിക്കാമെന്നുമാത്രമല്ല അയാളിൽ സംഘത്തിനെക്കുറിച്ചുള്ള വിശ്വാസവും സ്നേഹവും വദ്ധിപ്പിക്കുകയും ചെയ്യാം.

മേൽപ്രകാരം പ്രവത്തിച്ചുപോയാൽ അനധികൃതമായ കുടിശ്ശിഖ ഒരു സംഘത്തിൽ ഉണ്ടാകുകയുമില്ല. ഏതെങ്കിലും ഒരു സംഘത്തിൽ ൧൦ ശതമാനത്തിൽ കൂടുതൽ അനധികൃതമായ കുടിശ്ശിഖ ഉണ്ടെന്നു കാണുകയാണെങ്കിൽ ആ സംഘത്തിൻെറ പ്രവത്തനം തൃപ്തികരമല്ലാ എന്നുള്ളതിന്ന് അതൊരു ലക്ഷ്യമാണ്. ഇൻഡ്യയിലെ ഭൂരിഭാഗം സംഘങ്ങളിലും അനധികൃതമായ കുടിശ്ശിഖ വഷംതോറും വദ്ധിച്ചുവരികയാണ്. അതിന്ന് പ്രധാനപ്പെട്ട കാരണങ്ങൾ മേൽനോട്ടത്തിൻെറ കുറവ്, വിവേചനംകൂടാതെ സംഘഭാരവാഹികളേ തിരഞ്ഞെടുക്കുകയും അംഗങ്ങളെ ചേക്കുകയും ചെയ്യുക, സംഘതത്വം എന്താണെന്ന് ശരിയായി മനസ്സിലാക്കാതിരിക്കുക ഇവകളാണ്. കുടിശ്ശിഖ ഇൻഡ്യൻ സംഘങ്ങളിൽ ആകപ്പാടെ എത്രയുണ്ടെന്ന് ശരിയായി പറയുന്നതിന്ന് പല പ്രവിശ്യകളിലേയും സഹകരണവഷങ്ങൾക്കുതമ്മിലുള്ള വ്യത്യാസം ബാധകമായിരിക്കുന്നു. കുടിശ്ശിഖ സാമാന്യമായി കാലസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നത്. കൃഷിപ്പിഴവരുന്നകാലത്തു സകലവായ്പകൾക്കും കാലാവധി നീട്ടിക്കൊടുക്കുകയും കൃഷിപ്പിഴ ഇല്ലാത്തകാലത്തു ഒരു വായ്പക്കും കാലാവധി നീട്ടിക്കൊടുക്കാതിരിക്കുകയും ആണ് സാധാരണ സംഘങ്ങൾ ചെയ്യുന്നത്. സംഘങ്ങൾ ഓരോപ്രത്യേക വായ്പയുടെ ആവശ്യങ്ങളെ പരിഗണിച്ച് അവരുടെ നയത്തെ രൂപീകരിക്കാത്തതാണ് കുടിശ്ശിഖ വദ്ധിക്കുന്നതിനുള്ള ഒരു കാരണം. അംഗങ്ങൾ തവണതോറും വായ്പ ശരിയായി തിരിച്ചടയ്ക്കാത്തതു് നിശ്ചയമായും വായ്പ തിരിച്ചടയ്ക്കണമെന്നുള്ള മോഹമില്ലാഞ്ഞിട്ടല്ല.

മിക്കവാറും അവരുടെ കഴിവില്ലായ്മകൊണ്ടാണ് അങ്ങിനെ തവണമുടക്കങ്ങൾ ഉണ്ടാകുന്നത്. ഇതിൻേറയും നിവൃത്തിമാർഗ്ഗം കൃഷിക്കാരൻെറ ആദായം വദ്ധിപ്പിക്കുക മാത്രമാണ്.

കൃഷിക്കാരനെ അവൻെറ പഴയ കടം വീട്ടുന്നതിന് സഹകരണസംഘങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നുള്ളതു് സാധാരണ ചോദിക്കാറുള്ള ഒരു ചോദ്യമാണ്. ഇതിനു ശരിയായ ഉത്തരം പറയുവാൻ വിഷമമാകുന്നു. ദീർഘകാലവായ്പകൾ എന്ന ഇനത്തിലുൾപ്പെടുത്തി പഴയ കടം വീട്ടുന്നതിന് സഹകരണസംഘങ്ങൾ വായ്പകൾ കൊടുക്കുന്നുണ്ട്. ഉദ്ദേശ്യമായി എടുത്ത ഒരു കണക്കനുസരിച്ച് പരസ്പരസഹായസംഘങ്ങൾ കൊടുത്തിട്ടുള്ള വായ്പകളിൽ ൧൫ മുതൽ ൨൦ ശതമാനംവരെ വായ്പകൾ പഴയ കടം വീട്ടുന്നതിനാണ് കൊടുത്തിരിക്കുന്നതു് എന്നു കണ്ടിരിക്കുന്നു. പഴയ കടങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കൃഷിക്കാരൻെറ നില പ്രത്യേകമാണ്. പഴയ കടം വലിയ പലിശ നിരക്കിൽനിന്ന് മാത്രം ഉണ്ടായതല്ല. പലിശ എന്നു പറയുമ്പോൾ തന്നെ അതിനു പിമ്പിൽ ഒരു കടമുണ്ടെന്നുള്ള വസ്തുത വെളിവാകുന്നു. പഴയ കടങ്ങളിൽ ചുമത്തുന്ന പലിശ നിരക്ക് സാധാരണയായിത്തന്നെ വളരെ വലിയതായിരിക്കുവാൻ ഇടയില്ല. അതിൻെറ കാരണം അതു ഈടാക്കുവാനുള്ള നിവൃത്തിയില്ലായ്മയാണ്. കടക്കാരനെ സഹായിക്കുന്നതിനായി പല നിയമങ്ങളുമുണ്ടായിട്ടുള്ളതുകൊണ്ടും ഉണ്ടായിക്കൊണ്ടിരിക്കുന്നതുകൊണ്ടും പണം കടം കൊടുക്കുന്ന മുതലാളിമാക്ക് വലിയ പലിശ നിരക്ക് ചുമത്തി വായ്പക്കാരെ ഉപദ്രവിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടു പണം കടം കൊടുക്കുന്നവരുടെ ലാഭം സ്ഥിതി

ചെയ്യുന്നതു് കൃഷിക്കാരൻ എല്ലായ്പ്പോഴും പണത്തിനായി അയാളുടെ അടുക്കൽ ചെല്ലുന്നതിലും എല്ലായ്പ്പോഴും പണം കടമായി ആവശ്യപ്പെടുന്നതിലുമാണു്. കൃഷിക്കു് എന്നും ആവശ്യമുള്ള പണത്തിന് അവലംബം ഗ്രാമത്തിലെ സൌക്കാർ മാത്രമെ ഉള്ളൂ എന്നുള്ള സ്ഥിതിയാണു് അയാൾ അത്യധികം ആഗ്രഹിക്കുന്നതു്. കൃഷിക്കാരൻെറ ആണ്ടുതോറുമുള്ള കൃഷിയുടെ ആവശ്യത്തിനുള്ള പണം പരസ്പരസഹായസംഘത്തിൽ നിന്നു ലഭിക്കുമെങ്കിൽ അയാൾക്കു സൌക്കാറുമായി രാജിപ്പെടുന്നതിന് കൂടുതൽ സൌകര്യം കിട്ടുന്നു. സൌക്കാറിലുള്ള ആശ്രയം സംഘത്തിനോടുള്ള ആശ്രയമായി മാറുമ്പോൾ പഴയ കടം വീട്ടുന്നതിനുള്ള സൌകര്യം കൃഷിക്കാരന് സിദ്ധിക്കുന്നു. ഇപ്രകാരമാണു് പഴയ കടങ്ങൾ വീട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ സഹകരണസംഘങ്ങൾ കൃഷിക്കാരന് നൾകുന്നതു്.

ഒരു പാവപ്പെട്ട കൃഷിക്കാരന് അയാളുടെ വരവിൻെറ ഒരു വലിയ ഭാഗം, ആദായം ഒന്നും നടക്കാത്ത ഒരു പഴയ കടം വീട്ടുന്നതിനായി ഉപയോഗിക്കേണ്ടി വരുന്നതു് വലിയ വേദനയ്ക്കു് കാരണമാകുന്നതാണു്. അതിനാൽ ഇത്തരം പഴയകടം വീട്ടുന്നതിനായി ഉപയോഗിക്കത്തക്കവിധത്തിൽ, ആദായത്തിൽ പണം കൃഷിക്കാരന് ഉണ്ടാക്കിക്കൊടുക്കേണ്ടതാണാവശ്യം. കടത്തെപ്പററിയുള്ള കൃഷിക്കാരൻെറ മനസ്ഥിതി മാററുകയാണു് അതു് വീട്ടുന്നതിനുള്ള പണം ഉണ്ടാക്കുന്നതിനേക്കാൾ അത്യാവശ്യം. കടം എന്നതു് അനിവാൎയ്യമാണെന്നും അതിൽനിന്നു വിമുക്തമാകുന്നതു് അസാദ്ധ്യമാണെന്നും അയാൾ വിചാരിച്ചു പോയാൽ ആൎക്കും അയാളെ ഋണവിമുക്തനാക്കുവാൻ സാധിക്കുകയില്ല. കൃഷിക്കാരൻെറ

കടത്തോടുള്ള മനോഭാവത്തെ മാററുക എന്നുള്ളതാണ് കാർഷിക ഋണനിവാരണത്തിനുവേണ്ടി ചെയ്യേണ്ട ആദ്യ ശ്രമം.

ഇതിൽ മറെറാരു വൈഷമ്യം നേരിടുന്നുണ്ട്. കൃഷിക്കാരൻെറ ജീവിതരീതി തുലോം താഴ്ന്നതാണ്. അയാൾക്ക് കിട്ടുന്ന തുച്ഛമായ ആദായംകൊണ്ട് അയാളുടെ ജീവിതരീതി അല്പമെങ്കിലും ഉയർത്തുന്നതിനു ശ്രമിക്കണമോ അതോ പഴയകടം വീട്ടിക്കൊണ്ട് ജീവിതത്തിനും മരണത്തിനും മദ്ധ്യേയായി അയാൾ ജീവിക്കണമോ? സാധാരണയായി അയാൾ കുറെക്കൂടി സുഖമായി താമസിക്കുന്നതിന് തന്നെ തീർച്ചപ്പെടുത്തുന്നു. മിതവ്യയം ശീലിക്കണമെന്നും കടം വീട്ടുന്നതു തന്നെയാണ് ജീവിതരീതി വർദ്ധിപ്പിക്കുന്നതിനെക്കാൾ ഉത്തമമെന്നും മററും അയാളോട് ഉപദേശിക്കുന്നതുകൊണ്ട് വലിയ പ്രയോജനമില്ല.

പരസ്പരസഹായ ധനസംഘങ്ങൾ പഴയ കടം വീട്ടുന്നതിനേക്കാൾ ഭൂമി നന്നാക്കുന്നതിനായിട്ടാണ് വായ്പകൾ കൂടുതൽ കൊടുക്കുന്നത്. ഈ ആവശ്യത്തിന് പണം കടം കൊടുക്കുന്നതിനായി ഗവണ്മെൻറിൽനിന്നും സംഘങ്ങളെ ഗണ്യമായി സഹായിക്കേണ്ടതാണ്. ബാംബെ മുതലായ പ്രവിശ്യകളിൽ ഗവണ്മെൻറിൽ നിന്നു ഇതിന്നായി ധനസഹായം ചെയ്തുവരാറുണ്ട്. അങ്ങിനെ സഹായം കിട്ടുന്ന സ്ഥലത്തും അതു് ആളുകൾക്ക് ആവശ്യപ്പെടുമ്പോൾ കൊടുക്കത്തക്കതായി സമയത്തു് കിട്ടുന്നില്ലെന്നും താമസിച്ചു കിട്ടുന്നതു നിമിത്തം മുഴുവൻ സംഖ്യയും അംഗങ്ങൾക്ക് കൊടുക്കാൻ സാധിക്കുന്നില്ലെന്നും ചെറിയ തുകകൾ സംഘാംഗങ്ങൾക്ക് കൊടുക്കുന്നതു് സംഘംവക

മുതലിൽനിന്നുതന്നെയാണെന്നും പരാതിയുണ്ട്. ഗവണ്മെൻറിൽ നിന്നു ഇക്കാര്യത്തിനായി കൂടുതൽ ശ്രദ്ധയോടുകൂടിയുള്ള ധനസഹായം ചെയ്യുകയാണെങ്കിൽ മാത്രമെ കൃഷിഭൂമി നന്നാകുവാനിടയുള്ളു.

ഭൂസ്വത്തുജാമ്യ ബാംകുകൾ:— പരസ്പരസഹായ ധന സംഘങ്ങളിൽ നിന്നും ദീർഘകാല വായ്പയും മദ്ധ്യകാല വായ്പയും കൊടുക്കുന്നുണ്ടെങ്കിലും ഈ ചെറിയ സംഘങ്ങളുടെ ധനസ്ഥിതി ദീർഘകാലവായ്പകൾ വേണ്ട എല്ലാപേരുടേയും ആവശ്യങ്ങളെ നിറവേററുന്നതിനോ അങ്ങിനെയുള്ള ആളുകൾക്ക് ആവശ്യമുള്ള തരത്തിൽ കുറഞ്ഞ പലിശക്ക് പണം കടം കൊടുക്കുന്നതിനോ അനുവദിക്കുകയില്ല. സാങ്കേതികമായി പരിശോധിക്കുന്ന പക്ഷം ഹ്രസ്വകാല വായ്പക്ക് പ്രത്യേകം ഉദ്ദേശിച്ചിരിക്കുന്ന പണത്തെ മദ്ധ്യകാല വായ്പക്കോ ദീർഘകാല വായ്പക്കോ ആയി വിനിയോഗിക്കുന്നതും തെററാണ്. ഈ കൂട്ടിക്കലർത്തൽകൊണ്ട് ഹ്രസ്വകാല വായ്പകൾക്ക് പണം ഇല്ലാതെ വരികയും ദീർഘകാലവായ്പകൾക്ക് പണം പോരാതെ തീരികയും മാത്രമെ ഫലം ഉണ്ടാകുകയുള്ളു. ഈ വിഷമങ്ങൾ തരണം ചെയ്യുന്നതിനും കൃഷിക്കാക്ക് അത്യാവശ്യമായുള്ള ദീർഘകാലവായ്പ അവക്ക് കൊടുക്കുന്നതിനും ആയി ഭൂസ്വത്തുജാമ്യ ബാംകുകൾ ആവശ്യത്തിനനുസരിച്ച പരിധികൾക്കുള്ളിൽ സ്ഥാപിക്കേണ്ടതാണ്. ഭൂമിയിൽ ദേഹണ്ഡങ്ങൾ ചെയ്യുന്നതിനും കൃഷിയുടെ രീതി നന്നാക്കുന്നതിനും വിലക്കൂടുതൽ ഉള്ളതും കൃഷിക്കുപയോഗമുള്ളതും ആയ യന്ത്രങ്ങളും ഉപകരണങ്ങളും വിലയ്ക്കുവാങ്ങുന്നതിനും ഒററിയിലും പണയത്തിലും ഇരിക്കുന്ന വസ്തു

ക്കും വീണ്ടെടുക്കുന്നതിനും പഴയ കടം വീട്ടുന്നതിനും, ഭൂമി നന്നാക്കുന്നതിനാവശ്യമായ കൂടുതൽ ഭൂമി വിലയ്ക്കു് വാങ്ങുന്നതിനും വെറും തരിശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കധീനമാക്കുന്നതിനും വേണ്ടിയാണു് ഭൂസ്വത്തുജാമ്യബാങ്കുകൾ സ്ഥാപിക്കുന്നതു്. ഇതിന്റെ മൂലധനം ഓഹരിയിൽ നിന്നു് ഡിബഞ്ചർകടപ്പത്രങ്ങളിൽ നിന്നുമാണു് ഉണ്ടാക്കുന്നതു്. പരസ്പരസഹായതത്വത്തിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഭൂസ്വത്തു ജാമ്യസംഘങ്ങൾ ഇൻഡ്യയിൽ പല സ്ഥലത്തും വിജയകരമായി പ്രവർത്തനം ചെയ്യുന്നുണ്ടു്. കാർഷികാഭ്യുദയത്തെ സ്ഥായിയായി ആശ്രയിച്ചിരിക്കുന്ന ഗ്രാമീണ പുനരുദ്ധാരണത്തിനു ദീർഘകാല വായ്പയുടെ നിയന്ത്രണം നടത്തുന്ന ഭൂസ്വത്തുജാമ്യസംഘങ്ങളുടെ സ്ഥാപനം ഏറ്റവും അത്യന്താപേക്ഷിതമാണു്.

സ്ഥിതിവിവരക്കണക്കുകളാണു് പ്രവൃത്തിയുടെ ഫലങ്ങളെ നിർണ്ണയംചെയ്യുന്നതു്. "കണക്കുകൾ വൻകള്ളങ്ങളാണെ"ന്നുള്ള ബീക്കൺസ്ഫീൽഡ് പ്രഭുവിന്റെ അഭിപ്രായംമിക്കവാറും ശരിയാണെങ്കിലും സ്ഥിതിവ്യത്യാസങ്ങളുടെ താരതമ്യവിവേചനം ചെയ്യുന്നതിനു് അതുപോലെ നല്ല ഒരു മാർഗ്ഗം വേറെയില്ല. കൃഷിക്കാരന്റെ ഋണഭാരത്തിന്റെ മുമ്പിലത്തെ സ്ഥിതിയും, പരസ്പരസഹായ സംഘങ്ങളും ഭൂസ്വത്തുജാമ്യസ്ഥാപനങ്ങളും ഉണ്ടായതിൽ പിന്നീടുള്ള സ്ഥിതിയും തമ്മിലുള്ള വ്യത്യാസം സ്ഥിതിവിവരക്കണക്കുകൾക്കു് സമുചിതമായ പ്രാധാന്യത്തോടുകൂടി കാണിയ്ക്കുന്നതിനു സാധിക്കയില്ല. കടം അടുത്ത കാലത്തു വീട്ടിത്തീർക്കാമെന്നുള്ള ആത്മവിശ്വാസത്തോടും പ്രസാദാത്മികത്തോടുംകൂടി ജീവിതം കഴിക്കുന്ന പുതിയ കൃഷിക്കാരനെ കണക്കുകൾക്കു കാണിക്കു

വാനെ സാധിക്കുകയില്ലോ. എന്നാൽ വാസ്തവത്തിൽ അയാളാണ് ഈ പുതിയ പ്രസ്ഥാനത്തിൻെറ പ്രത്യക്ഷ ഫലം. ഇതിലും ഉപരിയായി പ്രാധാന്യം വഹിക്കുന്ന മറെറാരു ഫലം സാധാരണ കൃഷിക്കാരന് ഈ സ്ഥാപനങ്ങൾ നൾകുന്ന സ്വയംഭരണത്തിനുള്ള പരിശീലനമാണ്. ജീവിതത്തിലൊരിക്കലുംതന്നെ ഇരുനൂറോ മുന്നൂറോ രൂപാ ഒരുമിച്ചു കണ്ടിട്ടില്ലാത്ത കൃഷിക്കാരൻ, പരസ്പരസഹായസ്ഥാപനങ്ങളുടെ അദ്ധ്യക്ഷനെന്ന നിലയിൽ, പല അംഗങ്ങളുടേയും വായ്പകളുള്ള അപേക്ഷകളെ പരിശോധിക്കുന്നതും, സംഘംവക സ്വത്തിൻെറ ശരിയായ വിനിയോഗത്തെ സശ്രദ്ധം വീക്ഷിക്കുന്നതും, വളരെ ആയിരങ്ങൾ ഒരാണ്ടിൽ കടം കൊടുക്കുന്നതും ഏതു രാജ്യഭക്തൻേറയും കണ്ണിനു കുളുർമ്മ നൾകാതെയിരിക്കയില്ല. പ്രസ്ഥാനത്തിനു സിദ്ധിച്ചിട്ടുള്ള വിജയത്തേക്കാൾ ആ വിജയത്തിൽ അന്തർഭവിച്ചിരിക്കുന്ന അസംഖ്യം കൃഷിക്കാരുടെ സ്വാത്ഥരഹിതമായ സേവനമാണ് നമ്മുടെ അഭിനന്ദനത്തിന് പാത്രമാകേണ്ടതു്.

ഗ്രാമംതോറും സ്ഥാപിച്ചുവരുന്ന പരസ്പരസഹായധന സംഘങ്ങൾ ഗ്രാമീണരിൽ കണിശം, കൃത്യനിഷ്ഠ മുതലായ ഗുണങ്ങളേ ഉണ്ടാക്കിയതുകൂടാതെ ഗ്രാമീണരുടെ ഇടയിൽ നേതാക്കന്മാരെ സൃഷ്ടിക്കുകകൂടിച്ചെയ്തു. ഈ ധന സംഘങ്ങൾതന്നെയാണ് പരസ്പരസഹായമാതൃകയിൽ ധനേതര പരിശ്രമങ്ങളിൽ കൃഷിക്കാരേ ഉൽസുകരാക്കിയതും.

ഗ്രാമീണഋണഭാരത്തിൻെറ മോചനത്തിനായി മററു പല പരിശ്രമങ്ങളുമുണ്ടായിട്ടുണ്ടെങ്കിൽ അവകളിൽ വച്ചെല്ലാം ഏററവും വിജയകരമായി തീൎന്നിരിക്കുന്നതു്

പരസ്പരസഹായധനസംഘമാണ്. അതിൻെറ അംഗങ്ങളിൽ അതു സ്വഭാവ നൈമ്മല്യത്തേയും തത്വദീക്ഷയേയും കൃത്യനിഷ്ഠയേയും ഉളവാക്കിയിട്ടുണ്ട്. ശരിയായിട്ടുള്ള മേൽ നോട്ടത്തിനും പരിശോധനയ്ക്കുമധീനമാകുകയാണെങ്കിൽ ഇത്ര വിപുലമായ സാദ്ധ്യതകളോടുകൂടിയ മറെറാരു പ്രസ്ഥാനവും ഗ്രാമീണപുനരുദ്ധാരണപദ്ധതിയിൽ ഇല്ല.

എന്നിരുന്നാലും പരസ്പരസഹായ പ്രസ്ഥാനത്തിൻെറ അഭിവൃദ്ധി ഇൻഡ്യയിൽ ഒട്ടുക്ക് നോക്കുകയാണെങ്കിൽ അതൃപ്തികരമായിത്തന്നെ ഇരിക്കുന്നു. ഈയ്യിടെ പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകത്തിൽ* ഇൻഡ്യയിലെ കാഷികകടം തീക്കുന്നതിന് പരസ്പരസഹായ പ്രസ്ഥാനം ഈ രീതിയിലെ മുന്നോട്ടു പോകുന്നുള്ളു എങ്കിൽ മുന്നൂറു സംവത്സരത്തിൽ കൂടുതൽ വേണ്ടിവരുമെന്നു പറഞ്ഞിരിക്കുന്നു. പരസ്പരസഹായ പ്രസ്ഥാനത്തിൻെറ ഇൻഡ്യയിലെ മന്ദഗതിക്കു കാരണമായി ആ പുസ്തകത്തിൽ പറയുന്നതു് പ്രസ്ഥാനത്തിൻെറ വിജയത്തിന് അടിസ്ഥാനമായ ചില സാമ്പത്തികസ്ഥിതികൾ ആവശ്യമുണ്ടെന്നും അവ ഇൻഡ്യയിൽ ഇല്ലെന്നും ആണ്. കൃഷിക്കാർ മിതവ്യയം ശീലിച്ച് സമ്പാദിക്കണമെന്നുള്ളതു് പരസ്പരസഹായ പ്രസ്ഥാനത്തിൻെറ വളച്ചക്ക് അത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. ഇവിടെ കൃഷിക്കാർ മിതവ്യയം ശീലിക്കുകയാകട്ടെ, സമ്പാദിക്കുകയാകട്ടെ ചെയ്യുന്നില്ല. ഇവരണ്ടും ആവശ്യമെന്നു മനസ്സിലാക്കത്തക്ക വിദ്യാഭ്യാസവും അവക്കില്ല. ഈ സ്ഥിതിയെ പരിഹരിക്കുന്നതിനായി ഈജിപ്റ്റിലെപോലെ വിപു

* Wealth of India by Wadia and Joshi

ലമായ ധനസഹായം ചെയ്യുന്നതിനും ഗ്രാമീണ ഋണഭാരം മുഴുവൻ ഇല്ലാതാക്കുന്നതിനും തയ്യാറുള്ളതും ഗവണ്മെണ്ടിൽനിന്നും ഗണ്യമായ സഹായത്തോടുകൂടിയതും ആയ ഒരു വലിയ കാർഷിക ബാങ്ക് സ്ഥാപിക്കുന്നതായിരിക്കും ഉത്തമം എന്ന് അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ റിസർവ്ബാങ്കിന്റെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കാർഷികശാഖ ഈ കാര്യത്തിനു പര്യാപ്തവും ഈ പ്രശ്നത്തിനു പരിഹാരവുമായിരിക്കുമെന്നു നമുക്കു ആശിക്കാം.

പരസ്പരസഹായസംഘത്തിന് കൃഷിക്കു വേണ്ട ധനസഹായം ചെയ്യുന്നതിനു മാത്രമല്ല. കൃഷിക്കാരനെ സഹായിക്കുവാനും സാധിക്കും. കൃഷിയുടെ എല്ലാ പതനങ്ങളിലേയും ആവശ്യങ്ങൾ പരസ്പരസഹായസംഘങ്ങൾ മുഖേന നിറവേറുന്നതാണ് കൂടുതൽ ആദായകരവും ക്ഷേമകരവും ആയിരിക്കുന്നതു്. വളരെ കുറഞ്ഞ പലിശയ്ക്കു് പണം കടം കൊടുക്കുന്നതു കൃഷിക്കാർക്ക് ധനസഹായസംഘങ്ങൾ ചെയ്യുന്ന ഒരു വലിയ ഉപകാരമാണ്. പണ്ട് ൧൦ മുതൽ ൫൦ വരെ ശതമാനം പലിശ കൊടുത്തുവന്നിരുന്നതിനുപകരം ഇപ്പോൾ ൭ മുതൽ ൧൦ വരെ ശതമാനം പലിശകൊടുത്താൽ മതിയെന്നു പറയുന്നതുതന്നെ ഒരു വലിയ സഹായമായി അവർ ഗണിക്കുന്നു. ഈ പലിശ നിരക്കിലുള്ള ലാഭം ഇൻഡ്യൻ കാർഷിക ഋണഭാരത്തിൽ ഒരു കോടിരൂപായെങ്കിലും കുറച്ചിട്ടുണ്ട്. എന്നാൽ പണത്തെ ശരിയായി ഉപയോഗിക്കുന്നതിനും പണമുണ്ടാക്കുന്നതിനും കൂടുതൽ ശക്തിയും ജീവിതത്തെപ്പററിതന്നെ പുതിയ ചില ആശകളും ഉണ്ടാകുന്നതിനും അയാളെ ഇങ്ങനെ ലാഭത്തിൽ കിട്ടുന്ന കടം സഹാ

യിച്ചില്ലങ്കിൽ കൃഷിക്കാരന്ന് അയാളുടെ സാമ്പത്തികസ്ഥിതിനന്നാക്കവാൻ ഒരിക്കലും സാധിക്കയില്ല. ഇങ്ങിനെ അയാളുടെ ജീവിതരീതിക്ക മാററം വന്നില്ലെങ്കിൽ അയാളുടെ കടംവീട്ടുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകയില്ല. ഇന്നു് അയാളുടെ കടം മുഴുവൻ തീർത്താൽ നാളെ പുത്തനായി കടം അയാൾക്കു് ഉണ്ടായിക്കൊള്ളും. ഇതിൽ നിന്നു് കൃഷിക്കാരന്നു് ധനസഹായം ചെയ്യുന്ന പരസ്പരസഹായ സംഘങ്ങളേക്കാൾ അയാൾക്കു് നല്ല വിത്തുകൾ ശേഖരിച്ചുകൊടുക്കുന്നവയും വളം കാർഷികോപകരണങ്ങൾ ഇവ സജ്ജീകരിച്ചു് കൊടുക്കുന്നവയും ആയ പരസ്പരസഹായസംഘങ്ങളാണു് കൂടുതൽ പ്രയോജനമുള്ളവയെന്നു് കാണുവാൻ കഴിയും. ഈ ഉദ്ദേശ്യത്തോടുകൂടി ഇൻഡ്യയുടെ പല ഭാഗങ്ങളിലും ഇമ്മാതിരി സംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. മദ്രാസിൽ വളം ക്രയവിക്രയം ചെയ്യുന്ന സംഘങ്ങളും ബാംബെയിൽ വിത്തു ശേഖരിച്ചുകൊടുക്കുന്ന സംഘങ്ങളും ബംഗാളിൽ ജലസേചനത്തിനുള്ള സംഘങ്ങളും പഞ്ചാബിൽ വസ്തു ഭൂഖണ്ഡങ്ങളുടെ ഏകീകരണത്തിനുള്ള സംഘങ്ങളും ഉണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണു്. മേൽപറഞ്ഞ ഈ വാസ്തവത്തെ ശരിയായി കൃഷിക്കാർ മനസ്സിലാക്കീട്ടുണ്ടെന്നുള്ളതു് തെളിയിക്കത്തക്കവണ്ണം ഈയിടെയായി ഒട്ടധികം കാർഷികസംഘങ്ങൾ രൂപവൽകരിക്കപ്പെടുന്നുണ്ടു്. ഒന്നുരണ്ടു ഗ്രാമങ്ങൾക്കു് കൂടിയെങ്കിലും പരസ്പരസഹായതത്വത്തിന്മേൽ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്ന കാർഷികസംഘങ്ങൾ സ്ഥാപിച്ചാൽ കാർഷികാഭ്യുദയം സുരക്ഷിതമായി എന്നും നമുക്കു് ആശിക്കുവാൻ വഴിയുണ്ടു്. കൃഷിയുടെ വളർച്ചയേയും കൃഷികാരന്റെ അഭ്യുദയത്തേയും

സംബന്ധിക്കുന്നിടത്തോളം ഈ സംഘങ്ങളുടെ പ്രവ ത്തനം ഗണ്യമായ രീതിയിൽ ഉപകാരപ്രദമാണെന്നുള്ളതു നിസ്സംശയമാണ്. പക്ഷേ ഈ സംഘങ്ങളുടെ പ്രവ ത്തി ആവശ്യത്തിൻെറ ഒരു കോണിൽ മാത്രമെസ്പശിച്ചി ട്ടുള്ളു. ആയിരത്തിൽ ആറ്—നിശ്ചയമായും പത്തിൽ താഴെ—കൃഷിക്കാർ മാത്രമേ ഈ സംഘങ്ങളിൽ ചേന്നിട്ടു ള്ളു എന്നുള്ളതു് നിരാശാജനകമാണ്. കൂടുതൽ പ്രച രണവേലയാണ് ഇവിടേയും ആവശ്യം.

കൃഷിക്കാരൻെറ വിളവുകൾക്ക് ശരിയായ വിലകി ട്ടാതെ അയാൾ ഉഴലേണ്ടതായിവരുന്നതിനുള്ള കാരണ ങ്ങൾ ഒന്നാമതായി അവൻെറ ഋണഭാരവും രണ്ടാമതാ യിഅവൻെറ സംഘടനയില്ലാത്ത ജീവിതരീതിയുമാണ്. വിളവുകളുടെ പോക്കിൻെറ അവസാനലക്ഷ്യമായ സർവലോക വിപണികളുമായി ഇൻഡ്യൻ കൃഷിക്കാര ന്യാതൊരു ബന്ധവുമില്ല. ഒരു ഇടനിലക്കാരൻെറ ജനനവും അയാളുടെ ലാഭമെടുക്കലും ആണ് ഇതിൻെറ ഒഴിച്ചുകൂടുവാൻ പാടില്ലാത്തഫലം. ഇടനിലക്കാരുടെ സംഖ്യ വിൽക്കുവാൻ ഉദ്ദേശിക്കുന്ന സാധനത്തെയാണ് അധികമായി ആശ്രയിച്ചിരിക്കുന്നതു്. ചണം പഞ്ഞിമു തലായ സാധനങ്ങളാണെങ്കിൽ കൃഷികാരൻെറ കൈയ്യിൽ നിന്നും യഥാത്ഥമായ ആവശ്യക്കാരൻെറ കൈയ്യിൽ എത്തുമ്പോഴേക്കും പല ഇടനിലക്കാക്കും അവ ലാഭ മുണ്ടാക്കി കൊടുക്കേണ്ടതായിവരും. മത്സരത്തിൻെറയും ആവശ്യത്തിലധികം സാധനങ്ങൾ ഉണ്ടാക്കുന്നിതൻെറ യും ഫലമായി ദല്ലാളി മാരുടേയും ഇടനിലക്കാരുടെയും സംഖ്യ കുറഞ്ഞു കുറഞ്ഞു വരികയാണ്. തൻമൂലം സാധനങ്ങളുടെ ഉടമസ്ഥന് അതിൻെറ വില നിർ ണ്ണയിക്കുന്നതിൽ സാരമായ ഉത്തരവാദിത്വം ഉണ്ടാ

യിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഈ ഏർപ്പാടുകൾ പല തരത്തിൽ പരിഷ്ക്കരിക്കേണ്ടതായിരിക്കുന്നു. കാർഷികവിഭവങ്ങളുടെ ഉല്പാദനത്തെ നിയന്ത്രിക്കുന്നതു പോലെതന്നെ അതിൻെറ വിതരണത്തിൻേറയും വില്പനയുടേയും നിയന്ത്രണം അത്യാവശ്യമാണ്. ഇങ്ങിനെയുള്ള ഒരു നിയന്ത്രണം പരസ്പരസഹായ പദ്ധതിമൂലമാണ് വിജയകരമായി നടത്താവുന്നത്. ഇററലി, ഐർലണ്ട്, സ്വിററ്സർലണ്ട്, ഡെൻമാർക്ക് എന്നീ സ്ഥലങ്ങളിൽ സഹകരണ വിതരണ സംഘങ്ങളും വില്പനസംഘങ്ങളും വളരെ വിജയകരമായി നടപ്പിലിരിക്കുന്നു. ഈ സ്ഥാപനങ്ങൾ ഇൻഡ്യയിലും വിജയകരമല്ലാതെ വരുന്നതിന് യാതൊരു വഴിയുമില്ല. നൌഗാൺ ഗഞ്ചാകൃഷിക്കാരുടെ പരസ്പരസഹായസംഘം ഇതിന്ന് ശരിയായ ഒരുദാഹരണമാണ്. ഈ സംഘം ഉണ്ടാകുന്നതിനുമുമ്പ് ബംഗാളിലെ ഗഞ്ചാകൃഷിക്കാരുടെ സ്ഥിതി ഇൻഡ്യയിലെ മറെറല്ലാസ്ഥലങ്ങളിലേയും കൃഷിക്കാരുടേതുപോലെ ദയനീയമായിരുന്നു. കൃഷിയിലും വിളവെടുപ്പിലും അതിൻെറ വില്പനയിലും പരസ്പരസഹായപദ്ധതി അവർ സ്വീകരിച്ചതോടുകൂടി അവരുടെ ആദായം ഗണ്യമായി വർദ്ധിക്കുകയും അവരുടെ സ്ഥിതിവളരെ നന്നാകുകയുംചെയ്തു. ഈ സംഘംമൂലം ഉണ്ടായ ആദായത്തിൽനിന്ന് അവർ പൊതുജനോപകാരാർത്ഥമായി കുളങ്ങൾ കുഴിക്കുകയും റോഡുകൾ വെട്ടിതെളിക്കയും ആസ്പത്രികൾ, പള്ളികൾ മുതലായവ കെട്ടിക്കുകയും മററും ചെയ്യുന്നു. ഒരു പ്രധാനപ്പെട്ട പാലം കെട്ടുന്നതിനായി ഡിസ്ത്രിക്ട് ബോർഡിന് കുറെപണം കടം കൊടുക്കുന്നതിനു കൂടി ഈ സംഘത്തിന് സാധിച്ചു-

ഒരുകൊല്ലത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം ആ സംഘം ൧൦൨൧൩ രൂപാ ചിലവാക്കി. ഈ സ്ഥാപനത്തിൻെറ ചരിത്രത്തിൽ നിന്നു ഇമ്മാതിരി പ്രസ്ഥാനങ്ങൾക്ക് രാജ്യത്തിലുണ്ടാകുന്ന വിജയത്തെ ഏറക്കുറെ അനുമാനിക്കാവുന്നതാണെല്ലോ.

മററുവിളവുകളുടെ ശേഖരണവും വില്പനയും നടത്തുന്നസംഘങ്ങൾക്ക് മേല്പറഞ്ഞതുപോലെയുള്ള അത്ഭുതകരമായ അഭിവൃദ്ധിസിദ്ധിച്ചില്ലന്നു വന്നേക്കാം. എന്നാൽ വിളവുകളെ സംബന്ധിച്ച് ഇമ്മാതിരിസംഘങ്ങൾ സ്ഥാപിക്കുന്നതിനും അതു വിജയകരമായി പ്രവൎത്തിക്കുന്നതിനും ഉള്ള സാവകാശം വലുതാണ്.

ഇതുപോലെതന്നെ കുടിൽ വ്യവസായങ്ങളുടെ പോഷണത്തിനും സഹകരണപ്രസ്ഥാനത്തിന് ധാരാളം പ്രവൎത്തിക്കുവാൻ കഴിയും. ഇതിനെ സംബന്ധിച്ച് വിവരമായി അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാണ്.

ഇൻഡ്യൻ കാൎഷികലോകത്തിൻെറ അന്തൎശക്തികൾ വൎദ്ധിപ്പിച്ചു നാട്ടിന് പ്രയോജനകരമായി ഭവിപ്പിക്കുന്നതിനു സ്വീകരിക്കേണ്ട പദ്ധതികളെയാണ് കഴിഞ്ഞ അദ്ധ്യായത്തിലും ഈ അദ്ധ്യായത്തിലും പറഞ്ഞുവന്നത്. കാൎഷികാഭ്യുദയത്തിന് അത്യാവശ്യമായിട്ടുള്ളതു് കൃഷിക്കാരൻെറ അറിവു് വൎദ്ധിക്കുകയും കൃഷിക്ക്‌വേണ്ടി കൂടുതൽ ചിലവാക്കുന്നതിനായി പണം ഉണ്ടാക്കുകയും ആണ്. ഈ രണ്ടു് കാൎയ്യങ്ങളുടെ നിൎവഹണത്തിനും ഇന്നത്തെ സ്ഥിതിക്ക് ആളുകൾ ഗവണ്മെണ്ടിൻെറ സഹായം അൎത്ഥിക്കാതെ നിവൃത്തി

യില്ല. ഹാളണ്ട്, ജർമ്മനി, ജപ്പാൻ, ഈജിപ്റ്ററ് എന്നീരാജ്യങ്ങൾ, ദീർഘദൃഷ്ടിയുള്ള ഗവണ്മെണ്ടുകൾക്ക് കാർഷികാഭ്യുദയത്തിനു വേണ്ടിഎത്രമാത്രം പ്രവർത്തിക്കുവാൻ സാധിക്കുമെന്നുള്ളതിന് ഉദാഹരണങ്ങളാണ്. ഇൻഡ്യൻ ഗവണ്മെണ്ടിനും ഈ വിഷയത്തെസംബന്ധിച്ചുള്ള ചുമതലകൾ നല്ലതിൻവണ്ണം അറിയാമെന്ന് ഈയ്യിടെ ഗ്രാമപുനരുദ്ധാരണത്തിന് നൾകിയ സഹായധനം, സാമ്രാജ്യകാർഷികപര്യവേക്ഷണസമിതിയുടെ പ്രവർത്തനങ്ങൾ, എന്നിവ ധാരാളമായി സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ ഇത്രവളരെ വലിയ ഒരു രാജ്യത്തിൻെറ ആവശ്യങ്ങളും ഗവമ്മെൻറിനു ചെയ്യാവുന്ന സഹായത്തിൻെറ ക്ലിപ്തമായ പരിധിയും തമ്മിൽ യാതൊരു സാമീപ്യവുമില്ല. ഏതായാലും കൃഷിയുടെ അഭിവൃദ്ധിയെ ലാക്കാക്കിയുള്ള പരിശ്രമങ്ങളാണ് ഐശ്വര്യത്തിൻെറ അടിസ്ഥാനമെന്ന് ഗവമ്മെൻറും ജനങ്ങളും ഒന്നുപോലെ മനസ്സിലാക്കിയിട്ടുണ്ട്. അത് ആശാജനകമായ ഭാവിയിലേക്ക് വഴികാട്ടുകയുംചെയ്യുന്നു. ഒരു രാജ്യത്തിൻെറ അഭിവൃദ്ധിയെ ലാക്കാക്കി ചെയ്യുന്ന പരിശ്രമങ്ങൾ അതിൻെറ നാനാമുഖങ്ങളായ ആവശ്യങ്ങളെ സ്പർശിക്കുന്നവയായിരിക്കണം. എന്നാൽ മാത്രമേ സാരമായ അഭിവൃദ്ധി യഥാർത്ഥത്തിൽ ഉണ്ടാകയുള്ളൂ. അതുകൊണ്ട് കൃഷിയെ നന്നാക്കുന്നതിനായി ശ്രമിക്കുന്ന അവസരത്തിൽതന്നെ കൃഷിക്കാരുടെ ഇതരവ്യവസായങ്ങളേയും ആരോഗ്യത്തേയും വിദ്യാഭ്യാസത്തേയും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ചെയ്യേണ്ടതിൻെറ അത്യാവശ്യകതയെ വിസ്മരിക്കുവാൻ പാടില്ല.

---

# VI

## കുടിൽ വ്യവസായം.

---

കൃഷിക്കാരന് അവൻെറ ജീവിതോപായമായ കൃഷിയിൽ നിന്നുള്ള ആദായം പല കാരണങ്ങളാൽ ആണ്ടുതോറും കുറഞ്ഞുവന്നതാണ് കുടിൽ വ്യവസായങ്ങൾക്ക് ഇൻഡ്യൻ ഗ്രാമജീവിതത്തിൽ ഈയ്യിടെയുണ്ടായിട്ടുള്ള പ്രാധാന്യത്തിനു ഹേതു. കൃഷിചെയ്യുന്ന സ്ഥലത്തിന് വിസ്തൃതി വദ്ധിച്ചില്ലെങ്കിലും ആ സ്ഥലത്ത് ചെയ്യുന്ന കൃഷിയെ ആലംബമാക്കി ജീവിതം കഴിക്കേണ്ടവരുടെ സംഖ്യ ജനസംഖ്യയുടെ കൂട്ടതലോടുകൂടി അധീകരിച്ചു. തൻനിമിത്തം കൃഷിയിൽനിന്ന് കിട്ടുന്ന ആദായം കൃഷിക്കാൎക്കും അവരെ ആശ്രയിച്ചു ഉപജീവിക്കേണ്ടവൎക്കും ജീവസന്ധാരണത്തിനുതന്നെമതിയാകാതെയായി. തലമുറ കഴിയുംതോറും കുറഞ്ഞുവന്ന ഭൂമിയുടെ വിസ്തീൎണ്ണം ഭൂമിയിൽനിന്നുള്ള ആദായത്തിനു വലിയ കുറവു വരുത്തി. ക്ലുപ്തകാലങ്ങളിൽ മാത്രം ജോലിയുള്ളവനായ കൃഷീവലൻ ആ തൊഴിൽ കഴിഞ്ഞാൽ അലസനായിരിക്കയായി. പണ്ട്, കൃഷി തീൎന്നാൽ അവൻ ഏതെങ്കിലും ഒരു തൊഴിലിന് പോകുമായിരുന്നു. എന്നാൽ അന്നത്തെ കുടിൽവ്യവസായങ്ങളെല്ലാം പല കാരണങ്ങളാൽ നശിച്ചതുകൊണ്ട് കൎഷകന് കൃഷിയുടെ കാലം കഴിഞ്ഞാൽ ഇപ്പോൾ വേലയില്ലാതെതന്നെ ഇരിക്കേണ്ടതായി വരുന്നു. ഈ നിർബ്ബന്ധിതമായ തൊഴിലില്ലായ്മ നിമിത്തം ആദായത്തിനും പ്രസ്താവയോഗ്യമായ കുറവുണ്ടായി.

ഈദൃശകാരണങ്ങളാൽ അദ്ധ്വപ്പട്ടിണിക്കാരനായിതീൎന്ന കൃഷിക്കാരൻ തന്റെ ആദായം വൎദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും വ്യവസായം കണ്ടുപിടിക്കുവാൻ പ്രേരിതനായി.

ആദായം കുറഞ്ഞ തൊഴിലിൽനിന്നും നിൎബ്ബന്ധിതമായ അലസതയിൽനിന്നും കൃഷിക്കാരനെ രക്ഷപ്പെടുത്തുന്നതിന് ചില മാൎഗ്ഗങ്ങൾ നിൎദ്ദേശിക്കപ്പെട്ടിട്ടുണ്ട്. തൊഴിൽ സുലഭമായി കിട്ടുന്ന രാജ്യത്തിന്റെ മററു ഭാഗങ്ങളിലേക്കോ അല്ലെങ്കിൽ അന്യരാജ്യങ്ങളിലേക്കോ വേല അന്വേഷിച്ചു പോകുക, വലിയ തോതിലുള്ള വ്യവസായങ്ങൾ ആരംഭിക്കുക, നശിച്ചുപോയ കുടിൽ വ്യവസായങ്ങളെ പുനൎജ്ജീവിപ്പിയ്ക്കുക, പുതിയ കുടിൽ വ്യവസായങ്ങളെ ഗ്രാമംതോറും പ്രചരിപ്പിക്കുക, കൃഷി തന്നെ കൂടുതൽ തവണയും കൂടുതൽ സ്ഥലത്തും ചെയ്ക മുതലായവയാണ് നിവാരണമാൎഗ്ഗങ്ങൾ.

ഗ്രാമപ്രദേശങ്ങളിലെ വൎദ്ധിച്ച ജനസംഖ്യ ഇല്ലാതാക്കുന്നതിന് അന്യരാജ്യങ്ങളിലെക്ക് കുടിയേറിപ്പാൎക്കുന്നതാണ് നല്ലതെന്നു പറയുന്നത് പക്ഷേ നിഷേധപരമായ നയമാണ്. ഇതു നിമിത്തം കൃഷിക്കാരന്റെ ആദായം വാസ്തവത്തിൽ വൎദ്ധിക്കുന്നില്ല. ഒരു മഹാമാരിയോമറേറാ വന്ന് ആളുകൾ കുറയുന്ന ഫലമേ ഇതിനുള്ളു. ഉള്ള ആളുകൾക്ക് മതിയായ ആഹാരം കൊടുക്കുക എന്നുള്ളതാണ് ഇവിടെ ആവശ്യം. അതിന്റെ നിവൃത്തി ആളുകളെ ഇല്ലാതെയാക്കുന്നതിലല്ലാ ഒരിക്കലും സ്ഥിതിചെയ്യുന്നത്; എന്നു മാത്രമല്ല ഈ മാതിരി കുടിയേറിപാൎപ്പ് അശേഷം പ്രായോഗികവുമല്ല. കൃഷിചെയ്യുന്ന സ്ഥലത്ത് പുതിയ ഒരുമാതിരി വളം ഉപയോഗിക്കു

ന്നതിനോ പുതിയ വിത്തു വിതയ്ക്കുന്നതിനോ ശാസ്ത്രീയമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഇരുമ്പു കലപ്പ ഉപയോഗിക്കുന്നതിനോ തക്ക മനോനിശ്ചയവും പരിശ്രമസ്വഭാവവും ഇല്ലാത്ത ഇൻഡ്യൻ കൃഷിക്കാരനുണ്ടോ, താൻ ജനിച്ചു വളന്ന ദേശത്തിലും താൻ ജനിച്ചുവളന്ന വീട്ടിലും നിന്നു, തൻെറ ബന്ധുമിത്രാദികളിൽനിന്നും അകന്നു്, ആദായത്തെമാത്രം ഇച്ഛിച്ചു്, അന്യരാജ്യത്തിലേക്കു് പോകുന്നു! അയാൾ അതിനെക്കാൾ സന്തോഷത്തോടുകൂടി പട്ടിണി കിടന്നുകൊള്ളും. അയാൾ സ്വദേശത്തുതന്നെ കിടന്നു മരിച്ചുകൊള്ളട്ടെ! അതിന്നു് ദയചെയ്തു് അനുവദിച്ചേച്ചാൽ മതി.

അതു പോകട്ടെ; അഥവാ, ഇൻഡ്യൻ കൃഷിക്കാരൻെറ മനസ്ഥിതി മാറി എന്നും മററൊരു സ്ഥലത്തു് താമസിക്കുന്നതിനായി പോകാൻ അവൻ തയ്യാറായി എന്നും വിചാരിക്കുക. അയാളുടെ കുടിയേറിപാപ്പിന്നു് ഒന്നു രണ്ടു പ്രധാന പ്രതിബന്ധങ്ങൾ ഉണ്ടു്. കുടിയേറി പാർപ്പു് എന്നു പറയുന്നതു് രണ്ടുതരത്തിലാണു്. (ക) ഇൻഡ്യയിൽതന്നെ ആൾപാർപ്പും കൃഷിയും ഇല്ലാത്ത സ്ഥലത്തേക്കു് മാറിത്താമസിക്കുക (ഖ) ഇൻഡ്യക്കു പുറമെ—അതായതു് ബമ്മാ, എഫ്. എം, എസ്സ്. ആഫ്രിക്കാ പേഴ്സ്യാ മുതലായ സ്ഥലങ്ങളിലേയ്ക്കു്—പോവുക.

ഇതിൽ ഇൻഡ്യയ്ക്കുള്ളിലെ കുടിയേറിപാർപ്പു് തീരെ അസാദ്ധ്യമല്ല. ഏകദേശം മുപ്പതു ശതമാനം ഭൂമി ഇപ്പോഴും ഇൻഡ്യയിൽ വിജനമായും തരിശായും കിടപ്പുണ്ടു്. ആ സ്ഥലത്തെ കൃഷിക്കധീനമാക്കണമെങ്കിൽ ധാരാളം ധനവും ധൈയ്യസമേതം ജോലിചെയ്യുന്ന

തിന്ന തയ്യാറുള്ള കുറെ ആളുകളും ആവശ്യമാണ്. ഇതു രണ്ടും ഇൻഡ്യൻ ഗ്രാമങ്ങളിൽ നിന്ന് ഇപ്പോൾ കിട്ടുകയെന്നുള്ളതു് സുസാദ്ധ്യമല്ല. ഇൻഡ്യക്കു് പുറമെ കുടിയേറിപ്പാക്കുന്നതിൻെറ സാദ്ധ്യതയും ഇപ്പോൾ സംശയാധീനമാണ്. ഏകദേശം ൨൪ ലക്ഷം ജനങ്ങളോളം ഇപ്പോൾ ഇൻഡ്യക്കു് വെളിയിൽ പാർപ്പു് ഉറപ്പിച്ചിട്ടുണ്ടു്. പല കാരണങ്ങളാൽകൊണ്ടു് ഇൻഡ്യാക്കു് പുറത്തോട്ടുള്ള നിർഗ്ഗമനം ഇപ്പോൾ അസാദ്ധ്യമായിരിക്കുകയുമാണ്.

കൂടാതെ ആവശ്യത്തിലധികമുള്ള ആളുകൾ ഗ്രാമത്തിനവെളിയിൽ പോയി എന്നുള്ളതുകൊണ്ടു അവിടത്തന്നെ താമസിക്കുന്നവക്കു് മതിയാകുന്ന ആദായം അവിടത്തെ വയലിൽനിന്നു് കിട്ടണമെന്നില്ല. ഭൂമിയിൽ നിന്നുള്ള ആദായം കുറഞ്ഞുപോകുന്നതിന്നു് പല കാരണങ്ങളാണുള്ളതു്. കുറെക്കൂടുതൽ ആളുകൾ ഒരു സ്ഥലത്തു താമസിക്കുന്നു എന്നതു് ആദായം കുറയുന്നതിന്നു് ഒരിക്കലും കാരണമാകുകയില്ല. കൃഷിചെയ്യാതെ വെറുതെ ഇരിക്കേണ്ടിവരുന്ന അവസരത്തിൽ ചെയ്യത്തക്ക ജോലിയാണ് കൃഷിക്കാരനു് അവശ്യം ആവശ്യം. ഈ അപേക്ഷണീയതയെ അധികമുള്ള ആളുകളുടെ ബഹിർഗ്ഗമനം നിറവേററുകയില്ല. എന്നുമാത്രമല്ല കൃഷിയുടേയും കൃഷിക്കാരൻേറയും താല്പര്യങ്ങൾക്കു് ഈ ബഹിർഗ്ഗമനം അശേഷം അനുകൂലവുമല്ല. കൃഷിക്കു് മിക്കവാറും കൂടുതൽ ആളുകളുടെ സഹായം അപേക്ഷണീയമാകുന്നു. ഒരു ഗ്രാമത്തിൽ എത്രതന്നെ ആവശ്യത്തിലധികം ആളുകളുണ്ടെങ്കിലും അവക്കു് പരാശ്രയംകൂടാതെ കൃഷി ആവശ്യങ്ങൾ സാധിയ്ക്കാം. അതുകൊണ്ടു് ഗ്രാമത്തിൽ കൂടുതലുള്ള ആളുകളെ അവിടത്തന്നെ താമസിപ്പിക്കത്തക്ക വിധത്തിൽ

അവക്ക് ആദായമാൎഗ്ഗമുണ്ടാക്കിക്കൊടുക്കുന്ന വല്ല വ്യവസായത്തിലും ഏൎപ്പെടുന്നതിന്ന് സഹായിക്കുന്നതായിരിക്കും ഏററവും നല്ലത്.

വലിയ തോതിൽ വ്യവസായങ്ങൾ ആരംഭിക്കുക എന്നുള്ളതു് ശ്രമസാദ്ധ്യമായ കാൎയ്യമാണ്. അതിൻെറ സാദ്ധ്യതകൾ നമ്മുടെ വിഷയവുമായി യാതൊരുബന്ധവുമില്ലാത്ത പല സംഗതികളെ ആശ്രയിച്ചിരിക്കുന്നു. എന്നുമാത്രമല്ല കഴിഞ്ഞ അമ്പതു സംവത്സരങ്ങൾക്കിടയിൽ ആരംഭിച്ചിട്ടുള്ള വലിയ വ്യവസായങ്ങൾപലതും ഉദ്ദേശിച്ചിടത്തോളം ഗ്രാമക്കാൎക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുത്തിട്ടില്ലതന്നെ. ബാംബെ, ഷോലാപ്പൂർ, അഹമ്മദബാദ് മുതലായ ദിക്കുകളിലെ വ്യവസായശാലകൾ പലസ്ഥലത്തുനിന്നും വേലക്കാരെ ആകൎഷിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ അമ്പതുകൊല്ലങ്ങൾക്കിടയിൽ വൎദ്ധിച്ച 25 ശതമാനം ജനങ്ങളിൽ ഒരു ശതമാനത്തിന്നു മാത്രം തൊഴിൽ നൾകുവാനേ ഈ വ്യവസായശാലകൾക്ക് സാധിച്ചിട്ടുള്ളൂ. ഗ്രാമീണൎക്ക് തൊഴിലുണ്ടാക്കി കൊടുക്കുവാൻ വലിയ വ്യവസായശാലകൾക്കു സാധിക്കുകയില്ലെന്നു ഈ വസ്തുതതെളിയിക്കും. കൂടാതെ, വലിയപട്ടണങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വ്യവസായമന്ദിരങ്ങളിൽ ജോലിക്ക് ആണ്ടുമുഴുവനും ആളുകളെ ആവശ്യമാണ്. കൃഷി ഇല്ലാത്തകാലത്തുമാത്രം ലഭിക്കുന്ന കൃഷിക്കാരൻെറ വേല ആ വലിയ ശാലകൾക്ക് ആവശ്യമാണോ എന്നുള്ള കാൎയ്യവും സംശയാധീനമാകുന്നു. അഥവാ കൃഷിക്കാരൻ എല്ലാക്കാലവും ജോലിചെയ്യുന്നതിന്നു സന്നദ്ധനാവുകയാണെങ്കിൽ അയാളുടെ തൊഴിൽ നാശോന്മുഖമാകുകയും ചെയ്യും.

ചെറിയകുടിൽ വ്യവസായങ്ങളുടെ സ്ഥാപനം എന്ന നിവാരണമാൎഗ്ഗം കുറെക്കൂടി വിവരമായി പരിശോധിക്കപ്പെടുന്നതിന്ന് അൎഹമാണ്. കൃഷിക്കാരന്ന് അഭിവൃദ്ധിയുണ്ടാകാൻ ഏതു കുടിൽ വ്യവസായത്തിൽ ഏതുമാതിരി പ്രവൎത്തനം നടത്തുന്നതാണ് ഉത്തമം എന്നതാണ് ഇവിടെ ആലോചിക്കുവാനുള്ളത്. "ഒരാൾ അയാളുടെ കുടുംബത്തിലെ അംഗങ്ങളുടെ സഹായത്തോടുകൂടി വീട്ടിൽവെച്ച് ചെയ്യുന്ന ഒരു വ്യവസായമാണ് കുടിൽ വ്യവസായ"മെന്ന് പറയുന്നത്. കൃഷിക്കാരൻ തന്റെ കൃഷിക്ക് വേണ്ടി ചിലപ്പോൾ അയാളുടെ സ്നേഹിതന്റെ സഹായം അൎത്ഥിക്കുന്നതുപോലെ ഈ കുടിൽ വ്യവസായത്തിലും ചെറിയ സഹായങ്ങൾ അന്യരിൽനിന്ന് സ്വീകരിക്കുന്ന പതിവ് ഉണ്ട്. ഈ കുടിൽവ്യവസായം വീട്ടിനകത്തുവച്ചുതന്നെ നടത്തണമെന്നും ഇല്ല. അത് അവന്റെ പുരയിടത്തിനുള്ളിൽ എവിടെ വച്ച് നടത്തിയാലും മതി. കുടിൽവ്യവസായം ഗ്രാമപ്രദേശത്തുവച്ചുമാത്രമേ നടത്താവൂ എന്നും നിൎബ്ബന്ധവുമില്ല. കമ്പോളസൌകൎയ്യങ്ങളും, അസംസ്കൃത സാധനങ്ങളുടെ സുലഭതയും ചേൎന്നു കിട്ടുന്ന സ്ഥലമെല്ലാം കുടിൽ വ്യവസായത്തിന്ന് അനുകൂലമാണ്. ഇവരണ്ടിൽ കമ്പോളസൌകൎയ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൾകിയിരിക്കുന്നതുകൊണ്ടു് കുടിൽ വ്യവസായങ്ങൾ അധികവും പട്ടണത്തിലാണ് പുഷ്ടിപ്പെട്ടുവരുന്നത്. ഗ്രാമവാസികളുടെ ഇടയിൽ മാത്രം വിററഴിക്കുന്നതിന്ന് എളുപ്പമുള്ള സാമാനങ്ങൾ ഗ്രാമങ്ങളിൽ ഉണ്ടാക്കാറുണ്ടു്. അത്തരം വ്യവസായങ്ങളെ കുടിൽ വ്യവസായങ്ങൾ എന്നതിന്ന പകരം ഗ്രാമവ്യവസായങ്ങൾ എന്നു പറയുന്നു.

ഒരു ഉപതൊഴിൽ എന്നു പറയുന്നതു് പ്രധാനമായി സ്വീകരിക്കുന്ന തൊഴിലിൽ നിന്നു് കിട്ടുന്ന ആദായത്തെ വർദ്ധിപ്പിക്കുന്നതിനായി ഒരാൾ ചെയ്യുന്ന മറെറാരു തൊഴിലാണു്. പ്രാഥമികവും സാഹായികവുമായി തൊഴിലുകളെ രണ്ടായി വിഭജിച്ചിട്ടില്ല. ഒരു തൊഴിൽ ഒരാൾക്കു് പ്രാഥമികമായിരിക്കുമ്പോൾ മറെറാരാൾക്കു് അതു സഹായമായി ഭവിക്കാം. പ്രധാനപ്പെട്ട തൊഴിലിൽനിന്നു് കിട്ടുന്ന ആദായം ചെലവിനു് മതിയാകാത്ത ഏവനും ഒരു സാഹായികതൊഴിലിൻെറ ആവശ്യമുണ്ടു്. രണ്ടാമതൊരു തൊഴിലിൻേറയും അതിൽനിന്നുണ്ടാകുന്ന ആദായത്തിൻേറയും സഹായം വേണ്ടാത്തവർ ആരുംതന്നെ കാണുകയില്ലെന്നു പറയുന്നതു് ഒട്ടും അതിശയോക്തിയാകുന്നതല്ല. നെയിത്തു പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഒരുവനു് സസ്യങ്ങൾ വളർത്തുന്നതു് ഉപതൊഴിലായികയ്ക്കൊള്ളാം. നൂലിനു് വില കുറയുന്ന അവസരത്തിൽ സസ്യങ്ങൾ വിററു് അയാൾക്കു ആദായം കുറയാതെനോക്കാമല്ലോ. കൃഷിമുഖ്യപണിയായി സ്വീകരിച്ചിരിക്കുന്നവർക്കു് ഇപ്രകാരം അവരുടെ ആദായം വർദ്ധിപ്പിക്കുന്നതിനായും കൃഷിപ്പിഴ ഉണ്ടാകുന്ന കാലങ്ങളിൽ പ്രധാനമായ ആദായമാർഗ്ഗമായി കരുതുന്നതിനും കൊള്ളാവുന്ന ചെറുതരം വ്യവസായങ്ങളെപ്പററിയാണു് നമുക്കിവിടെ ആലോചിക്കുവാനുള്ളതു്.

ഉപതൊഴിലുകളുടെ ഉദ്ദേശം പ്രധാനതൊഴിലുകളെ സഹായിക്കുക എന്നതാണല്ലോ. അല്ലാതെ, അവയുപകരം സ്വീകരിക്കപ്പെടുന്നതിനാണെന്നു വിചാരിച്ചുകൂടാ ഉദാഹരണമായി, കൃഷിയില്ലാത്തകാലത്തു് കൃഷിക്കാർക്കു് വണ്ടിഓടിക്കുന്നതു് തൽക്കാല തൊഴി

ലായി സ്വീകരിക്കാവുന്നതല്ലെ? ഇങ്ങിനെ പ്രധാന തൊഴിലിൻെറ ആദായം വദ്ധിപ്പിക്കുന്നതിന്നു സ്വീകരിക്കപ്പെടുന്ന അന്യവ്യവസായങ്ങൾക്കു ചില പ്രത്യേകതകൾ ആവശ്യമുണ്ടു്.

(ഫ) കൃഷിക്കാലത്തു് യാതൊരുതരക്കേടും വരാത്ത വിധം അതു മാററിവയ്ക്കാവുന്നതായിരിക്കണം.

(വ) അതിന്നു വലിയ സാങ്കേതികപരിജ്ഞാനം ആവശ്യമായിരിക്കരുതു്.

(ന) അതുനടത്തുന്നതിന്നു പ്രത്യേകസാമത്ഥ്യവും വേണ്ടന്നിരിക്കണം.

(ർ) ആവശ്യമുള്ള ഉല്പന്നങ്ങൾ സമീപസ്ഥലത്തു യാതൊരു ബുദ്ധിമുട്ടും കൂടാതെ കിട്ടുന്നതായിരിക്കണം.

(ര) ആ തൊഴിലിൽ നിന്നുണ്ടാകുന്ന സാധനങ്ങൾ ഉടൻ വിലയ്ക്കു് വിൽക്കാവുന്നതായിരിക്കണം.

(ന്ന) കഴിയുന്നത്ര അധികം ആളുകൾക്കു് അതു് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതായിരിക്കണം.

ഉപതൊഴിലുകളെപ്പററി ചിന്തിക്കുന്നതിന്നു മുമ്പു് കൃഷിക്കാർ അവരുടെ പ്രധാനതൊഴിലിൽനിന്നു ലഭിക്കാവുന്നിടത്തോളം ആദായം എടുക്കുന്നതിന്നു ശ്രമിക്കേണ്ടതാകുന്നു. ഒന്നാമതു് മഴകൊണ്ടുണ്ടാകുന്ന നനവു് പോകാതെ അയാൾ ഭൂമിസൂക്ഷിക്കണം. രണ്ടാമതു് കഴിവുള്ളിടത്തെല്ലാം രണ്ടോ അതിൽക്കൂടുതലോ മാതിരിവിളവുകൾ ഇറക്കണം. നിവൃത്തിയുള്ളിടത്തോളം അതിൽ ഒരുമാതിരിവിളവെങ്കിലും, മഴഎത്രയും കുറഞ്ഞാലും വിഫലമാകാത്തതായിരിക്കയും വേണം. മൂന്നാമതു് ആണ്ടുതോറും കന്നുകാലികൾക്കു് തീററിസാധനങ്ങൾ നട്ടുവളത്തുന്നതിന്നു് അയാളുടെ കൃഷിസ്ഥല

ത്തിൻെറ ഒരുഭാഗം തീൎച്ചയായും ഒഴിച്ചിടണം. മഴ പക്ഷേ കുറവായാലും ഈ സ്ഥലത്തു ധാരാളം പുല്ലവള ൎന്നുകൊള്ളും. ഇങ്ങിനെ കൃഷിചെയ്യാവുന്ന വയലിൽ കുറെ സ്ഥലം ഒഴിച്ചിടുന്നതുകൊണ്ട് യാതൊരു നഷ്ടവും വരുവാനില്ല. നേരെ മറിച്ച് കൂടുതൽ ശ്രദ്ധയോടുകൂടി മററഭാഗം കൃഷിചെയ്യേണ്ട ആവശ്യമേയുള്ളു. അതു മൂലം അയാൾക്ക് ഇരട്ടിവിളവു കിട്ടുന്നതിന്നിടയാകും. നാലാമത് നിവൃത്തിയുള്ളിടത്തോളം വളം അയാൾ സൂക്ഷിക്കുകയും ചെയ്യണം.

ഇക്കാൎയ്യങ്ങളെല്ലാം ബദ്ധശ്രദ്ധനായി ചെയ്തഎന്നാലും കൃഷിക്കാരന്ന് രണ്ടാമതൊരുതൊഴിൽ ആവശ്യമില്ലാത്തവിധത്തിൽ അവൻെറക്ഷേമത്തെ ഈ കൃഷി വളൎത്തുമെന്നു വിശ്വസിച്ചാശ്വസിച്ചുകൂട. ഗ്രാമങ്ങളിലെഎല്ലാ ആളുകൾക്കും യോജിക്കുന്നതരത്തിൽ ഒരൊററവ്യവസായം കണ്ടുപിടിക്കുന്നതിന്ന് അല്പം വിഷമമാണ്. ഏതുതൊഴിലിൻേറയും ഉപയോഗവും അനുയോജ്യതയും അതിന്ന് എത്രമാത്രം ഗ്രാമസൌഭാഗ്യത്തെ വളൎത്താൻ സാധിക്കുമെന്നതിലാണിരിക്കുന്നത്. എല്ലാസാമ്പത്തിക ശ്രമങ്ങളുടേയും ഉദ്ദേശ്യം ഭക്ഷണസാധനങ്ങൾ, വസ്ത്രോപകരണങ്ങൾ, മനുഷ്യൻെറ മററു ആവശ്യങ്ങൾക്കുപയുക്തമായ സാമാനങ്ങൾ ഇവയുടെ സംഭരണമാണല്ലോ. ഇതനുസരിച്ച് കൃഷിക്കാരൻ സ്വീകരിക്കുന്ന രണ്ടാമത്തെതൊഴിൽ താഴെപ്പറയുന്ന ശേഖരത്തിലും പെടുന്നതായിരിക്കണം. അതായത്:—

(എ) മനുഷ്യനോ, കന്നുകാലിക്കോ അല്ലെങ്കിൽ രണ്ടിനുമോ കൂടുതൽ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നവ

(ച) ഗ്രാമവാസികളുടെ ഗാർഹികോപകരണങ്ങളോ വസ്ത്രധാരണത്തിന് ആവശ്യമായ സാധനങ്ങളോ ഉണ്ടാക്കുന്നവ.

(ഛ) ഗ്രാമത്തിൽ ഇപ്പോൾ ഉള്ളതും പുതുതായി ആരംഭിക്കാവുന്നതും ആയ മററു തൊഴിലുകൾ.

(ജ) ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തെ സഹായിക്കുന്ന തൊഴിലുകൾ. എല്ലാ തൊഴിലുകളിലും വച്ച് ഉത്തമം ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തെ സഹായിക്കുന്ന തൊഴിലാകുന്നു. കൃഷിയിൽ നിന്നുകിട്ടുന്ന ഭക്ഷണസാധനങ്ങളുടെ ഉത്ഭവം നഷ്ടപ്പെട്ടുമ്പോൾ ഇതരമാർഗ്ഗങ്ങൾ അന്വേഷിക്കാതിരിക്കുകയും അവ ആലംബമായി കരുതാതിരിക്കുകയും ചെയ്യാൻ നിവൃത്തിയില്ല. ഭക്ഷണം നിത്യാവശ്യങ്ങളിൽ ഒന്നാണല്ലോ. അതു മറെറല്ലാ സാധനങ്ങളെക്കാളും കൂടുതൽ പ്രാധാന്യവും ആവശ്യവും ഉള്ളതാണ്. പുതുതായി ഉണ്ടാക്കുന്ന ഭക്ഷണസാധനം ധാന്യത്തിൻെറ ഉപയോഗത്തെ കുറെഎങ്കിലും കുറയ്ക്കുമെങ്കിൽ ശേഷിക്കുന്ന ധാന്യം കന്നുകാലികൾക്കു ഭക്ഷണത്തിനായി വിനിയോഗിക്കുകയും അങ്ങിനെ അവയെ പോഷിപ്പിക്കാൻ സാധിക്കയും ചെയ്യും.

പാശ്ചാത്യരാജ്യങ്ങളിലെ കൃഷിക്കാരന് നമ്മുടെ കൃഷിക്കാരനേക്കാൾ കൂടുതൽനാൾ കൃഷിസംബന്ധമായ ബദ്ധപ്പാടുകൾഉണ്ട്. എന്നിട്ടും ആഹാരത്തിനാവശ്യമെന്ന ഇനത്തിൽപ്പെട്ട പാൽവ്യവസായം, പന്നിവളത്തൽ, കോഴിവളത്തൽ, പഴത്തോട്ടം ഇങ്ങിനെ പല ഉപ

വ്യവസായങ്ങളും അയാൾ നടത്തിവരുന്നു. ഇതിൽ ഒന്നുംതന്നെ അയാളുടെ പ്രധാനതൊഴിലിനെ തടസ്ഥപ്പെടുത്തുന്നില്ല. പ്രത്യുത ഗണ്യമായവിധത്തിൽ അതിനെ അവ സഹായിക്കുകയും ചെയ്യുന്നു. ഈ വ്യവസായങ്ങളെല്ലാം നടത്തുന്നതിന് കൃഷിക്കാരൻെറ വീട്ടിലെ സ്ത്രീകൾക്കും കുട്ടികൾക്കും സാധിക്കും. അവ പോഷണസാധനങ്ങളടങ്ങിയ ഭക്ഷണസാധനങ്ങൾ അയാൾക്ക് പ്രദാനം ചെയ്യുമെന്നുള്ളതാണ് മുഖ്യമായി ഉദ്ദേശിക്കപ്പെട്ടുന്നതു്. അവയിൽ സ്വന്തം ആവശ്യത്തിനതികഞ്ഞു കൂടുതലായുണ്ടെങ്കിൽ—മിക്കവാറും കാണും—വിററു ലാഭമുണ്ടാക്കുന്നതിനും കഴിയുന്നു. ഈ ആദായത്തിന് ഒരു പ്രത്യേകതയുള്ളതു് കൃഷിയിൽനിന്ന് കിട്ടുന്ന ആദായത്തെപ്പോലെ നിശ്ചിതകാലത്തേ പ്രതീക്ഷിക്കാതെ അപ്പോഴപ്പോൾ ലഭിച്ചുകൊണ്ടിരിക്കുമെന്നുള്ളതാകുന്നു.

ഇതിൽ ഏതെങ്കിലും ഒന്നോ രണ്ടോ തൊഴിൽ തൻെറ പ്രധാനജോലിയോടുചേർത്തു നടത്തുന്നതിന് വൈഷമ്യം ഇല്ല. ഡന്മാർക്കിൽ പാൽ വ്യവസായം, പന്നിവളർത്തൽ, കോഴികൃഷി എന്നിവ മുഖ്യതൊഴിലായി സ്വീകരിച്ചിരിക്കുന്ന പല വ്യവസായികളുണ്ടു്. ചെറിയ ചെറിയ വസ്തുഖണ്ഡങ്ങളിലുള്ള കൃഷിക്കു് ഈ വ്യവസായങ്ങൾ വളരെ പോഷകതരവുമാണ്. ഭക്ഷണത്തിനുള്ള ധാന്യം മുതലായവയുടെ കൃഷി ആദായത്തിനും വിഭവ വിക്രയത്തിനും വേണ്ടി അവർ ചെയ്യുന്നില്ല. അവരുടെ ചെറിയ കൃഷി മൃഗങ്ങളെ തീററുന്നതിന് മാത്രമാണ് മിക്കവാറും നടത്തിവന്നതു്. അങ്ങിനെ അവർ അനാവശ്യച്ചിലവില്ലാതെയാക്കുന്നു. പരിഷ്കൃതരീതിയിലും കണിശത്തോടുകൂടിയും ശാസ്ത്രീയമായും ചെയ്യുന്ന

ഈ തൊഴിലുകൾ ഡെന്മാർക്കിലെ കൃഷിക്കാരെ അഭ്യുദയ സോപാനത്തിൽ കയററിവിട്ടിട്ടുണ്ട്. ഇനി അതിൽ ചിലതിൻെറ പ്രാധാന്യത്തെക്കൂടി ചിന്തിക്കാം.

<u>പാൽ വ്യവസായം:</u>— യൂറോപ്യൻ രാജ്യങ്ങളിലും ചൈനയിലും പന്നിവളർത്തൽ ആദായകരമായ കൃഷിയായി ഗണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇൻഡ്യയിൽ കൃസ്ത്യാനികൾ ഒഴിച്ചു ആരും തന്നെ അതു ഇഷ്ടപ്പെടാറില്ല. ഹിന്ദുക്കളും മഹമ്മദീയരും പന്നിയെ തൊടുക തന്നെ ഇല്ല. എന്നാൽ പാൽവ്യവസായം അങ്ങിനെയല്ല: അതിന് ഇൻഡ്യയിൽ ഭാസുരമായ ഭാവിയുണ്ട്. തൻനിമിത്തം പാൽ വ്യവസായവുമായി ബന്ധപ്പെടാത്ത ജാതി ഇല്ലന്നു വന്നിട്ടുണ്ട്. സകലരും ഇനിയും അതിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ശ്രമിക്കേണ്ടതാണ്. യൂറോപ്പിൽ കന്നുകാലികളെ രക്ഷിക്കുന്നത് പ്രധാനമായി പാലിനും മാംസത്തിനും വേണ്ടിയാകുന്നു. ശക്തി ആവശ്യമുള്ള സകല കാർഷിക വേലകളും അവർ കുതിരയെക്കൊണ്ടും, ഈയിടെയായി മോട്ടാർ കൊണ്ടും സാധിച്ചുവരുന്നു. അതുപോലെ തന്നെ തൊഴുത്തിൽ നിന്ന് കിട്ടുന്ന വളത്തിനു പകരം കൃത്രിമ വളം ഉപയോഗിക്കയും ചെയ്യുകയാണ്. നേരേമറിച്ച് ഇൻഡ്യൻ കൃഷിയിൽ കന്നുകാലിയ്ക്കുള്ള സ്ഥാനം അദ്വീതിയമാകുന്നു. കന്നുകാലികളെ കൂടാതെ ഇൻഡ്യായിൽ കൃഷിസാദ്ധ്യമല്ല. കൃഷകൻെറ ആരോഗ്യത്തിന് ആവശ്യമുള്ള പാല്, വയലിനു വേണ്ട വളം, ഉഴവിന് ആവശ്യമായ ശക്തി ഇവയെല്ലാം കന്നുകാലിയാണു പ്രദാനം ചെയ്യുന്നത്.

ഒരു സ്ഥലത്തു നിന്ന് മററൊരു സ്ഥലത്തേക്ക് സാധനങ്ങൾ കൊണ്ടു പോകുന്നതിനു കന്നുകാലിതന്നെ വേണം; അഗാധമായ കിണററിൽ നിന്ന് വെള്ളം കയററുന്നതിന് കന്നുകാലി വേണം; ചക്ക് ആട്ടുന്നതിനും കന്നുകാലി തന്നെ. എന്നുവേണ്ട ഇൻഡ്യയിലെ കൃഷിക്കാരന് കന്നുകാലിയില്ലാതെ യാതൊന്നും സാദ്ധ്യമല്ല. കൃഷീവലൻെറ പരദേവതതന്നേയും കാലികളാണെന്നു പറയാം. മരിച്ച കന്നുകാലിയുടെ മൃതദേഹം പോലും വളരെ പ്രയോജനപ്പെടുന്നു. അതിൻെറ അസ്ഥി, കൊമ്പ്, തോല് എന്നിവ അനവധി കാൎയ്യങ്ങൾക്ക് ഉപകാരപ്രദമാകുന്നു. വെറുതെയല്ലാ ഇൻഡ്യൻ മഹൎഷികൾ പശുവിനെ കാമധേനുവിൻെറ സന്തതിയെന്ന് പറഞ്ഞിട്ടുള്ളത്. ധനികൻെറയും ദരിദ്രൻെറയും പ്രധാനപ്പെട്ട സ്വത്ത് ഒരു കാലത്ത് കന്നുകാലികളായിരുന്നു. എന്നാൽ ഇൻഡ്യയിൽ ആധുനിക കൎഷകന്മാർ കന്നുകാലികളെ അശേഷം സൂക്ഷ്മത്തോടുകൂടി രക്ഷിക്കുന്നില്ലെന്ന് ആരും സമ്മതിയ്ക്കും. കന്നുകാലികളുടെ വൎഗ്ഗത്തെ നന്നാക്കുന്നതിനായോ, അതിൻെറ ആഹാരത്തിൻെറ ഗുണമോ പരിമാണമോ വൎദ്ധിപ്പിക്കുന്നതിനായൊ, യാതൊന്നും ഇവിടെ ചെയ്യാറില്ല. പുല്ലുവളരുന്ന കിടക്കുന്ന മൈതാനങ്ങളും സമതലങ്ങളും കൂടുതൽ കൃഷിചെയ്യുന്നതിനോ മേച്ചിൽ സ്ഥലത്തിൻെറ വിസ്തൃതി വൎദ്ധിപ്പിക്കുന്നതിനോ ശ്രമിക്കുന്നില്ല. പുല്ലും മററാഹാര സാധനങ്ങളുമായി കന്നുകാലികളുടെ ഭക്ഷണത്തിനുവേണ്ട സാധനങ്ങൾ വൎദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും തീവ്രയത്നം ചെയ്യേണ്ട കടമ ഓരോ ഇൻഡ്യാക്കാരനുമുണ്ട്. യൂറോപ്പിൽ ഓരോ കൃഷിക്കാരൻെറയും കൃഷിസ്ഥലത്തിൽ ഒരംശം കന്നുകാലികളുടെ

ഭക്ഷണ സാധനങ്ങൾ വളൎത്താനായി തിരിച്ചിടാറുണ്ടു്- ഇൻഡ്യാക്കാർ ഈ ആവശ്യത്തെ അവഗണിക്കുകയും ഇതിനുവേണ്ടി യാതൊന്നും പ്രവൎത്തിക്കാതെ ഇരിക്കുകയും ചെയ്യുന്നു. അതിൻെറ അനിഷ്ടഫലമായി നമ്മുടെ പശുക്കൾ വെറും എല്ലും തൊലിയുംമാത്രമായി ശേഷിച്ചിരിക്കുന്നു. എന്നു തന്നെയല്ല പാലിൻെറ ആവശ്യത്തിനായി എരുമ എന്നൊരു പുതിയ മാതിരി കാലിവൎഗ്ഗത്തെയും നാം ആശ്രയിക്കേണ്ടിവന്നിരിക്കുന്നു. പാലിനുവേണ്ടി എരുമയും ഉഴവു ജോലികൾ ചെയ്യുന്നതിന്നു് കാളയും വേണമെന്നുവരുന്നതുകൊണ്ടു് കൃഷിക്കാരന്നു് താങ്ങുവാൻ വയ്യാത്ത ചെലവു് അയാളുടെ മേൽ ചുമത്തപ്പെടുകയാണു് ഈ നിവൃത്തിയില്ലായ്മ അവനെ മറെറാരു ത്യാഗം അനുഷ്ഠിക്കാൻ നിർബ്ബന്ധിതനാക്കുന്നു. അവൻ പാൽ ഉപയോഗിക്കണ്ടെന്നു തീൎച്ചയാക്കുന്നു. തൽഫലമായി ആരോഗ്യത്തിൻെറ ഒരു ഭാഗവും അവന്നു് നഷ്ടമാകുന്നു. ത്രാണിയുള്ളവർ പശുവിനേയും എരുമയേയും സൂക്ഷിക്കുന്നു. അപ്പോൾ എരുമ ഭക്ഷണംമുഴുവൻ തിന്നുതീൎക്കുകയും പശു പിന്നേയും പട്ടിണിയായി കഴിഞ്ഞുകൂടുകയുംചെയ്യും. എരുമപ്പാലിലാണു് കൂടുതൽ പോഷകാംശമെന്നു് ചിലർ പറയുന്നുണ്ടു്. അതിൻെറ വാസ്തവത്തിലുള്ള കാരണം പശുവിനെ ഇപ്പോഴത്തെ രീതിയനുസരിച്ചു് പട്ടിണി ഇടുന്നതുകൊണ്ടല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ശരിയായിട്ടു് ആഹാരം കൊടുത്തു രക്ഷിക്കുകയാണെങ്കിൽ പശുവിൻപാലിലും വേണ്ടിടത്തോളം പോഷകാംശം ഉണ്ടായിരിക്കുമെന്നുള്ളതിനു സംശയമില്ല. യൂറോപ്പിൽ എരുമയെ ആരും വളൎത്തുന്നില്ലന്നും അവിടെ വളൎത്തുന്ന പശുക്കളിൽ നിന്നു്

ധാരാളം വെണ്ണകിട്ടുന്നുണ്ടെന്നും ഉള്ളതു് ഇതിനു തെളിവാണു്. യൂറോപ്പിൽ പശുക്കളെ രക്ഷിക്കുന്ന രീതിയിൽ നമ്മുടെ പശുക്കളേയും രക്ഷിച്ചാൽ അവിടെ കിട്ടുന്ന ഫലം ഇവിടേയും കിട്ടും. പശുക്കളെ ശരിയായി വളൎത്തുകയാണെങ്കിൽ നല്ലതും ധാരാളവും ആയ പാൽകിട്ടുമെന്നുമാത്രമല്ലാ ആവശ്യമുള്ളപ്പോഴെല്ലാം അതിനെ വാഹനമൃഗമായി ഉപയോഗിക്കുകയും ചെയ്യാം. നമ്മുടെ ഇപ്പോഴത്തെരീതിപോലെ അസാമ്പത്തികമായി മറ്റൊന്നില്ല.

നമ്മുടെ കന്നുകാലികളുടെ വൎഗ്ഗപോഷണം വേറൊരുകാരണംമൂലവും അത്യാവശ്യമാണു്. ഇൻഡ്യയിലെ ജനസംഖ്യ ഭൂരിഭാഗം ഹിന്ദുക്കളാണല്ലോ. ഹിന്ദുക്കൾക്കു് മതാനുശാസനം നിമിത്തം പശുക്കളെ കൊല്ലുവാൻ പാടില്ല. അതുകൊണ്ടു വയസ്സുചെന്നതും ശക്തിയില്ലാത്തതും ആയ മൃഗങ്ങളെ മരിക്കുന്നതുവരെ തീററികൊടുത്തു രക്ഷിക്കേണ്ടതായിരിക്കുന്നു. ഇതിൽഭേദം കൊള്ളുകില്ലാത്ത പശുക്കുട്ടികൾ ജനിക്കാതിരിക്കത്തക്കവണ്ണം സൂക്ഷിക്കുകയല്ലേ?

എരുമയ്ക്കും കാളയ്ക്കും ഉള്ള അമിതമായ വിലകൊടുത്തു അവയെ വാങ്ങുന്നതിന്നു് സാധാരണ കൃഷിക്കാരന്റെ ധനസ്ഥിതി അവനെ അനുവദിയ്ക്കുകയില്ല. അവയെ വിലയ്ക്കുവാങ്ങണമെന്നുണ്ടെങ്കിൽ അവൻ കടം വാങ്ങേണ്ടതായിവരും. ഇതിൽനിന്നു് കൃഷിക്കാരനെ രക്ഷിക്കുന്നതിനും വൎഗ്ഗപോഷണപദ്ധതി സഹായിക്കും.

നല്ലവൎഗ്ഗം മൃഗങ്ങൾ ഇൻഡ്യയിൽ എല്ലാ സ്ഥലത്തും ഉണ്ടാകുകയില്ലന്നു ചിലർ പറയുന്നു. ഇതു പക്ഷേ

വാസ്തവമായിരിക്കാം. ഇന്നാൽ നല്ലതരം കാളകളെ ക്കൊണ്ടു് ചേർപ്പിക്കുകയും ദുർബ്ബലമായ കാളയിൽനിന്നും സന്തത്യുൽപ്പാദനം ഉണ്ടാകാതെ സൂക്ഷിക്കുകയും ചെയ്താൽതന്നെ ആശാസ്യകരമായ വർഗ്ഗപോഷണം സാധിയ്ക്കും. ഒന്നാന്തരം വാഹനമൃഗങ്ങളുടേയും ധാരാളം പോഷകാംശമുള്ള പാലിൻേറയും അത്യാവശ്യം ഇൻഡ്യയിലുള്ളതുപോലെ മറെറാരുരാജ്യത്തും ഇല്ല. രോഗിക്കും ശിശുവിനും ആരോഗ്യവാനും ഒന്നുപോലെ ആവശ്യമുള്ളതു് പാലിനെപോലെ വേറൊന്നുമില്ല. അതുകൊണ്ടു് ജന്തുഹിംസാ നിരോധനത്തെക്കാൾ ഇൻഡ്യയിൽ അത്യാവശ്യം കന്നുകാലിയുടെ പരിരക്ഷണമാണു്. ഇൻഡ്യൻകൃഷിക്കെത്രയും അത്യാവശ്യമായിട്ടുള്ള കന്നുകാലിയുടെ ശരിയായ സംരക്ഷണം കൊണ്ടു് കൃഷിയെ അഭിവൃദ്ധിപ്പെടുത്തുക മാത്രമല്ലാ കൃഷിക്കാരനു് പാൽവ്യവസായം ചെയ്യുന്നതിനു് സാദ്ധ്യതയുണ്ടാക്കിക്കൊടുക്കുകയും ചെയ്യാം. പാൽവ്യവസായം ഇൻഡ്യയിൽ ഗ്രാമങ്ങൾക്കുള്ളതുപോലെ പട്ടണങ്ങൾക്കും പ്രാധാന്യമുള്ള വ്യവസായമാണു്. പശുവിൻെറ സംരക്ഷണംകൊണ്ടു് നമുക്കു് നമ്മുടെ കൃഷിക്കാരേയും രാജ്യത്തിനെ തന്നേയും അഭവൃദ്ധിപ്പെടുത്താം.

ഈ പ്രശ്നം എത്രമാത്രം പ്രധാനമാണോ അത്രയും വൈഷമ്യമുള്ളതുമാണു്. എന്നാൽ രാജ്യത്തുള്ള സകല കാലിസംരക്ഷണ സംഘങ്ങളുംകൂടി യോജിച്ചു പ്രവർത്തിച്ചാൽ അനുകൂലമായ ഫലങ്ങൾ ഉണ്ടാകുമെന്നുള്ളതിനു് സംശയമില്ല. ജന്തുഹിംസാനിരോധനം ആവശ്യമാണു്; എന്നാൽ കാലിസംരക്ഷണവും കാലിവർഗ്ഗപോഷണവും അത്യാവശ്യമാണു്. ഇതു് രാജ്യത്തുള്ള കൃഷിക്കാരും കന്നുകാലി ഉടമസ്ഥന്മാരും മനസ്സിലാക്കേണ്ട

തായിരിക്കുന്നു. ഈ പരമാൎത്ഥം ധരിച്ചാൽ മാത്രമെ പശുക്കളുടെ ശരിയായ സംരക്ഷണം സാദ്ധ്യമാകുകയുള്ളു. ഗ്രാമവാസികളെ ഇതു് മനസ്സിലാക്കുന്നതിന് വലിയ പ്രചരണവേല ആവശ്യമുണ്ട്. പശുവിനെ ശരിയായി സംരക്ഷിക്കുന്നതു് അവൻെറ ആരോഗ്യത്തിന് എത്രയും ആവശ്യവും കൃഷിജോലിക്ക് ആദായകരവും ആണെന്ന് ഓരോ കൃഷിക്കാരനും വിശ്വസിച്ചുതുടങ്ങിയാൽ ഇൻഡ്യയുടെ ക്ലിഷ്ടമായ ഒരു പ്രശ്നത്തിനുള്ള പരിഹാരമാൎഗ്ഗം ഉണ്ടായതായി വിചാരിക്കാം.

ഈ കാമധേനുവിൻെറ രാജ്യത്തു് ആണ്ടിൽ ആറായിരത്തിൽ ചില്വാനം ടൺ പാൽക്കട്ടിയാണ് ഇറക്കുമതിചെയ്യുന്നതെന്നും അനേകലക്ഷം രൂപായാണ് അതിൻെറ വിലയായി ഇൻഡ്യക്ക് വെളിയിൽ പോകുന്നതെന്നും പറയുമ്പോൾ നാം എത്രമാത്രം അധഃപതിച്ചുപോയിട്ടുണ്ടെന്നുള്ളതു് മനസ്സിലാക്കാം. ഇതുപോലെതന്നെ ഒരു വലിയ സംഖ്യക്ക് നെയ്യും ഇറക്കുമതിചെയ്യുന്നുണ്ട്. ഇതിൻെറ കാരണം കേവലം കാലിസംരക്ഷണത്തിൻെറ അഭാവം മാത്രമല്ല; സംഘടനയുടെ അത്യാവശ്യത്തെയുമാണ് ഇതു കാണിക്കുന്നതു്. ഏതു് വ്യവസായത്തിനാണ് സംഘടന ആവശ്യമില്ലാത്തതു്? ശാസ്ത്രീയമായ ഉപകരണങ്ങളുടെ സഹായത്തോടുകൂടി ശരിയായി സംഘടിച്ചാൽ പാൽ വ്യവസായത്തിന് ഇൻഡ്യയിൽ അതിശോഭനമായ ഒരു ഭാവിയുണ്ട്.

കോഴിക്കൃഷി—പാൽവ്യവസായത്തിനോടടുത്തു് പ്രാധാന്യമുള്ളതു് കോഴിക്കൃഷിയ്ക്കാണ്. കോഴിക്കൃഷി ഇൻഡ്യാക്ക് അപരിചിതമായ ഒരു വ്യവസായമല്ല. പുരാതനകാലം മുതൽ ഇന്നുവരെ രാജ്യത്തിൻെറ നാനാഭാഗ

ങ്ങളിലായി യാതൊരു സംഘടനയുമില്ലാതെയാണെങ്കി ലും കോഴിക്കൃഷി നടന്നു വരുന്നുണ്ട്. പശ്ചിമദേശത്തെപ്പോലെതന്നെ ഇൻഡ്യയിലെ കോഴികളും ശരിയായ ഭക്ഷണമില്ലാത്തതുകൊണ്ടും, ഉല്പാദനത്തിലും രക്ഷണത്തിലും വേണ്ടതുപോലെ ശ്രദ്ധിയ്ക്കാത്തതുകൊണ്ടും അധഃപതിച്ചു പോയിരിക്കുന്നു. കൂടക്കൂടെ ക്ഷാമം ഉണ്ടാകുന്ന ഭാഗങ്ങളിൽ ശ്രേയസ്സ് പുനഃസ്ഥാപിക്കുന്നതിന്ന് കോഴിക്കൃഷി പോലെ ഉപകരിക്കുന്ന വേറെ ഒരു വ്യവസായവുമില്ല. കോഴിയെ വളർത്തുന്നതിന്ന് തരിശുനിലങ്ങൾപോലും ഉപയോഗിക്കാം. കോഴിയെ വളർത്തുന്ന ജോലി പ്രായമായ കുട്ടികളെ ഏല്പിക്കാവുന്നതാണ്. കോഴിക്കൃഷിയിൽ നല്ല ശ്രദ്ധപതിപ്പിച്ചാൽ, സാധാരണ ഒരു കുടുംബത്തിന്ന് അവക്കാവശ്യമുള്ള കോഴികളും മുട്ടകളും ഗൃഹോപകരണത്തിനായി എടുത്തതിൻെറ ശേഷം, ആണ്ടുതോറും അമ്പതുറുപ്പിക മുതൽ നൂററിഅമ്പതുറുപ്പികവരെ ആദായം സിദ്ധിക്കുന്നതിന്ന തരമാകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ വ്യവസായത്തിന്ന് ഒരു പ്രത്യേകതയുണ്ട്. ഏററവും ചുരുങ്ങിയ കാലത്തിനുള്ളിൽ ഇതിൽ നിന്ന് ആദായം കിട്ടുന്നതാണ്. മുടക്കുന്ന മുതൽ അനുസരിച്ച് ഇതിൽനിന്ന് മാസംതോറുമോ ആഴ്ചതോറുമോ വേണമെങ്കിൽ ദിവസംതോറും തന്നെയോ ആദായം എടുക്കാം. മാസംതോറും ക്രമമായി ശമ്പളം കിട്ടുന്ന ഒരുവൻ എല്ലായ്പോഴും കൃഷിക്കാരൻെറ അസൂയക്ക് പാത്രവാനാണ്. എന്നാൽ ശരിയായി പോററി രക്ഷിച്ചുവളർത്തുന്ന ഒരു കോഴിക്കൃഷിയുള്ള കൃഷിക്കാരൻ ശമ്പളക്കാരനെ നിസ്സാരനാക്കി ഗണിക്കുന്നു! മുട്ടകൾ വളരെ പോഷകാംശമുള്ള ഒരു ആഹാരസാധനമാണ്. അതു ചീത്തയാകുന്നതിന്ന മാർഗ്ഗങ്ങൾ വളരെ കുറവേയുള്ളൂ. യൂറോപ്പിൽ പാല്

ഉപയോഗിക്കുന്നതുപോലെ, അത്ര ധാരാളമായി തന്നെ മുട്ടയും ഉപയോഗിക്കുന്നു. ചില മുട്ടകൾക്ക് ജീവൻ ഇല്ലാത്തതുകൊണ്ട് വളരെ നാൾ ചീത്തയാകാതെയിരിക്കും. കേവലം സസ്യഭുക്കുകളായവർ ഈ വ്യവസായത്തെ ഇഷ്ടപ്പെടുകയില്ല. എന്നാൽ മുട്ട ഉപയോഗിക്കുന്നവരും കോഴിക്കൃഷിയിൽ അസൌകര്യം തോന്നാത്തവരും ആയ അനേകം ഹിന്ദുക്കൾ ഇൻഡ്യയിലുണ്ട്. ഇവരും മഹമ്മദീയരും ക്രിസ്ത്യാനികളും കൂടിച്ചേർന്നാൽ ഗ്രാമവാസികളിൽ മുക്കാൽഭാഗത്തിലധികമാകും. ഇവരെയെല്ലാം കോഴിക്കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കാവുന്നതാണ്. എല്ലാഗ്രാമങ്ങളിലും അധഃകൃതസമുദായത്തിലുള്ള കുറെ ആളുകൾ കാണും. അവക്ക് മിക്കവാറും ഭൂമി കാണുകയില്ല. അങ്ങിനെയുള്ളവരെ കോഴിക്കൃഷി ഒരു പ്രധാന വ്യവസായമായിത്തന്നെ ചെയ്യുന്നതിന് പ്രേരിപ്പിക്കണം. അവക്ക് ഇതൊരു ഉപജീവനമാർഗം കൂടി ആകുന്നതാണ്. വേണ്ടി വന്നാൽ, അവക്ക് പരസ്പര സഹായസംഘങ്ങൾവഴി ധനസഹായവും ചെയ്യണം.

പാൽ വ്യവസായംപോലെ തന്നെ കോഴിക്കൃഷിയും ആദായകരമാകണമെങ്കിൽ, കോഴികളുടെ വർഗ്ഗത്തിനു പുഷ്ടിവരുത്തുകയും അവയ്ക്കു് നല്ല ആഹാരം കൊടുക്കുകയും കോഴി വ്യവസായത്തിന് സംഘടന ഉണ്ടാക്കുകയും വേണം. ഭക്ഷണസാധനം ഉണ്ടാക്കുന്ന ഒരു വ്യവസായം എന്ന നിലയിൽ അതിന് ഇൻഡ്യയിൽ പ്രത്യേക പ്രാധാന്യമുണ്ട്. കോഴിക്കൃഷി പാൽ വ്യവസായത്തേക്കാൾ ആദായകരമാണ്. ആദായം കിട്ടുന്നതിനു പശുവിനെപ്പോലെ അത്ര അധികം കാലവും വേണ്ട. സംരക്ഷണത്തിന് അത്ര ചിലവും ഇല്ല. കൂടാതെ കോഴിക്കാട്ടം

'ഫലവൃക്ഷങ്ങൾക്ക് നല്ല വളവുമാണ്. ഒരാണ്ടിൽ ഒരു കോഴി നാല്പതു മുതൽ എൺപതു വരെ റാത്തൽ വളം വിസൎജ്ജിക്കുന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അമ്മേരിക്കയിൽ കൃഷിക്കാരനു, ഗോതമ്പു കൃഷിയിൽ നിന്നു കിട്ടുന്നതിനേക്കാൾ പണം കോഴിക്കൃഷിയിൽ നിന്നു കിട്ടുന്നു. ഡെന്മാൎക്കിലെ കൃഷിക്കാരുടെ ധനം പാൽ വ്യവസായത്തിൽ നിന്നും കോഴിക്കൃഷിയിൽനിന്നുമാണ് ലഭിക്കുന്നതു്. ഇംഗ്ലണ്ടിൽ, ആണ്ടുതോറും അറുപതു ലക്ഷം പവന്റെ മുട്ടയും ഇരുനൂററിനാല്പതു ലക്ഷം പവന്റെ വെണ്ണയും അന്യരാജ്യങ്ങളിൽ നിന്നും വാങ്ങുന്നു. ഇതിൽ അധികം ഭാഗവും ഡെന്മാൎക്കിൽ നിന്നാണ് വാങ്ങുന്നതു്. പൌരസ്ത്യരാജ്യങ്ങളിൽ ചൈനയാണ് ഈ വ്യവസായത്തിൽ പ്രാമുഖ്യം വഹിക്കുന്നതു്. ഇംഗ്ലണ്ടിലേക്കു തന്നെ ഏകദേശം ഇരുപത്തിഅഞ്ചു ലക്ഷം പവന്റെ മുട്ട ആണ്ടുതോറും ചൈനയിൽ നിന്നു വില്ക്കുന്നുണ്ടു്. ഇതു കൂടാതെ വേറെ പല രാജ്യങ്ങളിലേക്കും ചൈനയിൽ നിന്നു് മുട്ട ഏററുമതിചെയ്യപ്പെടുന്നു. പച്ചമുട്ട ഏററുമതിചെയ്യുന്നതിനുള്ള സൌകൎയ്യമില്ലാത്ത ചൈനാക്കാർ മുട്ടഉണക്കി, മുട്ടപ്പൊടിയാക്കി അതു് പുറം ദേശങ്ങളിലേക്കു് അയക്കുകയാണ് പതിവു്. മുട്ടപ്പൊടി പാൽ പൊടിപോലെ അത്ര വിലയുള്ളതാണ്. ഈ സംഗതികൾ ഇൻഡ്യൻ ഗ്രാമങ്ങളിൽ കോഴിക്കൃഷി എത്ര വിജയപൂൎവ്വം നടത്താമെന്നും നടത്തണമെന്നും ഉള്ളതിന്റെ തെളിവുകളാണ്.

'പഴം' വ്യവസായം—കുടിൽവ്യവസായമായി നടത്തുന്നതിന് പഴക്കൃഷി വളരെ യോജിച്ചതാണ്. ഭക്ഷണസാധനമായി പഴം എത്രയോ നല്ലതും പാലും മുട്ടയും കഴി

ഞ്ഞാൽപിന്നെ പോഷകാംശം കൂടുതലുള്ളതുമാകുന്നു. യൂറോപ്പിലും അമേരിക്കയിലും ധാരാളം പഴവർഗ്ഗങ്ങൾ ഭക്ഷണസാധനമായി ഉപയോഗിക്കാറുണ്ട്. ആ രാജ്യങ്ങളിൽ പഴംവ്യവസായം പ്രധാനവും സാഹായികവും ആയ തൊഴിലുകളിലായി ഒട്ടധികം വേലക്കാരെ ആകർഷിച്ചിരിക്കുന്നു. ഭൂരഭാഗം ജനങ്ങളും സസ്യഭുക്കുകളായ ഇൻഡ്യയിൽ ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ പഴക്കൃഷിനടത്തുകയും ആദായകരമായ ഒരു കൃഷിയായി പഴക്കൃഷിയെ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. പഴക്കൃഷിവളർന്നുവരികയാണെങ്കിൽ തകരവ്യവസായം, പഴമുണക്കൽ, പഴസംരക്ഷണം, ജാംഉണ്ടാക്കൽ, പഴത്തിൻെറ രസം എടുക്കൽ, പഴംഉണക്കി പൊടിയാക്കൽ എന്നിങ്ങനെ അനേകം ഉപവ്യവസായങ്ങൾക്കും അതു സാദ്ധ്യതയുണ്ടാക്കുന്നു. ഗ്രാമവാസികളുടെ ഇടയിൽ ഈ ഉപവ്യവസായങ്ങളെല്ലാം ഉടനടി പക്ഷേ പ്രചാരത്തിൽ വന്നില്ലെന്നു് വന്നേക്കാം. എന്നിരുന്നാലും പഴക്കൃഷി ഗ്രാമീണർ സ്വീകരിച്ചാൽ കൃഷിചെയ്യാതെ തരിശായികിടക്കുന്നഭൂമി മുഴുവൻ കൃഷിക്കധീനമാകുന്നതിനും തന്മൂലം ഗ്രാമീണരുടെ ആദായം വർദ്ധിക്കുന്നതിനും കാരണമാകും. രത്നഗിരിയിൽ മാങ്ങാകൃഷി വിജയപൂർവ്വം നടത്തുന്നതു് ഇതിനൊരുദാഹരണമാണ്. അതിൽനിന്നു് ആണ്ടുതോറും ഇപ്പോൾ ലക്ഷക്കണക്കിനു് ആദായം സിദ്ധിക്കുന്നു.

ഫലവൃക്ഷങ്ങളുടെ കൃഷി മററൊരു തരത്തിൽകൂടി പ്രാധാന്യമുള്ളതാണ്. അതിൻെറ ഇലയും അതിൽനിന്നും കിട്ടുന്ന വിറകും വളത്തിനും തീ കത്തിക്കുന്നതിനും ആയി ഉപയോഗപ്പെടുത്താം. ചാണകം കത്തിക്കാതെ ഇരിക്കുന്നതിനും തന്മൂലം ആ ചാണകംകൂടെ കൃഷിക്കു് വളമായി ഉപയോഗിക്കുന്നതിനും ഫലവൃക്ഷങ്ങളുടെ

വിറക് സാദ്ധ്യമാക്കുന്നു. ചില ഇനം പഴക്കൃഷി വെള്ള ത്തിൻെറ സുലഭതയേയും കമ്പോള സൗകര്യങ്ങളേയും ആശ്രയിച്ചിരിക്കുന്നു. എങ്കിലും അനേകം ശാഖകൾ ഇവകളെ ആശ്രയിക്കാതെയുണ്ട്. അങ്ങിനെയുള്ള ഫല വൃക്ഷങ്ങൾ നിശ്ചയമായും കൃഷിചെയ്യണം. ചിലപ്പോൾ മഴയുടെ കുറവുകൊണ്ട് പ്രധാനകൃഷി നശിച്ചുപോയാ ലും ഈ കൃഷി കൃഷിക്കാരെ രക്ഷിച്ചുകൊള്ളും.

<u>സസ്യവ്യവസായം</u>—ഇതിനു ധാരാളം വെള്ളം, വളം, അടുത്തുതന്നെ ചന്ത ഇവയെല്ലാം അത്യാവശ്യ മാണ്. പക്ഷേ വില്ക്കാനല്ലാതെ അവനവൻെറ സ്വ ന്ത ആവശ്യത്തിനായിട്ടെങ്കിലും, ഓരോ കൃഷിക്കാരനും കുറെ സസ്യങ്ങൾ നട്ടു വളർത്തേണ്ടതാണ്. ഇതിനു അ ധികം വെള്ളം വേണ്ടിവരികയില്ല. അടുക്കളയുടെ സ മീപത്ത് കെട്ടിനിന്ന് അനാരോഗ്യം വർദ്ധിപ്പിക്കുന്ന വെള്ളം മാത്രം ഇതിനു മതിയാകും.

<u>തേനീച്ച വ്യവസായം</u>—തേനീച്ചവ്യവസായം നമ്മു ടെ നാട്ടിൽ അത്ര സുലഭമല്ലെങ്കിലും അന്യരാജ്യങ്ങ ളിൽ വലിയ പ്രചാരത്തിലിരിക്കുന്ന ഒരു വ്യവസായമാ കുന്നു. അല്പം പണവും കുറച്ചു സ്ഥലവും വളരെ സ്വല്പം വേലയും മാത്രമെ ആവശ്യമുള്ളു എന്നുള്ളതാണ് അ തിൻെറ പ്രത്യേക മെച്ചം. കോഴിക്കൃഷിപോലെത ന്നെ ഇതും പ്രായമായ കുട്ടികളെ ഏൾപ്പിക്കാവുന്ന ഒരു വ്യവസായമാണ്. ഒരൊററക്കൂട്ട തേനീച്ച ഒരാ ണ്ടിൽ നൂറുറാത്തൽ തേൻ സംഭരിക്കും. അതിന് ഏകദേശം അമ്പതുറുപ്പിക വിലവരികയുംചെയ്യും. അ മ്മേരിക്കയിൽ തേനീച്ച വ്യവസായം ശാസ്ത്രീയമായ രീതിയിൽ ചെയ്തുവരുന്നു. അവിടത്തെ തേനീച്ചക്കൂട്ടക

ളിൽനിന്നു് ഒരാണ്ടിൽ അഞ്ഞൂറുറാത്തൽ തേൻ കിട്ടാറു ണ്ടു്, ഒരു ഭക്ഷണസാധനമായി തേൻ ഈയിടെ ഉപ യോഗിച്ചുതുടങ്ങിയിരിക്കുന്നു. ഭക്ഷണത്തിനായി തേനി ന്റെ ആവശ്യം ഇപ്പോഴം വദ്ധിച്ചുവരികയാണു്. അ മ്മേരിക്കർ ആയിരംമുതൽ ആയിരത്തിഅഞ്ഞൂറുലക്ഷം റാത്തൽവരെ തേൻ ഒരാണ്ടിൽ ഭക്ഷിക്കാറുണ്ടു്. ഇ തിന്നു് ഏകദേശം എൺപതുമുതൽ നൂറുവരെലക്ഷം ഡാളർവില വരുന്നു. ജർമ്മനിയിലും ഈ വ്യവസായം വളരെ വിപുലമായി വദ്ധിച്ചുവരുന്നുണ്ടു്. ഇതിൽ ജർമ്മനിക്കാർ ശാസ്ത്രീയമായ ഉപകരണങ്ങഠം ഉപയോ ഗിച്ചു തുടങ്ങിയിരിക്കുന്നു. ജർമ്മൻ കൃഷിക്കാക്കു തേനീ ച്ച വ്യവസായത്തിൽ നിന്നു് ആണ്ടുതോറുമുള്ള വര വു് മുന്നൂററിഅമ്പതുലക്ഷം സ്വർണ്ണമാക്കുകളാണു്. തേൻ സംഭരണത്തിന്നു് തേനീച്ചകഠംക്കു് സൗകയ്യമുള്ളിടത്തെ ല്ലാം ഈ വ്യവസായം നടത്താം. തേൻ അസ്ഥി വള ത്തുന്നതിന്ന ശക്തിയുള്ള ആഹാരസാധനമാണു്. കുട്ടിക ളുടെ ആരോഗ്യത്തിനു് തേൻ പ്രത്യേകം ഗുണമുള്ള ആ ഹാരമാകുന്നു. പഞ്ചസാരയില്ലാതിരുന്നകാലത്തു ഇൻഡ്യ യിൽ തേൻ ധാരാളമായി ഉപയോഗിച്ചുവന്നു. അമ്പല ങ്ങളിൽ നിവേദ്യങ്ങഠംക്കും അടിയന്തിരങ്ങഠംക്കും ശ്രാദ്ധാ ദികഠംക്കും തേൻ വളരെ അധികമായി പണ്ടു് ഉപയോ ഗിച്ചിരുന്നു. അന്നു് തേൻ ഒരു വനവിഭവമായിരുന്നു. എന്നാൽ ഇന്നാകട്ടെ പശുവിനേയും കോഴിയേയുംപോ ലെ തേനീച്ചയേയും വീട്ടിൽ വളത്താം. വീടുകളിൽ വളത്തുന്ന പശു മുതലായ മൃഗങ്ങഠംക്കു് നം ഭക്ഷ ണം തേടികൊടുക്കേണ്ടപ്പോഠം തേനീച്ച ഭക്ഷണം തന്നെകണ്ടുപിടിച്ചുകൊള്ളുമെന്നുള്ള ഒരു വ്യത്യാസം മാത്രമെ ഈ കായ്യത്തിലുള്ളു. തേനീച്ചകഠംക്കു് തൊ

ഴത്തോ വാസസ്ഥലമോ യാത്രചെയ്യുന്നതിന്ന ഗതാഗതസൌകര്യങ്ങളോ ഉണ്ടാക്കികൊടുക്കേണ്ട ആവശ്യമില്ല. സംഭരിച്ചില്ലെങ്കിൽ നഷ്ടപ്പെട്ടുപോകുന്നതാണ് അവർ ശേഖരിക്കുന്ന സാധനം. ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന്നുവേണ്ടി തേൻ കിട്ടാവുന്ന ചെടികളും വൃക്ഷങ്ങളും തരിശുഭൂമികളിൽ വച്ചു പിടിപ്പിക്കുന്നതു നന്നായിരിക്കും. ഇങ്ങിനെ വച്ചു പിടിപ്പിക്കുന്നതു ഫലവൃക്ഷങ്ങളാണെങ്കിൽ ഇരട്ടി ഗുണമുണ്ടാകുന്നതാണ്. സമൃദ്ധമായ വനവും ധാരാളം ചെടികളുംഉള്ള ഈ രാജ്യത്തു് തേനീച്ചവ്യവസായം അഭിവൃദ്ധിപ്പെടാത്തതു് ഏററവും പരിതാപകരംതന്നെ. തേനീച്ചകളുടെ വർഗ്ഗത്തെ പോഷിപ്പിക്കുന്നതിന് അന്യരാജ്യങ്ങളിൽനിന്നു നല്ലതരം തേനീച്ചകളെ കൊണ്ടുവന്ന് ഇവിടെ വളർത്തേണ്ടതാണ്. കോഴിക്കൃഷി, പഴക്കൃഷി, തേനീച്ചവളർത്തൽ ഇവകളെല്ലാംകൂടി ഒരുമിച്ചു നടത്തുകയാണെങ്കിൽ വളരെ ആദായപ്രദമായിരിക്കും. കോഴിക്കാട്ടം ഫലവൃക്ഷങ്ങൾക്കു നല്ല വളമാണ്. തേനീച്ചകൾ പുഷ്പങ്ങളെ ഫലവത്താക്കിത്തീർക്കുന്നതിന്ന സഹായിക്കുന്നു. ഈ ഗുണങ്ങൾ നമ്മുടെ ഗ്രാമവാസികൾ മനസ്സിലാക്കി പ്രവർത്തിക്കണം.

ജന്തുക്കളെ നശിപ്പിക്കാതെ അവയെവളർത്തി അവയിൽനിന്ന് സ്വാഭാവികമായി ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്ന മേൽപറഞ്ഞ വ്യവസായങ്ങൾ ഇൻഡ്യാക്കു് വിശിഷ്യാ പ്രാധാന്യമുള്ളവയാണ്. ഒന്നാമതായി, കാർഷികഭൂമിയുടെ വിസ്തീർണ്ണം പരിമിതമായിരിക്കുന്ന ഈരാജ്യത്തു് ഭക്ഷണോല്പാദകങ്ങളായ സകലവൃക്ഷങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്നും സാധിക്കുന്നതിൽ

ഏററവും കൂടുതൽഭക്ഷണസാധനം ഉണ്ടാക്കേണ്ടതു് രാജ്യത്തിൻെറ കടമയാണു്. രണ്ടാമതായി, ഒരുനേരം നിറച്ചു ഭക്ഷണംകഴിക്കുവാൻ സാധിയ്ക്കാത്ത ഇൻഡ്യൻ കൃഷിക്കാരനു രണ്ടുതവണആഹാരത്തിനു വല്ലമാർഗ്ഗവുമുണ്ടായാൽ അതിനെ പ്രയോഗികമാക്കിത്തീർക്കുന്നതിനുള്ള പരിശ്രമങ്ങൾ ഉപേക്ഷിക്കുവാൻ പാടില്ല. മൂന്നാമതായി, ഈ വ്യവസായങ്ങൾ കൃഷിക്കാരൻെറ കുട്ടികൾക്കും ഭാര്യക്കും ചെയ്യാവുന്നതേഉള്ളു. നാലാമതായി, വലിയതോതിലുള്ള വ്യവസായശാലകളിൽനിന്നു് ഇവയുടെനേരെ മത്സരമുണ്ടാകയേ ഇല്ല. പ്രകൃതിശക്തികൾക്കല്ലാതെ മനുഷ്യശക്തികൾക്കു് ഈ ആഹാരസാധനങ്ങൾ ഉണ്ടാക്കുന്നതിനും സാധിക്കുകയില്ലല്ലോ. ആഹാരസാധനങ്ങൾക്കു് എല്ലാരാജ്യങ്ങളിലും എല്ലായ്പോഴും ആവശ്യം ഉണ്ടായിക്കൊണ്ടുതന്നെ ഇരിക്കും. ഈ വ്യവസായങ്ങളിൽനിന്നും ഉണ്ടാക്കുന്ന സാധനങ്ങൾക്കു് നമ്മുടെ രാജ്യത്തുതന്നെ ധാരാളം ചെലവുകാണും. അഥവാ കൂടുതൽ ഉണ്ടായാൽ യാതൊരുവിഷമവും കൂടാതെ വിൽക്കുവാൻ സാധിക്കുകയും ചെയ്യും. കൃഷിക്കാരൻ സ്വന്തം ആവശ്യങ്ങളെ നിറവേററത്തക്കവണ്ണം ഈ വ്യവസായങ്ങൾ നടത്തുകയും കൂടുതൽ വരുന്ന സാധനങ്ങൾ വിൽക്കുന്നതിനായി ശ്രമിക്കുകയും ചെയ്താൽ അവൻെറ സാമ്പത്തികപരാധീനത മാറുന്നതിനു് ഇവയെക്കാൾ നല്ലതായ മാർഗ്ഗങ്ങൾ വേറൊന്നുമില്ല.

## ൨. വസ്ത്രധാരണത്തെ സഹായിക്കുന്ന തൊഴിലുകൾ.

ആഹാരം കഴിഞ്ഞാൽ മനുഷ്യനു് ജീവിക്കുന്നതിനു് ഏററവും പ്രധാനപ്പെട്ട ആവശ്യം വസ്ത്രധാരണമാണു്. എന്നാൽ ഈകാര്യത്തിൽ നാം ലോകവ്യാപാരത്തിൻെറ

മത്സരത്തിനകത്തുൾപ്പെട്ടുപോകുന്നു. ഉല്പന്നങ്ങളുടെ ഉല്പാദനം കൃഷിയുടെ വ്യാപ്തിക്കകത്താണ്. എന്നാൽ കൃഷിയുടെ വിഭവത്തെ ഏതിനെയെങ്കിലും ഏതെങ്കിലും തരത്തിൽ ഭാവഭേദം വരുത്തുവാൻ ശ്രമിക്കുമ്പോൾ, കച്ചവടമത്സരങ്ങൾ ആ വ്യവസായത്തിനകത്ത് സ്ഥാനം പിടിക്കുന്നു. ഒരുകാലത്ത് ഇൻഡ്യൻ ഗ്രാമങ്ങളിലെല്ലാം തന്നെ നല്ല ഒരു കുടിൽവ്യവസായമായി നടത്തിക്കൊണ്ടു വന്ന നൂൽനൂൽപും നെയിത്തും യന്ത്രങ്ങളുടെ സഹായത്താൽ ജോലിചെയ്യുന്ന വ്യവസായശാലകളുടെ ആവിർഭാവത്തോടുകൂടി കേവലം ഇല്ലാതെആയി എന്നുതന്നെ പറയാം. കൈകൊണ്ടുള്ള നൂൽനൂൽപ് നിന്നുപോകുകതന്നെ ചെയ്തു. കൈകൊണ്ടുള്ളനെയിത്ത് അങ്ങുമിങ്ങുമായി നശിക്കാതെ ജീവിച്ചുവരുന്നു. കൈനെയ്ത്തു ഇപ്പോഴും നശിക്കാതെ ഇരിക്കുന്നതിന് പ്രധാനമായി രണ്ടുകാരണങ്ങളാണുള്ളത്. അവ ഇൻഡ്യൻ ഗ്രാമങ്ങളിലെ കൂലിക്കാരുടെ സുലഭതയും കൈകൊണ്ടുണ്ടാക്കുന്ന മേനിയുള്ള വസ്ത്രം യന്ത്രംകൊണ്ടുണ്ടാക്കുവാൻ സാധിക്കയില്ലെന്നുള്ളതും ആണ്. മില്ലിൽ ഉണ്ടാക്കിയ വസ്ത്രം ഉപയോഗിക്കുന്നതിന് ഇൻഡ്യൻ സ്ത്രീകൾക്കുള്ള വൈമനസ്യവും മറെറാരു കാരണമായിരിയ്ക്കാം.

ഒരു ഉപവ്യവസായമായി കൈനെയ്ത്ത് നമ്മുടെ ഗ്രാമങ്ങളിൽ ആരംഭിക്കുന്നതിനു വിഷമമുണ്ടായേക്കാം. കൈനെയ്ത്ത് ഒരു പ്രധാനതൊഴിലായി മാത്രമെ നടത്തുവാൻ സാധിയ്ക്കുകയുള്ളു. കൈനെയിത്തിന് ആവശ്യമായ പ്രത്യേകതരത്തിലുള്ള സാമർത്ഥ്യം സാധാരണ കൃഷിക്കാരനുണ്ടാകുവാൻ എളുപ്പമില്ല. ഈ വ്യവസായത്തി

നായി മുഴവൻ സമയവും ഇപ്പോ൦ ചിലവാക്കുന്ന തൊഴിൽകാക്ക് അവരുടെ ഉപജീവനത്തിന്ന് മതി യാകുന്ന വരവ് ഇതിൽനിന്നും കിട്ടുന്നില്ല. ഈ വ്യവ സായത്തിൽ കൂടുതൽ ആളുകളെ ഏപ്പെടുത്തുന്നതിനെ ക്കാ൦ നല്ലതു് ഇപ്പോ൦ ഉള്ളവരുടെ ആദായം ശരിയാ യി വദ്ധിപ്പിക്കുകയാണ്.

ഒരു സാധാരണ കൃഷിക്കാരന്. പതിനഞ്ചു ഗജം തുണിയിൽ കൂടുതൽ ആവശ്യമില്ല. അഞ്ചു പേരുള്ള ഒരു കുടുംബത്തിന്ന് എൺപതു ഗജം തുണിയിൽ കൂടു തൽ തീർച്ചയായും വേണ്ട. ഒരു സാധാരണനെയിത്തു കാരൻ മണിക്കൂറിൽ രണ്ടുഗജം തുണിവീതമേ നെയ്യു കയുള്ളൂ. ഒരു ദിവസം യാതൊരു ശ്രമവും കൂടാതെ പന്ത്രണ്ടുഗജം തുണി അയാ൦ക്കു നെയ്യുവാൻ കഴിയും. ഈതോതിൽ ഒരു കൃഷിക്കാരൻ അയാളുടെ കുടുംബ ത്തിനു വേണ്ടതുണി മുഴവൻ തന്നത്താനെ നെയ്യുന്നതി നാണെങ്കിൽ, മററുയാതൊരു ജോലിയും ചെയ്യാതെ, ഒരാ ഴ്ചകാലത്തേയ്ക്കു് വേലചെയ്യണം. അത്രയുംകാലം വയ ലിൽ യാതൊന്നും ചെയ്യുവാൻ അവന്ന് കഴിയുകയില്ല. കൃഷിയുള്ള സമയത്തു് അങ്ങിനെ വയലിൽ നിന്നും പൂണ്ണ മായ ഒരൊഴിവ് അയാ൦ക്കു് എടുക്കുവാൻ പ്രയാസ മാണ്. എന്നുമാത്രമല്ലാ ഉള്ളപണം നെയ്യുന്നതിനുള്ള ഉപകരണങ്ങ൦ എന്ന ഇനത്തിൽ മൂലധനമായി നിക്ഷേ പിക്കുകയും അതിൽ നിന്നു് ഗണ്യമായ ആദായമൊന്നു മില്ലാതെ വരികയും ചെയ്താൽ ദാരിദ്രമായിരിക്കും ഫലം. ഈ കാരണങ്ങ൦ കൊണ്ടു് കുറെകൃഷിക്കാർ എങ്കിലും നെയിത്തു് ഒരു ഉപവ്യവസായമായി സ്വീകരിക്കുന്നതി ൻെറ ആശാസ്യതയെപ്പററിയും അതിൻെറ ഗുണഫല

ത്തെപ്പററിയും ആശങ്കയോടുകൂടിയേ നോക്കുവാൻ സാധിക്കുകയുള്ളൂ.

ചക്കാ—കൃഷിക്കാരൻെറ അലസമായ സമയവും ശക്തിയും ഗുണപ്രദമായി വിനിയോഗിക്കുന്നതിൻെറ സകലസാദ്ധ്യതകളും നമുക്കു പരിശോധിക്കേണ്ടതായിരിക്കുന്നു. വസ്ത്രധാരണം എന്ന ഇനത്തിൽ കൃഷിക്കാക്ക് ഉപവ്യവസായമായി സ്വീകരിക്കാവുന്നത് കൈകൊണ്ടുള്ള നൂൽനൂല്പു മാത്രമെയുള്ളൂ. എല്ലാ കാഷികകുടുംബത്തിനും ഇതു ഉപവ്യവസായമായി സ്വീകരിക്കാം. ചക്കാ ഉപയോഗിക്കുന്നതിന് പ്രത്യേകപരിശീലനം ആവശ്യമില്ലാത്തതുകൊണ്ട്, ഗൃഹനായകന് അഥവാ ജോലി അന്വേഷിച്ചു പുറത്തുപോകേണ്ടതായിവന്നാലും, വീട്ടിലുള്ള സ്ത്രീകൾക്കും പ്രായമായകുട്ടികൾക്കും നൂൽ നൂല്ക്കാം. ഈ ജോലി ഇന്ന ജാതിയ്ക്കേ ചെയ്യാവൂ എന്നുമില്ല. ചക്കായ്ക്കും പഞ്ഞിയ്ക്കും വളരെ കുറച്ചു വിലയേ ആകുകയുള്ളു. അതിനു വളരെസ്ഥലവും ആവശ്യമില്ല.

ചക്കാ പണ്ടു് കൃഷിക്കാരന് ധാരാളം ഉപകാരം ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ പരിതസ്ഥിതികളിൽ അതിനെ ഒരു ഉപവ്യവസായമായി സ്വീകരിക്കുന്നതിനും പല പ്രതിബന്ധങ്ങൾ കാണുന്നു. പ്രഥമമായുള്ള വൈഷമ്യം അതിൽ നിന്നും കിട്ടുന്ന ഏററവും തുച്ഛമായ ആദായം തന്നെയാണ്. ഒരുദിവസം ഒന്നോരണ്ടോ അണമാത്രമാണ് അതിൽ നിന്നു് ആദായമായികിട്ടുന്നതു്. എന്നാൽ രണ്ടണ ഒന്നുമില്ലാത്തതിനെക്കാൾ നല്ലതല്ലെ? കൃഷിയിൽനിന്നുതന്നെ ഇതിനെക്കാൾ കൂടുതലൊന്നും കിട്ടുന്നില്ല. ആണ്ടിൽ ഒരു കൃഷി

ക്കാരന്ന് സാധാരണയായി കിട്ടുന്നതു് അമ്പതു രൂപാ യാണ്. ഈ കണക്കനുസരിച്ച് കൃഷിക്കാരൻെറ ദിവ സേനയുള്ള ആദായം രണ്ടണയിൽ കൂടുതലില്ല. ദിവ സംപ്രതിയുള്ള കണക്കെടുക്കുമ്പോൾ ആദായം എത്ര യോ തുഛമാണെന്നുള്ള കാരണത്താൽ ആരും കൃഷിഉപേ ക്ഷിക്കുന്നില്ലല്ലോ. മററൊരു വിഷമം നൂൽവാങ്ങാൻ ആ ളുകൾ വളരെ ദുർല്ലഭമായേഉള്ളൂ എന്നുള്ളതാണ്. ഒരു ഗ്രാമത്തിൽ ആവശ്യമുള്ളിടത്തോളം മാത്രം നൂലു ണ്ടാക്കുകയാണെങ്കിൽ ഈ ആക്ഷേപം ഇല്ലാതാക്കാൻ സാധിക്കും. മൂന്നാമതായി പറയുന്ന വൈഷമ്യം, കൃഷി ക്കാരൻ പരിഷ്കൃതരീതിയിലുള്ള മൃദുവസ്ത്രങ്ങൾ ഉപ യോഗിച്ചു ശീലിച്ചതിൻെറ ശേഷം പരുപരുത്തഖദർ വാങ്ങുന്നതിനു വൈമനസ്യം പ്രദർശിപ്പിച്ചേക്കാമെ ന്നുള്ളതാണ്. എന്നാൽ അവനവനാവശ്യമുള്ള വസ്ത്രം തന്നത്താൻ ഉണ്ടാക്കുന്ന അവസരത്തിൽ മററൊരുകട യിൽ നിന്നു വസ്ത്രംവാങ്ങുന്നതിൻേറയോ വസ്ത്രങ്ങൾ താരതമ്യപ്പെടുത്തിനോക്കുന്നതിൻേറയോ ആവശ്യംവ രുന്നില്ല. സ്വന്തമായി ഉണ്ടാക്കിയസാധനം ഉപയോ ഗിക്കുന്നതിന് പ്രേരണ ആവശ്യമുണ്ടാകുകയേ ഇല്ല. ഗ്രാമത്തിലുള്ളവക്ക് ജോലി കൂടുതൽ കൊടുക്കുന്നതി നായി പഞ്ഞികടയുകയും തരംതിരിക്കയും ചെയ്യുന്ന തുകൂടി അവരെ ഏൾപ്പിക്കാവുന്നതാണ്. നൂൽനെയ്യു ന്നജോലിയും കൂടി ഗ്രാമത്തിലുള്ള ആളുകൾതന്നെചെ യ്യണം. നെയ്ത്തു ഒന്നോ രണ്ടോ കുടുംബക്കാരെ ഏൾ പ്പിക്കുന്നതായിരിക്കും നല്ലതു്. അവക്ക് അതിലേക്കായി മുഴുവൻ സമയവും വിനിയോഗിക്കുന്നതിനും വേലയിൽ നല്ല പരിചയം സിദ്ധിക്കുന്നതിനും ഇതുനിമിത്തം സാ ധിക്കുന്നു. അവരുടെ ജോലിയ്ക്കു് കൂലിനൂലായിതന്നെ

കൊടുക്കുന്നതായിരിക്കും നല്ലതു്. കട്ടിയുള്ള ജമുക്കാളങ്ങളും വിരിപ്പുകളും കൂടി ഗ്രാമങ്ങളിൽ തന്നെ നെയ്യാവുന്നതാണ്. ഗ്രാമവാസികൾക്കു് ചക്കാ എത്രമാത്രം ആദായകരമായ ഉപകരണമാണെന്നും ഈ ഉപവ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ എന്തുമാത്രം സാധിക്കുമെന്നും ഇതു് തെളിയിക്കും.

കൈകൊണ്ടുള്ള നൂൽ നൂൽപ്പും നെയ്ത്തും ഉപവ്യവസായങ്ങളായി സ്വീകരിക്കുന്ന അവസരത്തിൽ സമയം അനാവശ്യമായി നഷ്ടപ്പെടുത്തുന്ന മററു ചില ജോലികൾ ഉപേക്ഷിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതാണ്. ഇങ്ങിനെ ചെയ്യുയാണെങ്കിൽ നൂൽ നൂല്പിനും നെയിത്തിനും ആയി കൂടുതൽ സമയം വിനിയോഗിക്കാൻ കഴിയും. ഈ സൌകര്യത്തെ ഉദ്ദേശിച്ചു് പഞ്ചാബിൽ ഗ്രർഗാൺ എന്ന സ്ഥലത്തു് മിസ്റ്റർ ബ്രെയിൻ നടത്തുന്ന ഗ്രാമീണ പുനരുദ്ധാരണ പരിശ്രമങ്ങളിൽ മാവുണ്ടാക്കുന്നതിന് രണ്ടു കാളകൾ തിരിക്കുന്ന ഒരു ചക്കു് ഉപയോഗിക്കുന്നുണ്ടു്. ഇങ്ങിനെയുള്ള ഏപ്പാടുകൾ എല്ലാഗ്രാമങ്ങളിലും ചെയ്യുന്നതു നന്നായിരിക്കും. ഗ്രാമത്തിലുള്ളവരുടെ ഉപയോഗത്തിനായി അവിടെ തന്നെ വസ്ത്രങ്ങൾ ഉണ്ടാക്കുന്നതു് ഗ്രാമജീവിതത്തെത്തന്നെ കാലാന്തരത്തിൽ അഭിവൃദ്ധിപ്പെടുത്താതെയിരിക്കുകയില്ല. ചക്കാതന്നെ കുറെ നാളത്തെ ഉപയോഗത്തിൻെറ ഫലമായി നന്നാക്കുന്നതിനും കൂടുതൽ സൗകര്യപ്പെടുത്തുന്നതിനും സാധിയ്ക്കും. ഈ പരിഷ്കാരം കൂടുതലും നല്ലതും ആയ നൂൽ ഉണ്ടാക്കുന്നതിന് ഗ്രാമീണരെ സഹായിക്കുമെങ്കിൽ കൈനെയ്ത്തു കാക്കു് ആവശ്യമുള്ള നൂൽ മുഴവൻ നൂൽനൂൽക്കുന്നവർക്ക കൊടുക്കാറാകും. മില്ലുടമസ്ഥന്മാരുടെ ഉപദ്രവത്തിൽ നിന്നും കൈ നെയിത്തു

കാർ രക്ഷപ്പെടുകയും ചെയ്യും. ഈ സാദ്ധ്യതയെ ഇല്ലാതാക്കുവാനായി നൂലുണ്ടാക്കുന്ന മില്ലുടമസ്ഥന്മാർ കൈനെയ്ത്തുകാർക്ക് പതിവായി സാധാരണയിൽ കവിഞ്ഞ വിലയ്ക്കാണ് നൂൽ വിൽക്കാറുള്ളത്. നൂലിന്റെ വലിയ വിലയും വേലക്കൂലിയും ഉപകരണങ്ങളുടെ വിലയ്ക്കുള്ള പലിശയും കണക്കാക്കുമ്പോൾ സാധുക്കളായ കൈനെയ്ത്തുകാർക്ക് അവർ ഉണ്ടാക്കുന്ന തുണി മില്ലുകാരുടെ തുണിയെക്കാൾ കൂടുതൽ വിലയ്ക്ക് മാത്രമെ കൊടുക്കുവാൻ സാധിക്കുകയുള്ളു. ചർക്കാ പ്രസ്ഥാനം വിജയകരമായി പ്രവർത്തിക്കുകയാണെങ്കിൽ ഈ വൈഷമ്യത്തിൽ നിന്ന് കൈത്തറിക്കാരെ രക്ഷിക്കാം. ശരിയായ ശിക്ഷണവും പ്രചരണവേലയും കൊണ്ടു ചർക്കാ പ്രസ്ഥാനം ഗ്രാമങ്ങളിൽ പട്ടണങ്ങളിലേക്കാൾ സുഗമമായി പ്രചരിപ്പിക്കുവാൻ എളുപ്പമാണ്. പട്ടണങ്ങളിലെ ജോലിക്കാർക്ക് എല്ലായ്പ്പോഴും പ്രേരണ ആവശ്യമുണ്ട്. എന്നാൽ ഗ്രാമങ്ങളിലെ വേലക്കാർക്ക് ചർക്കായിൽ ജോലി ചെയ്യുന്നത് അവരുടെ ജീവിതാവശ്യങ്ങളിലൊന്നാകയാൽ ഈ ജോലി ചെയ്യുന്നതിന് അന്യരുടെ പ്രേരണ വേണ്ട.

ഗ്രാമങ്ങളിൽ ഏതൊരു പ്രസ്ഥാനവും ആദ്യമായി പ്രചരിക്കുവാൻ ചില വിഷമങ്ങളുണ്ടാകും. ഗ്രാമീണരുടെ വിദ്യാവിഹീനതയും അപരിഷ്കൃതമായ ജീവിതരീതിയുമാണ് അതിനുള്ള കാരണങ്ങൾ. എന്നാൽ പുതിയ ആശയങ്ങൾ ശരിയായി മനസ്സിലാക്കുകയും അവരുടെ ജീവിതത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന് അവ പര്യാപ്തമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ ഗ്രാമീണർ പുതിയ പ്രസ്ഥാനങ്ങളെ പട്ടണവാസികളെക്കാൾ എളുപ്പത്തിൽ സ്വീകരിക്കുകയും കൂടുതൽ വിജയകരമായി പ്രവർത്തിക്കുകയും ചെയ്യും. ചർക്കാപ്രസ്ഥാനത്തിന് വിജയ

കരമായ ഭാവി സുസ്ഥിരപ്പെടുത്തുന്നതിന് ഗ്രാമങ്ങളിൽ പ്രചരണവേല അത്യാവശ്യമാണ്. ചക്കായുടെ പ്രായോഗികമായ ഉപയോഗം ഗ്രാമീണക്ക് മനസ്സിലാക്കികൊടുക്കത്തക്കവിവരമുള്ളവർ മാത്രമേ ഈ പ്രചരണവേലചെയ്യാവൂ. അഖിലഭാരത ചക്കാസംഘം ഇതു സംബന്ധിച്ച് ചെയ്യുന്നജോലി പ്രശംസാർഹമാണ്.

ചക്കായുടെഉപയോഗം പഠിക്കുന്നതിനായി ഉദ്യുക്തരാകുന്നവർ കാലിസംരക്ഷണവും പുല്ലുണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങളുംകൂടി മനസ്സിലാക്കിയിരുന്നാൽ അവക്ക ഗ്രാമോദ്ധാരണപദ്ധതിയിൽ വിജയകരമായി പ്രവർത്തിക്കുവാൻസാധിക്കും.

നൂൽനൂപ്പും നെയിത്തും ഇൻഡ്യൻഗ്രാമങ്ങളിൽ പ്രചരിക്കുകയാണെങ്കിൽ ഇൻഡ്യയുടെ സാമുദായികവും സാമ്പത്തികവുമായ അഭിവൃദ്ധിക്ക് അവ മാർഗ്ഗങ്ങളായിതീരുന്നതാണ്. ഇൻഡ്യയിൽ ഒരാൾ ശരാശരി പതിനഞ്ചു ഗജം തുണി ഒരാണ്ടിൽ ഉപയോഗിക്കുന്നു എന്നു മുൻപു പറഞ്ഞതല്ലോ. ഗ്രാമീണർകുറെക്കൂടി മിതമായിഉപയോഗിക്കുന്നതുകൊണ്ട് ആണ്ടൊന്നുക്ക് പത്തുഗജം തുണി വീതം ഓരോരുത്തക്കും ആവശ്യമുണ്ടെന്നു കണക്കാക്കാം. ഇൻഡ്യയിലെ ഗ്രാമവാസികൾ ൨൪൨൦൦൦൦൦ ആണ്. ഒരു വിപുലമായ പ്രചരണവേല നടത്തുകയാണെങ്കിൽ ഇത്രയും അധികം ആളുകൾക്കാവശ്യമുള്ള തുണിമുഴുവൻ ഇൻഡ്യൻഗ്രാമങ്ങളിൽ നിന്നുതന്നെ വാങ്ങുവാൻ സാധിക്കുന്നതാണ്. അങ്ങിനെയാണെങ്കിൽ ഇതിൻെറ വിലയായി കൊടുക്കേണ്ടിവരുന്ന പണം മുഴുവൻ ഈ ഗ്രാമങ്ങൾക്കുപുറത്തുപോകയില്ല. മുകളിൽ പറഞ്ഞകണക്കനുസരിച്ച് ഇൻഡ്യൻ ഗ്രാമവാസികൾക്ക് ആണ്ടിനാൽ

ആവശ്യമുള്ള തുണി ൨൭൭൦൦൦൦൦൦ ഗജമാണു്. ഖദർതുണിയുടെ താണവില ഗജത്തിനു് നാലണയായി കണക്കാക്കുകയാണെങ്കിൽ ഗ്രാമവാസികൾക്കു് ഈ ഇനത്തിൽ ആണ്ടുതോറും കിട്ടുന്നപണം ൬൨ കോടി രൂപായായിരിക്കും. ഇതിന്റെ ആദായത്തിന്റെ വലിപ്പം, പുറത്തുള്ള കടകളിൽനിന്നു് തുണിവാങ്ങുമ്പോൾ അവയ്ക്കു കൊടുക്കേണ്ടതായിവരുന്ന വലിയ വിലയിൽനിന്നു മാത്രമേ മനസ്സിലാകൂ. തുണിക്കു് ഗജത്തിനു ൬ മുതൽ ൭ വരെ അണ വില കടകളിൽ കൊടുക്കണം. ഗജത്തിനു് രണ്ടണവച്ചു് കണക്കാക്കുകയാണെങ്കിൽ ഈ ഇനത്തിൽ ഇൻഡ്യൻ ഗ്രാമവാസികൾക്കു് ആകപ്പാടെ ൩൧ കോടി രൂപാ ലാഭം കിട്ടുന്നു. ഈ കണക്കും പ്രകാരം ആണ്ടുതോറും ഇൻഡ്യൻ ഗ്രാമങ്ങളിൽനിന്നു നൂറുകോടിരൂപാ പുറത്തുപോകാതെ സൂക്ഷിക്കുവാൻ സാധിക്കും. ഈ വലിയ സംഖ്യയുടെ ഏതാനുംഭാഗം മാത്രമെങ്കിലും ഗ്രാമജീവിതത്തെ സുഖപ്രദമാക്കുന്നതിനു് ഉപയോഗിക്കുകയാണെങ്കിൽ ഇൻഡ്യൻ ഗ്രാമവാസിയുടെ അഭ്യുദയം സുനിശ്ചിതമായിത്തീരും.

ഇത്ര വലിയ സംഖ്യ ഗ്രാമങ്ങളിൽനിന്നു പുറത്തുപോകാതിരിക്കുകയാണെങ്കിൽ, ഓരോ ഗ്രാമവാസിയ്ക്കും സാധനങ്ങൾവാങ്ങുന്നതിനുള്ള ശക്തി വർദ്ധിക്കുകയും അയാൾക്കു് പല സാമാനങ്ങൾക്കും പുതിയതായി ആവശ്യങ്ങൾ ഉണ്ടാകുകയും ചെയ്യും. പുതിയ ചന്തകളുടെ സൃഷ്ടി ഇതു സാദ്ധ്യമാക്കുന്നു. ചന്തകൾ വലിയ വ്യവസായങ്ങളെ ഗണ്യമായി വർദ്ധിപ്പിക്കുന്നു. അതുകൊണ്ടു്, ചെറിയചക്രാ ശരിയായി ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതായാൽ ഇൻഡ്യൻ വ്യവസായാഭിവൃദ്ധിതന്നെ സുരക്ഷിതമാക്കുവാൻ സാധിക്കുന്നതാണു്.

<u>പട്ടുനൂൽ വ്യവസായം:—</u> നെയിത്തിനെപ്പോലെ അത്ര സാധാരണമോ വിപുലമായ രീതിയിൽ ആദായകരമോ അല്ലാത്തതാണെങ്കിലും പട്ടുനൂൽവ്യവസായം നൂൽ വ്യവസായം പോലെ തന്നെ കൃഷിക്കാർക്ക് സ്വീകരിക്കാവുന്ന ഉപ വ്യവസായങ്ങളിലൊന്നാണ്. സാമാന്യം തണുപ്പുള്ള സ്ഥലങ്ങളിൽ മാത്രമെ ഈ വ്യവസായം അഭിവൃദ്ധിപ്പെടുകയുള്ളു എന്ന് ഒരു വിശ്വാസമുണ്ട്. ഒന്നിലധികം വിളവുകൾ ഇതിൽ നിന്ന് ആണ്ടുതോറും കിട്ടണമെന്നുദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ അഭിപ്രായം ശരിയാണ്. എന്നാൽ വർഷത്തിൽ ഒരു വിളവുകൊണ്ടു തൃപ്തിപ്പെടുകയും വലിയ അമാറത്തി* ചെടികൾ നടുകയും ചെയ്യുകയാണെങ്കിൽ ഈ വ്യവസായം ഇൻഡ്യയിൽ ഏതു ഭാഗത്തും അഭിവൃദ്ധിപ്പെടുത്തുന്നതിനു വിഷമമില്ല. തണുപ്പുകാലത്തേ ഈ കൃഷി ചെയ്യാവൂ എന്നുള്ളതു് നിർബ്ബന്ധിക്കണം. ഈ ചെടികൾ ഏതു തരം മണ്ണിലുമുണ്ടാകും. മുട്ട വിരിഞ്ഞു ൪൦ ദിവസത്തിനകം 'കുക്കൂൺ' ആകുന്നു. ഔൺസ് ഒന്നിന് രണ്ടു രൂപാ വിലയാകുന്ന പട്ടുപ്പുഴുവിൻെറ മുട്ട (നല്ലതരം മുട്ടകൾ ഒരുമിച്ച് അന്യരാജ്യത്തുനിന്നു വരുത്തുകയോ ഇൻഡ്യൻ ചന്തകളിൽ നിന്നു വാങ്ങുകയോ ചെയ്യാം) യിൽ നന്നു ൪൦ രൂപാ ലാഭം കിട്ടുമെന്ന് കണക്കാക്കിയിരിക്കുന്നു. ഇതിൻെറ പ്രാരംഭദശയിൽ മാത്രമെ വിദഗ്ദ്ധന്മാരുടെ ഉപദേശം ആവശ്യമുള്ളു. പട്ടുനൂൽ കഴിയാക്കുന്നതു മുതൽ പിന്നെയുള്ള ഓരോ പ്രവൃത്തിക്കും നല്ലവൈദഗ്ദ്ധ്യമുള്ളവരുടെ ശിക്ഷണം തൊഴിൽക്കാരന് ആവശ്യമാണ്. ഈ ജോലികൾ ഗ്രാമത്തിൽ ആരംഭിക്കുന്നതു്

* Mulberry.

സൂക്ഷിച്ചു വേണം. നല്ല പരിചയം സിദ്ധിച്ച ആളുകളെ ജോലിക്കാരും മേൽനോട്ടക്കാരുമായി കിട്ടുമെങ്കിൽ മാത്രമേ സാങ്കേതിക പരിശീലനം ആവശ്യമുള്ള ഈ തൊഴിൽ ആരംഭിക്കാവൂ. ഒരു ഗ്രാമക്കാൎക്ക് ഇതിനാവശ്യമുള്ള ധനമുണ്ടാക്കുവാൻ സാധിച്ചില്ലെന്നുവന്നേക്കാം. ഒന്നോ രണ്ടോഗ്രാമങ്ങളിലെ ആളുകൾ ഒന്നിച്ചു ചേൎന്ന് ഈ തൊഴിൽ ആരംഭിക്കുന്നതു് നന്നായിരിക്കും. പണ്ട് ഈ വ്യവസായം ഇൻഡ്യയിൽ അഭിവൃദ്ധിപ്പെട്ടിരുന്നു. ഇതിനു് വളരെ കുറച്ചു് മൂലധനം മതിയാകും. വലിയ വ്യവസായശാലകളെപ്പോലെ സ്ഥലവും ആവശ്യമില്ല.

ആവണക്കിലയിൽ വളരുന്ന ഒരു മാതിരി പുഴവിൽനിന്നു് ഗുണം കുറഞ്ഞ ഒരു തരം പട്ടു*ണ്ടാക്കുന്നുണ്ട്. ആവണക്കു് എണ്ണക്കുരുവിനു വേണ്ടി വളൎത്തുന്ന സ്ഥലങ്ങളിൽ ഈ വ്യവസായം പുഷ്ടിപ്പെടുത്താവുന്നതാണു്.

പട്ടുവ്യവസായത്തിൻെറ പ്രധാനപ്പെട്ട വൈഷമ്യം അതു് വിൽക്കുന്നതിനുള്ളതാണു്. ചീത്തയോ പരുപരുത്തതോ ആയ പട്ടിനു് ഗ്രാമങ്ങളിൽ ആവശ്യമേ ഇല്ല. അതുകൊണ്ടു് ഇതു വില പോകുന്നതു് അന്യരാജ്യങ്ങളിലെ ചന്തയിൽ മാത്രമാണു്. എന്നാൽ അവിടെ ഇതിനേക്കാൾ ലാഭത്തിൽ വിൽക്കുന്ന ക്രിത്രിമപ്പട്ടുണ്ടു്. തന്മൂലം മത്സരം അനിവാൎയ്യമായിത്തീരുന്നു.

ആട്ട് വളൎത്തൽ:—ഇൻഡ്യയുടെ പല ഭാഗത്തും ആട്ട് വളൎത്തൽ നടപ്പിലുണ്ട്. വസ്ത്രമുണ്ടാക്കുന്നതിനുള്ള രോമവും ഭക്ഷണത്തിനുപയോഗിക്കാവുന്ന മാംസവും നൽകുന്ന ഒരു മാതിരി മിശ്ര വ്യവസായമാണു് ഇതു്. ആട്ടിനെ പാവപ്പെട്ടവൻെറ പശുവെന്നും പറയും.

---

* Eri Silk.

വളരെ പാവപ്പെട്ട ആളുകളാണ് ആട്ടിനെ വളർത്തുന്നത്. എന്നാൽ ആടുകളെ തീററുന്നതിനുള്ള സ്ഥലങ്ങൾ സൂക്ഷിക്കുന്നതും ആ വക സ്ഥലങ്ങൾ സ്വന്തമാക്കിയിരിക്കുന്നതും ഒരു വക ഇടയന്മാരാണ്. ഇടയന്മാക്ക് ഒരു പ്രധാന ജോലിയായി ഇതു സ്വീകരിക്കാമെന്നല്ലാതെ ഇൻഡ്യൻ ഗ്രാമവാസികൾക്ക് ഇതൊരു ഉപവ്യവസായമായി സ്വീകരിക്കത്തക്ക സാദ്ധ്യതകളോ പ്രാഥമ്യമോ ആടുവളർത്തലിനില്ല.

൩. മററു വ്യവസായങ്ങൾ. മുകളിൽ പ്രസ്താവിച്ചതുകൂടാതെ ഗ്രാമങ്ങളിലെ ഒന്നോ രണ്ടോ കുടുംബങ്ങളോ അല്ലെങ്കിൽ ഒരുകൂട്ടം ആളുകളോ ഉപജീവനം കഴിക്കുന്ന ചില വ്യവസായങ്ങളുണ്ട്. ഈ വ്യവസായങ്ങൾ മിക്കവാറും ജാതീയമായി പരിഗണിക്കപ്പെടുമെന്നുള്ളതുകൊണ്ട് കൃഷിക്കാരുടെ ഉപവ്യവസായമായി ഇവ സ്വീകരിക്കത്തക്കതാണോ എന്നുള്ളതിനെപ്പററി സംശയമില്ലാതില്ല. എണ്ണ ആട്ടുന്നത് ഗ്രാമങ്ങളിൽ സാധാരണ കാണുന്ന തൊഴിലാണ്. അതുപോലെ തന്നെ കലം കുടം മുതലായവ ഉണ്ടാക്കുന്ന തൊഴിലുമുണ്ട്. അലുമിനിയം, തകരം, മുതലായ സാധനങ്ങൾ കൊണ്ട് കുറഞ്ഞവിലക്ക് കിട്ടുന്ന പാത്രങ്ങൾ ഉണ്ടായതോടുകൂടി കലമുണ്ടാക്കുന്നവരുടെ തൊഴിലിന് പ്രാധാന്യം കുറഞ്ഞുവരികയാണ്. ഇനാമൽകൊണ്ടുള്ള പാത്രങ്ങൾപോലും ഇപ്പോൾ ഗ്രാമങ്ങളിൽ വാങ്ങിത്തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ വിലകുറഞ്ഞതും പൊട്ടാത്തതും ആയ പാത്രങ്ങൾ അന്യദേശക്കാർ ഉണ്ടാക്കി ഗ്രാമങ്ങളിൽ വിൽക്കുവാൻ തുടങ്ങുന്നതിന് മുമ്പ് കുശവന് (മൺപാത്രം ഉണ്ടാക്കുന്നവൻ) ഗ്രാമങ്ങളിലെ തൊഴിലാ-

ളികളുടെ കൂട്ടത്തിൽ ഗണ്യമായ സ്ഥാനമുണ്ടായിരുന്നു. അവൻെറ തൊഴിൽകൊണ്ടു് ഉപജീവനത്തിനു് മാത്രം വരവുകിട്ടാതെ വന്നതോടുകൂടി കുശവനും കൃഷി തുടങ്ങി. ചാലിയനു് (നെയ്ത്തുകാരൻ) നെയിത്തുകൊണ്ടു് ജീവസന്ധാരണം സാധിക്കുവാൻ വിഷമമായതുമൂലം അവൻെറ തൊഴിൽ ഉപേക്ഷിച്ചിട്ടു് കൃഷി തുടങ്ങിയിരിക്കുന്നു. ഗ്രാമങ്ങളിൽ പണ്ടു് ചെരുപ്പുകുത്തി (ചെമ്മാൻ) എന്നൊരു ജാതിയുണ്ടായിരുന്നു. ഗ്രാമത്തിൽ അവൻെറ ജോലിയുടെ ആവശ്യം ഇപ്പോൾ കുറഞ്ഞിരിക്കുന്നതിനാൽ ഇവരിൽ അധികംപേരും അടുത്തുകിടക്കുന്ന പട്ടണത്തിലേക്കു് താമസം മാറേറണ്ടതായി വന്നുകൂടി. കൊല്ലനും ഇപ്പോൾ പഴയപോലെ വലിയ ജോലി ഒന്നുമില്ല. ഒരു മാതിരിയുള്ള സാമാനങ്ങളെല്ലാം ഇന്നു ഇറക്കുമതി ചെയ്യുകയാണു്. തന്മൂലം കൊല്ലൻെറ ജോലി ചെറിയ അററകുററപ്പണികൾ ചെയ്യുക എന്നുള്ളതു് മാത്രമായിത്തീൎന്നു. ആശാരി, (മരപ്പണിക്കാരൻ) തട്ടാൻ, (പൊന്നു, വെള്ളി, മുതലായ ലോഹങ്ങൾകൊണ്ടു് ആഭരണങ്ങൾ ഉണ്ടാക്കുന്നവൻ) ചെമ്പുകൊട്ടി, (ചെമ്പുസാമാനങ്ങൾ പണിയുന്നവൻ) ശില്പി (കൊത്തുപണിമുതലായ കലാവൈദഗ്ദ്ധ്യമുള്ളവൻ) ഇവരെല്ലാം ഉപജീവനത്തിനു് മററുമാൎഗ്ഗമില്ലായ്ക നിമിത്തം പട്ടണങ്ങളിലേക്കു് അവരുടെ സ്ഥിരതാമസം മാററിയിരിക്കുന്നു. പട്ടണങ്ങളിൽ പോകാതെ ഗ്രാമങ്ങളിൽ തന്നെ തൊഴിലില്ലായ്മയും കഷ്ടതയും ആയി കഴിച്ചുകൂട്ടുന്ന ചുരുക്കം ചില തൊഴിലാളികൾ അവരുടെ തൊഴിലിൻെറ ഉപ വ്യവസായമായി കൃഷിയും സ്വീകരിച്ചിട്ടുണ്ടു്. മുകളിൽ പറഞ്ഞതു കൂടാതെ, ചൂരൽ കൊണ്ടുള്ള സാമാനങ്ങൾ ഉണ്ടാക്കുക, തഴകൊണ്ടു പായ്

നെയ്യുക എന്നീ രണ്ടു് ചെറിയ വ്യവസായങ്ങൾ കൂടെ ചില ഗ്രാമങ്ങളിൽ ഇല്ലാതില്ല. ഈ രണ്ടുതൊഴിലുകളും പഴയ അപരിഷ്കൃത രീതിയിൽ തന്നെ ഇപ്പോഴും ഇരിക്കുന്നതേയുള്ളൂ. അധഃകൃത വർഗ്ഗക്കാരാണ് ഇവ ചെയ്യുന്നതു്. ഇവർ ഉണ്ടാക്കുന്ന സാധനങ്ങൾ ഗ്രാമങ്ങളിൽ തന്നെ വിററൊഴിഞ്ഞുപോകുന്നു. ഈ വ്യവസായങ്ങളിൽനിന്നു് അവൎക്കു വളരെ കുറച്ചു പണം മാത്രമേ കിട്ടുന്നുള്ളൂ. അതുകൊണ്ടവർ വേലയ്ക്കായി വലിയ കൃഷിക്കാരേയോ പട്ടണങ്ങളേയോ ആശ്രയിക്കുന്നു.

കേവലം ഉപവ്യവസായങ്ങൾ എന്നുള്ള പ്രാധാന്യം മാത്രമല്ല ഈ തൊഴിലുകൾക്കു് ഒരു ഗ്രാമത്തെ സംബന്ധിച്ചുള്ളതു്. ഈ തൊഴിലുകൾ നാമാവശേഷമായിപ്പോകുകയാണെങ്കിൽ, ഇവയുടെ ആവശ്യങ്ങൾ ഗ്രാമങ്ങളിൽ നിറവേററുവാൻ വിഷമമുണ്ടാകുമെന്നു മാത്രമല്ല, കൃഷിക്കു് അത്യാവശ്യമായി വേണ്ട വേലക്കാരെ കിട്ടുകയുമില്ല. അതുകൊണ്ടു് ഈ വ്യവസായങ്ങൾ കഴിയുന്നത്ര പോഷിപ്പിക്കുകയും ഇവകൊണ്ടുപജീവിക്കുന്നവരെ കഴിയുന്നിടത്തോളം ഉത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണു്.

തോൽ ഊറയ്ക്കിടുക—ഇതു ഗ്രാമങ്ങളിൽ പണ്ടുതന്നെ നടപ്പിലിരുന്ന വ്യവസായമാണു്. എന്നാൽ ഇപ്പോൾ തോൽവ്യവസായം വലിയ തോതിൽ പട്ടണങ്ങളിൽ തുടങ്ങിയതുമൂലം ഗ്രാമങ്ങളിലെ ഊറക്കിടൽ കൊണ്ടു തൊഴിൽക്കാരനു് യാതൊരു പ്രയോജനവും കിട്ടുന്നില്ല. പച്ചത്തോൽ ഇപ്പോൾ അധികവും ഏററുമതി ചെയ്യുകയാണു്. അതിൽനിന്നു് വളരെ കുറച്ചു് മാത്രമേ ഊറയ്ക്കിട്ട തോലായോ മറേറതെങ്കിലും സാധ

നമായിട്ടോ തിരിച്ചു ഇൻഡ്യയിൽ വരുന്നുള്ളൂ. ഗ്രാമങ്ങളിലെ ചെമ്മാന്ന് (ചെരുപ്പുകുത്തി—തോൽ വേലക്കാരൻ) തോൽ ഊറയ്ക്കിടുന്നതിനുള്ള പരിശീലനംതന്നെ ഇല്ലാതായിരിക്കുന്നുവെന്നു പറയാം. അവന്ന് ഇപ്പോൾ എന്തെങ്കിലും ജോലി ചെയ്യണമെങ്കിൽ ഊറയ്ക്കിട്ട തോൽ വിലയ്ക്കു് വാങ്ങണം. ഊറയ്ക്കിടുവാനായി അന്യരാജ്യങ്ങളിലേക്കു് അയക്കുന്ന പച്ചതോൽ മിക്കവാറും മുഴുവൻതന്നെ നമ്മുടെ ഗ്രാമങ്ങളിൽനിന്നുമാണു് പോകുന്നതു്. ഈ സ്ഥിതിക്കു് ഊറയ്ക്കിടുന്ന തൊഴിൽ നമ്മുടെ ഗ്രാമങ്ങളിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന്ന് ഒരു വിഷമവുമില്ല. തോൽ ഊറയ്ക്കിടുന്നതിനുള്ള സാധനങ്ങൾതന്നെ നമ്മുടെ ഗ്രാമങ്ങളിലാണുണ്ടാകുന്നതു്. അവയെ ഇവിടെ ഉപയോഗിക്കാതെ ഏററുമതിചെയ്യുകയാണു് ഇപ്പോൾ ചെയ്തുവരുന്നതു്. അന്യരാജ്യത്തു് സാങ്കേതിക പരിജ്ഞാനത്തിന്റേയും യന്ത്രങ്ങളുടേയും സഹായം കൊണ്ടു് ഊറയ്ക്കിടുന്ന തോലിന്റെ നന്മ, ഈ രണ്ടിന്റേയും അഭാവത്തിൽ ഇൻഡ്യൻ തൊഴിൽക്കാരൻ കാററും വെളിച്ചവും കയറാത്ത അവന്റെ കുടിലിന്റെ ഒരു ഭാഗത്തുള്ള നെരിപ്പോടിന്റേയും കുഴലിന്റേയും സഹായത്തോടുകൂടി ഊറയ്ക്കിടുന്നതോലിനു, കിട്ടുകയില്ലായിരിക്കാം. എന്നാലും നമ്മുടെ ഗ്രാമങ്ങളിലെ ആവശ്യങ്ങൾക്കു് അതു് ധാരാളം മതിയാകും. അനേകം കോടിരൂപാ* വിലവരുന്ന പച്ചത്തോൽ ഇൻഡ്യായിൽനിന്നു് ആണ്ടുതോറും ഏററുമതി ചെയ്യുന്നു. നമ്മുടെ ഗ്രാമങ്ങൾക്കു് ചെറിയ ഒരുസംഖ്യ ഈ ഇനത്തിൽ ആദായമായി കിട്ടുമെങ്കിൽ ഗ്രാമജീവിതത്തിന്റെ അഭ്യുദയത്തെ അതു വളരെ സഹായിക്കുന്നതാണു്.

* ശരാശരി ഏഴുകോടി രൂപായിൽ കൂടുതലാണു്.

എല്ലുപൊടിക്കുക—ഇതു് ഒരു പുതിയ വ്യവസായം ആകുന്നു. കൃഷിയുടെ അഭിവൃദ്ധിക്കു് ഏററവും ഉപകരിക്കുന്നതാണു്. കിട്ടുന്ന എല്ലുകളെല്ലാം ശേഖരിച്ചു് അന്യരാജ്യങ്ങളിലേക്കു് ഏററുമതി ചെയ്യുകയാണു് ഇപ്പോഴത്തെ പതിവു്. ആണ്ടിനാൽ ശരാശരി ൻ൫൦൦൦൦൦ രൂപായാണു് ഈ ഇനത്തിൽ വരവു്. എല്ലു് രാജ്യത്തിനുപുറത്തേക്കയക്കുന്നതിൽ അതിൻെറ വിലയിൽ നമുക്കുണ്ടാകുന്ന നഷ്ടത്തേക്കാൾ എത്രയോ അധികം സാധനം നമ്മുടെ രാജ്യം നഷ്ടപ്പെടുന്നു. ഇതു് നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു വിഷയമാണു്. ഇവിടെനിന്നു് കയററി അയക്കുന്ന പച്ചത്തോലിൽ കുറെയെങ്കിലും സംസ്കൃതസാധനമായി തിരിച്ചു് ഇൻഡ്യയിലേക്കു് വരുന്നുണ്ടു്. എന്നാൽ കയററുമതിചെയ്യപ്പെടുന്ന എല്ലിൻെറ ഒരു വീതവും തിരികെ ഇൻഡ്യാക്കു് കിട്ടുന്നില്ല. തന്മൂലം നൈട്രജനും ഫാസ്ഫേററും നിറഞ്ഞ ഒരു നല്ലവളം ഇൻഡ്യാക്കു് ശാശ്വതമായി നഷ്ടപ്പെടുന്നു. എല്ലുപൊടിച്ചു വളമാക്കുന്നതിനുവേണ്ടി ചെറിയ മില്ലുകൾ അങ്ങുമിങ്ങുമായി ഇൻഡ്യൻ ഗ്രാമങ്ങളിൽ സ്ഥാപിക്കേണ്ടതാണു്. എല്ലുപൊടി വളമായി ഉപയോഗിക്കുന്നതിനും നമ്മുടെ കൃഷിക്കാരെ പരിചയിപ്പിക്കണം. മതപരമായ വൈമനസ്യംകൊണ്ടു് നമ്മുടെ കൃഷിക്കാരിൽ പലരും ഇതു ഉപയോഗിക്കുന്നതിനു സമ്മതമുള്ളവരായിരിക്കയില്ല. ഈ അന്ധവിശ്വാസത്തിൻെറ അർത്ഥമില്ലായ്മയെ അവരെ പറഞ്ഞു മനസ്സിലാക്കുകയും കൂടുതൽകൂടുതൽ എല്ലുപൊടി വളമായി നമ്മുടെ വയലുകളിൽ ഉപയോഗിപ്പിക്കുന്നതിനു ശ്രമിക്കയും വേണ്ടതാണു്.

കയറുവ്യവസായം—തോൽ ഊറക്കിടുന്നതും എല്ലു പൊടിക്കുന്നതും ഹിന്ദുക്കൾക്ക് തൊഴിലായി സ്വീകരിക്കുന്നതിന് കുറെ വൈമനസ്യം കണ്ടേക്കാം. ഹിന്ദുക്കളല്ലാത്ത തൊഴിൽകാരും ധാരാളമുള്ള നമ്മുടെ ഗ്രാമങ്ങളിൽ ഈ സംഗതി ബാധകമായി നിൽക്കുകയില്ല. എന്നാൽ കയറുവ്യവസായം ആർക്കും ചെയ്യാവുന്നതാണ്. ഗ്രാമങ്ങളിൽ ഇപ്പോൾ കയറുണ്ടാക്കുന്നതു് കേവലം കാർഷികോപയോഗങ്ങൾക്ക് മാത്രമാണ്. എന്നാൽ ഇതു കമ്പോളത്തിൽ വിൽക്കത്തക്കവണ്ണം ചെറിയ മൂലധനത്തിൻെറ സഹായത്തോടുകൂടി ചെയ്യാവുന്നതാകുന്നു. നാരുണ്ടാക്കാൻ സാധിക്കുന്ന പലതരം സാധനങ്ങൾ ഉപയോഗിക്കാതെ നമ്മുടെ ഗ്രാമങ്ങളിൽ നഷ്ടമാക്കിക്കളയുന്നുണ്ടു്. നാരുണ്ടാക്കുകയും അതിൽനിന്നും കയറുണ്ടാക്കുകയും ചെറിയ ചിലയന്ത്രങ്ങളുടെ സഹായത്തോടുകൂടി നമ്മുടെ ഗ്രാമങ്ങളിൽ എളുപ്പത്തിൽ ചെയ്യാവുന്നതാണ്. ഇതിനും വലിയ മൂലധനം ആവശ്യമില്ല. എന്നാൽ എല്ലുപൊടിക്കുന്നതു്പോലെതന്നെ ഇതിനും ഒരു വൈഷമ്യമുള്ളതു് വില്പനയ്ക്കുള്ള സൌകര്യക്കുറവാണ്. സംഘടനയും പരിശ്രമവും ഈ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് അത്യാവശ്യമാണ്.

ഇൻഡ്യൻ ഗ്രാമങ്ങളിൽ ആരംഭിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കുന്ന അനേകം തൊഴിലുകൾഉണ്ടു്. അവയെല്ലാം വിവരിക്കുന്നതിന് സ്ഥലം അനുവദിക്കുന്നില്ല. പ്രകൃതിവിഭവങ്ങളും കമ്പോളസൌകര്യങ്ങളും ഉള്ള തൊഴിലുകൾ മാത്രമെ ഗ്രാമങ്ങളിൽ വിജയകരമായി ചെയ്യുവാൻ സാധിക്കുകയുള്ളു. സാങ്കേ-

തികമായ പരിജ്ഞാനവും പ്രത്യേകതരത്തിലുള്ള വൈദഗ്ദ്ധ്യവും ആവശ്യമുള്ള തൊഴിലുകൾക്ക് ഗ്രാമങ്ങളിൽ അഭിവൃദ്ധിപ്പെടുവാൻ വിഷമമാണ്. ആകയാൽ ഏതാനും വിദഗ്ദ്ധന്മാരെ ഗ്രാമവാസികളുടെയിടയിൽ തൊഴിൽക്കാരായി കിട്ടിയില്ലെങ്കിൽ, കളിപ്പാട്ടങ്ങൾ, കൃത്രിമമായപുഷ്പങ്ങൾ, പിന്നൽവസ്ത്രങ്ങൾ, കടലാസ്, * തീപ്പെട്ടികൾ മുതലായ വ്യവസായങ്ങൾ ഗ്രാമങ്ങളിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് എളുപ്പമില്ല. മീൻപിടിത്തവും അരക്കവൃക്ഷകൃഷിയും കടലിനും കാടിനും അടുത്തുള്ള ഗ്രാമക്കാർക്ക് സ്വീകരിക്കാവുന്ന തൊഴിലുകളാണ്.

കൃഷികഴിഞ്ഞതിനു ശേഷം മാത്രം കൃഷിക്കാർക്ക് ചെയ്യാവുന്ന ഒന്നുരണ്ടു് ഉപവ്യവസായങ്ങളെപ്പററിയാണ് ഇനി അല്പം പ്രതിപാദിക്കുവാനുള്ളത്. അവയുടെസ്വഭാവം അവിടവിടെ എടുക്കുന്നവിളവിനെ അനുസരിച്ചിരിക്കും. ഇവ, നെല്ലുകുത്തുക, കരിമ്പാട്ടുക, പഞ്ചസാര, ശക്കര, മുതലായവ ഉണ്ടാക്കുക, നിലക്കടലയുടെ തോടുകളയുക, പയറുപൊടിക്കുക, എണ്ണയാട്ടുക, പഞ്ഞികടയുക മുതലായവയാണ്. ഒരുമാതിരി അപരിഷ്കൃതമായ ഉപകരണങ്ങളുടെ സഹായത്തോടുകൂടിയാകുന്നു ഈ തൊഴിലുകൾ പണ്ട് നടത്തിക്കൊണ്ടുവന്നത്. ഇപ്പോൾ മിക്കവാറും യന്ത്രങ്ങൾകൊണ്ടും

* കടലാസ് ഗ്രാമങ്ങളിൽ ഉണ്ടാക്കുന്നതിന് അഖില ഭാരതീയഗ്രാമവ്യവസായസംഘക്കാർ ശ്രമിച്ചുവരുന്നുണ്ട്. അവർ ഒരുമാതിരി പരുപരുത്ത കടലാസ് ഉണ്ടാക്കിയിട്ടുമുണ്ട്. ഇതിന്റെ വ്യവസായ സാദ്ധ്യതകൾ കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

ആവിശക്തി, മോട്ടാർശക്തി, എന്നിതുകൾകൊണ്ടും ആണ് ഇവനടത്തുന്നത്. പരുത്തി ഞെക്കുക, പഞ്ഞി കടയുക, നെല്ലുകുത്തുക, എണ്ണആട്ടുക എന്നീജോലികൾവ്യവസായശാലകളിൽ തന്നെ ഇപ്പോൾ ചെയ്തുതുടങ്ങിയിട്ടുണ്ട്. ഗ്രാമങ്ങളിൽ നടത്താവുന്ന തൊഴിൽഎന്നതിൽനിന്ന് വലിയതോതിൽ മൂലധനം, സംഘടന, ഭരണം എന്നിവകളോടുകൂടി വൻവ്യസായങ്ങൾ എന്നുള്ളനിലയിലേക്ക് ഈ തൊഴിലുകൾ പോകുന്നതിൻെറ ആശാസ്യത എന്തുമാത്രമുണ്ടെന്നു ഗൌരവമായി ആലോചിക്കേണ്ടതാണ്. ഏററുമതിചെയ്യുന്നതിനു വേണ്ടിമാത്രം വൻതോതിൽ കൃഷിചെയ്യുന്നതെല്ലാം വലിയവ്യവസായശാലകളെ ആലംബമായി കരുതുന്നതായിരിക്കും നല്ലതെന്നുള്ളതിനു പക്ഷാന്തരമില്ല. പഞ്ഞി, എണ്ണക്കുരുക്കൾ, കപ്പലണ്ടി (നിലക്കടല), നെല്ല്, എന്നീ പ്രാദേശികാവശ്യങ്ങൾക്കതീതമായി കൃഷിചെയ്യുന്നവയെല്ലാം വൻവ്യവസായങ്ങൾക്കധീനമായി കരുതുന്നത് തന്നെയാണ് നല്ലതു്. എന്നാൽ ആവശ്യത്തിനുമാത്രംമതിയാകുന്നതോ ആവശ്യത്തിനുതന്നെ മതിയാകാത്തതോ ആയ നെൽകൃഷിയിലെ വിളവു വ്യവസായശാലയിലേക്കയക്കുന്നതു് ബുദ്ധിപൂർവകമായിരിക്കയില്ല. അങ്ങിനെയുള്ള സ്ഥലങ്ങളിൽ നെല്ലുകുത്തു മുതലായവകൊണ്ടു് ഉപജീവനം കഴിക്കുന്ന സ്ത്രീകളുടെ കാലയാപനമാർഗ്ഗം വ്യവസായ ശാലകൾ തടയുന്നു. ഇൻഡ്യയിൽ യന്ത്രങ്ങൾ ഉപയോഗിച്ചുതുടങ്ങുന്നതിന് ചില അതിർത്തികളുണ്ടു്. അനിയന്ത്രിതമായ യന്ത്രങ്ങളുടെ ഉപയോഗം പലരേയും തൊഴിലില്ലായ്മയിലേക്കും കഷ്ടതകളിലേയ്ക്കും തള്ളിവിടുന്നതിനു പര്യാപ്തമാണ്. നൂൽനൂൽപ്പം

ന്നെയിത്തും വ്യവസായശാലകൾ ചെയ്തുതുടങ്ങിയതു മുതൽ ഇൻഡ്യയിലെ പകുതിവേലക്കാൎക്ക് ജോലിയില്ലാതെ ആയിട്ടുണ്ട്. ഇപ്പോൾതന്നെ കൈകൊണ്ടു നെയ്യുന്ന തുണിമുഴവൻ യന്ത്രംകൊണ്ടു നെയ്യുകയാണെങ്കിൽ നാലുലക്ഷം ജോലിക്കാൎക്ക് മാത്രമെ അതു വേല നൾകുകയുള്ളു. എന്നാൽ തൊണ്ണൂറുലക്ഷം ആളുകളെ അതുതൊഴിലില്ലാതെയാക്കുകയും ചെയ്യും. വ്യവസായശാലകൾ ഇൻഡ്യക്ക് അത്യാവശ്യമുള്ളവതന്നെ. എന്നാൽ അതിനെക്കാൾ അത്യാവശ്യം പല തരത്തിലുള്ള തൊഴിലുകൾ കൊണ്ടു് ദാരിദ്ര്യം അകററി നിൎത്തുന്ന നമ്മുടെ കൃഷിക്കാരുടെ കാൎയ്യമാണ്. അവൎക്ക് പുതിയ ജോലികൾ കണ്ടു പിടിച്ചുകൊടുക്കുകയും അവരുടെ ആദായം വൎദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്തതിനു ശേഷം വ്യവസായശാലകളെപ്പററി ആലോചിക്കുന്നതു് ഉചിതമായിരിക്കും.

ഇങ്ങിനെയാണെങ്കിലും, ഇന്നത്തെക്കാൾ കൂടുതൽ വ്യവസായശാലകൾ മുഖാന്തിരം ഉല്പാദനം വൎദ്ധിപ്പിക്കേണ്ട ഒന്നു രണ്ടു് തൊഴിലുകൾ ഇല്ലാതില്ല. ഇവയിൽ ഒന്നാണ് എണ്ണ ആട്ടുന്നതു്. വാണിയൻ (എണ്ണ ആട്ടി എടുക്കുന്നവൻ) ആണ് ഗ്രാമങ്ങളിൽ ഈ ജോലി ചെയ്യുന്നതു്. ഒന്നോ രണ്ടോ കാളകൾ വലിക്കുന്ന ഒരു മാതിരി മരച്ചക്ക്കൊണ്ടു് ഈ ജോലി അവൻ നിൎവ്വഹിക്കുന്നു. വിളക്കുകൾ കത്തിക്കുന്നതിന് എണ്ണ മാത്രം സഹായമായിരുന്നകാലത്തു് ഈ മരച്ചക്കുകാൎക്ക് ധാരാളം ജോലി കിട്ടിയിരുന്നു. എന്നാൽ മണ്ണെണ്ണയും ഗ്യാസും പിന്നീടു വിദ്യുച്ഛക്തിയും കൊണ്ടു വിളക്കുകൾ കത്തിത്തുടങ്ങിയപ്പോൾ പല ജോലിക്കാൎക്കും തൊഴിലില്ലാതെയായി.

എണ്ണക്കുരുക്കൾ അന്യരാജ്യത്തേക്ക് കയററുമതി ചെയ്തു തുടങ്ങി. ശരാശരി ആണ്ടുതോറും ൧൦ മുതൽ ൧൫ ലക്ഷം ടൺവരെ എണ്ണക്കുരുക്കൾ ഇൻഡ്യയിൽ നിന്ന് കയററുമതി ചെയ്യുന്നുണ്ട്. ഏററുമതി ചെയ്യുന്ന എണ്ണക്കുരുക്കളുടെ ശരാശരി വില ആണ്ടിൽ ൨൦ മുതൽ ൩൦ വരെ കോടി രൂപായാണ്. ഇത്ര വളരെ എണ്ണക്കുരുക്കളിൽ നിന്നും എണ്ണ എടുക്കുന്ന ജോലി ഇൻഡ്യായിൽതന്നെ ചെയ്യുകയാണെങ്കിൽ ഇൻഡ്യൻ വേലക്കാർക്ക് വേല കിട്ടുന്നതിനുപുറമേ, കന്നുകാലികൾക്ക് പോഷകാംശം ധാരാളമുള്ള ഭക്ഷണസാധനവും നൈട്രജൻ ധാരാളമുള്ള വളവുമായ പിണ്ണാക്ക് ഇൻഡ്യായിൽ തന്നെ കിട്ടുന്നതാണ്. എണ്ണക്കുരുക്കളേക്കാൾ കൂടുതൽ വിലയ്ക്കു എണ്ണ കയററുമതി ചെയ്യുവാൻ സാധിക്കുന്നതുകൊണ്ട്, കൂടുതൽ ആദായവും നാട്ടുകാർക്ക് ഉണ്ടാകും. ഇതുപോലെതന്നെ കരിമ്പിൽ നിന്നുമുള്ള വ്യവസായങ്ങളും വലിയ തോതിൽ ചെയ്യുന്നതിനു യോഗ്യമായിട്ടുള്ളവയാണ്.

സഹകരണപദ്ധതിപ്രകാരമുള്ള കാർഷികവിഭവങ്ങളുടെ വില്പന നമ്മുടെ ഗൌരവമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. ദല്ലാളിയുടെ ഉപദ്രവം നിമിത്തം ഗ്രാമീണർക്കുണ്ടാകുന്ന നഷ്ടം ചില്ലറയല്ല.

൧. സഹകരണവില്പനസംഘങ്ങൾ ഗ്രാമീണർക്ക് ഇപ്പോൾ നഷ്ടമായിരിക്കുന്ന പല വേലകളും അവർക്ക് നൽകും.

൨. വില്പനയിൽനിന്നുമുണ്ടാകുന്ന ലാഭം മുഴുവൻ ഗ്രാമീണർക്കുതന്നെ ലഭിക്കുകയും ചെയ്യും.

൩. വിൽക്കുന്ന സാധനങ്ങളിൽ ദല്ലാളി ചേർക്കുന്ന കലർപ്പുകൾ കാരണം ഇൻഡ്യൻസാമാനങ്ങൾക്ക് അന്യകമ്പോളങ്ങളിലുള്ള സ്ഥാനം കുറഞ്ഞു വരുന്നത് ഇല്ലാതെയാക്കുവാൻ സാധിക്കും.

൪. തൻമൂലം കൂടുതൽ വിലയും കിട്ടും.

൫. സംഘടനനിമിത്തമുണ്ടാകുന്ന മററു സകല അഭിവൃദ്ധികളും സഹകരണവില്പന കൊണ്ടു സിദ്ധിക്കും.

രാജകീയ കാർഷികകമ്മീഷൻെറ ചില ശുപാർശകൾ ഈ അവസരത്തിൽ ശ്രദ്ധേയമാണ്.* കൃഷിക്കാരന് അവൻെറ പ്രധാനതൊഴിലായ കൃഷിയിലല്ലാതെ മററു യാതൊരു തൊഴിലിലും വിദഗ്ദ്ധനാകുവാൻ സാധിക്കുകയില്ല എന്നുള്ള ഒരു വാസ്തവ തത്വം ആ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ട് ഭൂമിയെ ആശ്രയിച്ച് ജീവിതം കഴിക്കുന്നവർനിമിത്തം ഭൂമിക്കുണ്ടാകുന്ന ഭാരത്തിനു ലാഘവം സിദ്ധിക്കണമെങ്കിൽ വേലക്കാർ കൂടുതലായി പട്ടണങ്ങളിലേക്ക് ആകർഷിക്കപ്പെടുകയാണു വേണ്ടതു് †ഇൻഡ്യൻ കൃഷിയുടെ ഒരു പ്രത്യേകത തന്നെ കൃഷിക്കാരനു അലസമായിരിക്കേണ്ട സമയക്കൂടുതലും

---

* Report of the Royal Commission on Agriculture in India. Chapter XVI. Rural Industries and Labour.

† ഇതെത്രമാത്രം സാദ്ധ്യമായിട്ടുണ്ടെന്നുള്ളതു് റിപ്പോർട്ടിൽ നിന്നു കാണാവുന്നതാണ്. 1925-ൽ 61926 വ്യവസായശാലകളിലും ജോലി ചെയ്യുന്ന 1500000 വേലക്കാർ ഉണ്ടായിരുന്നു. 1921-ൽ 1280000 വേലക്കാർ പല വ്യവസായശാലകളിലായി ജോലി ചെയ്യുന്നുണ്ടായിരുന്നു. 1935-ലെ സംഖ്യ ഇവിടെ എഴുതാത്തതു് ഈ ഖണ്ഡിക ടി റിപ്പോർട്ടിനെമാത്രം പരാമർശിച്ചെഴുതുന്നതുകൊണ്ടാണ്.

ഗ്രാമങ്ങളിലുള്ള ഉപവ്യവസായങ്ങൾക്ക അവന്ന് അക്കാലങ്ങളിൽ തൊഴിൽ കൊടുക്കുന്നതിനുള്ള അപ്രാപ്തിയുമാണു്.

കമ്മീഷൻ ഗ്രാമീണൎക്ക ചെയ്യാവുന്ന ജോലികളെ മൂന്നായി തരം തിരിക്കുന്നു.

൧. ഗ്രാമങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വ്യവസായശാലകളിലെ തൊഴിലുകൾ.

൨. ഗ്രാമത്തിനും വീടിനും ആവശ്യമുള്ള തൊഴിലുകൾ.

൩. കൃഷിക്കാലം കഴിഞ്ഞാൽ ആദായത്തിനുവേണ്ടി വേല ചെയ്യാവുന്ന മററു തൊഴിലുകൾ.

വ്യവസായശാലകളിലെ തൊഴലുകളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു. (൧) പരുത്തിഞെക്കൽ, നെല്ലു കുത്തുന്നതിനുള്ള മിൽ, പഞ്ചസാര ശുദ്ധി ചെയ്യുക, എണ്ണ ആട്ടുക, ഇഷ്ടികപ്പണി, റോഡുണ്ടാക്കുക (ഇവകളെല്ലാം കൃഷിക്കാരൻെറ അലസതാസമയം വിനിയോഗിക്കാവുന്ന തൊഴിലുകളാണു്) (൨) കാൎഷികോപകരണങ്ങൾ ഉണ്ടാക്കുക. (ഇതു നാട്ടിൽ എല്ലായിടവും നടപ്പിലിരിക്കുന്ന വ്യവസായമാണു്. ഇതു അഭിവൃദ്ധിപ്പെടുത്തേണ്ടതാണെന്നാണു് കമ്മിഷൻെറ അഭിപ്രായം). (൩) കാട്ടിൻെറ പുറംപ്രദേശങ്ങളിൽ ധാരാളമായി വളൎന്നു വരുന്ന മുള ഉപയോഗിച്ചു കടലാസ്സ് ഉണ്ടാക്കുക. (൪) എണ്ണ ആട്ടുകയും എല്ലു പൊടിക്കുകയും (൫) പഴങ്ങളുടെ സംരക്ഷണം, ഉണക്കൽ, തകരത്തിലാക്കൽ, ജ്യാം നിൎമ്മാണം മുതലായവ* (ഇതിൽ അന്യരാജ്യക്കാരു

* Chapter XVII of the Report on Royal Commission on Agriculture in India—Horticulture and Plantation.

ടെ മത്സരം വളരെ വലുതും നാട്ടുകാരുടെ ആവശ്യം വളരെ കുറവുമാണെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.)

ഗ്രാമത്തിനും വീട്ടിനും ആവശ്യമുള്ള തൊഴിലുകളായി കമ്മീഷൻ ഉൾപെടുത്തിയിട്ടുള്ളതു് താഴെപ്പറയുന്നവയാണു്.

(എ) ഗ്രാമത്തിലെ കൈത്തൊഴിൽകാർ ഏപ്പെട്ടിരിക്കുന്ന വേല (ഈ വേലക്കാരുടെ തൊഴിൽ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ ആധുനികങ്ങളായ പരിഷ്കാരങ്ങൾ അവരുടെ ഇടയിൽ നടപ്പിലാക്കണമെന്നും അവക്കു് സാങ്കേതികപരിജ്ഞാനം നൽകുന്നതിന് വേണ്ട ഏപ്പാടുകൾ ഗവണ്മെണ്ടു തന്നെ ചെയ്യണമെന്നും ആണു് കമ്മീഷൻെറ അഭിപ്രായം) (ഉ) കൈത്തറി, കസവു് വേല, വിചിത്രത്തുന്നൽ പണി മുതലായവ, കളിമൺ വ്യവസായം, ഇഷ്ടികാനിമ്മാണം, കയറുണ്ടാക്കൽ മുതലായവ (ഡ) പട്ടുന്നൂൽ വ്യവസായം (ർ) കോഴിക്കൃഷി (ഉ) അരക്കു കൃഷി.

ഗ്രാമീണവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് അത്യാവശ്യമായിരിക്കുന്നതു് പുതിയ ആശയങ്ങളാണെന്നാണു് കമ്മീഷൻെറ അഭിപ്രായം. അതുപോലെ തന്നെ ഗ്രാമീണക്കു് പുതിയ രീതികളിൽ അഭ്യസനം കൊടുക്കേണ്ടതും ആവശ്യമാണു്. സഹകരണ പദ്ധതികൾ തൊഴിൽക്കാർ സ്വീകരിക്കേണ്ട ആവശ്യത്തെപ്പററിയും കമ്മീഷൻ പ്രത്യേകം ശുപാശ ചെയ്തിട്ടുണ്ട്.

ഇൻഡ്യൻഗ്രാമവാസിയുടെ മുക്തി ഭക്ഷണത്തിനും വസ്ത്രധാരണത്തിനും വേണ്ട പദാത്ഥങ്ങളുണ്ടാക്കുന്നതിനുള്ള ഉപവ്യവസായങ്ങളെ പോഷിപ്പിക്കുന്നതിലാണു് സ്ഥിതി ചെയ്യുന്നതു്.

ഈ അദ്ധ്യായം അവസാനിക്കുന്നതിനു് മുമ്പു് കുടിൽ വ്യവസായങ്ങളുടെ ഉദ്ധാരണത്തിനു് വേണ്ടി മഹാത്മാഗാന്ധി ആരംഭിച്ചിരിക്കുന്ന മഹാ പ്രസ്ഥാനത്തെപ്പററി രണ്ടു വാക്കു് പറയേണ്ടതായിരിക്കുന്നു. "അഖില ഭാരതഗ്രാമോദ്യോഗസംഘത്തിൻെറ ഉദ്ദേശ്യം ഗ്രാമപുനസ്സംഘടന, ഗ്രാമപുനരുദ്ധാരണം ഗ്രാമവ്യവസായങ്ങളുടെ പരിഷ്കരണം, അഭിവൃദ്ധി, പുനർജ്ജീവിപ്പിക്കൽ ഗ്രാമീണരുടെ ഭൌതികവും ആത്മികവും ആയ അഭ്യുദയം സാധിക്കുക" എന്നിവകളാണു്. ൧൯൩൪ നവമ്പർ-ലാണു് ഈ സംഘം സ്ഥാപിച്ചു പ്രവൎത്തി തുടങ്ങിയതു്. അതിൻെറ തലസ്ഥാനം വാർദ്ധായിലാണു്. എട്ടുപേരടങ്ങിയ ഒരു മാനേജ്മെൻറു് ബോർഡും, ഇൻഡ്യയിലെ മിക്കവാറും എല്ലാ മഹാന്മാരും അടങ്ങിയ ഒരു വിദഗ്ദ്ധകമ്മററിയും അതിനുണ്ടു്. സംഘത്തിൻെറ വിശദമായ കാൎയ്യപരിപാടി ഡിസ്ട്രിക്ടു് തോറും വ്യത്യാസമായിരിക്കും. പൊതുവേ ഭക്ഷണത്തിനും, വസ്ത്രധാരണത്തിനും ആവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുകയും വിൽക്കുകയുമായിരിക്കും അതിൻെറ പ്രധാന ജോലി. അഖിലഭാരതനൂൽനൂല്പുസംഘം കഴിഞ്ഞ ൧൦ സംവത്സരങ്ങളായി വസ്ത്രധാരണത്തെ സംബന്ധിച്ചു പ്രചരണവേല ചെയ്തു വരുന്നുണ്ടു്. ഖദർപ്രചരണത്തിനു് വേണ്ടിയുള്ള ജോലി ഇനിയും നടന്നു് കൊണ്ടിരിക്കുന്നു. കൈകൊണ്ടു അരിയും ഗോതമ്പും പൊടിക്കുക എന്നുള്ള ഒരു വ്യവസായം

---

* All India Village Industries Association. Its function and scope. By J. C. Kumarappa.

ഈ സംഘക്കാർ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഈ സ്വല്പകാലത്തെ പരിചയംകൊണ്ടു ഇതിന് ഒരു നല്ല ഭാവി ഉണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കുവാൻ കഴിയും. ഈയിടെയായി തോലുറക്കിടുന്നതിനും, കൈകൊണ്ടു കടലാസുണ്ടാക്കുന്നതിനുംകൂടി ആരംഭിച്ചിട്ടുണ്ട്. ഈ മഹാ പ്രസ്ഥാനം വളൎന്ന് വന്ന് ഇൻഡ്യൻ ഗ്രാമങ്ങളിലെ ദാരിദ്ര്യം ആട്ടിപായിക്കുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ!

---

# VII

## പൊതുജനാരോഗ്യം.

പൊതുക്ഷേമത്തെ ഉദ്ദേശിച്ചുള്ള സകല പദ്ധതികളുടേയും അടിസ്ഥാനം വ്യക്തിയുടെ ആരോഗ്യത്തിലാണിരിയ്ക്കുന്നതു്. രാഷ്ട്രീയാഭിവൃദ്ധിയുടെ തായ്‌വേരു് പൊതുജനാരോഗ്യമാണു്. ഭൌതികവും വാണിജ്യപരവുമായ അഭ്യുദയം ജനസാമാന്യത്തിന്റെ ആരോഗ്യത്തേയും അവക്കു് തുടർച്ചയായി ജോലിചെയ്യുന്നതിനുള്ള ശക്തിയേയും അവലംബിച്ചിരിക്കുന്നു. ഇൻഡ്യായെപ്പോലെ ഉഷ്ണമേഖലയിൽ കിടക്കുന്നതും പ്രകൃതിശക്തികൾ പ്രതികൂലമായി സ്ഥിതിചെയ്യുന്നതും ആയ ഒരു രാജ്യത്തിൽ ഈ വാസ്തവങ്ങൾക്കു എത്രയോ ശക്തികൂടുതലാണു്. ഇൻഡ്യയിൽ പ്രകൃതി നമുക്കു് വിപരീതമാണു്. മനുഷ്യൻ പ്രകൃതിയെ നന്നാക്കുന്നതിനായി യാതൊന്നും ചെയ്തിട്ടുമില്ല. അതുകൊണ്ടാണു് ഇൻഡ്യയിലെ മരണക്കണക്കു് മററു രാജ്യങ്ങളിലെക്കാൾ വർദ്ധിച്ചുനിൽക്കുന്നതു്. ആയിരത്തിനു് നാല്പതുവീതമാണു് ഇൻഡ്യയിലെ സാധാരണ മരണ നിരക്കു്. യൂറോപ്പിലെ മരണനിരക്കു് ആയിരത്തിനു പന്ത്രണ്ടുമുതൽ മുപ്പതുവരെ മാത്രമാണു്. ഇൻഡ്യയിൽ, ജനിച്ചു് പന്ത്രണ്ടു മാസത്തിനകം നാലിലൊന്നു കുഞ്ഞുങ്ങളും മരിച്ചു പോകുന്നു. ആണ്ടുതോറും പത്തുലക്ഷം കുഞ്ഞുങ്ങളാണു് ഇൻഡ്യയിൽ മരിക്കുന്നതു്. എത്ര ഭീമമായ നഷ്ടം! ഇൻഡ്യയിലെ ശരാശരി മനുഷ്യായുസ്സ് പുരുഷന്മാക്കു് ൨൨-ം,

സ്ത്രീകൾക്ക്, ൨൩-ം അത്രേ. ഇംഗ്ലണ്ടിൽ ൪൬-ം ൪൦-ം വീതമാണെന്നു പറയുമ്പോൾ നാം എത്ര പരിതാപകരമായ നിലയിലാണെന്നു മനസ്സിലാകും. ഇംഗ്ലണ്ട് മുതലായ പാശ്ചാത്യരാജ്യങ്ങളിൽ മനുഷ്യായുസ്സ്, ദീർഘിക്കുകയാണു ചെയ്യുന്നതു്. എന്നാൽ ഇവിടെയാകട്ടെ അതു് പറയത്തക്കവണ്ണം കുറയുന്നുവെന്നു തുടച്ചയായിട്ടുള്ള കാനേഷുമാരി കണക്കുകൾകൊണ്ടു തെളിയുന്നു. ഇവകൾ ജനനത്തിൻേറയോ ജനനസംഖ്യയുടേയോ കുറവിനേയാണു സൂചിപ്പിക്കുന്നതെങ്കിൽ സാമ്പത്തികമായ ചില പ്രശ്നങ്ങൾക്കെങ്കിലും അതൊരു പരിഹാരമാർഗ്ഗം ഉണ്ടാക്കുമായിരുന്നേനേ! എന്നാൽ ഈ മരണനിരക്കു് ജനനനിരക്കിനേയോ ജനസംഖ്യയുടെ കൂടുതൽ കുറവിനേയോ ലേശംപോലും ബാധിക്കുന്നില്ല. ഇൻഡ്യൻ ജനതയുടെ ആരോഗ്യം സാധാരണയിൽ താണതാണെന്നും അവരുടെ ശക്തി തലമുറകൾതോറും കുറഞ്ഞുവരികയാണെന്നുമാണു ഈ സംഖ്യകൾ ദ്യോതിപ്പിക്കുന്നതു്. ദേഹശക്തി ആവശ്യമുള്ള ജോലി ചെയ്യുന്നതിനു ചേൎന്ന ആളുകൾ ഇൻഡ്യയിൽ എത്ര ശതമാനമുണ്ടെന്നുള്ളതിനു് ഇതുവരേയും കണക്കെടുക്കപ്പെട്ടിട്ടില്ല. എന്നാൽ ഇങ്ങിനെയൊരു കണക്കു് കഴിഞ്ഞ മഹായുദ്ധത്തിനിടയിൽ ഇംഗ്ലണ്ടിലെടുത്തപ്പോൾ അവിടത്തെ ജനസംഖ്യയിൽ പകുതിയും അനാരോഗ്യവാന്മാരാണെന്നാണു കണ്ടതു്. അപ്പോൾ ഇൻഡ്യയുടെ സ്ഥിതി എന്തായിരിക്കും?

ഈ സംഗതികൾ ഗൌരവാവഹവും സങ്കടകരവും ആയ ചില ചിന്തകൾക്കാണു ഇടംകൊടുക്കുന്നതു്. അവസാനമില്ലാത്ത പ്രകൃതിവിഭവങ്ങളോടും അത്യധികമായ ജനസംഖ്യയോടും കൂടിയ ഈ രാജ്യത്തു് ജനസാമാന്യ

ത്തിന്റെ അനാരോഗ്യം ഏതൊരുത്തന്റെയും ആകാംക്ഷാപൂർണ്ണമായ ചിന്തയ്ക്കു് വിഷയമാകേണ്ടതാണു്. "വളരെ കാലമായി സ്ഥിതിചെയ്യുന്ന ഈ ദുരവസ്ഥാചംക്രമണം ഇപ്പോഴും വർത്തിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. സുഖക്കേടു് ദാരിദ്ര്യത്തേയും ദാരിദ്ര്യം സുഖക്കേടിനേയും ഉണ്ടാക്കുന്നു. ഭേദമാക്കാവുന്ന രോഗംകൊണ്ടു് അൻപതു് ലക്ഷം ആളുകൾ ആണ്ടുതോറും മരിയ്ക്കുന്നു. അതേകാരണത്താൽ തന്നെ പല വേലക്കാർക്കും വളരെ നാൾ ജോലിചെയ്യുവാൻ സാധിക്കാതാകുന്നു. പോഷകാംശത്തിന്റെ കുറവുകൊണ്ടും ദീനംകൊണ്ടും ഓരോ വേലക്കാരന്റേയും ദേഹശക്തി ഇരുപതുമുതൽ മുപ്പതു ശതമാനം വരെ കുറഞ്ഞുവരികയും ചെയ്യുന്നു"*

ഇന്ത്യൻ ജനതയുടെ പ്രസ്താവയോഗ്യമായ ഈ അനാരോഗ്യത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നു് കണ്ടുപിടിക്കുന്നതിനു് എളുപ്പമല്ല. ശുദ്ധജലത്തിന്റെ കുറവും ഒലിച്ചുപോകേണ്ട വെള്ളം കെട്ടികിടക്കുന്ന അവസ്ഥയും ആണു് പ്രധാന രോഗഹേതു എന്നു് ചില വിദഗ്ദ്ധന്മാർ പറയുന്നു. ഇൻഡ്യയുടെ നാനാഭാഗങ്ങളിലായി ധാരാളം കാണുന്ന മലമ്പനി † യുടെ കാരണം ഇതുതന്നെയാണെന്നു് ഊഹിക്കപ്പെടാം. രാജ്യനിവാസികളെ പൊതുവെ ബാധിച്ചിരിക്കുന്ന ഈ അനാരോഗ്യത്തിന്റെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനു് ഒരു സൂക്ഷ്മവും ശാസ്ത്രീയവുമായ അന്വേഷണം നടത്തേണ്ടതാണെന്നു് ചില ഡാക്ടർമാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതിനു്ശേഷംമാത്രമേ ശരിയായ നിവാരണ മാർഗ്ഗങ്ങൾ

---

* Lt. Col. F. W. D. Megaw I. M. S. writes in Indian Medical Gazette.

† Malaria.

കണ്ടുപിടിക്കുവാൻ സാധിക്കുകയുള്ളു എന്നാണവരുടെ അഭിമതം. അധികം ആളുകളുടേയും രോഗം തന്നെ യാതൊരു ചികിത്സാക്രമവും അറിയാൻപാടില്ലാത്തവരാലാണു് ചികിത്സിക്കപ്പെടുന്നതു്. ചികിത്സക്കായി നിർദ്ദേശിക്കുന്ന മരുന്നുകൾ തന്നെ രോഗത്തെക്കാൾ ഭയങ്കരമായ ഫലങ്ങൾ ദേഹത്തിനുണ്ടാക്കുന്നവയായിരിക്കും. എന്നാൽ അതിൽ ഇനിയും വിപുലമായ ഒരന്വേഷണത്തിൻെറ ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. പല ഭാഗങ്ങളിലായും പല കാര്യങ്ങൾക്കായും ഇൻഡ്യയിൽ ആരോഗ്യമില്ലായ്മയുടെ കാരണം ആരാഞ്ഞിട്ടുണ്ടു്. അതിനാൽ അനാരോഗ്യത്തിൻെറ കാരണങ്ങൾ സുവിദിതമാണു്. തൽപരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിരിക്കുന്ന പലതും പ്രവൃത്തിയിൽ വരുത്തേണ്ട കടമയാണു് ഇപ്പോൾ കൂടുതൽ ഉള്ളതു്. വളരെക്കാലത്തെ പരിചയത്തിൻെറയും അന്വേഷണത്തിൻെറയും ഫലമായി വിദഗ്ദ്ധന്മാരാൽ നിർദ്ദേശിക്കപ്പെടുന്ന ഒരു പ്രായോഗികപദ്ധതി ഗവണ്മെൻറിൻെറ പ്രത്യേക സഹായത്തോടുകൂടി, അതിൻെറ എല്ലാ ഉദ്യോഗസ്ഥന്മാരും സഹകരിച്ചു്, നടപ്പിൽ വരുത്തുകയാണു് ഈ അവസരത്തിൽ വേണ്ടതു്. ഇൻഡ്യാ ഗവണ്മെണ്ടുദ്യോഗസ്ഥന്മാർ മുതൽ ഏററവും ചെറിയ ഗ്രാമപ്പഞ്ചായത്തു് ഉദ്യോഗസ്ഥന്മാർവരെയുള്ളവർ ഇതിൽ പ്രവർത്തിക്കണം.

പ്രഥമമായി ഈ നയത്തെപ്പററി പറയാനുള്ളതു് ഇതിനു് വേണ്ടിടത്തോളം ധനസഹായം ഉണ്ടായിരിക്കണമെന്നുള്ളതാണു്. പെട്ടെന്നു് ആലോചിച്ചുറച്ചതിൻെറ ഫലമായി ബഡ്ജററിൽ കുറെ ആയിരം രൂപാ ഇതിനുവേണ്ടി ചിലവാക്കുന്നതുകൊണ്ടു് യാതൊരുഗുണവുമുണ്ടാകുവാനില്ല. അനേകലക്ഷം—കോടിതന്നെ—

രൂപാ ഈ കാൎയ്യത്തിനു ചിലവുണ്ട്. പൊതുഭരണത്തിൻെറ യാതൊരുവകുപ്പിനും പൊതുക്ഷേമത്തെ ഉദ്ദേശിച്ചുള്ള യാതൊരു പദ്ധതിയ്ക്കും പൊതുജനാരോഗ്യവകുപ്പിൻെറ ആവശ്യങ്ങളെക്കാൾ മുൻഗണന കൊടുക്കുവാൻ പാടില്ല. പല വൈദ്യവിദഗ്ദ്ധന്മാരും ഇൻഡ്യയിൽ രോഗം കാരണം അനവധിപണം ചിലവാകുന്നുണ്ടെന്നു് പറഞ്ഞിട്ടുണ്ട്. എല്ലാപരിഷ്കൃതരാജ്യങ്ങളുടേയും പരിചയത്തിൽനിന്നു് ധാരാളം പണം ചിലവാക്കിയും ജനങ്ങളുടെ ആരോഗ്യം സുസ്ഥിരമാക്കിത്തീൎക്കുന്നതു് സാമ്പത്തികമായിപ്പോലും ആദായകരമായിരിക്കുമെന്നാണു് മനസ്സിലാക്കേണ്ടതു്.* ഇൻഡ്യാ ഒരു പാവപ്പെട്ട രാജ്യമാണെന്നും അതിൻെറ ഇപ്പോഴത്തെ ജനസംഖ്യതന്നെ വളരെ വൎദ്ധിച്ചതാകകൊണ്ടു് ആരോഗ്യം നിമിത്തം ജനസംഖ്യ വൎദ്ധിച്ചാൽ ദാരിദ്ര്യം വൎദ്ധിക്കുകയേ ഉള്ളു എന്നു ഈ വിഷയത്തിൽ എതിരഭിപ്രായം പറയുന്നവരുണ്ട്. ഇതു് ആരോഗ്യവിഷയകമായി നമുക്കുള്ള അജ്ഞതയുടെ പാരമ്യംകൊണ്ടുമാത്രം പറയുന്നതാണു്. ജനസാമാന്യത്തിനു് ആരോഗ്യവൎദ്ധനയുണ്ടായാൽ അവരിൽനിന്നു ലഭിക്കുന്ന വേലയുടെ ഗുണം വൎദ്ധിക്കുകയും അതുതന്നെ നമ്മുടെ ധനാഗമമാൎഗ്ഗങ്ങളെ വിപുലമാക്കുകയും സമ്പത്തു കൂട്ടുകയും ചെയ്യും. ഇനിയും കൃഷിചെയ്യാവുന്ന സ്ഥലവും സമ്പത്തു് വൎദ്ധിപ്പിക്കുന്നതിനു് ഇതരസാദ്ധ്യതകളും ഉള്ള ഈ രാജ്യത്തു് ഇതിൻെറ ഗുണഫലത്തെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലോ.

---

* Mr. Branby Williams C. E. Public Health Department, Bengal.

ഈ പ്രശ്നത്തിന് നിവാരണമാർഗ്ഗം കണ്ടുപിടിക്കുവാൻ ശ്രമിക്കുമ്പോൾതന്നെ അതിൻെറ വൈഷമ്യസ്വഭാവത്തെപ്പററി ഓർക്കേണ്ടതാകുന്നു. ഇതു്, രാജ്യത്തേയും അതിലെ ജനങ്ങളുടെ ഇതുപര്യന്തമുള്ള ചരിത്രത്തേയും ഒട്ടാകെ ബാധിക്കുമെന്നുള്ളകാര്യം പ്രത്യേകം സ്മർത്തവ്യമാണ്. ആദ്യമായി ഇതിൻെറ സാമ്പത്തികവശത്തെപ്പററി ആലോചിക്കാം. ദാരിദ്ര്യത്തിനും രോഗത്തിനും തമ്മിലുള്ള അടുത്ത ബന്ധത്തേയും രോഗത്തിന് രാജ്യത്തിൻെറ സാമ്പത്തികവും കാർഷികവുമായ അഭിവൃദ്ധിയോടുള്ള ബന്ധത്തേയുംപററി ഇവിടെ കൂടുതൽ പ്രതിപാദിക്കേണ്ട ആവശ്യമില്ല. കാർഷികാഭിവൃദ്ധിക്കു് ഉപയുക്തമായ സകല പരിശ്രമങ്ങളും ജനങ്ങളുടെ ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന് കാലാന്തരത്തിൽ പര്യാപ്തമാകുന്നതാണ്.

പ്രകൃതിശക്തിക്കു് ആരോഗ്യത്തിന്മേൽ ഉള്ള സ്വാധീനതയാണ് അടുത്തതായി പ്രതിപാദിക്കുവാനുള്ളതു്. ഉഷ്ണമേഖലയിലെ താമസംകൊണ്ടു ആരോഗ്യത്തിന് സ്വതസ്സിദ്ധമായുണ്ടായിട്ടുള്ള ഹാനി ദൈവദത്തമായതുകൊണ്ടു മനുഷ്യന് മാററുവാൻ സാധിക്കുന്നതല്ല. വെള്ളം കെട്ടിനിൽക്കുന്നതു്കൊണ്ടും, ജലദുർഭിക്ഷംകൊണ്ടും അനാരോഗ്യം വർദ്ധിക്കുന്നുണ്ടെന്നുള്ളകാര്യം മുമ്പു പറഞ്ഞിട്ടുണ്ടു്.

സാമുദായികനിയമങ്ങൾക്കും ആചാരങ്ങൾക്കും ആരോഗ്യവുമായി വലിയ ചാർച്ചയാണുള്ളതു്. ഹിന്ദുക്കളുടെ സാമുദായിക വ്യവസ്ഥകൾക്കു് ആരോഗ്യശാസ്ത്രത്തോടു് യാതൊരടുപ്പവുമില്ല. വ്യക്തിയുടെ ശക്തിക്കുറവും വർഗ്ഗത്തിൻെറ അധഃപതനവും സാമുദായികാചാരങ്ങളുടെ സന്താനങ്ങളാണ്. മുഹമ്മദീയരുമായി താര

തമ്യപ്പെടുത്തുമ്പോഗം ഹിന്ദുക്കളുടെ ദേഹശക്തി നാഗം ക്കനാഗം കറഞ്ഞുവരുന്നുവെന്നും ഹിന്ദുവർഗ്ഗത്തിൻെറ ഭാവി വളരെ ശോചനീയമാണെന്നും ഒരു ബങ്കാളിഡാക്ടർ * ഈയിടെ പ്രസ്താവിക്കയുണ്ടായി. തുടച്ചയായി ഉള്ള കാനേഷുമാരികണക്കുകളിൽനിന്നും മുഹമ്മദീയക്ക് ഹിന്ദുക്കളേക്കാഗം കൂടുതൽ ശക്തിയും, ആരോഗ്യവും ഉണ്ടെന്നു് തെളിയുന്നെന്നു് അദ്ദേഹം വാദിക്കുന്നു. ശൈശവ വിവാഹവും, നിർബന്ധിത വൈധവ്യവും ആണു് ഹിന്ദുക്കളുടെ അധഃപതനത്തിനു് കാരണമെന്നു് അദ്ദേഹം സൂചിപ്പിക്കുന്നു. ഈ രണ്ടു സംഗതികളും ശാസ്ത്രീയമല്ലെന്നുള്ളതിൽ സംശയമില്ല. ഈ പ്രശ്നത്തിൻെറ സാമുദായികവശത്തെപ്പററിയുള്ള ചർച്ച പ്രകൃതം അനുവദിക്കുന്നില്ല. അടുത്ത തലമുറക്കാരെങ്കിലും പതിവുകളേയും ആചാരങ്ങളേയും അതിലംഘിച്ചു ദേഹശക്തി വർദ്ധിപ്പിക്കുന്നതിനു് വേണ്ടി ഈ രണ്ടു സാമുദായിക ദോഷങ്ങളേയും നിവാരണംചെയ്യുന്നതിനു് വേണ്ടതു് പ്രവർത്തിക്കുന്നതു് നന്നായിരിക്കും. ഉഷ്ണമേഖലയിലെ ശീതോഷ്ണസ്ഥിതികളാൽ വന്നുകൂടുന്ന ആലസ്യവും ചിരപരിചയത്താൽ വന്നുകൂടിയിരിക്കുന്ന വളച്ച് ഇല്ലായ്മയും ദൌർബല്യവും മാററുന്നതിനു് ഭാഗ്യവശാൽ ഇപ്പോഗം വലിയ ശക്തികഗം ഇൻഡ്യൻജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ടു്. ബഹിർലോകത്തോടുള്ള അടുത്തു് പരിചയം, ജീവിതമത്സരം, സാമ്പത്തികമായിട്ടുള്ള കാരണങ്ങളുടെ പ്രാധാന്യം, വിദ്യാഭ്യാസവും മനഃസംസ്കരണവും കൊണ്ടു ഭവിച്ചിരിക്കുന്ന ബുദ്ധിതീഷ്ണത ഇവയെല്ലാം നമ്മുടെ സാമുദായിക ജീവിതത്തിൻെറ അസ്ഥിവാരങ്ങളെ

---

* Dr. U. N. Mookherji in his pamphlet "A Dying Race"

വ്യത്യാസപ്പെടുത്തുന്നതിന് യോജിച്ചു പ്രവത്തിക്കുന്നു. ആളുകളുടെ ജീവിതരീതി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ആവശ്യവും ജനസംഖ്യയുടെ വദ്ധനയെ ക്രമീകരിക്കത്തക്ക ആത്മസംയമനം ആവശ്യമുണ്ടെന്നുള്ള അറിവും ആരോഗ്യസംബന്ധമായ സംഗതികളെ സാരമായി ബാധിക്കുന്നുണ്ട്. പോഷകാംശംകുറഞ്ഞ ഭക്ഷണവും, രോഗവും ദാരിദ്ര്യത്തിൻെറ ഫലങ്ങളാണ്. ദാരിദ്ര്യം ക്രമാതീതമായ ജനസംഖ്യയുടെ ഫലവുമാകുന്നു. അതുകൊണ്ടു ജനങ്ങളുടെ ആരോഗ്യവും ശക്തിയും വദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തോടുകൂടിതന്നെ, അവരുടെ കായികവും, ആത്മീയവുമായ ഭാവങ്ങളെ ഉയത്തുന്നതിനും അവരുടെ സുഖത്തിൻേറയും ജീവിതത്തിൻേറയും രീതികളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ശ്രമിച്ചില്ലങ്കിൽ രോഗവും ദാരിദ്ര്യവും ഇൻഡ്യയിൽനിന്ന് തുരത്തുന്നതിന്ന് എളുപ്പമില്ല.

ഒരുസ്ഥലത്ത് തനിച്ചു താമസിക്കുന്ന ഒരാൾക്ക് വളരെ ആളുകൾചേൎന്ന് സമുദായമായി താമസിക്കുന്ന ആളുകൾക്കുള്ളതുപോലെ ആരോഗ്യശാസ്ത്രത്തെപ്പറ്റിയോ ചുററുപാടുമുള്ള വൃത്തികേടിനെപ്പററിയോ ആലോചിക്കേണ്ട ആവശ്യമില്ല.* അയാളുടെ ദേഹത്തെസംബന്ധിച്ചിടത്തോളമുള്ള ശുചിത്വം മാത്രമേ അയാൾക്കാവശ്യമുള്ളു. അയാളുടെ ദേഹം ശുചിയാക്കണമെങ്കിൽ അടുത്തുള്ള നദിയിലെ ജലം ധാരാളം മതിയാകും. അയാളുടെ താമസംകൊണ്ടു് ഒരുസ്ഥലം വൃത്തികേടാവുകയാണങ്കിൽ താമസിക്കുന്ന സ്ഥലത്തുനിന്നു കുറെ ദൂരെമാറി തൻെറ കുടാരമടിച്ച് പാൎപ്പാക്കിയാൽമതി. പ്രകൃതി

---

* Rural Organisation By Burr.

ശക്തികൾ കാലക്രമംകൊണ്ട് അയാൾ വൃത്തികേടാക്കിയസ്ഥലം നന്നാക്കിക്കൊള്ളും. വിസ്തൃതമായി കിടക്കുന്ന പ്രദേശംമുഴുവൻ വ്യക്തിയുടെ സ്വാതന്ത്ര്യത്തോടുകൂടിയ അനുഭവത്തിനായി ലഭിക്കുമ്പോൾ ആരോഗ്യചിന്തകൾക്ക് അവിടെ സ്ഥാനമേയില്ല.

വ്യക്തിയുടെ സ്ഥാനത്തു കുടുംബവും കുടുംബങ്ങളുടെസ്ഥാനത്തു് സമുദായവും വരുമ്പോഴാണ് ശരീരത്തിനുള്ള പരിരക്ഷണവും ആരോഗ്യസംബന്ധമായ നിയമപരിപാലനവും അവശ്യം ആവശ്യപ്പെടുന്നതു്. പൊതുജനാരോഗ്യം തന്മൂലം ഒരുസാമുദായികകർത്തവ്യമായി വിചാരിക്കപ്പെടുന്നു. ഒരു സമുദായത്തിൻെറ ആവശ്യമായിട്ടല്ലാതെ പൊതുജനാരോഗ്യത്തെപററി ആലോചിക്കുന്നുമില്ല.

പൊതുജനാരോഗ്യത്തിൻെറ ക്രമീകരണവും തൽസാദ്ധ്യത്തിനായുള്ള നിയമനിർമ്മാണവും ആദ്യമെ പട്ടണങ്ങളിലാണുണ്ടായിട്ടുള്ളതു്. അവിടെയാണ് അതിൻെറ ആവശ്യം ആദ്യംതോന്നിയതു്. പട്ടണങ്ങളിൽ താരതമ്യേന ഇപ്പോൾ വൃത്തിയുള്ള വഴികളും തെരുവുകളും ആണ് നാം കാണുന്നതു്. മലം ദൂരപ്രദേശങ്ങളിലേക്ക് മാററുക, ദൂഷിച്ചജലം ഒഴുക്കി പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി കളയുക, കുടിക്കുന്നതിനു ശുദ്ധജലം ലഭിക്കുക എന്നീ ആരോഗ്യപ്രദമായ പരിഷ്കാരങ്ങൾ പട്ടണങ്ങളിൽ വന്നതുകൊണ്ടു് ശുചിത്വമില്ലായ്മയിൽനിന്നുണ്ടാകുന്ന സുഖക്കേടുകൾ സാമാന്യം പലപട്ടണങ്ങളിലും ഇല്ലാതെയായിട്ടുണ്ട്. കശ്നമായ നിയമങ്ങളും അതുപാലിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാരും, നിഷ്കൃഷ്ടയായി പ്രവർത്തിക്കുന്നതിനുള്ള സന്മനസ്സും,

ഉള്ളതുകൊണ്ടു് ഈ കായ്യങ്ങൾ ശരിയായി നടന്നുപോകുന്നു. സുഖക്കേടുകളെപ്പററി ഈ ഉദ്യോഗസ്ഥന്മാക്കു് എന്തെങ്കിലും അറിവു് കിട്ടിയാൽ ഉടൻ അവർ അതിനുള്ള നിവാരണമാൎഗ്ഗങ്ങൾ അന്വേഷിക്കയായി.

എന്നാൽ ഇതെല്ലാം പട്ടണങ്ങളിലാണു്. ഒരാൾക്കു് അവൻെറ ആരോഗ്യത്തെപ്പററിമാത്രം ഉത്തരവാദിത്വവും, മറെറാരുത്തനെപ്പററി യാതൊരു ചിന്തയില്ലായ്മയും വ്യക്തിസ്വാതന്ത്ര്യത്തിൻെറ പരമമായ ലക്ഷണമായി പട്ടണങ്ങളിലേക്കാൾ കൂടുതൽകാലം ഗ്രാമങ്ങളിൽ നിലനിന്നിരുന്നു. ഒരാളുടെ വീട്ടു് ചുററും വളരെ വൃത്തികേടായി കിടന്നിരുന്നെങ്കിൽ അയാളെ "ഒരു വൃത്തികെട്ടമനുഷ്യൻ" എന്നു അയാളെകേൾക്കാതെ വിളിക്കുകയല്ലാതെ മററാക്കും അതിൽ ഒരുകായ്യവുമില്ലെന്നാണു് ഇപ്പോഴും ഗ്രാമവാസികൾ വിചാരിക്കുന്നതു്. ഒരാൾ കലങ്ങിയതും ദുർഗന്ധപൂരിതവും ആയ വെള്ളം കുടിക്കുകയോ വീട്ടിനു് അടുത്തുതന്നെ വളംശേഖരിക്കയോ ചെയ്യുകയാണെങ്കിൽ മററുള്ളവക്കു് അതിനെ പ്രതിഷേധിക്കുവാൻ ന്യായമില്ലെന്നു സകലരും വിചാരിച്ചിരുന്നു. ഇതിൻെറ ഫലമായി സന്നിപാതജ്വരം ബാധിച്ചു് തുടച്ചയായി അയാളുടെ വീട്ടിലുള്ളവരെല്ലാം മരിയ്ക്കുകയാണെങ്കിൽ സകല അയൽക്കാരും ചെന്നു സഹതപിക്കുകയും വളരെ സാന്ത്വനങ്ങൾ പറയുകയും ചെയ്യും. ഈ കാരണങ്ങൾകൊണ്ടു്, വയറുകടി, സന്നിപാതജ്വരം, മുതലായ സുഖക്കേടുകളെ വൃത്തികേടുകൾ കൊണ്ടുണ്ടാകുന്ന സുഖക്കേടുകളായും, ഗ്രാമത്തിലെ സുഖക്കേടുകളായും ഡാക്ടർമാർ വിചാരിച്ചു തുടങ്ങിയിട്ടുണ്ടു്. ഗ്രാമവാസികൾക്കു് അവരുടെ ശുചിത്വമില്ലായ്മയുടെ

ഭയങ്കരഫലങ്ങൾ അറിയുവാൻ പാടില്ലാത്തതാണ് ഈ അനാരോഗ്യത്തിൻെറ പാരമ്പര്യമായ തുടച്ചക്കു കാരണം. ഗ്രാമത്തിന് അടുത്തുള്ള പട്ടണവാസികൾ ഇതിനെപ്പററി ശ്രദ്ധിക്കുന്നതു് അവരുടെ രക്ഷക്കു് നന്നായിരിക്കും. അടുത്തുള്ള ഗ്രാമത്തിൽ പടന്ന് പിടിച്ചിട്ടുള്ള സാംക്രമികരോഗം പട്ടണത്തേയും ബാധിക്കാതിരിക്കുവാൻ വിഷമമുണ്ടു്. പട്ടണത്തിൽ ആവശ്യമുള്ള പല സാധനങ്ങളും ഗ്രാമത്തിൽനിന്നാണ് വരുവാനുള്ളതു്. പട്ടണത്തിലെവേലക്കാർപോലും അധികം ഗ്രാമനിവാസികളായിരിക്കും. വേലക്കാർമുഖാന്തിരവും സാധനങ്ങൾ വഴിയും സുഖക്കേടുകൾ പട്ടണത്തിലേക്കു് സംക്രമിക്കുന്നതിന് വളരെ എളുപ്പമുണ്ടു്. പാമരത്വംകൊണ്ടുള്ള ശുചിത്വമില്ലായ്മ നിവാരണംചെയ്യുന്നതിന് ഗ്രാമത്തിൻെറ അടുത്തുള്ള പട്ടണനിവാസികൾ വളരെ ശ്രദ്ധിക്കേണ്ടതാണ്.

സാമുദായികചിന്ത ഗ്രാമവാസികളിൽ ഉണ്ടാകുകയാണെങ്കിൽ ഒരുഗ്രാമം ശുചിയായിസൂക്ഷിക്കുന്നതിന് അശേഷം വിഷമമില്ല. ചവറും മലവുംകൊണ്ടു് വൃത്തികെട്ട കുന്നുകൾ സദാ ദുർഗന്ധം വമിച്ചുകൊണ്ടു് വീടുകളുടെ ചുററുമായി പല ഗ്രാമങ്ങളിലും കാണാം. ഈ ചവറു ദൂരത്തു് ഒരുവലിയകുഴിയിൽ കൊണ്ടുപോയി ഇടണമെന്ന് എല്ലാപേരും നിശ്ചയിച്ചാൽ അതിൽനിന്നുണ്ടാകുന്ന അനവധി സുഖക്കേടുകൾ ഇല്ലാതെയാകും. ഗ്രാമങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് അത്യാവശ്യം അവിടെയുള്ള നിവാസികളെ വൃത്തിയായി ജീവിക്കുവാൻ പഠിപ്പിക്കുകയാണ്. ഇൻഡ്യൻ ഗ്രാമങ്ങളെ

പ്പററി ഒരു പാശ്ചാത്യൻ* നേരമ്പോക്കായി ഒരു പരമാൎത്ഥം പറഞ്ഞിട്ടുണ്ടു്. 'അടുത്തുള്ള ഗ്രാമത്തിലേക്കുള്ളവഴി ഗന്ധംകൊണ്ടു് കണ്ടുപിടിക്കാം. നാററം കൂടുന്തോറും ഗ്രാമം അടുത്തു എന്നു വിചാരിച്ചുകൊള്ളണം." ഇങ്ങിനെയാണു് അദ്ദേഹം പറഞ്ഞതു്. ചപ്പു്, ചവറു്, ചാണകം, ചാരം എന്നിവ എവിടെയെങ്കിലും വാരിഎറിഞ്ഞുകളയരുതെന്നാണു് ഗ്രാമവാസികളെ ആദ്യമായി പഠിപ്പിക്കേണ്ടതു്. ഗ്രാമത്തിൽ തോന്നുന്നസ്ഥലത്തെല്ലാം മലവിസൎജ്ജനം ചെയ്യുന്നതിനു് അനുവദിക്കരുതു്.

ഈ അവസരത്തിൽ വടക്കേ ഇൻഡ്യയിൽ ഗുർഗാൺ എന്ന ഗ്രാമത്തിൽ അവിടുത്തെ ഡെപ്യൂട്ടി കമ്മീഷണരായിരുന്ന മിസ്റ്റർ എഫ്. എൽ. ബ്രെയിൻ§ ഇതേ സംബന്ധിച്ചു ചെയ്ത ചില പരീക്ഷണങ്ങൾ ചിന്താവിഷയമാണു്. മിസ്റ്റർ എഫ്. എൽ. ബ്രെയിൻ, എം. സി. ഐ. സി. എസ്സ്. ൧൯൨൦-ൽ ഗുർഗാണിലെ ഡെപ്യൂട്ടി കമ്മീഷണരായി ചാൎജ്ജെടുത്തു. അദ്ദേഹം അവിടെ വന്നപ്പോൾ ആ ഗ്രാമവാസികളുടെ ദയനീയസ്ഥിതികണ്ടു് അമ്പരന്നുപോയി. അവരുടെ ദാരിദ്ര്യവും അനാരോഗ്യവും അപരിഷ്കൃതമായ കൃഷിയും മിതവ്യയമില്ലാത്ത സ്വഭാവങ്ങളും ഗ്രാമത്തിന്റെയും

---

*"When you lose your way......you find your way by the nose. The greater the stink, the nearer the village"— The Remaking of Village India by F. L. Brayne I. C. S. Page 13.

§ അദ്ദേഹം ഇപ്പോൾ പഞ്ചാബിലെ Rural Reconstruction Commissioner ആണു്.

വീട്ടുകളുടേയും ദുർഗന്ധവും സ്ത്രീകളുടെ ശോച്യാവസ്ഥ യും അദ്ദേഹത്തിന്റെ അനുകമ്പയെ ആകർഷിച്ചു. ഈ ദയനീയ സ്ഥിതിയിൽ നിന്നും അവരെ ഉദ്ധരിക്കാൻ എന്തെങ്കിലും വലിയ തോതിൽ ചെയ്യണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അതിന്റെ ഫലമായി ഗുർഗാൺ ഗ്രാമ ത്തേയും അതിലെ ൧൦൦൦൦൦ നിവാസികളേയും നന്നാ ക്കാൻ അദ്ദേഹം 'ഗുർഗാൺ പരീക്ഷണം' * എന്ന് അ റിയപ്പെടുന്ന പദ്ധതി ആരംഭിച്ചു. ആ പ്രസ്ഥാനത്തി ന്റെ ഉദ്ദേശങ്ങൾ "ഗ്രാമനിവാസിയെ അവന്റെ അ ന്ധമായ പാരമ്പര്യ രീതിയിൽ നിന്നു മോചിപ്പിക്കുന്ന തിനും, അഭ്യുദയം സാദ്ധ്യമാണെന്ന് അവനെ കൊണ്ടു വിശ്വസിപ്പിക്കുന്നതിനും ശീതോഷ്ണസ്ഥിതിയും രോഗവും മററുപദ്രവങ്ങളും മാററുവാൻ സാധിക്കുമെന്ന് കാണിച്ചു കൊടുത്ത് വിധിയിലുള്ള നിരങ്കശമായ വിശ്വാസം ഭേ ദപ്പെടുത്തുന്നതിനും അവന്റെ അസാമ്പത്തികവും അ നാരോഗ്യപരവും ആയ സ്വഭാവങ്ങളെ അവനെ കൊ ണ്ടു ഉപേക്ഷിപ്പിക്കുന്നതിനും സുഖകരമായി ജീവിക്കു ന്നതിനും അഭിവൃദ്ധികരമായി കൃഷി ചെയ്യുന്നതിന് അവനെ പഠിപ്പിക്കുന്നതിനും" ആയിരുന്നു. § കുറച്ചു കൂടി പ്രവൃത്തിപരമായി പറയുകയാണെങ്കിൽ ഈ ഉദ്ദേ ശങ്ങൾ പ്രഥമമായി അവന്റെ കൃഷിയെ അഭിവൃദ്ധി പ്പെടുത്തുന്നതിലാണ് നിക്ഷേപിച്ചത്. വയററിൽ വിശ പ്പും പാദത്തിൽ തണുപ്പും ഉള്ളവന് മുക്തനാകാൻ സാ ധിക്കയില്ലല്ലോ. രണ്ടാമതായി അനാവശ്യച്ചിലവുകൾ

---

* Gurgaon Experiment.

§ Rural Reconstruction in India by F. L. Brayne Page 2.

ഇല്ലാതെ യാക്കുന്നതിലാണ് നിബ്ബന്ധിച്ചതു്. കൃഷിയിൽ നിന്നു വദ്ധിച്ച ആദായം കിട്ടുന്നതു്, വെള്ളികാപ്പുകൾ സ്വർണ്ണ കാപ്പുകൾ ആയി മാററുന്നതിനും, ജില്ലാകോടതിയിലെ വ്യവഹാരം ഹൈക്കോട്ടിലേക്കു് കൊണ്ടുപോകുന്നതിനും, കല്യാണത്തിനും വിനോദങ്ങൾക്കും ഉള്ള യാത്ര കാളവണ്ടിക്കുപകരം മോട്ടാർ വാഹനങ്ങളിൽ ആക്കുന്നതിനും ആണെങ്കിൽ, ആ കൂടുതൽ ആദായം കൊണ്ടു് യഥാത്ഥ ഉപയോഗവുമില്ല. പിന്നത്തെ ഉദ്ദേശങ്ങൾ അവൻെറ ആരോഗ്യം വദ്ധിപ്പിക്കുന്നതിനും ജീവിത രീതി ഉയത്തുന്നതിനും ആണു്. ഇതുകൾ സാധിക്കുന്നതിനുള്ള പദ്ധതികളും എളുപ്പമാണു്. കൃഷിക്കുവേണ്ടതു് നല്ലവിത്തു്, നല്ല ഉപകരണങ്ങൾ, കൂടുതൽ വളം— എല്ലാം അവിടെ തന്നെ ഉണ്ടായിരുന്നു. ഇവയെല്ലാം കൂടികൂട്ടിച്ചേക്കേണ്ട ആവശ്യമേ ഉണ്ടായിരുന്നുള്ളു. പിന്നെ ഗ്രാമവാസികളെ ഇവ ഉപയോഗിക്കുവാൻ ശീലിപ്പിക്കേണ്ടിയും ഇരുന്നു. നഷ്ടം കുറയ്ക്കുന്നതും ഇതുപോലെ തന്നെ എളുപ്പമായിരുന്നു. പരസ്പര സഹായ സംഘങ്ങൾ മൂലം ധനസംഭരണം, വ്യവഹാരത്തിൽ മദ്ധ്യസ്ഥം, സാമുദായികങ്ങളായ അടിയന്തിരാദികൾക്കു് പണച്ചിലവു കുറക്കുക, എന്നിവകൾ കൊണ്ടു് നഷ്ട പരിഹാരവും സാധിക്കും. ഗ്രാമവാസികളുടെ ആരോഗ്യം ഭാഗ്യവശാൽ കാഷികാഭിവൃദ്ധിയുമായി യോജിച്ചാണിരിക്കുന്നതു്. ഗ്രാമത്തെ വിഷമയമാക്കുന്ന മലം ഒരു സ്ഥലത്തു് ശേഖരിച്ചു വളമാക്കി വയലിൽ ഉപയോഗിക്കുകയാണെങ്കിൽ നല്ല വിളവുകൾ കിട്ടും. ആറടിതാഴ്ചയുള്ള ഒരു കുഴി ഈ ആവശ്യത്തിനു് എല്ലാ കൃഷിക്കാരനും ഉണ്ടാക്കേണ്ടതാണു്. ജീവിത രീതി ഉയത്തുന്നതിനു്

വേണ്ടി ഗ്രാമത്തിലെ സ്ത്രീകളേയും പെൺകുട്ടികളേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് ഒരു വിദ്യാലയം അവിടെ ആരംഭിച്ചു.

ഗുർഗാൺ പരീക്ഷണത്തെപ്പററി ഇത്രയും മാത്രം വിവരിക്കുന്നതിൻെറ ആവശ്യമേ ഇവിടെയുള്ളു. ആ പ്രസ്ഥാനത്തിൽ ഏററവും വിജയകരമായിതീൎന്ന പദ്ധതിവളക്കുഴികളുടെ നിൎമ്മാണം ആണ്. ഗ്രാമത്തിനകത്തും, അതിൻെറ പുറമ്പാടിലും പലവിധത്തിലുള്ള ചപ്പും ചവറും വലിച്ചെറിയുന്നത് എല്ലാ സാധാരണ ഗ്രാമവാസിയുടേയും പതിവാണ്. അത് വെയിലത്ത് കിടന്നുണങ്ങുകയും, മഴയത്ത് നനയുകയും, കാററത്ത് പറക്കുകയും ചെയ്യുന്നു. ഇടവഴികളുടെ അരികിലും ഇതുമാതിരി ചവറുകൾക്കൂട്ടിഇടാറുണ്ട്. കൃഷിക്ക് വളംപോരാതെ ഇരിക്കുന്നരാജ്യത്ത് ഈ വകവളമുണ്ടാക്കാവുന്ന സാധനങ്ങൾ ഇങ്ങനെ നഷ്ടപ്പെടുത്തുന്നതിൻെറ ബുദ്ധിശൂന്യതയെപററി വ്യസനിക്കയല്ലാതെ എന്തുചെയ്യാം! കൂടാതെ, സൂക്ഷ്മമില്ലാതെ ഇങ്ങനെ ചവറു ദൂരെ കളയുന്നത് ആരോഗ്യത്തിന് ഹാനികരവും ശുചിത്വമില്ലായ്മയും ആണ്. അങ്ങുമിങ്ങും നാനാവിധമായിത്തള്ളുന്ന ചവറുകൾ ശേഖരിച്ചു ഒരു സ്ഥലത്ത് ഇടുന്നതിനാണ് വളക്കുഴികൾ ഉണ്ടാക്കേണ്ടത്. ദിവസംതോറും ഉപയോഗമില്ലാതെ ദൂരെ കളയേണ്ടതായ സകലസാധനങ്ങളും ഈ കുഴിയിൽ സംഭരിക്കാം. ഓരോ ഗൃഹത്തിനും രണ്ടുകുഴികൾവീതം ഉണ്ടായിരിക്കണം. (ഒ)വളമായിഉപയോഗിക്കത്തക്കവിധത്തിൽ ആയിതീൎന്നപഴയ ചവറുഇടുന്നതിന് (വ) അന്നന്ന് ദൂരെ കളയേണ്ട ചവറുകൾ ഇടുന്നതിന്. രണ്ടാമത്തെകുഴി മനസ്സുകത്ത് ഒരു

മൂലയിലാക്കുന്നതു് നന്നായിരിക്കും. മലമൂത്രവിസർജ്ജനത്തിനുപയോഗിക്കത്തക്ക മറെറാരുകുഴിയും വളരെസമീപത്തല്ലാതെവിടെ എങ്കിലും വേണ്ടതാണു്. *

അടുത്തതായി ശ്രദ്ധിക്കാനുള്ളതു് ഗ്രാമവാസികളുടെശുചിത്വമില്ലാത്ത ചില നടപടികളെപററിയാകുന്നു. മലവിസർജ്ജനത്തിന്നു് പ്രത്യേകം കുഴികൾ ഉണ്ടാക്കാൻ അവരെ നിർബന്ധിക്കുകതന്നെ വേണം. താമസിക്കുന്നസ്ഥലത്തിന്റെ ഒരു വശത്തായി വേലിയോ ചുവരോ കൊണ്ടു മറച്ചു ഒരു കുഴിയുണ്ടാക്കി സൌകര്യത്തിന്നു് വേണ്ടി അതിന്മേൽ ഒരു പലകയുമിട്ടു ഒരു "ബോർഹോൾക്കക്കൂസ്" ഉണ്ടാക്കണം. ഇതു്കൊണ്ടുകൃഷിക്കു് വേണ്ടവളം വർദ്ധിപ്പിയ്ക്കാം. ഇങ്ങിനെ ഈ മലത്തെ ഒരു സ്ഥലത്തു് തന്നെ ശേഖരിച്ചില്ലെങ്കിൽ അതു് ഗ്രാമത്തിന്റെ പലഭാഗങ്ങളിലുമായി ചിന്നിചിതറികിടക്കുകയും കാററുകൊണ്ടും, മനുഷ്യരുടെയും, മൃഗങ്ങളുടേയും കാലുകൊണ്ടും ചലിച്ചു പറന്നു് കാററുവഴി ആളുകളുടെ ആഹാരസാധനങ്ങളിലും പാനീയങ്ങളിലും അവരുടെ കണ്ണിലും, മൂക്കിലും എന്നു് വേണ്ട ശ്വാസോഛ്വാസം ചെയ്യുന്നതിനോടുകൂടി അവരുടെ ശ്വാസകോശങ്ങളിലും കലരുന്നു. അങ്ങിനെ ഗ്രാമത്തിലെ മലംനിമിത്തം അതിലെ ആളുകൾ ദിനംപ്രതി വിഷമയമായഭക്ഷണം കഴിയ്ക്കേണ്ടതായും, കാററുശ്വസിക്കേണ്ടതായും, പാനീയങ്ങൾ കുടിക്കേണ്ടതായുംവന്നുകൂടുന്നു. ഇതുകൂടാതെ ഇവ അസംഖ്യം ഈച്ചകളെ വളർത്തുന്നു. ഈ ഈച്ചകൾ മലത്തിന്റെ മുകളിലിരുന്നിട്ടു പറന്നു്

---

* Rusticus Loquitur by M. L. Darling Page 125.

വന്ന് ആളുകളുടെ ഭക്ഷണസാധനങ്ങളിലും ചെറിയ കുഞ്ഞുങ്ങളുടെ ചുണ്ടിലും ഇരിക്കുന്നു. ഇതു് ശാശ്വതമായ അനാരോഗ്യത്തിന് കാരണമാണെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ഗ്രാമത്തെ ശുദ്ധീകരിക്കുന്നതിന് അത്രതന്നെ പ്രയാസമില്ല. പ്രത്യേകം കൃഷിയുള്ള സകലക്കും പ്രത്യേകം പ്രത്യേകം വളക്കുഴികൾ ഉണ്ടായിരിക്കണം. ഈ കുഴികൾക്കു് ആറടിതാഴ്ചയും ആറടിവീതിയും ഉണ്ടായിരിക്കുന്നതു് നന്നായിരിക്കും. ആവശ്യമില്ലാത്ത സകലതും ഈ കുഴികളിൽ ഇടേണ്ടതാണു്. ഈ കുഴികൾ അതിൽ നിന്നുള്ള ദുർഗ്ഗന്ധം ഗ്രാമവാസികളെ ഉപദ്രവിക്കാതിരിക്കത്തക്കവിധം അത്രദൂരത്തും എന്നാൽ ചവറുമുതലായവ കൊണ്ടുപോയി ഇടുന്നതിന് തക്കസൌകര്യമായും ഇരിയ്ക്കണം. ഈ കുഴികളെ തന്നെ വിസർജ്ജനത്തിന് ഉപയോഗിക്കുന്നതു് നന്നായിരിയ്ക്കും. ഗ്രാമത്തിന് ചുററും വളർന്നുവരുന്ന മുൾചെടികളും കളകളും പറിച്ചു ഈ കുഴികളിൽ ഇട്ടുകളയണം. ഈ വളം ഉപയോഗിച്ചാൽ വിളവുകൾ രണ്ടോ നാലോ ഇരട്ടിവർദ്ധിക്കും.

ഗ്രാമങ്ങളിലെ ഗൃഹങ്ങൾ മിക്കവാറും പൌരാണികകാലങ്ങളിലെ ഗുഹകളുടെ സന്താനങ്ങളാകുന്നു. വീടുകൾ അന്ധകാരനിബിഡമാണെന്നു് പറയുന്നതു ഒട്ടും അതിശയോക്തിയല്ല. വീടിന് ധാരാളം വെളിച്ചവും കാററും പ്രവേശിക്കുന്നതിന് സൗകര്യങ്ങളില്ലെങ്കിൽ അവ ഒരിക്കലും രോഗവിനിർമ്മുക്തമാകയില്ല. ആറു സംഗതികൾ ഇരുട്ടിനെ ഇഷ്ടപ്പെടുന്നു.

(൧) കൊതുക്.
(൨) ഈച്ച.
(൩) എലി.
(൪) കള്ളന്മാർ.
(൫) രോഗം.
(൬) സമിൻദാരന്മാർ.*

കൊതുക് പനിയും, ഈച്ചയും എലിയും പ്ലേഗും ഉണ്ടാക്കുന്നു. എല്ലാ വീടുകൾക്കും ധാരാളം വാതായനങ്ങൾ ഉണ്ടായിരിക്കണം. മേൽപ്രകാരം ശുചിയാക്കിയ ഒരു ഗ്രാമവും അതിൽ സുലഭമായി കാററും വെളിച്ചവും പ്രവേശിക്കുന്ന ഭവനങ്ങളും ഉണ്ടായാൽതന്നെ ഇന്ന് ഗ്രാമങ്ങളിൽ കാണുന്ന രോഗങ്ങളിൽ പകുതിയും ഇല്ലാതാകും. വീട്ടിൻെറ ഏതു മൂലയിലും വെളിച്ചം തട്ടത്തക്കവിധത്തിൽ ജന്നലുകളും വാതലുകളും ഓരോ വീട്ടിനും ഉണ്ടായിരിയ്ക്കണം. അല്ലെങ്കിൽ ഇരുളടഞ്ഞിരിക്കുന്ന സ്ഥലങ്ങളിലെല്ലാം കൊതുകും ഈച്ചയും ഇരിക്കുകയും അവ പലതരത്തിലുള്ള സുഖക്കേടുകൾ ഉണ്ടാക്കാൻ കാരണമാക്കുകയും ചെയ്യും. കാററും വെളിച്ചവും കേറാത്ത വീടുകളിൽ താമസിക്കുന്നതുകൊണ്ടും മലീമസമായ വായു ശ്വസിക്കുന്നതുകൊണ്ടും സാംക്രമികരോഗങ്ങളുടെ ബീജങ്ങൾ അടങ്ങിയ ഭക്ഷണം കഴിക്കുന്നതുകൊണ്ടുമാണ് ഇൻഡ്യൻ ഗ്രാമീണരുടെ ആയസ്സ കുറഞ്ഞുപോകുന്നത്.

കൊതുകുകൾ പലതരത്തിലുള്ള സുഖക്കേടുകൾ പരത്തുന്നു. ഓരോ മാതിരി കൊതുകുകൾ ഓരോ മാതിരി സുഖക്കേടുകൾ ജനിപ്പിക്കുന്നു. മലമ്പനി, മഞ്ഞപനി,

---

* Remaking of Village India by F. L. Brayne I. C. S. Page 16.

ഡിംഗു, മന്ത്, ഇവയെല്ലാം കൊതുകുകളാണ് വൎദ്ധിപ്പിക്കുന്നതു്. സുഖക്കേടുകൾ പകൎത്തുന്ന കൊതുകുകൾ കെട്ടിനിൽക്കുന്ന വെള്ളത്തിലും കൂട്ടിയിട്ടിരിക്കുന്ന ചവറിലും ആകുന്നു സാധാരണ വളൎന്നുവരുന്നതു്. കൊതുകിൻെറ മുട്ട നശിപ്പിക്കുകയാണു് കൊതുകുകൾ വ്യാപിപ്പിക്കുന്ന സുഖക്കേടുകൾ കുറക്കുന്നതിനുള്ള ഒരു മാൎഗ്ഗം * കൊതുകു് ഒരു രോഗവാഹി മാത്രമാണു്. രോഗത്തിൻെറ ബീജങ്ങൾ വഹിച്ചുകൊണ്ടു പോകുകയല്ലാതെ രോഗബീജങ്ങൾ അതിൽതന്നെ ഉണ്ടാകുന്നില്ല. മലമ്പനിയുടെ വൎദ്ധനവിന്നു് മനുഷ്യനും കൊതുകും കാരണമാകുന്നു. ഇതിൽ കൊതുകിനെ ഇല്ലാതെയാക്കിയാൽ മലമ്പനിതന്നെ ഇല്ലാതാക്കുന്നതിനുള്ള ഒരു മാൎഗ്ഗമായിരിക്കും. കൊതുകു് നിവാരണപദ്ധതിയിൽ കൊതുകു് മുട്ട നശിപ്പിക്കുന്നതിനാണു് പ്രധാനമായി ശ്രദ്ധിക്കേണ്ടതു്. ചതുപ്പുനിലങ്ങൾ, കുളങ്ങൾ, നദികളുടെ മൂലകൾ, ഒഴുക്കില്ലാത്ത സ്ഥലങ്ങൾ—ചുരുക്കത്തിൽ വെള്ളം കെട്ടിനിൽക്കുന്ന എല്ലാസ്ഥലങ്ങളിലും—ഇവിടെ എല്ലാം കൊതുകിൻെറ മുട്ട കാണാനിടയുണ്ടു്. കൊതുകു മുട്ടകൾക്കു് ജീവിക്കണമെങ്കിൽ വെള്ളത്തിന്നു മുകളിലുള്ള വായു ആവശ്യമാണു്. മണ്ണെണ്ണ, ശുദ്ധിചെയ്യാത്ത പെട്രോൾ, മുതലായവ കൊതുകുമുട്ട ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ തളിച്ചാൽ അവയെ കവിഞ്ഞു് വായു സംഭരിക്കാനുള്ള ശക്തി കൊതുകുമുട്ടകൾക്കു് ഇല്ലാത്തതുകൊണ്ടു കൊതുകുമുട്ടകൾ നശിപ്പിക്കുന്നതിന്നു് ഈ മാതിരി എണ്ണകൾ ഉപയോഗിക്കുന്നതു് നന്നായിരിക്കും. ഈ എണ്ണ തുടൎച്ചയായി ഒഴിച്ചുകൊണ്ടിരിക്കയും വേണം. ഇതിനാൽ സിദ്ധിക്കുന്ന ഗുണം

---

* Rural Sanitation in the Tropics by Watson.

കേവലം താല്ക്കാലികം മാത്രമാണ്. കൊതുക് ലാവ്വായെ കൊല്ലുന്നതിന് വെള്ളത്തിൽ ഒരുമാതിരി വിഷമയം കലർത്തുന്ന മററു ചില സമ്പ്രദായങ്ങളുമുണ്ട്. അവ ക്രിയോസോട്ട്, നൈററർകേക്ക്, ലയിം, പാരിസ്ഗ്രീൻ മുതലായവയാകുന്നു.* കൊതുകിന് ചില ശത്രുക്കളുണ്ട്. കൊതുകുകളെ ധാരാളം തിന്നൊടുക്കുന്ന ചില മത്സ്യങ്ങൾ അററ്ലാൻറിക്ക് സമുദ്രതീരത്ത് ഉണ്ട്. ഇതിൻെറ പേർ ഗാംബൂസിയാ അഫിനിസ് എന്നാണ്. മലേറിയാനിവാരണത്തിനുവേണ്ടി കാലിഫോർണ്ണിയായിലും ഇററലിയിലും ഇതു കൊണ്ടുവന്ന് വളർത്തിയതിൽ ഈ മത്സ്യം കൊതുകുള്ള എല്ലാ സ്ഥലത്തും വളർത്താൻ സാധിക്കുമെന്ന് കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇതിൻെറ മുട്ടകൾ വരുത്തി ഗ്രാമങ്ങളിലുള്ള കുളങ്ങളിലും മററു ജലാശയങ്ങളിലും വളർത്തുന്നതു നന്നായിരിക്കും. വീടുകളിൽ കൊതുകുകടിയെ പ്രതിരോധിക്കുന്നതിന് കൊതുകുവലകൾ ഉപയോഗിക്കുകയും, ഗന്ധകം, ഹൈഡ്രോസയാനിക്ക് ആസിഡ്ഗ്യാസു മുതലായവകൊണ്ടു പുകക്കുകയും ചെയ്യണം. മലമ്പനി വന്ന് കഴിഞ്ഞാൽ ക്യനയിൻധാരാളം ഉപയോഗിക്കുകയാണ് വേണ്ടതു്.

ഇൻഡ്യൻ ഗ്രാമങ്ങളിൽ കൊതുകുബാധയിൽനിന്ന് രക്ഷപ്പെടുന്നതിന് മേൽ വിവരിച്ച സകല ഉപദേശങ്ങളും സ്വീകരിക്കേണ്ടതു് നിർബ്ബന്ധിതമാകത്തക്കവിധത്തിൽ കൊതുകുകളുടെ ഉപദ്രവം അത്രവളരെ കൂടുതലാണ്. എന്നാൽ നമ്മുടെ ഗ്രാമങ്ങളുടെ ദയനീയമായ

* Municipal and Rural Sanitation by Ehlers and Steel. Page 162—163.

സാമ്പത്തികസ്ഥിതി ഇതിനൊന്നും അനുവദിക്കുകയില്ല. കൊതുകുകളുടെ ഉപദ്രവം ധാരാളമായുള്ള സ്ഥലങ്ങളിൽ ഗവൺമെൻറ് തന്നെ എണ്ണ തളിക്കുകയും ഗാംബ്യൂസിയായെ വളർത്തുകയും ചെയ്യേണ്ടതാണ്. എല്ലാ കച്ചവടസ്ഥലങ്ങളിലും, പൊതുസ്ഥാപനങ്ങളിലും നിന്ന് ക്വിനയിൽ വെറുതെ കൊടുക്കുന്നതിന് ഏർപ്പാടുചെയ്യണം. ഉപ്പും, മസാലയും വാങ്ങുന്നതുപോലെ ക്വിനയിൻ വാങ്ങണമെന്നാണ് മി: ബ്രെയിൻ പറയുന്നത്. എല്ലാ ആളുകളും കൊതുകുവല ഉപയോഗിക്കുന്നത് നിർബ്ബന്ധമാക്കണം. ക്വിനയിൻ വാങ്ങുന്നതിനും, കൊതുകുവല വാങ്ങുന്നതിനുംകൂടി ആണ്ടിൽ നാലോ അഞ്ചോ രൂപയെ ചിലവാകുകയുള്ളൂ. എന്നാൽ ഒരു ദിവസത്തെ പനിക്ക് ഒരാൾക്ക് രണ്ടുരൂപാവീതം ചിലവാകുന്നതുകൊണ്ടു നിവാരണമാർഗ്ഗങ്ങൾ എത്രയോ ആദായകരമാണെന്നുള്ളത് തെളിയുമല്ലോ.

ഗ്രാമങ്ങളിൽ സാധാരണയായി കാണുന്ന മററു സാംക്രമികരോഗങ്ങളിൽ മുഖ്യമായത് കാളറ, അതിസാരം, വയറുകടി, മുതലായവയും മസൂരി, കണ്ണിൽ സുഖക്കേടുകൾ, ചില ത്വക്ക് രോഗങ്ങൾ ഇവയുമാണ്. ഈ സുഖക്കേടുകളെല്ലാം പരത്തുന്നത് ഈച്ചകളാകുന്നു. പല തരത്തിൽ ഈച്ചകൾ ഉണ്ടെങ്കിലും സാധാരണ സുഖക്കേടുകൾ പരത്തുന്ന ഈച്ച വീടുകളിൽ കാണുന്ന ഈച്ചയാണ്. ഈച്ചകൾ കടിച്ചും കടിക്കാതെ നിരുപദ്രവമായി അങ്ങുമിങ്ങും പറന്ന് രോഗബീജങ്ങൾ അങ്ങോട്ടുമിങ്ങോട്ടും വഹിച്ചുകൊണ്ടുപോയുമാണ് സുഖക്കേടുകൾ ഉണ്ടാക്കുന്നത്. മലമൂത്രങ്ങൾ ശരിയായും വൃത്തിയായും ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി കളയുകയും സാംക്രമികരോഗ

ങ്ങൾ ഉള്ള രോഗികളുടെ മലമൂത്രവിസർജ്ജനം സ്പർശിക്കാനിടകൊടുക്കാതെ ഇരിക്കുകയും ചെയ്താൽ വീടുകളിലെ ഈച്ച വലിയ ഉപദ്രവകാരിയായി ഭവിക്കയില്ല. വീട്ടീച്ച വെറും ഒരു രോഗവാഹിമാത്രമാണ്. അതിൻെറ രോമംനിറഞ്ഞ ദേഹവും കാലുകളും രോഗബീജം വഹിക്കുന്നതിന് പ്രത്യേകം യോജിച്ചതാണ്. വൃത്തിയില്ലാത്തപദാൎത്ഥങ്ങൾ ഭക്ഷിക്കുന്നതിനും അതുകളിൽ ഇഴയുന്നതിനും അതിന് പ്രത്യേകസന്തോഷമുണ്ട്. ഈച്ചയുടെ വയററിൽ ഏതുമാതിരിരോഗബീജത്തിനും നാശംകൂടാതെ വൎത്തിക്കാം. ഈച്ചക്ക് എന്തിന്മേൽ ചെന്നിരുന്നാലും അതിന് മുൻപു ഭക്ഷിച്ചസാധനം ഛൎദ്ദിക്കുന്നപതിവുണ്ട്. ഈ ഛൎദ്ദയിൽനിന്നുമാണ് അധികം രോഗവും ഉണ്ടാകുന്നതു്. ഇതിൽനിന്നും വീട്ടീച്ചയുടെ നിവാരണം എത്രമാത്രം അപേക്ഷണീയമാണെന്ന് ഊഹിക്കാമല്ലോ. ഇതിന് പല നിവാരണമാൎഗ്ഗങ്ങളും നിൎദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈച്ചയുടെ വളൎച്ച ഇല്ലാതെയാക്കുകയും, മനുഷ്യരുടെമലം ഈച്ചയിൽനിന്നും അകററി നശിപ്പിക്കുകയും, ഭക്ഷണസാധനങ്ങൾ ഈച്ചയിൽനിന്ന് അകററി സൂക്ഷിക്കുകയുംചെയ്താൽമതി. ഇതുകൂടാതെ ഈച്ചകളെ കൊല്ലുന്നതിനായി, ഈച്ചക്കണ്ണികളും, ഈച്ചവലകളും ഉപയോഗിക്കാറുണ്ട്. ഈച്ചയെ കൊല്ലുന്നതിന് പലവിഷങ്ങളും ഉപയോഗിച്ചുവരുന്നു. എന്നാൽ ഗ്രാമങ്ങളിൽ വീട്ടീച്ചകൾ വളരാതിരിക്കുന്നതിനുള്ള മാൎഗ്ഗങ്ങളാണ് തുടരേണ്ടതു്. വളവും, മലവും വൃത്തിയായും ആപത്തുകൂടാതേയും ശേഖരിക്കുന്നതു് ഇതിനുള്ള പ്രധാനവഴിയാകുന്നു. വളം ശേഖരിക്കുന്നിടത്തു് ഈച്ചയുടെ വളൎച്ചയുണ്ടാകാതെയിരിക്കുന്നതിനായി

'ഹെല്ലിബോർ' പൊടിച്ചു തൂകാറുണ്ട്. ബോറാക്സ് പൊടി ഹെല്ലിബോറിനെകാൾ നല്ലതാണ് § വീട്ടീച്ചകൾ പരത്തുന്ന മസൂരിബീജങ്ങളിൽനിന്നു രക്ഷപ്രാപിക്കുന്നതിന് നിർബ്ബന്ധിതമായി ഗോവസൂരിപ്രയോഗം പ്രചരിപ്പിക്കേണ്ടതാണ്. കുട്ടികളെ പ്രസവിച്ചാലുടനേയും, ഏഴാമത്തെവയസ്സിലും, പതിനാലാമത്തെവയസ്സിലും, ഗോവസൂരിപ്രയോഗം ചെയ്യിക്കണം. കാളറാവരുമ്പോൾ എല്ലാസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതുകൂടാതെ 'ഇനോക്കുലേററ്' ചെയ്യിക്കണം.

ഗ്രാമത്തിൽ സുഖക്കേടുകൾ വളർത്തുന്ന മറെറാരു ജന്തു എലിയാണ്. ബ്യൂബോണിക്ക് പ്ലേഗ് എന്ന ഭയങ്കരമായ സുഖക്കേടു എലികളാണ് പരത്തുന്നത്. എലികളുടെ നശീകരണം അവയുടെ ശത്രുക്കളെകൊണ്ടും, വിഷംകൊടുത്തും, കണ്ണിവച്ചും, പുകച്ചും, ചില പ്രത്യേകതരം പ്രാണിവിഷങ്ങൾകൊടുത്തും, എലികൾ കയറാതെ പ്രതിരോധിച്ചും അവയ്ക്കു് ആഹാരം ഇല്ലാതെയായും മററുമാണ്. എലിയുടെ ശത്രുക്കളായ പൂച്ച, പട്ടി, പക്ഷികൾ, എന്നിവ അവയെ തീരെ നശിപ്പിക്കുന്നതിന്നു് മതിയാകുകയില്ല.

പ്രാണി വിഷങ്ങൾ കൊടുക്കുന്നതുകൊണ്ടും വലിയ പ്രയോജനം കണ്ടിട്ടില്ല. മററു സാധാരണ വിഷങ്ങൾ കൊടുക്കുന്നതാണ് എല്ലാററിലും കൂടുതൽ പ്രയോജനകരമായി കണ്ടിരിക്കുന്നതു്. ആർസനിക്ക്, സ്ലിക്ക്നൈൻ, ഫോസ്ഫറസ്, ബാറിയംകാർബ

---

§ The House Fly—Disease carrier. by Yellow Howard

ണ്ണെറവ്, ഇവകളാണ് നല്ല വിഷങ്ങൾ. കുട്ടികൾ ഈ വിഷങ്ങൾ അബദ്ധത്തിൽ ഉപയോഗിച്ചുപോകാതെ പ്രത്യേകം സൂക്ഷിക്കണം. എലിക്കണ്ണികൾ കൊണ്ടു ധാരാളം എലികളെ പിടിക്കാറുണ്ടു്. പക്ഷെ കുറെ കഴിയുമ്പോൾ ഇവകൾ പ്രയോജനമില്ലാതെയായിതീരുന്നു. ഹൈഡ്രോസിയാനിക്കു് ആസ്ഡ് ഗ്യാസ്, കാർബൻമോണോക്സയിഡ്, ക്ലോറിൻ, സൽഫർ ഡയോക്സൈഡ് എന്നിവ ഉപയോഗിച്ചു് പുകക്കുന്നതു് ഗുണപ്രദമായി കണ്ടിട്ടുണ്ടു്. ഇതിലൊക്കെ നല്ലതു് എലിക്കു് വരുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയാണെന്നു് ഡാക്ടർ ഹൌവ്വൽ പറയുന്നു. സുഖക്കേടുവന്നാൽ നിർബന്ധിതമായ 'ഇനോകുലേഷൻ' അത്യാവശ്യമാണു്. *

മുകളിൽ വിവരിച്ച രോഗങ്ങളും രോഗനിവാരണമാർഗ്ഗങ്ങളും ഒരു പരമാൎത്ഥത്തെയാണു് സൂചിപ്പിക്കുന്നതു്. അതു് ഗ്രാമീണരുടെ ഇടയിൽഉള്ള അജ്ഞതക്കു് നീക്കംവരണം എന്നതാണു്. ആരോഗ്യശാസ്ത്രത്തിൻേറയും സാമുദായിക ശാസ്ത്രത്തിൻേറയും പ്രാഥമികതത്വങ്ങൾ അവരുടെ ഇടയിൽ പ്രചാരത്തിൽ വരുന്നതിനു് വേണ്ട വിദ്യാഭ്യാസത്തിൻേറയും പ്രചരണവേലയുടേയും ആവശ്യകതയെയും ആകുന്നു ഇതു് തെളിയിക്കുന്നതു്. ജ്ഞാനവും നവംനവങ്ങളായ ആശയങ്ങളും ജനസാമാന്യത്തിനുണ്ടായതിനുശേഷമേ പരിശ്രമവും സംഘടനാപരമായ പ്രവൎത്തിയും അവരിൽ നിന്നു് ആശിക്കാവൂ. ദാരിദ്ര്യവും അനാരോഗ്യവും,

* Rats and How to control them by C. S. Howell.

ആരോഗ്യരക്ഷാനിയമങ്ങളെ സംബന്ധിച്ചുള്ള അജ്ഞതയും തമ്മിലുള്ള പരസ്പരബന്ധത്തെ അവർ മനസ്സിലാക്കേണ്ടതാണ്. ആരോഗ്യരക്ഷാശാസ്ത്രത്തിന്റെ ആദ്യതത്വങ്ങളെ ഇപ്പോൾ ചില പള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചുവരുന്നുണ്ട്. അതെല്ലാസ്കൂളുകളിലും നിർബ്ബന്ധിതവിഷയമാക്കണം. എല്ലാ പ്രദർശനങ്ങളിലും ആരോഗ്യം എന്നൊരു വകുപ്പു പ്രത്യേകമുണ്ടായിരിക്കണം. പൊതുജനാരോഗ്യവകുപ്പിലെ മേധാവികൾ അവരുടെ സർക്കീട്ടിനിടക്ക് ജനസാമാന്യത്തിന്റെ അനഭിജ്ഞതയെ ഇല്ലാതെയാക്കാൻ ശ്രമിക്കണം. പര്യടന പ്രാസംഗികന്മാരെയും, മായാദീപപ്രദർശനങ്ങളേയുംകൊണ്ടു് പൊതുജനങ്ങളേ പഠിപ്പിക്കുന്നതിന് ശ്രമിക്കണം. പ്രദർശനത്തിനുവേണ്ടി പ്രത്യേകം തീവണ്ടികൾ ഓടിക്കുന്നതു് അനുകരണീയമാണ്. വൈദ്യസഹായം ചെയ്യുന്ന സ്ഥാപനങ്ങൾ വർദ്ധിപ്പിയ്ക്കണം. ഒരു ഗ്രാമശുചീകരണപദ്ധതി ഉണ്ടാക്കി ഗ്രാമങ്ങൾ വൃത്തിയാക്കുന്നതിനായി അതു് നടപ്പിൽ വരുത്തണം. അനുദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥസ്ഥാപനങ്ങളും ഗ്രാമീണപുനരുദ്ധാരണപദ്ധതിയിൽ ആരോഗ്യത്തിനുള്ള പരമമായ പ്രാധാന്യത്തെ അനുസ്മരിച്ചു ഗവൺമെണ്ടുമായി സർവ്വപ്രകാരണേയും സഹകരിക്കേണ്ടതാണ്.

---

# VIII

## വിദ്യാഭ്യാസം.

സമുദായത്തിൻെറ അഭിവൃദ്ധിയ്ക്കു് നിശ്ചിതമായ ഒരു വിദ്യാഭ്യാസപരിപാടി അത്യന്താപേക്ഷിതമാണു്. വിദ്യാഭ്യാസപദ്ധതിയുടെ ദൂഷ്യങ്ങൾ ജനവിഭാഗത്തിൻെറ പുരോഗതിയെ സാരമായി സ്പർശിക്കുമെന്നുള്ളതിനും സന്ദേഹമില്ല. ഇൻഡ്യയിലെ ഇന്നത്തെ വിദ്യാഭ്യാസരീതിയും സാമാന്യജനങ്ങളുടെ ആവശ്യത്തിനും തമ്മിൽ യാതൊരുപൊരുത്തവുമില്ലന്നുപറയാം. ആവശ്യങ്ങൾക്കനുസരിച്ചപ്രവൃത്തി ഒന്നിലുമുണ്ടാകാത്തതിനു് കാരണവും ഇതാണു്. തൊഴിൽപരമായ വിദ്യാഭ്യാസമാണു് ജനസാമാന്യത്തിനാവശ്യമായിട്ടുള്ളതെന്നു് പല വിദ്യാഭ്യാസകുശലന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്.

പൌരാണികകാലത്തു് സാമാന്യവിദ്യാഭ്യാസത്തോടുകൂടിത്തന്നെ തൊഴിലഭ്യാസവും നൾകിവന്നിരുന്നു. ജാതിവിഭാഗങ്ങളും തൊഴിലുമായി പ്രത്യേകബന്ധമുണ്ടായിരുന്ന അക്കാലത്തു് "പഠിത്വത്തിനു് വേണ്ടിമാത്രമുള്ള പഠിത്വം" മിക്കവാറും ഇല്ലായിരുന്നു എന്നുതന്നെ പറയാം. അക്കാലത്തു് "ഒരു വ്യക്തിയുടെ വിദ്യാഭ്യാസം സമുദായശ്രേയസ്സിനെ ലക്ഷ്യമാക്കി രൂപീകരിച്ചിരുന്നതിനാൽ തൊഴിലഭ്യാസത്തിൻെറ അഭ്യുദയത്തിൽ വ്യക്തിത്വത്തിനു് അധികം സ്ഥാനമുണ്ടായിരു

ന്നില്ല''* എന്നാൽ പ്രാചീനകാലത്തെ സ്ഥാപനങ്ങളു ടെ തിരോധാനത്തോടുകൂടി തൊഴിലിന്റെ സാമുദായി കഭാവം നഷ്ടമാകുകയും സാമാന്യവിദ്യാഭ്യാസത്തിനും സാങ്കേതികവിദ്യാഭ്യാസത്തിനും തമ്മിൽ വലിയ അകൽ ച്ച സംഭവിക്കുകയും ചെയ്തു. വിദ്യാഭ്യാസരീതി സാമാ ന്യജനങ്ങളുടെ ആവശ്യങ്ങൾ നിറവേററാതെ, ലക്ഷ്യമി ല്ലാത്ത അലച്ചിലിലകപ്പെട്ടതു് അന്നുമുതലാണു്. നാഗ രികതയത്തിന്റെ ദുഷ്ടചക്രം സൃഷ്ടിച്ചിട്ടുള്ള''† ഇന്നത്തെ വിദ്യാഭ്യാസരീതി ഗ്രാമീണരുടെ ആവശ്യത്തിനു് അശേ ഷം ഉതകുന്നില്ല. വിദ്യാഭ്യാസപദ്ധതി സമൂലമായി പരിഷ്കരിക്കണമെന്നുള്ള പല പരിശ്രമങ്ങളും ഈക്കഴി ഞ്ഞ രണ്ടു ദശവത്സരങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ടു്. അ തിനുകാരണം വിദ്യാഭ്യാസാധികൃതന്മാർ നാടൊട്ടുക്കു് പ്രചാരത്തിലിരിക്കുന്ന അഭ്യസനരീതിയ്ക്കു് സാമാന്യ ജീവിതത്തിന്റെ ആവശ്യങ്ങളുമായുള്ള അനുയോജ്യത മനസ്സിലാക്കിയതാണു്.

൧൮൮൬-ൽ പഞ്ചാബിൽ സ്ഥാപിച്ച "സെമിന്താ റിസ്കൂൾ" കളാണു് വിദ്യാഭ്യാസപരിഷ്കരണത്തിന്റെ ആദ്യസോപാനം. ഈ പ്രത്യേകജോലിയിൽ അഭിരുചി യില്ലാത്ത ഉപാദ്ധ്യായന്മാരുടെ നിയമനവും ഗ്രാമീണർക്കു് പുതിയ പരിശ്രമങ്ങളെ സംബന്ധിച്ചുള്ള സംശയവും സമ്മേളിച്ചു് "സെമിന്താറിസ്കൂളു"കൾ പരാജയത്തിൽ അവസാനിച്ചു. പ്രാഥമികവും മദ്ധ്യമവും ആയ വിദ്യാ

---

* The Educational system of the Ancient Hindus by S. K. Das.

† Educational Report by H, G. Wyatt. I. E. S.

ഭ്യാസകരിക്കലങ്ങളിൽ കൃഷിക്കൂടി ഉൾപ്പെടുത്തുകയാണ് പിന്നെ ചെയ്തതു്. ഇതുകൊണ്ടും പറയത്തക്ക പ്രയോജനമുണ്ടായില്ല. ഇതേസമയത്തുതന്നെ കിൻടർഗാർട്ടനും കരകൌശലവും വിദ്യാഭ്യാസപരിപാടിയിൽ ചേർത്തു. അനന്തരം പ്രകൃതിശാസ്ത്രം, ചിത്രമെഴുത്തു്, മാനുവൽ ട്രെയിനിംഗ് എന്നിവയും പഠിപ്പിക്കണമെന്നു് നിശ്ചയിച്ചു. ഇതൊന്നും വിജയത്തിൽ കലാശിച്ചില്ല. ഈ പരാജയങ്ങൾ ശരിയായ സാമാന്യവിദ്യാഭ്യാസംകൊണ്ടു് പരിഷ്കൃതമാനസരാകാത്തവരുടെ ഇടയിൽ തൊഴിൽവിദ്യാഭ്യാസം സാദ്ധ്യമല്ലന്നുള്ള വസ്തുതയാണു് തെളിയിച്ചതു്.

കരിക്കലം ഗ്രാമീണവിഷയങ്ങൾക്കു് പ്രാധാന്യം നൽകി രൂപീകരിക്കുകയായിരുന്നു പിന്നത്തെ പരിശ്രമം. അങ്ങുമിങ്ങുമായി ചില അനുദ്യോഗസ്ഥസ്ഥാപനങ്ങളും ഗ്രാമീണവിദ്യാഭ്യാസത്തിൽ താല്പര്യം പ്രദർശിപ്പിച്ചുതുടങ്ങി. ക്രിസ്ത്യൻമിഷ്യൻെറ സെൻട്രൽകൌൺസിൽ, "വില്ലേജ് എഡ്യൂക്കേഷ്യൻകമ്മീഷൻ' എന്നൊരു സംഘത്തെ ഇൻഡ്യൻ ഗ്രാമീണവിദ്യാഭ്യാസത്തെപ്പററി അന്വേഷിക്കുന്നതിനും അഭിവൃദ്ധിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും നിയോഗിച്ചു. ഈ കമ്മീഷൻറിപ്പോർട്ടിൻെറ ഫലമായി, അമേരിക്കൻ പ്രെസ്ബെററീരിയൻ മിഷ്യൻകാർ മോഗാ എന്ന സ്ഥലത്തു് ഒരു മിഡിൽസ്കൂളും ഒരു ട്രെയിനിംഗ് ക്ലാസും സ്ഥാപിച്ചു. ഈ പരിശീലനക്ലാസിൽ അഭ്യസനം സിദ്ധിച്ചവർ ഗ്രാമവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിനു് യോഗ്യതയുള്ളവരും ഗ്രാമീണപുനരുദ്ധാരണപദ്ധതികളിൽ

പരിശീലനം സിദ്ധിച്ചവരും ആകുന്നു. മോഗാസ്കൂളിനോടനുബന്ധിച്ച് നാല്പതു് ഏക്കർ വിസ്തീർണ്ണമുള്ള ഒരു തോട്ടമുണ്ട്. പരിഷ്കൃതരീതിയിലുള്ള കൃഷിയിൽ പരിശീലനവും ആ തോട്ടത്തിൽനിന്നു വിദ്യാർത്ഥികൾക്കു് കിട്ടുന്നു. കുട്ട, ചാർപായ്, ഇഷ്ടിക മുതലായവ ഉണ്ടാക്കുന്നതിനും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു. മോഗായിലെ പരിശ്രമങ്ങൾക്കു് അന്യാദൃശമായ വിജയം ഉണ്ടായിട്ടുണ്ട്.* ഗ്രാമവിദ്യാഭ്യാസപ്രശ്നത്തിന്റെ ക്ലിഷ്ടതകൾ മോഗായിലെ പരീക്ഷണങ്ങൾ നിവാരണംചെയ്തുഎന്നുതന്നെ പറയാം. ഗുർഗാണിലെ റൂറൽഎക്കണോമിക്സ്സ്കൂളും ഗാക്കാറിലെ നാർമൽസ്കൂളും ഇതേമാതിരിയിലുള്ള പരീക്ഷണസ്ഥാപനങ്ങളാകുന്നു. ഈ യത്നങ്ങളുടെ ഫലം ക്രോഡീകരിച്ച് ഒരു "റൂറൽകമ്മ്യൂണിറ്റിസ്കൂളിന്റെ" മാതൃകയുണ്ടാക്കുകയാണ് ഇൻഡ്യൻ ഗ്രാമീണവിദ്യാഭ്യാസത്തിന്റെ ഭാവിപദ്ധതിയായിരിക്കേണ്ടതു്.

ഗ്രാമപ്രദേശങ്ങളിലെ വിദ്യാഭ്യാസവും ഗ്രാമീണരുടെ ദിനചര്യയുമായി വളരെ അടുത്തബന്ധം ഉള്ളതായിരിയ്ക്കണം എന്നതു് ഗ്രാമവാസികളുടെ പരിതസ്ഥിതികൾ പട്ടണവാസികളുടേതിൽനിന്നും വ്യത്യസ്ഥപ്പെട്ടതാണെന്നുള്ള പരമാർത്ഥത്തിന്റെ ഒരു സമ്മതം മാത്രമാണ്. ഗ്രാമത്തിലെ ബാലികാബാലന്മാരുടെ സുഖത്തിനും ശക്തിക്കും അവരെ അവരുടെ ചുററുപാടുമുള്ള സ്ഥിതിഗതികൾക്കനുസരണമായി വളർത്തിക്കൊണ്ടുവരിക എന്നതു് എത്രയും അത്യാവശ്യമാകുന്നു. ഇതിലേക്കു്

* Developing a project Curriculum for Village Schools in India by W. J. Mckee, Ph. D.

വേണ്ടി, ഗ്രാമവിദ്യാലയങ്ങളിൽ അവക്ക് സിദ്ധിക്കുന്ന വിദ്യാഭ്യാസം ഗ്രാമജീവിതത്തിന്റെ സ്വഭാവവൈെമ്മല്യത്തേയും, സ്വഭാവസ്ഥൈയ്യത്തേയും, ശരിയായിപ്രതിഫലിപ്പിക്കേണ്ടതു് അത്യാവശ്യമാകുന്നു.* ജീവിതാദർശങ്ങൾ അനുസരിച്ചാണു് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം നിർണ്ണയിക്കേണ്ടതു്. നാം പഠിപ്പിക്കയോ പഠിക്കയോ ചെയ്യുന്നതു് നമ്മുടെ ജീവിതാദർശത്തെ സമാശ്രയിച്ചിരിക്കുന്നു. ഗ്രാമവാസികളുടെ ജീവിതമാതൃക, ദിവസം തോറും എന്നവണ്ണം മാറിക്കൊണ്ടിരിക്കുന്ന സംഭവബഹുലങ്ങൾ കൊണ്ടുവ്യത്യസ്തപ്പെടുന്നു· കേവലം വ്യക്തിപരമായിരുന്ന ജീവിതചിന്ത ഇപ്പോൾ സാമുദായികമായി തിരിഞ്ഞിട്ടുണ്ടു്. ഗ്രാമങ്ങളിലെ വിദ്യാഗതിയും ഇതനുസരിച്ചു് വ്യത്യസ്തമാകേണ്ടതാണു്.

ഗ്രാമീണപുനരുദ്ധാരണ പദ്ധതിയിലെ ആദ്യഘട്ടം ഈ വ്യത്യാസത്തെ അധഃകരിച്ചാണു് രൂപീകരിക്കപ്പെടേണ്ടതു്. പരസ്പരംയോജിച്ചു പ്രവൎത്തിക്കുകയും ഉപദേശങ്ങൾ സ്വീകരിക്കുകയും പൊതുക്കായ്യപ്രസക്തി മുളക്കുകയും ചെയ്താൽമാത്രമേ ഗ്രാമത്തിനാകപ്പാടെയുള്ള അവശതകൾ ഇല്ലാതെയാക്കുവാൻ സാധിക്കയുള്ളു എന്നുള്ള പരമാൎത്ഥം ഗ്രാമവാസികൾ മനസ്സിലാക്കുകയാണു് ഈ ആദ്യത്തെഘട്ടം. "ഭൂരിജന ഭൂരിസുഖ"ത്തെപ്രമാണമാക്കി പ്രവൎത്തിക്കുകയാണു് ഇതിന്റെ ആവശ്യം. സാമുദായികാഭ്യുദയത്തിനു് സാമ്പത്തികാഭിവൃദ്ധി എത്രയും അത്യാവശ്യമായ ഒന്നാണു് എന്നുള്ളതിനു് സംശ

* Report of the Royal Commission on Agriculture Page 513.

യമില്ല. എന്നാൽ സാമുദായികസുഖത്തിന് പ്രസ്താവയോഗ്യമായ കൂടുതൽ ഒന്നും ഇല്ലാതെതന്നെ സാമ്പത്തികാഭ്യുദയം ലഭിക്കും. നേരേമറിച്ചു, പ്രസ്താവയോഗ്യമായ സാമ്പത്തികാഭ്യുദയം ഉണ്ടായിരുന്നിട്ടും സാമുദായികമായ അസുഖം അനുഭവിക്കുന്ന പല ദൃഷ്ടാന്തങ്ങളും ഉണ്ടാകുന്നതു് അസംഭാവ്യമല്ല. വിജയകരമായ ഗ്രാമീണപുനരുദ്ധാരണ ജോലിയുടെ ലക്ഷ്യം ഗ്രാമവാസികൾ എത്രമാത്രം സഹകരണമനോഭാവത്തെ അഭിവൃദ്ധിപ്പെടുത്തീട്ടുണ്ടെന്നുള്ളതിലും സാമുദായികമായി അവരുടെ ജീവിതത്തിന് 'എന്തുമാത്രം ഗുണം ഉണ്ടെന്നുള്ളതിലുമാണ് സ്ഥിതിചെയ്യുന്നതു്. ഉജ്വലമായ ഒരു ഗ്രാമീണസമുദായത്തിൻെറ സൃഷ്ടിയാണ് ഗ്രാമീണപുനരുദ്ധാരണം വാസ്തവത്തിൽ ഉദ്ദേശിക്കുന്നതു്.

ഇങ്ങനെയുള്ള ഒരു സമുദായം എങ്ങിനെയാണ് സൃഷ്ടിക്കേണ്ടതു്? ആത്മാൎത്ഥവും ക്ഷമാപൂൎവ്വവും ആയ വിദ്യാഭ്യാസത്തിൻെറ ഫലമായിമാത്രമേ ഈ ഉദ്ദേശം സാധിക്കയുള്ളു. ഇതിനാവശ്യമുള്ള വിദ്യാഭ്യാസത്തിൻെറ പ്രകൃതി, ഗ്രാമത്തിൽ താമസിക്കുന്ന എല്ലാസ്ത്രീപുരുഷന്മാരേയും ആബാലവൃദ്ധംജനങ്ങളേയും അതിൽ ഉൾപ്പെടുത്തണം. ഒരു ഗ്രാമീണവിദ്യാലയത്തിന് ഈ മാതിരി അദ്ധ്യയനം നൽകുവാൻ സാധിക്കുമോ? ഈ ഉദ്ദേശ്യം സാധിക്കത്തക്കവിധത്തിൽ ഒരു വിദ്യാലയം ഈ ഗ്രാമങ്ങളിൽ സ്ഥാപിക്കാൻ കഴിയുമോ? ഈ ചോദ്യങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസത്തിൻെറ രീതിയിലേക്കു നമ്മുടെശ്രദ്ധയെ ആകൎഷിക്കുന്നു. ഗ്രാമവാസികളുടെ പ്രത്യേകാവശ്യങ്ങൾക്കു് അനുയോജ്യമായ ഒരു വിദ്യാഭ്യാസമാ

ണോ ഇപ്പോൾ അവിടെ നൽകുന്നത് എന്നുള്ളത് വളരെസംശയാവഹമാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതി സവിശേഷം പ്രയോജനരഹിതവും നഷ്ടകാരകവും ആണെന്ന് ഈ വിഷയത്തെ സംബന്ധിച്ച അധികാരത്തോടുകൂടി പറയുവാൻ പ്രാപ്തിയുള്ള പലരുംപ്രസ്താവിച്ചിട്ടുണ്ട്.

പ്രാഥമിക വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന പരിതാപകരമായ നഷ്ടത്തെ സംബന്ധിച്ച പല കമ്മററികളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മിഡിൽ സ്കൂളുകളും ഒട്ടും വിശേഷമല്ല. ഹൈസ്കൂളിലേക്ക് ഒരു "പാസു പോർട്ടു" കൊടുക്കുന്നതിന് മാത്രമാണ് അതിനെ ഉപയോഗപ്പെടുത്തുന്നത്. എന്നാൽ വളരെ കുറച്ചു കുട്ടികൾ മാത്രമേ ഹൈസ്കൂളിൽ വിദ്യാഭ്യാസം തുടരുന്നുള്ളൂ. മിഡിൽ സ്കൂളുകളിലെ പഠിത്തം കഴിഞ്ഞുപോകുന്ന അധികം വിദ്യാർത്ഥികളും ഗ്രാമത്തിൽ തന്നെ കഴിച്ചുകൂട്ടുകയാണ് പതിവ്. അവരുടെ വിദ്യാഭ്യാസത്തിൽ നിന്ന് എന്തു ഫലമാണ് സിദ്ധിക്കുന്നതു്.? അതു് കൃഷിത്തൊഴിലിന് അവരെ തീരെ അപ്രാപ്തരാക്കുകയാണ് ചെയ്തിരിക്കുന്നതു്. കലപ്പ പിടിക്കുന്നതും ദേഹാധ്വാനം ചെയ്യുന്നതും അവരുടെ അന്തസ്സിനു യോജിച്ചതല്ലെന്ന് ഉള്ള അശുദ്ധ വിചാരം മാത്രമാണ് ഈ വിദ്യാഭ്യാസം അവക്കു നൽകുന്നതു്. ഒരു കൃഷിക്കാരൻെറ തൊഴിൽ താഴ്ന്ന തരമാണെന്നു അവർ വിചാരിച്ചു തുടങ്ങുന്നു. ഗ്രാമജീവിതത്തെപ്പററി അവർ വളരെ അസംതൃപ്തരായി, സമുദായത്തിന് അവർ യാതൊരുപകാരവുമില്ലാതെ ഭാരമായി തീരുന്നു. ഏതായാലും ഗ്രാമത്തിലുള്ള മിഡിൽസ്കൂൾ അതിലെ വിദ്യാർത്ഥികളുടെ അധികംപേരുടേയും

പ്രധാനാവശ്യങ്ങളെ നിറവേററുന്നതായി ഭാവിക്കുന്നു പോലുമില്ല. അവിടെ അത്യാവശ്യമായിട്ടുള്ളതു് വിദ്യാത്ഥികളെ ഉത്തമന്മാരായ കൃഷിക്കാരും നല്ല പൌരന്മാരും ആക്കിത്തീക്കത്തക്ക സംപൂൎണ്ണവിദ്യാഭ്യാസം നൽകുന്നതായ സ്ഥാപനമാണു്. എന്നാൽ ഗ്രാമീണരുടെ വിദ്യാഭ്യാസ പരമായ സകല ആവശ്യങ്ങളേയും ഇതു് നിറവേററുകയില്ല. ഇപ്പോഴത്തെ തലമുറയുടെ ജീവിതത്തെ സംബന്ധിച്ചു മുന്നോട്ടുള്ള നോട്ടം വ്യത്യസ്ഥപ്പെട്ടതിന്നില്ലന്നല്ല; ഭാവിയെപ്പററി സമാശ്വസിപ്പാനുള്ള വഴിപോലും സമ്മാനിക്കാതേയുമിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിദ്യാലയത്തിൽ എത്ര തന്നെ നല്ലതും ഉത്തേജജനകവും ആയ സംഗതികൾ പഠിച്ചാലും ബാലൻ ഗ്രാമത്തിലേക്കു് തിരിച്ചു ചെല്ലുമ്പോൾ അവൻെറ പരിതസ്ഥിതികൾ അവൻ പഠിച്ചതെല്ലാം തന്നെ ഇല്ലാതെയാക്കി കളയുന്നു. അതുകൊണ്ടു, ഗ്രാമത്തിലെ യുവലോകത്തെ യാണു് ആദ്യമായി നന്നാക്കേണ്ടതു്. ഗ്രാമത്തിലെ യുവലോകത്തിനാണു് വിദ്യാഭ്യാസത്തിൻെറ അത്യാവശ്യം എന്നുള്ളതു് സ്ഥാപിച്ചാൽ വിദ്യാലയം അവരുടെ ആവശ്യത്തെ നിറവേററുവാൻ പൎയ്യാപ്തമായിട്ടാണു് രൂപീകരിക്കപ്പെടേണ്ടതു് എന്നുള്ളതിനു് പക്ഷാന്തരമില്ലല്ലോ.

ഗ്രാമീണ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം തന്നെ മാറേറണ്ടതായിരിക്കുന്നു. ഗ്രാമീണ വിദ്യാഭ്യാസം ഗ്രാമീണ സമുദായത്തെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനാണു് മതിരേണ്ടതു്. ഇങ്ങനെയുള്ള ലക്ഷ്യത്തോടുകൂടി സ്ഥാപിക്കപ്പെടുന്ന ഒരു സ്കൂളിൻെറ പേർ "കമ്യൂണിററി സ്കൂൾ" എന്നായിരിയ്ക്കണം.

ഒരു കമ്മ്യൂണിററിസ്ക്കൂൾ എന്നാലെന്താണ്? ഒരു ഗ്രാമീണ സമുദായത്തിൻെറ ഗ്രാമപരിധിയിൽ താമസിക്കുന്ന പ്രായപൂർത്തിയുള്ള സകലരുടേയും എല്ലാവിധ ജ്ഞാനസമ്പാദന മാർഗ്ഗങ്ങളും സിദ്ധമാകുന്നതിന് പര്യാപ്തമായ ഒരു സ്ക്കൂളിനെയാണ് കമ്മ്യൂണിററിസ്ക്കൂൾ എന്നു നിർദ്ദേശിക്കുന്നത്. വാസ്തവത്തിൽ ഗ്രാമത്തിലെ പ്രായപൂർത്തി വന്നിട്ടുള്ളവരുടെ വിദ്യാഭ്യാസപരവും സംസ്കാരപരവുമായ ജീവിതരീതി ഉയർത്തുന്നതിനാകുന്നു ഈ സ്ക്കൂളിൻെറ മുഖ്യഉദ്ദേശം. ഇതു് ഗ്രാമത്തിലെ ബാലികാബാലന്മാർക്ക് ശരിയായ വിദ്യാഭ്യാസം നൽകുന്നതിന് ഉള്ള ഏർപ്പാടുകൾ സ്വയമേവ സൃഷ്ടിക്കുന്നു. കുട്ടികളെ സംബന്ധിച്ചടത്തോളം ഹൈസ്ക്കൂളിലേക്ക് പോകുവാനുള്ള ഒരു "പാസ്സപോർട്ട്" മാത്രമായിരിക്കുകയില്ല. ഒരു പൂർണ്ണമായ വിദ്യാഭ്യാസം—അതായതു് അവരെ ഉത്തമന്മാരായ കൃഷിക്കാരും വ്യവസായികളും അഭിവൃദ്ധ്യുന്മുഖമായ ഒരു ഗ്രാമസങ്കേതത്തിലെ ഭാവിനേതാക്കന്മാരും ആകുന്നതിന് പര്യാപ്തമായ സ്ഥിതി—അവർക്ക് നൽകുന്നു. സമുദായത്തിൻെറ ആകമാനമുള്ള സേവനമാണ് സ്ക്കൂളിൻെറ ആദർശം. അതു നൽകുന്ന വിദ്യാഭ്യാസം സമുദായത്തിൻെറ ആവശ്യങ്ങൾക്കനുയോജ്യവും അവയോടു അടുത്തു് ബന്ധമുള്ളതും ആയിരിയ്ക്കണം.

ഇങ്ങിനെയുള്ള ഒരു സ്ക്കൂൾ വെറും സാധാരണമായിരിയ്ക്കാൻ സാദ്ധ്യമല്ല. ഇൻഡ്യയിൽ തന്നെ ഗ്രാമീണ വിദ്യാഭ്യാസത്തിൽ ഒരു പരീക്ഷണം നടന്നുകൊണ്ടിരിക്കുന്ന സ്ഥിതിക്ക് ഇതിനു മുൻപുള്ള ഒരു മാതൃകയും ഇതിന് യോജിച്ചതായി കാണുകയുമില്ല. ഇൻഡ്യൻ ഗ്രാമങ്ങളുടെ പ്രത്യേകാവശ്യങ്ങൾക്ക് അനുയോജ്യമായ ഒരു

പദ്ധതി സൃഷ്ടിക്കുന്നതിൽ അന്യരാജ്യങ്ങളിൽ വിജയകരമായി പ്രവൎത്തിക്കുന്ന കമ്മ്യൂണിററിസ്കൂളുകളുടെ മാതൃകകൾ സ്വീകരിക്കുന്നതു് നിൎദ്ദോഷം തന്നെ. ആളുകളുടെ കായികവും മാനസികവും സാമുദായികവും സാമ്പത്തികവും ആയ സ്ഥിതികളും ഈ സംഗതികൾ കാരണമാകുന്ന അവരുടെ പ്രത്യേകാവശ്യങ്ങളുമായി യോജിക്കുന്ന ഒരു വിദ്യാഭ്യാസപരിപാടി നിൎമ്മിക്കണം. ഒന്നുകൂടി വിശകലനം ചെയ്യുമ്പോൾ, ഈ സ്കൂളിന്നു് അഭിമുഖീകരിക്കേണ്ട പ്രശ്നം കേവലം മനശാസ്ത്രപരമാണെന്നു് മനസ്സിലാകും. ഗ്രാമീണജീവിതത്തെ സംബന്ധിച്ചിടത്തോളമുള്ള ഇന്നത്തെ മനോഭാവം മാറേറണ്ടതെങ്ങനെയെന്നുള്ളതാണു് തീൎച്ചയാക്കേണ്ടതു്.

ഈ മനോഭാവത്തിന്റെ പ്രധാനലക്ഷണം ഒരു മാതിരി മനോമാന്ദ്യമാണു്. ആഗ്രഹിക്കുന്നതിന്നു് ഉത്തമമായ ആദൎശമോ ദാർഢ്യതയുള്ള ഉത്തേജകശക്തിയോ ഉണ്ടാക്കത്തക്ക യാതൊന്നും നമ്മുടെ ഗ്രാമങ്ങളിൽ ഇല്ല. ഭാവനാശക്തിയെ ഇളക്കത്തക്കവിധത്തിൽ യാതൊന്നും അവരുടെ ജീവിതത്തിൽ ഇല്ല. ഒരു കമ്മ്യൂണിററിസ്കൂളിന്റെ ഉദ്ദേശം ഈ പോരായ്മകൾ നികത്തുന്നതിനാണു്. ഇതുകൊണ്ടുമാത്രം ഗ്രാമവാസികളുടെ വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറി എന്നു വരുന്നതല്ല. മററു രാജ്യങ്ങളിൽ ആളുകൾക്കു സിദ്ധിക്കുന്ന പുത്തൻ ആശയങ്ങൾ ഉടനെതന്നെ പ്രവൃത്തിരൂപത്തിൽ ആകുന്നു. എന്നാൽ ഇൻഡ്യയിൽമാത്രം അങ്ങിനെ ഒരു കാൎയ്യം സാധിക്കുകയേഇല്ല. ഇതു പുരോഗതിയെ സാരമായി ബാധിക്കുന്ന ഒരവസ്ഥയാണു്. ഇതില്ലാതെയാക്കുന്നതിനും പുതിയ വിദ്യാലയസ്ഥാപനം ഉപകരിക്കേണ്ടതാകുന്നു.

പ്രായപൂർത്തി വന്നവർക്ക് നല്കുന്ന വിദ്യാഭ്യാസത്തിന് ഈ വിശേഷഗുണം അത്യാവശ്യമാണെന്ന് പറയേണ്ടതില്ലല്ലോ. പ്രവൃത്തിരൂപേണ വിദ്യാഭ്യാസം സിദ്ധിക്കുന്നതായിരിക്കണം ഈ പദ്ധതി. പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചും അവ പ്രവർത്തിപ്പിച്ചും ആണ് സഹകരണതത്വം പഠിപ്പിക്കേണ്ടത്. നിയമങ്ങൾ പഠിക്കുന്നതുതന്നെ അവ അനുസരിച്ചായിരിക്കണം. ഉയർന്നതും കൂടുതൽ ഉത്തമവും ആയ ഒരു ജീവിതത്തിന്റെ ഉത്തേജകശക്തിയാൽ നിരന്തരം പ്രേരിതരായി ഗ്രാമവാസികൾക്കു മുഴുവൻ ഈ കമ്മ്യൂണിററി സ്കൂളിൽ അദ്ധ്യയനം നടത്താം.

സ്കൂളിൽ പലവിധത്തിലുള്ള സാമഗ്രികൾ ആവശ്യമുണ്ട്. അവിടത്തെ ഉപാദ്ധ്യായർക്ക് പ്രത്യേക പരിശീലനം വേണം. ഓരോ സ്കൂളിനും മൂന്നേക്കറിൽ കുറയാത്ത ഒരു വയലും പഴത്തോട്ടവും വേണം. സ്ഥലത്തു കിട്ടുന്ന ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിനായി ഒരു തൊഴിൽശാല ഉണ്ടായിരിക്കണം. അവിടെ മരപ്പണിയോ, നെയ്ത്തോ, ചായംമുക്കുകയോ, കാലിക്കോ അച്ചടിയോ എന്തെല്ലാം വേണമെങ്കിലും പഠിപ്പിക്കാം. കൃഷി പഠിപ്പിക്കുന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനായി ഒരു വായനശാല കൂടിയേതീരൂ. ഇതിൽനിന്നും പുസ്തകങ്ങൾ ഓരോരുത്തരുടേയും ആവശ്യത്തിനായി മുറയ്ക്കു് വിതരണംചെയ്യണം. ഈ പ്രത്യേകക്ലാസുകൾക്ക് രണ്ടു ഉദ്ദേശ്യങ്ങളാണ് ലക്ഷ്യം. ഒരു വ്യവസായസ്ഥാപനത്തിൽ ഉണ്ടാക്കുന്നസാധനത്തിന്റേയോ വയലിൽനിന്നെടുക്കുന്ന വിളവിന്റേയോ വിജയകരമായ ഉല്പാദനത്തിന്റെ ശാസ്ത്രീയവും പ്രായോഗികവുമായ സാമ്പത്തികവശത്തെ സ്കൂളിന്റെ ചുററും

താമസിക്കുന്ന കൃഷിക്കാക്ക് കാണിച്ചുകൊടുക്കുകയാകുന്നു ആദ്യത്തെ ഉദ്ദേശം. കൃഷിയിൽനിന്നുള്ള വരവിനെ വദ്ധിപ്പിക്കുന്നതിനായി ഒരു ഉപവ്യവസായം കൂറെ കൃഷിക്കാക്ക് ഉണ്ടാക്കിക്കൊടുക്കുന്നതാകുന്നു രണ്ടാമത്തെ ഉദ്ദേശം. പൊതുജനാരോഗ്യം, കൃഷി, കന്നുകാലിവളത്തൽ ആദിയായ വിഷയങ്ങളെ സംബന്ധിച്ചു മായാദീപപ്രദശനങ്ങൾ സ്കൂളിൻെറ ആഭിമുഖ്യത്തിൽ നടത്തിക്കേണ്ടതാണ്. സ്കൂളിൽഉള്ള പ്രത്യേകസൌകര്യങ്ങൾനിമിത്തമുണ്ടാകുന്ന ഗുണങ്ങളെയും സ്പെഷ്യൽ ക്ലാസുകളിൽ പഠിപ്പിക്കുന്ന പ്രത്യേക വിഷയങ്ങളും സ്കൂളിൻെറ ചുററും താമസക്കാരായ പ്രായപൂത്തിവന്ന ഗ്രാമീണക്ക് മനസ്സിലാക്കികൊടുക്കുന്നതു് സൌകര്യമായിരിക്കും.

മാതൃകാതോട്ടം:—സ്കൂളിൻെറ ചുററും താമസിക്കുന്ന കൃഷിക്കാക്ക് അവരുടെ സാമ്പത്തികനിലയെ പോഷിപ്പിക്കുന്നതിന് ഉതകുന്ന പരിഷ്കരിച്ച കാഷികരീതികളെ സംബന്ധിച്ച പ്രായോഗിക പരിജ്ഞാനം നൽകുന്നതിനാണ് ഈ തോട്ടത്തിൻെറ ഉദ്ദേശം. അവരുടെ പ്രധാനവ്യവസായമായ കൃഷിയിൽ ഒരു ശാസ്ത്രീയമായ പ്രതിപത്തിയും പ്രകൃതിയെ പററി ഒരു സ്നേഹവും ലഭിക്കുന്നതിനുംകൂടി ഈ തോട്ടം ഉപകരിക്കണം. കൃഷിവകുപ്പിലെ ഒരു വിദഗ്ദ്ധൻെറ ശാസനയിൽ ആസ്ഥലത്തുള്ള പരിശ്രമശീലരായ കൃക്ഷിക്കാർ ഈ തോട്ടം ഉപയോഗിച്ചുകൊണ്ടിരിക്കണം. കൃഷിശാസ്ത്രം പഠിക്കുകയും, കൃഷിയെസംബന്ധിച്ച പ്രത്യക്ഷപാഠങ്ങൾ നൽകുകയും ചെയ്യുന്ന ഒരു ഉപാദ്ധ്യായൻെറ കീഴിലായിരിക്കണം ഇതു്. തോട്ടത്തിനാവശ്യമുള്ള വിത്തും വളവും സ്കൂളിൽ നിന്നു

കൊടുക്കണം. അതിനാവശ്യമുള്ള വേല, തോട്ടം എടുത്തു നടത്തിക്കൊള്ളാമെന്നേൽക്കുന്ന കൃഷിക്കാർ തന്നെ ചെയ്യണം. വേലചെയ്യുന്ന കൃഷിക്കാരും സ്കൂളും തമ്മിൽ ഈ തോട്ടത്തിൽ നിന്നും കിട്ടുന്നലാഭം പങ്കിട്ടെടുക്കാം. സ്കൂളിലെ ഉയൎന്നക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ ഓരോരുത്തനും ആഴ്ചയിലൊന്നോരണ്ടോ ദിവസം വീതം തോട്ടത്തിൽ ജോലിചെയ്യണം. ഈ തോട്ടത്തിൽ ചെയ്യുന്ന പരിഷ്കൃതരീതികൾ മനസ്സിലാക്കുന്നതിന് എത്ര ദിവസം ആവശ്യമുണ്ടോ അത്രയും ദിവസം ഓരോവിദ്യാൎത്ഥിയും വേലചെയ്യേണ്ടതാണ്. സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്ത് എത്രത്തോളം കൃഷിക്കാരും വിദ്യാൎത്ഥികളുമുണ്ടോ അത്രയും പേൎക്ക് ഈ തോട്ടം പ്രദൎശിപ്പിക്കുന്ന പാഠങ്ങൾ പ്രയോജനപ്പെടണമെന്നായിരിക്കണം ഉദ്ദേശം. കൃഷിപഠിപ്പിക്കുന്ന ക്ലാസുകളിൽ കൃഷിശാസ്ത്രത്തിൻെറപൊതുവായ തത്വങ്ങളെല്ലാം തന്നെ ഉപദേശിക്കേണ്ടതാണ്. മണ്ണിൻെറഉത്ഭവം, മണ്ണിൻെറ മാതിരികൾ, അതിലുള്ളവിഭവങ്ങൾ, വളം, വളത്തിൻെറമാതിരികൾ, അതിൻെറ ഉപയോഗം, അതു ഉപയോഗിക്കേണ്ടരീതി, മണ്ണുംവിളവുമായിട്ടുള്ള ബന്ധം, വിളവും വളവുമായിട്ടുള്ളബന്ധം, വിത്ത്, വിത്തിൻെറ വളൎച്ച, വിത്തു പാകേണ്ടതു് എങ്ങിനെ, മണ്ണിൽ വിത്തിൻെറ സ്ഥിതി എന്താണ്, ചെടിയുടെ വിഭാഗങ്ങൾ, ചെടിയുടെ വളൎച്ച, പുഷ്പിക്കുന്നതും, ഫലവത്താകുന്നതും, പലമാതിരി വിളവുകൾ കൃഷിചെയ്യുന്നതെങ്ങനെ, ജലസേചനം, ഉപകരണങ്ങൾ, കന്നുകാലികൾ, എന്നിങ്ങനെ കൃഷിയ്ക്കാവശ്യമുള്ള സകലകാൎയ്യങ്ങളെപററിയും

സാമാന്യമായ ഒരു ശാസ്ത്രീയബോധം ഉണ്ടാക്കത്തക്ക ഒരു അദ്ധ്യയനമാണ് അവിടെ നൽകേണ്ടതു്. ഈക്ലാസുകളിൽ സ്കൂളിലെ ഉയൎന്നതരം വിദ്യാൎത്ഥികൾ എല്ലാപേരും നിശ്ചയമായി സന്നിഹിതരായിരിക്കണം. ഇതിൽനിന്നും ഇത്തരം സ്കൂളുകൾ ഒരു കൃഷിക്കാരന് എത്ര വലിയ ശാസ്ത്രീയബോധത്തെയാണ് നൽകുന്നതെന്ന് അനുമാനിക്കാമല്ലോ.

തോട്ടത്തിൽ താഴെപറയുന്ന വകുപ്പുകൾ വേണം.

(൧) പഴത്തോട്ടം
(൨) കോഴിക്കൃഷി
(൩) മത്സ്യവ്യവസായം
(൪) പാൽവ്യവസായം
(൫) പട്ടുനൂൽവ്യവസായവും തേനീച്ചവളൎത്തലും
(൬) പൂന്തോട്ടം

ഈ തോട്ടം കാലാന്തരത്തിൽ ഗ്രാമത്തിൽ ഏൎപ്പെടുത്താനും ഇതിൽ നിന്ന് പഠിക്കുന്ന പാഠങ്ങൾ ഓരോ ഗ്രാമത്തിലും നടപ്പിലാക്കാനും വേണ്ടതു് പിന്നീടു വിവരിക്കാം.

<u>വ്യവസായക്ലാസ്</u>—വേലയുടെ മഹത്വത്തെപ്പററി നാം പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ടല്ലോ. എല്ലാവരും വിദ്യാഭ്യാസരീതിയിൽ വേലയുടെ പ്രാമാണ്യം സ്വീകരിച്ചിട്ടുമുണ്ടു്. എന്നാൽ ഇപ്പോൾ ഉള്ളസ്കൂളുകളിലും കാളേജുകളിലും വേലയുടെ പ്രാധാന്യത്തെ മനസ്സിലാക്കുകയോ മനസ്സിലാക്കത്തക്ക വിധത്തിൽ എന്തെങ്കിലും പഠിപ്പിക്കുകയോ ചെയ്യുന്നില്ല. കൈകൊണ്ടുള്ള ജോലി ജീവിതസന്ധാരണത്തിനു തന്നെ അത്യാവശ്യ

മായിരിക്കുന്നസ്ഥിതിക്ക് ഗ്രാമങ്ങൾക്ക് വേണ്ടിയുള്ള സ്കൂളിൽ ഈ വിഷയത്തിന് എത്രമാത്രം പ്രാധാന്യം നൾകണമെന്ന് പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. കൈകൊണ്ടുള്ളജാലിചെയ്യുന്നതിന് വിദ്യാഭ്യാസപരമായി വളരെ വിലയുണ്ട്. ഈ ലക്ഷ്യത്തോടു കൂടിത്തന്നെ ഏററവും ദരിദ്രരായ നമ്മുടെ കൃഷിക്കാൎക്ക് എന്തെങ്കിലും ആദായം കിട്ടാവുന്നവിധത്തിൽ ഇതിനെ ക്രമീകരിക്കുന്നതു് നന്നായിരിക്കും. ഈ വ്യവസായക്ലാസിൻെറ ഉദ്ദേശ്യം കൃഷിക്കാർ അലസമായികളയുന്ന സമയത്തെ ആദായകരമായി വിനിയോഗിക്കാൻ അവരെ പഠിപ്പിക്കുന്നതിനാണ്. പഠിക്കുന്ന തൊഴിലിൽ സാമാന്യമായ വൈദഗ്ദ്ധ്യം സിദ്ധിക്കുന്നതിന് എത്രസമയം ആവശ്യമുണ്ടോ അത്രയുംകാലം ക്ലാസിൽ പഠിച്ചുകൊള്ളാമെന്ന് സമ്മതിക്കുന്ന ആളുകളെമാത്രമേ ഈ ക്ലാസുകളിൽ പഠിപ്പിക്കാവൂ. ഈ ക്ലാസുകളിലുണ്ടാക്കുന്ന സാമാനങ്ങൾ വൽക്കുന്നതിന് ശ്രമിക്കണം. ഈ ശ്രമത്തിൽ കിട്ടുന്നപരിചയം വിദ്യാൎത്ഥികൾക്ക് അവർ ഉണ്ടാക്കുന്ന സാധനങ്ങൾ വിൽക്കുന്നതിനുള്ള വൈഷമ്യത്തേയും അതിൽ എന്തുമാത്രം ലാഭംകിട്ടുന്നു എന്നുള്ളതിനേയും അവൎക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ഈ സാധനങ്ങൾക്കുള്ള കമ്പോളത്തിൻെറ സ്ഥിതിയെ ഈ ക്ലാസുകൾ വിദ്യാൎത്ഥികൾക്ക് മനസ്സിലാക്കികൊടുക്കണം. താഴെ പറയുന്നവയിൽ രണ്ടോ മൂന്നോ വ്യവസായങ്ങളെസംബന്ധിച്ചു പഠിപ്പിക്കുന്നതു് നന്നായിരിക്കും. (൧) നെയിത്തു് (൨) ചായംമുക്കുക (൩) കാലിക്കോ അച്ചടിക്കുക (൪) മരപ്പണി (൫) കുട്ടയുണ്ടാക്കുകയും, ചൂരൽവേലയും (൬) കയർ ഉണ്ടാക്കുക (൭) കയർവേല.

## സാമാന്യവും സംസ്കാരപരവുമായ വിദ്യാഭ്യാസം—

ഇതു് മുഖ്യമായി പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും കൊണ്ടാണു് സാധിക്കേണ്ടതു്. വിദ്യാഭ്യാസം ദേഹത്തിൻെറയും മനസ്സിൻെറയും ശക്തിയെ നന്നാക്കുകയാണു ചെയ്യുന്നതു്. അതിനുള്ള ഒരു പ്രധാനവഴി പ്രയോജനകരമായ അറിവിനെ വിതരണംചെയ്യുകയാണു്. ഗ്രാമങ്ങളിലെ ഭൂരിഭാഗം ആളുകളും വിദ്യാഭ്യാസം ഇല്ലാത്തവരും അജ്ഞന്മാരുമാണു്. ഈ ബുദ്ധിമാന്ദ്യത്തെ മാററുന്നതിനു് മനസ്സംസ്കാരം വർദ്ധിപ്പിക്കുകയും അറിവുവിതരണം ചെയ്യുകയും എത്രയും അത്യാവശ്യമത്രെ. സ്കൂളിലെ ഉപാദ്ധ്യായന്മാർ ഇതിനു് വേണ്ടി പലവിഷയങ്ങളെപ്പററി പ്രസംഗങ്ങൾ തയ്യാറാക്കുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരിക്കണം. താഴെ പറയുന്ന വിഷയങ്ങളെ സംബന്ധിക്കുന്ന പ്രസംഗങ്ങളാണു ആവശ്യമായിട്ടുള്ളതു്. (ഈ ലിസ്റ്റ് പൂർണ്ണമല്ല.)

(൧) ഇൻഡ്യയിലെ മഹാപുരുഷന്മാരുടെ ജീവചരിത്രങ്ങൾ.

(൨) കഴിഞ്ഞ അൻപതുകൊല്ലങ്ങൾക്കിടയിലുണ്ടായിട്ടുള്ള ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ.

(൩) പരിഷ്കാരത്തിൽ ഏററവും വലിയശക്തി സഹകരണത്തിനാണു്.

(൪) മൈത്രിയും പരസ്പരസഹായവും ഒരു പരിഷ്കൃതരാഷ്ട്രത്തിൻെറ പ്രധാന ലക്ഷ്യങ്ങളാണു്.

(൫) കന്നുകാലിസംരക്ഷണം. കൃഷിക്കാരുമായുള്ള ബന്ധം.

(൬) ഗ്രാമങ്ങളിലെ തൊഴിലില്ലായ്മയും അതിൻെറ ഫലവും നിവാരണമാർഗ്ഗങ്ങളും.

(എ) ആവൎത്തിച്ചാവൎത്തിച്ച കൃഷി.

(ബി) ആരോഗ്യം, ഗതാഗതസൗകൎയ്യങ്ങൾ, ശുദ്ധജലസംഭരണം, ജലസേചനപദ്ധതികൾ.

(ഒ) ഗ്രാമീണപുനരുദ്ധാരണത്തിന് നിയമങ്ങൾ അത്യന്താപേക്ഷിതമാണ്.

(ഡി) സ്ഥായിയായ സാമ്പത്തികാഭ്യുദയം ആത്മീകമായ പരിഷ്ക്കാരങ്ങളില്ലാതെ സാദ്ധ്യമല്ല.

(ൻ) സൌന്ദൎയ്യവും ശുചിത്വവും പരിഷ്കൃതജീവിതത്തിന്റെ പ്രധാനലക്ഷണങ്ങളാകുന്നു.

(ഫ) വളം ശേഖരിക്കുന്നതിന്റെ അത്യാവശ്യകത.

ഈ വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രസംഗങ്ങൾ അനുയോജ്യമായ ഒരു വായനശാലയുടെ സഹായത്തോടു കൂടി വിപുലമാക്കേണ്ടതാണ്. പുസ്തകം വായിക്കുന്നതിനുള്ള ആസക്തി സകല വഴികളിൽ കൂടേയും വൎദ്ധിപ്പിക്കണം. ഓരോ ഗ്രാമത്തിലും വായിക്കുവാനുള്ള സ്ഥലങ്ങൾ പ്രത്യേകമുണ്ടാക്കി അക്ഷരാഭ്യാസമില്ലാത്തവരെ വായിച്ചു കേൾപ്പിക്കുന്നതിന് കുറെ ആളുകളെ നിയമിക്കണം. ഇതുകൊണ്ടു വായനശാലയുടെ ഉപയോഗം കൂടിക്കൂടിവരും. അൎത്ഥം മനസ്സിലാക്കുന്നതിനും നിൎദ്ദേശങ്ങളുടെ പ്രായോഗിക വശത്തെ പററി വാദിക്കുന്നതിനും ഫലപ്രദമായ അനേകം കാൎയ്യങ്ങൾ മനസ്സിലാക്കുന്നതിനും ഈ അവസരം ഉപയോഗപ്പെടുന്നു.

നാടകവും സംഗീതവും മനുഷ്യരുടെ ദീൎഘായുസ്സിനേയും സുഖത്തേയും പോഷിപ്പിക്കുന്നു. ഗ്രാമവാ

സികളുടെ ആനന്ദത്തേയും സുഖത്തേയും വളത്താൻ നാടകങ്ങളും സംഗീതങ്ങളും നടത്തേണ്ടതാണ് പള്ളിക്കൂടത്തിലെ ഏതെങ്കിലുമൊരുപാദ്ധ്യായൻ നല്ല നാടകങ്ങൾ വിവത്തനം ചെയ്ത് ഗ്രാമത്തിൽ പ്രദശിപ്പിക്കുന്നതിന് വേണ്ടതെല്ലാം ചെയ്യണം.

പരസ്പര സഹായം:—പരസ്പര സഹായം പ്രയോഗികമായിപഠിപ്പിക്കുന്നതിന് സ്കൂൾ സകലവിധത്തിലും ഉപകരിക്കണം. പൌരാണിക കാലങ്ങളിലെ ഗ്രാമപഞ്ചായത്തുകൾ സഹകരണ തത്വപ്രകാരമാണ് നടത്തിയിരുന്നത്. ഇപ്പോൾ നശിച്ചു പോയിരിക്കുന്ന ആ സമ്പ്രദായത്തെ പരസ്പര സഹായ രീതിമൂലം പുനരുദ്ധരിക്കേണ്ടതാണ്. ഗ്രാമീണ പുനരുദ്ധാരണത്തിന് സഹകരണ പദ്ധതിപോലെ ഇത്ര നല്ല ഒരടിസ്ഥാനം വേറൊന്നില്ല. സ്കൂളിന് ഗ്രാമവാസികളെ പഠിപ്പിക്കുവാൻ സാധിക്കുന്നതിൽ വച്ചു ഏററവും പ്രധാനമായതു് ഗ്രാമത്തെ സഹകരണ പദ്ധതി പ്രകാരം പുനരുദ്ധാരണം ചെയ്യാവുന്നതെങ്ങിനെയെന്നാണ്. ജീവിതത്തെ സംബന്ധിച്ചിടത്തോളം ഉള്ള അവരുടെ മനോഭാവത്തിന് വലുതായ ഒരു വ്യത്യാസം തന്നെ വരേണ്ടിയിരിക്കുന്നു. ഗ്രാമത്തിലുള്ള സകലരും ഇപ്പോൾ അവനവനും അവൻെറ കുടുംബത്തിനും വേണ്ടി മാത്രമാണ് ജീവിക്കുന്നതു്. അവൻെറ അയൽക്കാരനോടും ഗ്രാമത്തിനോടും ഉള്ള കത്തവ്യങ്ങൾ അവൻെറ വിചാരങ്ങളെ. ബാധിച്ചിട്ടേ ഇല്ല. പഴയ ഗ്രാമസങ്കേതങ്ങളുടെ അധഃപതനത്തിന് തന്നെ പ്രധാനകാരണം ഇതാണ്. ഒരു സാമുദായിക ചിന്ത വളത്തുന്നതിന് സ്കൂൾ പയ്യാപ്തമാകണം. ഈ സംഗതി പഠിപ്പിക്കുന്നതിന് ഉപാദ്ധ്യായൻ സാമുദായിക ജീവിതത്തിൻെറ

ആന്തരാത്ഥമെന്തെന്ന് മനസ്സിലാക്കേണ്ടതാണ്. സാമുദായികജീവിതത്തിൽ ഒന്നാമതായി നിയമത്തിൻെറ ഭരണംആണുള്ളത്. വ്യവസ്ഥാപിതമായ ചട്ടങ്ങഠം അനുസരിച്ചാണ് ഗ്രാമകാര്യങ്ങഠം നടന്നു പോകുന്നത്. ആളുകഠംക്ക് തോന്നിയമാതിരി എന്തും ചെയ്യുന്നതിന് സ്വാതന്ത്ര്യമില്ല. ഈ നിയമങ്ങഠംക്ക് പ്രാബല്യം സിദ്ധിക്കുന്നത് തന്നെ ഗ്രാമവാസികളുടെ പൊതുസമ്മതംമൂലമായിരിക്കും. ഈ തരത്തിലുള്ള പ്രജാപ്രഭുത്വസ്ഥാപനങ്ങഠം വിജയകരമായി പ്രവത്തിചെയ്യണമെങ്കിൽ അവയെ നിയന്ത്രിക്കുന്നവക്ക് അവകളുടെ തത്വങ്ങഠം ശരിയായി മനസ്സിലായിരിക്കേണ്ടതെത്രയും അത്യാവശ്യമാകുന്നു. ഇതു പഠിപ്പിക്കുന്നവർ ഇതിൻെറ തത്വങ്ങഠം അന്യരെ ശരിയായി മനസ്സിലാക്കുകയും അവർ ഇവ പ്രവത്തിയിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്. സമുദായകാര്യങ്ങഠം നടത്തുന്നത് പൊതുയോഗത്തിലെ തീരുമാനങ്ങഠം അനുസരിച്ചാണ്. പൊതുയോഗത്തിന് സകല ഗ്രാമവാസികളും സന്തോഷത്തോടുകൂടി സന്നിഹിതരാകുന്നു. അവിടെ എളിയവൻ എന്നും വലിയവൻ എന്നും വ്യത്യാസമുണ്ടായിരുന്നില്ല. ആക്കും അഭിപ്രായസ്വാതന്ത്ര്യവുമുണ്ട്. പൊതുയോഗത്തിലെ കായ്യനിവ്വഹണം മൈത്രിയിലും അനുഭാവത്തിലും ആണ് നടത്തുന്നത്. ഭൂരിപക്ഷത്തിൻെറ അഭിപ്രായമാണ് സ്വീകരിക്കപ്പെടുന്നത്. ഗ്രാമത്തെ ബാധിക്കുന്ന സകല കാര്യങ്ങളും ആലോചനാഹമാണ്. ഈ പൊതുചിന്തയും പൊതുവായിട്ടുള്ള ആലോചനയും യോജിച്ചുള്ള പ്രവത്തിയും ആണ് വിജയപൂവ്വമായ ഗ്രാമീണ പുനരുദ്ധാരണശ്രമങ്ങളുടെ പുറകിൽ കിടക്കുന്നത്. ഈ തത്വങ്ങഠം പഠിപ്പിക്കുന്നയാഠംക്ക് നമ്മുടെ സാധുക്കളായ ഗ്രാമവാസികഠംക്ക്

ഈ തരത്തിലുള്ള ജീവിതം സ്വീകരിക്കുന്നതിനുള്ള സന്നദ്ധതയെയും സാദ്ധ്യതയേയും പററിപൂർണ്ണമായ വിശ്വാസമുണ്ടായിരിക്കണം. ഇൻഡ്യാക്കാക്ക് പൊതുവേ സംഘടിതജീവിതത്തിന് പ്രത്യേകമായ ആസക്തിയുണ്ട്. ഈ സാമുദായിക ജീവിതത്തിൻെറ സകല വശങ്ങളും വദ്ധിപ്പിക്കുന്നതിനാണ കമ്മ്യൂണിററിസ്കൂളിൻെറ പ്രധാനപ്പെട്ട ഉദ്ദേശ്യം.

സ്കൂളിൻെറ പരിധിക്കുള്ളിൽമാത്രം ജോലി ചെയ്യുകയാണെങ്കിൽ ഉപാദ്ധ്യായന്മാക്ക് അവരുടെ കത്തവ്യം നിറവേററുവാൻ സാധിക്കയില്ല. ക്ലാസുമുറി വയലുകളിലേയ്ക്കും ഗ്രാമീണരുടെ വീട്ടുകളിലേക്കും നീട്ടേണ്ടതാണ്. അങ്ങിനെ നീട്ടുന്ന അവസരത്തിലാണ് സ്കൂളിൽ അത്യധികം അദ്ധ്യേതാക്കളെ കിട്ടുവാനെളുപ്പം. അവരുടെ പ്രവൃത്തിരംഗം അധികവും വയലായതു കൊണ്ട് പരസ്പരസഹായപദ്ധതി പ്രകാരം എന്തെല്ലാം ഗുണപ്രദമായ പ്രവത്തിചെയ്യാമെന്നുള്ളതു് ചുരുക്കത്തിൽ ഇവിടെ സൂചിപ്പിക്കുന്നതു നന്നായിരിക്കും.

<u>കൃഷിശാസ്ത്രം—പരിശോധനയ്ക്കും പരീക്ഷണത്തിനും ആയുള്ള തോട്ടങ്ങൾ:</u> ശാസ്ത്രീയമായ കൃഷി ഓരോ സ്ഥലത്തിൻേറയും പ്രത്യേകാവശ്യം അനുസരിച്ച് നിയന്ത്രിക്കപ്പെടണം. ഈ ആവശ്യത്തിലേക്കാണ് സ്കൂളിനോടനുബന്ധിച്ചിട്ടുള്ള മാതൃകാതോട്ടം സ്ഥാപിച്ചിരിക്കുന്നതു്. എന്നാൽ സ്കൂളിനോടു തൊട്ടുകിടക്കുന്ന ഈ തോട്ടത്തിലെ പാഠങ്ങൾ അന്യക്ക് കാണുന്നതിനോ പഠിക്കുന്നതിനോ സാധിക്കയില്ല. ആക്കുവേണ്ടിയാണോ ഈ സ്കൂൾ ഉദ്ദേശിച്ചിരിക്കുന്നതു് അവരിൽ ഓരോരു

ത്തരുടേയും വീട്ടുതോറും ഈ പാഠങ്ങൾ കൊണ്ടുപോയി കാണിച്ചുകൊടുക്കേണ്ടതാണ്. ഓരോ ഗ്രാമത്തിലും ഒരേക്കർ സ്ഥലംവീതം എടുത്തു സ്കൂൾ തോട്ടത്തിൻെറ മാതൃകയിൽ ഒരു ചെറിയ തോട്ടം ഉണ്ടാക്കി അതിൽ സ്കൂൾ തോട്ടത്തിൽചെയ്യുന്ന പരീക്ഷണങ്ങളും പരിശോധനകളും നടത്തി ആ ഗ്രാമത്തിലുള്ളവരെയെല്ലാം ഫലങ്ങൾ കാണിച്ചുകൊടുക്കുകയാണ് ഈ ഉദ്ദേശ്യം സാധിക്കുന്നതിനുള്ള എളുപ്പമായ മാർഗ്ഗം. ഇതിനു സ്ഥലം കിട്ടുന്നതിനു വലിയ വിഷമം വരികയില്ല. വയലിൽനിന്നും ലഭിക്കുന്ന വിളവു കൊടുക്കാമെന്നു പറഞ്ഞാൽ ഒരേക്കർ സ്ഥലം പരീക്ഷണങ്ങൾ നടത്തുന്നതിന് സ്കൂളുകാൎക്കു വിട്ടുതരുന്ന ഉടമസ്ഥന്മാർ അനേകം കാണും. ഗ്രാമത്തിലുള്ളവർ എല്ലാപേരും കൂടിച്ചേർന്നു ഒരേക്കർ സ്ഥലത്തുണ്ടാകുന്ന വിളവ് ഒരുമിച്ച് ആദ്യമെതന്നെ കൊടുത്താൽ ചിലവുകൂടാതെ വിളവു കിട്ടുന്ന ഈ സമ്പ്രദായത്തെ സ്വാഗതംചെയ്യാത്ത ഏതെങ്കിലും വയൽ ഉടമസ്ഥൻ ഉണ്ടോ? വയൽതന്നെ അതിൽ പരിശോധനക്കാർചെയ്യുന്ന കൂടുതൽ വളംകൊണ്ടും ഇറക്കുന്ന കൂടുതൽ വേലകൊണ്ടും ഗുണം വൎദ്ധിക്കുകയും ചെയ്യും. ഇതെല്ലാം പ്രസ്താവയോഗ്യമായ ഗുണഫലങ്ങളുള്ളതായതുകൊണ്ട് തോട്ടത്തിനുവേണ്ടി സ്ഥലം കിട്ടുന്നതിനു ഒരു വിഷമവും ഉണ്ടാകയില്ല. മൂന്നുകൊല്ലത്തിലൊരിക്കൽ സ്ഥലംമാറുന്നതു് ഓരോതരം മണ്ണിലും പരീക്ഷണങ്ങൾ ഏതെല്ലാം രീതിയിൽ ഫലങ്ങളുണ്ടാകുന്നു എന്നു തെളിയിക്കുന്നതിന് എളുപ്പമായിരിക്കും. ഇങ്ങനെ സ്ഥലംവാങ്ങി കൃഷിചെയ്യുന്നതിന് എന്തെങ്കിലും വിഷമമുണ്ടെങ്കിൽ സ്കൂളിലെ ഏതെങ്കിലും വിദ്യാൎത്ഥിയുടെ രക്ഷാകർത്താവിൻെറ പക്കൽനിന്ന് ഒരേക്കർ സ്ഥലം അളന്നുതിരിച്ച്

വിദ്യാൎത്ഥിയേയും അയാളുടെ രക്ഷാകൎത്താവിനേയും കൊണ്ടു് ആ സ്ഥലം സ്കൂളിലെ അധികൃതന്മാരുടെ ഉപദേശാനുസരണം കൃഷിചെയ്യിച്ചാലും മതിയാകും. ഇവിടെ പിന്നെ കൃഷിശാസ്ത്രത്തെ സംബന്ധിച്ചും നല്ലതരം വളത്തിൻെറ ഉപയോഗങ്ങളെ പററിയും വിത്തിൻെറ ഗുണത്തെപ്പററിയും പരിഷ്കരിച്ച രീതിയിൽ കൃഷിനടത്തേണ്ട ആവശ്യത്തെപ്പററിയും മററും പ്രസംഗങ്ങൾ നടത്തേണ്ടതാണു്. ഇതു കമ്മ്യൂണിററി സ്കൂളിൻെറ പരിപാടിയിൽ ഒരു ഭാഗമായിരിക്കണം. ഈ പ്രസംഗങ്ങൾ നടത്തേണ്ടതു് കൃഷിവകുപ്പിലെ ഒരുദ്യോഗസ്ഥനെക്കൊണ്ടോ സ്ക്കൂളിൽ കൃഷിശാസ്ത്രം പഠിപ്പിക്കുന്ന ഉപാദ്ധ്യായനേക്കൊണ്ടോ ആയിരിക്കണം. കാലാന്തരത്തിൽ ഈ വക പ്രസംഗങ്ങൾ നടത്തുന്നതിന്നു് സ്ക്കൂളിലെ വിദ്യാൎത്ഥികളെതന്നെ പരിശീലനം ചെയ്യിക്കാവുന്നതാണു്.

ഈ ശ്രമങ്ങളെല്ലാം വിജയകരമാകുന്നതിന്നു് ഗ്രാമവാസികൾ ഉന്നതമായ ആദൎശങ്ങളാൽ പ്രചോദിതരായിരുന്നാൽ മാത്രമെ സാധിക്കുകയുള്ളു. ഓരോരുത്തൎക്കും അവനവൻെറ ഗ്രാമം ഏററവും നല്ലതും ശുചിയുള്ളതും പരിഷ്കൃതവും ആക്കണമെന്നുള്ള വിചാരം ഉണ്ടായിരിക്കണം. ഉത്തമമായ ഒരു ഗ്രാമത്തിൻെറ ആദൎശം അതിലെ എല്ലാ ആളുകൾക്കും എഴുതാനും വായിക്കാനും കണക്കു കൂട്ടുവാനും അറിയാമായിരിക്കണമെന്നുള്ളതാണു്. ഇപ്പോഴത്തെ പ്രാഥമിക വിദ്യാഭ്യാസം കുട്ടികളെ ഇതിന്നു പ്രാപ്തരാക്കുന്നു. എന്നാൽ വിദ്യാവിഹീനരായ പ്രായപൂൎത്തിവന്നവരെ ഇതു് സ്പൎശിക്കുന്നില്ല. ഗ്രാമവിദ്യാഭ്യാസം ആബാലവൃദ്ധം ഗ്രാമീണരേയും സാധാരണവിദ്യാഭ്യാസത്തിൻെറ ആദൎശത്തിലേക്കു് എത്തിക്കേണ്ടതിന്നു പരിശ്രമിക്കേണ്ടതാണു്.

പ്രായപൂർത്തിവന്ന പുരുഷന്മാൎക്ക് ഒരു നിശാപാഠശാല ഉണ്ടായിരിക്കണം. ഗ്രാമത്തിൽ പ്രായപൂർത്തിവന്ന സകലരേയും എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുക എന്നുള്ളതായിരിക്കണം ഇതിൻെറ ഉദ്ദേശ്യം. ഇതിലെ അദ്ധ്യയനശേഷം അയാൾക്ക് അതിനുള്ള പ്രാപ്തി ലബ്ധമായിത്തീരണം. രാത്രിയിലെ ക്ലാസുകൾ നടത്തുന്നതിന് ഗ്രാമത്തിലുള്ള അഭ്യസ്തവിദ്യൎ ആരായാലും മതിയാകും. ഗുരുവിനു കൊടുക്കുവാനുള്ള പ്രതിഫലം പഠിപ്പിക്കുന്നവരിൽനിന്ന് പിരിച്ചെടുക്കണം. ഗ്രാമവാസികളിൽനിന്ന് പൊതുവെ പണം ഇതിനു പിരിച്ചെടുക്കുകയാണ് വാസ്തവത്തിൽ വേണ്ടതു്. ഇതു് സാദ്ധ്യമാക്കുന്നതിനു വലിയ വിഷമം കാണുകയില്ല. നിശാപാഠശാലയിൽ സിദ്ധിക്കുന്ന പഠിത്വം അഭിവൃദ്ധിപ്പെടുത്തുന്നതിന് വായനശാലകളും മാസികകളും സഹായമായിരിക്കും.

പ്രായപൂർത്തിവന്ന പുരുഷന്മാൎക്കു തന്നെ വിദ്യാഭ്യാസത്തിൻെറ ആവശ്യമുണ്ടെങ്കിൽ പ്രായപൂർത്തിവന്ന സ്ത്രീകൾക്ക് അതിനുള്ളആവശ്യം എത്രയോ കൂടുതലാണ്. ഗ്രാമത്തിലെ സ്ത്രീകൾ അന്ധവിശ്വാസികളും വിദ്യാവിഹീനരും ആണെങ്കിൽ ആ ഗ്രാമം ഒരിക്കലും ഉദ്ധരിക്കുവാൻ സാദ്ധ്യമല്ല. മദ്ധ്യാഹ്നമാണ് സ്ത്രീകളെ പഠിപ്പിക്കാൻ നല്ലസമയം. ഗ്രാമത്തിൽ പെൺകുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ഒരു വിദ്യാലയമുണ്ടെങ്കിൽ സ്ത്രീകളെപഠിപ്പിക്കുന്നതിനു വളരെ എളുപ്പമുണ്ടു്. പെൺപള്ളിക്കൂടത്തിലെ ഏതെങ്കിലും ഉപാദ്ധ്യായിനിക്ക് രണ്ടോ മൂന്നോ രൂപാ കൂടുതൽ കൊടുത്താൽ അവൎക്ക് സൌകൎയ്യമുള്ള സമയത്തു് അവർ സ്ത്രീകളെ പഠിപ്പിച്ചു

കൊള്ളും. ഈ ഉപാദ്ധ്യായനിക്ക് മിഷ്യൻതയ്യൽ, കൈത്തയ്യൽ, അലങ്കാരതയ്യൽ, പടംഎഴുത്ത്, ചായമിടുക മുതലായ വേലകൾ ഒരറിയാമെങ്കിൽ ഈ ക്ലാസു കൂടുതൽ പ്രയോജനകരമാക്കിത്തീക്കാം. വത്തമാനകടലാസുകൾ വായിക്കുകയും മാസികകളിൽ നിന്നു ആവശ്യമുള്ളഭാഗങ്ങൾ വായിച്ചു അദ്ധ്യേതാക്കളെ കേൾപ്പിക്കയും ചെയ്യുന്നതും ഗുണകരമായിരിക്കും. ആഴ്ചയിൽ ഒരിക്കൽ വീതം ഗ്രാമത്തെ പൊതുവേ ബാധിക്കുന്നവിഷയങ്ങളെ സംബന്ധിച്ചു് പഠിപ്പിക്കുന്നതു് നന്നായിരിക്കും. വീട് ആകഷ്ണീയമാക്കുന്നതെങ്ങിനെ, ശുചിത്വത്തിൻെറ അത്യാവശ്യകത, ശിശുവിന്മേലുള്ള മാതാവിൻെറ സ്വാധീനക്കൂടുതൽ, സ്ത്രീയും പശുവും, മിതവ്യയം മുതലായ വിഷയങ്ങളെപ്പററിയാണു് സ്ത്രീകളുടെഅടുക്കൽ കൂടുതൽ സംസാരിക്കേണ്ടതു്. സാധാരണയുള്ള പ്രസംഗങ്ങൾ വേറേയും പല ആവശ്യമുള്ള വിഷയങ്ങളെപ്പററിയായിരിക്കണം. കമ്മ്യൂണിററി സ്ക്കൂളിൻെറ ജോലികളിൽ ഒന്നു് ഇത്തരം പാഠങ്ങൾക്കാവശ്യമുള്ള വിഷയങ്ങൾ നിശ്ചയിക്കുകയും അവയെ സംബന്ധിച്ചു് പ്രസംഗങ്ങൾ തയാറാക്കുകയും ആയിരിക്കും. ഈ വിഷയങ്ങളെപററിവാദപ്രതിവാദങ്ങൾ നടത്തുകയും സ്ത്രീകൾക്കു് ഇതിലുള്ള അഭിരുചി വദ്ധിപ്പിക്കയും വേണം. ഈ ക്ലാസുകളുടെ നിയന്ത്രണം ഗ്രാമവാസികൾ തന്നെ നടത്തണമെന്നുള്ളതു് നിബ്ബന്ധമാണു്. അതിനുള്ള ചെലവും അവർതന്നെ വഹിക്കേണ്ടതാകുന്നു.

ആദായകരമായ തൊഴിലിൻെറ അഭാവം നിമിത്തമുണ്ടാകുന്ന നിർബ്ബന്ധിതമായ അലസതയാണു് നമ്മുടെ ഗ്രാമീണജീവിതത്തിൻെറ ഒരു പ്രധാന ദോഷമെന്നും

ഇതിൻെറ കാരണം ഒററവിളവും അനുയോജ്യമായ ഉപവ്യവസായങ്ങളില്ലായ്മയും ആണെന്നും നാം ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. പരിഷ്കൃതമായ കൃഷിസമ്പ്രദായം സ്വീകരിച്ച് ഒന്നിലധികം വിളവുകൾ ഉണ്ടാക്കുകയും കുടിൽ വ്യവസായങ്ങൾ പോഷിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ഈ അലസതയിൽ ഏറിയഭാഗവും ഇല്ലായ്മ ചെയ്യുവാൻ സാധിക്കുമെന്നും പറഞ്ഞുകഴിഞ്ഞു. വേലയുടെ അന്തസ്സും കൂടുതൽ അതു ചെയ്യുന്നതിലുള്ള കീർത്തിയും ഗ്രാമവാസിയെ എല്ലായ്പോഴും മുന്നോട്ടുകൊണ്ടുപൊയ്ക്കൊണ്ടിരിക്കണം. ഗ്രാമത്തിൻെറ അഭിവൃദ്ധിയും അന്യരുടെ അസൂയയെ വളർത്തുന്ന ശുചിത്വവും എല്ലാ ഗ്രാമവാസിയും സ്വന്തംകാര്യംപോലെ വിചാരിക്കണം. ഗ്രാമത്തിൻെറ ശുചീകരണത്തിനും പുരോഗതിക്കും വേണ്ടി ഓരോരുത്തരും ആഴ്ചയിൽ ഒരു മണിക്കൂർ വീതമെങ്കിലും ചെലവാക്കണം. ഗ്രാമവീഥി നന്നാക്കുകയോ, ഗ്രാമത്തിലെ കുളം കുഴിക്കുകയോ, ശുദ്ധജലത്തിനു വേണ്ടി ഒരു കിണർ ഉണ്ടാക്കുകയോ, ഒരു പ്രാർത്ഥനാമന്ദിരം പണിയിക്കുകയോ, കൊതുകുനിവാരണത്തിനായി എണ്ണ തളിയ്ക്കുകയോ, വളത്തിൻെറ ശരിയായ വിനിയോഗംസൂക്ഷിക്കുകയോ, മററു ഗ്രാമാഭ്യുദയത്തെ ലാക്കാക്കിയുള്ള പ്രവൃത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്നതിന് ഈ സമയം വിനിയോഗിക്കുന്നതു് നന്നായിരിക്കും. ഗ്രാമത്തിലെ കുട്ടികളുടെ ആരോഗ്യത്തെ ഉദ്ദേശിച്ച് കളികളും വിനോദങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

കമ്മ്യൂണിററിസ്ക്കൂളിൻെറ പാഠനപദ്ധതി സാധാരണ സ്ക്കൂളുകളുടേതിനോടപേക്ഷിച്ച് വളരെ വ്യത്യാസപ്പെട്ടതായിരിക്കും. അവിടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന

-വിദ്യാഭ്യാസരീതിയും സാധാരണ മിഡിൽസ്ക്കൂളിനേക്കാൾ ഉയൎന്നതായിരിക്കും. പാഠപദ്ധതി താഴെപ്പറയുന്നതുപോലെ രൂപീകരിക്കുന്നതു് നന്നായിരിക്കും.

൧. ഇംഗ്ലീഷ് — പ്രാഥമികം.
ചെറിയ കഥകൾ; തർജ്ജമ (ഇംഗ്ലീഷിൽ നിന്നും; ഇംഗ്ലീഷിലേക്കും) സ്നേഹിതന്മാൎക്കു് ചെറിയ എഴുത്തുകൾ എഴുതുക; അഭിമുഖസംഭാഷണങ്ങൾ.

൨. നാട്ടു ഭാഷാ.

൩. കണക്കു്

൪. കൃഷിയും കന്നുകാലിപോഷണവും

൫. പൊതുജനാരോഗ്യവും ആരോഗ്യരക്ഷയും.

ഐഛികം (ഇതിൽ ഏതെങ്കിലും ഒന്നു നിർബ്ബന്ധിതമായിരിക്കും)

൧. സസ്യശാസ്ത്രം—ചെടിവളൎത്തൽ

൨. പ്രാണിവിജ്ഞാനീയം—സാധാരണ പ്രാണികളുടെ ജീവചരിത്രം, എറുമ്പു, തേനീച്ച, പട്ടുനൂൽപുഴു, വണ്ടു് മുതലായവ.

൩. സൎവ്വേ—പടം വരയ്ക്കൽ

൪. പ്രാഥമിക ഇൻഞ്ചിനീയറിംഗ്

പ്രായോഗികം—(ഇതിൽ ഏതെങ്കിലും ഒന്നു് നിർബ്ബന്ധിതമായിരിക്കണം)

൧. നെയ്ത്തു്

൨. ചായമിടുകയും കാലിക്കോഅച്ചടിക്കയും.

൩. മരപ്പണി.

೪. കയറുണ്ടാക്കൽ. കുട്ടയുണ്ടാക്കൽ. കയറുകൊണ്ടു് വേല.

ഈ വിഷയങ്ങളിലുള്ള പരീക്ഷകൾ ജയിക്കുന്ന വിദ്യാൎത്ഥികൾക്കു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും സർട്ടിഫിക്കററുകൾ കൊടുക്കണം. ഈ പുതിയവിദ്യാഭ്യാസപദ്ധതിയുടെ വിജയം അതിൽനിന്നു സമ്പാദിക്കുന്ന സട്ടിഫിക്കററുകളുടെ സംഖ്യയെ ആശ്രയിച്ചല്ലായിരിക്കുന്നതു്. വിദ്യാഭ്യാസത്തിൻെറഫലം പ്രായോഗികമായി എന്തെല്ലാം രൂപങ്ങളെ പ്രാപിക്കുന്നുഎന്നുള്ളതാണു് വിജയത്തിൻെറ മാനദണ്ഡം. ഈ സ്ക്കൂളുകളിൽ പഠിച്ച വിദ്യാൎത്ഥികൾ പരിഷ്കരിച്ച രീതിയിൽ കൃഷിചെയ്യുന്നുണ്ടോ എന്നും ഗ്രാമത്തെ ശുചിയായി സൂക്ഷിക്കുന്നുണ്ടോ എന്നും ശുദ്ധജലം കുടിക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നുണ്ടോ എന്നും സഹകരണപദ്ധതികൾ സ്വീകരിച്ചിട്ടുണ്ടോഎന്നും ഉള്ളതാണു് വിദ്യാഭ്യാസത്തിൻെറ ജയാപജയങ്ങളെ തുലനംചെയ്യുന്ന അവസരത്തിൽ നോക്കുവാനുള്ളതു്.

ഈ സ്ക്കൂളുകളിലെ ഉപാദ്ധ്യായന്മാൎക്കു് പ്രത്യേകതരത്തിലുള്ള പരിശീലനങ്ങളുണ്ടായിരിക്കണം. ഈ പരിശീലനം വിദ്യാഭ്യാസഡിപ്പാൎട്ടുമെൻറും വിഷയവുമായിബന്ധമുള്ള മററു സകല ഡിപ്പാൎട്ടുമെൻറുകളുംകൂടി കൊടുക്കേണ്ടതാണു്. പരിശീലനംതന്നെ എല്ലാവകുപ്പുകളുംകൂടി യോജിച്ചുനൽകേണ്ടതാണു്.

ഗ്രാമീണവിദ്യാഭ്യാസത്തിൻെറ ലക്ഷ്യംതന്നെ മാറേറണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഒരു വൈഷമ്യമേറിയ സന്ധിയിൽ ഗ്രാമീണവിദ്യാഭ്യാസം പ്രവേശിച്ചിരിക്കുകയാണു്. വിദ്യാഭ്യാസം നൽകുന്നതിനാണു് വിദ്യാ

ലയങ്ങൾ സ്ഥാപിച്ചിരിക്കുന്നതു്. ഗ്രാമങ്ങളിലെ പ്രായപൂത്തിവന്നിട്ടുള്ളവക്കും വിദ്യാഭ്യാസം ആവശ്യമായിരിക്കുന്നു. പിന്നെ എന്തുകൊണ്ടു് ഈ വിദ്യാലയങ്ങൾ അവക്കും പ്രയോജനകരമാക്കിക്കൂടാ?

മിസ്റ്റർബ്രെയിൻ ഇതിനെസംബന്ധിച്ചു് ഇങ്ങിനെ എഴുതുന്നു—"ഇൻഡ്യൻ ഗ്രാമീണർ, അഴുക്കു, അനാരോഗ്യം, കടം, ദാരിദ്ര്യം, ഫലശൂന്യമായ പ്രയത്നം, അജ്ഞത എന്നിതുകളിൽ വീണു നട്ടം തിരിയുന്നു. വിദ്യാഭ്യാസദേവത ആലങ്കാരികവസ്ത്രങ്ങളും സാഹിത്യങ്ങളും സൂത്രങ്ങളും കൊണ്ടുള്ള രക്ഷാകവചവും ധരിച്ചു് ഒരുവശത്തുക്കൂടി മാറിനോക്കിക്കൊണ്ടു പോകുന്നു. ആ മഹതിക്കു് മറുവശത്തുകിടന്നു് പൊരിയുന്ന സാധുക്കളുടെ മേൽ അനുകമ്പയുണ്ടായി, ജ്ഞാനത്തിൻേറയും നേതൃത്വത്തിൻേറയും സമാശ്വാസത്തേയും പരിഷ്കരിച്ചകൃഷി, ആരോഗ്യം, സുഖമായഭവനം എന്നിതുകളുടെ ശമനൗഷധത്തേയും കൊടുത്തുക്കൂടെ?*" ഇതിനൊരു മറുപടിയാണു് മേൽവിവരിച്ച കമ്മ്യൂണിററിസ്ക്കൂൾ. പൌരാണികഭാരതത്തിൻെറ ഉയന്ന പാരമ്പര്യങ്ങൾക്കനുയോജ്യമായ സംസ്കാരവിതരണം ചെയ്യുന്നതിനു് പ്രാപ്തമായ ഒരു വിദ്യാഭ്യാസകേന്ദ്രമായി അതു വളന്നുവന്നാൽ ഡെന്മാക്കിലെ ഫാൽക്കു്ഹൈസ്ക്കൂൾ ആരാജ്യത്തിനു നൾകിയ ക്ഷേമത്തെ ഇൻഡ്യക്കു് ഈ കമ്മ്യൂണിററിസ്ക്കൂളുകൾ നൾകുമെന്നുള്ളതിനു സംശയമില്ല. ഇൻഡ്യയിൽ ഇതിനുമുമ്പു് പലതരത്തിലുള്ള വിദ്യാഭ്യാസരീതികൾ പരീക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു് പറഞ്ഞിട്ടു

---

* F. L. Brayne I. C. S.

ണ്ടല്ലോ. ചിലതു വിജയത്തിലും ചിലതു പരാജയത്തിലും ചിലതു് രണ്ടുമില്ലാതെയും നശിച്ചിട്ടുണ്ടു്. സ്ഥായിയായ വിജയസ്ഥിതി ഒരു പരീക്ഷണത്തിനും കാണിക്കുവാൻ സാധിക്കാത്തതു് ആവശ്യത്തിനും പരീക്ഷണത്തിനും തമ്മിലുള്ള അകൽച്ചനിമിത്തമാണു്. ക്രിസ്ത്യൻമിഷ്യനറിമാർ ഈ വിഷയത്തിൽ ചില പരിശ്രമങ്ങൾ വിജയപര്യവസായിയായി തീർത്തിട്ടുണ്ടു്. അതിൻെറ പ്രധാനകാരണം ഗ്രാമീണരുടെ അത്യാവശ്യങ്ങളുമായിട്ടുള്ള അതിൻെറ അടുത്തബന്ധമാകുന്നു.*

സ്റ്റേറ്റു് പ്രസ്ഥാനത്തിനും വായനശാലാപ്രസ്ഥാനത്തിനും ഗ്രാമീണവിദ്യാഭ്യാസത്തിൻെറ താല്പര്യങ്ങളെ ഗണ്യമായി അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കും. പ്രക്ഷേപിണിമൂലം വിദ്യാഭ്യാസസംബന്ധമായ പ്രചരണവേല ഇപ്പോൾ വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശങ്ങളിൽ ആരംഭിച്ചിട്ടുണ്ടു്. ഗ്രാമീണരെ അഭ്യസ്തവിദ്യരാക്കുന്നതിനു് ഇതും പ്രയോജനകരമായ ഒരു മാർഗ്ഗമാണു്.

---

* Vide Schools with a Message in India. Published by Y. M. C. A.

# IX

## ഇൻഡ്യയിലെ ഗ്രാമീണ പുനരുദ്ധാരണ ശ്രമങ്ങൾ.

---

ഗ്രാമത്തിൻേറയും, ഗ്രാമീണരുടേയും അഭ്യുദയമാണ് ഇപ്പോൾ ഇൻഡ്യാ ഗവണ്മെണ്ടിൻേറയും, പ്രാദേശിക ഗവണ്മെണ്ടുകളുടേയും, അനുദ്യോഗസ്ഥസ്ഥാപനങ്ങളുടേയും, അനുദ്യോഗസ്ഥന്മാരുടേയും പ്രധാനമായ ചിന്തയെ ആകർഷിച്ചിട്ടുള്ളതു്. രാഷ്ട്രീയവും, സാമ്പത്തികവും ആയ മത്സരങ്ങളുടേയും, കലാപങ്ങളുടേയും അഭിപ്രായ വ്യത്യാസങ്ങളുടേയും ചിത്രം അനന്തരകാലങ്ങളിൽ ചരിത്രം ഒററ വരിയാലോ ഒററവശത്താലോ രേഖപ്പെടുത്തികളയും. എന്നാൽ ഗ്രാമീണാഭ്യുദയത്തിനായി ചെയ്യുന്ന പരിശ്രമങ്ങൾ എന്നന്നേക്കും നിലനിൽക്കുന്നതും എന്നും തുടൻകൊണ്ടു പോകുന്നതും ആണ്. രാജ്യത്തിൻെറ അഭ്യുദയം ഗ്രാമീണരുടെ സാർവ്വത്രികമായ ശ്രേയസ്സിൽ സ്ഥിതിചെയ്യുന്നു എന്നുള്ള വാസ്തവത്തെ സകലരും മനസ്സിലാക്കിട്ടുള്ളതിൻെറ ഫലമായിട്ടാണ് ഇപ്പോൾ എല്ലാ സ്ഥലത്തും ഗ്രാമീണ പുനരുദ്ധാരണ പരിശ്രമങ്ങൾ ചെയ്തുവരുന്നതു്. ഇൻഡ്യയുടെ വടക്കു്-പടിഞ്ഞാറൻ അതിർത്തിപ്രദേശങ്ങൾ മുതൽ തിരുവിതാംകൂറിൽ മാർത്താണ്ഡം വരെ ഗ്രാമീണ പുനരുദ്ധാരണ കേന്ദ്രങ്ങൾ സ്ഥാപിച്ചു് പ്രവൃത്തി നടത്തിവരുന്നു. ഗ്രാമീണ പ്രശ്നത്തെ സംബന്ധിച്ചുതന്നെ പൊതുജ-

നാഭിപ്രായവും ഗവണ്മെണ്ടിൻെറ നയവും പ്രസ്ഥാവയോഗ്യമായ വിധത്തിൽ ഉത്തമമായി മാറിയിട്ടുണ്ട്. ൧൯൩൪—ലെ സെൻട്രൽ ബഡ്ജററിൽ ഒരു കോടി രൂപാ ഗ്രാമീണ പുനരുദ്ധാരണ ജോലികൾക്കായി കൊള്ളിച്ചതു് തന്നെ ഈ നയവ്യത്യാസത്തിന് മകുടോദാഹരണമാണ്. ൧൯൩൫-൩൬-ലെ സെൻട്രൽ ബഡ്ജററ്, ലെജിസ്ലേററീവ് അസംബ്ളിയിൽ അവതരിപ്പിച്ച അവസരത്തിൽ ബഹുമാനപ്പെട്ട ഫൈനാൻസ് മെമ്പർ ഇപ്രകാരം പറഞ്ഞു. "സെൻട്രൽ ഗവണ്മെണ്ടിന് ഭാഗ്യവശാൽ ഉപയോഗിക്കുവാൻ സാധിക്കുന്ന നീക്കിയിരുപ്പുകൾ ഉള്ള ഇക്കാലത്തു് അതിലേതാനും ഭാഗം പ്രാദേശിക ഗവണ്മെണ്ടുകൾക്ക് അവർ സമപ്പിച്ചിട്ടുള്ള പദ്ധതികൾ പ്രായോഗികമാക്കിതീക്കുന്നതിന് സഹായിക്കുന്നതിനായി പ്രദാനം ചെയ്യുന്നതിനെക്കാൾ നല്ലതായി മററൊന്നും ചെയ്യുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല. തന്മൂലം ഇൻഡ്യാഗവണ്മെണ്ടിന് കൃഷിക്കാരൻെറ യഥാത്ഥമായ അഭ്യുദയത്തിലും, സൌഭാഗ്യത്തിലും എത്രമാത്രം താല്പയ്യമുണ്ടെന്നുള്ളതു് തെളിയിക്കുവാൻ സാധിക്കയും ചെയ്യുമല്ലോ.' * ഗ്രാമീണപുനരുദ്ധാരണം ദീർഘവും ശ്രമസാധ്യവുംആയഒന്നാണ്. അതിന് എത്രമാത്രം ധനമുണ്ടായാലും മതിയാകയില്ല. എങ്കിലും ഈ യാണ്ടിൽ നല്കിയിട്ടുള്ള ഈ ദാനം അടുത്തവഷങ്ങളിലും തുടൎന്നുകൊണ്ടുപോകുകയാണെങ്കിൽ ഇൻഡ്യയിലെ ഗ്രാമീണപുനരുദ്ധാരണശ്രമങ്ങൾ വിജയകരവും പ്രായോഗികവും ആയിതീരും എന്നുള്ളതിന് സംശയമില്ല.

* Budget speech 1935,

ഇൻഡ്യാഗവണ്മെണ്ടു ഗ്രാമീണ പുനരുദ്ധാരണജോലികൾക്കായി അനുവദിച്ച ൻവ്വ ലക്ഷംരൂപാ * താഴെപറയുന്നപ്രകാരം വീതിച്ചുകൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| മദ്രാസ് | ൧൪ | ലക്ഷം |
| ബോംബേ | ൬ | ,, |
| ബംഗാൾ | ൧൬ | ,, |
| യുണൈററഡ് പ്രോവിൻസസ് | ൧൫ | ,, |
| പഞ്ചാബ് | ൮ൾ | ,, |
| ബർമ്മ | ൫ | ,, |
| ബീഹാർ & ഒറീസ | ൧൨ൾ | ,, |
| സെൻട്രൽ പ്രാവിൻസസ് | ൫ | ,, |
| വടക്കു പടിഞ്ഞാറൻ അതൃത്തി പ്രദേശങ്ങൾ | ൩ | ,, |
| ആസ്സാം | ൫ | ,, |
| ഡൽഹി | ൾ | ,, |
| ആജ്മീർമീർവാര | ൾ | ,, |
| കൂർഗ്ഗ് | ൾ | ,, |
| റിസർവ് | ൫ൾ | ,, |

പ്രാദേശികഗവണ്മെണ്ടുകൾ സമർപ്പിച്ചപദ്ധതികൾ ഇൻഡ്യാഗവണ്മെണ്ടു അംഗീകരിച്ചിരിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെചേർക്കുന്നു.

## മദ്രാസ്.

| | രൂപ |
|---|---|
| ജലസംഭരണം | ൫,൫൦,൦൦൦ |
| ഗതാഗതസൌകര്യങ്ങൾ | ൪,൫൦,൦൦൦ |

* അവസാനത്തെ ബഡ്ജററിൽ ൻവ്വ ലക്ഷം രൂപയെ അനുവദിച്ചിട്ടുള്ളൂ.

പൊതുജനാരോഗ്യം ൩൦൦,൦൦൦
മലമ്പനിനിവാരണമാർഗ്ഗങ്ങൾ ൫൦,൦൦൦
ഡിസ്ട്രിക്ക് ഉദ്യോഗസ്ഥന്മാർക്ക് ഗ്രാ
ൻറ് കൊടുക്കുന്നതിന് ൫൦,൦൦൦
ആകെ ൮,൪൦൦,൦൦൦

## ബോംബെ.

വടക്കെഡിവിഷൻ ൮,൦൬,൦൦൦
സെൻട്രൽ ഡിവിഷൻ ൨,൦൨,൦൦൦
തെക്കെ ഡിവിഷൻ ൮,൫൭,൦൦൦
സിൻഡ് ൮,൩൭,൦൦൦
ആകെ ൯൦൯,൦൦൦
എരുമയെ വളർത്തുന്നതിന് ൪൨,൦൦൦
കോഴികൃഷി അഭിവൃദ്ധി
പ്പെടുത്തുന്നതിന്. ൮൫,൦൦൦
പരസ്പരസഹായപദ്ധതിപ്രകാരം മുട്ടകൾ
ശേഖരിക്കുന്നതിനും വിൽക്കുന്നതിനും ൨൦൦൦
തോലുകൾ സംരക്ഷിക്കുന്നതിനും ഊറ
ക്കിടുന്നതിനും ൨൫,൦൦൦
ഉൾനാട്ടിലെ മത്സ്യവ്യവസായം ൮൦൦൦
ആകെ ൧൦,൦൦,൦൦൦

## ബംഗാൾ.

രൂപാ
വിത്ത് നെല്ല് ഇതരവിളവുകൾ
ഇവകളുടെ പ്രദർശനകേന്ദ്രങ്ങൾ
സ്ഥാപിക്കുന്നതിന് ൮,൦൬,൦൦൦

| | |
|---|---|
| കന്നുകാലികളുടെ പൊഷണത്തിനും മെച്ചിൽ വിളവുകളുടെ അഭിവൃദ്ധിക്കും | ൭,൬൫,൦൦൦ |
| കോഴിക്കൃഷി നന്നാക്കുന്നതിന്ന് | ൫൦൦ |
| പ്രക്ഷേപണിയും സ്വനഗ്രാഹിയും മൂലം പ്രചരണവേല നടത്തുന്നതിന്ന് | ൨൦,൦൦൦ |
| മിഡ്നാപൂർ ഡിസ്ട്രിക്ടിൽവയർലസ്സ്ടാൻസ്മിഷന്ന് | ൮൨,൦൦൦ |
| ജ്യൂട്ടിൻേറയും നെല്ലിൻേറയും കമ്പോളങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന്ന് | ൫൦,൦൦൦ |
| കയർ പിരിക്കുന്നതിനും നെയ്യുന്നതിനും | ൪൦,൬൦൦ |
| യൂണിയൻ ബോർഡാശുപത്രിക്കും ജലസംഭരണം നന്നാക്കുന്നതിനുമായി | ൧,൫൦,൦൦൦ |
| ഗ്രാമത്തിൽ ഹാൾകെട്ടുന്നതിനും കളിസ്ഥലമുണ്ടാക്കുന്നതിനും സെക്കണ്ടറി സ്ക്കൂളുകളിൽ കൃഷിത്തോട്ടമുണ്ടാക്കുന്നതിനുമായി | ൭൮൦൦ |
| ബോയിസ്സ്കൗട്ടു, ഗേൾഗൈഡ് മുതലായവയ്ക്കു് | ൨൦,൦൦൦ |
| ചീത്തവെള്ളം ഒലിച്ചു പോകുന്നതിനും മററുവേണ്ടഏപ്പാടുകൾക്കും | ൧,൩൨൦,൦൦൦ |

| | |
|---|---|
| ചിററഗോംഗ്ഹിൽ പ്രദേശങ്ങ ളിലേക്ക് | ൨൫,൦൦൦ |
| ഗ്രാൻറുകൊടുക്കുന്നതിന് | ൨,൫൦,൦൦൦ |
| ആകെ | ൫,൬൦൦,൦൦൦ |

## യുണൈറററഡ് പ്രാവിൻസസ്

| | രൂപാ |
|---|---|
| മെയിൻ സ്കീം | ൧,൦൦,൦൦൦ |
| കൃഷി | ൨,൨൭,൦൦൦ |
| പൊതുജനാരോഗ്യവും വൈദ്യ സഹായവും | ൩,൫൬,൦൦൦ |
| വ്യവസായം | ൧൦,൦൦൦ |
| പ്രചരണവേല | ൩൬,൦൦൦ |
| കുമയോൺ ഡിസ്ത്രിക്ട് | ൫൦,൦൦൦ |
| ആകെ. | ൫,൫൦,൦൦൦ |

## പഞ്ചാബ്.

| | രൂപാ |
|---|---|
| ചറിയ ഭൂഖണ്ഡങ്ങളുടെ ഏകീ കരണം | ൫,൦൪,൦൦൦ |
| ൩൫ ഗ്രാമങ്ങളിൽ ആരോഗ്യപര മായ പരിഷ്കാരങ്ങൾ | ൯൦൦൦ |
| ശങ്കർഗർതാസീലിൽ ബോർ ഹോൾകക്ക്രസുകൾ | ൫൦,൦൦൦ |
| ജലസംഭരണപദ്ധതികൾ | ൨,൨൫,൦൦൦ |
| സിറംസെല്ലേഴ്സ് | ൨൦,൦൦൦ |
| മൃഗാശുപത്രികൾനന്നാക്കുന്നതിന് | ൫൨,൦൦൦ |
| പുതിയ മൃഗാശുപത്രികൾ | ൬൦,൦൦൦ |
| പ്രക്ഷേപണപദ്ധതി | ൪൭,൦൦൦ |

| | |
|---|---|
| തോൽ ഉറക്കിടുന്നതിന് | ൩൭,൦൦൦ |
| പഴക്കൃഷി | ൩൨,൦൦൦ |
| കിണറു കുഴിക്കുന്നതിന് | ൫൦,൦൦൦ |
| സിനിമാക്കും സ്വനവാഹിക്കും | ൫൯,൦൦൦ |
| ആട്ടുവളർത്തുന്നതിന് | ൧൫,൦൦൦ |
| ഗ്രാൻറിന് | ൧,൦൦,൦൦൦ |
| ആകെ. | ൬,൫൦,൦൦൦ |

## ബമ്മ.

| | രൂപാ |
|---|---|
| പൊതുവേ | ൯,൩൫,൦൦൦ |
| ഗ്രാൻറിന് | ൫൦,൦൦൦ |
| മലേറിയാനിവാരണത്തിന് | ൧,൧൫,൦൦൦ |
| ആകെ | ൫,൦൦,൦൦൦ |

## ബീഹാർ & ഒറീസ.

| | രൂപാ |
|---|---|
| ഗതാഗതം | ൩,൦൦,൦൦൦ |
| ജലസംഭരണം | ൫,൦൦,൦൦൦ |
| കുളങ്ങൾ നന്നാക്കുന്നതിനും ചീത്ത വെള്ളം ഒഴുക്കിക്കളയുന്നതിനും | ൧,൦൦,൦൦൦ |
| പൊതുഗുണത്തിന് | ൫൦,൦൦൦ |
| ആകെ. | ൧൨,൫൦,൦൦൦ |

മററുചില പ്രാദേശിക ഗവമ്മെൻറുകളിൽ നിന്ന് ഇത്ര വിവരമായ ചിലവിനങ്ങൾ കിട്ടിയിട്ടില്ല.

പരസ്പരസഹായപ്രസ്ഥാനത്തിൻെറ അഭിവൃദ്ധിക്കു വേണ്ടി ൧൫ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. ഇതുകൂടാതെ സാമ്രാജ്യകാഷികപൎയ്യവേക്ഷണസമിതി ഇന്ത്യയിലെ കൃഷിയും വ്യവസായങ്ങളും പരിപോഷിപ്പിക്കുന്ന

തിന് വേണ്ട പര്യവേക്ഷണത്തിനായി ൧൨ ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഇതിൽനിന്നും ഗ്രാമീണ പുനരുദ്ധാരണ ജോലികളിൽ ഗവണ്മെണ്ടിന്ന് എത്രമാത്രം തീഷ്ണമായ ആസക്തിയുണ്ടെന്നുള്ളതു് തെളിയുന്നതാണ്. ഇനി ഓരോ പ്രവിശ്യകളിലും ഗ്രാമീണപുനരുദ്ധാരണത്തിന് വേണ്ടി എന്തെല്ലാം പരിശ്രമങ്ങളാണ് ചെയ്യുന്നതു് എന്ന് നോക്കാം.

## പഞ്ചാബ്.

ഗ്രാമീണപുനരുദ്ധാരണപരിശ്രമങ്ങളിൽ മുഖ്യസ്ഥാനം വഹിക്കുന്നതു് പഞ്ചാബാണ്. ജോലിചെയ്യുന്ന പ്രദേശത്തേയും അതിൽ അധിവസിക്കുന്ന ആളുകളേയും പരമാത്ഥമായി സ്നേഹിക്കാൻ കഴിയുന്ന മനസ്ഥിതിയോടുകൂടിയ ചില ആംഗ്ലേയഉദ്യോഗസ്ഥന്മാരെ തുടച്ചയായി ലഭിക്കുന്നതിനുള്ള മഹാഭാഗ്യം ആ രാജ്യവിഭാഗത്തിന് ഉണ്ടായതാണ് ഈ പ്രാമുഖ്യത്തിനുള്ള പ്രധാനഹേതു. ഗ്രാമീണപുനരുദ്ധാരണ ശാസ്ത്രത്തിൽ ഇപ്പോഠം ഇൻഡ്യയിൽ അതിവൈദഗ്ദ്ധ്യം നേടിയിട്ടുള്ള മി: എഫ്. എൽ. ബ്രെയിൻ എം. സി. ഐ. സി. എസ്സ്. ആദ്യകാലം മുതൽ പഞ്ചാബിൽതന്നെയാണ് ജോലിചെയ്തു വന്നതു് എന്നുള്ളതും പഞ്ചാബ് പ്രസ്ഥാനത്തിൻെറ വിജയത്തിന് ഒരു കാരണമാണ്. ഗ്രാമീണ പുനരുദ്ധാരണത്തിൻെറ സാധ്യതയും അതിനുണ്ടാകാവുന്ന പ്രയോജനവും ഇൻഡ്യാക്കാരെ ആദ്യമായി മനസ്സിലാക്കിയതു് അദ്ദേഹത്തിൻെറ "ഗുർഗാൺ പരീക്ഷണ"ങ്ങളാണ് ഗുർഗാൺ പരീക്ഷണങ്ങളുടെ ലോകപ്രസിദ്ധമമായ വിജയം ഗവണ്മെണ്ടുകളുടേയും ഇൻഡ്യൻ നേതാക്കന്മാരു

ടേയും കണ്ണുകറം തുറപ്പിച്ചു എന്നു് പറയുന്നതിൽ അതിശയോക്തി അശേഷമില്ല. സമീപപ്രദേശങ്ങളിലെ പ്രവൃത്തി വിജയവും പുനരുദ്ധാരണ പരിശ്രമങ്ങളുടെ അത്യാവശ്യകതയുംകൂടി യോജിച്ചു ഇദംപ്രഥമമായി പഞ്ചാബിൽ ഒരു ഗ്രാമീണപുനരുദ്ധാരണ വകുപ്പു് സ്ഥാപിക്കുകയും അതിൻെറ ആദ്യത്തെ കമ്മീഷണരായി മി: ബ്രെയിനിനെത്തന്നെ നിയമിക്കുകയും ചെയ്തിട്ടുണ്ടു്. ഈ കമ്മീഷണരുടെ പ്രധാനപ്പെട്ട ജോലി ഗ്രാമീണരുടെ അഭ്യുദയത്തെ ഉദ്ദേശിച്ചു പ്രവൎത്തിചെയ്യുന്ന സകല വകുപ്പുകാരേയും യോജിപ്പിച്ചു അവരുടെ പ്രവൃത്തികളെ ഏകലക്ഷ്യത്തിലേക്കു് നയിക്കുകയാകുന്നു. ഡിപ്പാൎട്ടുമെൻറദ്ധ്യക്ഷന്മാരുടെയും ഡിസ്ത്രിക്ടു് ഉദ്ദ്യോഗസ്ഥന്മാരുടേയും ജോലിക്കോ അധികാരത്തിനോ ഈ പുതിയ നിയമനംകൊണ്ടു യാതൊരു കുറവും വ്യത്യാസവും വരുന്നതല്ല. കമ്മീഷണരുടെ ജോലി ജനങ്ങളുടെ നന്മക്കു് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും മററു ഡിപ്പാൎട്ടുമെൻറദ്ധ്യക്ഷന്മാക്കു് കൊടുക്കുകയും അതുകറം പ്രായോഗികമാക്കുന്നതിനു് വേണ്ട പ്രചരണവേല നടത്തുകയുമാണു്.* താഴെ പറയുന്ന വിഷയങ്ങളാണു് കമ്മീഷണരുടെ പ്രത്യേക ശ്രദ്ധക്കു് പാത്രമാകേണ്ടതു്.

---

* Punjab Government letter No. 392—D, dated the 8th. Feb. 1934 from F. C. Bourne Esq. I. C. S. Deputy Secretary to Government, Punjab, Development department, to All Commissioners and Deputy Commissioners in the Punjab and all heads of departments in the Punjab.

(൧) ഗോവസൂരി പ്രയോഗം.

(൨) ഗ്രാമശ്രുചീകരണം.

(൩) വീട്ടകളിൽ ധാരാളം വെളിച്ചം കയറു ന്നതിന്ന് വേണ്ട ഏൎപ്പാടുകൾചെയ്യ

(൪) വളശേഖരണവും സൂക്ഷിപ്പും.

(൫) കൊതുകുനിവാരണം.

(൬) നല്ല വിത്തുകളുടെ വിതരണം.

(൭) പുതിയതും നല്ലതും ആയ വിളവുകളുടെ പ്രചരണം.

(൮) പ്രാണിബാധയും ചെടിയുടെ രോഗങ്ങളും ഇല്ലാതെയാക്കുക.

(൯) കന്നുകാലികളുടെ വളൎത്തൽ

(൧൦) പട്ടണങ്ങളിൽ പാലും നെയ്യും വിൽക്കുന്നതിന്ന് സംഘടനയുണ്ടാക്കുക.

(൧൧) പെൺകുട്ടികളുടെ വിദ്യാഭ്യാസം.

(൧൨) കുടിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.

(൧൩) കാടുകൾ വെട്ടിതെളിക്കുകയും മേച്ചിൽ സ്ഥലങ്ങൾ നന്നാക്കുകയും ചെയ്യുക.

എല്ലാ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാരും കമ്മീഷണരുടെ ജോലികളെ സൗകൎയ്യം കിട്ടുമ്പോഴെല്ലാം സഹായിച്ചു കൊടുക്കേണ്ടതാണ്. ഡിപ്പ്യൂട്ടി കമ്മീഷണർമാർ ഗ്രാമീണാഭ്യുദയത്തിന്ന് വേണ്ടി പ്രവൎത്തിക്കുന്ന ഡിസ്ത്രിക്ട് ഉദ്യോഗസ്ഥന്മാരെ വേണ്ടവിധത്തിൽ സഹായിക്കുന്നു. പുനരുദ്ധാരണജോലിയുടെ വിജയം അതിന്ന് വേണ്ടി ചെയ്യുന്ന പ്രചരണവേലയിലും പ്രേരണയിലും ആണ് സ്ഥിതിചെയ്യുന്നത്. ഈ ജോലികൾകൊണ്ടു അവൎക്ക്

വലുതായ അഭ്യുദയമുണ്ടാകുമെന്നുള്ള ഒരു വിശ്വാസം ഗ്രാമവാസികൾക്ക് ഉണ്ടാകണം. ഇങ്ങനെയുള്ള വിശ്വാസമുണ്ടാക്കുന്നതിന് വേണ്ടി എല്ലാ ഗവണ്മെൻറുദ്യോഗസ്ഥന്മാരും സഹായിക്കുന്നു. ഗ്രാമീണപുനരുദ്ധാരണത്തിനുവേണ്ടി കമ്മീഷണർ നിർദ്ദേശിക്കുന്ന കാര്യങ്ങളിൽ അവനവനാൽ ചെയ്യാൻസാധിക്കുന്നതു് പ്രായോഗികമായി പ്രവൎത്തിച്ചുകാണിക്കുന്നതു് നന്നായിരിക്കും. ഇതിന് ഉദാഹരണമായി ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകളുടെ കൈവശത്തിലിരിക്കുന്ന കെട്ടിടങ്ങൾ ധാരാളം വെളിച്ചം കേറത്തക്കവിധത്തിലും വൃത്തിയായും സൂക്ഷിക്കുന്നതിനും ചവറുകൾ ദൂരെ കളയുന്നതിനും വെള്ളം കെട്ടിനിൽക്കാതെ താഴ്ന്ന പ്രദേശങ്ങൾ നികത്തുന്നതിനും ഓരോസ്ഥലത്തേയും ഉദ്യോഗസ്ഥന്മാരെ നിഷ്കൎഷിച്ചിട്ടുണ്ട്.

ഗവണ്മെണ്ടുദ്യോഗസ്ഥന്മാർ ഗ്രാമീണപുനരുദ്ധാരണശ്രമങ്ങളിൽ കഴിയുന്നത്ര സഹകരിക്കണമെന്നും ഈ പ്രസ്ഥാനത്തിൻെറ വിജയത്തിനുവേണ്ടി കഴിയുന്നതെല്ലാംതന്നെ പ്രവൎത്തിക്കണമെന്നും പഞ്ചാബ് ഗവണ്മെൻറ് നിർബന്ധിക്കുന്നു.

കമ്മീഷണർ, ഫിനാൻഷ്യൽ കമ്മീഷണരുടെനേരെ താഴെയാണ്. അദ്ദേഹത്തിൻെറ ജോലികൾക്ക് താമസം നേരിടാതിരിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകളുടെ ദീർഘമായ എഴുത്തുകുത്തുകൾ കഴിയുന്നത്ര കുറക്കുന്നു. എല്ലാഡിസ്ത്രിക്ടിലേയും മേലധികാര മുഖാന്തിരമാണ് കമ്മീഷണരുടെ ജോലി അദ്ദേഹം നിർവ്വഹിക്കുന്നതു്. ഡിസ്ത്രിക്ടിലെ റവന്യൂഉദ്യോഗസ്ഥന്മാരാണ് ഗ്രാമീണപുനരുദ്ധാരണജോലിചെയ്യുന്നതിന് ഏററവും യോജിച്ചവർ. ഗ്രാമവാസികളുടെ ആവശ്യങ്ങളും സ്വഭാ

വങ്ങളും അവരെപ്പോലെ അറിയാവുന്നവർ വേറെ ഇല്ല-ഗ്രാമവാസികൾക്ക് അവരിൽ വലിയ വിശ്വാസവുമുണ്ട്. ഓരോ ഡിസ്ത്രിക്ടിലേയും അഭ്യസ്ഥവിദ്യരായ യുവജനങ്ങളെ ഈ ജോലിയിലേക്കാകർഷിച്ച് അവരെ ഈ ജോലിയുമായി സംഘടിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നു് മി: ബ്രെയിൻ അഭിപ്രായപ്പെടുന്നു. ഇല്ലെങ്കിൽ അവർ വേറെ പരിശ്രമങ്ങൾ തുടങ്ങുന്നതിനും രണ്ടും അപജയത്തിൽ കലാശിക്കുന്നതിനും ഇടയുണ്ടെന്നു് അദ്ദേഹം വിചാരിക്കുന്നു. കമ്മീഷണർക്ക് അനുയായികളായി ഒരു വലിയ ഉദ്യോഗസ്ഥാവലി ഇല്ല. അദ്ദേഹം എല്ലാക്കാര്യങ്ങളും സാധിക്കേണ്ടതു് ഡിസ്ത്രിക്ട് ഉദ്യോഗസ്ഥന്മാരെ കൊണ്ടാണു്. സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയെന്നതു് അദ്ദേഹത്തിൻെറ പ്രധാന ജോലികളിൽ ഒന്നാണു്. രാജ്യത്തിൻെറ പല ഭാഗങ്ങളിൽനിന്നും പല വിവരങ്ങളും ശേഖരിച്ചു അതിൽനിന്നും പൊതുവായുള്ള ആവശ്യങ്ങൾ മനസ്സിലാക്കി അവ നിറവേറുന്നതിനായി ഓരോ മാർഗ്ഗങ്ങൾ അദ്ദേഹം ഡിസ്ത്രിക്ടിലെ ഉദ്യോഗസ്ഥന്മാർക്ക് ഉപദേശിച്ചുകൊടുക്കുന്നു. കമ്മീഷണർ ഗ്രാമീണപുനരുദ്ധാരണവിഷയത്തെ സംബന്ധിച്ചുള്ള അറിവു, പരിചയം ആശയങ്ങൾ, വിവരങ്ങൾ എന്നിവകൾ ശേഖരിക്കുന്ന ഒരുദ്യോഗസ്ഥനാണു്. എല്ലാ ഡിസ്ത്രിക്റ്റുകളുടേയും സഹകരണത്തോടുകൂടി ഗ്രാമവാസികൾക്കുണ്ടാകുന്ന വിഷമങ്ങൾ പരിഹരിക്കുന്നതിനും ഓരോ ഗ്രാമത്തിലും ചെയ്യേണ്ടതായ പുനരുദ്ധാരണപ്രവർത്തി മുൻപിൻക്രമമനുസരിച്ചു തീർച്ചയാക്കുന്നതിനും എല്ലാ ആളുകൾക്കും ഈ ജോലിയിൽ അഭിരുചി ഉണ്ടാക്കുന്നതിനും വേണ്ട ശ്രമങ്ങൾ കമ്മീഷണർ ചെയ്യേണ്ടതാണു്. ഓരോ ഗ്രാമങ്ങളുടെ പ്രത്യേക പരിതസ്ഥിതികൾ അനുസരിച്ചു ഓരോ

ഡിപ്പാർട്ടുമെൻറിൻേറയും ജോലി ക്രമപ്പെടുത്തുന്നതിന് അദ്ദേഹം ഉപദേശിക്കുന്നു. പഞ്ചാബിൽ ആകപ്പാടെ പ്രവൃത്തി രൂപത്തിൽകൊണ്ടുവരേണ്ട ഒരു പരിപാടി അദ്ദേഹം തയ്യാറാക്കി എല്ലാ ഡിസ്ട്രിക്ടിലേക്കും അയച്ചിട്ടുണ്ട്. ഡിസ്ട്രിക്ടുകളുടെ പ്രത്യേകാവശ്യങ്ങൾക്ക് വേണ്ട ഉപദേശം അദ്ദേഹം കൊടുക്കുന്നതാണ്. ഓരോഡിസ്ട്രിക്ടിലും പ്രവൃത്തിക്കുന്നതെന്തെന്ന് മററു ഡിസ്ട്രിക്ററുകാരെ അറിയിക്കുന്നതിനും അദ്ദേഹം വേണ്ടതു് പ്രവൃത്തിക്കും. പൊതുവായ പരിപാടി വിജയപൂർവ്വമായി പ്രവൃത്തിക്കുന്നതിന് വേണ്ട സകലതും എല്ലാഉദ്യോഗസ്ഥന്മാരും ചെയ്യണമെന്ന് പഞ്ചാബ് ഗവർമ്മെൻറാവശ്യപ്പെടുന്നു. കമ്മീഷണരുടെ നിയമനം കഴിഞ്ഞു അദ്ദേഹം ആദ്യമായിചെയ്തതു് ഒരു പരിപാടി തയാറാക്കുകയായിരുന്നു. ഉടനെ ചെയ്യേണ്ടതു് പലതും ഉണ്ടെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. പെട്ടന്ന് ചെയ്യേണ്ടതായി അദ്ദേഹം താഴെ പറയുന്നവയെല്ലാം നിശ്ചയിച്ചു. ആരോഗ്യപരം, കാഷികം, സാമാന്യം, എന്നിങ്ങനെ അദ്ദേഹം തൻെറ പരിപാടിയെ മൂന്നായി ഭാഗിച്ചു. ഈ ഓരോ ശാഖയേയും സംബന്ധിച്ച് താഴെപ്പറയുന്ന നിഷ്കൂഷ് അദ്ദേഹം ചെയ്തു.

ആരോഗ്യം. (എ) എല്ലാതരത്തിലുള്ള ചവറും വൃത്തികേടും ശേഖരിക്കുന്നതിനും വളമായി രൂപാന്തരീകരിക്കുന്നതിനുമായി എല്ലാകെട്ടിടത്തിലും പുരയിടത്തിലും ഗ്രാമത്തിലും സൌകര്യമുള്ള സ്ഥാനങ്ങളിൽ കുഴികളുണ്ടാക്കുക.

(ബി) ആളുകളുടെ ദേഹവും വസ്ത്രങ്ങളും ശുചിയായിസൂക്ഷിക്കുന്നതിൽ നിർബന്ധിക്കുക. പ്രത്യേകി

ച്ചും കുട്ടികളുടെ ശുചിത്വത്തെപ്പററി വേണ്ടവണ്ണം നിഷ്കൃഷ്ടിക്കുക.

(ന) എല്ലാവീടുകൾക്കും രണ്ടു വാതായനങ്ങൾ വീതമുണ്ടാക്കുക.

(ർ) പരിപൂർണ്ണമായ ഗോവസൂരിപ്രയോഗം ചെയ്യിക്കുക.

(ഠ) കൊതുകുകൾ വളരുന്നതിന് നിവൃത്തിയില്ലാത്തവിധം വെള്ളം കെട്ടി നില്ക്കാതെ സൂക്ഷിക്കുക.

(ന്ത) ശാസ്ത്രീയപരിജ്ഞാനമുള്ള ധാത്രികളെ ഗ്രാമവാസികളുടെ ആവശ്യത്തിനായി നിയമിക്കുക.

(ൈ) നല്ലവിത്തു ശേഖരിക്കുക.

(വ്യ) പരിഷ്കൃതരീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക.

കൃഷിരീതികൾതന്നെ ശാസ്ത്രീയമാക്കുക.

കൂടുതൽ ഉഴവും കളപറിക്കലും നടത്തുക.

കൂടുതൽ വിളവുകൾ കൃഷി ഇറക്കുക.

(൯) നല്ല വിത്തുകാളകളെ എല്ലാ വീടുകളിലും സൂക്ഷിക്കുന്നതിനു ഏർപ്പാടു ചെയ്യുക.

(൧൦) സുഖക്കേടുള്ളകന്നുകാലികളെ സുഖക്കേടില്ലാത്തതിൽനിന്നും സാമാന്യം അകററിനിറുത്തുക.

(൧൧) കുഞ്ഞുങ്ങളുടെ കാതുകുത്തി സ്വർണ്ണവും വെള്ളിയും ആഭരണങ്ങൾ ഇടുന്ന ആചാരം ഉപേക്ഷിക്കുക.

(൧൨) മിതവ്യയം, സമ്പാദ്യം, അനാവശ്യവും ആദായകരമല്ലാത്തതും ആയ ചിലവുകൾ കുറക്കുക.

വ്യവഹാരം, വർഗ്ഗീയമത്സരം അടിയന്ത്രം, ആഭരണങ്ങൾ, മദ്യപാനം, ഇവ ഉപേക്ഷിക്കുക.

(൧൩) കുളിക്കുന്നതിനും ആരോഗ്യത്തെ നൽകുന്ന വിനോദങ്ങൾക്കും വേണ്ട സൗകര്യങ്ങളുണ്ടാക്കുക.

(൧൪) പെൺകുട്ടികളുടെ വിദ്യാഭ്യാസം വൎദ്ധിപ്പിക്കുക.

ഈ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനായി താഴെപറയുന്ന മാൎഗ്ഗങ്ങൾ നിൎദ്ദേശിച്ചിരിക്കുന്നു.

(൧) ഓരോഗ്രാമത്തിലും ചെയ്യുവാനുദ്ദേശിരിക്കുന്ന പ്രവൎത്തികളെ സംബന്ധിച്ച് പൂൎണ്ണമായ പരിപാടി പ്രസിദ്ധീകരിക്കുക.

(൨) നല്ലപള്ളിക്കൂടങ്ങൾ സ്ഥാപിക്കുക.

കളിസ്ഥലങ്ങളും തോട്ടങ്ങളും നിൎമ്മിക്കുക. വിനോദങ്ങൾക്ക് ഏൎപ്പാടുചെയ്ക. കായികാഭ്യാസത്തിന് സൗകര്യമുണ്ടാക്കികൊടുക്കുക. ആരോഗ്യരക്ഷാശാസ്ത്രവും ശുചിത്വത്തെ സംബന്ധിച്ച നിയമങ്ങളും പഠിപ്പിക്കുക.

(൩) ജനങ്ങളുടെ അഭ്യുദയത്തെ ലക്ഷ്യമാക്കി രൂപീകരിക്കാവുന്ന സകലതരത്തിലുള്ള സംഘങ്ങളും പ്രോത്സാഹിപ്പിക്കുക.

(൪) ഈ പരിശ്രമങ്ങളുടെ വിജയത്തിനായി എല്ലാഗവൺമെൻറുദ്യോഗസ്ഥന്മാരുടേയും അനുദ്യോഗസ്ഥപ്രമാണികളുടേയും സഹകരണം സമ്പാദിക്കുക.*

ഇതുകൂടാതെ മററുപല ആവശ്യങ്ങളുമുള്ള ഗ്രാമങ്ങളും പഞ്ചാബിലുണ്ട്. എല്ലാ ആവശ്യങ്ങൾക്കും യോജിച്ച പരിഹാരമാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുന്നതിന് കമ്മീഷണർ സദാ സന്നദ്ധനാണ്. കമ്മീഷണരുടെ ആപീ

---

* Rural Reconstruction By F. L. Brayne I. C. S.

സിൽനിന്നും ഉറുദു, ഹിന്ദി, ഗുരുമുഖി, റോമൻ ഉറുദു, ഇംഗ്ലീഷ് എന്നീ അഞ്ചുഭാഷകളിൽ മുകളിൽപറഞ്ഞ വിഷയങ്ങളെ സംബന്ധിച്ച ലഘുലേഖകൾ എഴുതി പ്രസിദ്ധം ചെയ്യുന്നുണ്ടു്.

ഈ പുതിയ ഡിപ്പാർട്ടുമെൻറ് സ്ഥാപനം കഴിഞ്ഞിട്ടു വളരെ നാളാകാത്തതുകൊണ്ടു, ഈ പരിശ്രമങ്ങളുടെ ഫലം എന്താണെന്നു ശരിയായി നിർവ്വചിക്കുവാൻ സാദ്ധ്യമല്ലാതിരിക്കുന്നു. കമ്മീഷണരുടെ പ്രവൃത്തികളിലും എഴുത്തുകളിലും അനുപമമായ ആത്മാൎത്ഥത വഴിഞ്ഞൊഴുകുന്നതു് കാണാം. വിജയം അധികവും ആളുകളെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. അദ്ദേഹംതന്നെ ഈ ഗ്രന്ഥകാരനു് എഴുതിയ ഒരെഴുത്തിൽ പറഞ്ഞിരിക്കുന്നതുപോലെ "എല്ലാററിലും വലിയകാൎയ്യം കുറെക്കൂടി നല്ലതിന്മണ്ണം ജീവിക്കണം എന്നൊരാഗ്രഹം ജനങ്ങളിൽതന്നെ ഉണ്ടാക്കുകയാണു്." *

## ബംഗാൾ.

ബംഗാളിലെ ഗ്രാമീണപുനരുദ്ധാരണപരിശ്രമങ്ങൾ മൂന്നായി തരംതിരിക്കാം.

(എ) പരസ്പരസഹായ സ്ഥാപനങ്ങൾ മുഖാന്തിരവും പരസ്പരസഹായപദ്ധതികൾ മൂലവും പ്രവൎത്തിചെയ്യുന്നതു്.

(ബി) മററുതരം സംഘങ്ങളുടെ പരിശ്രമം.

(സി) പരസ്പരസഹായ സംഘങ്ങളുടേയും ഇതരസംഘങ്ങളുടെയും യോജിച്ച ആഭിമുഖ്യത്തിൽ ചെയ്യുന്ന ശ്രമങ്ങൾ. ഇവയോരോന്നായി നമുക്കു് നോക്കാം.

---

* The big Thing is to create a desire in the people themselves for a better kind of life," F. L. Brayne

൧. <u>പരസ്പരസഹായസ്ഥാപനങ്ങൾ.</u> ഗ്രാമീണപു നരുദ്ധാരണം മുഖ്യലക്ഷ്യമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പരസ്പരസഹായസംഘങ്ങൾ ബംഗാളിലധികമില്ല. എന്നാൽ ഗ്രാമീണാഭ്യുദയത്തെ പൊതുവിൽ ഉദ്ദേശിച്ചു പ്രവ ത്തനംചെയ്യുന്ന പലസ്ഥാപനങ്ങളും ബംഗാളിലുണ്ട്. ഇതിൽ ഏററവും പ്രധാനമായതു് സുന്ദരവനത്തിൽ ഗൊസാബാ എന്ന സ്ഥലത്തു് സർ ഡാനിയൽ ഹാമിൽടൻെറവക എസ്റ്റേററാണ്.

സുന്ദരവനത്തിൽ, സർ ഡാനിയൽ ഹാമിൽടണ് നാലു ലാട്ടു വസ്തുക്കളുണ്ടു്. അവ ഗൊസാബാദ്വീപും ൧൪൯, ൧൪൮, ൧൪൭ എന്നീ ലാട്ടു് വസ്തുക്കളുമാണ്. ഇവയിൽ ആദ്യത്തെ മൂന്നു് ലാട്ടുകൾ ൧൯൦൩-ലും നാലാമത്തേതു് ൧൯൦൯-ലും അദ്ദേഹം ൪൦ കൊല്ലത്തേക്കു് പാട്ടത്തിന്നു് എടുത്തു. അക്കാലത്തു് ഈ ഭൂമി ഒരു മഹാവനം ആയിരുന്നു. അവിടവിടെയായി മുതലകൾ, ചീങ്കണ്ണികൾ എന്നിവ സൈ്വരവിഹാരംചെയ്യുന്ന വലിയ കയങ്ങളോടുകൂടിയ ഉപ്പുവെള്ളം വനാന്തർഭാഗത്തിൽ ധാരാളമായി കിടപ്പുണ്ടായിരുന്നു. ക്രൂരമായി, കറുത്തിരുണ്ട പച്ചിലകളേയും ഭേദിച്ചു് കൊച്ചുപുള്ളികളായി ഭൂമിയെ സ്പർശിച്ച സൂര്യപ്രകാശം ആസ്വദിക്കുവാൻ വല്ലപ്പോഴും കരയ്ക്കു് കയറുന്ന ചീങ്കണ്ണിയോ, ആഹാരംതേടി നടക്കുന്ന കടുവായോ, അല്ലാതെ മററാരും അവിടെ ഉണ്ടായിരുന്നില്ല. മനുഷ്യസന്ദർശനം അവിടെ ഒരു അപൂർവ്വസംഭവമായിരുന്നു. വിറകൊടിച്ചുവിൽക്കുന്ന വെട്ടുകാരനോ, മധു കവരാൻവരുന്ന കാട്ടാളനോ വല്ലപ്പോഴും മൃഗയാവിനോദത്തിനുവരുന്ന ഷിക്കാറിയോ അല്ലാതെ

ആരും ആ കാടിന്റെ ആന്തരരഹസ്യങ്ങൾ ആരായു വാൻ ഒരുമ്പെട്ടിരുന്നില്ല.

പാട്ടത്തിന് എടുത്തുകഴിഞ്ഞ ഈ ഭൂമി നികത്തി എടുക്കുന്നതിനും ചുററുമുള്ള ജലനിരയിൽനിന്നും ഉയർത്തി വെള്ളത്തിന്റെ ആക്രമണത്തിൽനിന്ന് തടുക്കുന്നതിനായി വരമ്പുകൾ കെട്ടുന്നതിനും സർ ഡാനിയലിന് ഒട്ടധികം വിഷമങ്ങൾ സഹിക്കേണ്ടതായിവന്നു. അടുത്തെങ്ങും മനുഷ്യാവാസമില്ലാതിരുന്നതിനാൽ കൂലിക്കാരെ ദൂരദേശങ്ങളിൽനിന്നു കൊണ്ടുവരേണ്ടതായിവന്നു. കാടുവെട്ടിതെളിയ്ക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പ്രയത്നം.

കുടിയ്ക്കുന്നതിനു ശുദ്ധജലമോ, ജീവിതാവശ്യങ്ങൾ ലഭിക്കുന്ന ഒരു കച്ചവടസ്ഥലമോ അവിടെയെങ്ങും ഉണ്ടായിരുന്നില്ല. സുഖക്കേടുകൾക്ക് ശുശ്രൂഷയോ അതിനു വേണ്ട വൈദ്യസഹായമോ ഉണ്ടായിരുന്നില്ല. എന്നുവേണ്ടാ ജീവിക്കുന്നതിന് അത്യാവശ്യമായിട്ടുള്ള യാതൊന്നും അവിടെ ഇല്ലായിരുന്നു. സകലതും ആദ്യംമുതൽ സർ ഡാനിയൽ ഉണ്ടാക്കേണ്ടതായിവന്നു. അദ്ദേഹം അവിടുത്തെ വേലക്കാർക്ക് നല്ലവെള്ളം കുടിക്കുന്നതിനായി ജലം ശുദ്ധിചെയ്യുന്ന ഒരു യന്ത്രംകൂടി അവിടെ വാങ്ങിക്കൊണ്ടുവന്നു.

കുറെസ്ഥലം നികത്തി എടുത്തതിന്റെശേഷം, സർ സാനിയൽ അവിടെ താമസിക്കുന്നതിനായി ആളുകളെ ക്ഷണിച്ചു. അപ്പോഴാണ് ആളുകളെ കിട്ടുന്നതിനുള്ള വിഷമം മനസ്സിലാക്കിയത്. സർ ഡാനിയലിന്റെ വാഗ്ദത്തങ്ങൾ എന്തോ മഹാവഞ്ചനയുടെ ആദ്യാകർഷങ്ങളാണെന്ന് എല്ലാപേരും വിധിച്ചു. ഉപകാരം

ചെയ്തും ആത്മാൎത്ഥതകൊണ്ടും കുറേശ്ശെ കുറേശ്ശെ ആയി ആളുകളെ സർ ഡാനിയൽ ആകൎഷിച്ചു. ഇപ്പോൾ അവിടെ ൫൪൦൦൦ ഏക്കർ കൃഷി ചെയ്യുന്നുണ്ടു. ൯൦൦൦൦ ആളുകൾ താമസിക്കുന്നുമുണ്ട്. ഈ എസ്റ്റേററിൽ ആകപ്പാടെ ൫൯ ഗ്രാമങ്ങളാണുള്ളതു്. ഈ ഓരോ ഗ്രാമത്തിലും ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ ഓരോ പരസ്പരസഹായസംഘവും ഉണ്ട്.

ഇരുപതു് കൊല്ലത്തിന് മുമ്പു അദ്ദേഹത്തിന്റെ പാട്ടക്കാരിലൊരാൾ വാങ്ങിയ ഒരു മുന്നൂറുരൂപാക്കടം മൂന്ന് കൊല്ലംകൊണ്ടു എഴുന്നൂറുരൂപയായി എന്ന് സർ ഡാനിയൽ സംഗതിവശാൽ മനസ്സിലാക്കി. ഇതു് ആ എസ്റ്റേററിലെ പാട്ടക്കാൎക്ക് എത്രമാത്രം ഋണബാദ്ധ്യതയുണ്ടെന്ന് ആരായുന്നതിന്നായി അദ്ദേഹത്തെ പ്രേരിപ്പിച്ചു. ആകപ്പാടെ ൫൫൦൦൦ രൂപായുടെകടം അവൎക്കെല്ലാവൎക്കും കൂടി ഉണ്ടെന്നാണ് ഈ അന്വേഷണത്തിൽ കണ്ടതു്. അദ്ദേഹം ആ പണം മുഴുവൻ കൈയിൽനിന്നു് കൊടുത്തു തീൎത്തു. അതിൽപിന്നീടു ആ എസ്റ്റേററിൽ കടം കൊടുക്കുന്ന ആളുകൾ പ്രവേശിച്ചിട്ടില്ല.

൧൯൧൫-ലാണ് പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുന്നതിനെപ്പററി ആദ്യമായി സർ ഡാനിയൽ ആലോചിച്ചതു്. ഗൊസാബാ എസ്റ്റേററിന്റെ മാനേജരായ മി. മജുംദാർ ഒരു ഗ്രാമത്തിലെ ആളുകളെ അംഗങ്ങളായിചേൎത്തു് ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടി ഒരു പരസ്പരസഹായസംഘം ഉണ്ടാക്കി. കാലക്രമേണ ൫൯ ഗ്രാമങ്ങളിലും സംഘങ്ങൾ സ്ഥാപിച്ചു. ൧൯൧൫-ൽ തന്നെ ഗ്രാമസംഘങ്ങൾക്ക് ഒരു കേന്ദ്രസ്ഥാപനം*

---

* Central Bank.

ഉണ്ടാക്കി. അക്കാലത്ത് തന്നെ നെല്ലുവില്ക്കുന്നതി നായി ക്ലിപ്തബാദ്ധ്യതയോടുകൂടി ഒരു സംഘ*വുമുണ്ടാക്കി. കുറെനാൾകഴിഞ്ഞു ഇതു് ഒരു റയിസ്സുമില്ലായി രൂപാന്തരപ്പെടുത്തി. കഴിഞ്ഞ പത്തുകൊല്ലത്തിനിടക്കു് ഈ റൈസ്സുമില്ലിനു് വളരെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു. ഇപ്പോൾ അതിലെ അഞ്ഞൂറോഹരിക്കാരും എസ്റ്റേററിലെ പാട്ടക്കാരാണു്. സാധാരണയായി ആണ്ടിൽ പന്ത്രണ്ടരശതമാനം ലാഭം കൊടുക്കുന്നു. മില്ലിനു് ൧൩൦൦൦ രൂപ മൂലധനമുണ്ടു്.

ഗൊസാബായിൽ രണ്ടു ശാഖകളോടുകൂടിയ ഒരു സെൻട്രൽ കോവാപ്പറേററീവ് സ്റ്റോർ ഉണ്ടു. അതു് ആണ്ടിൽ ൨൪൦൦൦ രൂപയുടെ വില്പന നടത്തുന്നു.

പരസ്പരസഹായസംഘങ്ങളിലെ പഞ്ചായത്തുകാർ തന്നെ എല്ലാ വഴക്കുകളും പറഞ്ഞൊതുക്കുന്നു. ഇത്രവളരെ കാലത്തിനിടയിൽ ഒരൊററ കേസ്സിനു് മാത്രമേ പോലീസ്കാരേ വിളിക്കേണ്ടതായി വന്നിട്ടുള്ളു. ഇതു കൾ കൂടാതെ അവിടെ ഒരു ധാന്യബാങ്കും പതിനഞ്ചു പ്രാഥമിക വിദ്യാലയങ്ങളും ഒരു മിഡിൽ സ്ക്കൂളുമുണ്ടു്. മിഡിൽ സ്ക്കൂളിനോടുകൂടി ഒരു ബോർഡിംഗ്ഡിപ്പാർട്ടുമെൻറും ഒരു കൃഷിതോട്ടവും ഒരു വ്യവസായവിദ്യാലയവും നടത്തുന്നു. വ്യവസായ വിദ്യാലയത്തിൻെറ നെയിത്തു് ശാഖയിൽ സ്കോട്ടുലണ്ടിലെ അദ്ദേഹത്തിൻെറ ഗൃഹത്തിൽനിന്നും സർ ഡാനിയൽ കൊണ്ടുവന്ന ഒരു ചക്കുയുണ്ടു്. ഗൊസാബായിലെ ആളുകൾക്കു് പണമായി വളരെ കുറച്ചു സമ്പാദ്യം മാത്രമേയുള്ളു. അവരുടെ

---

* Co-operative paddy sale society.

സമ്പാദ്യങ്ങളെല്ലാം നല്ല കാർഷികോപകരണങ്ങളിലും സുഖമായ വീട്ടിലും അവരുടെ കുട്ടികൾക്കു സിദ്ധിക്കുന്ന വിദ്യാഭ്യാസത്തിലും ഉത്തമമായ ഒരു ജീവിതത്തിന്റെ സാദ്ധ്യതയിലുള്ള വിശ്വാസത്തിലും സ്ഥിതി ചെയ്യുന്നു* ഗൊസാബായിൽ താമസത്തിനായി ചെല്ലുന്നവർ കേവലം ദരിദ്രരായിട്ടാണ് അവിടെ പ്രവേശിക്കുന്നത്. കുറെ കഴിയുമ്പോൾ അവർ ധനവാന്മാരും സുഖവാന്മാരും ആയിത്തീരുന്നു. ഗൊസാബായിൽ സഹകരണ പരിശ്രമങ്ങളുടെ വിജയസാക്ഷ്യം വഹിക്കുന്ന അജ്ജൂൻമണ്ഡൽ എന്ന സഹകാരിയെ പററി പറയാതെ ഗൊസാബായെ പററിയുള്ള ഒരു വിവരണവും പൂർണ്ണമാകുകയില്ല. സഹകരണപദ്ധതി മൂലം സാധിക്കാവുന്ന ഗ്രാമീണപുനരുദ്ധാരണത്തിന്റെ ഒരു പ്രത്യക്ഷോദാഹരണമാണ് ഗൊസാബാ. ഈയിടെ അവിടെ ഗ്രാമീണപുനരുദ്ധാരണതത്വങ്ങൾ പഠിപ്പിക്കുന്നതിനായി ഒരു വിദ്യാലയം ആരംഭിച്ചിട്ടുണ്ടു. അവിടെ പ്രായോഗികമായ കൃഷിയും ആരോഗ്യനിയമങ്ങളും പഠിപ്പിക്കുന്നതിനുള്ള രീതിയും അഭ്യസിപ്പിക്കുന്നു. ആണ്ടുതോറും മുപ്പതു് വിദ്യാർത്ഥികൾക്കു് അവിടെ അഭ്യസനം നൽകുന്നുണ്ടു്.

നൌഗാണിലെ സഹകരണ ശഞ്ചാ വില്പന സംഘങ്ങളുടെ വിജയം പ്രസിദ്ധമാണ്. ആ സംഘങ്ങളുടെ പണം കൊണ്ടു ഗ്രാമത്തിനു് പല പരിഷ്കാരങ്ങളും ചെയ്യുവാൻ സാധിച്ചിട്ടുണ്ടു്†

---

* Gosaba. A Co-operative Commonwealth By Rev. H. A. Popley.

† 128-ാം പേജ് നോക്കുക.

ജലസേചനം, പാൽവില്പന മലമ്പനിനിവാരണം, ആരോഗ്യം, ഗൃഹനിർമ്മാണം, കാളനി മുതലായവക്കായി ബംഗാളിൽ സ്ഥാപിച്ചിട്ടുള്ള പല സംഘങ്ങളും ഗ്രാമോദ്ധാരണത്തിന് സഹായിച്ചിട്ടുണ്ടു. ബർഡ്വാൻ, ബങ്കുറ, ബിർഭൂം എന്നീ സ്ഥലങ്ങളിൽ ജലസേചനസംഘങ്ങൾ വററിപ്പോയ തോടുകളേയും പഴയ കുളങ്ങളേയും രണ്ടാമതു് കുഴിക്കുകയും പല അണകൾ കെട്ടുകയും ചെയ്തിട്ടുണ്ടു്. ചിററഗോംഗ് ഡിവിഷനിലും, സുന്ദരവനത്തിലും ഈ സംഘങ്ങൾ അണകൾ കെട്ടിയിട്ടുണ്ടു്.

മലമ്പനിനിവാരണസംഘങ്ങൾ കാടുകൾ തെളിക്കുകയും, ഉപയോഗശൂന്യമായ കുഴികൾ നികത്തുകയും, ക്വൈനയിൻ കൊടുക്കുകയും ചെയ്യുന്നു.

പാൽ വില്പനസംഘങ്ങൾ ഗ്രാമങ്ങളിലെ പാൽ പട്ടണങ്ങളിൽ കൊണ്ടുപോയി വിൽക്കുന്നു. ഇതിൽ ഏററവും വിജയകരമായി പ്രവത്തിക്കുന്നതു് കൽക്കട്ടാ പാൽ സംഘങ്ങളുടെ യൂണിയൻ ആകുന്നു. ബസിർഹാത്തു്, ബാറാസാത്തു് മുതലായ സ്ഥലങ്ങളിൽ ചിലസംഘങ്ങൾ കുഴിക്കിണറുകൾ കുഴിക്കുകയും, പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്. ചിററഗോംഗിനടുത്തു് മിതസാരികോളനൈസേഷൻ സൊസൈററി നാലായിരം ഏക്കർ അടച്ചു കെട്ടിയിട്ടുണ്ടു്. പലയാളുകൾ ഇതിനകത്തു് സ്ഥിരതാമസമാക്കിയിരിക്കുന്നു. ബംഗാളിൽ ഗ്രാമോദ്ധാരണം പരസ്പരസഹായസംഘങ്ങൾ എത്രമാത്രം സാധിച്ചിട്ടുണ്ടെന്നുള്ളതു് ഇവ തെളിയിക്കും.

൨. ഇതര സംഘങ്ങൾ— ബംഗാളിൽ വേറെ പല സ്ഥാപനങ്ങളും ഗ്രാമീണപുനരുദ്ധാരണ പ്രവൃത്തി

ചെയ്യുന്നുണ്ട്. അവയെല്ലാം ഇവിടെ വിവരിക്കുക സാദ്ധ്യമല്ല. ഏററവും പ്രധാനമായവയെ പററി മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളു.

ഉഷാഗ്രാം—അമേരിക്കൻ മിഷിനറികളുടെ ഒരു വിദ്യാഭ്യാസകാളനിയാണ്. ആരോഗ്യം, മിതവ്യയം; കുടിൽവ്യവസായങ്ങൾ, സാധനങ്ങൾ വിൽക്കുന്നതിനുള്ള സംഘടനകൾ, ഇവയെല്ലാം പോഷിപ്പിക്കുന്നതിനായി ഈ സ്ഥലത്ത് ഒരു വിദ്യാലയം സ്ഥാപിച്ചിട്ടുണ്ട്. വിദ്യാൎത്ഥികൾ അവരുടെ പ്രതിനിധികൾ മുഖാന്തിരം ഭരണം നടത്തുന്നു. സ്ക്കൂൾ കെട്ടിടവും അവർ താമസിക്കുന്ന സ്ഥലവും അവിടെ കിട്ടുന്ന സാധനങ്ങൾകൊണ്ടു വിദ്യാൎത്ഥികൾ തന്നെ ഉണ്ടാക്കിയതാണ്. പഠിക്കുമ്പോൾ തന്നെ എന്തെങ്കിലും സമ്പാദിക്കുന്നതിന് ആ വിദ്യാൎത്ഥികളെ ഈ സ്ഥാപനം പ്രാപ്തരാക്കുന്നു.* ബംഗാളിൽ പല ഭാഗങ്ങളിലും മിഷ്യൻസ്ക്കൂളുകളും കാളനികളും ഉണ്ടു. ഇവയെല്ലാം ഓരോ തരത്തിൽ ഗ്രാമോദ്ധാരണത്തിനായി പ്രവൎത്തിക്കുന്നു. ചാപ്രാ എന്ന സ്ഥലത്തും, ഗാംഗ്രായ് എൽ. എം. എസ്സ്. മിഷിൻ സെൻടറിലും ഇവർ ചെയ്യുന്ന പ്രവൎത്തികൾ പ്രസ്ഥാവയോഗ്യമാണ്. കാലിംപോംഗ് ആർട്സ് ആൻഡ് ക്രാഫററ്സു സംഘം ഗ്രാമവ്യവസായികളുടെ ഉല്പാദനങ്ങൾ വിൽക്കുന്നതിന് വളരെ സഹായിക്കുന്നുണ്ട്. റാണാഘട്ടിന് സമീപം ബിർനഗർ എന്ന സ്ഥലത്ത് ശാസ്ത്രീയമായ വിധത്തിൽ മലമ്പനി നിരോധിക്കുന്നതിന് കുറെ ആളുകൾ പരിശ്രമിക്കുന്നു. ഗവണ്മെണ്ടിൽ

---

* Fourteen Experiments in Education-published by Association Press. Madras.

നിന്നും കിട്ടുന്ന ഗ്രാൻറും "പള്ളിമണ്ഡലിൽ" നിന്നുള്ള വരിസംഖ്യയും കൂടി ന്ന൦൦൦൦ രൂപ അവക്ക് ആണ്ടിനാൽ കിട്ടുന്നു. ലീഗ് ഓഫ് നേഷൻസ് മലേറിയാകമ്മീഷൻ അവരുടെ ജോലി അംഗീകരിച്ചിട്ടുണ്ട്. അവിടെ ആരുംതന്നെ താമസിക്കാത്ത ഒരു സ്ഥലമായിരുന്നു. ഇപ്പോൾ മുൻസിപ്പാലിററിക്കാർ കാടുകൾ തെളിക്കുകയും കുറെ കൃഷിക്കാരെ അവിടെ കൊണ്ടുപോയി താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിളവുകളും, പാലും കൽക്കട്ടായിൽ കൊണ്ടുപോയി വിൽക്കുന്നതിന് ചില ഏർപ്പാടുകൾ ചെയ്യുന്നു. പരസ്പരസഹായ വകുപ്പിൽ നിന്നും ഒരു ഇൻസ്പെക്ടരെ അവരുടെ സഹായത്തിനായി നിയോഗിച്ചിട്ടുണ്ട്. കൃഷി ഡിപ്പാർട്ട്മെൻറിൻെറ കീഴിൽ ഒരു കൃഷി തോട്ടം ഫരിദ്പൂരിൽ നടത്തുന്നു. ൨൦൦൦ ബീഗാ ഭൂമിയിൽ കൃഷി നടത്തുന്ന പത്തൊൻപതു് ചെറുപ്പക്കാർ കൂടി ഒരു കോളനി ചാർഫാസിയോൺ എന്ന സ്ഥലത്തു് കളക്ടരുടെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്.

ശ്രീരാമകൃഷ്ണമിഷ്യനും, ശ്രീരാമകൃഷ്ണ മട്ടും ഗ്രാമോദ്ധാരണത്തിനായി പലവിധത്തിൽ ശ്രമിക്കുന്നു. ബേലൂർ മട്ട് അഞ്ചു പള്ളിക്കൂടങ്ങൾ നടത്തുന്നു. ഉപയോഗമുള്ള പല വിഷയങ്ങളെ പററിയും മായാദീപപ്രദർശനങ്ങൾ അവർ നടത്തുന്നുണ്ട്. ശരിഷ എന്ന സ്ഥലത്തു് അവർ ഒരു പുനരുദ്ധാരണസംഘം സ്ഥാപിച്ചിട്ടുമുണ്ട്.

ബംഗാൾ സോഷ്യൽ സർവീസ് ലീഗ്, സരോജനളിനീദത്ത് സംഘം, നാരീശിക്ഷാസമിതി, ബംഗാൾ—ആസാം അധഃകൃതോന്നമന സംഘം, ദുഗ്ഗപൂർസ് ക്ലബ്ബ്, ഇവയെല്ലാം ബംഗാളിൽ ഗ്രാമോദ്ധാരണ ജോലികൾ ചെയ്യുന്ന ഇതര സംഘങ്ങളാണ്. വ്യക്തികളുടെ കൂട്ടു

ത്തിൽ മി: മഹേശചന്ദ്രഭട്ടാചാര്യന്റെയും, മി: സുരേന്ദ്രനാഥമല്ലിക്കിന്റേയും പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. ചിററഗോംഗ്, ഡാക്കാ, കോമില്ല, നൊവാക്കാലി മുതലായ സ്ഥലങ്ങളിൽ അഖിലഭാരതീയ നൂൽനൂൽപ്പ് സംഘത്തിന്റെയും പ്രഭാതതക്ക് സംഘത്തിന്റേയും, ഖാദി സംഘത്തിന്റേയും പ്രവൎത്തനങ്ങൾ ശ്ലാഘ്യങ്ങളാണ്. ഈ വക പ്രവൎത്തനങ്ങൾക്ക് പ്രസ്താവയോഗ്യമായ സഹായം ഗവണ്മെന്റിൽനിന്നും സിദ്ധിക്കുന്നുമുണ്ട്*

<u>ശ്രീനികേതനം.</u> ഒരുമാതിരി മിശ്രസ്വഭാവമുള്ള സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പുനരുദ്ധാരണശ്രമത്തിന് ഉത്തമോദാഹരണമാണ് ശ്രീനികേതനത്തിലെ ഗ്രാമീണപുനരുദ്ധാരണസ്ഥാപനം. മഹാകവി രവീന്ദ്രനാഥടാഗോറിന്റെ വിശ്വഭാരതി സൎവകലാശാലയുടെ ഒരു ഭാഗമാണിതു്. ൧൯൨൨-ൽ മി. എൽ. കെ. എലംഹേഴ്സ്ടിന്റെയും അദ്ദേഹത്തിന്റെ ഭാൎയ്യയുടേയും ധനസഹായത്തോടുകൂടി മഹാകവി ആരംഭിച്ചതാണ്. ശ്രീനികേതന പദ്ധതിയുടെ മുഖ്യതത്വം ഉദാഹരണത്താലും സേവാസക്തിയാലും ഗ്രാമീണരുടെ മനസ്സിനെ കവൎന്നെടുക്കുക എന്നുള്ളതാണ്.

അവിടത്തെ പ്രവൎത്തികൾ രണ്ടായി ഭാഗിക്കാവുന്നതാണ്. കൃഷി, പൊതുജനാരോഗ്യം, ഗ്രാമീണവിദ്യാഭ്യാസം, കുടിൽവ്യവസായങ്ങൾ ഇവകളുടെ വിദഗ്ദ്ധന്മാർ ഈ വിഷയങ്ങൾ കൂടുതൽ പഠിക്കുകയും പഠിപ്പിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. പരസ്പരസഹായസംഘങ്ങൾ എല്ലാത്തരത്തിലുമുള്ള ഗ്രാമോദ്ധാ

---

* Rural welfare work in Bengal—A short Survey 1935.

രണപദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി അവിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പതിമൂന്നു സംഘങ്ങൾ അവിടെ പ്രവൎത്തിക്കുന്നു. നാലു ഗ്രാമങ്ങൾക്കു കൂടി ഒരു ഉദ്യോഗസ്ഥനുണ്ട്. വൈദ്യസഹായം ചെയ്യുന്നതിനു അഞ്ചു ഡിസ്പൻസറികളുണ്ട്. അരി ശേഖരിക്കുന്നതിന് ഏഴു ധൎമ്മശാലകൾ ഉണ്ട്. കൃഷി പാൽവ്യവസായം തോൽ ഊറക്കിടുന്ന സംഘങ്ങൾ, നെയ്ത്തുവകുപ്പു, മരപ്പണി ശാഖ, ബുക്ക് ബയിൻറ് ചെയ്യുന്ന വകുപ്പു എന്നിങ്ങനെ പല വകുപ്പുകൾ ഒട്ടധികം ഗ്രാമീണരെ തൊഴിലഭ്യസിപ്പിക്കുന്നു. വിത്തുകളും ഫലവൃക്ഷങ്ങളുടെ ചെറിയ ചെടികളും സസ്യങ്ങളും വിതരണം ചെയ്യുന്നുണ്ട്. ഏകദേശം ൧൦൦൦൦ അംഗങ്ങൾക്ക് കരിമ്പുകൃഷി ചെയ്യുന്നതിന് വേണ്ട സഹായം പരസ്പരസഹായസംഘങ്ങൾ ചെയ്യുന്നു. നല്ല തരം കന്നുകാലികളെ വളൎത്തുന്നതിനും മേച്ചിലിനുപയോഗിക്കാവുന്ന വിളവുകൾ വളൎത്തുന്നതിനും വേണ്ട ഏൎപ്പാടുകൾ അവിടെ ചെയ്യുന്നു. പതിമൂന്നു പള്ളിക്കൂടങ്ങൾ ശ്രീനികേതനത്തിലുണ്ട്. ബ്രാത്തി ബാലക്ക് എന്ന് വിളിക്കുന്ന സ്കൗട്ടുകൾ ഗ്രാമോദ്ധാരണത്തിനായി നല്ല ജോലി ചെയ്യുന്നുണ്ട്. വായനശാലകൾ, നിശാപാഠശാലകൾ, പ്രായപൂൎത്തിവന്നവരെ അഭ്യസിപ്പിക്കുന്നതിനായി പ്രസംഗങ്ങൾ ഇവകളെല്ലാം ശ്രീനികേതനത്തിൻെറ പ്രത്യേക ലക്ഷ്യങ്ങളാകുന്നു. *

---

* (1) Reconstruction and Education in Rural India by Prem Chandlal.

(2) Viswa Bharati Bullettin No. XI.

## ബോംബെ

ബോംബെയിലെ ഗ്രാമീണപുനരുദ്ധാരണപരിശ്രമങ്ങൾ സുദൃഢമായ അസ്ഥിവാരത്തിൽ സ്ഥാപിച്ചതും അതിൻെറ ശേഷം അതിനെ ക്രമീകരിച്ചതും അവിടത്തെ മുൻപിലത്തെ ഗവണ്ണർ സർ. ഫ്രെഡറിക്കു് സൈക്സാണു്. ആ പദ്ധതി പ്രവൃത്തി രൂപത്തിൽ വന്നിട്ടു് ഇപ്പോൾ രണ്ടു സംവത്സരം കഴിഞ്ഞിരിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട അംശം സ്ഥിതി ചെയ്യുന്നതു ഗവണ്മെണ്ടു, ദേശീയാധികാരികൾ, അനുദ്യോഗസ്ഥസംഘങ്ങൾ മുതലായവകളുടെ ഒത്തൊരുമിച്ചുള്ള സഹകരണത്തിലാണു്. കൃഷിക്കാരൻെറ സർവ്വതോമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി ഇവരെല്ലാം പ്രയത്നിക്കുന്നു. ഓരോ ഗ്രാമത്തിലും അത്യാവശ്യമായുള്ള കാര്യങ്ങൾ സാധിക്കുന്നതിനാണു് ആദ്യമേ പരിശ്രമിക്കുന്നതു്. സഹകരണവും കേന്ദ്രീകൃതമായ പ്രയത്നവുമാണു് ഈ പദ്ധതിയുടെ മുഖ്യപ്രമാണങ്ങൾ. കൃഷി, പൊതുജനാരോഗ്യം, മൃഗവൈദ്യസഹായം മുതലായ വകുപ്പുകളുടെ ജോലികൾ ഈ പദ്ധതിപ്രകാരം സംയോജിക്കപ്പെടുന്നു. ഗ്രാമങ്ങൾക്കു് പരിഷ്കാരത്തിൽ വിശ്വാസവും അഭിവൃദ്ധിയും, മോഹവും ഉണ്ടാക്കണമെന്നുള്ളതാണു് ഇതിൻെറ പ്രാഥമികതത്വം.

ഈ പദ്ധതി അനുസരിച്ചുള്ള പ്രവൃത്തികൾ ഓരോ ഡിസ്ട്രിക്ടിലും നിയമിക്കപ്പെട്ടിട്ടുള്ള ഡിസ്ട്രിക്ട് എക്സിക്യൂട്ടിവ് കമ്മററി നടത്തുന്നു. ഈ കമ്മററിയുടെ അദ്ധ്യക്ഷൻ കളക്ടരും ഉപാദ്ധ്യക്ഷൻ ഡിസ്ട്രിക്ടു് ബോർഡിൻെറ പ്രസിഡൻറും ആണു്. ഈ കമ്മററിയിൽ ജനാഭ്യുദയത്തെ ഉദ്ദേശിച്ചു് നിയമിക്കപ്പെട്ടി

ട്ടുള്ള എല്ലാ വകുപ്പുകളിലെ ഡിസ്ത്രിക്ട് ഉദ്യോഗസ്ഥന്മാരും, അനുദ്യോഗസ്ഥസമിതികളിലെ പ്രതിനിധികളും സമുദായസേവനം, വിദ്യാഭ്യാസം ധർമ്മാലയങ്ങൾ എന്നിവകളിൽ താല്പര്യമുള്ള വ്യക്തികളും അംഗങ്ങളുമാണ്. ഡിസ്ത്രിക്ട്ടു് എക്സിക്യൂട്ടീവ് കമ്മററി പ്രവർത്തിക്കുന്നതു് ഓരോ താലൂക്കുകളിലും ഉള്ള താലൂക്കു ഡവലപ്പുമെൻറു അസോസിയേഷൻ മുഖാന്തിരമാണ്: അല്ലെങ്കിൽ പുതുതായി സ്ഥാപിക്കുന്ന താലൂക്കു കമ്മററി മുഖാന്തരമായിരിക്കും. നിയമപ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള പഞ്ചായത്തു മൂലമോ മറേറതെങ്കിലും ചെറിയ കമ്മററികൾ മൂലമോ ഗ്രാമങ്ങളിലെ പ്രവർത്തി നടത്തുന്നു. വിദ്യാഭ്യാസം, സഹകരണം, കാർഷികാഭിവൃദ്ധി മുതലായ പ്രത്യേകവിഷയങ്ങൾ പ്രത്യേക കമ്മററികളാണ് നിയന്ത്രിക്കുന്നതു്.

ബോംബെയിൽ എല്ലാ ഡിസ്ത്രിക്ടിലും ഡിസ്ത്രിക്ട്ടു് എക്സിക്യൂട്ടീവ് കമ്മററികൾ ഉണ്ടാക്കിയിട്ടുണ്ടു്. ബോംബെ സബർബൻഡിസ്ത്രിക്ടിൽമാത്രം ഗ്രാമോദ്ധാരണം അവിടത്തെ ഡിസ്ത്രിക്ടു് ബോർഡാണ് ചെയ്യുന്നതു്. അവിടെ ഒരു ഡിസ്ത്രിക്ടു് കമ്മററിയില്ല. മിക്കവാറും എല്ലാഗ്രാമങ്ങളിലും, താലൂക്കുകളിലും ഗ്രാമക്കമ്മററിയും താലൂക്കു കമ്മിററിയും സ്ഥാപിച്ചിട്ടുണ്ടു്. ഇതുവരെയായും പതിനൊന്നു് ഡിസ്ത്രിക്ടിൽ സിക്രട്ടറിമാരെ നിയമിച്ചിരിക്കുന്നു. അവരുടെ ജോലിപ്രചരണവേലയും ഡിസ്ത്രിക്ടുകളിൽ പ്രത്യേകജോലികൾ ആരംഭിക്കുകയും ആണു. ഇതിനുവേണ്ട പണച്ചിലവു ഗവമ്മെണ്ടുതന്നെ വഹിക്കുന്നു.

എല്ലാഡിസ്ത്രിക്ടിലേയും ഉദ്ധാരണപരിപാടി ഒരേ രീതിയിലുള്ളതല്ല. ചിലടത്തു് ഡിസ്ത്രിക്ട് എക്സിക്യൂട്ടീവ് കമ്മിററിയിൽ നിന്നും ആരംഭിച്ചു ഗ്രാമങ്ങളിലേക്ക് പ്രസ്ഥാനം സംക്രമിക്കുന്നു. വേറെ ചിലടത്തു് ഗ്രാമങ്ങളിൽതന്നെ ജോലി ആരംഭിക്കുന്നു. ഓരോ പരീക്ഷണങ്ങൾ നടത്തുന്നതിന്നു് ഓരോഗ്രാമങ്ങൾ തിരഞ്ഞെടുക്കുകയാണു് പതിവു്. രണ്ടുതരം പ്രവൎത്തിക്കും വിജയം ഉണ്ടായിട്ടുണ്ടു്. വിജയത്തിനു വേണ്ടി വന്നിട്ടുള്ള സമയംമാത്രം ഓരോസ്ഥലത്തും വ്യത്യാസപ്പെട്ടു വരുന്നു. ഈ പദ്ധതി ആരംഭിച്ചപ്പോൾ പൂനാ, ഷോലാപൂർ മുതലായ സ്ഥലങ്ങളിൽ ചില പ്രധാന സ്ഥാപനങ്ങൾ ഗ്രാമീണോദ്ധാരണജോലി വിജയകരമായി നിൎവ്വഹിച്ചു വന്നിരുന്നു. അങ്ങിനെയുള്ള സ്ഥാപനങ്ങൾക്കു ഗവൎമ്മെണ്ടുപദ്ധതി വലിയ സഹായമായിതീൎന്നു. സെൻറൽ ഡിവിഷനിലാണു് ഈ പദ്ധതി വളരെ വിജയകരമായി തീൎന്നിരിക്കുന്നതു്. ഗ്രാമങ്ങളിൽ നിന്നു് ധാരാളമായി പണം കിട്ടുമെന്നു് ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. ഗവൎമ്മെണ്ടിന്നു് ഈ കാൎയ്യത്തിനു വേണ്ടി അത്രവളരെ പണം ചിലവാക്കാനും നിവൃത്തിയില്ലായിരുന്നു. ഗ്രാമവാസികളിൽ സ്വാശ്രയശക്തി ഉണ്ടാകണമെന്നും അവരുടെ ജീവിതചൎയ്യയുടെ ക്രമീകരണം കൊണ്ടു അഭിവൃദ്ധി സംസിദ്ധമാകണമെന്നും ആണു് ഗവൺമെണ്ടു ഉദ്ദേശിച്ചതു്. യോജിച്ചുള്ള പ്രവൎത്തികൊണ്ടു പലതും എളുപ്പത്തിൽ സാധിക്കാമെന്നു് ഈ പ്രസ്ഥാനം ഗ്രാമീണരെ മനസിലാക്കിയിട്ടുണ്ടു്. ബോംബെയിലെ ഇതിൻെറ വിജയം ആളുകളുടെ സഹകരണത്തിൽ നിന്നുമാണു് കൂടുതൽ ലഭിച്ചിരിക്കുന്നതു്. ഗ്രാമക്കാൎക്കു് പൊതുവായി അവർ ഒരു

ഫണ്ടു ഉണ്ടാക്കുകയും അവക്കാവശ്യമുള്ള ഉപദേശങ്ങളെല്ലാം ഗവമ്മെൻറുദ്യോഗസ്ഥന്മാരോടു സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഈ ഗ്രാമീണപുനരുദ്ധാരണശ്രമത്തിൽ റവന്യൂ, കൃഷി, മൃഗവൈദ്യം, സഹകരണം, വ്യവസായം, പൊതുജനാരോഗ്യം, വൈദ്യം, എന്നീവകുപ്പുകളും; ശിശുസംരക്ഷണസംഘം ലേഡിവിൽസൺ വില്ലേജ്മറേറർണിററി സംഘം മുതലായ അനുദ്യോഗസ്ഥ സ്ഥാപനങ്ങളും വേണ്ടുവോളം സഹായിച്ചിട്ടുണ്ടു്. ശുചീകരണത്തിലും റോഡു സംരക്ഷണത്തിലും ഗ്രാമങ്ങളിൽനിന്നും ചവറു ദൂരെ കളയുന്നതിലും അനേകംശതം ഗ്രാമക്കാർ ഇപ്പോൾ വളരെ വിജയകരമായി പ്രവൎത്തിച്ചിരിക്കുന്നു. പല ഗ്രാമങ്ങളിലും പല ഉദ്ധാരണശ്രമങ്ങളും ഗ്രാമവാസികൾതന്നെ സന്തോഷത്തോടുകൂടി ചെയ്തുവരുന്നുണ്ടു്. ഗ്രാമത്തിൻെറ ആരോഗ്യസ്ഥിതി നന്നാക്കുന്നതിനാണു അധികശ്രമവും കണ്ടുവരാറുള്ളതു്. ശുദ്ധജലസംഭരണത്തിലും കാടു വെട്ടി തെളിക്കുന്നതിലും ഗ്രാമത്തെ വൃത്തിയാക്കുന്നതിലും വളരെ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടു്. ഗ്രാമത്തിനു് പുറത്തു വളക്കുഴികൾ ഉണ്ടാക്കുക എന്നുള്ളതു് സാധാരണമായി തീൎന്നിരിക്കുന്നു. വില്ലേജ് റോഡുകൾക്കും തെരുവുകൾക്കും 'ഗട്ടർ' കെട്ടിയിട്ടുണ്ടു്. അനാരോഗ്യമായ കുളങ്ങളും കുഴികളും നിരത്തുകയും വററിക്കുകയും വെള്ളം ഒലിച്ചു വീണു വററിപ്പോകുന്നതിനു് "സോക്കപിററ്സ്" ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു്. പബ്ലിക്ക് കക്കൂസുകളും മറപ്പുരകളും പല ഗ്രാമങ്ങളിലും ഉണ്ടായിരിക്കുന്നു. സെൻട്രൽ ഡിവിഷനിൽ "ട്രെഞ്ചു ലട്രീൻ" സാധാരണയായിത്തീൎന്നിരിക്കുന്നു.

പഴയ കിണറുകൾ നന്നാക്കുകയും പുതിയ കിണറുകൾ നിൎമ്മിക്കുകയും കുളങ്ങൾ വൃത്തിയാക്കുകയും ചെയ്തു

ന്നുണ്ടു്. നിശ്ചിതകാലങ്ങളിൽ കിണറുകളിൽ പൊട്ടാസിയംപെർമാംഗനററ് ഇട്ടു വെള്ളം നന്നാക്കുകയും ചെയ്യുന്നു.

ഗ്രാമങ്ങളുടെ ചുററും വളൎന്നു വരുന്ന മുൾച്ചെടികളും കുററിക്കാട്ടുകളുംകൂടി കിടക്കുന്ന ചവറും നശിപ്പിച്ചു അവിടെ ചാലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കയും തോട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തുവരുന്നു. ഡക്കാനിലാണു് ഇതു് അധികമായി ചെയ്യുന്നതു്. ഗ്രാമങ്ങൾ തമ്മിലുള്ള ഗതാഗതസൌകൎയ്യങ്ങൾ വൎദ്ധിപ്പിക്കുന്നതിനായി പഴയ റോഡുകൾ നന്നാക്കുകയും വിസ്താരം കൂട്ടുകയും അവയുടെ അരികിൽ വെള്ളം ഒഴുകിപ്പോകുന്നതിനു് ഡ്രെയിൻ കെട്ടുകയും, കലുങ്കുകൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ ശ്രമങ്ങൾ പുറമ്പോക്കുകളിലുള്ള ആക്രമണങ്ങളെ വളരെ കുറച്ചിട്ടുണ്ടു്.

ആരോഗ്യത്തിനെ സംബന്ധിച്ച ശ്രദ്ധ പതിപ്പിക്കുക സാധാരണമായിരിക്കുന്നു. പ്രാഥമിക ശുശ്രൂഷ പഠിപ്പിക്കുന്ന ക്ലാസുകളും ആശുപത്രികളും അവിടവിടെയായി സ്ഥാപിച്ചിട്ടുണ്ടു്. മരുന്നു് പെട്ടികൾ വിതരണം ചെയ്യുന്നു. പ്രസവശുശ്രൂഷ ചെയ്യുന്നതിനായി സാവികകളെ പഠിപ്പിക്കുകയും അവരെ ഗ്രാമങ്ങൾതോറും ഗ്രാൻറുകൊടുത്തു് ജോലിചെയ്യുന്നതിനു് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ സിവിൽ ആശുപത്രികളും പ്രൈവററ് ഡാക്ടറന്മാരും, റെഡ്ക്രാസ്സ് സൊസൈററിക്കാരും, ലേഡിവിൽസൺ വി. എം. സംഘക്കാരും ഗണ്യമായ സഹായം ചെയ്യുന്നുണ്ടു്.

പല ഗ്രാമവിദ്യാലയങ്ങളും പുത്തനായി സ്ഥാപിക്കുകയും പഴയ കെട്ടിടങ്ങൾ പുതുക്കുകയും പള്ളിക്കൂട

ങ്ങൾ പരിഷ്കരിച്ചു കൂടുതൽ ക്ലാസുകൾ തുടങ്ങുകയും ചെയ്യുന്നതു് കൂടാതെ പ്രായപൂർത്തി വന്നവൎക്കു് വേണ്ടി നിശാപാഠശാലകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്. ചെറിയ വായനശാലകളും പലടത്തും തുടങ്ങിയിട്ടുണ്ടു്. കുട്ടികൾക്കു് കളിക്കുന്നതിനും വ്യായാമത്തിനും ആയി കളിസ്ഥലങ്ങൾ നിൎമ്മിക്കുകയും, ബോയിസ്സ്കൗട്ടു, ഗേൾ ഗൈഡ് മുതലായ പ്രസ്ഥാനങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ജീവിതസൌകൎയ്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി മററു പല പ്രവൎത്തികളും ചെയ്തുവരുന്നു. അനാവശ്യങ്ങളായ ആഡംബരങ്ങളും അടിയന്തരച്ചിലവുകളും വളരെ കുറഞ്ഞിട്ടുണ്ടു്. ഒരു ഡിസ്ത്രിക്ടിൽ ഒരു 'ഡററ് സെററിൽമെൻറ്' കമ്മിററി സ്ഥാപിച്ചിട്ടുമുണ്ടു്.

കൃഷി സമ്പ്രദായങ്ങൾക്കു് പല പരിഷ്ക്കാരങ്ങളും ഈ പദ്ധതിനിമിത്തം ഉണ്ടായിട്ടുണ്ടു്. നല്ലമാതിരി വിത്തുകൾ ഉപയോഗിക്കുന്നു. കന്നുകാലി വളൎത്തലിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ടു്. ഇതു് രണ്ടും വില്ലേജ്കമ്മിററിയുടെ സഹായത്തോടുകൂടിയാണു് സാധിക്കുതു്. കാട്ടുപ്രദേശങ്ങളിൽ കൃഷി നശിപ്പിക്കുന്ന ജന്തുക്കളെ കൊല്ലുന്നതിനായി "ഗൺക്ലബ്സ്" ഉണ്ടാക്കിയിരിക്കുന്നു. ഈ മാതിരി പ്രയത്നങ്ങളിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥ സഹകരണം ധാരാളമായി സിദ്ധിക്കുന്നുണ്ടു. പ്രസംഗങ്ങൾ, മായാദീപ പ്രദൎശനങ്ങൾ, മാസികകൾ, മുതലായവകൊണ്ടു് ബോംബെയിലെ ഗ്രാമീണപുനരുദ്ധാരണ പദ്ധതി സജീവമാക്കിയിരിക്കുന്നു. ഒരു സ്ഥലത്തെ ഗ്രാമോദ്ധാരണകേന്ദ്രത്തിനു് "ദി ഗുജറാത്തു് വില്ലേജ്അപ്പ്ലിഫ്ട്ടു് ആൻഡ് ആഗ്രികൾച്ചറൽ, ആട്ടു് ആ

ൻഡ് ഇൻഡസ്റ്റ്രിയൽ ക്വാർട്ടർലി" എന്നൊരു മാസിക ഉണ്ടു്*

<u>സർവൻറ്സ് ഓഫ് ഇൻഡ്യാ സൊസൈററി</u>—ഇൻഡ്യായിൽ ഗ്രാമീണപുനരുദ്ധാരണ ജോലികൾ ചെയ്യുന്ന അനുദ്യോഗസ്ഥ സ്ഥാപനങ്ങളിൽ പ്രധാനമായതു് "സർവൻറ്സ് ഓപ് ഇൻഡ്യാ സൊസൈററി" ആണു്. ഈ സംഘക്കാർ ഒറീസ്സായിൽ ചൌധപാർ എന്ന സ്ഥലത്തും മദ്രാസിൽ മായനൂർ എന്ന സ്ഥലത്തും, ബീറാറിൽ ബാംഭോറാ എന്ന സ്ഥലത്തും ഗ്രാമീണ പുനരുദ്ധാരണ കേന്ദ്രങ്ങൾ സ്ഥാപിച്ചു പ്രവൎത്തി ചെയ്തുവരുന്നു. ഇതുകൂടാതെ ഈ സംഘത്തിലെ ചില പ്രമാണികളായ അംഗങ്ങൾ മററു ചില സ്ഥലങ്ങളിലെ പുനരുദ്ധാരണ ശ്രമങ്ങൾക്കു് ഉത്തരവാദികളാണു്. മി: ദേവധാർ 'ഖേദ്ശിവപൂർ' എന്ന സ്ഥലത്തു് ഡക്കാൻ ആഗ്രികൾച്ചറൽ അസോസിയേഷൻകാരുടെ ഗ്രാമീണ പുനരുദ്ധാരണ ജോലികൾ നയിക്കുന്നു † മദ്രാസ് പ്രൊവിൻഷ്യൽ കോവാപ്പറേററീവ് യൂണിയൻെറ സിക്രട്ടറി എന്ന നിലയിൽ മി: വെങ്കിടസുബ്ബയ്യ ആറു കേന്ദ്രങ്ങളിലെ പുനരുദ്ധാരണജോലികൾ ക്രമീകരിച്ചു വരുന്നു. മലബാറിൽ, "ദേവധാർ മലബാർ റീകൺസ്റ്റ്രക്ഷൻ ട്രസ്റ്റി" ൻെറ പ്രവൎത്തി മുഴുവൻ തന്നെ പുനരുദ്ധാരണപരമാണു്.

<u>ചൌധപാർ</u>:—നെയിത്തും, ജ്യൂട്ട്, എറീസിൽക്കു്, മുതലായവ നൂൽക്കുന്നതും കൂട്ടതലായി പഠിപ്പിക്കുന്ന ഒരു

* Manual of Village improvement, (Government Central press, Bombay,)

† മി. ദേവധാർ 1935 നവംബർ മാസം 17-ാംനു- ദിവംഗതനായി.

സ്ക്കൂൾ ഇവിടെയുണ്ട്. ഒരു 'ലെപ്രസിക് ളിനിക്കോ' ടുക്കൂടിയ ആശുപത്രി അവിടെ നടത്തുന്നു. ആഴ്ചയിൽ ഉദ്ദേശം നൂറു കുഷ്ഠരോഗികൾ അവിടെവന്ന് മരുന്ന് കുത്തിവയ്പ്പിക്കുന്നു. ഒരു ചെറിയ കൃഷിത്തോട്ടവും, ഒരു വായനശാലയും, ഒരു ഗ്രന്ഥശാലയും അവിടെയുണ്ട്. വായനശാലയിൽ വായിക്കുവാൻ പരിചയമില്ലാത്തവർക്ക് വർത്തമാനപത്രങ്ങൾ വായിച്ചു മനസ്സിലാക്കിക്കൊടുക്കുന്നു. ഇതു് സാധാരണ രാത്രിയിലാണു് നടത്തുന്നതു്. മായാദീപത്തിൻെറ സഹായത്തോടുക്കൂടി ഗ്രാമശുചീകരണം, പരസ്പരസഹായം എന്നീ വിഷയങ്ങളെപ്പററി പ്രസംഗങ്ങൾ നടത്താറുണ്ട്. കരിമ്പു, ഉരുളക്കിഴങ്ങ്, കാബേജ് മുതലായ പുതിയ കൃഷികൾ ആരംഭിക്കുന്നതിന്ന് ഈ സ്ഥാപനക്കാർ ഗ്രാമവാസികളെ പ്രേരിപ്പിച്ചിട്ടുണ്ട്. ഇതിൻെറ നിയന്ത്രണം മി: സാഹുവിൻെറ അധീനത്തിലാണു്.

മായന്നൂർ:—ഈ സ്ഥലത്തിന്ന് ചുററുമുള്ള പല ഗ്രാമങ്ങളിലും വില്ലേജ് പഞ്ചായത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പഞ്ചായത്തുകൾ സ്ക്കൂളുകൾ സ്ഥാപിക്കുകയും, കിണറുകൾ കുഴിക്കുകയും റോഡുകൾ ഉണ്ടാക്കുകയും മററു ജീവിതസൌകര്യങ്ങൾ നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. മിതവ്യയത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്പരസഹായ സംഘങ്ങളും യുവജനസംഘങ്ങളും, ഭജനസ്ഥാപനങ്ങളും, അധഃകൃതവർഗ്ഗക്കാരുടെ ഇടയിൽ സ്ഥാപിച്ചിട്ടുണ്ട്. മദ്യപാനവും, അന്ധവിശ്വാസവും മാററുന്നതിനായി മായാദീപത്തിൻെറ സഹായത്തോടുക്കൂടി പ്രചരണവേല നടത്തുന്നു. മായന്നൂരിൽ ഒരു കമ്യൂണിററിസ്ക്കൂൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെ മിഡിൽ സ്ക്കൂൾ നൽകുന്ന സാമാന്യ വിദ്യാഭ്യാസം കൊടുക്കു

ന്നതുക്കൂടാതെ പൌരകൃത്യം, കൃഷി, തേനീച്ച വളർത്തൽ പാ നെയ്ത്തു്, മുതലായവയും പഠിപ്പിക്കുന്നുണ്ടു്. സകല ജാതിമതസ്ഥൎക്കും പ്രവേശനമുള്ള ഒരു "ഹോസ്റ്റല്യം" നടത്തുന്നു. സ്ത്രീകളുടെ ഉന്നമനത്തിനു് വേണ്ടി പല പ്രയത്നങ്ങളും ഇവിടെ ചെയ്തുവരുന്നു. മി: കെ. ജി. ശിവസ്വാമിയുടെ നേതൃത്വത്തിലാണു് ഈ കേന്ദ്രം പ്രവൎത്തിക്കുന്നതു്.

ബാംഭോറാ—ഇതു് വളരെ ചെറിയ ഒരു ഗ്രാമമാണു്. ഇവിടത്തെ ജനസംഖ്യ നാനൂറു മാത്രമാണു്. ചുററുമുള്ള ഇരുപതു ഗ്രാമക്കാരെ ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനും ഉള്ള സാദ്ധ്യതകൊണ്ടാണു് ഈ സ്ഥലം ഒരു കേന്ദ്രമായി സ്വീകരിച്ചതു്. അവിടെ ഒരു പ്രിപ്പേറട്ടറിസ്ക്കൂളും, ഒരു കൃഷിത്തോട്ടവും, ഒരു പരസ്പര സഹായ ധനസംഘവുമുണ്ടു്. പരസ്പര സമ്മതംകൊണ്ടു് കടം പറഞ്ഞു തീൎക്കുന്നു എന്നുള്ളതാണു് ഇവിടത്തെ ഒരു പ്രത്യേകത. ഗ്രാമത്തിനു് പുറത്തു അകലെയായി വളം ശേഖരിക്കുന്നതും ഇവിടെ വിജയകരമായി സാധിച്ചിട്ടുണ്ടു്. വായനശാലയിൽ ആരോഗ്യപരമായ പ്രസംഗങ്ങൾ നടത്തുന്നു.

ഷയത്തൂർ ജരാ എന്ന സ്ഥലത്തു് സൊസൈററിവകയായി ഒരു ആരോഗ്യകേന്ദ്രം സ്ഥാപിച്ചിട്ടുണ്ടു്. പ്രസവശുശ്രൂഷയാണു് അവിടെ പരിശീലിപ്പിക്കുന്നതു്*

## ബീഹാറും ഒറീസ്സായും.

ബീഹാറിലെ ഗ്രാമീണപുനരുദ്ധാരണ പരിശ്രമങ്ങൾക്കു് ഒരു പ്രത്യേകതയുള്ളതു് അവ സഹ-

* Annual report of the Servants of India society for 1934-35.

കരണസംഘങ്ങൾ മുഖാന്തിരം നടത്തപ്പെടുന്നു എന്നുള്ളതാണ്. ഇതുമാതിരിയുള്ള ആദ്യത്തെ സംഘം പെലാവാൽ എന്ന സ്ഥലത്താണ് സ്ഥാപിച്ചത്. അവർ ഒരു കിണറു കുഴിക്കുകയും സ്കൂൾ കെട്ടുന്നതിനായി ഇഷ്ടികകൾ ഉണ്ടാക്കുകയും റോഡുകൾ നന്നാക്കുകയും കൂട്ടായി കൃഷിചെയ്യുകയും അവരുടെ ഗ്രാമത്തെ ശുചിയായി സൂക്ഷിക്കുകയുംചെയ്തു. സംഘം സ്ഥാപിച്ചതിൻെറ ശേഷം അവിടെ വ്യവഹാരമുണ്ടായിട്ടേ ഇല്ല. ൧൯൨൯-ൽ "മാസ്മനോഗ്രാമഹിതകാരിണിസഹയോഗസമിതി" സ്ഥാപിച്ചു. എല്ലാജാതിക്കാരും അതിലെ അംഗങ്ങളായി ചേൎന്നു. അവർ ഒരു ധാന്യബാങ്ക് സ്ഥാപിക്കുകയും കൂട്ടായി കൃഷിചെയ്യുകയും അഭിപ്രായവ്യത്യാസങ്ങൾ മദ്ധ്യസ്ഥതയിൽ തീൎക്കുകയും, കരിമ്പുമുതലായ പുതിയ ആദായകരമായ കൃഷികൾ ചെയ്കയും, ഒരു പള്ളിക്കൂടം കെട്ടുകയും ചെയ്തു. അവർ ഒരു മൈൽ റോഡുവെട്ടുകയും, ഗ്രാമത്തിൻെറ ശുചിത്വം വൎദ്ധിപ്പിക്കുകയും ചെയ്തു. ചാണകക്കുഴികൾ ഗ്രാമത്തിൽനിന്നും വളരെ അകലെയായി ഉണ്ടാക്കുകയും, വെള്ളംകെട്ടിനിൽക്കുന്ന താഴ്ന്നപ്രദേശങ്ങൾ നികത്തുകയും, കൃഷിക്കുവേണ്ട ജലസേചന ഏൎപ്പാടുകൾ നടത്തുകയും ചെയ്യുന്നു. രഘുനാഥപുരം, കാക്കോ, പക്കാറിയോ, ബാന്മോമുതലായ ഗ്രാമങ്ങളിലും മസ്മാനോ സംഘത്തെ ആദൎശമാക്കി പല പുനരുദ്ധാരണ സംഘങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഭഗൽപൂർ ഡിവിഷനിൽ വളരെ വിജയകരമായി പ്രവൎത്തിക്കുന്ന സംഘം 'ലാൽമതിയിലുള്ളതാണ്. ഈ സംഘത്തിൻെറ സ്ഥാപനത്തിന് ശേഷം അവിടെയുള്ള ഗ്രാമങ്ങൾ പ്രസ്ഥാവയോഗ്യമായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

ഒറീസ്സായിൽ മി. എൻ. കെ. റായിയുടെ പരിശ്രമ ഫലമായി നാലുസ്ഥലങ്ങളിൽ പുനരുദ്ധാരണജോലികഠം ചെയ്തുവരുന്നു.

പലാമോ ഡിസ്റ്റിക്ടിൽ മി: ഗാഡ് ബോളിൻെറ പരിശ്രമത്തിൻെറ ഫലമായി സ്തുത്യർഹമായ പുനരുദ്ധാരണശ്രമങ്ങഠം നടന്നുവരുന്നു. ഈ പരിശ്രമങ്ങളെല്ലാംതന്നെ ഗ്രാമീണർ സ്വന്തമനസ്സാലെ ചെയ്യുന്നതാണ് പാററ്നാക്കുട്ടത്തും, ടിർഹററ് ഡിവിഷനിലും പുനരുദ്ധാരണസംഘങ്ങഠം സ്ഥാപിച്ചിട്ടുണ്ട്. പൊതുവായ ഗ്രാമാവശ്യങ്ങഠം നിറവേററുകയാണ് ഈ സംഘങ്ങളുടെ ഉദ്ദേശം. ചെറുപ്പക്കാരെ ഗ്രാമീണപുനരുദ്ധാരണ കാൎയ്യങ്ങളിൽ പരിശീലിപ്പിക്കുന്നതിന് അവിടെ ക്ലാസ്സുകഠം ഏൎപ്പെടുത്തിയിട്ടുണ്ട്. ബീഹാറിലും പഞ്ചാബിലെ പോലെ ആത്മാൎത്ഥതയും ഗ്രാമീണരെ പററി വാത്സല്യവും ഉള്ള ഉദ്യോഗസ്ഥന്മാർ തുടൎച്ചയായി ഉണ്ടായതാണ് അവിടുത്തെ പുനരുദ്ധാരണ പരിശ്രമങ്ങളുടെ വിജയത്തിന് കാരണം*

## സെൻട്രൽ പ്രോവിൻസസ്.

൧൯൨൨-ലാണ് സെൻട്രൽപ്രാവിൻസസ്സിൽ ആദ്യമായി ഗ്രാമീണപുനരുദ്ധാരണ പരിശ്രമങ്ങളെപററി ആലോചിച്ചു തുടങ്ങിയതു്. ൧൯൨൯--ൽ പരീക്ഷണാൎത്ഥം രണ്ടു പ്രത്യേക സ്ഥലങ്ങളിൽ ഗവണ്മെണ്ടിൻെറ ആതി

* A note on Rural reconstruction activities in Bihar and Orissa by the Bihar & Orissa Cooperative Federation.

മദ്ധ്യത്തിൽതന്നെ പുനരുദ്ധാരണശ്രമങ്ങൾ ആരംഭിച്ചു. 'പിപ്പാരിയാ' എന്ന സ്ഥലത്ത് ഒന്ന് രണ്ട് ഉദ്യോഗസ്ഥന്മാരോടുകൂടിയും 'ദ്രുക്ക്' എന്നസ്ഥലത്ത് പ്രത്യേക ഉദ്യോഗസ്ഥന്മാരില്ലാതേയും ഈ പരീക്ഷണങ്ങൾ തുടങ്ങി. രണ്ടു വഷം 'പിപ്പാരിയാ'യിൽ ഈ പരീക്ഷണങ്ങൾ തുടൎന്നതിൻെറ ഫലമായി ൧൯൩൩—ൽ സപഭാഗ് പൂർതാസീ (ഇവിടെയാണ് പരീക്ഷണങ്ങൾ നടത്തിയത്)ലിൽ മൂവായിരത്തിഅറുനൂററിതൊണ്ണൂറു വളക്കുഴികൾ ഉണ്ടായിരുന്നു. ഗോമൂത്രംശേഖരിച്ചു വളമാക്കുന്നതിനും, ഇരുമ്പുകലപ്പകൾ ഉപയോഗിക്കുന്നതിനും, കന്നുകാലികളുടെ തരം ഉയൎത്തുന്നതിനും, നല്ല വിത്ത് ഉപയോഗിക്കുന്നതിനും ശ്രമങ്ങൾ ചെയ്തുവന്നു. ഒരു കൃഷിത്തോട്ടം പ്രദശ്നാത്ഥം സ്ഥാപിച്ചു. കന്നുകാലികളുടെ ഇടയിൽ സാംക്രമിക രോഗങ്ങൾ കടന്നുകൂടാതെ ഇരിക്കുന്നതിന് വേണ്ട നിരോധനപ്രവൎത്തികൾ ചെയ്തു. മുന്നൂറു കിണറുകൾ നന്നായി സൂക്ഷിക്കുകയും ശുദ്ധജലം ഉപയോഗിക്കുന്നതിൻെറ പ്രാധാന്യത്തെ ആളുകളെ മനസ്സിലാക്കുകയും ചെയ്തു. ഒരു ശിശുസംരക്ഷണകേന്ദ്രംസ്ഥാപിച്ചു. നൂററിഅറുപത്തിനാലു പരസ്പരസഹായസംഘങ്ങൾ പല ആവശ്യങ്ങൾക്കായി സ്ഥാപിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധവെക്കുകയും, സ്കൗട്ടിംഗ് അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. ഈ പരീക്ഷണത്തിൻെറ ഫലമായി ദ്രുക്ക്, ബീറേറാൾ, റായിപൂർ, നീമാർ, സൌകാ, ജവൽപൂർ, മൺഡലാ, ഹോഷംഗബാദ് എന്നിങ്ങനെ എട്ടു കേന്ദ്രങ്ങളിൽകൂടി ഗ്രാമോദ്ധാരണജോലികൾ ആരംഭിച്ചു. ഈ പല കേന്ദ്രങ്ങളിലുമുള്ള ജോലി ക്രമീകരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും

ആയി ഗവണ്മെണ്ടിൽനിന്നും ൧൯൨൨ നവംബർ ൨൩-ാം തീയതിയിലെ ഒരു പ്രസ്സകമ്മ്യൂണിക്ക് കൊണ്ടു ഒരു "വില്ലേജ്അപ്പ്ലിഫ്ററ് ബോർഡ്" സ്ഥാപിച്ചു. ഇതിൽ പതിനൊന്നംഗങ്ങൾ ഉണ്ടു്. വിദ്യാഭ്യാസവകുപ്പിലെ മന്ത്രിയാണ് അദ്ധ്യക്ഷൻ. വിദ്യാഭ്യാസഡയറക്ടർ, കൃഷിഡയറക്ടർ, പൊതുജനാരോഗ്യഡയറക്ടർ, വെററർനറിഡയറക്ടർ, പരസ്പരസഹായസംഘം രജിസ്ത്രാർ, അഞ്ചു അനുദ്യോഗസ്ഥന്മാർ ഇവരാണ് അംഗങ്ങൾ. ഗ്രാമീണരുടെ വിദ്യാഭ്യാസപരവും, സാമ്പത്തികവും, വ്യാവസായികവും, സംസ്കാരപരവും ആയ അഭിവൃദ്ധിക്കവേണ്ട സകലതും ഗവണ്മെണ്ടു് ഡിപ്പാർട്ടുമെണ്ടുകളുടേയും, അനുദ്യോഗസ്ഥപ്രവൎത്തകന്മാരുടേയും സഹകരണത്തോടുകൂടി ആലോചിച്ച് ഗവണ്മെണ്ടിനെ ഉപദേശിക്കുകയാണ് ഇവരുടെ ജോലി. ഈ ബോർഡ് ഇതുപൎയ്യന്തം പലപ്രാവശ്യം കൂടുകയും, പല പ്രയോജനകരമായ ജോലികൾ ചെയ്കയും ഉണ്ടായിട്ടുണ്ടു്. ഈയിടെ അവർ ഒരു പരിശീലനക്ലാസ്സ് തുടങ്ങി. "വില്ലേജ്അപ്പ്ലിഫ്ററ്" ബോർഡ്കാർ ഒരു വില്ലേജ് നെഴ്സിംഗ് പദ്ധതിയും വിജയകരമായി പ്രവൎത്തിപ്പിക്കുന്നുണ്ടു്.*

## മദ്രാസ്

മദ്രാസ് ഗവമ്മെൻറു ഗ്രാമീണപുനരുദ്ധാരണത്തിനുവേണ്ടി യാതൊന്നും പ്രത്യേകമായി പ്രവൎത്തിക്കുന്നില്ല. മദ്രാസിലെ ഗ്രാമീണ പുനരുദ്ധാരണ പദ്ധതി "മദ്രാസ് പ്രൊവിൻഷ്യൻകോവാപ്പറേററീവ് യൂണിയ"ൻെറ ആഭി

* Village uplift work in the Central Provinces and Berar. Nagpur, Govt. Press 1935.

മുഖ്യത്തിലാണ് നടത്തുന്നത്. മദ്രാസ് പ്രൊവിൻഷ്യൽ കോവാപ്പറേററീവ് യൂണിയൻ ആറ് സ്ഥലങ്ങളിൽ പുനരുദ്ധാരണജോലി നടത്തുന്നുണ്ടു്. വൈ. എം. സി. ഏ. യുടെ ആഭിമുഖ്യത്തിലും ചില ജോലികൾ രാമനാഥപുരത്തും മാർത്താണ്ഡത്തും നടത്തുന്നു. "ദേവധാർ മലബാർ റീകൺസ്ട്രക്ഷൻട്രസ്റ്റ്" മലബാറിൽ പുനരുദ്ധാരണ പരിശ്രമങ്ങൾ ചെയ്യുന്നു. കോവാപ്പറേറീവ് യൂണിയൻ ഉദ്ധാരണ ജോലി നടത്തുന്നടത്തെല്ലാം ഒരു പ്രത്യേക ജോലിക്കാരനെ, അവയുടെ നിയന്ത്രണത്തിനായി നിയമിച്ചിട്ടുണ്ടു്. അവർ "സർവൻറ്സ് ഓഫ് ഇൻഡ്യാസൊസൈററി"യുമായി യോജിച്ചാണ് പ്രവർത്തിക്കുന്നതു്. ഇങ്ങനെ ആറു സ്ഥലങ്ങളുള്ളതിൽ മായന്നൂരും, ആലാമൂരുവിലും നടത്തുന്ന ജോലികൾ പ്രത്യേകം പ്രസ്ഥാവയോഗ്യമാണ്. മായന്നൂരിലെ പ്രവർത്തനത്തെ വിവരിച്ചു കഴിഞ്ഞതല്ലോ. *

ആലാമൂരുവിൽ പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചും ഗ്രാമശുചീകരണം നടത്തിയും വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തിയും ജലസേചനപദ്ധതികൾ അംഗീകരിച്ചുമാണ് പുനരുദ്ധാരണജോലികൾ ചെയ്യുന്നതു്. അവിടെ ഒരു ഭൂസപത്തു് ജാമ്യബാങ്ക് സ്ഥാപിച്ചിട്ടുണ്ടു്. ആകെ പതിനാറു ഗ്രാമങ്ങൾ ആണ് ഈ കേന്ദ്രത്തിൻെറ പ്രവൃത്തിരംഗം. ഈ പതിനാറു ഗ്രാമങ്ങളിലും പഞ്ചായത്തു് ബോർഡ്കളും പരസ്പരസഹായ സംഘങ്ങളും വായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിച്ചിട്ടുണ്ടു്. പ്രായപൂർത്തി വന്നവരെ വിദ്യ അഭ്യസിപ്പിക്കുന്ന

* 268-ാം പേജ് നോക്കുക:

തിന്നായി മായാദീപപ്രദശനങ്ങളും, നാടകങ്ങളും വത്തമാനക്കടലാസ്സ് വായിക്കുന്ന സംഘങ്ങളും സ്ഥാപിച്ചിട്ടുണ്ട്. പൊതുക്കാൎയ്യങ്ങളെ സംബന്ധിച്ച ലഘുലേഖകൾ എഴുതി ഗ്രാമീണരുടെ ഇടയിൽ പ്രചരിപ്പിക്കുന്നു. ആലമൂരുഗ്രാമീണ പുനരുദ്ധാരണകേന്ദ്രത്തെപ്പററി പറയുമ്പോൾ അതിൻെറ ജീവനാഡിയായ മി. സത്യനാരായണയെപ്പററി ഓൎമ്മിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

"ദേവധാർ മലബാർ റീകൺസ്ട്രക്ഷൻട്രസ്റ്റ്."

൧൯൨൧ മുതലാണ് ഗ്രാമോദ്ധാരണ ജോലികൾ കേരളത്തിൽ ആരംഭിച്ചത്. ഈ ട്രസ്റ്റിൻെറ ആഭിമുഖ്യത്തിൽ താന്നൂരിലും, പന്തലായനിയിലും സ്ക്കൂളുകൾ നടത്തുന്നുണ്ട്. ഈ സ്ക്കൂളുകളിൽ സംഗീതം, നെയ്ത്ത്, കൃഷി, കുട്ടയുണ്ടാക്കൽ എന്നിവകളെ പററി പഠിപ്പിക്കുന്നു. ഫക്ക്, മലപ്പുറം, തുത്താല എന്നീ സ്ഥലങ്ങളിൽ സൌജന്യ പാഠശാലകളും നിശാപാഠശാലകളും നടത്തുന്നുണ്ട്. അവിടെ മുഴുവൻ സമയവും ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നു. പകുതി ചിലവ് ഗവമ്മെൻറു വഹിക്കുന്നു. കോഴിക്കോട്ടു പരസ്പരസഹായഡിപ്പോ നടത്തുന്നുണ്ട്. അതിന്ന് നാന്നൂറു് രൂപ ഗവമ്മെൻറിൽ നിന്നും സഹായധനം കിട്ടുന്നു. ഫറോക്കിലെ ഓട്ടു ജോലിക്കാൎക്ക് വേണ്ടി ഒരു സഹകരണസ്റ്റോർ സ്ഥാപിച്ചിട്ടുണ്ട്. ഏകദേശം നാന്നൂറു ജോലിക്കാൎക്ക് ഈ സ്റ്റോർ അരി വസ്ത്രം ഇവ വില്ക്കുന്നു. മലപ്പുറത്ത് ഒരു ശിശുസംരക്ഷണകേന്ദ്രവും, ഗോപാലപുരത്ത് ഒരു അധഃകൃതകാളനിയും ഇവർ നടത്തുന്നുണ്ട്. *

* Annual Report of the Servants of India Society.

## വൈ. എം. സി എ.

വൈ. എം. സി. ഏയുടെ ആഭിമുഖ്യത്തിൽ പല ഗ്രാമീണ പുനരുദ്ധാരണജോലികളും നടത്തുന്നുണ്ടു്. എന്നാൽ ഇപ്പോഠം ഏററവും പ്രശംസാർഹമായിത്തീന്നിരിക്കുന്ന അവരുടെ ജോലി തിരുവിതാംകൂറിൽ മാത്താണ്ഡം എന്ന സ്ഥലത്തു് നടത്തുന്നതാണു്. അവിടെ കോഴി കൃഷിക്കും നല്ല വിത്തുകാളകളെ സംരക്ഷിക്കുന്നതിനും സഹകരണ ക്ലബ്ബുകഠം സ്ഥാപിച്ചിട്ടുണ്ടു്. അംഗങ്ങഠംക്കു് ധനസഹായം ചെയ്യുന്നതിനായി സഹകരണസംഘങ്ങളും അഭിപ്രായവ്യത്യാസങ്ങഠം പറഞ്ഞൊതുക്കുന്നതിനായി സഹകരണപഞ്ചായത്തുകളും സ്ഥാപിച്ചിട്ടുണ്ടു്. വിദ്യാഭ്യാസത്തിനും, വിനോദത്തിനും, സാമുദായികജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിനും ആയി നാടകങ്ങളും, പ്രദശ്നങ്ങളും അവിടെ നടത്തുന്നു. ഗ്രാമീണരുടെ അഭ്യുദയത്തെ ഉദ്ദേശിച്ചു പ്രത്യേകം സംഘങ്ങഠം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്.*

ഇതുപോലെ തന്നെ വിജയകരമായി ഒരു പുനരുദ്ധാരണകേന്ദ്രം വൈ. എം. സി. ഏക്കാർ രാമനാഥപുരത്തും ആയ്ക്കോട്ടും ഇന്ദുകാർ പേട്ടയിലും പഞ്ചാബിൽ വാനിക്കു് എന്ന സ്ഥലത്തും തിരുവിതാംകൂറിൽ ഉള്ളന്തൂരെന്ന സ്ഥലത്തും നടത്തുന്നു.

## നാട്ടുരാജ്യങ്ങഠം.

നാട്ടുരാജ്യങ്ങളിൽ പ്രസ്താവയോഗ്യമായ ഗ്രാമീണ പുനരുദ്ധാരണപ്രവത്തി ബറോഡായിൽ മാത്രമേ ചെയ്യുന്നുള്ളു. കോസാംബാ കേന്ദ്രമായി സ്ഥാപിച്ചു് പ്രശംസാ

* Up from Poverty by D. Spencer Hatch.

ഘമായ പ്രവൎത്തനങ്ങൾ ബറോഡായിൽ ചെയ്തുവരുന്നു. ബോംബെയിലുള്ള സ്ഥാപനങ്ങളെ മാതൃകയായി സ്വീകരിച്ചാണു് അവിടത്തെ പ്രവൎത്തനങ്ങൾ. എല്ലാ പുനരുദ്ധാരണ ജോലിയും ഗവൎമ്മെൻറിൻെറ ആഭിമുഖ്യത്തിലാണു് നടത്തുന്നതു്.

ഇൻഡോറിൽ പുനരുദ്ധാരണശ്രമങ്ങൾ ഈയിടെ ആരംഭിച്ചിട്ടേയുള്ളൂ. ഇപ്പോൾ അവിടെ ചെയ്യുന്ന ജോലികൾ കമ്പോസ്ററും വളം ഉണ്ടാക്കുകയും, കരിമ്പു കൃഷിചെയ്യുകയും, നല്ലവിത്തു് വിതരണം ചെയ്യുകയും ശാസ്ത്രീയമായ കാൎഷികോപകരണങ്ങൾ ഉപയോഗിക്കുന്നതിനു് കൃഷിക്കാരെ പഠിപ്പിക്കുകയും. നിശാപാഠശാലകൾ, വായനശാലകൾ, പ്രായപൂൎത്തിവന്നവരുടെ വിദ്യാഭ്യാസത്തിനു് വേണ്ട സ്ഥാപനങ്ങൾ ഇവയുണ്ടാക്കുകയും ഗ്രാമശുചീകരണം നടത്തുകയും മാത്രമാണു്.

പുതുകോട്ടയിൽ ഒരു "റൂറൽ ഡവലപ്പ്മെൻറു്" ബോർഡു് സ്ഥാപിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോൾ അവിടത്തെ പുനരുദ്ധാരണജോലികൾ സ്റ്റേറ്റു സിക്രട്ടറിയെ ഏല്പിച്ചിരിക്കയാണു്.

ഇൻഡ്യൻ ഗ്രാമീണതാല്പൎയ്യങ്ങളോടു അനുകമ്പയുള്ള കുറെ മഹതീമഹാന്മാർ ഇംഗ്ലണ്ടിൽ "ഇൻഡ്യൻ വില്ലേജ് വെൽഫെയറസ്സോസ്സിയേഷൻ" എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ചിട്ടുണ്ടു്. അതിൻെറ ഉദ്ദേശം ഇൻഡ്യയുമായി വളരെ കാലത്തെ പരിചയമുള്ള ഇംഗ്ലീഷ്കാൎക്കു് അവരുടെ അനന്തരഗാമികളെ ഇൻഡ്യൻ ഗ്രാമീണാവശ്യങ്ങൾ പറഞ്ഞു മനസ്സിലാക്കികൊടുക്കുന്നതിനാണു്. ഈ സംഘക്കാർ ഇംഗ്ലണ്ടിൽ

സ്കൂളുകളും മീററിംഗ്കളും "സ്റ്റഡിട്ടൂറ"കളും നടത്തുന്നു. ഇൻഡ്യൻ ഗ്രാമീണപുനരുദ്ധാരണ ശ്രമങ്ങളെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ അവർ ശേഖരിക്കുകയും അവയെ ക്രോഡീകരിച്ചു പുസ്തകരൂപത്തിൽ ആണ്ടുതോറും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു* ഈ വർഷത്തിൽ ഈ സംഘക്കാർ പ്രക്ഷേപണിമൂലം ഗ്രാമീണ വിദ്യാഭ്യാസം നടത്തുന്നതിൻെറ സാധ്യത പരീക്ഷിച്ചു വരുന്നു. ഇവരുടെ പരിപാടിയുടെ ഭാഗമായി വടക്കു് പടിഞ്ഞാറൻ അതൃത്തി പ്രദേശങ്ങളിൽ പതിനഞ്ചു ഗ്രാമങ്ങളിൽ പ്രക്ഷേപിണികൾ സ്ഥാപിച്ചിട്ടുണ്ടു്. ഗ്രാമവാസികൾക്കു് ഇതിൽ വലിയ താല്പര്യം ഉണ്ടായിട്ടുണ്ടു്.

ഇതിനെ സംബന്ധിച്ചു കർണൽ ഹാർഡിഞ്ചു പറയുന്നതു്." "ഈ വിദ്യാഭ്യാസ ഗുളിക വിനോദമധുവിൽ പൊതിഞ്ഞുകൊടുക്കണം"എന്നാണു് ‡ ഈ സംഘക്കാർ സ്തുത്യർഹമായ പ്രവർത്തി ചെയ്യുന്നുണ്ടെന്നുള്ളതിനു് സന്ദേഹമില്ല.

---

* Annual Report: Indian Village Welfare Association. 4 Great Smith Street, S. W. I. London.

‡ Broadcasting and India's future by Lieut. Col. H. R. Hardinge.

# X

## ഉപസംഹാരം

ഗ്രാമീണപുനരുദ്ധാരണത്തിൻെറ പ്രധാന വശങ്ങളെ ഏതാണ്ട് സംഗ്രഹമായി നിരൂപണം ചെയ്തുകഴിഞ്ഞു. വിവരണത്തിനാസ്പദമായ സംഗതികൾ ഏതെങ്കിലും പ്രത്യേകപ്രദേശത്തിലുള്ളവയല്ല. ഭാരതത്തെ സംബന്ധിച്ചിടത്തോളം അധഃപതിച്ച ഗ്രാമങ്ങൾ സാർവ്വത്രികമാണ്.

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അതിലെ ഗ്രാമീണരുടെ അഭ്യുദയത്തെ ആശ്രയിച്ചിരിക്കുന്നു. സംതൃപ്തിയും സുഖവും അനുഭവിക്കുന്ന കർഷകലോകമെന്നതുപോലെ അഭിമാനജനകമായ മററൊന്നും ഒരു രാഷ്ട്രത്തിനില്ല. പൌരാണിക കാലത്തെ പ്രകീർത്തിതമായ ഐശ്വര്യത്തിന് നിദാനം അന്നത്തെ കൃഷിക്കാരൻെറ അസൂയാസ്പദമായ സുഖസ്ഥിതിയായിരുന്നു. കേവലം ആദർശികമായിത്തീർന്നിരിക്കുന്ന പ്രാചീന സൌഭാഗ്യത്തിലേക്ക് നമുക്ക് തിരിച്ചു പോകുവാൻ സാധിക്കുകയില്ല. ലോകം അതിനുശേഷം വളരെ വളർന്നിരിക്കുന്നു. പ്രകൃതിയും ഭാവവും ഗണ്യമായി വ്യത്യാസപ്പെട്ടു പോയതു കൊണ്ട് ആധുനിക സ്ഥിതികൾക്കനുയോജ്യമായി ഗ്രാമജീവിതത്തെ പരിഷ്കരിക്കുകയേ നിവൃത്തിയുള്ളൂ.

ഗ്രാമീണപുനരുദ്ധാരണത്തിന് അനുദിനം പ്രാധാന്യം വർദ്ധിച്ചുവരുന്നു. ഇപ്പോൾ തന്നെ ആസ്ട്ര് ശാസ്ത്രീയമായ അന്വേഷണത്തിലും പ്രായോഗികമല്ലാത്ത നിർദ്ദേ

ശത്തിലും പൊതുക്കാൎയ്യപ്രസക്തരായ വ്യക്തികളുടെ പരീക്ഷണത്തിലും അതീതമായിട്ടുണ്ട്. നിൎദ്ദേശവും നയവും രൂപീകരിക്കുന്നതിന് വേണ്ടതിലധികം അറിവ് നമുക്ക് ഈ സംഗതിയേപ്പററി കിട്ടിയിട്ടുണ്ട്. പ്രവൎത്തിക്കുള്ള കാലം സമാഗതമായിരിക്കുന്നു. ഈ കാൎയ്യം ഗവണ്മെണ്ടിനും ജനങ്ങൾക്കും പൊതുവെയുള്ള ഒരു കൎത്തവ്യമാകുന്നു.

ഗ്രാമജീവിതത്തെ ഒരു സംപൂൎണ്ണരാശിയായി അഭിവീക്ഷണം ചെയ്താലെ വിജയകരമായ പുനരുദ്ധാരണം സാദ്ധ്യമാകുകയുള്ളു. ക്ഷമാപരമായ പ്രചരണവേലയും അനുഭാവത്തോടുകൂടിയ ഉപദേശങ്ങളും മനുഷ്യൻെറ നന്മയിൽ വിശ്വാസവും ആണ് വിജയത്തിനുള്ള വഴി.

പ്രാദേശിക ഗവണ്മെണ്ടുകളിൽ പലതും ഈ വിഷയത്തിൻെറ പ്രാധാന്യത്തെ അനുസ്മരിച്ച് പ്രവൎത്തനം ആരംഭിച്ചിട്ടുണ്ട്. ഈ മഹാരാജ്യത്തിൻെറ പല ഭാഗങ്ങളിലായി തുടങ്ങിയിരിക്കുന്ന പുനരുദ്ധാരണശ്രമങ്ങൾ ജലമദ്ധ്യത്തിലിട്ട കല്ലുണ്ടാക്കുന്ന ഊൎമ്മികാവൃത്തങ്ങളേപോലെ ക്രമേണ വലുതായി രാജ്യത്തെ ആകപ്പാടെ വ്യാപിക്കുമാറാകട്ടേ!

ഈ ലക്ഷ്യപ്രാപ്തിയ്ക്കു് ഗ്രാമജീവിതത്തിന് അന്യാദൃശമായ പൌൎവ്വാഭിമുഖ്യം സിദ്ധിക്കേണ്ടതത്യാവശ്യമാണ്. മ്ലാനമായിക്കിടക്കുന്ന ഗ്രാമചക്രവാളത്തിൽ അതിൽനിന്ന് ഒരു രജതശലാകയുണ്ടാകയുംഅതിൻെറ ദിവ്യചൈതന്യത്തെ യുവലോകം മാൎഗ്ഗദൎശികയാക്കി നഗരയാത്ര വെടിഞ്ഞു്, ഗ്രാമസൌഭാഗ്യത്തിൽ തൃപ്തി അടയുകയും ചെയ്യും. ആ സുവൎണ്ണകാലത്തിനായി നമുക്ക് കാത്തിരിക്കാം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. ഗദ്യ. 1. Acc. No. 79319

This book should be returned on or before the date last stamped below.

2 JAN 1986

[illegible] 793/9

PIL. G

[illegible]

[illegible]

KO TAYAM PUBLIC LIBRARY

…No 520·1 Acc. No. 79319

Author [illegible]

Title [illegible]